Digitization by Arya Samaj Charitable Foundation, Chennai

മാണ്ഡൂക്യകാരിക

RAMAKRISHNA ASHRAMA

മൃഡാനന്ദസ്വാമി

Digitization by Arya Samaj Charitable Foundation, Chennai

Digitization by Arya Samaj Charitable Foundation, Chennai

Digitization by Arya Samaj Charitable Foundation, Chennai

Digitization by Arya Samaj Charitable Foundation, Chennai

മാണ്ഡൂക്യകാരിക

വ്യാഖ്യാതാ:

മൃഡാനന്ദസ്വാമി

BVB Sri Sankaracharya Sanskrit Mahavidyalaya
288

ശ്രീരാമകൃഷ്ണാശ്രമം, വിലങ്ങൻ,
പുറനാട്ടുകര, തൃശ്ശൂർ – 680 551.

Digitization by Arya Samaj Charitable Foundation, Chennai

MANDUKYAKARIKA
(Malayalam)

Commentary by
Swami Mridananda

"This book has been published on paper supplied by the Government of India at concessional rate."

Published by
Swami Sakrananda
President, Sri Ramakrishna Ashrama,
Puranattukara, Trichur.

ഒന്നാം പതിപ്പ്:	1976	ആഗസ്റ്റ്	പ്രതി	2000
രണ്ടാം പതിപ്പ്:	1982	ജനുവരി	,,	3000

അച്ചടി
പ്രബുദ്ധകേരളം പ്രസ്സ്, പുറനാട്ടുകര, തൃശ്ശൂർ.

പകർപ്പവകാശം:
പുറനാട്ടുകര ശ്രീരാമകൃഷ്ണാശ്രമത്തിന്നു്.

വില: രൂപ 7. 50

Bhawan's Sri Sankaracharya ... Bharatiya Vidya ... Mahavidyalaya

Digitization by Arya Samaj Charitable Foundation, Chennai

Bhawan's Sri Sankaracharya ... Bharatiya Vidya ... 288

മുഖവുര

ഉപനിഷദ്ഗ്രന്ഥാവലിയിൽ ഏഴാമത്തേതായി ഞങ്ങൾ പ്രകാശിപ്പിച്ചതു് മാണ്ഡൂക്യോപനിഷത്തായിരുന്നു. അതിൽ മാണ്ഡൂക്യകാരികയിൽ പ്രതിപാദിച്ചിട്ടുള്ള വിഷയങ്ങളുടെ ഒരു സാരസംഗ്രഹമേ ചേർത്തിരുന്നുള്ളു. കാരിക അതിൻെറ പൂർണ്ണരൂപത്തിൽ വ്യാഖ്യാനത്തോടുകൂടി ഉടനെ പ്രസിദ്ധപ്പെടുത്തുമെന്നും അതിൽ സൂചിപ്പിച്ചിരുന്നു. അതനുസരിച്ചാണു് ഇപ്പോൾ ഈ മാണ്ഡൂക്യകാരിക സജ്ജനസമക്ഷം സമർപ്പിക്കുന്നതു്.

ഉപനിഷദ്ഗ്രന്ഥപരമ്പരയിൽ മാണ്ഡൂക്യോപനിഷത്തിന്നു് അതിപ്രധാനമായ ഒരു സ്ഥാനമാണുള്ളതെന്നു് പ്രസിദ്ധമാകുന്നു. ഈ കാലഘട്ടത്തിൽ അതിൻെറ പ്രാധാന്യം വളരെയധികം വർദ്ധിച്ചിട്ടുള്ളതായി തോന്നുന്നു. ആത്യന്തികമായ ഒരു ലക്ഷ്യത്തെ നിർദ്ദേശിക്കാൻ ഇനിയും കഴിയാത്ത ഭൗതികശാസ്ത്രങ്ങളുടെ പളപളപ്പിൽ ഭ്രമിച്ചു് നട്ടം തിരിഞ്ഞു് മനം മടുത്ത മനുഷ്യർ ശാന്തിയും സമാധാനവും തേടി മതത്തിൻെറ നേരെ തിരിഞ്ഞുകൊണ്ടിരിക്കുകയാണു്. എന്നാൽ അവർ തേടുന്ന ശാന്തിയും സമാധാനവും എവിടെ എങ്ങനെ നേടാമെന്നു് അവർക്കൊരു നിശ്ചയവുമില്ല. അവ തങ്ങളിൽത്തന്നെയാണുള്ളതെന്നും, എങ്ങനെയാണു് അവയെ തേടേണ്ടതെന്നും ഋജുവായും യുക്തിയുക്തമായും ജിജ്ഞാസുക്കളെ ബോധിപ്പിക്കുന്ന ഒരു ഗ്രന്ഥമാണു് മാണ്ഡൂക്യോപനിഷത്തു്. ജാഗ്രത്തു്, സ്വപ്നം, സുഷുപ്തി എന്നീ മൂന്നവസ്ഥകളെ സുസൂക്ഷ്മം പഠിച്ചു്, ഇവ മൂന്നിലും സാക്ഷിഭൂതനായി വിളങ്ങുന്ന ആത്മവസ്തുവിനെ ചൂണ്ടിക്കാണിച്ചു് അതും പരമാത്മവസ്തുവും തമ്മിലുള്ള അഭേദത്തെ ബോധ്യപ്പെടുത്തുകവഴി ജീവനെ അജ്ഞാന

Digitization by Arya Samaj Charitable Foundation, Chennai

ത്തിൽനിന്ന മോചിപ്പിച്ച് നിത്യമുക്തനാക്കുവാനുള്ള മാർഗ്ഗം ഉപദേശിക്കുകയാണ് ഇവിടെ ചെയ്യുന്നതു്. ഈ വിചാരമാർഗ്ഗത്തിലൂടെ ആത്മസംസ്ഥനായാൽമാത്രമേ പഞ്ചഭൂതങ്ങളുടെ പിടിയിൽ അകപ്പെട്ട ജീവന്ന് മുക്തി ലഭിയ്ക്കൂ.

ഭോഗം ജീവിതവ്രതമായി സ്വീകരിച്ചിട്ടുള്ള സംസ്കാര വിശേഷങ്ങളാൽ മോഹിതരായി വലയുന്ന ലോകജനത യാകെ മോഹമുക്തിക്കായി പ്രാചീനതമമായ ഭാരതജനത യെയാണ് ഉററു നോക്കുന്നതു്. കലികാലവൈഭവത്താൽ നാമും പ്രായേണ സമ്മോഹിതർതന്നെ എങ്കിലും മററുള്ള വരെ അപേക്ഷിച്ച് ഈ മോക്ഷോപായം നമുക്ക് കൂടുതൽ എളുപ്പം മനസ്സിലാകും. എത്രയും വേഗം അതു മനസ്സി ലാക്കി ജീവിതത്തിൽ പ്രയോഗക്ഷമമാണെന്ന കാണി ച്ച് ലോകത്തെ സേവിയ്ക്കുകയാണ് നമ്മുടെ ഇന്നത്തെ അ ടിയന്തരകർത്തവ്യം. സർവ്വനാശത്തിൽനിന്ന് രക്ഷനേടാൻ മററു വഴിയൊന്നുമില്ല. ഈ വസ്തുത ശ്രീ വിവേകാനന്ദ സ്വാമികൾ വളരെ ശക്തിയായ ഭാഷയിൽ എത്രയോ മുമ്പേ വാരം വാരം നമ്മെ ഓർമ്മിപ്പിച്ചിട്ടുള്ളതാണ്. അങ്ങനെ ഈ ഗ്രന്ഥപ്രകാശനത്തിലൂടെ നമ്മുടെ മുഖ്യ ദേശീയകർത്തവ്യം നിറവേററുവാനുള്ള ഒരു എളിയ ശ്രമ മാണ് ഞങ്ങൾ ചെയ്യുന്നതു്.

മാണ്ഡൂക്യോപനിഷത്തിൽ പ്രതിപാദിച്ചിട്ടുള്ള വിഷ യങ്ങളുടെ വിവരണാത്മകമായ ഈ ഗൗഡപാദകാരികയും അദ്വൈതദർശനത്തിലെ സാരഭൂതങ്ങളായ തത്ത്വങ്ങളുടെ ശാസ്ത്രീയവും യുക്തിയുക്തവുമായ പ്രതിപാദനമാകയാൽ ജിജ്ഞാസുക്കളേവരും സഹർഷം സ്വാഗതം ചെയ്യുമെന്ന് ഞങ്ങൾക്കു വിശ്വാസമുണ്ട്.

എന്ന്

പുറനാട്ടുകര
1-8-1976.

പ്രകാശകൻ

Digitization by Arya Samaj Charitable Foundation, Chennai

പ്രസ്താവന

അദ്ധ്യാത്മവിദ്യയുടെ സുവർണ്ണകിരീടത്തിൽ പ്രശോഭിക്കുന്ന അമൂല്യരത്നങ്ങളായ ഉപനിഷത്തുകൾ ഇന്ന് പൗരസ്ത്യരുടെയും പാശ്ചാത്യരുടെയും ശ്രദ്ധയെ ഒരുപോലെ ആകർഷിക്കുന്നുണ്ട്. ധർമ്മാർത്ഥകാമങ്ങളിലധിഷ്ഠിതമായ താത്കാലികലക്ഷ്യത്തിൽമാത്രം മനസ്സുവെച്ചു പ്രവർത്തിക്കുന്നതിന്റെ ഫലമായി പലപ്പോഴും പരാജയത്തെ അഭിമുഖീകരിക്കുന്ന ജനസമുദായത്തിൽ ജീവിതത്തിന്റെ പാരന്ത്യികലക്ഷ്യത്തെപ്പററിയുള്ള ജിജ്ഞാസയും താല്പര്യവും ജനിക്കുക സ്വാഭാവികമാണല്ലൊ. യുക്തിവാദികളും നിരീശ്വരവാദികളും എത്രതന്നെ ശ്രമിച്ചാലും മനുഷ്യഹൃദയങ്ങളിൽനിന്നു ഈശ്വരവിശ്വാസവും ധാർമ്മികബോധവും നീക്കിക്കളയുവാൻ സാദ്ധ്യമല്ലെന്നു പണ്ടെന്നപോലെ ഇന്നും വ്യക്തമായിക്കൊണ്ടിരിക്കുകയാണ്. ഭൗതികവിഷയങ്ങളെപ്പററിയുള്ള വിജ്ഞാനത്തിൽ എത്രതന്നെ ഉന്നതിയും ഉത്കർഷവും നേടിയാലും തങ്ങളാഗ്രഹിക്കുന്ന ശാന്തിയും സമാധാനവും മനസ്സിന്നുണ്ടാവുകയില്ലെന്നു മനസ്സിലാക്കിയ മനുഷ്യർ ഇന്ന് ആദ്ധ്യാത്മികഗ്രന്ഥങ്ങളുടെ പരിശീലനത്തിൽ കൂടുതൽ കൂടുതൽ വ്യഗ്രരായിക്കൊണ്ടിരിക്കുന്നു. ആദ്ധ്യാത്മികതയുടെ ആകരഭൂതങ്ങളായ ഉപനിഷത്തുകൾ അങ്ങനെ അഭ്യസ്തവിദ്യരായ ആളുകളുടെ ഇടയിൽ അധികമധികം പ്രചാരത്തെ പ്രാപിച്ചുവരുന്നു.

മനുഷ്യജീവിതത്തിന്റെ പരമലക്ഷ്യത്തെപ്പററി വിചാരംചെയ്തിട്ടുള്ള ഗ്രന്ഥങ്ങളാണ് ഉപനിഷത്തുകൾ. അനേകം വേദശാഖകൾ ലുപ്തപ്രചാരമായതോടുകൂടി അവ

Digitization by Arya Samaj Charitable Foundation, Chennai

യിലുംപ്പെട്ട പല ഉപനിഷത്തുകളും നമുക്കു നഷ്ടപ്പെട്ടു. വേദങ്ങളുടെ വിഭിന്നശാഖകളിലുംപ്പെട്ട 112 ഉപനിഷത്തുകളാണ് ഇന്ന് അച്ചടിച്ച് പ്രസിദ്ധീകൃതങ്ങളായി കാണുന്നത്. ചില ഉപനിഷത്തുകളിൽ സൃഷ്ടി മുതലായ ഭൗതികവിഷയങ്ങളെയും പ്രതിപാദിക്കുന്നുണ്ടെങ്കിലും, അവയുടെയെല്ലാം അനിത്യത്വത്തെ സ്ഥാപിച്ച് ബ്രഹ്മം മാത്രമാണ് സത്യമായിട്ടുള്ളതെന്നും ബ്രഹ്മത്തെപ്പററിയുള്ള ജ്ഞാനമേ മനുഷ്യജീവിതത്തെ പരമലക്ഷ്യത്തിലെത്തിക്കൂ എന്നും സ്ഥാപിക്കുകയാണ് എല്ലാ ഉപനിഷത്തുകളുടെയും ലക്ഷ്യം. ഈ വേദാന്തദർശനമാണ് ഭാരതസംസ്കാരത്തിന്നു മൂലഭൂതമായിട്ടുള്ളത്. ലോകത്തെ ഉപേക്ഷിക്കണമെന്നോ ലോകജീവിതത്തിൽനിന്ന് ഒളിച്ചോടിപ്പോകണമെന്നോ അല്ല വേദാന്തം ഉപദേശിക്കുന്നത്. ഈ ലോകത്തിൻെറ യഥാർത്ഥസ്വരൂപമെന്താണെന്നു മനസ്സിലാക്കി അതനുസരിച്ച് ഉദാത്തമായ ഒരു ജീവിതം നയിച്ച് ക്ലേശഭൂയിഷ്ഠമായ ലൗകികജീവിതത്തെ ആനന്ദപ്രചുരമാക്കുവാനുള്ള മാർഗ്ഗങ്ങളെയാണ് വേദാന്തം വ്യക്തമാക്കുന്നത്.

ശ്രീരാമചന്ദ്രൻ ഭക്താഗ്രണിയായ മാരുതിക്ക് ഉപദേശിക്കുന്നതായി കാണുന്ന മുക്തികോപനിഷത്തിൽ നാലു വേദങ്ങൾക്ക് ആകെ 1180 ശാഖകളും ഓരോ ശാഖയ്ക്കും ഓരോ ഉപനിത്തും ഉണ്ടെന്നു പറഞ്ഞു് അവയിൽ പ്രധാനങ്ങളായ 108 ഉപനിഷത്തുകളെപ്പററി പ്രതിപാദിക്കുന്നുണ്ട്. എല്ലാ ഉപനിഷത്തുകളും പഠിക്കുവാൻ സാധിക്കുന്നില്ലെങ്കിൽ പത്ത് ഉപനിഷത്തുകളെങ്കിലും പഠിക്കുവാനും അവിടെ ഉപദേശിക്കുന്നു. ശ്രീശങ്കരാചാര്യസ്വാമികൾ തൻെറ ലളിതങ്ങളായ ഭാഷ്യങ്ങളെക്കൊണ്ട് സുഗ്രഹങ്ങളും സുഗമങ്ങളുമാക്കിത്തീർത്തിട്ടുള്ളവയാണ് ഈ ദശോപനിഷത്തുകൾ. അവയിലും ഏററവും പ്രധാനമായിട്ട് നിർദ്ദേശിക്കുന്നത് മാണ്ഡൂക്യോപനിഷത്തിനെയാണ്. ''മാണ്ഡൂക്യമേകമേവാലം മുമുക്ഷൂണാം വിമുക്തയേ.''

Digitization by Arya Samaj Charitable Foundation, Chennai

മോക്ഷം വേണമെന്നാഗ്രഹിക്കുന്നവക്ക് മുക്തി ലഭിക്കുവാൻ മാണ്ഡൂക്യംമാത്രം മതിയെന്നത്ഥം. ഇങ്ങനെ എല്ലാ ഉപനിഷത്തുകളിലുംവെച്ച് പ്രഥമസ്ഥാനം അഹിക്കുന്നതു് മാണ്ഡൂക്യോപനിഷത്താണ്. ശ്രീശങ്കരാചായ്യസ്വാമികളും മാണ്ഡൂക്യോപനിഷത്തിന്നുള്ള തന്റെ ഭാഷ്യം ആരംഭിക്കുന്നതു് ഇതിനെ 'വേദാന്താത്ഥസാരസംഗ്രഹഭൂതം', എല്ലാ വേദാന്തവിഷയങ്ങളുടെയും സാരസംഗ്രഹമായിട്ടുള്ളതു്, എന്നു വിശേഷിപ്പിച്ചുകൊണ്ടാണ്. എന്താണ് ഇതിന്നു കാരണം? എന്താണ് മാണ്ഡൂക്യത്തിന്നുള്ള പ്രത്യേകത?

ദശോപനിഷത്തുകളിൽ ഏററവും ചെറിയ ഉപനിഷത്താണ് മാണ്ഡൂക്യം. ആകെ 12 മന്ത്രങ്ങൾ മാത്രമാണിതിലുള്ളതു്. പക്ഷേ ഈ ചുരുക്കം മന്ത്രങ്ങളെക്കൊണ്ടു് വിവരിക്കുന്ന വിഷയം ശരിയായി ഗ്രഹിക്കണമെങ്കിൽ അതിന്നുമുമ്പുള്ള ശാസ്ത്രങ്ങളുടെയെല്ലാം ഒരു സാമാന്യജ്ഞാനം കൂടിയേ കഴിയൂ. അതുകൊണ്ടാണ് ശ്രീ ഗൗഡപാദാചായ്യർ നാലു പ്രകരണങ്ങളിലായി 215 കാരികകളെക്കൊണ്ടു് ഇതിന്റെ അത്ഥം വിവരിക്കുന്ന ഒരു മഹാഗ്രന്ഥംതന്നെ രചിച്ചിട്ടുള്ളതു്. ശ്രീശങ്കരഭഗവത്പാദർ ഉപനിഷത്തിനെന്നപോലെ കാരികകൾക്കും ഭാഷ്യമെഴുതി സംശയാതീതമായ വിധത്തിൽ അതിന്റെ അത്ഥം സ്പഷ്ടമാക്കിയിട്ടുണ്ടു്. ഭാഷ്യകാരൻ അദ്വൈതമതസ്ഥാപനത്തിന്നു് അടിസ്ഥാനമായി സ്വീകരിച്ചിട്ടുള്ളതു് മാണ്ഡൂക്യോപനിഷത്തിനെയും ഗൗഡപാദകാരികകളെയുമാണെന്നതുകൊണ്ടു തന്നെ അദ്വൈതദശ്നത്തിൽ ഇതിന്നുള്ള പ്രാമുഖ്യം പ്രസ്പഷ്ടമാണല്ലൊ.

സാധാരണ തത്ത്വശാസ്ത്രജ്ഞന്മാരെല്ലാം പരമസത്യത്തെപ്പററി നിണ്ണയംചെയ്യുന്നതിന്നു് ഗവേഷണവിഷയമാക്കാറുള്ളതു് ദൃശ്യമായ പ്രപഞ്ചവും ദൃക്കായ ആത്മാവും അവ തമ്മിലുള്ള ബന്ധവുമാണ്. എന്നാൽ പാശ്ചാത്യ

Digitization by Arya Samaj Charitable Foundation, Chennai

തത്ത്വചിന്തകന്മാരെപ്പോലെ പൗരസ്ത്യചിന്തകന്മാരിൽ പല വിഭാഗക്കാരും ജാഗ്രദവസ്ഥയിൽ നമുക്കുണ്ടാകുന്ന അനുഭവങ്ങളെമാത്രം മുൻനിർത്തിക്കൊണ്ടാണ് ഗവേഷണത്തിൽ പ്രവർത്തിക്കുന്നത്. അനുഭൂതിസിദ്ധന്മാരായ ഋഷിമാരുടെ ഗവേഷണമണ്ഡലമാകട്ടെ വളരെയധികം വിപുലമാണ്. അവർ പറയുന്നു: 'ജാഗ്രത്ത് നമ്മുടെ അനുഭൂതിയുടെ ഒരു ഭാഗം മാത്രമേ ആകുന്നുള്ളു. അതുകൊണ്ട് ആ മാർഗ്ഗത്തിൽക്കൂടി കണ്ടെത്തുന്ന സത്യം പരമസത്യമാകുവാൻ വഴിയില്ല. ജീവിതത്തിൽ നമുക്കുണ്ടാകുന്ന എല്ലാ അനുഭൂതികളെയും കണക്കിലെടുത്തുകൊണ്ടുവേണം നാം സത്യാന്വേഷണം ചെയ്യുവാൻ. ജാഗ്രത്ത്, സ്വപ്നം, സുഷുപ്തി ഇവ ഏതൊരു മനുഷ്യനും പ്രതിദിനം ഉണ്ടായിക്കൊണ്ടിരിക്കുന്ന അനുഭവങ്ങളാണ്. വ്യത്യസ്തനിലകളിലുള്ള ഈ മൂന്നനുഭവങ്ങളെയും ആസ്പദമാക്കിക്കൊണ്ടുവേണം ദൃക്കിൻെറയും ദൃശ്യത്തിൻെറയും പിന്നിലുള്ള പരമസത്യത്തെപ്പററി അന്വേഷിക്കുവാൻ.' ഇതനുസരിച്ചാണ് ഉപനിഷത്തുകളിലെ സത്യാന്വേഷണം പുരോഗമിക്കുന്നതും. മാണ്ഡൂക്യത്തിൽ ഈ ഗവേഷണരീതിയുടെ യുക്തിയുക്തവും വിശദവുമായ ദൃഷ്ടാന്തം നമുക്കു കാണുവാൻ കഴിയുന്നു. പരമസത്യത്തെപ്പററിയുള്ള അദ്വൈതസിദ്ധാന്തത്തെ സമർത്ഥിക്കുവാൻ മററ് ഉപനിഷത്തുകളെപ്പോലെ ഉപമകളോ ഉപകഥകളോ സാങ്കല്പികമായ സംഭാഷണങ്ങളോ സംവാദങ്ങളോ ഒന്നും സ്വീകരിക്കാതെ നേരിട്ടു വിഷയത്തിലേയ്ക്കു പ്രവേശിക്കുകയാണിവിടെ ചെയ്യുന്നത്. എത്രയും ഗഹനമായ വിഷയം ഇത്രയും ചുരുങ്ങിയ വാക്കുകളിൽ അതിസംക്ഷിപ്തമായി വിവരിക്കുന്നതുകൊണ്ട് പലർക്കും വിഷയഗ്രഹണത്തിൽ വിഷമം നേരിടുന്നതിനാൽ നിരാശ തോന്നാറുണ്ട്. അവിടെ ഗൗഡപാദകാരികയാണ് അവരുടെ സഹായത്തിന്നെത്തുന്നത്.

Digitization by Arya Samaj Charitable Foundation, Chennai

വേദാന്തത്തിൽ സാമാന്യേന സ്വീകരിച്ചിട്ടുള്ള വിചാരമാർഗ്ഗംതന്നെയാണ് മാണ്ഡൂക്യത്തിലും പിന്തുടരുന്നതു്. ആദ്യംതന്നെ കാലത്രയാധീനമായ സഗുണബ്രഹ്മവും കാലാതീതമായ നിർഗ്ഗുണബ്രഹ്മവും ബ്രഹ്മപ്രതീകമായ ഓങ്കാരവും തമ്മിലുള്ള അഭേദം പറഞ്ഞതിനുശേഷം ഓരോന്നിനെയും പ്രത്യേകം പ്രത്യേകം വിവരിച്ച് ആത്മതത്ത്വം വ്യക്തമാക്കുന്നു. ദൃശ്യമായ പ്രപഞ്ചവും ദൃക്കായ ജീവാത്മാവും ഈശ്വരനും സഗുണഭാവത്തിൽ വ്യഷ്ടിസമഷ്ടിരൂപത്തിൽ അവഭാസിക്കുന്നതെല്ലാംതന്നെയും ഏകത്തിൽചെന്നു ലയിക്കുന്നതിനെ സമർത്ഥിക്കുവാനായി ജാഗ്രത്സ്വപ്നസുഷുപ്തികളാകുന്ന മൂന്നവസ്ഥകളെയും വിശകലനം ചെയ്യുന്നു. അതിനുശേഷം ഈ മൂന്നവസ്ഥകളിലും സാക്ഷിഭൂതനായി യാതൊരു മാററവും കൂടാതെ നില്ക്കുന്ന തുരീയൻ മാത്രമാണ് സത്യമായിട്ടുള്ളതെന്നും മൂന്നവസ്ഥകളും, രജ്ജുവിൽ സർപ്പപ്രതീതിപോലെ, ഭ്രമംമൂലം ആ തുരീയനിൽ ഉണ്ടാകുന്നതാണെന്നും കാണിച്ച് 'പ്രപഞ്ചോപശമം ശിവമദ്വൈത'മായ ആത്മതത്ത്വത്തെ ഉപദേശിക്കുകയാണ് ചെയ്യുന്നതു്. ജ്ഞാനത്താലുണ്ടാകുന്ന നിർവ്വികല്പസമാധിയിൽ ആ അദ്വയസത്യത്തെ സാക്ഷാത്കരിച്ചുകഴിഞ്ഞാൽ പിന്നെ ദ്വൈതബോധം തീരെ അവശേഷിക്കുന്നില്ല. ആ ജ്ഞാനി, ഒരു തട്ടാൻ എപ്പോഴും ആഭരണങ്ങളിൽ സ്വർണ്ണത്തെ കാണുകയും വിലമതിക്കുകയും ചെയ്യുന്നതുപോലെ, ഈ ലോകത്തിലെ വൈവിധ്യങ്ങളിലെല്ലാം ആത്മബോധത്തോടുകൂടിത്തന്നെ പെരുമാറുന്നു. ആത്മാവിൻെറ മൂല്യമല്ലാതെ ഈ ജഗത്തിന്നു വേറെ മൂല്യമില്ലെന്ന് അവന്നു പൂർണ്ണബോധ്യമുണ്ടു്. ഇങ്ങനെ ജീവിതലക്ഷ്യപ്രാപ്തിയ്ക്കു വിജ്ഞേയമായ ആത്മാവിനെ പ്രതിപാദിച്ചതിനുശേഷം ഉപാസകന്മാർക്കുവേണ്ടി ആത്മപ്രതീകമായ ഓങ്കാരത്തെയും അപഗ്രഥിച്ച് അർത്ഥം സ്പഷ്ടമായി വിവരിക്കുന്നു. ജാഗ്രത്തു്, സ്വപ്നം, സുഷുപ്തി

Digitization by Arya Samaj Charitable Foundation, Chennai

എന്ന മൂന്നു പാദങ്ങൾക്കു തുല്യമായി അ, ഉ, മ് എന്ന മൂന്നു മാത്രകളെയും, മൂന്നു പാദങ്ങളും ലയിച്ചതിനുശേഷം അനുഭവപ്പെടുന്ന തുരീയനു തുല്യമായി മൂന്നു മാത്രകളും ലയിച്ചുണ്ടാകുന്ന അമാത്രയെയും ഏകരൂപമായി വിവരിച്ച് ഓങ്കാരോപാസനകൊണ്ടുതന്നെ പരമാത്മഭാവത്തെ പ്രാപിക്കാമെന്നു വ്യക്തമാക്കി ഉപനിഷത്തവസാനിക്കുന്നു. ഇങ്ങനെ സാധ്യമായ അദ്വൈതസാക്ഷാത്കാരത്തെയും സാധനയായ ഓങ്കാരോപാസനയെയും സംക്ഷിപ്തമാണെങ്കിലും ജീവിതാനുഭവങ്ങളുടെ ആകത്തുകയെ കണക്കിലെടുത്തുകൊണ്ട് പൂർണ്ണമായും യുക്തിയുക്തമായും വിവരിക്കുന്ന ഒന്നാണ് മാണ്ഡൂക്യോപനിഷത്ത്.

മുണ്ഡകം, പ്രശ്നം എന്ന ഉപനിഷത്തുകളെപ്പോലെ അഥർവ്വവേദശാഖയിൽ പെട്ടതാണ് മാണ്ഡൂക്യവും. ഇതിന്റെ ഉപജ്ഞാതാവായ മണ്ഡൂകഋഷിയുടെ പേരിൽ നിന്നാണ് ഇതിനു് മാണ്ഡൂക്യം എന്നു് പേർ സിദ്ധിച്ചതെന്നാണ് പരക്കെ വിശ്വസിക്കപ്പെടുന്നതു്. അഥർവ്വവേദത്തിലെ മഹാവാക്യമായ 'അയമാത്മാ ബ്രഹ്മ' എന്ന തത്ത്വോപദേശം മാണ്ഡൂക്യത്തിലാണ് വരുന്നതു് എന്നതു് ഇതിന്റെ പ്രാധാന്യത്തെ വളരെയധികം വർദ്ധിപ്പിച്ചിട്ടുണ്ട്. 'സർവ്വം ഖല്വിദം ബ്രഹ്മ' എന്നു് സർവ്വോപനിഷത്സാരഭൂതമായ തത്ത്വവും ഇതിൽ യുക്തിപൂർവ്വം സ്ഥാപിച്ചിരിക്കുന്നു. ഇങ്ങനെ സർവ്വപ്രധാനമായ ഈ മാണ്ഡൂക്യോപനിഷത്തിന്റെ പഠനം ശ്രീഗൗഡപാദാചാര്യരുടെ കാരികയുടെ പഠനത്തോടുകൂടിയല്ലെങ്കിൽ ഒരിക്കലും പൂർണ്ണമാകയില്ല.

കാരിക ഉപനിഷത്തിന്റെ ഒരു വ്യാഖ്യാനമെന്നു പറയാൻ നിവൃത്തിയില്ല. ഉപനിഷത്തിൽ പ്രതിപാദിച്ചിട്ടുള്ള വിഷയങ്ങളെ വിവരിച്ച് ശാസ്ത്രംകൊണ്ടും യുക്തികൊണ്ടും സമർത്ഥിക്കുന്ന ഒരു പ്രകരണഗ്രന്ഥമായിട്ടി

Digitization by Arya Samaj Charitable Foundation, Chennai

തിനെ കണക്കാക്കാം. ശ്രീശങ്കരഭഗവത്പാദരുടെ ഗുരുവായ ഗോവിന്ദാചാര്യരുടെ ഗുരുവാണ് ഗൗഡപാദാചാര്യൻ എന്നല്ലാതെ അദ്ദേഹത്തിൻെറ കാലത്തെയോ ജീവിതത്തെയോപററി യാതൊരു ചരിത്രവും ഇന്നു നമുക്ക് അറിവാൻ വഴിയില്ല. ഗൗഡപാദർ ബദര്യാശ്രമത്തിൽ നാരായണനെ ധ്യാനിച്ചുകൊണ്ടു കഠിനതപസ്സനുഷ്ഠിച്ചുവെന്നും നാരായണൻ പ്രീതനായി അദ്വൈതവേദാന്തരഹസ്യം വെളിപ്പെടുത്തിക്കൊടുത്തുവെന്നും ശങ്കരഭാഷ്യത്തിന്നു ടീക രചിച്ച ആനന്ദഗിരി സ്വടീകയിൽ പ്രസ്താവിക്കുന്നുണ്ടു്. ശ്രീശങ്കരന്നുമുമ്പ് അദ്വൈതദർശനത്തിന്നു യുക്തിയുടെ അടിസ്ഥാനത്തിൽ സ്ഥിരമായ പ്രതിഷ്ഠ നേടിക്കൊടുത്ത ഒരാചാര്യനെന്നു മാത്രം അദ്ദേഹത്തെപ്പററി നിസ്സംശയം പറയാം.

സാധാരണയായി വേദാന്തഗ്രന്ഥങ്ങളിൽ അധ്യാരോപാപവാദന്യായമനുസരിച്ചാണ് അവാങ്മനസഗോചരമായ പരമാത്മതത്ത്വത്തെപ്പററി വിവരിക്കാറുള്ളതു്. അന്വയവ്യതിരേകദ്വാരേണയുള്ള ആ പ്രക്രിയയിൽനിന്നു് അല്പം വ്യത്യസ്തമായ ഒരു രീതി സ്വീകരിച്ചുകൊണ്ടാണ് പ്രപഞ്ചോപശമവും ശാന്തവും ശിവവും അദ്വയവുമായ ആത്മതത്ത്വത്തെപ്പററി ആചാര്യൻ ഇതിൽ പ്രതിപാദിക്കുന്നതു്. മനുഷ്യരുടെ ദൈനന്ദിനജീവിതാനുഭവങ്ങൾക്കടിസ്ഥാനമായ അവസ്ഥാത്രയത്തെ ആശ്രയിച്ചുകൊണ്ടു് ആത്മതത്ത്വനിർണ്ണയം വിശദവും വിപുലവുമായ രീതിയിൽ ചെയ്യുന്നതായി നാം ആദ്യം കാണുന്നതു് മാണ്ഡൂക്യോപനിഷത്തിലാണ്. ആ അവസ്ഥാത്രയപരീക്ഷണത്തിലൂടെയും കാര്യകാരണഭാവനിരൂപണത്തിലൂടെയും വേദാന്തസാരസംഗ്രഹഭൂതമായ അദ്വൈതസത്യത്തിൻെറ അബാധ്യതയെ സമർത്ഥിക്കുകയാണ് നാലു പ്രകരണങ്ങളിലായി ആചാര്യൻ ചെയ്യുന്നതു്. 1. ആഗമപ്രകരണം

Digitization by Arya Samaj Charitable Foundation, Chennai

2. വൈതഥ്യപ്രകരണം 3. അദ്വൈതപ്രകരണം 4. അലാതശാന്തിപ്രകരണം ഇങ്ങനെ പ്രതിപാദ്യവിഷയത്തെ അദ്ദേഹം നാലായി തരംതിരിക്കുന്നു. ഒന്നാമത്തെ ആഗമപ്രകരണം ഉപനിഷത്ത്മന്ത്രങ്ങളുടെ വിസ്തൃതമായ വിവരണമാണ്. ഉപനിഷത്പ്രതിപാദിതമായ അവസ്ഥാത്രയനിരൂപണത്തിന്റെ വിസ്തൃതമായ പ്രപഞ്ചനം നമുക്ക് അതിൽ കാണാം. ശാസ്ത്രാനുസൃതമായ സമർത്ഥനമാണതിൽ ഉദ്ദേശിച്ചിട്ടുള്ളത്. പരമസത്യത്തിന്റെ അഗ്രഹണാന്യഥാഗ്രഹണങ്ങളെക്കൊണ്ടുണ്ടാകുന്ന ജാഗ്രത്സ്വപ്നസുഷുപ്തിരൂപത്തിലുള്ള ജീവിതാനുഭവങ്ങളെയും അവയെല്ലാം തുരീയത്തിൽച്ചെന്നു ലയിക്കുന്ന രീതിയെയും വിവരിച്ച് അവസാനം, ''മായാമാത്രമിദം ദ്വൈതമദ്വൈതം പരമാർത്ഥതഃ'' (ഇക്കാണുന്ന ദ്വൈതം മുഴുവൻ മായാമാത്രമാണ്, അദ്വൈതം മാത്രമേ സത്യമായിട്ടുള്ളു) എന്ന് ആഗമവാക്യങ്ങൾക്കനുസൃതമായിത്തന്നെ സമർത്ഥിക്കുകയാണ് അവിടെ ചെയ്യുന്നത്. അതോടുകൂടി ഓങ്കാരത്തിന്റെ നാലു മാത്രകളെ വിവരിച്ച് പ്രതീകദ്വാരാ അതു വ്യക്തമാക്കിത്തരികയും ചെയ്യുന്നു.

ആഗമപ്രമാണംകൊണ്ടു സ്ഥാപിച്ച ''ജ്ഞാതേ ദ്വൈതം ന വിദ്യതേ'' (നിത്യസത്യം അറിഞ്ഞുകഴിഞ്ഞാൽ ദ്വൈതമില്ല.) എന്ന തത്ത്വത്തെ ഉപപത്തികൊണ്ടും സ്ഥാപിക്കാമെന്നാണ് രണ്ടാം പ്രകരണത്തിൽ വ്യക്തമാക്കുന്നത്. അവിടെ ജാഗ്രത്തിലെയും സ്വപ്നത്തിലെയും അനുഭവങ്ങളെ താരതമ്യപ്പെടുത്തി നിരൂപണം ചെയ്ത് ജാഗ്രദനുഭവങ്ങളും സ്വപ്നാനുഭവങ്ങളെപ്പോലെ മിഥ്യയാണെന്നു സമർത്ഥിക്കുന്നു. ദ്വൈതം വാസ്തവത്തിലില്ലാത്തതാണ്. അജ്ഞാനംകൊണ്ട് ദ്വൈതബോധം നമുക്കുണ്ടാകുന്നുവെന്നുമാത്രം. അജവും അമരവും അദ്വയവുമായ ആത്മാവുമാത്രമേ സത്യമായിട്ടുള്ളു.

Digitization by Arya Samaj Charitable Foundation, Chennai

''ന നിരോധോ ന ചോത്പത്തി–
ന്ന ബദ്ധോ ന ച സാധകഃ
ന മുമുക്ഷുന്ന വൈ മുക്ത
ഇത്യേഷാ പരമാത്ഥതാ.''

(ഈ പ്രപഞ്ചത്തിന്നു് ഉത്പത്തിയോ നാശമോ ഇല്ല. ബന്ധനവുമില്ല, മോക്ഷവുമില്ല, മോക്ഷത്തിന്നുവേണ്ടി ആഗ്രഹിക്കുന്നവനുമില്ല, ശ്രമിക്കുന്നവനുമില്ല, മുക്തനുമില്ല എന്നുള്ളതാണു് സത്യസ്ഥിതി). അതുകൊണ്ടു് ദൃശ്യമായിട്ടുള്ള ദ്വൈതം സ്വപ്നം, മായ, ഗന്ധവ്വനഗരം മുതലായവയെപ്പോലെ ഭ്രാന്തിമാത്രമാകുന്നു എന്നു് ദ്വൈതത്തിന്റെ വൈതഥ്യത്തെ രണ്ടാം പ്രകരണത്തിൽ യുക്തിപൂവ്വം സ്ഥാപിക്കുന്നു. അദ്വയമായ ആത്മാവിൽ യാതൊരുവിധ വികാരങ്ങളുമുണ്ടാകുവാൻ സാധ്യമല്ലാത്തതിനാൽ സൃഷ്ടിവാദം ഒരിക്കലും നിലനില്ക്കത്തക്കതല്ലെന്നുള്ളതിന്നുള്ള യുക്തികളാണു് മൂന്നാം പ്രകരണത്തിൽ കാണിക്കുന്നതു്. വേദാന്തത്തിൽ കാണുന്ന ജീവജഗത്സൃഷ്ടിവാദം ഹീനമധ്യമദൃഷ്ടികൾക്കുവേണ്ടിയുള്ളതാണെന്നും അവയെ സത്യമാണെന്നു സ്വീകരിക്കുന്നപക്ഷം പല ദോഷങ്ങളുമുണ്ടാകുമെന്നും കാണിച്ചു്, അജാതവും അമൃതവുമായ പരമാത്ഥസത്യം എപ്പോഴും അദ്വയമായിത്തന്നെ നിലകൊള്ളുന്നു എന്നു് യുക്തിപൂവ്വം നമ്മെ ബോധ്യപ്പെടുത്തുന്നു.

''മായയാ ഭിദ്യതേ ഹ്യേതന്നാന്യഥാജം കഥഞ്ചന.'' (ദ്വൈതബുദ്ധി ഉണ്ടാകുന്നതു് മായകൊണ്ടാണു്. അജമായ ആത്മാവിൽ ഒരു വിധത്തിലും ഭേദമുണ്ടാവുകയില്ല.)

''മനോദൃശ്യമിദം ദ്വൈതം
യത് കിഞ്ചിത് സചരാചരം.''

(ചരാചരപ്രപഞ്ചമായി കാണുന്ന ഈ ദ്വൈതം മുഴുവൻ മനസ്സിന്റെ സൃഷ്ടിയാണു്, മനസ്സുതന്നെയാണു്.) എന്നു്

Digitization by Arya Samaj Charitable Foundation, Chennai

ആചാര്യൻ ഇതിൽ സമർത്ഥിക്കുന്നു. മനോനിഗ്രഹം കൊണ്ടു് നേടുവാൻ സാധിക്കുന്ന അസ്പർശയോഗമാണു് അദ്വൈതസാക്ഷാത്കാരത്തിന്നുള്ള മാർഗ്ഗമെന്നും അഭയവും ആനന്ദവും ശാന്തിയും നൽകുന്നതു് അതു മാത്രമാണെന്നും ഇവിടെ ഉറപ്പിച്ചു പറയുന്നു. അങ്ങനെ ജാതി (ജന്മം)തന്നെ ഉണ്ടായിട്ടില്ലെന്ന അജാതിവാദത്തെ സ്ഥാപിക്കുന്ന അദ്വൈതപ്രകരണം അദ്ദേഹം ഉപസംഹരിക്കുന്നതു് ഇങ്ങനെയാണു്:

''ന കിഞ്ചിജ്ജായതേ ജീവഃ
സംഭവോऽസ്യ ന വിദ്യതേ
ഏതത്തദുത്തമം സത്യം
യത്ര കിഞ്ചിന്ന ജായതേ.''

(ജീവൻ ഒരിക്കലും ജനിക്കുന്നില്ല. കാര്യമോ കാരണമോ അല്ലാത്ത ആത്മാവിൽനിന്നു് യാതൊന്നും യഥാർത്ഥത്തിൽ ഉണ്ടാകുന്നില്ല. ഇതാണു് നിരതിശയവും സനാതനവുമായ സത്യം.) ദ്വൈതത്തിൻെറ മിഥ്യാത്വം രണ്ടാം പ്രകരണത്തിലും നിർവ്വികാരവും അദ്വയവുമായ ബ്രഹ്മത്തിൻെറ സത്യത്വം മൂന്നാം പ്രകരണത്തിലും യുക്തിപൂർവ്വം സ്ഥാപിച്ചുകൊണ്ടു് അദ്ദേഹം ഉപനിഷത്പ്രതിപാദ്യമായ നിത്യസത്യത്തെ വ്യക്തമാക്കിത്തരുന്നു.

നാലാമത്തേതായ അലാതശാന്തിപ്രകരണത്തിൽ അദ്വൈതദർശനത്തിന്നെതിരായുള്ള പ്രതിപക്ഷവാദങ്ങളെ വിവരിച്ചു്, പരസ്പരവിരുദ്ധങ്ങളായ അവയെക്കൊണ്ടു തന്നെ അന്യോന്യം അവയുടെ അസാംഗത്യത്തെ തെളിയിച്ചു്, ആഗമപ്രസിദ്ധവും അനിഷേധ്യവുമായ അദ്വൈതം തന്നെയാണു് ശരിയായ ദർശനമെന്നു് വ്യക്തമാക്കുന്നു. വേദബാഹ്യന്മാരും ദ്വൈതികളുമായ പലരുടെയും സിദ്ധാന്തങ്ങളും പറയുന്നതിൽ അദ്ദേഹം പ്രധാനമായി എടുക്കുന്നതു് ബൌദ്ധസിദ്ധാന്തങ്ങളെയാണു്. ജഗത്തു സത്യമാ

Digitization by Arya Samaj Charitable Foundation, Chennai

ണൊന്ന ഭ്രമത്തെ നിരസിച്ച് അജാതിവാദത്തെ സമർത്ഥി ക്കവാനുള്ള യുക്തികൾ ബൗദ്ധസിദ്ധാന്തങ്ങളിൽനിന്നു തന്നെ എടുത്ത് ഉദാഹരിക്കുന്നതുകൊണ്ടും, ബൗദ്ധന്മാരുടെ പല സാങ്കേതികപദങ്ങളും ഉപയോഗിക്കുന്നതുകൊണ്ടും ഗൗഡപാദർ ബുദ്ധമതാനുയായിയായിരുന്നു എന്ന ഒരപ വാദത്തിന്നുകൂടി കാരണമായിട്ടുണ്ട്. വാസ്തവത്തിൽ, എതിരാളികളുടെ വാദങ്ങളിൽത്തന്നെയുള്ള അന്യോന്യ വൈരുദ്ധ്യത്തെ എടുത്തുകാണിച്ച് അവരുടെ യുക്തികൾ തന്നെ അവസാനം അജാതിവാദത്തിലേക്കാണ് നയിക്കു ന്നതെന്നു വ്യക്തമാക്കുകയേ അദ്ദേഹം ചെയ്തിട്ടുള്ളു. മുൻപ്രക രണങ്ങളിലെ ചില കാരികകളെത്തന്നെ സ്വസിദ്ധാന്ത സ്ഥാപനത്തിന്ന് വീണ്ടും ഈ പ്രകരണത്തിൽ ഉദ്ധരിക്കു ന്നുണ്ട്. അവസ്ഥാത്രയപരീക്ഷണത്തെയും വീണ്ടും വിവ രിക്കുന്നു. ജീവനും ജഗത്തുമെല്ലാം ഐന്ദ്രജാലികന്റെ മായാഹസ്തിയെപ്പോലെ ഭ്രാന്തിമാത്രമാകുന്നു. ജ്ഞാതൃ ജ്ഞാനജ്ഞേയവിഭാഗങ്ങളൊന്നുമില്ലാത്ത അദ്വിതീയ ചൈതന്യത്തിൽ യാതൊരു വികാരമോ ഭേദമോ ഉണ്ടാ കുന്നില്ല എന്നുള്ളതാണ് യാഥാർത്ഥ്യം. ആത്മാവിൽ ഭേദ ത്തെ കാണുന്ന ദ്വൈതികളെല്ലാം കൃപണന്മാരാകുന്നു; അവിദ്യാകല്പിതമായ സംസാരത്തിൽനിന്ന് അവക്കു മോചനം ലഭിക്കുന്നില്ല. അതിനാൽ അസ്പർശയോഗം കൊണ്ട് അജവും അദ്വയവുമായ ബ്രഹ്മത്തെ ബോധി ക്കുകയാണ് ജീവിതലക്ഷ്യം. ഈ പരമാർത്ഥതത്ത്വം വേദാന്തത്തിൽനിന്നുമാത്രമേ അറിവാൻ കഴിയുകയുള്ളു എന്നു സയുക്തികം സമർത്ഥിച്ചുകൊണ്ടാണ് അദ്ദേഹം ഗ്രന്ഥം ഉപസംഹരിക്കുന്നത്,

> ''അനാദിമായയാ സുപ്തോ
> യദാ ജീവഃ പ്രബുദ്ധ്യതേ,
> അജമനിദ്രമസ്വപ്ന-
> മദ്വൈതം ബുദ്ധ്യതേ തദാ,''

Digitization by Arya Samaj Charitable Foundation, Chennai

അനാദിമായകൊണ്ടു് സുപ്തനായിരിക്കുന്ന ജീവൻ ആ നിദ്രയിൽനിന്നു് എപ്പോഴം ഉണരുന്നുവോ അപ്പോഴം മാത്രമേ മായാവിമുക്തവും മാററമില്ലാത്തതുമായ അദ്വൈതത്തെപ്പററി അറിയുവാൻ കഴിയുകയുള്ളു.

മാണ്ഡൂക്യകാരികയിലെ വിഷയം സാധാരണന്മാക്കു ദുർഗ്രഹമായിത്തോന്നാം. അജ്ഞാനത്തിൻെറ കൂരിരുട്ടിൽനിന്നു പുറത്തു കടക്കുമ്പോഴേ അതിൻെറ ശരിയായ പ്രകാശം സാധകന്മാക്കനുഭവപ്പെടുകയുള്ളു. സത്യാന്വേഷണമാഗ്ഗത്തിൽ അദമ്യമായ ജിജ്ഞാസയോടും ആത്മാർത്ഥതയോടുംകൂടി സഞ്ചരിക്കുന്നവക്കു മാത്രം ക്രമത്തിൽ എത്തിച്ചേരാവുന്ന ഒരു സ്ഥാനമാണതു്. ആ സത്യപ്രകാശത്തിലെത്തിച്ചേരുവാനുള്ള ശ്രമം ആരംഭിച്ചുകഴിഞ്ഞാൽത്തന്നെ കൃതാത്ഥത നമുക്കനുഭവപ്പെടുന്നതാണു്. ആ വഴിക്കു നമ്മുടെ മനസ്സിനെ ചരിപ്പിക്കുവാനുള്ള ഒരു പ്രചോദനം ഈ ഗ്രന്ഥത്തിൻെറ പഠനംകൊണ്ടു് ഏവക്കും ലഭിക്കുമാറാകട്ടെ.

Digitization by Arya Samaj Charitable Foundation, Chennai

മംഗളം

പ്രജ്ഞാനാംശുപ്രതാനൈഃ സ്ഥിരചരനികര-
 വ്യാപിഭിർവ്യാപ്യ ലോകാൻ
ഭുക്ത്വാ ഭോഗാൻ സ്ഥവിഷ്ഠാൻ പുനരപി ധിഷ-
 ണോദ്ഭാസിതാൻ കാമജന്യാൻ
പീത്വാ സർവ്വാൻ വിശേഷാൻ സ്വപിതി മധുരഭുങ്-
 മായയാ ഭോജയന്നോ
മായാസംഖ്യാതുരീയം പരമമൃതമജം
 ബ്രഹ്മ യത്തന്നതോഽസ്മി. 1

ചരാചരസമൂഹങ്ങളിലെല്ലാം വ്യാപിച്ചിരിക്കുന്ന പ്രകൃഷ്ടജ്ഞാനത്തിന്റെ രശ്മിപ്പടപ്പുകളെക്കൊണ്ടു് (ചിദാഭാസരൂപങ്ങളായ ജീവസമൂഹങ്ങളെക്കൊണ്ടു്) വിഷയങ്ങളിലെല്ലാം വ്യാപിച്ചു്, ജാഗ്രത്തിൽ സ്ഥൂലങ്ങളായ ഭോഗങ്ങളെ ഭുജിച്ചും, വീണ്ടും സ്വപ്നത്തിൽ അവിദ്യാകാമജന്യങ്ങളും ബുദ്ധികല്പിതങ്ങളും വാസനാരൂപങ്ങളുമായ സൂക്ഷ്മവിഷയങ്ങളെ അനുഭവിച്ചും, സുഷുപ്തിയിൽ സ്ഥൂലസൂക്ഷ്മങ്ങളായ വിഷയങ്ങളെയെല്ലാം തന്നിൽ ലയിപ്പിച്ചു് കാരണരൂപത്തിൽ ആനന്ദം മാത്രമനുഭവിച്ചുകൊണ്ടു് സ്ഥിതി ചെയ്യുന്നതും, മായകൊണ്ടു് അഹംബുദ്ധിയുണ്ടാക്കി നമ്മളെയും അനുഭവിപ്പിക്കുന്നതും, മായാകല്പിതമായ സംഖ്യകൊണ്ടു് നാലാമത്തേതായിരിക്കുന്നതും പരവും അമൃതവും അജവുമായ ബ്രഹ്മത്തെ ഞാൻ നമസ്കരിക്കുന്നു.

Digitization by Arya Samaj Charitable Foundation, Chennai

യോ വിശ്വാത്മാ വിധിജവിഷയാൻ പ്രാശ്യ
ഭോഗാൻ സ്ഥവിഷ്ഠാൻ
പശ്ചാച്ചാന്യാൻ സ്വമതിവിഭവാൻ ജ്യോതിഷാ
സ്വേന സൂക്ഷ്മാൻ
സർവ്വാനേതാൻ പുനരപി ശനൈഃ സ്വാത്മനി
സ്ഥാപയിത്വാ
ഹിത്വാ സർവ്വാൻ വിശേഷാൻ വിഗതഗുണഗണഃ
പാത്വസൗ നസ്തുരീയഃ. 2

ഏതൊരുവൻ വിശ്വൻെറ രൂപത്തിൽ ധർമ്മാധർമ്മങ്ങളിൽനിന്നുണ്ടാകുന്ന സ്ഥൂലങ്ങളായ വിഷയഭോഗങ്ങളെ ഭുജിച്ചും, പിന്നീട് തൻെറ തൈജസരൂപത്തിൽ സ്വബുദ്ധികല്പിതങ്ങളായ സൂക്ഷ്മഭോഗങ്ങളെ അനുഭവിച്ചും, വീണ്ടും പ്രാജ്ഞൻെറ രൂപത്തിൽ സ്ഥൂലസൂക്ഷ്മഭോഗങ്ങളെയെല്ലാം തന്നിൽത്തന്നെ ലയിപ്പിച്ചും, ഒടുവിൽ എല്ലാ വിശേഷങ്ങളെയും ഉപേക്ഷിച്ച് ഗുണഗണങ്ങളൊന്നുമില്ലാത്തവനായി അവഭാസിച്ചും വർത്തിക്കുന്നുവോ ആ തുരീയൻ നമ്മെ രക്ഷിക്കട്ടെ.

[ആകാരംകൊണ്ട് ചെറുതെങ്കിലും ആശയംകൊണ്ട് ഏററവും വലുതായിട്ടുള്ള മാണ്ഡൂക്യോപനിഷത്തിന്നും അതിന്ന് തൻെറ പരമഗുരുവായ ശ്രീ ഗൗഡപാദാചാര്യർ എഴുതിയിട്ടുള്ള കാരികകൾക്കും ഭാഷ്യം എഴുതുവാൻ തുടങ്ങുമ്പോൾ ശ്രീ ശങ്കരഭഗവത്പാദർ നിബന്ധിച്ചിട്ടുള്ള മംഗളശ്ലോകങ്ങളാണിവ രണ്ടും. മററ് ഉപനിഷദ്ഭാഷ്യങ്ങളിൽനിന്ന വ്യത്യസ്തമായി മാണ്ഡൂക്യോപനിഷദ്ഭാഷ്യത്തിൽ മാത്രമാണ് ആചാര്യസ്വാമികൾ ആദ്യത്തിൽ മംഗളശ്ലോകങ്ങളും അവസാനത്തിൽ പ്രണാമശ്ലോകങ്ങളും ചേർത്തിട്ടുള്ളത്. ഇത് ഈ ഉപനിഷത്തിൻെറ പ്രാധാന്യത്തെയാണ് കാണിക്കുന്നത്. ഉപനിഷത്തിൽ പ്രതിപാദിച്ചിട്ടുള്ളതും ഗൗഡപാദീയകാരികകളെക്കൊണ്ട് വ്യക്തമാക്കപ്പെട്ടിട്ടുള്ളതുമായ വിഷയംതന്നെ സംഗ്രഹിച്ചുകാണിക്കുകയാണ് ഈ മംഗളശ്ലോകങ്ങളിൽ ചെയ്തിട്ടുള്ളത്.]

Digitization by Arya Samaj Charitable Foundation, Chennai

ശാന്തിപാഠം

ഓം ഭദ്രം കർണ്ണേഭിഃ ശൃണുയാമ ദേവാഃ, ഭദ്രം പശ്യേമാക്ഷഭിർയജത്രാഃ. സ്ഥിരൈരംഗൈസ്തുഷ്ടുവാംസസ്തനൂഭിർവ്യശേമ ദേവഹിതം യദായുഃ. സ്വസ്തി ന ഇന്ദ്രോ വൃദ്ധശ്രവാഃ, സ്വസ്തി നഃ പൂഷാ വിശ്വവേദാഃ, സ്വസ്തി നസ്താർക്ഷ്യോ അരിഷ്ടനേമിഃ, സ്വസ്തി നോ ബൃഹസ്പതിർ ദധാതു.

ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ.

ദേവാഃ = അല്ലയോ ദേവന്മാരേ, കർണ്ണേഭിഃ = ചെവികളെക്കൊണ്ട്, ഭദ്രം = മംഗളമായതിനെ, ശൃണുയാമ = ഞങ്ങൾ കേൾക്കുമാറാകട്ടെ. യജത്രാഃ = യജനശീലരായ ഞങ്ങൾ, അക്ഷഭിഃ = കണ്ണുകളെക്കൊണ്ട്, ഭദ്രം = നല്ലത്, പശ്യേമ = കാണുമാറാകട്ടെ. സ്ഥിരൈഃ = സുദൃഢങ്ങളായ, അംഗൈഃ = അവയവങ്ങളോടും, തനൂഭിഃ = ശരീരങ്ങളോടുംകൂടി, തുഷ്ടുവാംസഃ = സ്തുതിക്കുന്നവരായിട്ട്, ദേവഹിതം = ഈശ്വരനിശ്ചിതമായ, ആയുഃ യത് (തത്) = ആയുസ്സ് എത്രയാണോ അതിനെ, വ്യശേമ = ഞങ്ങൾ പ്രവേശിക്കുമാറാകട്ടെ. വൃദ്ധശ്രവാഃ = വലിയ യശസ്വിയായ, ഇന്ദ്രഃ = ഇന്ദ്രൻ, നഃ = നമുക്ക്, സ്വസ്തി = സ്വസ്തി (അരുളട്ടെ). വിശ്വവേദാഃ = എല്ലാം അറിയുന്നവനായ, പൂഷാ = സൂര്യൻ, നഃ = നമുക്ക്, സ്വസ്തി = സ്വസ്തി (അരുളട്ടെ). അരിഷ്ടനേമിഃ = ആപത്തുകളെ നശിപ്പിക്കുന്ന, താർക്ഷ്യഃ = ഗരുഡൻ, നഃ = നമുക്ക്, സ്വസ്തി = സ്വസ്തി(അരുളട്ടെ).

Digitization by Arya Samaj Charitable Foundation, Chennai

ബൃഹസ്പതിഃ = ബൃഹസ്പതി, നഃ = നമുക്ക്, സ്വസ്തി = സ്വസ്തി, ദധാതു = അരുളട്ടെ. ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ = ഓം. മൂന്നു വിധത്തിലുള്ള വിഘ്നങ്ങൾക്കും ശാന്തിയുണ്ടാകട്ടെ.

അല്ലയോ ദേവന്മാരേ, ഞങ്ങൾ ശ്രോത്രേന്ദ്രിയങ്ങൾ കൊണ്ട് മംഗളപ്രദമായതിനെമാത്രം കേൾക്കുമാറാകട്ടെ. യജനശീലന്മാരായ, ഈശ്വരധ്യാനനിരതന്മാരായ, ഞങ്ങൾ നേത്രേന്ദ്രിയങ്ങൾകൊണ്ട് മംഗളകരമായ ഈശ്വര സ്വരൂപം കാണുമാറാകട്ടെ. സുദൃഢങ്ങളായ ഇന്ദ്രിയങ്ങളോടും ശരീരങ്ങളോടുംകൂടി നിങ്ങളെ കീർത്തിക്കുന്നവരായി ഈശ്വരകല്പിതമായ ജീവിതം നയിക്കുമാറാകട്ടെ. വലിയ കീർത്തിയോടുകൂടിയ ഇന്ദ്രനും എല്ലാററിനെയും അറിയുന്ന സൂര്യദേവനും, ആപത്തുകളെയെല്ലാം നശിപ്പിക്കുന്ന ഗരുഡനും, ദേവാചാര്യനായ ബൃഹസ്പതിയും ശ്രവണമനനനിദിധ്യാസനങ്ങൾ അനുഷ്ഠിക്കുന്നതിന്നുള്ള കഴിവും ജീവബ്രഹ്മൈക്യബോധം മനസ്സിൽ ഉറപ്പിക്കുന്നതിന്നുള്ള ശക്തിയും തന്നു് ഞങ്ങളെ അനുഗ്രഹിക്കട്ടെ. പരംപൊരുളിന്റെ അനുഗ്രഹത്താൽ ആദ്ധ്യാത്മികങ്ങളും ആധിദൈവികങ്ങളും ആധിഭൗതികങ്ങളുമായ വിഘ്നങ്ങളെല്ലാം നശിച്ച് ത്രിവിധ താപങ്ങൾക്കും ശാന്തിയുണ്ടാകട്ടെ. അങ്ങനെ ഉപനിഷത്പ്രതിപാദിതമായ അദ്ധ്യാത്മവിദ്യ ഞങ്ങളിൽ അനവരതം പ്രകാശിക്കുമാറാകട്ടെ!

Digitization by Arya Samaj Charitable Foundation, Chennai

ॐ

മാണ്ഡൂക്യോപനിഷത്ത്

ഹരിഃ ഓം. ഓമിത്യേതദക്ഷരമിദം സർവ്വം, തസ്യോപവ്യാഖ്യാനം, ഭൂതം ഭവദ് ഭവിഷ്യദിതി സർവ്വമോങ്കാര ഏവ. യച്ചാന്യത് ത്രികാലാതീതം തദപ്യോങ്കാര ഏവ.

ഇദം = ഇതു്, സർവ്വം = എല്ലാം, ഓം ഇതി = ഓം എന്നുള്ള, ഏതത് = ഈ, അക്ഷരം = അക്ഷരമാകുന്നു. തസ്യ = അതിന്റെ, ഉപവ്യാഖ്യാനം = ഏററവും അടുത്തുള്ള വ്യാഖ്യാനം, സ്പഷ്ടമായ വിവരണം. (ഇതാകുന്നു) ഭൂതം = കഴിഞ്ഞുപോയതു്, ഭവത് = ഇപ്പോഴം നടക്കുന്നതു്, ഭവിഷ്യത് = വരാൻ പോകുന്നതു്, ഇതി സർവ്വം = എന്നുള്ള എല്ലാം, ഓങ്കാരഃ ഏവ = ഓങ്കാരംതന്നെയാകുന്നു. ത്രികാലാതീതം = മൂന്നുകാലത്തെയും അതിക്രമിച്ചതായി, അന്യത് = വേറെ, യത് ച = യാതൊന്നുണ്ടോ, തത് അപി = അതും, ഓങ്കാരഃ ഏവ = ഓങ്കാരംതന്നെയാകുന്നു.

ഈ കാണുന്നതെല്ലാം ഓങ്കാരരൂപമാകുന്നു. അതിന്റെ ഏററവും വ്യക്തമായ വിവരണം ഇങ്ങനെയാണു്: ഭൂതവും വർത്തമാനവും ഭാവിയുമായിട്ടു് എന്തൊന്നുണ്ടോ അതെല്ലാം ഓങ്കാരമാകുന്നു. മൂന്നു കാലത്തെയും അതിക്രമിച്ചതായിട്ടു് ഉള്ളതും ഓങ്കാരംതന്നെയാകുന്നു.

കുറിപ്പ്: ആത്മാവിനെയും ബ്രഹ്മത്തെയുംപററി പ്രതിപാദിക്കേണ്ട ഉപനിഷത്തു് എന്താണു് ആദ്യംതന്നെ ഓങ്കാരത്തെപ്പററി

Digitization by Arya Samaj Charitable Foundation, Chennai

പറവാൻ തുടങ്ങുന്നത് എന്ന് സംശയം തോന്നാം. എന്നാൽ ഓങ്കാരവും ബ്രഹ്മവും തമ്മിലുള്ള അദ്വൈതമായ ബന്ധത്തെയും ബ്രഹ്മപ്രാപ്ത്യുപായങ്ങളിൽ ഓങ്കാരത്തിന്നുള്ള സർവ്വപ്രധാനമായ സ്ഥാനത്തെയും അടിസ്ഥാനമാക്കിയാണ് ഈ ഉപനിഷത്ത് ഓങ്കാരത്തെപ്പററി സമഗ്രമായി നിരൂപണം ചെയ്യുന്നത്. കഠോപനിഷത്തിലെ,

ഏതദ്ധ്യേവാക്ഷരം ബ്രഹ്മ ഏതദ്ധ്യേവാക്ഷരം പരം
ഏതദ്ധ്യേവാക്ഷരം ജ്ഞാത്വാ യോ യദിച്ഛതി തസ്യ തത്.
(2. 16.)

(ഈ ഓങ്കാരം പരബ്രഹ്മവും അപരബ്രഹ്മവുമാകുന്നു. ഇതിനെ ഉപാസിച്ച് സാക്ഷാത്കരിച്ചാൽ ഉപാസകൻ എന്താഗ്രഹിക്കുന്നുവോ അത് കിട്ടുന്നു.)

ഏതദാലംബനം ശ്രേഷ്ഠമേതദാലംബനം പരം
ഏതദാലംബനം ജ്ഞാത്വാ ബ്രഹ്മലോകേ മഹീയതേ. (2.17)

(പരബ്രഹ്മത്തെയോ അപരബ്രഹ്മത്തെയോ പ്രാപിക്കുവാനുള്ള ശ്രേഷ്ഠമായ ആലംബനം ഈ ഓങ്കാരമാകുന്നു. ഇതിനെ ഉപാസിച്ച് സാക്ഷാത്കരിച്ചാൽ ഒരുവൻ ബ്രഹ്മലോകത്തിൽ പൂജിതനായിത്തീരുന്നു.) എന്ന ഭാഗങ്ങൾ ഓങ്കാരത്തിൻെറ പ്രാധാന്യം വ്യക്തമാക്കുന്നു. പ്രശ്നോപനിഷത്തിലും,

ഏതദ്വൈ സത്യകാമ പരം ചാപരം ച ബ്രഹ്മ യദോങ്കാരഃ.
തസ്മാദ് വിദ്വാനേതേനൈവായതനേനൈകതരമന്വേതി. (5.2.)

(ഓങ്കാരം പരവും അപരവുമായ ബ്രഹ്മംതന്നെയാകുന്നു. ഇതിനെ ശരിയ്ക്കറിഞ്ഞുപാസിക്കുന്നവൻ ഓങ്കാരോപാസനയാകുന്ന സാധനകൊണ്ടുതന്നെ പരമോ അപരമോ ആയ ബ്രഹ്മത്തെ പ്രാപിക്കുന്നു.) എന്ന് കാണുന്നുണ്ടല്ലോ. തൈത്തിരീയോപനിഷത്തിലെ 'ഓമിതി ബ്രഹ്മ, ഓമിതീദം സർവ്വം........ഓമിതി ബ്രാഹ്മണഃ പ്രവക്ഷ്യന്നാഹ ബ്രഹ്മോപാപ്നവാനീതി. ബ്രഹ്മൈവോപാപ്നോതി,' (1. 8.1.) (ഓമെന്നുള്ളത് ബ്രഹ്മമാകുന്നു. ഇക്കാണുന്നതെല്ലാം ഓങ്കാരമാകുന്നു. വേദാധ്യയനത്തിനൊരുങ്ങുന്ന ബ്രാഹ്മണൻ ഓം എന്നു പറഞ്ഞ് ബ്രഹ്മത്തെത്തന്നെ പ്രാപിക്കുന്നു.) എന്നുള്ളതും ഓങ്കാര

Digitization by Arya Samaj Charitable Foundation, Chennai

ത്തിൻെറ പ്രാധാന്യത്തെ കാണിക്കുന്നു. ഇങ്ങനെ മററുള്ള ഉപനിഷത്തുകളിലും ഓങ്കാരത്തിൻെറ പ്രാമാണ്യവും പ്രാധാന്യവും വിവരിച്ചു കാണാം. ഈ ഓങ്കാരത്തെത്തന്നെ പ്രണവം എന്നും പറയുന്നു.

ആശയങ്ങളുടെയും മനോവൃത്തികളുടെയും സംഘാതമാകുന്നു ഈ ജഗത്ത്. ആശയപ്രകാശനത്തിന്നു് നാമുപയോഗിക്കുന്ന ഭാഷയുടെയും അതിലെ പദങ്ങളുടെയും എല്ലാം മൂലഭൂതമായിട്ടുള്ളത് ശബ്ദമാണ്. നാഭിയിൽനിന്നു് പുറപ്പെടുന്ന വായു ശബ്ദമായും അക്ഷരങ്ങളായും രൂപാന്തരപ്പെടുന്നതു് കണ്ഠംമുതൽ ഓഷ്ഠംവരെയുള്ള വിവിധസ്ഥാനങ്ങളിൽ സ്പർശിക്കുമ്പോഴാകുന്നു. ഓം എന്നു് ഉച്ചരിക്കുമ്പോൾ അകാരസ്ഥാനമായ കണ്ഠത്തിൽ തട്ടിയുണ്ടാകുന്ന ശബ്ദം എല്ലാ സ്ഥാനങ്ങളും കടന്നുവന്നു് മകാരസ്ഥാനമായ ഓഷ്ഠത്തിൽ തട്ടിയവസാനിക്കുകയാണു് ചെയ്യുന്നതു്. അതുകൊണ്ടു് ഓം എന്നതു് എല്ലാ അക്ഷരങ്ങളുടെയും ഭാഷയുടെതന്നെയും മൂലഭൂതമായ പ്രതീകമായി കണക്കാക്കാവുന്നതാണു്. തദ്വാരാ ആശയപ്രകാശനത്തിന്നു് ആദികാരണമായി നില്ക്കുന്ന അധിഷ്ഠാനം ഓങ്കാരമാണെന്നു പറയാം. ഈ ദൃശ്യപ്രപഞ്ചത്തിന്നു് മുഴുവൻ അധിഷ്ഠാനമായി നില്ക്കുന്നതു ബ്രഹ്മമാകുന്നു. ദൃശ്യപ്രപഞ്ചവും അതിനെ പ്രകാശിപ്പിക്കുന്ന ആശയങ്ങളും മായാകാര്യങ്ങളാകയാൽ തുല്യങ്ങളാണു്. മായാകാര്യങ്ങൾ അപ്രത്യക്ഷമാകുമ്പോൾ അധിഷ്ഠാനം മാത്രം ശേഷിക്കുന്നു. അതുകൊണ്ടാണു് ബ്രഹ്മത്തിന്നും ഓങ്കാരത്തിന്നും തമ്മിൽ താദാത്മ്യം പറയുന്നതു്. ഓങ്കാരത്തെപ്പററി വിവരിച്ചു് അതിലൂടെ ബ്രഹ്മത്തെ അവതരിപ്പിക്കുകയാണു് ശ്രുതി ഇവിടെ ചെയ്യുന്നതു്.

അഭിധാനവും (ശബ്ദവും) അഭിധേയവും (അർത്ഥവും) തമ്മിലുള്ള അഭേദം ശാസ്ത്രപ്രസിദ്ധമാകുന്നു. ഒരു പേരു പറയുമ്പോൾ ആ പേരുകൊണ്ടു പറയപ്പെടുന്ന രൂപം നമ്മുടെ മനസ്സിലുദിക്കുക സാധാരണമാണു്. നാമവും രൂപവും തമ്മിൽ അഭേദസംബന്ധമാണുള്ളതു്. അഭിധാനമെല്ലാം ഓങ്കാരരൂപമാണെന്നു മുമ്പു പറഞ്ഞുവല്ലോ. അപ്പോൾ അഭിധേയമായ ബ്രഹ്മവും ഓങ്കാരരൂപംതന്നെയാകുന്നു. കാലദേശാവസ്ഥകൾക്കു് അധീനമായിട്ടാണു് നാം ജഗത്തിനെപ്പററി ഭാവനചെയ്യുന്നതു്. ഭൂതം, വർത്തമാനം, ഭാവി എന്ന മൂന്നു കാലങ്ങൾക്കു് അധീനമായിട്ടുള്ളതും ത്രികാലാതീതമായിട്ടുള്ളതും

Digitization by Arya Samaj Charitable Foundation, Chennai

എന്തൊന്നുണ്ടോ അതെല്ലാം ഓങ്കാരംതന്നെയാണെന്ന് വീണ്ടും പറയുന്നത്, അഭിധേയപ്രധാനമായിട്ടുകൂടി ഉറപ്പിക്കുവാനാണ്. ഓങ്കാരം തന്നെയാണ് ഇതെല്ലാം എന്ന് അഭിധാനപ്രധാനമായി പറഞ്ഞതിനെ ഈ കാണുന്നതെല്ലാം ഓങ്കാരംതന്നെയാകുന്നു എന്ന് അഭിധേയ പ്രധാനമായിക്കൂടി പറയുമ്പോഴാണ് അവയുടെ അഭേദസംബന്ധം മനസ്സിൽ ദൃഢമായിത്തീരുന്നതാണ്. അതിന്റെ പ്രയോജനം പിന്നീട് അവയെ രണ്ടിനെയും ഒരേ പ്രയത്നംകൊണ്ടുതന്നെ ലയിപ്പിച്ചിട്ട്, അവയ്ക്ക് അധിഷ്ഠാനമായിനിൽക്കുന്ന ബ്രഹ്മത്തെ പ്രാപിക്കുകയാകുന്നു. ത്രികാലാധീനമെന്നതുകൊണ്ട് സഗുണബ്രഹ്മത്തെയും ത്രികാലാതീതമെന്നതുകൊണ്ട് നിർഗുണബ്രഹ്മത്തെയും ആകുന്നു ഇവിടെ പറയുന്നത്.

> സർവ്വം ഹ്യേതദ്ബ്രഹ്മ, അയമാത്മാ ബ്രഹ്മ,
> സോഽയമാത്മാ ചതുഷ്പാത്.

ഏതത് = ഇത്, സർവ്വം = എല്ലാം, ബ്രഹ്മ ഹി = ബ്രഹ്മംതന്നെയാകുന്നു. അയം = ഈ, ആത്മാ = ആത്മാവ്, ബ്രഹ്മ = ബ്രഹ്മമാകുന്നു. സഃ അയം = ആ ഈ, ആത്മാ = ആത്മാവ്, ചതുഷ്പാത് = നാല് പാദങ്ങളോടുകൂടിയതാകുന്നു.

ഓങ്കാരസ്വരൂപമായി മുമ്പ് പറഞ്ഞതെല്ലാം ബ്രഹ്മം തന്നെയാകുന്നു. മാത്രമല്ല, അന്തര്യാമിരൂപേണ എല്ലാ ജീവികളിലും സാക്ഷിയായി വിളങ്ങുന്ന ഈ ആത്മാവും ബ്രഹ്മംതന്നെയാകുന്നു. ഓങ്കാരത്താൽ പറയപ്പെട്ടതും പരരൂപത്തിലും അപരരൂപത്തിലും സ്ഥിതിചെയ്യുന്നതുമായ ആത്മാവ് നാല് പാദങ്ങളോടുകൂടിയതാകുന്നു.

കുറിപ്പ്: ബ്രഹ്മത്തിന്ന് നേരിട്ടുള്ള ഒരു ലക്ഷണം പറയുവാൻ സാധിക്കാത്തതിനാൽ, മറ്റു വിധത്തിൽ വിവരിച്ച് ബ്രഹ്മത്തെപ്പററിയുള്ള ജ്ഞാനം ഉണ്ടാക്കിക്കൊടുക്കുവാനാണ് ശ്രുതി ഇവിടെ ശ്രമിക്കുന്നതു്. ഒന്നാമത്തെ മന്ത്രത്തിൽ ത്രികാലങ്ങൾക്ക് അധീനവും അതീതവുമായതിനെപ്പററി പറഞ്ഞു. ഈ ദൃശ്യപ്രപഞ്ചത്തിൽ കാണുന്ന പ്രതിഭാസങ്ങളെല്ലാംതന്നെ ബ്രഹ്മമാകുന്നു. അതായത്

Digitization by Arya Samaj Charitable Foundation, Chennai

ബ്രഹ്മംതന്നെയാണ് ജഗദാകാരേണ പ്രതിഭാസിക്കുന്നതെന്നർത്ഥം. മാത്രമല്ല, ഇവയുടെയെല്ലാം ദൃക്കായി ഓരോ ജീവിയുടെയും ഹൃദയാകാശത്തിൽ വിരാജിക്കുന്ന സാക്ഷിഭൂതവും അദൃശ്യവുമായ ആത്മാവും ബ്രഹ്മംതന്നെയാകുന്നു എന്നു പറഞ്ഞ് ദൃക്കും ദൃശ്യവും ബ്രഹ്മഭാവത്തിൽ അഭിന്നമാണെന്നു കാണിക്കുന്നു. മന്ത്രത്തിൽ ഈ ആത്മാവ് എന്ന് ഹൃദയാകാശത്തെ ചൂണ്ടിക്കാണിച്ചുകൊണ്ട് പറയുകയാണ്. ഏററവും അടുത്തിരിക്കുന്ന അന്തര്യാമി എന്നർത്ഥം. 'തന്നെ അറിഞ്ഞുകഴിഞ്ഞാൽ ബ്രഹ്മത്തെ അറിഞ്ഞുകഴിഞ്ഞു' എന്ന് ആചാര്യന്മാർ പറയുന്നതിൻെറ അർത്ഥം ഇതിൽനിന്നു വ്യക്തമാകുന്നു. ഈ ആത്മാവിന്നു് നാലു പാദങ്ങളുണ്ട് എന്നു പറയുമ്പോൾ ഒരു പശുവിന്നു നാലു കാലുകൾ ഉള്ളതുപോലെയുള്ള നാല് അവയവങ്ങളുണ്ട് എന്ന് അർത്ഥം ധരിക്കരുത്. ഒരു ഉറുപ്പികയ്ക്ക് നാലു 'കാലു'കൾ ഉള്ളതുപോലെ നാല് അംശങ്ങൾ, ഭാവങ്ങൾ, ഉണ്ടെന്നേ അർത്ഥമുള്ളൂ. വിശ്വൻ, തൈജസൻ, പ്രാജ്ഞൻ, തുരീയൻ ഇവയാണ് ആ നാലു ഭാവങ്ങളെന്ന് ഇനി പറവാൻ പോകുന്നുണ്ട്. കാല് അരയിലും, അര മുക്കാലിലും, മുക്കാൽ മുഴുവനിലും ലയിച്ച് പൂർണ്ണമാകുന്നതുപോലെ വിശ്വൻ തൈജസനിലും, തൈജസൻ പ്രാജ്ഞനിലും പ്രാജ്ഞൻ തുരീയനിലും ലയിച്ചു പൂർണ്ണതയെ പ്രാപിക്കുന്നു. 'പദ്യതേ അനേന ഇതി പാദഃ' എന്ന വിഗ്രഹമനുസരിച്ച് ബ്രഹ്മപ്രാപ്തിക്കു സഹായമായതിനാൽ ആദ്യത്തെ മൂന്നെണ്ണത്തിന്നു് പാദമെന്ന പേർ അന്വർത്ഥമാകുന്നു. 'പദ്യതേ(ജ്ഞായതേ)ഇതി പാദഃ' എന്ന വിഗ്രഹമനുസരിച്ച് അറിയപ്പെടുന്നതാകയാൽ തുരീയന്നും പാദമെന്ന പേർ അന്വർത്ഥമാകുന്നു. ഈ വിഷയംതന്നെയാണ് വിശദമായി ഈ ഉപനിഷത്തിൽ പ്രതിപാദിക്കുവാൻ പോകുന്നതു്.

സനാതനധർമ്മത്തിലെ ഏററവും പ്രധാനമായ ഒരു ആശയമാണ് മനുഷ്യാത്മാവിൻെറ ദിവ്യത്വം. ആ ദിവ്യത്വത്തെ വ്യക്തമായി വിളംബരം ചെയ്യുന്ന, ജീവാത്മാവിൻെറയും പരമാത്മാവിൻെറയും അഭേദത്തെ പ്രഖ്യാപനം ചെയ്യുന്ന, 'അയമാത്മാ ബ്രഹ്മ' എന്ന ഈ മന്ത്രഭാഗത്തെയാണ് അഥർവ്വവേദത്തിലെ മഹാവാക്യമായി അംഗീകരിച്ചിട്ടുള്ളതു്. ഇതുപോലെ ഋഗ്വേദത്തിലെ മഹാവാക്യം ഐതരേയോപനിഷത്തിലെ 'പ്രജ്ഞാനം ബ്രഹ്മ' എന്നതും, യജുർവ്വേദ

Digitization by Arya Samaj Charitable Foundation, Chennai

ത്തിലെ മഹാവാക്യം ബൃഹദാരണ്യകോപനിഷത്തിലെ 'അഹം ബ്രഹ്മാസ്മി' എന്നതും, സാമവേദത്തിലെ മഹാവാക്യം ഛാന്ദോഗ്യോപനിഷത്തിലെ 'തത്ത്വമസി' എന്നതുമാകുന്നു.

''തന്റെ യഥാർത്ഥസ്വരൂപം പരബ്രഹ്മംതന്നെ. ഞാനും പരബ്രഹ്മവും ഒന്നുതന്നെ. പക്ഷെ മായമൂലം ഇതറിയുന്നില്ല. വേറൊന്നുമല്ല, സ്വർണ്ണത്തിന്റെ മുകളിൽ ഏതാനും കട്ട മണ്ണു വീണിരിക്കുന്നു. ആ മണ്ണു നീക്കിക്കളയണം അത്രയേ വേണ്ടൂ.''

—ശ്രീരാമകൃഷ്ണവചനാമൃതം II. 504.

''ഒരേ പരബ്രഹ്മംതന്നെയാണ് ഈ ജീവജഗത്തുകളായി തീർന്നിരിക്കുന്നത്, ചതുർവ്വിംശതിതത്ത്വങ്ങളായും പരിണമിച്ചിരിക്കുന്നത്. ആത്മാവുതന്നെ പഞ്ചഭൂതങ്ങളായും തീർന്നിരിക്കുന്നു. വിജ്ഞാനം ഉണ്ടായാൽ ഈശ്വരൻതന്നെയാണ് ജീവജഗത്തുകളെന്ന് വ്യക്തമായി കാണുന്നു.''

—ശ്രീരാമകൃഷ്ണവചനാമൃതം II. 57.

ജാഗരിതസ്ഥാനോ ബഹിഃപ്രജ്ഞഃ സപ്താംഗ
ഏകോനവിംശതിമുഖഃ സ്ഥൂലഭുഗ്‌വൈശ്വാ-
നരഃ പ്രഥമഃ പാദഃ. 3

ജാഗരിതസ്ഥാനഃ = ജാഗ്രത്താകുന്ന സ്ഥാനത്തോടുകൂടിയവനും, ബഹിഃപ്രജ്ഞഃ = ബാഹ്യവിഷയങ്ങളിൽ പ്രജ്ഞയോടുകൂടിയവനും, സപ്താംഗഃ = ഏഴ് അംഗങ്ങളോടുകൂടിയവനും, ഏകോനവിംശതിമുഖഃ = പത്തൊമ്പതു മുഖങ്ങളോടുകൂടിയവനും, സ്ഥൂലഭുക് = സ്ഥൂലവിഷയങ്ങളെ അനുഭവിക്കുന്നവനും ആയ, വൈശ്വാനരഃ = വൈശ്വാനരൻ, പ്രഥമഃ = ഒന്നാമത്തെ, പാദഃ = പാദമാകുന്നു.

ജാഗ്രദവസ്ഥയാകുന്ന സ്ഥാനത്തോടുകൂടിയവനും ബാഹ്യവിഷയങ്ങളിൽ പ്രജ്ഞയോടുകൂടിയവനും ഏഴ് അവയവങ്ങളോടുകൂടിയവനും പത്തൊമ്പത് മുഖങ്ങളോടുകൂടിയവനും സ്ഥൂലവിഷയങ്ങളെ അനുഭവിക്കുന്നവനുമായ വൈശ്വാനരനാണ് ആത്മാവിന്റെ ഒന്നാമത്തെ പാദം.

Digitization by Arya Samaj Charitable Foundation, Chennai

കുറിപ്പ്: രണ്ടാമത്തെ മന്ത്രത്തിൽ ആത്മാവിന്ന് സഃ അയം എന്ന രണ്ട് വിശേഷണങ്ങൾ കൊടുത്തിട്ടുള്ളതിൽ സഃ എന്നതുകൊണ്ട് ജഗത്തിൻെറ രൂപത്തിൽ സമഷ്ടിയായിരിക്കുന്ന എന്നും, അയം എന്നതുകൊണ്ട് ശരീരങ്ങളിൽ സാക്ഷിരൂപേണ വ്യഷ്ടിയായിരിക്കുന്ന എന്നും അർത്ഥം ധരിക്കേണ്ടതാകുന്നു. അങ്ങനെ വ്യഷ്ടിസമഷ്ടി രൂപങ്ങളിൽ വിരാജിക്കുന്ന ആത്മാവിൻെറ ഒന്നാമത്തെ ഭാവമാണ് വൈശ്വാനരൻ. നാല് ഭാവങ്ങളുള്ളതുകൊണ്ട് ഓരോന്നിനെയും ഓരോ പാദമായി കണക്കാക്കിയിരിക്കുന്നു. ഈ ജഗത്തിൽ എല്ലാ ജീവന്മാരെയും പലവിധത്തിൽ നയിക്കുന്നതുകൊണ്ടോ, അല്ലെങ്കിൽ എല്ലാ ജീവന്മാരും ആയിരിക്കുന്നതുകൊണ്ടോ ഇതിനെ വൈശ്വാനരൻ എന്നു വിളിക്കുന്നു. ജാഗ്രദവസ്ഥയിൽ സ്ഥിതിചെയ്ത് തന്നിൽ നിന്ന് അന്യമായിട്ടുള്ള ബാഹ്യവിഷയങ്ങളിൽ ശ്രദ്ധയോടുകൂടിയിരിക്കുകയും സ്ഥൂലങ്ങളായ പ്രപഞ്ചവിഷയങ്ങളെ അനുഭവിക്കുകയും ചെയ്യുന്ന നിലയിലാണ് ആത്മാവിനെ വൈശ്വാനരൻ എന്നു പറയുന്നത്. ഇതിന്നു ശേഷമാണ് സ്വപ്നാവസ്ഥ ഉണ്ടാകുന്നത് എന്നതുകൊണ്ട് ഇതിനെ ഒന്നാമത്തെ പാദമായിട്ട് പറയുന്നു. വൈശ്വാനരൻെറ ഏഴ് അംഗങ്ങളെപ്പററി ഛാന്ദോഗ്യോപനിഷത്തിൽ ഇങ്ങനെ പറയുന്നു. ''തസ്യ ഹ വാ ഏതസ്യാത്മനോ വൈശ്വാനരസ്യ മൂർദ്ധൈവ സുതേജാശ്ചക്ഷുർവ്വിശ്വരൂപഃ പ്രാണഃ പൃഥഗ്വർത്മാത്മാ സന്ദേഹോ ബഹുലോ ബസ്തിരേവ രയിഃ പൃഥിവ്യേവ പാദാവുര ഏവ വേദിഃ ലോമാനി ബർഹിർഹൃദയം ഗാർഹപത്യോ മനോഽന്വാഹാര്യപചന ആസ്യമാഹവനീയഃ ''(ഛാന്ദോഗ്യോപനിഷത്ത് 5.18 2) പ്രകൃതനായ ഈ വൈശ്വാനരന്ന് ദ്യുലോകം മൂർദ്ധാവും, സൂര്യൻ ചക്ഷുസ്സും, വായു പ്രാണനും, ആകാശം ദേഹമദ്ധ്യവും, ജലം മൂത്രസ്ഥാനവും, പൃഥിവി പാദങ്ങളും, ഹോമത്തിലുള്ള ആഹവനീയാഗ്നി മുഖവുമാകുന്നു എന്നർത്ഥം. ഇതനുസരിച്ചാണ് ഏഴ് അവയവങ്ങളോടുകൂടിയവൻ എന്നു പറഞ്ഞിരിക്കുന്നത്. ബാഹ്യവിഷയങ്ങളെ സ്വീകരിക്കുവാനുള്ള ഉപാധികൾ പത്തൊമ്പത് എണ്ണമായതുകൊണ്ട് ഏകോനവിംശതിമുഖൻ എന്നു പറഞ്ഞിരിക്കുന്നു. ജ്ഞാനേന്ദ്രിയങ്ങൾ അഞ്ച്, കർമ്മേന്ദ്രിയങ്ങൾ അഞ്ച്, പ്രാണാദിവായുക്കൾ അഞ്ച്, മനസ്സ്, ബുദ്ധി, അഹങ്കാരം, ചിത്തം എന്നിവയാണ് പത്തൊമ്പതു മുഖങ്ങൾ. ആദ്ധ്യാത്മികവും ആധിദൈവികവുമായ ഭാവങ്ങൾക്കുള്ള

Digitization by Arya Samaj Charitable Foundation, Chennai

യിൽ സ്ഥിതിചെയ്ത് മനഃകല്പിതങ്ങളായ സൂക്ഷ്മവിഷയങ്ങളെ സ്വതേജസ്സുകൊണ്ട് പ്രകാശിപ്പിച്ച് അനുഭവിക്കുന്നതിനാലാണ് ഇതിനെ തൈജസനെന്നു പറയുന്നത്. മനസ്സ് ഇന്ദ്രിയങ്ങളെ അപേക്ഷിച്ച് ഉള്ളിൽ ഇരിക്കുന്നതാണ്. ആ മനസ്സിൽ വാസനയുടെ രൂപത്തിലാണ് സ്വപ്നത്തിൽ പ്രജ്ഞയുടെ സ്ഥിതി. അതുകൊണ്ട് അതിനെ അന്തഃപ്രജ്ഞനെന്നു പറയുന്നു. ജാഗ്രത്തിൽ ബാഹ്യകരണങ്ങളെക്കൊണ്ട് അനുഭവിക്കുന്ന ബാഹ്യങ്ങളായ ശബ്ദാദിവിഷയങ്ങൾ മനസ്സിൽ തത്തുല്യമായ ഒരു സംസ്കാരത്തെ ആധാനംചെയ്യുന്നു. സ്വപ്നത്തിൽ, ബാഹ്യകരണങ്ങളുടെ അപേക്ഷകൂടാതെ അവിദ്യാകാമകർമ്മങ്ങളുടെ പ്രേരണയാൽ വാസനാരൂപമായ ആ സംസ്കാരത്തിന്നനുരൂപമായ വിഷയങ്ങളെ സ്വയം കല്പനചെയ്തനുഭവിക്കുകയാണ് ജീവൻ ചെയ്യുന്നത്. അതുകൊണ്ടാണ് പ്രവിവിക്തഭുക് എന്നു പറഞ്ഞിരിക്കുന്നത്. ഈ സ്വപ്നാനുഭവത്തെപ്പററി പ്രശ്നോപനിഷത്തിൽ ഇങ്ങനെ വിവരിക്കുന്നു: ''അത്രൈഷ ദേവഃ സ്വപ്നേ മഹിമാനമനുഭവതി. യദ്ദൃഷ്ടം ദൃഷ്ടമനുപശ്യതി, ശ്രുതം ശ്രുതമേവാർത്ഥമനുശൃണോതി, ദേശദിഗന്തരൈശ്ച പ്രത്യനുഭൂതം പുനഃ പുനഃ പ്രത്യനുഭവതി. ദൃഷ്ടം ചാദൃഷ്ടം ച ശ്രുതം ചാശ്രുതം ചാനുഭൂതം ചാനനുഭൂതം ച സച്ചാസച്ച സർവ്വം പശ്യതി സർവ്വഃ പശ്യതി.'' (4. 5.) കരണങ്ങളെല്ലാം ഉപസംഹൃതങ്ങളായി പഞ്ചപ്രാണങ്ങൾ ദേഹരക്ഷയ്ക്കായി ജാഗരൂകങ്ങളാകുമ്പോൾ, മനസ്സ് സ്വയം പലതായിത്തീരുക എന്ന വിഭൂതിയെ അനുഭവിക്കുന്നതാണ് സ്വപ്നം. അപ്പോൾ പണ്ട് പലപ്പോഴും കാണുകയും കേൾക്കുകയും അനുഭവിക്കുകയും ചെയ്തിട്ടുള്ളതിനെ കാണുകയും കേൾക്കുകയും അനുഭവിക്കുകയും ചെയ്യുന്നു. കണ്ടതിനെയും കാണാത്തതിനെയും കേട്ടതിനെയും കേൾക്കാത്തതിനെയും അനുഭവിച്ചതിനെയും അനുഭവിക്കാത്തതിനെയും ഉള്ളതിനെയും ഇല്ലാത്തതിനെയും എല്ലാം, സ്വയം ജ്യോതിസ്സായ ആത്മസത്തയെ ആശ്രയിച്ചുനില്ക്കുന്ന മനസ്സ് സ്വപ്നദൃശ്യങ്ങളുടെ രൂപത്തിൽ ഉളവാക്കി രസിക്കുന്നു. മനസ്സ് താൻതന്നെ എല്ലാമായിത്തീർന്ന് അനുഭവിക്കുകയാണ് ചെയ്യുന്നത് എന്നർത്ഥം. ഈ ആശയംതന്നെ ബൃഹദാരണ്യകോപനിഷത്തിലും (4. 3. 9.) കാണാവുന്നതാണ്.

Digitization by Arya Samaj Charitable Foundation, Chennai

ഈ ഭാവത്തിൽ സമഷ്ടിരൂപനായ ആത്മാവിനെ ഹിരണ്യഗർഭൻ എന്നാണ് പറയുന്നത്. ഏഴ് അംഗങ്ങളും പത്തൊമ്പതു മുഖങ്ങളും ഇവിടെ അപഞ്ചീകൃതങ്ങളായ ഭൂതങ്ങളിൽനിന്നുണ്ടാകുന്നവയാകയാൽ സൂക്ഷ്മരൂപങ്ങളാണെന്നുമാത്രം. യഥാർത്ഥത്തിൽ വൈശ്വാനരൻെറയും തൈജസൻെറയും അനുഭവങ്ങൾക്ക് വ്യത്യാസമൊന്നുമില്ല. ജാഗ്രത്തിലും മനസ്സിൻെറ സംബന്ധമില്ലാതെ യാതൊരു അനുഭവവും നമുക്കുണ്ടാകുന്നില്ല കാരണം എല്ലാ വിഷയങ്ങളും സ്വപ്നത്തിലെപ്പോലെ മനഃസൃഷ്ടങ്ങൾതന്നെയാണ്. ജാഗ്രദനുഭവത്തിൽ സ്ഥൂലങ്ങളായ ഇന്ദ്രിയങ്ങളുടെ സഹായംകൂടിയുണ്ടാകയാൽ അവ സ്ഥൂലങ്ങളായനുഭവപ്പെടുന്നു. സ്വപ്നത്തിൽ ഇന്ദ്രിയങ്ങൾ സൂക്ഷ്മരൂപങ്ങളാകയാൽ വിഷയങ്ങൾ സൂക്ഷ്മങ്ങളാകുന്നു. അവിടെ അനുഭോക്താവും മനസ്സുമല്ലാതെ മറെറാന്നുമില്ല. മനസ്സില്ലെങ്കിൽ അയാൾക്ക് ലോകത്തിൽ എന്തു സൃഷ്ടിയാണുള്ളത്? സ്വപ്നാവസ്ഥയിൽ സ്വപ്നസൃഷ്ടങ്ങളായ വസ്തുക്കൾ സ്ഥൂലങ്ങളായിട്ടാണ് നമുക്കനുഭവപ്പെടുന്നത്. അതിൽനിന്നുണരുമ്പോൾ മാത്രമാണ് അവയുടെ സൂക്ഷ്മരൂപത്വവും മിഥ്യാത്വവുമെല്ലാം മനസ്സിലാകുന്നത്. അതുപോലെ ജാഗ്രദവസ്ഥയിൽ സ്ഥൂലങ്ങളായനുഭവപ്പെടുന്ന വസ്തുക്കളുടെ മിഥ്യാത്വം അജ്ഞാനനിദ്രയിൽനിന്നുണരുമ്പോൾ നമുക്ക് മനസ്സിലാകുന്നു.

''വേദാന്തവിചാരപ്രകാരം സംസാരം മായാമയമാകുന്നു, സ്വപ്നംപോലെ മിഥ്യ. പരമാത്മാവ് സാക്ഷിസ്വരൂപനാകുന്നു: ജാഗ്രത്ത്, സ്വപ്നം, സുഷുപ്തി ഈ മൂന്നവസ്ഥകളുടെയും സാക്ഷിസ്വരൂപൻ. സ്വപ്നം എത്രമാത്രം സത്യമോ അത്രമാത്രം സത്യം ജഗത്തും. ....സ്വപ്നാവസ്ഥ എപ്രകാരം മിഥ്യയാണോ അപ്രകാരംതന്നെ മിഥ്യയാണ് ജാഗ്രദവസ്ഥയും. നിത്യവസ്തു ഒന്നുമാത്രം. അതാണ് ആത്മാവ്.''

—ശ്രീരാമകൃഷ്ണവചനാമൃതം II. 487

യത്ര സുപ്തോ ന കംചന കാമം കാമയതേ
ന കംചന സ്വപ്നം പശ്യതി തത്സുഷുപ്തം.
സുഷുപ്തസ്ഥാന ഏകീഭൂതഃ പ്രജ്ഞാനഘന
ഏവാനന്ദമയോ ഹ്യാനന്ദഭുക് ചേതോമുഖഃ
പ്രാജ്ഞസ്തൃതീയഃ പാദഃ. 5

Digitization by Arya Samaj Charitable Foundation, Chennai

യത്ര = യാതൊരു സ്ഥാനത്തിൽ (കാലത്തിൽ), സുപ്തഃ = ഉറങ്ങിയവൻ, കംചന കാമം = ഒരു ആഗ്രഹത്തെയും, ന കാമയതേ = ആഗ്രഹിക്കാതിരിക്കുകയും, കംചന സ്വപ്നം = ഒരു സ്വപ്നത്തെയും, ന പശ്യതി = കാണാതിരിക്കുകയും ചെയ്യുന്നുവോ, തത് = ആ സ്ഥാനം (കാലം), സുഷുപ്തം = സുഷുപ്തമാകുന്നു. സുഷുപ്തസ്ഥാനഃ = സുഷുപ്തമാകുന്ന സ്ഥാനത്തോടുകൂടിയവനും, ഏകീഭൂതഃ = ഒന്നായിത്തീർന്നിട്ടുള്ളവനും, പ്രജ്ഞാനഘനഃ ഏവ = പ്രജ്ഞാനം ഘനീഭവിച്ചതന്നെയിരിക്കുന്നവനും, ആനന്ദമയഃ = ആനന്ദപ്രധാനനും, ആനന്ദഭുക് = ആനന്ദത്തെ അനുഭവിക്കുന്നവനും, ചേതോമുഖഃ = ചേതസ്സാകുന്ന മുഖത്തോടുകൂടിയവനുമായ, പ്രാജ്ഞഃ = പ്രാജ്ഞൻ, തൃതീയഃ പാദഃ = മൂന്നാമത്തെ പാദമാകുന്നു.

യാതൊരു ആഗ്രഹങ്ങളും ഇല്ലാതിരിക്കുകയും യാതൊരു സ്വപ്നവും കാണാതിരിക്കുകയും ചെയ്യുന്ന അവസ്ഥയാണ് സുഷുപ്തം. സുഷുപ്തമായ സ്ഥാനത്തോടുകൂടിയവനും ദ്വൈതമെല്ലാം അസ്തമിച്ച് ഒന്നായിച്ചേർന്നിരിക്കുന്നവനും എല്ലാ വിഷയങ്ങളിൽനിന്നും പിൻവലിഞ്ഞു് പ്രജ്ഞാനം ഘനീഭവിച്ചിരിക്കുന്നവനും മിക്കവാറും ആനന്ദം തന്നെയായവനും ആനന്ദം അനുഭവിക്കുന്നവനും വിഷയങ്ങളിലേയ്ക്കു് വീണ്ടും വരാനുള്ള മനസ്സാകുന്ന മുഖത്തോടുകൂടിയവനുമായ പ്രാജ്ഞനാണ് ആത്മാവിന്റെ മൂന്നാമത്തെ പാദം.

കുറിപ്പ്: ഇവിടെ ആദ്യം സുഷുപ്തത്തെ വിവരിക്കുന്നതു് ജാഗ്രത് സ്വപ്നങ്ങളിൽനിന്നു് അതിനുള്ള വ്യത്യാസം കാണിക്കാനാണ്. അജ്ഞാനത്തിൽ അഗ്രഹണം എന്നും അന്യഥാഗ്രഹണം എന്നും രണ്ടു ഭാഗങ്ങളുണ്ടു്. പരമാർത്ഥവസ്തുവിനെ അറിയാതിരിക്കുന്നതു് അഗ്രഹണം. അതിനെത്തന്നെ മറെറാരു വിധത്തിൽ കാണുന്നതു് അന്യഥാഗ്രഹണം. ഇവയിൽ അന്യഥാഗ്രഹണത്തിൽനിന്നു് ഉണ്ടാകുന്ന സ്വപ്നദർശനവും വിഷയാഭിലാഷവും ജാഗ്രത്സ്വപ്നങ്ങളിൽ തുല്യമായുണ്ടെങ്കിലും സുഷുപ്തിയിൽ കാണുന്നില്ല. അവിടെ അഗ്രഹണം മാത്രമേയുള്ളൂ. അതുകൊണ്ടു് ആത്മാവിനെ അറിയുന്നില്ലെങ്കിലും ആത്മാവിൽനിന്നു് അന്യമായി ഒന്നിന്റെയും ദർശനം

Digitization by Arya Samaj Charitable Foundation, Chennai

അവിടെ ഉണ്ടാകുന്നില്ല. ആ സുഷുപ്തിയിലാണ് മൂന്നാമത്തെ പാദമായ പ്രാജ്ഞന്റെ സ്ഥാനം: അവിടെ മനസ്സ് ആത്മാവിൽ ലയിക്കുന്നതിനാൽ മനസ്സിന്റെ ചലനംകൊണ്ട് അനുഭവപ്പെട്ടിരുന്ന ദ്വൈതാനുഭവങ്ങളും അവ്യാകൃതമായ കാരണത്തിൽ ചെന്ന് ഒന്നായിച്ചേരുന്നു. അതുകൊണ്ട് ആ കാരണമാകുന്ന ഉപാധിയോടുകൂടിയ ആത്മാവിനെ ഏകീഭൂതനെന്നു പറയുന്നു. രാത്രി ഇരുട്ടിൽ, ഒന്നും തിരിച്ചറിയുവാൻ കഴിയാതെ എല്ലാം ഒന്നായിച്ചേർന്നതുപോലെ തോന്നുന്നു. അതേമാതിരി സ്വപ്നത്തിലും ജാഗ്രത്തിലുമുള്ള മനസ്സിന്റെ സ്പന്ദനങ്ങളാകുന്ന പ്രജ്ഞാനങ്ങൾ എല്ലാം ഘനീഭവിച്ചതുപോലെ ആയിത്തീരുന്നു ഇവിടെ. ആ അവസ്ഥയിൽ പ്രജ്ഞാനമല്ലാതെ മററൊന്നും ഇല്ലാത്തതിനാലാണ് പ്രജ്ഞാനഘന ഏവ എന്നു പറയുന്നത്. വിഷയാകാരത്തിലുള്ള മനസ്സിന്റെ സ്പന്ദനം, ആയാസം, ദുഃഖം ഇവയൊന്നുമില്ലാത്തതിനാൽ ആനന്ദമയനാകുന്നു. അപ്പോഴും കാരണരൂപമായ ഉപാധി (അജ്ഞാനം) ഉള്ളതിനാൽ ആനന്ദസ്വരൂപനാകുന്നില്ല, ആനന്ദപ്രചുരനേ ആകുന്നുള്ളൂ. യാതൊരു ദുഃഖബോധവുമില്ലാത്തതിനാൽ ആനന്ദഭുക്കാകുന്നു. സുഷുപ്തിയിൽ നിന്നുണരുമ്പോൾ 'സുഖമായുറങ്ങി. ഒന്നുമറിഞ്ഞില്ല' എന്ന സ്മൃതിയുണ്ടാകുന്നതിനാൽ സുഖാനുഭവവും അജ്ഞാനരൂപമായ ഉപാധിയും സുഷുപ്തിയിലുണ്ടായിരുന്നു എന്നു മനസ്സിലാക്കാമല്ലോ. ജാഗ്രത് സ്വപ്നങ്ങളിലേയ്ക്കു പ്രവേശിക്കുവാനുള്ള ദ്വാരമായ ചേതസ്സ് (ബോധം) ഉള്ളതുകൊണ്ട് പ്രാജ്ഞനെ ചേതോമുഖനെന്നു പറയുന്നു. അഗ്രഹണത്തിന്നുശേഷം അന്യഥാഗ്രഹണം ഉണ്ടാകുന്നതുകൊണ്ട് സുഷുപ്തിയിൽനിന്ന് ജാഗ്രത്‌സ്വപ്നങ്ങളിലേയ്ക്ക് പ്രവേശിക്കുന്നതിന്നുള്ള മനസ്സാകുന്ന മുഖം പ്രാജ്ഞന്നുണ്ടായിരിക്കണം. വിശേഷവിജ്ഞാനമില്ലെങ്കിലും സാമാന്യജ്ഞാനം ഇവന്റെ അസാധാരണരൂപമായതുകൊണ്ട് പ്രാജ്ഞൻ എന്നു പറയുന്നു. അല്ലെങ്കിൽ, ഇവൻ തന്നെ പിന്നീട് വിശ്വനും തൈജസനുമായി പ്രകർഷേണ എല്ലാമറിയുന്നു എന്നതിനാലും പ്രാജ്ഞൻ എന്നു പറയുന്നു. (പ്രകർഷേണ ജാനാതി ഇതി പ്രജ്ഞഃ, പ്രജ്ഞ ഏവ പ്രാജ്ഞഃ.)

വിശ്വൻ, തൈജസൻ, പ്രാജ്ഞൻ എന്ന മൂന്നു പാദങ്ങളുടെ സ്ഥാനങ്ങളായ ജാഗ്രത്, സ്വപ്നം, സുഷുപ്തി എന്ന അവസ്ഥകളെ

Digitization by Arya Samaj Charitable Foundation, Chennai

സ്ഥൂലം സൂക്ഷ്മം കാരണം എന്നു നിർവ്വചിക്കാം. ഈ മൂന്നു അവസ്ഥകളെ വിശകലനം ചെയ്തിട്ടാണ് വേദാന്തികൾ ആത്മാവിന്റെ അസ്തിത്വത്തെയും ഏകത്വത്തെയും പററിയുള്ള നിഗമനത്തിലെത്തിച്ചേർന്നിട്ടുള്ളത്. സോപാധികനും സഗുണനുമായ ഈശ്വരന്റെ മൂന്നു ഭാവങ്ങളായി ഇവയെ കല്പിക്കാം. സമഷ്ടിരൂപമാകുമ്പോൾ അധിദൈവമായും വ്യഷ്ടിരൂപമാകുമ്പോൾ അധ്യാത്മമായും വിവിധഭാവങ്ങളെ കല്പിക്കുന്നു. കാര്യരൂപത്തിൽ പഞ്ചീകൃത പഞ്ചമഹാഭൂതാത്മകമാകുമ്പോൾ സ്ഥൂലവും, അപഞ്ചീകൃതങ്ങളായ തന്മാത്രാരൂപങ്ങളാൽ പഞ്ചമഹാഭൂതസ്വരൂപമാകുമ്പോൾ സൂക്ഷ്മവും, കാര്യരൂപം വിടുമ്പോൾ ഭൂതസൃഷ്ടിയില്ലാത്തതിനാൽ കേവലം കാരണരൂപവുമായി ശോഭിക്കുന്നു. അധ്യാത്മമായ സ്ഥൂലരൂപം വൈശ്വാനരനും, സൂക്ഷ്മരൂപം തൈജസനും, കാരണരൂപം പ്രാജ്ഞനുമായിരിക്കുന്നതുപോലെ അധിദൈവമായ സ്ഥൂലരൂപം വിരാട്ടും; സൂക്ഷ്മരൂപം ഹിരണ്യഗർഭനും; കാരണരൂപം അന്തര്യാമിരൂപിയായ ഈശ്വരനുമാകുന്നു. സ്ഥൂലം സൂക്ഷ്മത്തിലും സൂക്ഷ്മം കാരണത്തിലും ലയിച്ചതിന്നുശേഷം കാരണമായ അവിദ്യയിൽനിന്നും വിമുക്തമാകുമ്പോൾ നാലാമത്തെ പാദമായ തുരീയത്തിന്റെ സാക്ഷാത്കാരമുണ്ടാകുന്നു. അവസ്ഥാത്രയസാക്ഷിയായ ആത്മസ്വരൂപം തന്നെയാണത്. അധിദൈവാവസ്ഥയിൽ അതിനെ നിർഗ്ഗുണബ്രഹ്മമെന്നു പറയുന്നു. ആത്മാവിന്നു, ബ്രഹ്മത്തിന്നു ഉള്ള ഈ നാലു് അവസ്ഥകളെ നാലു പാദങ്ങളായി കല്പിച്ചു് ഓങ്കാരത്തോടു താദാത്മ്യം പറഞ്ഞിരിക്കയാണിവിടെ. അ, ഉ, മ്, അമാത്ര – ഇങ്ങനെ നാലു പാദങ്ങൾ ഓങ്കാരത്തിന്നുമുണ്ടല്ലൊ. അ എന്നതു് സ്ഥൂലവും ഉ എന്നതു സൂക്ഷ്മവും മ് എന്നതു് കാരണവും അമാത്ര എന്നതു് ത്രികാലാതീതമായ അവസ്ഥയുമാണു്.

''ജീവന്നു് ജാഗ്രത്ത്, സ്വപ്നം, സുഷുപ്തി എന്ന മൂന്നവസ്ഥകളുണ്ടു്. ജ്ഞാനവിചാരം ചെയ്യുന്നവർ മൂന്നവസ്ഥകളേയും അപഗ്രഥിച്ചു തള്ളിക്കളയുന്നു. ബ്രഹ്മം മൂന്നവസ്ഥകൾക്കും അപ്പുറമാണു് എന്നവർ പറയുന്നു. അതു് സ്ഥൂലസൂക്ഷ്മകാരണശരീരങ്ങൾക്കും സത്വരജസ്തമസ്സുകളാകുന്ന മൂന്നു ഗുണങ്ങൾക്കും അതീതമാകുന്നു.

Digitization by Arya Samaj Charitable Foundation, Chennai

സമസ്തവും മായ; കണ്ണാടിയിൽ കാണുന്ന പ്രതിബിംബംപോലെ. പ്രതിബിംബം യഥാൎത്ഥവസ്തുവല്ല. ബ്രഹ്മം മാത്രം യഥാൎത്ഥവസ്തു; മററെല്ലാം അവസ്തു.''

—ശ്രീരാമകൃഷ്ണവചനാമൃതം II. 584.

ഏഷ സൎവ്വേശ്വര ഏഷ സൎവ്വജ്ഞ
ഏഷോഽന്തൎയ്യാമ്യേഷ യോനിഃ സൎവ്വസ്യ
പ്രഭവാപ്യയൗ ഹി ഭൂതാനാം. 6

ഏഷഃ = ഇവൻ, സർവ്വേശ്വരഃ = എല്ലാററിന്നും ഈശ്വരനാകുന്നു. ഏഷഃ = ഇവൻ, സർവ്വജ്ഞഃ = എല്ലാം അറിയുന്നവനാകുന്നു. ഏഷഃ = ഇവൻ, അന്തര്യാമീ = എല്ലാററിൻെറയും ഉള്ളിൽ പ്രവേശിച്ച് അവയെ പ്രവത്തിപ്പിക്കുന്നവനാകുന്നു. ഏഷഃ = ഇവൻ, സർവ്വസ്യ = എല്ലാററിൻെറയും, യോനിഃ = ഉല്പത്തിസ്ഥാനമാകുന്നു. ഭൂതാനാം = ഭൂതങ്ങളുടെ, പ്രഭവാപ്യയൗ ഹി = ഉദ്ഭവവും ലയവുമാകുന്നു.

അദ്ധ്യാത്മമായും അധിദൈവമായും സ്ഥിതിചെയ്യുന്ന ഇവൻ സർവ്വേശ്വരനും സൎവ്വജ്ഞനും സൎവ്വാന്തൎയ്യാമിയുമാകുന്നു. എല്ലാററിൻെറയും ഉൽപത്തിസ്ഥാനമായ ഇവനിൽനിന്നാണ് എല്ലാ ഭൂതങ്ങളും ഉണ്ടാകുന്നതും ഇവനിൽത്തന്നെയാണ് ലയിക്കുന്നതും.

കുറിപ്പ്: വ്യഷ്ടിരൂപത്തിൽ പ്രാജ്ഞനായും സമഷ്ടിരൂപത്തിൽ ഈശ്വരനായും വിവരിച്ച സഗുണാത്മസ്വരൂപത്തിൽനിന്നാണ് സ്ഥൂലസൂക്ഷ്മരൂപമായ എല്ലാം പ്രപഞ്ചവും ഉണ്ടാകുന്നത്. ജാഗ്രത്സ്വപ്നങ്ങളിലാണ് ഈ പ്രപഞ്ചം അനുഭവപ്പെടുന്നത്. അതിന്നു കാരണരൂപമായിരിക്കുന്നത് പ്രാജ്ഞനാണെന്ന് മുമ്പു പറഞ്ഞുവല്ലൊ. അതുകൊണ്ട് പ്രാജ്ഞനും ഈശ്വരനുമായിരിക്കുന്ന ആ സഗുണസ്വരൂപമാണ് എല്ലാററിൻെറയും അന്തര്യാമിയും എല്ലാററിൻെറയും ഉത്പത്തിസ്ഥാനവും. എല്ലാം പ്രപഞ്ചപ്രതിഭാസങ്ങളും

Digitization by Arya Samaj Charitable Foundation, Chennai

ഉണ്ടായിരിക്കുന്നതും ആ പ്രാജ്ഞനിൽത്തന്നെയാകുന്നു. പ്രപഞ്ചവും ഈശ്വരനും തമ്മിലുള്ള അഭേദത്തെയാണിവിടെ വിവക്ഷിക്കുന്നത്.

നാന്തഃപ്രജ്ഞം ന ബഹിഃപ്രജ്ഞം നോഭയതഃപ്രജ്ഞം ന പ്രജ്ഞാനഘനം ന പ്രജ്ഞം നാപ്രജ്ഞം. അദൃശ്യമവ്യവഹാര്യമഗ്രാഹ്യമലക്ഷണമചിന്ത്യമവ്യപദേശ്യമേകാത്മപ്രത്യയ സാരം പ്രപഞ്ചോപശമം ശാന്തം ശിവമദ്വൈതം ചതുർത്ഥം മന്യന്തേ; സ ആത്മാ സ വിജ്ഞേയഃ. 7

ന അന്തഃപ്രജ്ഞം = ഉള്ളിൽ പ്രജ്ഞയോടുകൂടിയതല്ല, ന ബഹിഃപ്രജ്ഞം = പുറത്തു പ്രജ്ഞയോടുകൂടിയതല്ല, ന ഉഭയതഃ പ്രജ്ഞം = ഉള്ളിലും പുറത്തും പ്രജ്ഞയോടുകൂടിയതല്ല, ന പ്രജ്ഞാനഘനം = ഘനീഭൂതമായ പ്രജ്ഞാനമല്ല, ന പ്രജ്ഞം = അറിയുന്നവനല്ല, ന അപ്രജ്ഞം = അറിവില്ലാത്തവനല്ല, അദൃശ്യം = കാണപ്പെടുവാൻ കഴിയുന്നവനല്ല, അവ്യവഹാര്യം = വ്യവഹരിക്കപ്പെടുവാൻ കഴിയുന്നവനല്ല, അഗ്രാഹ്യം = ഗ്രഹിക്കപ്പെടുവാൻ കഴിയുന്നവനല്ല, അലക്ഷണം = ലക്ഷണങ്ങൾ ഒന്നും ഉള്ളവനല്ല, അചിന്ത്യം = ചിന്തിക്കപ്പെടുവാൻ കഴിയുന്നവനല്ല, അവ്യപദേശ്യം = വ്യപദേശിക്കപ്പെടുവാൻ കഴിയുന്നവനല്ല, ഏകാത്മപ്രത്യയസാരം = ആത്മാവ് ഏകമാണെന്നുള്ള ബോധംകൊണ്ടു മാത്രം അറിയപ്പെടുന്നവനാണ്, പ്രപഞ്ചോപശമം = പ്രപഞ്ചത്തിൻെറ ഉപശമത്തോടുകൂടിയവനാണ്, ശാന്തം = രാഗദ്വേഷാദിവികാരങ്ങളില്ലാത്തവനാണ്, ശിവം= പരിശുദ്ധനാണ്, അദ്വൈതം=രണ്ടില്ലാത്തവനാണ്. അങ്ങനെയുള്ളവനെ, ചതുർത്ഥം = നാലാമത്തെ (പാദമായി), മന്യന്തേ = (പണ്ഡിതന്മാർ) വിചാരിക്കുന്നു. സഃ = അവനാകുന്നു, ആത്മാ = ആത്മാവ്; സഃ = അവനാകുന്നു, വിജ്ഞേയഃ = അറിയപ്പെടേണ്ടവൻ.

അന്തഃപ്രജ്ഞനോ ബഹിഃപ്രജ്ഞനോ ഉഭയതഃപ്രജ്ഞനോ അല്ലാത്തവനും, പ്രജ്ഞാനഘനനല്ലാത്തവനും പ്രജ്ഞയുള്ളവനോ പ്രജ്ഞയില്ലാത്തവനോ അല്ലാത്തവനും കാണു

Digitization by Arya Samaj Charitable Foundation, Chennai

വാനോ വ്യവഹരിക്കുവാനോ മനസ്സിലാക്കുവാനോ സാധിക്കാത്തവനും ലക്ഷണങ്ങളൊന്നുമില്ലാത്തവനും എങ്ങനെയുള്ളവനാണെന്ന് ആലോചിക്കുവാനോ പറയാനോ കഴിയാത്തവനും ആത്മബോധം ഒന്നുകൊണ്ടു മാത്രം അറിവാൻ കഴിയുന്നവനും പ്രപഞ്ചഭാവങ്ങളെല്ലാം ഉപശമിച്ചവനും രാഗദ്വേഷാദിവികാരങ്ങളൊന്നുമില്ലാത്തവനും പരിശുദ്ധനും രണ്ടാമതൊന്നില്ലാത്തവനുമായ ചേതനനെ നാലാമത്തെ പാദമായി പറയുന്നു. അതാണ് ആത്മാവ്. ആ ആത്മാവിനെയാണ് അറിയേണ്ടത്.

കുറിപ്പ്: 'സോഽയമാത്മാ ചതുഷ്പാത്' എന്നിങ്ങനെ നാലു പാദങ്ങളോടുകൂടിയതായി പറഞ്ഞ ആത്മാവിന്റെ 'അയം' എന്ന വിശേഷണംകൊണ്ടു സൂചിപ്പിച്ച അപരമാർത്ഥരൂപവും അവിദ്യാകൃതവും ബീജാങ്കുരസ്ഥാനീയവുമായ ജീവാത്മാവിന്റെ സ്ഥാനത്രയത്തെ വിവരിച്ചതിന്നതിനുശേഷം ഇനി 'സഃ' എന്നതുകൊണ്ട് കാണിച്ച പരമാർത്ഥരൂപവും അബീജാത്മകവും കാര്യകാരണവിനിർമ്മുക്തവുമായ പരമാത്മാവിന്റെ തുരീയമായ ഭാവത്തെയാണ് ഇതിൽ വിവരിക്കുന്നത്. വിധിമുഖേനയുള്ള ലക്ഷണം പറവാൻ വയ്യാത്തതുകൊണ്ട് നിഷേധരൂപേണ അതിനെ വിവരിക്കുന്നു. അന്തഃപ്രജ്ഞനല്ല എന്നു പറഞ്ഞതുകൊണ്ട് സ്വപ്നസ്ഥാനീയനായ തൈജസനല്ല എന്നും ബഹിഃപ്രജ്ഞനല്ല എന്നു പറഞ്ഞതുകൊണ്ടു ജാഗ്രത്സ്ഥാനീയനായ വൈശ്വാനരല്ല എന്നും കാണിച്ചിരിക്കുന്നു. ജാഗ്രത്സ്വപ്നങ്ങളുടെ അന്തരാളാവസ്ഥയെയാണ് ഉഭയതഃപ്രജ്ഞനല്ല എന്നതുകൊണ്ടു നിഷേധിച്ചിരിക്കുന്നത്. ബീജാവസ്ഥയായ സുഷുപ്തിയിലെ പ്രാജ്ഞനല്ല എന്നു കാണിക്കുവാനാണ് പ്രജ്ഞാനഘനനല്ല എന്നു പറഞ്ഞിരിക്കുന്നത്. ഒരുമിച്ച് എല്ലാം വിഷയങ്ങളെയും അറിയുന്നവനാണെന്നു പറഞ്ഞാൽ വിഷയവിഷയികൾക്ക് ഭേദമുണ്ടാകുന്നതിനാലാണ് ന പ്രജ്ഞം എന്ന വിശേഷണം. അറിയുന്നവനല്ല എന്നു പറയുമ്പോൾ ചൈതന്യമില്ലാത്തതാണെന്നു വിചാരിക്കാതിരിക്കാനാണ് ന അപ്രജ്ഞം എന്ന വിശേഷണം.

ഇതേവരെ പറഞ്ഞ വിശേഷണങ്ങളെക്കൊണ്ടു സൂചിപ്പിച്ച ധർമ്മങ്ങളെല്ലാം മാററമുള്ളവയാണ്. അതായത് ഒരവസ്ഥയിൽ

Digitization by Arya Samaj Charitable Foundation, Chennai

ഉണ്ടാകുന്നതും വേറെ ഒരവസ്ഥയിൽ ഇല്ലാതാകുന്നതുമാണ്. അറിയുന്നവന്റെ സ്വരൂപമായ ചൈതന്യം മാത്രമേ ഒരിക്കലും മാററമില്ലാതെ നില്ക്കുന്നുള്ളു. സുഷുപ്തിയിൽക്കൂടി അതു് അനുഭവപ്പെടുന്നുണ്ട്. 'ന ഹി വിജ്ഞാതുർവിജ്ഞാതേർവിപരിലോപോ വിദ്യതേ' എന്നു് ശ്രുതി പറയുന്ന ആ വിജ്ഞാനംതന്നെയാണ് അറിയുന്നവന്റെ സ്വരൂപം. അതു് യാതൊരു വിശേഷവുമില്ലാത്തതാകയാൽ ജ്ഞാനേന്ദ്രിയഗോചരമല്ല എന്നു് അദൃഷ്ടമെന്ന വിശേഷണം കൊണ്ടു കാണിക്കുന്നു. അതുകൊണ്ടുതന്നെ അതു വ്യവഹരിക്കപ്പെടാവുന്നതല്ല, കർമ്മേന്ദ്രിയങ്ങൾകൊണ്ടു് ഗ്രഹിക്കപ്പെടാവുന്നതുമല്ല. അരൂപമായതിനാൽ ലക്ഷണങ്ങളൊന്നുമില്ലാത്തതും അതുകൊണ്ടു തന്നെ മനസ്സിന്നും വാക്കിന്നും അഗോചരവുമാകുന്നു. അചിന്ത്യം അവ്യപദേശ്യം എന്നു പറവാനുള്ള കാരണമതാണ്. ഏകാത്മപ്രത്യയസാരം എന്നതിന്നു രണ്ടു വിധത്തിൽ അർത്ഥം പറയാം: ജാഗ്രദാദിസ്ഥാനങ്ങളിൽ ഉള്ള ആത്മാവു് ഒന്നുതന്നെയാണെന്നുള്ള ബോധംകൊണ്ടു് അറിയേണ്ടതാണ് ഈ തുരീയം. അല്ലെങ്കിൽ തുരീയത്തെ അറിയുന്നതിന്നു് ആത്മബോധം മാത്രമേ പ്രമാണമായുള്ളു. 'ആത്മേത്യേവോപാസീത.' ആത്മാവാണെന്നുതന്നെ ഉപാസിക്കണമെന്നു പറയുന്നതതുകൊണ്ടാണ്.

ജാഗ്രദാദികളെയെല്ലാം നിഷേധിച്ചതുകൊണ്ടു് പ്രപഞ്ചപ്രതിഭാസങ്ങളൊന്നും ഈ ആത്മാവിലില്ലെന്നു കാണിച്ചതിനെ വ്യക്തമായി പറയുന്നതാണ് പ്രപഞ്ചോപശമം എന്നതു്. അതുകൊണ്ടു് അവിടെ രാഗദ്വേഷാദിവികാരങ്ങൾക്കും മററു മാലിന്യങ്ങൾക്കും കാരണമില്ലാത്തതിനാൽ അതു് ശാന്തവും പരിശുദ്ധവും പരമാനന്ദസ്വരൂപവുമാകുന്നു. ഭേദവികല്പങ്ങളൊന്നുമില്ലാത്തതിനാൽ അദ്വൈതമാകുന്നു. മററു മൂന്നു പാദങ്ങളിൽനിന്നും വ്യത്യാസപ്പെട്ട ലക്ഷണങ്ങളോടുകൂടിയതാകകൊണ്ടു് ഈ അനുഭവത്തെ നാലാമത്തെ പാദമായി ആത്മജ്ഞാനികൾ വിചാരിക്കുന്നു. നിർഗ്ഗുണവും നിരാകാരവും ആയ ആ വിജ്ഞാതൃസ്വരൂപത്തെയാണ് ആത്മാവു് എന്നു പറയുന്നതു്. ലോകവ്യവഹാരത്തിൽ അജ്ഞാനം നശിപ്പിച്ചു് സാക്ഷാത്കരിക്കണമെന്നു പറയുന്നതു് ഈ ആത്മാവിനെയാണ്.

Digitization by Arya Samaj Charitable Foundation, Chennai

തന്റെ യഥാർത്ഥസ്വരൂപമറിയുക – അതാണ് ശരിയായ ജ്ഞാനമെന്നർത്ഥം.

ജാഗ്രത്, സ്വപ്നം, സുഷുപ്തി എന്ന അജ്ഞാനജന്യങ്ങളായ മൂന്നവസ്ഥകളിലും മാററമില്ലാതെ നില്ക്കുന്നതും അജ്ഞാനം നശിച്ച ഈ മൂന്ന് അവസ്ഥകളും ഇല്ലാതാകുമ്പോഴും അവശേഷിക്കുന്നതുമായ ആത്മാവിനെയാണ് തുരീയം എന്നു പറഞ്ഞത്. ജാഗ്രദാദ്യവസ്ഥകളിൽ ആത്മാവിനെപ്പററിയുള്ള അജ്ഞാനംകൊണ്ട് ദ്വൈതത്തിന്റെയും തന്മൂലകമായ സുഖദുഃഖാദികളുടെയും അനുഭവമുണ്ടാകുന്നു. അതായത് അനുഭവിക്കുന്ന ആളും അനുഭവിക്കപ്പെടുന്നതും ഭിന്നമായി തോന്നുന്നു. തുരീയത്തിൽ അജ്ഞാനമില്ലാത്തതിനാൽ ആ ഭിന്നത്വമുണ്ടാകുന്നില്ല. ഭിന്നത്വബോധം നശിക്കുമ്പോൾ അദ്വൈതബോധമുണ്ടാകുന്നു. ഒരു കയറിനെ കയറാണെന്നറിയാത്തതുകൊണ്ട് സർപ്പമാണെന്നുള്ള ബോധവും അതിൽനിന്ന് ഭയാദിവികാരങ്ങളുമുണ്ടാകുന്നു. വെളിച്ചം കൊണ്ടുവന്ന് പാമ്പല്ല എന്നു ബോധ്യപ്പെടുന്നതോടുകൂടി ഭയാദിവികാരങ്ങൾ ഇല്ലാതാവുകയും കയറാണെന്നുള്ള ബോധം ഉണ്ടാകുകയും ചെയ്യുന്നു. അതുപോലെ അജ്ഞാനം നശിപ്പിച്ച് അന്തഃപ്രജ്ഞാദികളല്ല എന്നു ബോധ്യപ്പെടുത്തിയാൽ ആത്മാവിനെപ്പററിയുള്ള ബോധം തനിയെയുണ്ടാകുന്നു. അതുകൊണ്ടാണ് അന്തഃപ്രജ്ഞമല്ല ബഹിഃപ്രജ്ഞമല്ല എന്നിവിടെ നിഷേധാത്മകമായി ലക്ഷണം പറഞ്ഞിരിക്കുന്നത്. 'നേതി നേതി' എന്നു പറഞ്ഞ് അജ്ഞാനത്തെ നശിപ്പിക്കുവാനല്ലാതെ അതിനപ്പുറം ഒന്നും ചെയ്യുവാൻ ശാസ്ത്രത്തിന്നു കഴിവില്ല. ജ്ഞാനം തനിയേ ഉണ്ടാകുന്നതും ഉണ്ടാകേണ്ടതും ആകുന്നു. അവിടെ അറിവാനുള്ള ഉപകരണങ്ങളൊന്നുമില്ലാത്തതിനാൽ അത് അനുഭൂതിയാകുന്നു. ഇങ്ങനെ ഉപാധികൃതങ്ങളായ മൂന്ന് അവസ്ഥകളിൽ സാക്ഷിഭൂതനായി ശോഭിക്കുന്നതും ഉപാധിനാശത്തിൽ സ്വസ്വരൂപത്തിൽ വിളങ്ങുന്നതുമായ തുരീയനാണ് താനെന്ന ജ്ഞാനം നേടുകയാണ് മനുഷ്യജീവിതത്തിന്റെ ലക്ഷ്യം.

''ഞാൻ 'ഓം'കാരത്തെ മണിയുടെ ടോങ്നാദത്തോട് ഉപമിക്കുന്നു. ടോങ്.... ലീലയിൽനിന്ന് നിത്യത്തിൽ ചെന്നു ലയിക്കുന്നു.

Digitization by Arya Samaj Charitable Foundation, Chennai

സ്ഥൂലവും സൂക്ഷ്മവും കാരണവും മഹാകാരണത്തിൽ ലയിക്കുന്നു. ജാഗ്രത്സ്വപ്നസുഷുപ്തികൾ തുരീയത്തിൽ ലയിക്കുന്നു. നിത്യത്തിൽ നിന്നു് ലീല ആരംഭിച്ചു. മഹാകാരണത്തിൽനിന്നു് കാരണവും സൂക്ഷ്മവും സ്ഥൂലവുമായ ശരീരങ്ങൾ രൂപംകൊള്ളുകയായി. അതേ; തുരീയത്തിൽനിന്നുതന്നെയാണു് സുഷുപ്തിസ്വപ്നജാഗ്രദവസ്ഥകൾ ഉളവാകുന്നതു്. മഹാസമുദ്രത്തിലെ അല മഹാസമുദ്രത്തിൽത്തന്നെ ലയിക്കുന്നു. നിത്യത്തിൽനിന്നു് ലീലയിലേയ്ക്കു്, ലീലയിൽനിന്നു് നിത്യത്തിലേയ്ക്കു്. അതുകൊണ്ടാണു് ഞാൻ മണിനാദം 'ടോങ്ങ്' ഉപമയായിത്തരുന്നതു്.'' —ശ്രീരാമകൃഷ്ണവചനാമൃതം II. 489,90.

സോഽയമാത്മാധ്യക്ഷരമോങ്കാരോഽധിമാത്രം
പാദാ മാത്രാ മാത്രാശ്ച പാദാ അകാര ഉകാരോ
മകാര ഇതി. 8

സഃ അയം = ആ ഈ, ആത്മാ = ആത്മാവു്, അധ്യക്ഷരം = അക്ഷരത്തെ അധികരിച്ചു്, ഓങ്കാരഃ = ഓങ്കാരമാകുന്നു. അധിമാത്രം = മാത്രകളെ അധികരിച്ചു്, പാദാഃ = പാദങ്ങൾ, മാത്രാഃ = മാത്രകളാകുന്നു. അകാരഃ = അ എന്ന അക്ഷരം, ഉകാരഃ = ഉ എന്ന അക്ഷരം, മകാരഃ = മ എന്ന അക്ഷരം, ഇതി = എന്നുള്ള, മാത്രാഃ = മാത്രകൾ, പാദാഃ ച = പാദങ്ങളുമാകുന്നു.

ആ ഈ ആത്മാവു് അക്ഷരത്തെ ആശ്രയമാക്കി നോക്കുമ്പോൾ ഓംകാരമാകുന്നു. മാത്രകളെ അധികരിച്ചു നോക്കുമ്പോൾ, ആത്മാവിന്റെ പാദങ്ങൾ ഓങ്കാരത്തിന്റെ മാത്രകളാകുന്നു. അ, ഉ, മ, എന്ന മാത്രകൾ മൂന്നു പാദങ്ങളുമാകുന്നു.

കുറിപ്പു്: തത്ത്വജ്ഞാനസമർത്ഥന്മാരായ ഉത്തമമധ്യമാധികാരികളെ ഉദ്ദേശിച്ചു് നാലു പാദങ്ങളോടുകൂടി ബ്രഹ്മത്തെ അധ്യാരോപാപവാദങ്ങളെക്കൊണ്ടു വിവരിച്ചു. ഇനി തത്ത്വജ്ഞാനാസമർത്ഥരായ അധമാധികാരികൾക്കു് ആത്മധ്യാനസൗകര്യത്തിന്നായി ആരോപദൃഷ്ടിയെ ആശ്രയിച്ചു് ആത്മപ്രതീകമായ ഓങ്കാരത്തെ

Digitization by Arya Samaj Charitable Foundation, Chennai

വിവരിക്കുന്നു. അഭിധേയരൂപമായ ബ്രഹ്മത്തെ അഭിധാനപ്രധാനമായി ആലോചിക്കുമ്പോൾ അത് ഓങ്കാരംതന്നെയാകുന്നു. ആത്മാവിന്നു് നാലു പാദങ്ങളെ പറഞ്ഞതുപോലെ ഓങ്കാരത്തിന്നും നാലു മാത്രകളുണ്ടു്. ആ മാത്രകൾക്കും പാദങ്ങൾക്കും തമ്മിൽ താദാത്മ്യം കല്പിച്ചിരിക്കുന്നു. തുരീയത്തിന്നു് മററു പാദങ്ങളിൽനിന്നു് വൈലക്ഷണ്യമുള്ളതുപോലെ നാലാമത്തെ അമാത്രയ്ക്കു് മററു മാത്രകളിൽനിന്നു് വൈലക്ഷണ്യമുള്ളതിനാൽ അതിനെ മാററിനിർത്തി അ, ഉ, മ, എന്ന മൂന്നു മാത്രകൾക്കു് വൈശ്വാനരൻ, തൈജസൻ, പ്രാജ്ഞൻ എന്ന മൂന്നു പാദങ്ങളോടുള്ള അഭേദത്തെ വ്യക്തമാക്കുവാനാണു് 'പാദാ മാത്രാ മാത്രാശ്ച പാദാഃ' എന്നു് മന്ത്രത്തിൽ വിപര്യയേണ നിർദ്ദേശിച്ചിരിക്കുന്നതു്.

ഉപനിഷത്തിന്റെ ആരംഭത്തിൽ 'ഓമിത്യേതദക്ഷരമിദം സർവ്വം (ഇതെല്ലാം ഓങ്കാരമാകുന്നു) 'സർവ്വം ഹ്യേതദ്ബ്രഹ്മ' (ഇതെല്ലാം ബ്രഹ്മമാകുന്നു) എന്നിങ്ങനെ അഭിധാനാഭിധേയഭൂതങ്ങളായ ഓങ്കാരത്തിന്നും ബ്രഹ്മത്തിന്നും അഭേദം പറഞ്ഞിട്ടുള്ളതിനെ വിവരിച്ചു് കൂടുതൽ വ്യക്തമാക്കി മന്ദബുദ്ധികളെ പ്രതീകധ്യാനത്തിന്നു് സഹായിക്കുകയാണു് ശ്രുതി ഇവിടെ ചെയ്യുന്നതു്. ആദ്യത്തെ മൂന്നു മാത്രകളിൽ ഓങ്കാരം സഗുണമായ അപരബ്രഹ്മത്തിന്റെയും നാലാമത്തെ അമാത്ര നിർഗ്ഗുണമായ പരബ്രഹ്മത്തിന്റെയും പ്രതീകമാണെന്നു് മററു് ഉപനിഷത്തുകളിലും വിവരിച്ചിട്ടുണ്ടു്.

ജാഗരിതസ്ഥാനോ വൈശ്വാനരോഽകാരഃ
പ്രഥമാ മാത്രാ ആപ്തേരാദിമത്ത്വാദ്വാപ്നോതി ഹ
വൈ സർവ്വാൻ കാമാനാദിശ്ച ഭവതി യ ഏവം
വേദ. 9

ജാഗരിതസ്ഥാനഃ = ജാഗ്രത്താകുന്ന സ്ഥാനത്തോടുകൂടിയ വൈശ്വാനരഃ =വൈശ്വാനരൻ, ആപ്തേഃ =വ്യാപ്തിഹേതുവായിട്ടോ, ആദിമത്ത്വാത് വാ = ആദിയോടുകൂടിയിരിക്കകൊണ്ടോ, പ്രഥമാ മാത്രാ = ഒന്നാമത്തെ മാത്രയായ, അകാരഃ = അകാരമാകുന്നു. യഃ = യാതൊരുവൻ, ഏവം = ഇപ്രകാരം, വേദ = അറിയുന്നുവോ, സഃ =

Digitization by Arya Samaj Charitable Foundation, Chennai

അവൻ, സർവ്വാൻ = എല്ലാം, കാമാൻ =ആഗ്രഹങ്ങളെയും, ആപ്നോതി ഹ വൈ = പ്രാപിക്കുകതന്നെ ചെയ്യുന്നു. ആദിഃ = മുമ്പനായി, ഭവതി ച = ഭവിക്കുകയും ചെയ്യുന്നു.

ജാഗ്രത്താകുന്ന സ്ഥാനത്തോടുകൂടിയ വൈശ്വാനരനാണ് ഒന്നാമത്തെ മാത്രയായ അകാരം. സർവ്വവ്യാപകത്വവും ആദിമത്ത്വവുമാണവയുടെ സാമാന്യധർമ്മം. ഇങ്ങനെ അറിയുന്നവന്ന് എല്ലാ ആഗ്രഹങ്ങളും സാധിക്കുകയും അവൻ മഹാന്മാരിൽ മുമ്പനായിത്തീരുകയും ചെയ്യുന്നു.

കുറിപ്പ്: ആത്മാവിന്റെ പാദങ്ങളെയും ഓംകാരത്തിന്റെ മാത്രകളെയും വേർതിരിച്ചു പറയുന്നു. ആത്മാവിന്റെ പാദങ്ങളിൽ ഒന്നാമത്തേത് ജാഗ്രത് സ്ഥാനീയനായ വൈശ്വാനരനാണ്. ഓങ്കാരത്തിന്റെ മാത്രകളിൽ ഒന്നാമത്തേത് അകാരവുമാണ്, അതായത് ഉകാരമകാരങ്ങളെ അപേക്ഷിച്ച് ആദ്യം ഉച്ചരിക്കുന്നത് അകാരത്തെയാണ്. അതുപോലെ തൈജസനെയും പ്രാജ്ഞനെയും അപേക്ഷിച്ച് ഒന്നാംസ്ഥാനത്ത് സ്ഥിതിചെയ്യുന്നത് വൈശ്വാനരനും. അത് ഒരു സാമ്യം. പിന്നെ, വിരാഡ്രൂപിയായ വൈശ്വാനരനാൽ വ്യാപ്തമാകുന്നു ഈ ജഗത്തുമുഴുവനും. അതുപോലെ അകാരത്താൽ വ്യാപ്തമാണ് വാക്കുകൾ എല്ലാംതന്നെ. ''അകാരോ വൈ സർവ്വാ വാക്'' (അകാരംതന്നെയാണ് എല്ലാ വാക്കും) എന്ന് ശ്രുതിയും അതിന്ന് പ്രമാണമായുണ്ട്. 'അക്ഷരാണാമകാരോഽസ്മി' എന്ന് ഗീതയിലും പറയുന്നു. ഈ രണ്ടു കാരണങ്ങളെക്കൊണ്ടും അഭിധേയമായ വൈശ്വാനരനും അഭിധാനമായ അകാരത്തിന്നും താദാത്മ്യം പറയാവുന്നതാണ്. ഭാഷയിലുള്ള എല്ലാ ശബ്ദങ്ങളും ഉച്ചരിക്കുന്നത് വായ തുറന്നിട്ടാണ്. വായ തുറന്ന് ആദ്യം ഉച്ചരിക്കുന്ന ശബ്ദം അ എന്നുള്ളതാണ്. അകാരത്തിന്റെ സഹായംകൂടാതെ മറ്റ് അക്ഷരങ്ങളൊന്നും ഉച്ചരിക്കുവാൻ സാധിക്കുകയില്ല. അതുപോലെ പ്രപഞ്ചത്തെപ്പറ്റി ആദ്യം നമുക്കനുഭവമുണ്ടാകുന്നത് ജാഗ്രത്തിൽനിന്നാണ്. ജാഗ്രത്തിൽനിന്നല്ലാതെ മറ്റ് അവസ്ഥകളെപ്പറ്റിയും നമുക്ക് അറിവാൻ സാധിക്കയില്ല. ഈ സാദൃശ്യങ്ങളെക്കൊണ്ട് വൈശ്വാനരന്നും അകാരത്തിന്നും ഐക്യം പറയാമെന്നർത്ഥം. ഇപ്രകാരം അറിഞ്ഞ്

Digitization by Arya Samaj Charitable Foundation, Chennai

അകാരസ്വരൂപനായ വൈശ്വാനരനെ ഉപാസിക്കുന്നതുകൊണ്ടുള്ള ഫലം: അവന്ന് ഈ ലോകത്തിൽ സർവ്വ അഭീഷ്ടങ്ങളും സിദ്ധിക്കുന്നു. മാത്രമല്ല അവൻ മഹാന്മാരിൽ മുമ്പനായിത്തീരുകയും ചെയ്യുന്നു. പ്രശ്നോപനിഷത്തിലും അഞ്ചാമത്തെ പ്രശ്നത്തിൽ ഓങ്കാരോപാസനയുടെ ഫലത്തെപ്പററി പറയുന്നുണ്ട്. അവിടെ അകാരോപാസനയുടെ ഫലം പറയുന്നതിങ്ങനെയാണ്: 'സ യദ്യേകമാത്രമഭിധ്യായീത സ തേനൈവ സംവേദിതസ്തൂർണ്ണമേവ ജഗത്യാമഭിസംപദ്യതേ. തമൃചോ മനുഷ്യലോകമുപനയന്തേ. സ തത്ര തപസാ ബ്രഹ്മചര്യേണ ശ്രദ്ധയാ സമ്പന്നോ മഹിമാനമനുഭവതി.' (പ്രശ്ന. 5. 3.) നാലു മാത്രകളോടുകൂടിയ ഓങ്കാരത്തിന്റെ ഒരു മാത്രയെ മാത്രം ഉപാസിക്കുന്നവൻ അതുകൊണ്ട് ഉണർവ്വ് നേടി മനുഷ്യലോകത്തിൽത്തന്നെ ജനിക്കുന്നു. അവിടെ അവൻ തപസ്സുകൊണ്ടും ബ്രഹ്മചര്യംകൊണ്ടും ശ്രദ്ധകൊണ്ടും സമ്പന്നനായി സകല ഐശ്വര്യങ്ങളും അനുഭവിക്കുന്നു എന്നർത്ഥം.

സ്വപ്നസ്ഥാനസ്തൈജസ ഉകാരോ ദ്വിതീ
യാ മാത്രാ ഉത്കർഷാദുഭയത്വാദ്വാ ഉത്കർഷതി
ഹ വൈ ജ്ഞാനസന്തതിം സമാനശ്ച ഭവതി
നാസ്യാബ്രഹ്മവിത് കുലേ ഭവതി യ ഏവം
വേദ. 10

സ്വപ്നസ്ഥാനഃ = സ്വപ്നമാകുന്ന സ്ഥാനത്തോടുകൂടിയ, തൈജസഃ = തൈജസൻ, ഉത്കർഷാത് = ഉത്കർഷത്താലോ, ഉഭയത്വാത് വാ = രണ്ടുവശത്തും ചേരുന്നതിനാലോ, ദ്വിതീയാ മാത്രാ = രണ്ടാമത്തെ മാത്രയായ, ഉകാരഃ = ഉകാരമാകുന്നു. യഃ = യാതൊരുവൻ, ഏവം = ഇപ്രകാരം, വേദ = അറിയുന്നു, സഃ = അവൻ, ജ്ഞാനസന്തതിം = വിജ്ഞാനസന്തതിയെ, ഉത്കർഷതി = വർദ്ധിപ്പിക്കുന്നു. സമാനഃ ച = എല്ലാവർക്കും സമാനനായും, ഭവതി = ഭവിക്കുന്നു. അസ്യ = ഇവന്റെ, കുലേ = വംശത്തിൽ, അബ്രഹ്മവിത് = ബ്രഹ്മജ്ഞാനമില്ലാത്തവൻ, ന ഭവതി = ഉണ്ടാകയില്ല.

Digitization by Arya Samaj Charitable Foundation, Chennai

സ്വപ്നമാകുന്ന സ്ഥാനത്തോടുകൂടിയ തൈജസനാണ് രണ്ടാമത്തെ മാത്രയായ ഉകാരം. ഉത്കൃഷ്ടതയും രണ്ടുവശത്തേയ്ക്കും ചേന്നിരിക്കാവുന്ന നിലയുമാണ് അവയ്ക്കുള്ള സാമാന്യധമ്മം. ഇങ്ങനെ അറിയുന്നവന്ന് ഉത്കഷമുണ്ടാകുന്നു, അറിവു വദ്ധിക്കുകയും ചെയ്യുന്നു. അവൻ എല്ലാവക്കും ബഹുമാന്യനായിത്തീരും. അവന്റെ വംശത്തിൽ ബ്രഹ്മജ്ഞാനിയല്ലാത്തവൻ ഉണ്ടാകുകയുമില്ല.

കുറിപ്പ്: ആത്മാവിന്റെ രണ്ടാമത്തെ പാദമായ തൈജസനാണ് ഓങ്കാരത്തിന്റെ രണ്ടാമത്തെ മാത്രയായ ഉകാരം. രണ്ടിന്നും തമ്മിലുള്ള സാമാന്യധമ്മം ഉത്കഷവും ഉഭയത്വവുമാകുന്നു. അകാരത്തിന്നുശേഷം വരുന്നതാകകൊണ്ടു ഉകാരത്തിന്നു ഉത്കഷമുണ്ടെന്നു ഔപചാരികമായി പറഞ്ഞിരിക്കുന്നു. പിന്നീടു പിന്നീടു വരുന്നതിന്നു ആദ്യമാദ്യം ഉള്ളതിനെക്കാൾ ഉത്കഷമുണ്ടാകുമെന്നുള്ള സാമാന്യധമ്മമനുസരിച്ചാണ് ഇങ്ങനെ പറഞ്ഞിരിക്കുന്നതു്. ഇതുപോലെ വൈശ്വാനരന്നു ശേഷം വരുന്നതാകകൊണ്ടു തൈജസന്നും ഔത്കൃഷ്ട്യം പറയാം. അല്ലെങ്കിൽ ജാഗ്രത്തിൽ സ്ഥൂലാഭിമാനിയായിട്ടുള്ള വിശ്വനെക്കാൾ ഉത്കഷം സ്വപ്നത്തിൽ സൂക്ഷ്മാഭിമാനിയായ തൈജസന്നുണ്ടെന്നു ന്യായമായും ഊഹിക്കാവുന്നതാണ്. സത്യത്തിന്റെ കുറച്ചുകൂടി അടുത്തേയ്ക്കെത്തിക്കുകയാണല്ലൊ അതു ചെയ്യുന്നതു്. പിന്നെ, ഉഭയത്വമെന്നാൽ രണ്ടുവശത്തും ചേരുകയാകുന്നു. ഉകാരം അകാരത്തിന്റെയും മകാരത്തിന്റെയും മധ്യത്തിലിരുന്നു രണ്ടു വശത്തേയ്ക്കും ചേരുന്നതുപോലെ തൈജസൻ വിശ്വന്റെയും പ്രാജ്ഞന്റെയും മധ്യത്തിലിരുന്നു രണ്ടിനോടും ബന്ധപ്പെടുന്നു. ഇപ്രകാരം അറിഞ്ഞു് ഉപാസിക്കുന്നവന്നു വിജ്ഞാനധാര വദ്ധിച്ചുവരും. മിത്രങ്ങൾക്കെന്നപോലെ ശത്രുക്കൾക്കും അയാളിൽ ദ്വേഷഭാവം തോന്നുകയില്ല. എല്ലാവരും അവനോടു സമാനഭാവത്തിൽ പെരുമാറുമെന്നത്ഥം. ശിഷ്യപ്രശിഷ്യപരമ്പരയാ ഉണ്ടാകുന്ന അവന്റെ വംശത്തിൽ ബ്രഹ്മജ്ഞാനമില്ലാത്തവരുണ്ടാകയില്ല. അതായതു് അവന്റെ ശിഷ്യപരമ്പരയിൽ എല്ലാവക്കും ആധ്യാത്മികവിഷയങ്ങളിൽ അഭിരുചിയും സാഫല്യവും ഉണ്ടാകുമെന്നത്ഥം.

Digitization by Arya Samaj Charitable Foundation, Chennai

പ്രശ്നോപനിഷത്തിൽ ഈ ഉപാസനയുടെ ഫലമായി പറയുന്നത്; സോമദേവതാത്മകവും സ്വപ്നാത്മകവുമായ മനസ്സിൽ ആത്മഭാവം പ്രാപിക്കുന്നതിനാൽ മരണാനന്തരം സോമലോകത്തെ പ്രാപിച്ച് അവിടെ ഐശ്വര്യങ്ങളെ അനുഭവിച്ചതിന്നുശേഷം വീണ്ടും ഈ മനുഷ്യലോകത്തിലേയ്ക്കുതന്നെ മടങ്ങിവരുന്നു എന്നാണ്.

'അഥ യദി ദ്വിമാത്രേണ മനസി സംപദ്യതേ സോഽന്തരിക്ഷം യജുർഭിരുന്നീയതേ സോമലോകം. സ സോമലോകേ വിഭൂതിമനുഭൂയ പുനരാവർത്തതേ.' (പ്രശ്ന. 5. 4.)

സുഷുപ്തസ്ഥാനഃ പ്രാജ്ഞോ മകാരസ്തൃ
തീയാ മാത്രാ മിതേരപീതേർവ്വാ മിനോതി ഹ വാ
ഇദം സർവ്വമപീതിശ്ച ഭവതി യ ഏവം വേദ. 11

സുഷുപ്തസ്ഥാനഃ = സുഷുപ്തമാകുന്ന സ്ഥാനത്തോടുകൂടിയ, പ്രാജ്ഞഃ=പ്രാജ്ഞൻ, മിതേഃ = അളവിനാലോ, അപീതേഃ വാ = ഏകീഭവിക്കുന്നതിനാലോ, തൃതീയാമാത്രാ = മൂന്നാമത്തെ മാത്രയായ, മകാരഃ = മകാരമാകുന്നു. യഃ = യാതൊരുവൻ. ഏവം = ഇപ്രകാരം, വേദ = അറിയുന്നു,(സഃ = അവൻ), ഇദം സർവ്വം = ഇതിനെ എല്ലാററിനെയും, മിനോതി ഹ വൈ = തീർച്ചയായും അളക്കുന്നു, അപീതിഃ ച = ഏകീഭൂതനായിട്ടും, ഭവതി = ഭവിക്കുന്നു.

സുഷുപ്തമാകുന്ന സ്ഥാനത്തോടുകൂടിയ പ്രാജ്ഞനാണ് ഓങ്കാരത്തിൻെറ മൂന്നാമത്തെ മാത്രയായ മകാരം. അളക്കുക, ഏകീഭവിക്കുക എന്ന രണ്ടെണ്ണമാണ് അവയ്ക്കുള്ള സാമാന്യധർമ്മം. ഇങ്ങനെ അറിയുന്നവൻ ഈ ലോകത്തെ മുഴുവൻ അളക്കുന്നു. അതായത് ലോകത്തിൻെറ യാഥാർത്ഥ്യത്തെ അറിയുന്നു, ജഗത്കാരണാത്മാവായി ഏകീഭവിക്കുകയും ചെയ്യുന്നു.

കുറിപ്പ്: ആത്മാവിൻെറ മൂന്നാമത്തെ പാദമായ പ്രാജ്ഞന്നും ഓങ്കാരത്തിൻെറ മൂന്നാമത്തെ മാത്രയായ മകാരത്തിന്നും തമ്മിൽ അഭേദം പറഞ്ഞിരിക്കുന്നു. അളവും ഏകീഭാവവും ആണ് രണ്ടിന്നു

Digitization by Arya Samaj Charitable Foundation, Chennai

മുള്ള സാമാന്യധർമ്മം. ഇടങ്ങഴികൊണ്ട് ധാന്യത്തെ അളക്കുന്നതു പോലെ, പ്രളയത്തിലും ഉത്പത്തിയിലും പ്രവേശവും നിർഗ്ഗമവും കൊണ്ട് വിശ്വനും തൈജസനും പ്രാജ്ഞനെക്കൊണ്ട് അളക്കപ്പെടുന്നപോലെ തോന്നുന്നുണ്ടല്ലൊ. അതുപോലെ ഓങ്കാരത്തിൻെറ തുടർച്ചയായുള്ള ഉച്ചാരണത്തിലും അകാരവും ഉകാരവും മകാരത്തിൽ പ്രവേശിച്ച് വീണ്ടും നിർഗമിക്കുന്നതുപോലെ തോന്നുന്നു. പിന്നെ ഏകീഭാവവും രണ്ടിന്നും തുല്യമാണ്, വിശ്വനും തൈജസനും സുഷുപ്തിയിൽ പ്രാജ്ഞനിൽ ഏകീഭാവം പ്രാപിക്കുന്നത് അനുഭവമാണല്ലൊ. അതുപോലെ ഓം എന്ന് ഉച്ചരിക്കുമ്പോഴം അകാരവും ഉകാരവും അവസാനത്തെ മകാരത്തിൽ ചേർന്ന് ഒന്നായിത്തീരുന്നപോലെ തോന്നുന്നു. അതുകൊണ്ട് രണ്ടിന്നും അഭേദം പറഞ്ഞിരിക്കുന്നു. ഈ അഭേദത്തെ അറിഞ്ഞു് ഉപാസിക്കുന്നവർക്ക് ലോകത്തെ മുഴുവൻ അളക്കുവാൻ കഴിയും. അതായത് ലോകത്തിൻെറ യാഥാർത്ഥ്യം അറിവാൻ സാധിക്കുന്നു. മാത്രമല്ല ജഗത്കാരണമായ സഗുണേശ്വരനുമായി ഐക്യം പ്രാപിക്കുവാനും കഴിയുന്നു. പ്രശ്നോപനിഷത്തിൽ ഈ ഉപാസനയുടെ ഫലം ഇങ്ങനെ പറയുന്നു:

യഃ പുനരേതം ത്രിമാത്രേണോമിത്യേതേനൈവാക്ഷരേണ പരം പുരുഷമഭിധ്യായീത സ തേജസി സൂര്യേ സമ്പന്നഃ യഥാ പാദോദരസ്ത്വചാ വിനിർമ്മുച്യത ഏവം ഹ വൈ സ പാപ്മനാ വിനിർമ്മുക്തഃ സാമഭിരുന്നീയതേ ബ്രഹ്മലോകം, സ ഏതസ്മാജ്ജീവഘനാത് പരാത്പരം പുരിശയം പുരുഷമീക്ഷതേ.' (പ്രശ്ന. 5. 5.)

(മൂന്നു മാത്രകളോടുകൂടിയ ഓം എന്ന അക്ഷരത്തെ പരമപുരുഷനായി ഉപാസിക്കുന്നവൻ തേജോരൂപനായ സൂര്യനുമായി ഐക്യം പ്രാപിച്ച്, പാമ്പ് അതിൻെറ ചട്ട ഊരുന്നതുപോലെ, പാപങ്ങളിൽനിന്നെല്ലാം മുക്തനായിത്തീരുന്നു. സാമങ്ങൾ അവനെ ബ്രഹ്മലോകത്തിലേയ്ക്ക് ഉയർത്തുന്നു. അവൻ ഈ ജീവഘനരൂപത്തിൽനിന്നു് പ്രപഞ്ചത്തിന്നതീതനും സർവ്വാന്തര്യാമിയുമായ പരമപുരുഷനെ സാക്ഷാത്കരിച്ച് അമരനായിത്തീരുന്നു.) ഇങ്ങനെ ഓങ്കാരത്തിൻെറ ഓരോ മാത്രയെയും ആത്മാവിൻെറ ഓരോ പാദങ്ങളായി അറിഞ്ഞു് ഉപാസിക്കുന്നതിന്നു് പ്രത്യേകം ഫലം പറഞ്ഞിട്ടുള്ളതു് പ്രധാനമായ ബ്രഹ്മധ്യാനത്തിന്നു് സാധനമായ ഓങ്കാരത്തെ സ്തുതി

Digitization by Arya Samaj Charitable Foundation, Chennai

BVBSSMV

ക്ഷന്നതിന്നുവേണ്ടിയാകുന്നു. ഓങ്കാരോപാസനയാണ് പ്രധാനമായിട്ടുള്ളത്. മററുള്ളവയെല്ലാം അതിൻെറ അംഗങ്ങളായതുകൊണ്ട് വേറെ വേറെ ഉപാസനകളായി ഗണിക്കേണ്ടതില്ല.

അമാത്രശ്ചതുർത്ഥോഽവ്യവഹാര്യഃ പ്രപ-
ഞ്ചോപശമഃ ശിവോഽദ്വൈത ഏവമോങ്കാര
ആത്മൈവ സംവിശത്യാത്മനാത്മാനം യ ഏവം
വേദ. 12

അമാത്രഃ (ഓങ്കാരഃ) = മാത്രയില്ലാത്തതായ ഓങ്കാരം, അവ്യവഹാര്യഃ = വ്യവഹരിക്കപ്പെടുവാൻ കഴിയാത്തതും, പ്രപഞ്ചോപശമഃ = പ്രപഞ്ചത്തിൻെറ ഉപശമത്തോടുകൂടിയതും, ശിവഃ = പരിശുദ്ധവും, അദ്വൈതഃ = രണ്ടില്ലാത്തതും ആയ, ചതുർത്ഥഃ (പാദഃ) = നാലാമത്തെ പാദമാകുന്നു. ഏവം = ഇപ്രകാരം, ഓങ്കാരഃ = ഓംകാരം, ആത്മാ ഏവ = ആത്മാവുതന്നെയാകുന്നു. യഃ = യാതൊരുവൻ, ഏവം = ഇപ്രകാരം, വേദ = അറിയുന്നു, (സഃ = അവൻ,) ആത്മനാ = ആത്മാവുകൊണ്ട്, ആത്മാനം = ആത്മാവിനെ, സംവിശതി = പ്രവേശിക്കുന്നു.

മാത്രയില്ലാത്തതായ ഓങ്കാരം വ്യവഹാരത്തിന്നു വിഷയമാകാത്തതും പ്രപഞ്ചം ഇല്ലാതാകുന്നതും പരിശുദ്ധവും ദ്വൈതരഹിതവുമായ ആത്മാവിൻെറ നാലാമത്തെ പാദമാകുന്നു. ഇങ്ങനെ നാലു മാത്രകളോടുകൂടിയ ഓങ്കാരം നാലു പാദങ്ങളോടുകൂടിയ ആത്മാവുതന്നെയാകുന്നു. ഇപ്രകാരം അറിയുന്നവൻ തൻെറ ആത്മാവുകൊണ്ട് പാരമാർത്ഥികമായ ആത്മാവിൽ പ്രവേശിക്കുന്നു.

കുറിപ്പ്: ഓം എന്നു് ഉച്ചരിക്കുമ്പോഠം അ, ഉ, മ എന്ന മൂന്നു മാത്രകഠം ചേർന്നു ലയിക്കുന്ന ആ അഖണ്ഡമായ ശബ്ദത്തെയാണ് ഇവിടെ അമാത്ര എന്നു പറഞ്ഞിട്ടുള്ളത്. അതിന്നു് പ്രത്യേകം മാത്രകളൊന്നുമില്ലല്ലൊ. അതിനെ കേവലനായ തുരീയാത്മാവിനോടു താദാത്മ്യപ്പെടുത്തിയിരിക്കുന്നു. മൂന്നു പാദങ്ങളും ലയിച്ച് പൂർണ്ണ

Digitization by Arya Samaj Charitable Foundation, Chennai

മായിത്തീരുന്നതാണ് തുരീയം. അതിനെ ഒരു പാദമായി കണക്കാക്കാൻ വയ്യ. ഒരു മുഴുവൻ ഉറപ്പീകയിൽ മൂന്നു കാലുറപ്പികകളും ലയിക്കുന്നതുപോലെയാണത്. അതുപോലെ മൂന്നു മാത്രകളും ലയിച്ച് ഒരു പൂർണ്ണ അക്ഷരമായിത്തീരുന്നതിനെയാണ് അമാത്രമായ ഓങ്കാരമായി ഇവിടെ നിർദ്ദേശിച്ചിട്ടുള്ളത്. അഭിധാനാഭിധേയരൂപങ്ങളായ വാക്കും അർത്ഥവും ക്ഷയിച്ചുപോകുന്നതിനാൽ അത് വ്യവഹാരത്തിന്നു വിഷയമാവുകയില്ല. അജ്ഞാനരൂപമായ ബീജാവസ്ഥ അവിടെയില്ലാത്തതിനാൽ അജ്ഞാനജന്യമായ പ്രപഞ്ചം അവിടെ ഉപശാന്തമാകുന്നു. അങ്ങനെ അത് അദ്വൈതവും ആനന്ദസ്വരൂപവും ശുദ്ധവുമായിരിക്കുന്നു. ഓങ്കാരവും ആത്മാവും തമ്മിൽ ഇങ്ങനെയുള്ള അഭേദം മനസ്സിലാക്കി ഓങ്കാരോപാസന ചെയ്യുന്ന സാധകൻ ജീവാത്മഭാവത്തെ വിട്ട് പരമാത്മഭാവത്തെ പ്രാപിക്കുന്നു. ബീജരഹിതമായ പാരമാർത്ഥികദശയിലെത്തുന്ന അവൻ മൂന്നാമത്തെ പാദത്തിലുള്ള അവിദ്യയാകുന്ന ബീജാവസ്ഥയെക്കൂടി ദഹിപ്പിക്കുന്നതിനാൽ വീണ്ടും ജനിക്കുന്നില്ല. വെളിച്ചത്തിൻെറ സഹായത്തോടുകൂടി രജ്ജുവിനെയും സർപ്പത്തിനെയും വേർതിരിച്ചറിഞ്ഞ ഒരുവന്നു വീണ്ടും സർപ്പബോധമുണ്ടാകാത്തതുപോലെ ജ്ഞാനത്തിൻെറ സഹായത്തോടുകൂടി പരമാത്മഭാവം പ്രാപിച്ചിട്ടുള്ള ഒരുവന്നു വീണ്ടും പ്രപഞ്ചബോധം ഉണ്ടാവുകയില്ല. സുഷുപ്തിയിൽ പ്രാജ്ഞന്നും പരമാനന്ദാനുഭവം ഉണ്ടാകുന്നുണ്ടെങ്കിലും അവിടെ ബീജരൂപത്തിലുള്ള അജ്ഞാനം നിലനില്ക്കുന്നതിനാൽ വീണ്ടും പ്രപഞ്ചരൂപമായ ദ്വൈതത്തിലേയ്ക്കു മടങ്ങിവരുന്നു. അതുകൊണ്ടു നിർബീജമായ തുരീയത്തിൻെറ പ്രതീകമായ അമാത്രമായ ഓങ്കാരത്തെ അവലംബിച്ച് പരമാത്മഭാവം പ്രാപിച്ച് ധന്യരാകുവാനാണ് ശ്രുതി ഉദ്ബോധിപ്പിക്കുന്നത്.

'ഈ മായാജനിതമായ ജീവജഗത്തുകൾക്കപ്പുറം പോയാൽ നിത്യത്തിലെത്തിച്ചേരാം. നാദത്തെ ഭേദിച്ചാൽ സമാധിയായി. ഓംകാരം സാധനചെയ്തു ചെയ്ത് നാദം ഭേദിക്കുന്നു. പിന്നെ സമാധിയായി.'

— ശ്രീരാമകൃഷ്ണവചനാമൃതം I. 348.

Digitization by Arya Samaj Charitable Foundation, Chennai

ഗൗഡപാദകാരിക

1. ആഗമപ്രകരണം

വേദാന്തതത്ത്വത്തെ മുഴുവൻ സൂത്രപ്രായമായ പന്ത്രണ്ടു മന്ത്രങ്ങളെക്കൊണ്ടു സംക്ഷേപിച്ചു പ്രതിപാദിച്ചിട്ടുള്ള മാണ്ഡൂക്യോപനിഷത്തിന്റെ അർത്ഥം മുഴുവൻ മനസ്സിലാക്കുന്നതു് സാധാരണക്കാർക്കു വിഷമമാകുമെന്നു കണ്ടറിഞ്ഞ ശ്രീ ഗൗഡപാദാചാര്യർ ആ മന്ത്രങ്ങളിലടങ്ങിയിട്ടുള്ള വിഷയങ്ങളെ വിസ്തരിച്ചു പ്രതിപാദിക്കുവാൻവേണ്ടി എഴുതിയിട്ടുള്ളതാണു് മാണ്ഡൂക്യകാരിക. ആകൃതിയിൽ ചെറുതാണെങ്കിലും വിഷയത്തിന്റെ ഗൗരവത്തിലും പ്രതിപാദനത്തിലും പ്രൗഢിയിലും മാണ്ഡൂക്യോപനിഷത്തു് മററു് ഉപനിഷത്തുകളെക്കാളെല്ലാം മികച്ചതാണെന്നു് ഈ കാരിക പഠിച്ചു കഴിയുമ്പോഴം ഒരുവനു ബോധ്യമാകുന്നു. ആഗമം, വൈതഥ്യം, അദ്വൈതം, അലാതശാന്തി എന്നിങ്ങനെ നാലു പ്രകരണങ്ങളിലായി 215 കാരികകളെക്കൊണ്ടാണു് ഗൗഡപാദാചാര്യർ മാണ്ഡൂക്യസാരം വ്യക്തമാക്കുന്നതു്. ഒന്നാമത്തേതായ ആഗമപ്രകരണം തുടങ്ങുന്നതു് ഇങ്ങനെയാണു്:

ബഹിഷ്പ്രജ്ഞോ വിഭുർവിശ്വോ
ഹ്യന്തഃപ്രജ്ഞസ്തു തൈജസഃ
ഘനപ്രജ്ഞസ്തഥാ പ്രാജ്ഞ
ഏക ഏവ ത്രിധാ സ്മൃതഃ. 1

Digitization by Arya Samaj Charitable Foundation, Chennai

ബഹിഷ്പ്രജ്ഞഃ = പുറത്തു് (ബാഹ്യവിഷയങ്ങളിൽ) പ്രജ്ഞയോടുകൂടിയ, വിഭുഃ (ആത്മാ) = സർവ്വവ്യാപിയായ ആത്മാവു്, വിശ്വഃ = വിശ്വനാകുന്നു. അന്തഃപ്രജ്ഞഃ തു = ഉള്ളിൽ (സൂക്ഷ്മവിഷയങ്ങളിൽ) പ്രജ്ഞയോടുകൂടിയവനാകട്ടെ, തൈജസഃ = തൈജസനാകുന്നു. തഥാ = അപ്രകാരം, ഘനപ്രജ്ഞഃ = ഘനീഭൂതമായ പ്രജ്ഞയോടുകൂടിയവനാകട്ടെ, പ്രാജ്ഞഃ – പ്രാജ്ഞനാകുന്നു. ഏകഃ ഏവ = ഒരുവൻതന്നെ, ത്രിധാ = മൂന്നു വിധത്തിൽ, സ്മൃതഃ = സ്മരിക്കപ്പെട്ടിരിക്കുന്നു.

ഒരേ ആത്മാവുതന്നെ സ്ഥൂലവിഷയങ്ങളിൽ പ്രജ്ഞയോടുകൂടിയിരിക്കുമ്പോൾ വിശ്വനെന്നും സൂക്ഷ്മവിഷയങ്ങളിൽ പ്രജ്ഞയോടുകൂടിയിരിക്കുമ്പോൾ തൈജസനെന്നും പ്രജ്ഞ വിഷയങ്ങളിൽനിന്നെല്ലാം വ്യാവർത്തിച്ച് ഘനീഭൂതമായിരിക്കുമ്പോൾ പ്രാജ്ഞനെന്നും ഇങ്ങനെ മൂന്നുവിധത്തിൽ പറയപ്പെടുന്നു. എല്ലാററിലും വ്യാപിച്ചിരിക്കുന്നതു് ഒരേ ആത്മാവുതന്നെയാകുന്നു.

കുറിപ്പ്: ആറുവരെയുള്ള മന്ത്രങ്ങളുടെ അർത്ഥമാണു് ആദ്യം വിവരിക്കുന്നതു്. ആത്മാവിൻെറ ആദ്ധ്യാത്മികവും ആധിദൈവികവുമായ ഭാവങ്ങൾക്കു് അഭേദം കല്പിച്ചുകൊണ്ടാണു് സർവ്വവ്യാപി എന്ന വിശേഷണം കൊടുത്തിരിക്കുന്നതു്. അജ്ഞാനവശഗനായി സ്വസ്വരൂപം വിസ്മരിച്ചിട്ടുള്ള ജീവാത്മാവു് ജാഗ്രത്തു്, സ്വപ്നം, സുഷുപ്തി എന്ന പരസ്പരവിഭിന്നങ്ങളായ മൂന്നവസ്ഥകളിലൂടെയാണു് ഈ പ്രപഞ്ചത്തെ കാണുന്നതും അനുഭവിക്കുന്നതും. ജാഗ്രത്തിൽ ബഹിർമ്മുഖങ്ങളായ സ്ഥൂലേന്ദ്രിയങ്ങളെക്കൊണ്ടു് തന്നിൽനിന്നു പുറത്തുള്ള വിഷയങ്ങളിൽ വ്യാപരിക്കുകയും അനുഭവിക്കുകയും ചെയ്യുന്ന പ്രജ്ഞയാണുള്ളതു്. അതുകൊണ്ടു് ആ അവസ്ഥയിൽ എല്ലാമായിത്തീരുന്നതിനാൽ വിശ്വനെന്നു പറയുന്ന ആത്മാവു് ബഹിഃപ്രജ്ഞനാണെന്നു പറയുന്നു. സ്വപ്നത്തിൽ തൻെറ ഉള്ളിൽത്തന്നെയുള്ള പ്രകാശത്തിൽ സൂക്ഷ്മപ്രപഞ്ചത്തെ സൃഷ്ടിച്ചു വ്യാപരിക്കുകയും അനുഭവിക്കുകയും ചെയ്യുന്നു. അതുകൊണ്ടു് തൈജസനായ ആത്മാവു് അപ്പോൾ അന്തഃപ്രജ്ഞനാകുന്നു. സുഷുപ്തിയിൽ സ്ഥൂലസൂക്ഷ്മ ഉപാ

Digitization by Arya Samaj Charitable Foundation, Chennai

ധികളൊന്നുമില്ലാതെ കാരണോപാധിയിൽ മാത്രം വർത്തിക്കുന്ന ആത്മാവിന്നു് പ്രപഞ്ചാനുഭവങ്ങളൊന്നുമുണ്ടാകുന്നില്ല. എല്ലാം തന്നിൽ ലയിപ്പിച്ചു സുഖമായി ഉറങ്ങുന്നതിനാൽ പ്രാജ്ഞനിൽ പ്രജ്ഞ ഘനീഭൂതമായിരിക്കുന്നു. ഓരോ അവസ്ഥകളും മററു് അവസ്ഥകളിൽനിന്നു തികച്ചും വ്യത്യസ്തമായ അനുഭവത്തോടുകൂടിയതാണെങ്കിലും മൂന്നിലെയും അനുഭോക്താവു് ഒരേ ആത്മാവുതന്നെയാണു്. ഞാൻ സുഖമായുറങ്ങി, ഞാൻ സ്വപ്നം കണ്ടു, ഞാൻ ഉണൎന്നു എന്ന മൂന്നു് അനുഭവങ്ങളിലും തുടച്ചയായി നില്ക്കുന്ന ഞാൻ – ആത്മാവു് – ഒന്നുതന്നെയാകുന്നു. അതുകൊണ്ടു് ഒരേ ആത്മാവിനെത്തന്നെ അജ്ഞാന ദശയിലുള്ള വിവിധ അനുഭവങ്ങളാംവെച്ചു വ്യവഹരിക്കുന്നതാണു് വിശ്വൻ തൈജസൻ പ്രാജ്ഞൻ എന്നുള്ളതു്. ഈ മൂന്നു വിധത്തിലുള്ള അനുഭവങ്ങാംക്കും ബീജഭൂതമായ അജ്ഞാനം നശിക്കുമ്പോാം ആത്മാവു് സ്വസ്വരൂപത്തിൽ വിളങ്ങുന്നു.

ദക്ഷിണാക്ഷിമുഖേ വിശ്വോ
മനസ്യന്തസ്തു തൈജസഃ
ആകാശേ ച ഹൃദി പ്രാജ്ഞ–
സ്ത്രിധാ ദേഹേ വ്യവസ്ഥിതഃ. 2

ദക്ഷിണാക്ഷിമുഖേ = വലത്തെ കണ്ണാകുന്ന പ്രധാനസ്ഥാനത്തു്, വിശ്വഃ = വിശ്വനായിട്ടും, അന്തഃ തു = ഉള്ളിൽ, മനസി = മനസ്സിൽ, തൈജസഃ = തൈജസനായിട്ടും, ഹൃദി ആകാശേ = ഹൃദയാകാശത്തിൽ, പ്രാജ്ഞഃ ച = പ്രാജ്ഞനായിട്ടും, ത്രിധാ = മൂന്നു വിധത്തിൽ, ദേഹേ = ദേഹത്തിൽ, വ്യവസ്ഥിതഃ = സ്ഥിതിചെയ്യുന്നു.

ഒരേ ആത്മാവുതന്നെ ഈ ദേഹത്തിൽ വിശ്വനായിരിക്കുമ്പോാം വലത്തെ കണ്ണാകുന്ന സ്ഥാനത്തിരുന്നു് ബാഹ്യവിഷയങ്ങളെ അനുഭവിക്കുന്നു. തൈജസനായിരിക്കുമ്പോാം ഉള്ളിൽ മനസ്സിലിരുന്നു് സങ്കല്പജന്യങ്ങളായ വിഷയങ്ങളനുഭവിക്കുന്നു. പ്രാജ്ഞനായിരിക്കുമ്പോാം ഹൃദയാകാശത്തിൽ വിഷയാനുഭവങ്ങളൊന്നും കൂടാതെ സ്ഥിതിചെയ്യുന്നു. ഇങ്ങനെ മൂന്നു് അവസ്ഥകളിൽ മൂന്നു സ്ഥാനങ്ങളിൽ സ്ഥിതിചെയ്യുന്നു.

Digitization by Arya Samaj Charitable Foundation, Chennai

കുറിപ്പ്: ആത്മാവിന്നു് മൂന്നു് അവസ്ഥകളിലുമുള്ള പ്രത്യേകം പ്രത്യേകം സ്ഥാനങ്ങളെ നിർദ്ദേശിക്കുകയാണു് ഈ കാരികയിൽ ചെയ്യുന്നതു്. ജാഗ്രത്തിൽ ആത്മചൈതന്യം ദേഹത്തിൻെറ എല്ലാ ഭാഗങ്ങളിലും എല്ലാ ഇന്ദ്രിയങ്ങളിലും വ്യാപരിക്കുന്നുണ്ടെങ്കിലും കണ്ണിനെ വിഷയാനുഭവത്തിന്നു പ്രധാനമായി ഉപയോഗപ്പെടുത്തുന്നതുകൊണ്ടു് ദക്ഷിണാക്ഷിയെ പ്രധാനസ്ഥാനമായി പറഞ്ഞിരിക്കുന്നു. 'ഇന്ധോ ഹ വൈ നാമൈഷ യോഽയം ദക്ഷിണേഽക്ഷൻ പുരുഷഃ' എന്നു് ബൃഹദാരണ്യകോപനിഷത്തിലും ദക്ഷിണാക്ഷി പുരുഷൻെറ സ്ഥാനമായി പറഞ്ഞിട്ടുണ്ടു്. അല്ലെങ്കിൽ അക്ഷി ഇന്ദ്രിയങ്ങളുടെ പ്രതീകമായും എടുക്കാവുന്നതാണു്. തൈജസൻ ഇന്ദ്രിയങ്ങളുടെ സഹായംകൂടാതെ എല്ലാം മനസ്സിൻെറ ഉള്ളിൽത്തന്നെ സങ്കല്പിച്ചു് അനുഭവിക്കുന്നതിനാൽ മനസ്സു് തൈജസൻെറ സ്ഥാനമായി പറയുന്നു. വിശ്വൻെറ പ്രജ്ഞ ബാഹ്യപ്രപഞ്ചത്തിൽ വ്യാപരിക്കുമ്പോൾ തൈജസൻെറ പ്രജ്ഞ ആന്തരപ്രപഞ്ചത്തിൽ വ്യാപരിക്കുന്നു. പ്രാജ്ഞന്നാകട്ടെ ഒരുവിധത്തിലുള്ള വിഷയാനുഭൂതിയും ഉണ്ടാകുന്നില്ല. അവിടെ പ്രജ്ഞ ഹൃദയാകാശത്തിൽ ഒതുങ്ങിയിരിക്കുന്നു. അതുകൊണ്ടു് ഹൃദയാകാശം പ്രാജ്ഞൻെറ സ്ഥാനമായി പറഞ്ഞിരിക്കുന്നു.

വ്യത്യസ്തസ്ഥാനങ്ങളിലിരുന്നുകൊണ്ടു് അത്യന്തഭിന്നങ്ങളായ സ്വരൂപങ്ങളെയും അനുഭവങ്ങളെയും പ്രാപിക്കുന്നതു് ഒരേ ജീവാത്മാവാണെന്നു് ജാഗ്രദവസ്ഥയിൽ നമുക്കറിവാൻ കഴിയുന്നു. ജാഗ്രത്തിൽ കണ്ണു തുറന്നു നാം കാണുന്ന പദാർത്ഥങ്ങളെ കണ്ണടച്ചു ധ്യാനിച്ചുകൊണ്ടിരിക്കുമ്പോൾ സ്വപ്നത്തിലെപ്പോലെ തൈജസാവസ്ഥയെ പ്രാപിക്കുന്നു. മനോവ്യാപാരങ്ങളെയെല്ലാം ഉപരമിപ്പിച്ചാൽ പ്രജ്ഞ ഘനീഭൂതമായിത്തീർന്നു് സുഷുപ്തിയിലെപ്പോലെ പ്രാജ്ഞനായിത്തീരുന്നു. മൂന്നവസ്ഥകളിലും അനുഭോക്താവായിരിക്കുന്നതു് ഒരേ ചൈതന്യമാകുന്നു. അതു് ഈ സ്ഥാനങ്ങളോടും അവസ്ഥകളോടും ബന്ധപ്പെടാതെ അവയിൽനിന്നു വേറിട്ടു നില്ക്കുകയും ചെയ്യുന്നു. ഈ ബന്ധമെല്ലാം വിച്ഛേദിക്കുമ്പോൾ തുരീയഭാവത്തെ പ്രാപിക്കുന്നു. അപ്പോൾ ഈ ദേഹത്തിലുള്ള സ്ഥാനങ്ങളൊന്നും അതിന്നു ബാധകമല്ലതാനും.

Digitization by Arya Samaj Charitable Foundation, Chennai

വിശ്വോ ഹി സ്ഥൂലഭുങ്ങ്നിത്യം
തൈജസഃ പ്രവിവിക്തഭുക്
ആനന്ദഭുക് തഥാ പ്രാജ്ഞ-
സ്ത്രിധാ ഭോഗം നിബോധത. 3

വിശ്വഃ = വിശ്വൻ, നിത്യം = എപ്പോഴും, സ്ഥൂലഭുക് ഹി = സ്ഥൂലവിഷയങ്ങളെ അനുഭവിക്കുന്നവനാണല്ലൊ. തൈജസഃ=തൈജസൻ, പ്രവിവിക്തഭുക്= സൂക്ഷ്മവിഷയങ്ങളെ അനുഭവിക്കുന്നവനാകുന്നു. തഥാ=അപ്രകാരം, പ്രാജ്ഞഃ = പ്രാജ്ഞൻ, ആനന്ദഭുക് = ആനന്ദത്തെ അനുഭവിക്കുന്നവനാകുന്നു. ഭോഗം = അനുഭവത്തെ, ത്രിധാ = മൂന്നു വിധത്തിലായി, നിബോധത = അറിയുവിൻ.

ജാഗ്രത്സ്ഥാനീയനായ വൈശ്വാനരൻ സ്ഥൂലവിഷയങ്ങളെയും, സ്വപ്നസ്ഥാനീയനായ തൈജസൻ മനസ്സിൽ സങ്കല്പിക്കുന്ന സൂക്ഷ്മവിഷയങ്ങളെയും, സുഷുപ്തിസ്ഥാനീയനായ പ്രാജ്ഞൻ ആനന്ദത്തെ മാത്രവും അനുഭവിക്കുന്നു. ഇങ്ങനെ മൂന്നു സ്ഥാനങ്ങളിൽ ആത്മാവിനുള്ള അനുഭവം മൂന്നു വിധത്തിലാണെന്നറിയുക.

സ്ഥൂലം തർപ്പയതേ വിശ്വം
പ്രവിവിക്തം തു തൈജസം
ആനന്ദശ്ച തഥാ പ്രാജ്ഞം
ത്രിധാ തൃപ്തിം നിബോധത. 4

സ്ഥൂലം = സ്ഥൂലവിഷയങ്ങൾ, വിശ്വം = വിശ്വനെയും, പ്രവിവിക്തം തു = സൂക്ഷ്മവിഷയമാകട്ടെ, തൈജസം = തൈജസനെയും, തഥാ = അപ്രകാരം, ആനന്ദഃ = ആനന്ദം, പ്രാജ്ഞം ച = പ്രാജ്ഞനെയും, തർപ്പയതേ=തൃപ്തിപ്പെടുത്തുന്നു. തൃപ്തിം = തൃപ്തിയെ, ത്രിധാ = മൂന്നു വിധത്തിലായി, നിബോധത = അറിഞ്ഞാലും.

സ്ഥൂലവിഷയങ്ങൾ വിശ്വനെയും സൂക്ഷ്മവിഷയങ്ങൾ തൈജസനെയും ആനന്ദം പ്രാജ്ഞനെയും തൃപ്തിപ്പെടുത്തുന്നു. തൃപ്തിയും ഇങ്ങനെ മൂന്നു വിധമാണെന്നറിയുക.

Digitization by Arya Samaj Charitable Foundation, Chennai

കുറിപ്പ്: വിശ്വനും തൈജസനും പ്രാജ്ഞനുമായിരിക്കുമ്പോൾ ആത്മാവിനു മൂന്നു വിധത്തിലാണ് അനുഭവം. വിശ്വനായിരിക്കുമ്പോൾ ആത്മാവ് ഇന്ദ്രിയങ്ങളെക്കൊണ്ട് അനുഭവിക്കാൻ കഴിയുന്ന സ്ഥൂലവിഷയങ്ങളിലാണ് വ്യാപരിക്കുന്നത്. ആ സ്ഥൂലരൂപത്തിലുള്ള പ്രപഞ്ചത്തിനുമാത്രമേ അപ്പോൾ ആത്മാവിനെ തൃപ്തിപ്പെടുത്തുവാനും സാധിക്കുകയുള്ളു. തൈജസനായിരിക്കുമ്പോൾ മനഃകല്പിതങ്ങളും വാസനാജന്യങ്ങളുമായ സൂക്ഷ്മവിഷയങ്ങളെയാണ് അനുഭവിക്കുന്നത്. അവയിൽനിന്നുതന്നെ പൂർണ്ണതൃപ്തി നേടുകയും ചെയ്യുന്നു. ഈ രണ്ടു ഭാവങ്ങളിലെയും തൃപ്തി അതതുഭാവങ്ങളിൽത്തന്നെ പരിമിതമായി നില്ക്കുന്നു. അതുകൊണ്ട് ജാഗ്രത്തിലുണ്ടാകുന്ന വിശപ്പിനു സ്വപ്നത്തിലെ ഭക്ഷണം മതിയാകയില്ല. സ്വപ്നത്തിലുണ്ടാകുന്ന വിശപ്പിനു ജാഗ്രത്തിലെ ഭക്ഷണത്തിന്റെ ആവശ്യവുമില്ല. സ്വപ്നലോകത്തിൽ, തനിയ്ക്കുണ്ടാവുന്ന അനുഭവങ്ങളെപ്പററി യാതൊരു സ്മരണയുമില്ലാതെ തീരെ വ്യത്യസ്തമായ ഒരു ലോകത്തിൽ, വിഭിന്നങ്ങളായ കാലദേശാവസ്ഥകളോടുകൂടി വ്യാപരിക്കുന്നതായിട്ടാണ് നമുക്കു തോന്നുന്നത്. സുഷുപ്തിയിലുള്ള പ്രാജ്ഞനാകട്ടെ ഈ രണ്ടു വിധത്തിലുള്ള അനുഭവവുമില്ലാതെ തന്നിൽനിന്നുതന്നെയുണ്ടാകുന്ന ആനന്ദമനുഭവിച്ചു തൃപ്തിപ്പെടുന്നു. ഈ മൂന്നനുഭവങ്ങളിലും ആത്മാവിനു യാതൊരു മാററവുമുണ്ടാകുന്നില്ല എന്നുള്ളതു ജാഗ്രത്തിൽനിന്നു നോക്കുമ്പോൾ നമുക്ക് അറിവാൻ കഴിയുന്നു.

ത്രിഷു ധാമസു യദ്ഭോജ്യം
ഭോക്താ യശ്ച പ്രകീർത്തിതഃ
വേദൈതദുഭയം യസ്തു
സ ഭുഞ്ജാനോ ന ലിപ്യതേ. 5

ത്രിഷു ധാമസു = മൂന്നു സ്ഥാനങ്ങളിൽ, ഭോജ്യം = ഭുജിക്കപ്പെടുന്നതു്, യത് = യാതൊന്നോ, യഃ = യാതൊരുവൻ, ഭോക്താ = ഭോക്താവായി, പ്രകീർത്തിതഃ = പ്രകീർത്തിക്കപ്പെട്ടിരിക്കുന്നുവോ, ഏതത് ഉഭയം = ഇതു രണ്ടും, യഃ തു = യാതൊരുവനാണോ, വേദ = അറിയുന്നതു്, സഃ = അവൻ, ഭുഞ്ജാനഃ = ഭോഗങ്ങൾ അനുഭവിക്കുന്നവനായിട്ടും, ന ലിപ്യതേ = ലേപനം ചെയ്യപ്പെടുന്നില്ല.

Digitization by Arya Samaj Charitable Foundation, Chennai

മൂന്നു സ്ഥാനങ്ങളിലും അനുഭവിക്കുന്ന വിഷയം എന്താണെന്നും അനുഭവിക്കുന്നവൻ ആരാണെന്നും യഥാത്ഥമായി അറിയുന്നവൻ ഭോഗങ്ങരം അനുഭവിക്കുന്നുണ്ടെങ്കിലും അവയുടെ ഗുണദോഷങ്ങരം അവനെ ബാധിക്കുന്നില്ല.

കുറിപ്പ്: ജാഗ്രത്, സ്വപ്നം, സുഷുപ്തി എന്ന മൂന്നു സ്ഥാനങ്ങളിൽ ഒരേ ജീവൻതന്നെയാണു് വിശ്വനം, തൈജസനം, പ്രാജ്ഞനമായി, സ്ഥൂലവിഷയങ്ങരം, സൂക്ഷ്മവിഷയങ്ങരം, ആനന്ദം ഇവയെ അനുഭവിക്കുന്നതെന്നു വിവരിച്ചു. അജ്ഞാനംകൊണ്ടു് ആത്മവിസ്മൃതി വരുന്നതിനാലാണു് സ്ഥാനങ്ങളും ഭോക്താക്കളും ഭോജ്യങ്ങളും വ്യത്യസ്തങ്ങളായി തോന്നുന്നതെന്നും ആഗമാപായികളായ ഈ അവസ്ഥകളിൽ വരുന്ന മാററം ആത്മാവിനെ ബാധിക്കുന്നില്ലെന്നും അറിയുന്ന ജ്ഞാനിക്കു് ഈ അവസ്ഥകളിലുണ്ടാകുന്ന ഗുണദോഷങ്ങളൊന്നും ബാധകമാകുന്നില്ല. വിറകിനെ ദഹിപ്പിക്കുന്നതുകൊണ്ടു് അഗ്നിക്കു് വൃദ്ധിയോ ക്ഷയമോ ഉണ്ടാകാത്തതുപോലെ ഭോജ്യവിഷയങ്ങളെ അനുഭവിക്കുന്നതുകൊണ്ടു് ആത്മാവിന്നു് വൃദ്ധിയോ ക്ഷയമോ ഉണ്ടാകുന്നില്ല; മാത്രമല്ല അങ്ങനെയുള്ള ജീവൻ ബദ്ധനായിത്തീരുന്നുമില്ല എന്നത്ഥം.

പ്രഭവഃ സൎവ്വഭൂതാനാം
സതാമിതി വിനിശ്ചയഃ
സൎവ്വം ജനയതി പ്രാണ–
ശ്ചേതോംശൂൻ പുരുഷഃ പൃഥക്. 6

സതാം = മുമ്പുതന്നെ ഉള്ളവയായ, സൎവ്വഭൂതാനാം = എല്ലാ ഭൂതങ്ങരംക്കുമാണു്, പ്രഭവഃ = ഉത്പത്തി, ഇതി വിനിശ്ചയഃ = എന്നു നിശ്ചയമാകുന്നു. പ്രാണഃ = പ്രാണൻ, സൎവ്വം = എല്ലാത്തിനെയും, ജനയതി = ജനിപ്പിക്കുന്നു. പുരുഷഃ = പുരുഷൻ, പൃഥക് = വേറെ വേറെ, ചേതോംശൂൻ = ചേതോരൂപങ്ങളായ രശ്മികളെ, ജനയതി = ജനിപ്പിക്കുന്നു.

മുമ്പുതന്നെ ഉള്ളവയായ ഭാവങ്ങളാണു് പിന്നീടു് ഉണ്ടാകുന്നതു് എന്നതു തീച്ചയാണു്. ബീജാത്മാവായ

Digitization by Arya Samaj Charitable Foundation, Chennai

പ്രാണനാണ് എല്ലാ അചേതനവസ്തുക്കളെയും ജനിപ്പിക്കുന്നത്. സൂര്യൻ തൻെറ രശ്മികളെയെന്നപോലെ ചൈതന്യസ്വരൂപനായ പുരുഷൻ തൻെറ ചേതോരൂപങ്ങളായ ജീവന്മാരെ വേറെ ജനിപ്പിക്കുന്നു.

കുറിപ്പ്: 'ഏഷ യോനിഃ സർവ്വസ്യ' എന്ന് ഉപനിഷത്തിൽ (മന്ത്രം 6) പ്രാജ്ഞനെ എല്ലാററിൻെറയും ഉത്പത്തിസ്ഥാനമായി പറഞ്ഞിരിക്കുന്നു. അതു സത്കാര്യമോ അസത്കാര്യമോ എന്ന സംശയത്തിന്നു പരിഹാരം നൽകുകയാണ് ഈ കാരികകൊണ്ടു ചെയ്യുന്നത്. നാമരൂപാദി മായാകാര്യങ്ങളായി നാം കാണുന്ന ഈ ഭാവങ്ങൾ ഉത്പത്തിക്കു മുമ്പുതന്നെ ഉള്ളവയാണ്. ഒരിക്കലും ഇല്ലാത്ത വന്ധ്യാപുത്രൻ മായകൊണ്ടും ഒരിക്കലും ഉണ്ടാവുകയില്ലെന്ന് ഇനി പറവാൻ പോകുന്നുണ്ട്. 'വന്ധ്യാപുത്രോ ന തത്ത്വേന മായയാ വാപി ജായതേ.' രജ്ജുസർപ്പഭ്രാന്തിയിൽ അജ്ഞാനംകൊണ്ടു തോന്നുന്ന സർപ്പം രജ്ജുസ്വരൂപത്തിൽ മുമ്പുതന്നെ ഉണ്ടായിരുന്നു. അധിഷ്ഠാനമില്ലാതെ രജ്ജുസർപ്പമോ മൃഗതൃഷ്ണികയോ അനുഭവപ്പെടുകയില്ലല്ലൊ. അതുപോലെ ഈ കാണുന്ന അചേതനഭാവങ്ങളെല്ലാം ജഗത്കാരണഭൂതമായ പ്രാണനിൽ ബീജാത്മനാ സ്ഥിതിചെയ്തിരുന്നു. അവയാണ് പിന്നീട് അവിദ്യാകൃതമായ മായാസ്വരൂപത്തിൽ ഉദ്ഭവിക്കുന്നതായി തോന്നുന്നത്. അങ്ങനെയല്ല, അവ മുമ്പ് അസത്തായിരുന്നുവെന്നു പറയുകയാണെങ്കിൽ കാരണഭൂതമായ ബ്രഹ്മവുമായി ബന്ധമില്ലാത്തതിനാൽ കാര്യംകൊണ്ട് ഊഹിച്ചറിയേണ്ടതായ ബ്രഹ്മം അസത്താണെന്ന് തോന്നുവാനിടവരും. ബീജരൂപമായ ബ്രഹ്മത്തെത്തന്നെയാണ് പ്രാണശബ്ദംകൊണ്ടു പറയുന്നത്. ഉത്പത്തിക്കുമുമ്പ് ബീജാത്മനാ സ്ഥിതിചെയ്തിരുന്ന പ്രാണൻതന്നെയാണ് പിന്നീട് വ്യവഹാരയോഗ്യമായ ജഗത്തായിത്തീരുന്നത്. ജഡപദാർത്ഥങ്ങളുടെ സൃഷ്ടിയെപ്പററി പറഞ്ഞതിന്നുശേഷം ജീവസൃഷ്ടിയെപ്പററി പറയുന്നു. സൂര്യനിൽനിന്ന് രശ്മികൾ ശോഭിക്കുന്നതുപോലെയാണ് ചൈതന്യരൂപനായ പുരുഷൻെറ ചേതോരൂപങ്ങളായ ജീവന്മാർ. അതുകൊണ്ട് അവയെ ചേതോംശുക്കളെന്നു പറയുന്നു. തീയിൽനിന്ന് തീപ്പൊരികള

Digitization by Arya Samaj Charitable Foundation, Chennai

ങ്ങാകുന്നതുപോലെ ചൈതന്യത്തിൽനിന്നുതന്നെ ജീവന്മാർ ഉദ്ഭവിക്കുന്നു. രണ്ടും സമാനസ്വരൂപങ്ങളാണെന്നു ഭാവം. വെള്ളത്തിൽ കാണുന്ന പ്രതിബിംബസൂര്യന്മാർ യഥാർത്ഥസൂര്യനിൽനിന്നു വ്യത്യസ്തരല്ലാത്തതുപോലെ ഉപാധികളിൽ പ്രതിഫലിക്കുന്ന ജീവന്മാർ യഥാർത്ഥചൈതന്യത്തിൽനിന്നും വ്യത്യസ്തന്മാരല്ല. ഇങ്ങനെ വിശ്വതൈജസപ്രാജ്ഞഭേദേന ദേവൻ, മനുഷ്യൻ, പശു, പക്ഷി മുതലായവയിൽ കാണുന്ന ജീവന്മാരെ പുരുഷനും, മററുള്ള അചേതനവസ്തുക്കളെ ബീജാത്മാവായ പ്രാണനും ഉത്പാദിപ്പിക്കുന്നു. കാരണബ്രഹ്മത്തെ ഉപാധിപ്രാധാന്യംകൊണ്ടു് പ്രാണനെന്നും ചൈതന്യപ്രാധാന്യംകൊണ്ടു് പുരുഷനെന്നും പറയുന്നു. അജ്ഞാനജന്യമായ ഈ സംസാരത്തിന്നടിസ്ഥാനം സർവ്വഥാ ബ്രഹ്മംതന്നെയാണെന്നു് അർത്ഥം.

വിഭൂതിം പ്രസവം ത്വന്യേ
മന്യന്തേ സൃഷ്ടിചിന്തകാഃ
സ്വപ്നമായാസരൂപേതി
സൃഷ്ടിരന്യൈർവ്വികല്പിതാ. 7

അന്യേ = മററുചില, സൃഷ്ടിചിന്തകാഃ തു = സൃഷ്ടിയെപ്പററി ആലോചിക്കുന്നവരാകട്ടെ, പ്രസവം = സൃഷ്ടിയെ, വിഭൂതിം = (ഈശ്വരൻെറ) ഐശ്വര്യമായിട്ടു്, മന്യന്തേ = വിചാരിക്കുന്നു. അന്യൈഃ = മററു ചിലരാൽ, സൃഷ്ടിഃ = സൃഷ്ടി, സ്വപ്നമായാസരൂപാ ഇതി = സ്വപ്നത്തിന്നും മായയ്ക്കും തുല്യമാണു് എന്നു്, വികല്പിതാ = വികല്പിക്കപ്പെട്ടിരിക്കുന്നു.

സൃഷ്ടിയെപ്പററി ആലോചിക്കുന്ന ചിലർ ഈ സൃഷ്ടി ഈശ്വരൻെറ ഐശ്വര്യമാണെന്നു പറയുന്നു. മററു ചിലർ ഇതു സ്വപ്നവും മായയുംപോലെയുള്ളതാണെന്നു വിചാരിക്കുന്നു.

കുറിപ്പു്: പ്രപഞ്ചസൃഷ്ടിയെപ്പററിയുള്ള അഭിപ്രായഭേദങ്ങളെ വിവരിക്കുകയാണു് ഇനി മൂന്നു കാരികകളെക്കൊണ്ടു ചെയ്യുന്നതു്. ചിലർ പറയുന്നു, ഈ സൃഷ്ടി ഭഗവാൻെറ ഐശ്വര്യത്തിൻെറ പ്രദർശനംതന്നെയാണെന്നു്. മററു ചിലർ പറയുന്നു, ഇതു സ്വപ്നവും

Digitization by Arya Samaj Charitable Foundation, Chennai

ഇന്ദ്രജാലവും പോലെയുള്ളതാണെന്നു്. സ്വപ്നവും ഇന്ദ്രജാലവും കാണുന്ന അവസ്ഥയിൽ വാസ്തവമെന്നു തോന്നാമെങ്കിലും അതു് അസത്യമായിരുന്നുവെന്നു് പിന്നീടു് മനസ്സിലാവുന്നു. ഒരു ഐന്ദ്ര ജാലികൻ ഒരുകയറു് മേലോട്ടെറിഞ്ഞു് അതിൽക്കൂടി കയറി ആകാ ശത്തിൽപോയി യുദ്ധം ചെയ്തു് മുറിവേററു് കഷണം കഷണമായി തഴോട്ടു വീഴുന്നതായി കാണിക്കുന്നു. പിന്നീടു് യാതൊരു കേടും പററാതെ അയാൾ ജനങ്ങളുടെ മുമ്പിലേയ്ക്കു വരികയും ചെയ്യുന്നു. തൻെറ മായാശക്തികൊണ്ടു് അദൃശ്യനായി നിന്നിരുന്ന ഐന്ദ്ര ജാലികനെപ്പോലെയാണു് പാരമാർത്ഥികനായ ആത്മാവു്. വിശ്വ തൈജസപ്രാജ്ഞാദിരൂപങ്ങളിൽ വിഹരിക്കുന്ന ആത്മാവു് അദൃ ശ്യനായി നിലകൊള്ളുന്നു. മുമുക്ഷുക്കളായ പരമാർത്ഥചിന്തകന്മാർ മായാവിസ്ഥാനീയനായ ആത്മാവിനെപ്പററി ചിന്തിക്കുന്നു; ഇന്ദ്ര ജാലസദൃശമായ പ്രപഞ്ചവ്യവഹാരങ്ങളിൽ ആദരം കാണിക്കു ന്നില്ല. സൃഷ്ടിചിന്തകന്മാർ മാത്രമേ സൃഷ്ടിയെപ്പററിയുള്ള പല തക്കങ്ങളിലും ഏർപ്പെടുന്നുള്ളു. അങ്ങനെ അവർ ജീവിതം നിഷ്ഫല മാക്കുകയാണു് ചെയ്യുന്നതു്.

ഇച്ഛാമാത്രം പ്രഭോഃ സൃഷ്ടി-
രിതി സൃഷ്ടൗ വിനിശ്ചിതാഃ
കാലാത് പ്രസൂതിം ഭൂതാനാം
മന്യന്തേ കാലചിന്തകാഃ. 8

സൃഷ്ടൗ = സൃഷ്ടിയിൽ, വിനിശ്ചിതാഃ = നിശ്ചയം വന്നിട്ടുള്ള ചിലർ, പ്രഭോഃ = ഈശ്വരൻെറ, ഇച്ഛാമാത്രം = സങ്കല്പം മാത്രമാ കുന്നു, സൃഷ്ടിഃ = സൃഷ്ടി, ഇതി = എന്നു്, (ആഹുഃ = പറയുന്നു.) കാലചിന്തകാഃ = കാലത്തെപ്പററി ചിന്തിക്കുന്നവർ, ഭൂതാനാം = ഭൂത ങ്ങളുടെ, പ്രസൂതിം = സൃഷ്ടിയെ, കാലാത് = കാലത്തിൽനിന്നാ ണു്, (ഇതി = എന്നു്) മന്യന്തേ = വിചാരിക്കുന്നു.

സൃഷ്ടിയുണ്ടെന്നു തീർച്ചപ്പെടുത്തിയിട്ടുള്ള ചിലർ ഈശ്വരൻെറ സങ്കല്പമാത്രമാണു് പ്രപഞ്ചസൃഷ്ടിയെന്നു പറയുന്നു. കാലചിന്തകന്മാർ കാലത്തിൽനിന്നാണു് ഭൂത ങ്ങളുണ്ടാകുന്നതെന്നും പറയുന്നു.

Digitization by Arya Samaj Charitable Foundation, Chennai

കുറിപ്പ്: ജഗത്തിന്റെ മിഥ്യാത്വത്തെപ്പററി ആലോചിക്കാതെ അതു സത്യമാണെന്നു വിചാരിക്കുന്ന ചിലർ ഈശ്വരന്റെ ഇച്ഛാശക്തിയാണു് ജഗദുത്പത്തിക്കു കാരണമെന്നു പറയുന്നു. കുശവന്റെ സങ്കല്പത്തിന്റെയും ഇച്ഛാശക്തിയുടെയും ബഹിഃപ്രകടനമാണല്ലൊ കുടം. അതുപോലെയാണു് ഈശ്വരന്റെ സങ്കല്പത്തിൽനിന്നു് ഈ പ്രപഞ്ചമുണ്ടാകുന്നതെന്നർത്ഥം. കാലമാണു് എല്ലാററിനും കാരണമെന്നു വിശ്വസിക്കുന്ന വേറെ ചിലർ, ഈ ജഗത്തു് കാലത്തിന്റെ പരിണാമത്തിൽ സ്വാഭാവികമായിട്ടുണ്ടായതാണെന്നു് അഭിപ്രായപ്പെടുന്നു. കാലമാണു് ജഗത്തിന്റെ കാരണമെന്നർത്ഥം.

ഭോഗാർത്ഥം സൃഷ്ടിരിത്യന്യേ
ക്രീഡാർത്ഥമിതി ചാപരേ
ദേവസ്യൈഷ സ്വഭാവോഽയ-
മാപ്തകാമസ്യ കാ സ്പൃഹാ. 9

അന്യേ = മററു ചിലർ, സൃഷ്ടിഃ = സൃഷ്ടി, ഭോഗാർത്ഥം = ഭോഗത്തിന്നായിക്കൊണ്ടാണു്, ഇതി = എന്നും, അപരേ = മററു ചിലർ, ക്രീഡാർത്ഥം = ക്രീഡയ്ക്കായിക്കൊണ്ടാണു്, ഇതി ച = എന്നും, (മന്യന്തേ = വിചാരിയ്ക്കുന്നു) ഏഷഃ = ഇതു്, ദേവസ്യ = ദേവന്റെ, അയം സ്വഭാവഃ = ഈ സ്വഭാവമാകുന്നു. ആപ്തകാമസ്യ = എല്ലാ ആഗ്രഹങ്ങളും സാധിച്ചിട്ടുള്ളവന്നു്, കാ = എന്തു്, സ്പൃഹാ = ആഗ്രഹമാണുണ്ടാകുക ?

ഈ സൃഷ്ടി ഈശ്വരന്നു് അനുഭവിക്കുവാൻ വേണ്ടിയാണെന്നു ചിലരും കളിക്കുവാൻവേണ്ടിയാണെന്നു മററുചിലരും അഭിപ്രായപ്പെടുന്നു. യഥാർത്ഥത്തിൽ ഇതു ദേവന്റെ സ്വഭാവം തന്നെയാകുന്നു. അല്ലാതെ പൂർണ്ണകാമനായ ദേവന്നു് എന്താഗ്രഹമാണുണ്ടാവുക ?

കുറിപ്പ്: ഈ വിചിത്രവും വിവിധവുമായ പ്രപഞ്ചം തനിക്കു സുഖിക്കുവാൻ വേണ്ടിയാണു് ഈശ്വരൻ സൃഷ്ടിച്ചതെന്നു ചിലർ അഭിപ്രായപ്പെടുമ്പോൾ ആനന്ദസ്വരൂപനായ ഈശ്വരന്നു് സുഖിക്കുവാൻ ഈ ജഗത്തു വേണമോ, ഇതു് അദ്ദേഹത്തിന്റെ ഒരു വിനോദം

Digitization by Arya Samaj Charitable Foundation, Chennai

മാത്രമാണ് എന്ന് വേറെ ചിലർ അഭിപ്രായപ്പെടുന്നു. ഇങ്ങനെ സൃഷ്ടിയെപ്പററി പല അഭിപ്രായങ്ങളും പറഞ്ഞതിന്നുശേഷം ഇതൊന്നും ശരിയല്ലെന്നു പറയുന്നു: ആപ്തകാമനായ ദേവന്ന് ജഗത്ത് സൃഷ്ടിക്കുവാനുള്ള യാതൊരു കാരണവുമുണ്ടാകുവാനില്ല. അതു കൊണ്ട് ഇതു് സ്വഭാവമായ മായയാൽ നിർമ്മിക്കപ്പെട്ടതാകുന്നു. രജ്ജുവിൽ സർപ്പബുദ്ധി വരുന്നതിന്ന് അജ്ഞാനസ്വഭാവമെന്നല്ലാതെ മററു യാതൊരു കാരണവും പറവാൻ വഴിയില്ല. അതുപോലെ ബ്രഹ്മത്തിൽ ജഗത്തിൻെറ ബോധം വരുന്നതും മായാസ്വഭാവമാകുന്നു. തന്നിലുള്ള അജ്ഞാനം നീങ്ങിയാൽ ജഗത്തുതന്നെ ഇല്ലാതാകുന്നു. നിർഗ്ഗുണവും നിർവ്വികാരവും ഏകവും അദ്വയവുമായ ആത്മാവിൽ വികാരങ്ങളും വൈവിധ്യങ്ങളുമെല്ലാം കണ്ട് ജഗത്സൃഷ്ടിയെപ്പററി ചിന്തിക്കുന്നതുതന്നെ അജ്ഞാനംകൊണ്ടാണെന്നർത്ഥം. ആകാശത്തിൽ നീലിമയെന്നപോലെ ആഭാസരൂപമായി ആത്മാവിൽ കാണുന്ന അഭേദഭാവമാണ് മായ അല്ലെങ്കിൽ അജ്ഞാനം.

നിവൃത്തേഃ സർവ്വദുഃഖാനാ-
മീശാനഃ പ്രഭുരവ്യയഃ
അദ്വൈതഃ സർവ്വഭാവാനാം
ദേവസ്തുര്യോ വിഭുഃ സ്മൃതഃ. 10

സർവ്വദുഃഖാനാം = എല്ലാ ദുഃഖങ്ങളുടെയും, നിവൃത്തേഃ = നാശത്തിന്ന്, ഈശാനഃ = ശക്തനും, പ്രഭുഃ = സമർത്ഥനും, അവ്യയഃ = മാററമില്ലാത്തവനും, സർവ്വഭാവാനാം = എല്ലാ ഭാവങ്ങളുടെയും, (മൃഷാത്വാത് = മിഥ്യാത്വംകൊണ്ട്), അദ്വൈതഃ = രണ്ടാമതൊന്നില്ലാത്തവനും, വിഭുഃ = സർവ്വവ്യാപിയും ആയ, ദേവഃ = സ്വയംപ്രകാശനായ ആത്മാവ്, തുര്യഃ = തുര്യനായിട്ട്, സ്മൃതഃ = സ്മരിക്കപ്പെട്ടിരിക്കുന്നു.

എല്ലാ ദുഃഖങ്ങളെയും നശിപ്പിക്കുവാൻ കഴിവുള്ളവനും ഒരിക്കലും മാററമില്ലാത്തവനും എല്ലാ ഭാവങ്ങളും മിഥ്യയായതുകൊണ്ട് രണ്ടാമതൊന്നില്ലാത്തവനും സർവ്വവ്യാപിയും സ്വയംപ്രകാശനുമായ ആത്മാവിനെയാണ് തുര്യനെന്നു പറയുന്നതു്.

Digitization by Arya Samaj Charitable Foundation, Chennai

കുറിപ്പ്: ഏഴാമത്തെ മന്ത്രത്തിൻെറ വിവരണമാണ് ഈ കാരിക. ഈശാനഃ എന്നതിൻെറ വ്യാഖ്യാനമാണ് പ്രഭുഃ എന്നത്. വിശ്വ, തൈജസ, പ്രാജ്ഞാവസ്ഥകളിലുള്ള ദുഃഖങ്ങളെല്ലാം തുരീയാനുഭവത്തിൽ ഇല്ലാതാകുന്നു. ജാഗ്രത്തിലെ ദുഃഖം സ്വപ്നത്തിലോ, സ്വപ്നത്തിലെ ദുഃഖം ജാഗ്രത്തിലോ, ഇതു രണ്ടിലെയും ദുഃഖം സുഷുപ്തിയിലോ അനുഭവപ്പെടുന്നില്ലെങ്കിലും ആ ദുഃഖങ്ങൾ പിന്നെയും വന്നുകൊണ്ടും പോയിക്കൊണ്ടും ഇരിക്കുന്നു. തുരീയത്തിലെത്തിയാൽ പിന്നെ ആ ദുഃഖങ്ങൾ ഒരിക്കലും വരുന്നില്ല. കാരണം തുരീയാനുഭവത്തിന്നു് ഒരിക്കലും മാററമുണ്ടാകുന്നില്ല. രജ്ജുവിൽ അജ്ഞാനംകൊണ്ട് സർപ്പബോധമുണ്ടാകുന്നതുപോലെയാണ് മായകൊണ്ട് മൂന്നു് അവസ്ഥകളുടെയും ആ അവസ്ഥകളിലുള്ള വിവിധഭാവങ്ങളുടെയും ബോധം ഉണ്ടാകുന്നതു്. തുരീയൻ മായയ്ക്കു് അതീതനാകയാൽ അവിടെ ആ ഭാവങ്ങളൊന്നും കാണുന്നില്ല. അതുകൊണ്ട് അദ്വയനായി സർവ്വവ്യാപിയായി സ്ഥിതിചെയ്യുന്നു. മായാകല്പിതങ്ങളായ മൂന്നു് അവസ്ഥകളെയും കടന്നു് പാരമാർത്ഥികനിലയിലെത്തുമ്പോഴാണ് തുരീയാനുഭവമുണ്ടാകുന്നതു്. അതു് സ്വയം പ്രകാശിക്കുന്നതുമാണ്.

കാര്യകാരണബദ്ധൗ താ-
വിഷ്യേതേ വിശ്വതൈജസൗ
പ്രാജ്ഞഃ കാരണബദ്ധസ്തു
ദ്വൗ തൗ തുര്യേ ന സിദ്ധ്യതഃ. 11

തൗ = ആ, വിശ്വതൈജസൗ = വിശ്വനും തൈജസനും, കാര്യകാരണബദ്ധൗ = കാര്യമായ ഫലഭാവത്താലും കാരണമായ ബീജഭാവത്താലും ബന്ധിക്കപ്പെട്ടവയായി, ഇഷ്യേതേ = വിചാരിക്കപ്പെടുന്നു. പ്രാജ്ഞഃ തു = പ്രാജ്ഞനാകട്ടെ, കാരണബദ്ധഃ = ബീജഭാവത്താൽ ബന്ധിക്കപ്പെട്ടവനാകുന്നു. തൗ ദ്വൗ = അവ രണ്ടും, തുര്യേ = തുര്യനിൽ, ന സിദ്ധ്യതഃ = സിദ്ധിക്കുന്നില്ല.

വിശ്വനും തൈജസനും കാര്യകാരണങ്ങളാൽ ബന്ധിക്കപ്പെട്ടവയാണ്. പ്രാജ്ഞനാകട്ടെ കാരണത്താൽ മാത്രം

Digitization by Arya Samaj Charitable Foundation, Chennai

ബന്ധിക്കപ്പെട്ടവനാണ്. ഈ രണ്ടുവിധത്തിലുള്ള ബന്ധനങ്ങളും തുര്യനിലുണ്ടാകുന്നില്ല.

കുറിപ്പ്: തുരീയത്തിന്നു മററു് അവസ്ഥകളിൽനിന്നുള്ള വ്യത്യാസത്തെ കാണിക്കുന്നു. ആത്മാവിനെപ്പററിയുള്ള അഗ്രഹണമാണ്, അജ്ഞാനമാണ്, ഇവിടെ ബീജരൂപമായ കാരണമായി പറഞ്ഞിരിക്കുന്നതു്. അതിൽനിന്നുണ്ടാകുന്ന അന്യഥാഗ്രഹണമാണ് ഫലരൂപമായ കാര്യം. വിശ്വനിലും തൈജസനിലും കർമ്മഫലരൂപത്തിലും കർമ്മവാസനാരൂപത്തിലും പ്രപഞ്ചാനുഭവമുണ്ടാകുന്നു. അതു്, സർപ്പത്തെ രജ്ജുവായിട്ടെന്നപോലെ, ആത്മാവിനെത്തന്നെ അന്യഥാ ഗ്രഹിക്കുന്നതാണ്. പ്രാജ്ഞനിൽ ആ അന്യഥാഗ്രഹണമില്ലെങ്കിലും അഗ്രഹണം അവിടെയുമുണ്ടു്. അതുകൊണ്ടു് വിശ്വതൈജസന്മാരിൽ അഗ്രഹണവും അന്യഥാഗ്രഹണവുമുണ്ടായിരിക്കെ പ്രാജ്ഞനിൽ അഗ്രഹണം മാത്രമേയുള്ളുവെന്നാണ് വ്യത്യാസം. തുരീയത്തിലാകട്ടെ ഇതു രണ്ടുമുണ്ടാകുന്നില്ല. അവിടെ അജ്ഞാനം അവശേഷിക്കുന്നില്ലാത്തതിനാൽ യഥാർത്ഥജ്ഞാനമുണ്ടാകുന്നു. അപ്പോൾ കാര്യവുമില്ല, കാരണവുമില്ല.

നാത്മാനം ന പരാംശ്ചൈവ
ന സത്യം നാപി നാനൃതം
പ്രാജ്ഞഃ കിംചന സംവേത്തി
തുര്യം തത് സർവ്വദൃക് സദാ. 12

പ്രാജ്ഞഃ = പ്രാജ്ഞൻ, ആത്മാനം = ആത്മാവിനെ, ന സംവേത്തി = അറിയുന്നില്ല. പരാൻ ച ഏവ = അന്യന്മാരെയും, ന സംവേത്തി = അറിയുന്നില്ല. സത്യം = സത്യത്തെ, ന സംവേത്തി = അറിയുന്നില്ല. അനൃതം ച അപി = അസത്യത്തെയും, ന സംവേത്തി = അറിയുന്നില്ല. കിംചന ന സംവേത്തി = ഒന്നിനെയും അറിയുന്നില്ല തുര്യം തത് = തുര്യമായ അതു്, സദാ = എല്ലാപ്പോഴും, സർവ്വദൃക് = സർവ്വവും ദൃക്കമാകുന്നു.

പ്രാജ്ഞൻ തന്നെയോ മററുള്ളവരെയോ സത്യത്തെയോ അസത്യത്തെയോ മററു് ഒന്നിനേയുമോ അറിയ

Digitization by Arya Samaj Charitable Foundation, Chennai

ന്നില്ല. ആ തുരീയമാകട്ടെ എപ്പോഴും സർവ്വമായിട്ടും ദ്രഷ്ടാവായിട്ടും നില്ക്കുന്നതാണ്.

കുറിപ്പ്: പ്രാജ്ഞനും തുര്യനും തമ്മിലുള്ള വ്യത്യാസത്തെ ഒന്നുകൂടി വ്യക്തമാക്കുന്നു. പ്രാജ്ഞന് തന്റെ യഥാർത്ഥസ്വരൂപത്തെപ്പററിയോ തന്നിലാരോപിച്ച മിഥ്യാപ്രപഞ്ചത്തെപ്പററിയോ യാതൊരു ബോധവുമില്ല, സത്യത്തെയും അസത്യത്തെയും അറിയുന്നില്ല. അജ്ഞാനസ്വരൂപമാണെന്നർത്ഥം. തുര്യനാകട്ടെ തന്നിൽ നിന്നന്യമായ ഒന്നില്ലാത്തതിനാൽ സദാ സർവ്വമായും ദ്രഷ്ടാവായും അതായത് ജ്ഞാനസ്വരൂപമായും വിലസുന്നു. അതുകൊണ്ട് അവിടെ അഗ്രഹണമോ അന്യഥാഗ്രഹണമോ ഉണ്ടാകുന്നില്ല. സദാ പ്രകാശിച്ചുകൊണ്ടിരിക്കുന്ന സൂര്യന്റെ അടുത്ത് ഇരുട്ടുകൊണ്ടുണ്ടാകുന്ന അഗ്രഹണമോ അന്യഥാഗ്രഹണമോ ഉണ്ടാകുകയില്ലല്ലൊ.

ദ്വൈതസ്യാഗ്രഹണം തുല്യ-
മുഭയോഃ പ്രാജ്ഞതുര്യയോഃ
ബീജനിദ്രായുതഃ പ്രാജ്ഞഃ
സാ ച തുര്യേ ന വിദ്യതേ. 13

പ്രാജ്ഞതുര്യയോഃ = പ്രാജ്ഞതുര്യന്മാർക്ക്, ഉഭയോഃ = രണ്ടുപേർക്കും, ദ്വൈതസ്യ = ദ്വൈതത്തിന്റെ, അഗ്രഹണം = ഗ്രഹണമില്ലായ്മ, തുല്യം = തുല്യമാകുന്നു. പ്രാജ്ഞഃ = പ്രാജ്ഞൻ, ബീജനിദ്രായുതഃ = ബീജഭൂതമായ നിദ്രയോടുകൂടിയവനാകുന്നു. സാ ച = അതും, തുര്യേ = തുര്യനിൽ, ന വിദ്യതേ = ഇല്ല.

പ്രാജ്ഞനും തുര്യനും ദ്വൈതത്തിന്റെ അഗ്രഹണം തുല്യമാകുന്നു. എന്നാൽ പ്രാജ്ഞൻ ബീജഭൂതമായ നിദ്രയോടുകൂടിയവനാണ്. തുര്യനിൽ അതുംകൂടി ഇല്ല.

കുറിപ്പ്: കാഴ്ചയിൽ മററുള്ളവർക്ക് പ്രാജ്ഞനും തുര്യനും – സുഷുപ്തിയും സമാധിയും – ഒരുപോലെയാണെന്ന് തോന്നാമെങ്കിലും അവസ്ഥതമ്മിൽ വലിയ അന്തരമുണ്ടെന്നു കാണിക്കുന്നു. ദ്വൈതപ്രപഞ്ചത്തെ അറിയാതിരിക്കുക എന്നതു രണ്ടിലും തുല്യമാണ്. പക്ഷേ,

Digitization by Arya Samaj Charitable Foundation, Chennai

സുഷുപ്തിയിൽ ബീജാവസ്ഥയിലുള്ള അവിദ്യയും തന്നിമിത്തമായ അബോധാവസ്ഥയും ഉണ്ട്. സമാധിയിൽ അതു രണ്ടും ഇല്ല. അതുകൊണ്ട് ജ്ഞാനസ്വരൂപനായ തുര്യൻ സ്വയം ബോധാവസ്ഥയിലാണ് സ്ഥിതിചെയ്യുന്നതു്. പ്രാജ്ഞനിൽ കാണുന്ന ദ്വൈതാഗ്രഹണം അജ്ഞാനത്തിന്റെയും തുര്യനിൽ കാണുന്ന ദ്വൈതാഗ്രഹണം അദ്വൈതബോധത്തിന്റെയും ഫലമായിട്ടുണ്ടാകുന്നതാണ് എന്നർത്ഥം. രണ്ട് അവസ്ഥകളിലും ഉണ്ടാകുന്ന അനുഭൂതി അത്യന്ത വിരുദ്ധസ്വഭാവത്തോടുകൂടിയതാണ്.

സ്വപ്നനിദ്രായുതാവാദ്യൗ
പ്രാജ്ഞസ്ത്വസ്വപ്നനിദ്രയാ
ന നിദ്രാം നൈവ ച സ്വപ്നം
തുര്യേ പശ്യന്തി നിശ്ചിതാഃ. 14

ആദ്യൗ = ആദ്യമുള്ള രണ്ടുപേരും, സ്വപ്നനിദ്രായുതൗ = സ്വപ്നത്തോടും നിദ്രയോടും കൂടിയവരാകുന്നു. പ്രാജ്ഞഃ തു = പ്രാജ്ഞനാകട്ടെ, അസ്വപ്നനിദ്രയാ = സ്വപ്നംകൂടാതെയുള്ള നിദ്രയോടുകൂടിയവനാകുന്നു. നിശ്ചിതാഃ= നിശ്ചയമുള്ളവർ(ബ്രഹ്മവിത്തുകൾ), തുര്യേ= തുര്യനിൽ, നിദ്രാം = നിദ്രയെ, ന പശ്യന്തി = കാണുന്നില്ല. സ്വപ്നം ച ഏവ = സ്വപ്നത്തെയും, ന പശ്യന്തി = കാണുന്നില്ല.

വിശ്വനും തൈജസനും സ്വപ്നത്തോടും നിദ്രയോടും കൂടിയവരാകുന്നു. പ്രാജ്ഞനാകട്ടെ സ്വപ്നമില്ലാതെ നിദ്രമാത്രമുള്ളവനാകുന്നു. തുരീയനിലാകട്ടെ സ്വപ്നവും നിദ്രയും ഇല്ല എന്നാണ് തുരീയനെ അറിഞ്ഞിട്ടുള്ള ആചാര്യന്മാർ പറയുന്നതു്.

കുറിപ്പ്: സത്യവസ്തുവിന്റെ അഗ്രഹണം നിദ്രയും അന്യഥാഗ്രഹണം സ്വപ്നവുമാകുന്നു. ജാഗ്രത്തിലും സ്വപ്നത്തിലും അന്യഥാഗ്രഹണം തുല്യമാണ്; സത്യവസ്തുവിനെ ജഗദാകാരേണ ഗ്രഹിക്കുകയാണ് ചെയ്യുന്നതു്. ഒന്നു സ്ഥൂലരൂപത്തിലും മറ്റൊന്നു സൂക്ഷ്മരൂപത്തിലുമാണെന്നേ വ്യത്യാസമുള്ളൂ. അതുകൊണ്ട് വിശ്വനും തൈജസനും രണ്ടു ദോഷങ്ങളുമുണ്ട്, സുഷുപ്തിയിൽ അന്യഥാഗ്രഹ

Digitization by Arya Samaj Charitable Foundation, Chennai

ണമില്ലാത്തതിനാൽ അഗ്രഹണരൂപമായ നിദ്രമാത്രമേയുള്ളു. അവസ്ഥാത്രയത്തെ അതിക്രമിച്ച തുര്യനിലാകട്ടെ സത്യവസ്തുവിൻെറ ശരിയായ ജ്ഞാനമുള്ളതുകൊണ്ടു് ഈ രണ്ടു ദോഷങ്ങളുമില്ല. ''കാര്യ്യകാരണബദ്ധൗ....'' എന്ന പതിനൊന്നാം കാരികയുടെതന്നെ ഒരു വിവരണമാണിതു്.

അന്യഥാ ഗൃഹ്ണതഃ സ്വപ്നോ
നിദ്രാ തത്ത്വമജാനതഃ
വിപര്യാസേ തയോഃ ക്ഷീണേ
തുരീയം പദമശ്നുതേ. 15

തത്ത്വം = പരമാത്മവസ്തുവിനെ, അന്യഥാ = മറെറാരുവിധത്തിൽ, ഗൃഹ്ണതഃ = മനസ്സിലാക്കുന്നവന്നു്, സ്വപ്നം = സ്വപ്നമുണ്ടാകുന്നു; അജാനതഃ = അറിയാത്തവന്നു്, നിദ്രാ = നിദ്രയുണ്ടാകുന്നു. തയോഃ = അവയുടെ, വിപര്യാസേ = വ്യത്യാസം, ക്ഷീണേ = നശിക്കുമ്പോൾ, തുരീയം = നാലാമത്തേതായ, പദം = സ്ഥാനത്തെ, അശ്നുതേ = അനുഭവിക്കുന്നു.

പരമാത്മവസ്തുവിനെ, മറെറാരുവിധത്തിൽ ഗ്രഹിക്കുമ്പോൾ സ്വപ്നവും, ഗ്രഹിക്കാതിരിക്കുമ്പോൾ നിദ്രയുമുണ്ടാകുന്നു. ഈ രണ്ടു ഭേദങ്ങളും അസ്തമിക്കുമ്പോൾ തുരീയഭാവത്തെ അനുഭവിക്കുന്നു.

കുറിപ്പ്: വിശ്വനെയും തൈജസനെയും ചേർത്താണു് സ്വപ്നഃ എന്നു പറഞ്ഞിരിക്കുന്നതു്. ഇരുട്ടിൽ കയറു കാണുമ്പോൾ ആദ്യം കയറെന്നു് അറിയായ്മ ഉണ്ടാകുന്നു. പിന്നീടു് അതിൽ പാമ്പെന്ന ബോധമുണ്ടാകുന്നു. സർപ്പമെന്ന തെററിദ്ധാരണയുണ്ടാകുന്ന അവസ്ഥയാണു് വിശ്വനും തൈജസനും. സർപ്പബോധമുണ്ടാകുന്നതിന്നു മുമ്പു് കയറെന്ന ബോധമില്ലാതിരിക്കുന്ന അവസ്ഥയാണു പ്രാജ്ഞൻ. അഗ്രഹണമാകുന്ന കാരണം മാത്രമേ സുഷുപ്തിയിലുള്ളു. അന്യഥാഗ്രഹണമാകുന്ന കാര്യവുംകൂടി ഉണ്ടു് സ്വപ്നത്തിലും ജാഗ്രത്തിലും. ഇതെല്ലാം അജ്ഞാനജന്യമാണു്. ജ്ഞാനം നേടുമ്പോൾ

Digitization by Arya Samaj Charitable Foundation, Chennai

ഈ വ്യത്യാസങ്ങളെല്ലാം ഇല്ലാതാകുന്നു. അപ്പോഠം തുരീയത്തിന്റെ അനുഭവമുണ്ടാകുന്നു.

> അനാദിമായയാ സുപ്തോ
> യദാ ജീവഃ പ്രബുധ്യതേ
> അജമനിദ്രമസ്വപ്ന-
> മദ്വൈതം ബുധ്യതേ തദാ. 16

അനാദിമായയാ = അനാദിയായ മായയാൽ, സുപ്തഃ = ഉറങ്ങിക്കിടക്കുന്ന, ജീവഃ = ജീവൻ, യദാ = എപ്പോഠം, പ്രബുദ്ധ്യതേ = ഉണരുന്നുവോ, തദാ = അപ്പോഠം, അജം = ജനനമില്ലാത്തവനും, അനിദ്രം = നിദ്രയില്ലാത്തവനും, അസ്വപ്നം = സ്വപ്നമില്ലാത്തവനും, അദ്വൈതം = രണ്ടില്ലാത്തവനുമായ, (തുരീയം = തുരീയനായി), ബുദ്ധ്യതേ = അറിയുന്നു.

അനാദിയായ മായയിൽപ്പെട്ടു് ഉറങ്ങിക്കിടക്കുന്ന ജീവൻ അതിൽനിന്നും ഉണരുമ്പോഠം ജനനമോ നിദ്രയോ സ്വപ്നമോ ദ്വൈതമോ ഒന്നുമില്ലാത്ത തുരീയനാണു് താനെന്നു് അറിയുന്നു.

കുറിപ്പു്: തുരീയൻതന്നെയാകുന്നു ജീവനായി ലോകത്തിൽ സംസരിക്കുന്നതു്. അതിന്നുള്ള കാരണം അനാദികാലംമുതലുള്ള മായയിൽപ്പെട്ടു് ബോധം നശിക്കുന്നതാണു്. ഞാൻ എന്നും എന്റെ എന്നുമുള്ള രണ്ടു ഭാവങ്ങളാകുന്നു മായാകാര്യങ്ങഠം. അവയുടെ ഫലമായി സുഖദുഃഖാദ്യനുഭവങ്ങളിൽപ്പെട്ടു് തപിച്ചുകൊണ്ടിരിക്കുന്ന ജീവൻ പുണ്യകർമ്മങ്ങളുടെ ഫലമായ ആത്മജ്ഞാനം സിദ്ധിച്ച ഒരു ഗുരുവിനെ കണ്ടുമുട്ടുവാനിടവരുന്നു. ആ ഗുരുവിൽനിന്നു ലഭിക്കുന്ന തത്ത്വോപദേശത്തിന്റെ ഫലമായി അജ്ഞാനനിദ്രയിൽനിന്നും അവൻ ഉണരുന്നു. അപ്പോഠം തനിക്കു് ഇതേവരെ ഉണ്ടായിരുന്ന അനുഭവങ്ങളെല്ലാം മിഥ്യയായിരുന്നു എന്നും തന്റെ യഥാർത്ഥസ്വഭാവം അറിയാത്തതുകൊണ്ടാണു് ഈ അനുഭവങ്ങളിൽക്കൂടി സംസരിക്കേണ്ടിവന്നതെന്നും അവന്നറിവാൻ കഴിയുന്നു. അങ്ങനെ ജന്മം മുതലായ ബാഹ്യമോ ആഭ്യന്തരമോ ആയ യാതൊരു

Digitization by Arya Samaj Charitable Foundation, Chennai

വികാരവുമില്ലാത്തതും, അവിദ്യാതമോബീജമായ നിദ്രയിൽനിന്നും അന്യഥാഗ്രഹണരൂപമായ സ്വപ്നത്തിൽനിന്നും അതീതവും, ഏകവും അദ്വയവുമായ ആത്മാവാണ് താൻ എന്ന സാക്ഷാത്കാരമുണ്ടാകുന്നതുതന്നെയാണ് തുരീയാനുഭവമെന്നു പറയുന്നത്. ഈ തത്ത്വബോധത്തിന്റെ അഭാവമാണ് മായാകാര്യങ്ങളിൽപ്പെട്ട് സംസരിക്കുവാൻ കാരണമായിത്തീർന്നിരുന്നത്.

> പ്രപഞ്ചോ യദി വിദ്യേത
> നിവർത്തേത ന സംശയഃ
> മായാമാത്രമിദം ദ്വൈത-
> മദ്വൈതം പരമാർത്ഥതഃ. 17

പ്രപഞ്ചഃ = പ്രപഞ്ചം, വിദ്യേത യദി = ഉണ്ടെങ്കിൽ, നിവർത്തേത = നിവർത്തിക്കും, ന സംശയഃ = സംശയമില്ല. ഇദം ദ്വൈതം = ഈ ദ്വൈതം, മായാമാത്രം = കേവലം മായയാകുന്നു. അദ്വൈതം = അദ്വൈതമാകുന്നു, പരമാർത്ഥതഃ = പരമാർത്ഥത്തിൽ, (അസ്തി = ഉള്ളത്.)

പ്രപഞ്ചം ഉള്ളതാണെങ്കിൽ അതു നിവർത്തിക്കുകതന്നെ ചെയ്യും, സംശയമില്ല. പക്ഷേ ഈ ദ്വൈതപ്രപഞ്ചം വെറും മായ മാത്രമാകുന്നു. യഥാർത്ഥത്തിലുള്ളത് അദ്വൈതമാകുന്നു.

കുറിപ്പ്: ഈ പ്രപഞ്ചം നിലനില്ക്കുമ്പോൾ എങ്ങനെയാണ് തുരീയം അദ്വൈതമാവുക? പ്രപഞ്ചം ഇല്ലാതായാലല്ലാതെ തുരീയാനുഭവം ഉണ്ടാവുകയുമില്ലല്ലൊ? അപ്പോൾ മുൻകാരികയിൽ 'അദ്വൈതം ബുധ്യതേ' എന്നു പറഞ്ഞതു് എങ്ങനെ ശരിയാകും? ഈ ചോദ്യങ്ങൾക്കുള്ള സമാധാനമാണ് ഇവിടെ പറയുന്നത്. പ്രപഞ്ചം വാസ്തവത്തിലുള്ളതാണെന്നു തോന്നുന്നെങ്കിൽ, അദ്വൈതാനുഭൂതിക്ക് അതു നിവർത്തിക്കുകതന്നെ വേണം. സംശയമില്ല. പക്ഷേ ഈ പ്രപഞ്ചത്തിന്റെ സ്ഥിതി രജ്ജുസർപ്പംപോലെയാണ്. രജ്ജുവിനെപ്പററി അറിയാതിരിക്കുമ്പോൾ അവിടെ സർപ്പമാണ് ഉള്ളതു്. അതുപോലെ ആത്മാവിനെപ്പററി അറിയാതിരിക്കു

Digitization by Arya Samaj Charitable Foundation, Chennai

മ്പോഠം പ്രപഞ്ചമുണ്ട്. രജ്ജുവിനെ അറിഞ്ഞുകഴിഞ്ഞാൽ പിന്നെ അവിടെ സപ്പ്മില്ല. അതുപോലെ ആത്മാവിനെ അറിഞ്ഞു കഴിഞ്ഞാൽ പിന്നെ പ്രപഞ്ചവുമില്ല. ഭ്രാന്തിനിമിത്തം കല്പിത മായ സപ്പം ഉണ്ടായിരുന്നിട്ട് വിവേകംകൊണ്ട് നിവത്തിക്കുക യല്ല ചെയ്യുന്നതു്. അതുപോലെ അവിദ്യാകല്പിതമായ പ്രപ ഞ്ചവും ഉണ്ടായിരുന്നിട്ട് തത്ത്വജ്ഞാനത്താൽ നിവത്തിക്കുകയല്ല ചെയ്യുന്നതു്. തുരീയാനന്ദവേം ഉണ്ടാകുന്നവക്ക് പ്രപഞ്ചഭ്രമം ഇല്ലാ തായിത്തീരുന്നു. അതുകൊണ്ട് ഈ നാനാത്വപ്രപഞ്ചം മായാവി യുടെ ഇന്ദ്രജാലംപോലെ വെറും മായ മാത്രമാണ്. ഇല്ലാത്ത വസ്തു ക്കളെ ഉണ്ടെന്നു തോന്നിക്കുകയാകുന്നു മായാവിയും ചെയ്യുന്നതു്. വാസ്തവത്തിലുള്ളതു് മായാവി മാത്രമാണ്. അതുപോലെ പരമാ ത്ഥത്തിലുള്ളതു് അദ്വൈതം മാത്രമാകുന്നു. മറെറല്ലാം മായാകല്പിത മാണെന്നത്ഥം.

വികല്പോ വിനിവത്തേത
കല്പിതോ യദി കേനചിത്
ഉപദേശാദയം വാദോ
ജ്ഞാതേ ദ്വൈതം ന വിദ്യതേ. 18

കേനചിത് = എന്തെങ്കിലും കാരണംകൊണ്ട്, വികല്പഃ = ഗുരു, ശിഷ്യൻ, ശാസ്ത്രം എന്നുള്ള വികല്പം, കല്പിതഃ യദി = കല്പിക്ക പ്പെട്ടിട്ടുണ്ടെങ്കിൽ, വിനിവത്തേത = (അതും) നിവത്തിക്കും. ഉപ ദേശാത് = ഉപദേശത്തിന്നുവേണ്ടിയാണ്, അയം വാദഃ = ഈ വാദം. ജ്ഞാതേ = ജ്ഞാനം സിദ്ധിച്ചാൽ, ദ്വൈതം = ദ്വൈതം, ന വിദ്യതേ = ഇല്ല.

എന്തെങ്കിലും കാരണവശാൽ ഗുരു, ശിഷ്യൻ, ശാസ്ത്രം എന്ന വികല്പം കല്പിക്കുന്നുണ്ടെങ്കിൽ അതും നിവത്തിക്കും. കാരണം ഉപദേശത്തിന്നുവേണ്ടിയാണ് ആ ത്രിപുടീഭേദം കല്പിക്കുന്നതു്. ജ്ഞാനം സിദ്ധിച്ചു കഴിഞ്ഞാൽ ആ ദ്വൈതബുദ്ധി ഉണ്ടാവുകയില്ല.

കുറിപ്പ്: ആചാര്യൻ ശിഷ്യന്നു് ശാസ്ത്രോപദേശം ചെയ്യുമ്പോഴാ ണല്ലൊ ജ്ഞാനമുണ്ടാകുന്നതു്. അപ്പോഠം ഈ ഭേദം പിന്നെയും നില്

Digitization by Arya Samaj Charitable Foundation, Chennai

നില്ലുന്നതിനാൽ അദ്വൈതമെന്നു പറയുന്നതു് എങ്ങനെ ശരിപ്പെടും? ഈ ചോദ്യത്തിന്നുള്ള സമാധാനം: ഈ വികല്പം ഉപദേശകാലത്തു മാത്രമേ നിലനില്ലുന്നുള്ളു. ജ്ഞാനസിദ്ധിക്കുള്ള ഉപായമായി ഇതെല്ലാം ഉണ്ടാകുമെങ്കിലും ഉപദേശഫലമായി തത്ത്വബോധം ഉണ്ടായിക്കഴിയുമ്പോൾ ഗുരു ശിഷ്യൻ ശാസ്ത്രം എന്ന ഭേദബോധം ഉണ്ടാവുകയില്ല. അദ്വൈതം മാത്രമാണവിടെ അനുഭവപ്പെടുന്നതു്.

വിശ്വസ്യാത്വവിവക്ഷായാ-
മാദിസാമാന്യമുത്കടം
മാത്രാസംപ്രതിപത്തൗ സ്യാ-
ദാപ്തസാമാന്യമേവ ച. 19

വിശ്വസ്യ = വിശ്വന്നു്, അത്വവിവക്ഷായാം = അകാരമാണെന്നുള്ള വിവക്ഷയിൽ, ആദിസാമാന്യം = ആദിയാണെന്നുള്ള സാദൃശ്യം, ഉത്കടം = സ്പഷ്ടമാകുന്നു. മാത്രാസംപ്രതിപത്തൗ = മാത്രയായി വിവക്ഷിക്കുമ്പോൾ, ആപ്തിസാമാന്യം ഏവ ച = വ്യാപ്തിയാകുന്ന സാദൃശ്യവും, സ്യാത് = ഭവിക്കും.

ഓങ്കാരോപാസനയിൽ വൈശ്വാനരനെ അകാരമായി വിവക്ഷിക്കുമ്പോൾ ആദിയാണെന്നുള്ള സാദൃശ്യമുണ്ടാകുന്നു. ആദ്യമാത്രയായി സങ്കല്പിക്കുമ്പോൾ വ്യാപ്തിയാകുന്ന സാദൃശ്യവും വ്യക്തമാകുന്നു.

കുറിപ്പു്: എട്ടു മുതൽ പതിനൊന്നു വരെയുള്ള മന്ത്രങ്ങളുടെ വ്യാഖ്യാനമാണു് ഇനിയുള്ള അഞ്ചു കാരികകൾ. ആത്മാവിന്റെ നാലു പാദങ്ങളെപ്പററി വിവരിച്ചതിന്നുശേഷം ആത്മസാക്ഷാത്കാരത്തിന്നു് പ്രണവോപാസനയെ എങ്ങനെ സഹായകമാക്കാമെന്നു് ഇനി വിവരിക്കുന്നു. അ, ഉ, മ—എന്ന മൂന്നു് അക്ഷരങ്ങൾ ചേർന്നതാണു് ഓം എന്ന അക്ഷരം അല്ലെങ്കിൽ പ്രണവം. വായ തുറക്കുമ്പോൾ അ എന്ന അക്ഷരവും അടയ്ക്കുമ്പോൾ മ എന്ന അക്ഷരവും ഉണ്ടാകുന്നു. അതിന്നു മധ്യത്തിലുണ്ടാകുന്നവയാണു് മററു് അക്ഷരങ്ങളെല്ലാം. അപ്പോൾ ഓം എന്നതു് ശബ്ദപ്രപഞ്ചത്തിന്റെ മുഴുവൻ പ്രതീകമായിരിക്കുന്നു. ശബ്ദംകൊണ്ടു വ്യവഹരിക്കപ്പെടുന്നവയാകുന്ന

Digitization by Arya Samaj Charitable Foundation, Chennai

രൂപങ്ങളം. അതായതു് ശബ്ദം അഭിധാനവും രൂപം അഭിധേയവും. അവതമ്മിലുള്ള അഭേദം സ്പഷ്ടമാണല്ലോ. രൂപപ്രപഞ്ചത്തിൻെറ അനുഭവം ഉണ്ടാകുന്നതു് വിശ്വൻ, തൈജസൻ, പ്രാജ്ഞൻ എന്ന അവസ്ഥകളിലാണു്. അതുകൊണ്ടു് അ, ഉ, മ എന്ന ഓങ്കാരത്തിത്തിൻെറ മൂന്നു മാത്രകളെ വിശ്വൻ, തൈജസൻ, പ്രാജ്ഞൻ എന്ന ആത്മാവിൻെറ മൂന്നുപാദങ്ങളുമായി താദാത്മ്യപ്പെടുത്താവുന്നതാണു്. അങ്ങനെ താദാത്മ്യപ്പെടുത്തുമ്പോഴുള്ള സാദൃശ്യത്തെപ്പററിയാണു് ഇവിടെ വിവരിക്കുന്നതു്. അക്ഷരങ്ങളെത്തന്നെയാണു മാത്രകളായും പറയുന്നതു്. ആദിമത്ത്വവും സർവ്വവ്യാപകത്വവും അകാരത്തിനും വിശ്വനുമുള്ള സാമാന്യധർമ്മമായി പറഞ്ഞിരിക്കുന്നു. (ഉപനിഷത്തിലെ ഒമ്പതാം മന്ത്രത്തിൻെറ കുറിപ്പു് നോക്കുക. പേജ്. 26.)

തൈജസസ്യോത്വവിജ്ഞാന
ഉത്കർഷോ ദൃശ്യതേ സ്ഫുടം
മാത്രാസംപ്രതിപത്തൗ സ്യാ-
ദുഭയത്വം തഥാവിധം. 20

തൈജസസ്യ = തൈജസനു്, ഉത്വവിജ്ഞാനേ = ഉകാരമാണെന്നുള്ള വിവക്ഷയിൽ, ഉത്കർഷഃ = ഉത്കർഷം, സ്ഫുടം = സ്പഷ്ടമായി, ദൃശ്യതേ = കാണപ്പെടുന്നു. മാത്രാസംപ്രതിപത്തൗ = മാത്രയായി വിവക്ഷിക്കുമ്പോൾ, ഉഭയത്വം = രണ്ടുവശത്തേയ്ക്കും ചേരുക എന്ന ഭാവവും, തഥാവിധം = അപ്രകാരംതന്നെ, സ്യാത് = ഭവിക്കും.

ഓങ്കാരോപാസനയിൽ തൈജസനെ ഉകാരമായി വിവക്ഷിക്കുമ്പോൾ ഉത്കർഷമെന്ന സാദൃശ്യമുണ്ടാകുന്നു. രണ്ടാമത്തെ മാത്രയായി സങ്കല്പിക്കുമ്പോൾ ഉഭയത്വം എന്ന സാദൃശ്യവും സ്പഷ്ടമാകുന്നു.

കുറിപ്പു്: ഉത്കർഷവും ഉഭയത്വവും എങ്ങനെ ഉണ്ടാകുന്നുവെന്നുള്ളതു് പത്താമത്തെ മന്ത്രത്തിൻെറ കുറിപ്പിൽ വ്യക്തമാക്കിയിട്ടുള്ളതു നോക്കുക. (പേജ് 28.)

Digitization by Arya Samaj Charitable Foundation, Chennai

മകാരഭാവേ പ്രാജ്ഞസ്യ
മാനസാമാന്യമുത്കടം
മാത്രാസംപ്രതിപത്തൗ തു
ലയസാമാന്യമേവ ച. 21

പ്രാജ്ഞസ്യ = പ്രാജ്ഞന്ന്, മകാരഭാവേ = മകാരമാണെന്ന വിവക്ഷയിൽ, മാനസാമാന്യം = മാനരൂപമായ സാദൃശ്യം, ഉത്കടം = സ്പഷ്ടമായിരിക്കുന്നു. മാത്രാസംപ്രതിപത്തൗ തു = മാത്രയായി വിവക്ഷിക്കുമ്പോഴാകട്ടെ. ലയസാമാന്യം ഏവ ച = ലയരൂപമായ സാദൃശ്യവും, ഉത്കടം = സ്പഷ്ടമാകുന്നു.

ഓങ്കാരോപാസനയിൽ പ്രാജ്ഞനെ മകാരമായി വിവക്ഷിക്കുമ്പോൾ മാനരൂപമായ സാദൃശ്യവും മൂന്നാമത്തെ മാത്രയായി സങ്കല്പിക്കുമ്പോൾ ലയരൂപമായ സാദൃശ്യവും സ്പഷ്ടമാകുന്നു.

കുറിപ്പ്: മാനമെന്നാൽ അളക്കൽ എന്നർത്ഥം. ലയമെന്നാൽ ഏകീഭവിക്കുക, ഒന്നായിച്ചേരുക എന്നർത്ഥം. ഇതു രണ്ടും എങ്ങനെ പ്രാജ്ഞന്റെയും മകാരത്തിന്റെയും സാമാന്യധർമ്മങ്ങളായിത്തീരുന്നുവെന്നുള്ളതു പതിനൊന്നാം മന്ത്രത്തിന്റെ കുറിപ്പിൽ വ്യക്തമാക്കിയിട്ടുള്ളതു് നോക്കുക (പേജ് 29.)

ത്രിഷു ധാമസു യസ്തുല്യം
സാമാന്യം വേത്തി നിശ്ചിതഃ
സ പൂജ്യഃ സർവ്വഭൂതാനാം
വന്ദ്യശ്ചൈവ മഹാമുനിഃ. 22

യഃ തു = യാതൊരുത്തനാകട്ടെ, ത്രിഷു = മൂന്ന്, ധാമസു = സ്ഥാനങ്ങളിലും, തുല്യം = തുല്യമായിട്ടുള്ള, സാമാന്യം = സാമാന്യധർമ്മങ്ങളെ, നിശ്ചിതഃ = നിശ്ചയത്തോടുകൂടിയവനായി, വേത്തി = അറിയുന്നുവോ, സഃ = അവൻ, സർവ്വഭൂതാനാം = എല്ലാ ഭൂതങ്ങൾക്കും, പൂജ്യഃ = പൂജിക്കപ്പെടേണ്ടവനും, വന്ദ്യഃ ച = വന്ദിക്കപ്പെടേണ്ടവനുമായ, മഹാമുനിഃ ഏവ = മഹാമുനിയായിത്തന്നെ, (ഭവതി = ഭവിക്കുന്നു.)

Digitization by Arya Samaj Charitable Foundation, Chennai

ജാഗ്രത്, സ്വപ്നം, സുഷുപ്തം എന്ന മൂന്നു സ്ഥാനങ്ങളിലെ വിശ്വൻ, തൈജസൻ, പ്രാജ്ഞൻ എന്നിവക്കും ഓങ്കാരത്തിലെ അ, ഉ, മ എന്ന മാത്രകൾക്കും തുല്യങ്ങളായ സാമാന്യധർമ്മങ്ങളെ, യാതൊരു സംശയവുമില്ലാത്ത വിധത്തിൽ അറിയുന്നവൻ ലോകത്തിൽ എല്ലാവക്കും വന്ദ്യനും പൂജ്യനുമായ ബ്രഹ്മജ്ഞാനിയായി ഭവിക്കുന്നു.

കുറിപ്പ്: മൂന്നു സ്ഥാനങ്ങളെ ശരിയായറിയുന്നവനു് ഇവയുടെ മിഥ്യാത്വം മനസ്സിലാക്കുവാൻ വിഷമമില്ല. വന്നും പോയുമിരിക്കുന്ന ഈ മൂന്നു് അവസ്ഥകളും ആത്മാവിൻെറ യഥാർത്ഥസ്വരൂപമല്ലെന്നും ഈ അവസ്ഥകളിൽനിന്നു വേറിട്ടു് ഇവയെല്ലാം സാക്ഷിഭൂതനായി നില്ക്കുന്ന ആത്മാവാണു് താനെന്നും അറിയുന്നവനാണു് ആത്മജ്ഞാനി. അ ഉ. മ. എന്ന മൂന്നു മാത്രകളും അമാത്രയിൽ ലയിച്ചു് അവസാനം അമാത്ര മാത്രം ശേഷിക്കുന്നതുപോലെ, വിശ്വനും തൈജസനും ബീജഭൂതമായ പ്രാജ്ഞനിൽ ലയിച്ചു്, പിന്നീടു് ആ പ്രാജ്ഞനും തുരീയനിൽ ഏകീഭവിച്ചു് തുരീയൻ മാത്രം ശേഷിക്കുന്നു. ഒരു നടൻ പല വേഷങ്ങളും കെട്ടി അരങ്ങത്തു് അഭിനയിച്ചു് അവസാനം ആ വേഷങ്ങളെല്ലാം കളഞ്ഞു് നടനായി മാത്രം ശേഷിക്കുന്നതുപോലെയാണതു്. സത്യം സാക്ഷാത്കരിക്കുന്നവൻ പിന്നീടു് ഭ്രമജന്യങ്ങളായ അവസ്ഥകളിൽ ഭ്രമിക്കുന്നില്ല. പരമാത്മഭാവം പ്രാപിച്ചിട്ടുള്ള ആ ജ്ഞാനിയെ ലോകം മുഴുവൻ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നു.

അകാരോ നയതേ വിശ്വ-
മുകാരശ്ചാപി തൈജസം
മകാരശ്ച പുനഃ പ്രാജ്ഞം
നാമാത്രേ വിദ്യതേ ഗതിഃ. 23

അകാരഃ = അകാരം, വിശ്വം = വിശ്വനെ, നയതേ = പ്രാപിപ്പിക്കുന്നു. ഉകാരഃ = ഉകാരം, തൈജസം ച അപി = തൈജസനെയും, പുനഃ = പിന്നെ മകാരഃ = മകാരം, പ്രാജ്ഞം ച=പ്രാജ്ഞനെയും. നയതേ = പ്രാപിപ്പിക്കുന്നു അമാത്രേ = അമാത്രത്തിൽ ഗതിഃ = ഗതി, ന വിദ്യതേ = ഇല്ല.

Digitization by Arya Samaj Charitable Foundation, Chennai

അകാരം വിശ്വനെയും, ഉകാരം തൈജസനെയും, മകാരം പ്രാജ്ഞനെയും പ്രാപിപ്പിക്കുന്നു. നാലാമത്തേതായ അമാത്രയിൽ എത്തിയാൽ പിന്നെ ഗതിയുണ്ടാകുന്നില്ല.

കുറിപ്പ്: മേൽ പറഞ്ഞ സാമാന്യധർമ്മങ്ങളറിഞ്ഞ് ഓങ്കാരോപാസന ചെയ്യുന്നവർക്കുണ്ടാകുന്ന ഫലം ഇതിൽ വ്യക്തമാക്കുന്നു. അകാരത്തെ പ്രധാനമാക്കി ഉപാസിക്കുന്നവൻ സമഷ്ടിരൂപത്തിൽ വിരാട്ടും വ്യഷ്ടിരൂപത്തിൽ വൈശ്വാനരനുമായിത്തീരുന്നു. ഇതു രണ്ടും ജാഗ്രത്തിലെ സ്ഥൂലപ്രപഞ്ചത്തിലെ ഭാവങ്ങളാണ്. ഉകാരത്തെ പ്രധാനമാക്കി ഉപാസിക്കുന്നവൻ സമഷ്ടിരൂപത്തിൽ ഹിരണ്യഗർഭനും വ്യഷ്ടിരൂപത്തിൽ തൈജസനുമായിത്തീരുന്നു. ഇതു രണ്ടും സ്വപ്നത്തിലെ സൂക്ഷ്മപ്രപഞ്ചത്തിലെ ഭാവങ്ങളാണ്. മകാരത്തെ പ്രധാനമാക്കി ഉപാസിക്കുന്നവൻ സമഷ്ടിരൂപത്തിൽ ഈശ്വരനും വ്യഷ്ടിരൂപത്തിൽ പ്രാജ്ഞനുമായിത്തീരുന്നു. ഇവ സുഷുപ്തിയിൽ ബീജരൂപമായി നില്ക്കുന്ന ഭാവങ്ങളാണ്. ഓങ്കാരത്തെ സമഗ്രമായെടുത്ത് ഉപാസിക്കുന്നവൻ ഈ മൂന്നു ഭാവങ്ങളെയും ക്രമത്തിൽ ലയിപ്പിച്ച് നാലാമത്തേതായ അമാത്രയിൽ അതായതു് തുരീയനിൽ പ്രവേശിക്കുന്നു. അവിടെ നിർബീജവും നിർവ്വികാരവുമായ അവസ്ഥയെ സാക്ഷാത്കരിക്കുന്നതിനാൽ പിന്നീട് ഗതിയുണ്ടാകുന്നില്ല. ഇത്രയുംകാലം ഓം എന്ന രൂപത്തിൽ അറിഞ്ഞിരുന്നതു് ശുദ്ധമായ ബ്രഹ്മംതന്നെയാണെന്ന ബോധം അവനുണ്ടാകുന്നു.

ഓങ്കാരം പാദശോ വിദ്യാത്
പാദാ മാത്രാ ന സംശയഃ
ഓങ്കാരം പാദശോ ജ്ഞാത്വാ
ന കിഞ്ചിദപി ചിന്തയേത്. 24

ഓങ്കാരം = ഓങ്കാരത്തെ, പാദശഃ = പാദങ്ങളായി, വിദ്യാത് = അറിയണം. പാദാഃ = പാദങ്ങൾ, മാത്രാഃ = മാത്രകളാകുന്നു. ന സംശയഃ = സംശയമില്ല. ഓങ്കാരം = ഓങ്കാരത്തെ, പാദശഃ = പാദങ്ങളായി, ജ്ഞാത്വാ = അറിഞ്ഞിട്ട്, കിംചിത് അപി = ഒന്നും തന്നെ, ചിന്തയേത് ന = ചിന്തിക്കുകയില്ല.

Digitization by Arya Samaj Charitable Foundation, Chennai

ഓങ്കാരത്തെ പാദങ്ങളായറിയണം. പാദങ്ങൾ മാത്രകൾതന്നെയാകുന്നു, സംശയമില്ല. ഓങ്കാരത്തെ പാദങ്ങളായറിഞ്ഞു് ഉപാസിക്കുന്നവൻ പിന്നെ ഒന്നുംതന്നെ ചിന്തിക്കുകയില്ല.

കുറിപ്പു്: ഓങ്കാരത്തിന്റെ മാത്രകളും ആത്മാവിന്റെ പാദങ്ങളും തമ്മിലുള്ള അഭേദത്തെ അറിഞ്ഞു് ഉപാസിക്കുന്നവൻ ഓങ്കാരോപാസനയുടെ ഫലമായി ആത്മസാക്ഷാത്കാരം സിദ്ധിച്ചു് കൃതകൃത്യനാകുന്നതിനാൽ ദൃഷ്ടമോ അദൃഷ്ടമോ ആയ യാതൊരു പ്രയോജനത്തെയും പററി പിന്നെ ചിന്തിക്കുകയില്ല.

യുഞ്ജീത പ്രണവേ ചേതഃ
പ്രണവോ ബ്രഹ്മ നിർഭയം
പ്രണവേ നിത്യയുക്തസ്യ
ന ഭയം വിദ്യതേ ക്വചിത്. 25

പ്രണവേ = ഓങ്കാരത്തിൽ, ചേതഃ = മനസ്സിനെ, യുഞ്ജീത = യോജിപ്പിക്കണം. പ്രണവഃ = ഓങ്കാരം, നിർഭയം = ഭയരഹിതമായ ബ്രഹ്മ = ബ്രഹ്മമാകുന്നു. പ്രണവേ = ഓങ്കാരത്തിൽ, നിത്യയുക്തസ്യ = എപ്പോഴും മനസ്സിനെ ഏകാഗ്രമാക്കിയവന്നു്, ക്വചിത് = ഒരിടത്തും, ഭയം = ഭയം, ന വിദ്യതേ = ഉണ്ടാകുന്നില്ല.

പ്രണവത്തിൽ മനസ്സിനെ ഏകാഗ്രമാക്കണം. പ്രണവം നിർഭയമായ ബ്രഹ്മംതന്നെയാകുന്നു. പ്രണവത്തിൽ മനസ്സിനെ ഏകാഗ്രമാക്കിയവന്നു് ഒരിടത്തും ഭയമുണ്ടാകുകയില്ല.

കുറിപ്പു്: ബ്രഹ്മം അദ്വയമായതുകൊണ്ടു് ഒരിടത്തുനിന്നും ഭയം ഉണ്ടാകുവാനില്ല. അങ്ങനെയുള്ള ബ്രഹ്മവും ഓങ്കാരവും തമ്മിലുള്ള അഭേദത്തെ മനസ്സിലുറപ്പിച്ചു് ഓങ്കാരോപാസന ചെയ്യുന്നവൎക്കു് എളുപ്പത്തിൽ ബ്രഹ്മജ്ഞാനം സിദ്ധിക്കുന്നു. ഏകവും അദ്വയവുമായ ബ്രഹ്മത്തെ സാക്ഷാത്കരിക്കുന്നവൎക്കു് പിന്നെ ഭയത്തിന്നവകാശമില്ലല്ലൊ. ''വിദ്വാൻ ന ബിഭേതി കുതശ്ചന'' (ബ്രഹ്മ

Digitization by Arya Samaj Charitable Foundation, Chennai

ത്തെ അറിയുന്നവൻ ഒന്നിൽനിന്നും ഭയപ്പെടുകയില്ല) എന്ന ശ്രുതിയും ഇതേ ആശയംതന്നെ പറയുന്നു. അതുകൊണ്ട് പ്രണവത്തിൽ മനസ്സിനെ ഉറപ്പിയ്ക്കുവാൻ ശ്രമിക്കേണ്ടതാണ് എന്നർത്ഥം.

പ്രണവോ ഹ്യപരം ബ്രഹ്മ
പ്രവണശ്ച പരഃ സ്മൃതഃ
അപൂർവ്വോഽനന്തരോഽബാഹ്യോഽ-
നപരഃ പ്രണവോഽവ്യയഃ. 26

പ്രണവഃ = പ്രണവം, അപരം ബ്രഹ്മ ഹി = അപരബ്രഹ്മമാണല്ലോ. പ്രണവഃ = പ്രണവം, പരഃ ച = പരബ്രഹ്മമായിട്ടും, സ്മൃതഃ = സ്മരിക്കപ്പെട്ടിരിക്കുന്നു. പ്രണവഃ = പ്രണവം, അപൂർവ്വഃ = മുമ്പ് ഒന്നുമില്ലാത്തതും, അനന്തരഃ = വ്യത്യസ്തമായി മറ്റൊന്നുമില്ലാത്തതും, അബാഹ്യഃ = തന്നിൽനിന്ന് ബാഹ്യമായി ഒന്നുമില്ലാത്തതും, അനപരഃ = തനിക്കുശേഷം ഒന്നുമില്ലാത്തതും, അവ്യയഃ = നാശമില്ലാത്തതും ആകുന്നു.

ഓങ്കാരം അപരബ്രഹ്മവും പരബ്രഹ്മവുമായി പറയപ്പെട്ടിരിക്കുന്നു. ആ ഓങ്കാരംതന്നെ മുമ്പ് കാരണമായി മറ്റൊന്നുമില്ലാത്തതും, തന്നിൽനിന്ന് വിജാതീയമോ സജാതീയമോ ആയി വേറൊന്നുമില്ലാത്തതും, തന്നിൽനിന്നു ബാഹ്യമായിഒന്നുമില്ലാത്തതും, കാര്യമായിതനിക്കുശേഷം മറ്റൊന്നുമുണ്ടാകാത്തതും, നാശമില്ലാത്തതുമാകുന്നു.

കുറിപ്പ്: മന്ദമധ്യമാധികാരികൾ ഓങ്കാരത്തെ പരാപരബ്രഹ്മരൂപത്തിൽ ധ്യാനിക്കുന്നു; അതായത് അപരബ്രഹ്മത്തെ (സഗുണബ്രഹ്മത്തെ) ഉപാസിച്ച് ക്രമത്തിൽ പരബ്രഹ്മത്തിൽ (നിർഗ്ഗുണബ്രഹ്മത്തിൽ) എത്തിച്ചേരുന്നു. എന്നാൽ ഉത്തമാധികാരികൾക്കാകട്ടെ ഈ ഭേദമില്ല. അവർക്ക് ഓങ്കാരം സത്യവും സനാതനവുമായ പരബ്രഹ്മം മാത്രമാണ്. അപൂർവ്വമെന്നതിന്ന് മുമ്പ് ഇതിന്നു കാരണമായിട്ട് ഒന്നുമുണ്ടായിരുന്നില്ലെന്നർത്ഥം. അനന്തരഃ അബാഹ്യഃ എന്ന രണ്ടു വിശേഷണങ്ങൾ വിജാതീയഭേദംകൊണ്ടോ സജാതീയഭേദംകൊണ്ടോ വേർതിരിക്കാവുന്നതായി ബാഹ്യമായ ഒന്നുമി

Digitization by Arya Samaj Charitable Foundation, Chennai

ല്ലെന്നു കാണിക്കുന്നു. അനപരഃ എന്നാൽ ഇതിൻെറ കാര്യമായിട്ടും മററൊന്നുമുണ്ടായിട്ടില്ലെന്നത്ഥം. വെറും പ്രതീതിമാത്രമായ സൃഷ്ടിക്കു് ഒരുവിധത്തിലുള്ള സത്യത്വവും അവർ അംഗീകരിക്കുന്നില്ലാത്തതിനാൽ ബ്രഹ്മം കാര്യകാരണരഹിതമാകുന്നു.

സവ്വസ്യ പ്രണവോ ഹ്യാദി-
മ്മധ്യമന്തസ്തഥൈവ ച
ഏവം ഹി പ്രണവം ജ്ഞാത്വാ
വ്യശ്നുതേ തദനന്തരം. 27

പ്രണവഃ = പ്രണവം, സർവ്വസ്യ = എല്ലാററിൻെറയും, ആദിഃ= ആദിയും, മധ്യം = മധ്യവും, തഥാ = അപ്രകാരം, അന്തഃ ഏവ ച = അന്തവും, ഭവതി ഹി = ആകുന്നുവല്ലോ. ഏവം ഹി = ഇപ്രകാരം തന്നെ, പ്രണവം = പ്രണവത്തെ, ജ്ഞാത്വാ = അറിഞ്ഞിട്ടു്, തദനന്തരം = അതുമായി ഭേദമില്ലായ്മയെ, വ്യശ്നുതേ = പ്രാപിക്കുന്നു.

ഓങ്കാരം എല്ലാററിൻെറയും ആദിയും മധ്യവും അപ്രകാരം അന്തവുമാകുന്നു. ഇങ്ങനെ പ്രണവത്തെ അറിഞ്ഞാൽ അതുമായി അഭേദം പ്രാപിക്കുന്നു.

കുറിപ്പു്: ഒരു മായാവി ഇന്ദ്രജാലം കാണിക്കുമ്പോൾ ഇന്ദ്രജാലത്തിൽ കാണുന്ന എല്ലാ പദാത്ഥങ്ങളുടെയും ഉദ്ഭവസ്ഥിതിലയങ്ങൾ ആ മായാവിയിലാണല്ലോ. അതുപോലെ രജ്ജുവിൽ സപ്പ്ഭ്രമമുണ്ടാകുമ്പോൾ സപ്പത്തിൻെറ ഉദ്ഭവസ്ഥിതിലയങ്ങൾ രജ്ജുവിലാകുന്നു. അതേപ്രകാരംതന്നെ പ്രതിതിമാത്രമായ ഈ ജഗത്തിൻെറ ഉദ്ഭവസ്ഥിതിലയങ്ങൾ ഓങ്കാരത്തിലാണു്. ഇങ്ങനെ പ്രണവസ്വരൂപമായ ആത്മാവിനെ അറിഞ്ഞാൽ ആത്മാവുമായി ഐക്യം പ്രാപിക്കുന്നു. ഈ പ്രപഞ്ചം മുഴുവൻ ഇന്ദ്രജാലംപോലെയും സപ്പഭ്രമംപോലെയും മിഥ്യയാണെന്നും മായാവിയെപ്പോലെയും രജ്ജുവിനെപ്പോലെയും ആത്മാവു മാത്രമേ സത്യമായുള്ളു എന്നുമുള്ള അറിവാണു് യഥാത്ഥമായ അറിവു്. അതിനെ

Digitization by Arya Samaj Charitable Foundation, Chennai

അനുഭൂതിവിഷയമാക്കുക എന്നതാണ് ജ്ഞാത്വാ എന്നതുകൊണ്ടു് വിവക്ഷിച്ചിരിക്കുന്നതു്.

പ്രണവം ഹീശ്വരം വിദ്യാത്
സർവ്വസ്യ ഹൃദി സംസ്ഥിതം
സർവ്വവ്യാപിനമോങ്കാരം
മത്വാ ധീരോ ന ശോചതി. 28

പ്രണവം = പ്രണവത്തെ. സർവ്വസ്യ = എല്ലാവരുടെയും, ഹൃദി= ഹൃദയത്തിൽ, സംസ്ഥിതം = സ്ഥിതി ചെയ്യുന്ന, ഈശ്വരം ഹി = ഈശ്വരനായിട്ടുതന്നെ, വിദ്യാത് = അറിയണം. ഓങ്കാരം = ഓങ്കാരത്തെ, സർവ്വവ്യാപിനം = സർവ്വവ്യാപിയായി, മത്വാ = മനനം ചെയ്തിട്ടു്, ധീരഃ = ധീരൻ, ന ശോചതി = ദുഃഖിക്കുന്നില്ല.

ഓങ്കാരത്തെ എല്ലാവരുടേയും ഹൃദയത്തിൽ സ്ഥിതി ചെയ്യുന്ന പ്രത്യഗാത്മാവായി അറിയണം. ഓങ്കാരത്തെ സർവ്വവ്യാപിയായി സാക്ഷാത്കരിക്കുന്ന വിവേകിക്കു് ദുഃഖമുണ്ടാകുന്നില്ല.

കുറിപ്പു്: സർവ്വജീവരാശികളുടെയും ഹൃദയത്തിൽ സ്ഥിതി ചെയ്യുന്ന ഈശ്വരനും പ്രണവംതന്നെയാണെന്നറിയണം. ആത്മാവെന്നും ഈശ്വരനെന്നും ബ്രഹ്മമെന്നും പറയുന്നതു് പ്രണവത്തെത്തന്നെയാകുന്നു. അഭിധാനാഭിധേയങ്ങളായ ഓങ്കാരത്തിന്നും ആത്മാവിന്നുമുള്ള അഭേദത്തെയാണിവിടെ കാണിക്കുന്നതു്. ആകാശംപോലെ അകത്തും പുറത്തും ഒരുപോലെ വ്യാപിച്ചിരിക്കുന്ന ആത്മാവായി ഓങ്കാരത്തെ സാക്ഷാത്കരിക്കുന്നവൻ ദുഃഖനിദാനമായ സംസാരത്തിൽനിന്നും മുക്തനായിത്തീരുന്നു. 'തരതി ശോകമാത്മവിത്'' എന്നു് ശ്രുതിയും പറയുന്നുണ്ടു്.

അമാത്രോഽനന്തമാത്രശ്ച
ദ്വൈതസ്യോപശമഃ ശിവഃ
ഓംകാരോ വിദിതോ യേന
സ മുനിർന്നേതരോ ജനഃ. 29

Digitization by Arya Samaj Charitable Foundation, Chennai

അമാത്രഃ = മാത്രാവിഭാഗമില്ലാത്തതും, അനന്തമാത്രഃ = അന്തമില്ലാത്ത മാത്രകളോടുകൂടിയതും, ദ്വൈതസ്യ = ദ്വൈതത്തിന്റെ, ഉപശമഃ = ഉപശമമായിട്ടുള്ളതും, ശിവഃ ച = മംഗളരൂപവുമായ, ഓങ്കാരഃ = ഓങ്കാരം, യേന = യാവനൊരുത്തനാൽ, വിദിതഃ= അറിയപ്പെട്ടിരിക്കുന്നുവോ, സഃ = അവൻ, മുനിഃ = മുനിയാകുന്നു. ഇതരഃ = മററുള്ള, ജനഃ = ജനം, ന (മുനിഃ) = മുനിയല്ല.

മാത്രാവിഭാഗമില്ലാത്തതും മാത്രകം ഇത്രയെന്നു പരിച്ഛേദിക്കുവാൻ സാധിക്കാത്തതും ദ്വൈതപ്രപഞ്ചം ഇല്ലാതായിത്തീരുന്നതിനാൽ മംഗളസ്വരൂപമായിട്ടുള്ളതും ആയ ഓങ്കാരത്തെ സാക്ഷാത്കരിക്കുന്നവനാണ് മുനി. മററുള്ളവരൊന്നും മുനിയാകുന്നില്ല.

കുറിപ്പ്: മാത്രകളായോ പാദങ്ങളായോ ഭാഗിക്കപ്പെടാത്ത ഓങ്കാരസ്വരൂപമായ ബ്രഹ്മം സർവ്വവ്യാപകമാകയാൽ അതിനെ പരിച്ഛേദിക്കുവാൻ സാധിക്കുകയില്ല. അളന്നു കണക്കാക്കുവാനുള്ള ഉപകരണമാണ് മാത്ര. അതുകൊണ്ട് എത്ര അളന്നാലും അന്തം കിട്ടുകയില്ല എന്നാണ് അനന്തമാത്രഃ എന്നതുകൊണ്ടു പറയുന്നത്. ദുഃഖകാരണമായ ദ്വൈതം അവിടെയില്ലാത്തതിനാൽ അതു് ആനന്ദസ്വരൂപമാണെന്നു് ശിവഃ എന്നതു കാണിക്കുന്നു. അങ്ങനെയുള്ള ഓങ്കാരത്തെ സാക്ഷാത്കരിക്കുന്നവനാണ് പരമാർത്ഥതത്ത്വത്തെ മനനം ചെയ്യുന്ന മുനി. ശാസ്ത്രങ്ങളിൽനിന്നോ ആചാര്യന്മാരിൽനിന്നോ എത്രതന്നെ പാഠിച്ചാലും ബുദ്ധികൊണ്ടാലോചിച്ച് എത്രതന്നെ മനസ്സിലാക്കിയാലും അവൻ മുനി എന്ന പേരിന്നർഹനായിത്തീരുന്നില്ല. അവന്റെ ജ്ഞാനം പൂർണ്ണമായിത്തീരുന്നില്ല എന്നു് അർത്ഥം..

ആഗമപ്രകരണം എന്ന ഒന്നാം ഭാഗം കഴിഞ്ഞു.

Digitization by Arya Samaj Charitable Foundation, Chennai

2. വൈതഥ്യപ്രകരണം

വൈതഥ്യം സർവ്വഭാവാനാം
സ്വപ്ന ആഹുർമ്മനീഷിണഃ
അന്തഃസ്ഥാനാത്തു ഭാവാനാം
സംവൃതത്വേന ഹേതുനാ. 1

ഭാവാനാം = പദാർത്ഥങ്ങളുടെ, അന്തഃസ്ഥാനാത് തു = ഉള്ളിലുള്ള സ്ഥാനംകൊണ്ടും, സംവൃതത്വേന ഹേതുനാ = സംവൃതങ്ങളാണെന്നുള്ള കാരണംകൊണ്ടും, മനീഷിണഃ = വിദ്വാന്മാർ, സ്വപ്നേ = സ്വപ്നത്തിലുള്ള, സർവ്വഭാവാനാം = എല്ലാ പദാർത്ഥങ്ങൾക്കും, വൈതഥ്യം= അസത്യത്വത്തെ, ആഹുഃ = പറയുന്നു.

പദാർത്ഥങ്ങൾ ദേഹത്തിന്നുള്ളിൽ സ്ഥിതിചെയ്യുന്നതുകൊണ്ടും സംവൃതങ്ങളായിരിക്കുന്നതുകൊണ്ടും സ്വപ്നത്തിൽ കാണുന്ന പദാർത്ഥങ്ങളെല്ലാം അസത്യമാണെന്ന് വിദ്വാന്മാർ പറയുന്നു.

കുറിപ്പ്: ബ്രഹ്മംമാത്രമേ സത്യമായിട്ടുള്ളു; ദ്വൈതമായി കാണുന്നതെല്ലാം മിഥ്യയാണ് എന്ന് 'ഏകമേവാദ്വിതീയം ബ്രഹ്മ' മുതലായ ശ്രുതികളെ അടിസ്ഥാനപ്പെടുത്തി ഒന്നാം പ്രകരണത്തിൽ പ്രതിപാദിച്ചു. അങ്ങനെ ആഗമത്തെ അടിസ്ഥാനപ്പെടുത്തി മാത്രമല്ല, യുക്തിയെ അടിസ്ഥാനപ്പെടുത്തിനോക്കിയാലും 'ജ്ഞാതേ ദ്വൈതം ന വിദ്യതേ' എന്നു പറഞ്ഞതു ശരിയാണെന്നു സമർത്ഥിക്കുവാനാണ് വൈതഥ്യമെന്ന ഈ രണ്ടാം പ്രകരണം തുടങ്ങുന്നത്. അതിൽ ആദ്യം സ്വപ്നാനുഭവങ്ങളുടെ മിഥ്യാത്വത്തെ പറയുന്നു. സ്വപ്നത്തിൽ കാണുന്ന വസ്തുക്കൾ അസത്യമാണെന്നു തെളിയിക്കുവാൻ രണ്ടു കാരണങ്ങളാണ് വിദ്വാന്മാർ പറയുന്നത്. ഒന്ന്, ശരീരത്തിനകത്തുവെച്ചാണ് സ്വപ്നത്തിൽ പദാർത്ഥങ്ങളെ നാം

Digitization by Arya Samaj Charitable Foundation, Chennai

കാണുന്നതും അനുഭവിക്കുന്നതും. സ്വപ്നത്തിൽ ആന, പർവ്വതം, നദി, പട്ടണം മുതലായവയെ നാം കാണുന്നതു് ഒന്നും ബാഹ്യപദാർത്ഥങ്ങളല്ല. അവയെല്ലാം നമ്മുടെ ഉള്ളിൽത്തന്നെ കല്പന ചെയ്തു് നാം അനുഭവിക്കുകയാണല്ലൊ. എന്നാൽ ഈ പദാർത്ഥങ്ങൾ നമ്മുടെ ഉള്ളിലുണ്ടാകുവാൻ നിവൃത്തിയില്ലാത്തതുകൊണ്ടു് അവയെല്ലാം അസത്യങ്ങളാണ് എന്നു് തീർച്ചപ്പെടുത്തുന്നു. ഒരു മുറിയുടെ അകത്തിരിക്കുന്ന ഘടം അസത്യമാണെന്നു പറയാത്തതുപോലെ ദേഹത്തിന്നകത്താണ് എന്നതുകൊണ്ടുമാത്രം സ്വപ്നദൃശ്യങ്ങൾ അസത്യമാണെന്നു പറയുന്നതു ശരിയല്ല എന്നു് ആരെങ്കിലും ശങ്കിക്കുന്നുവെങ്കിൽ അതിന്നാണ് സംവൃതത്വം എന്ന ഒരു കാരണംകൂടി പറയുന്നതു്. ദേഹവും ദേഹത്തിന്നകത്തുള്ള നാഡികളുമെല്ലാം മൂടപ്പെട്ടിരിക്കുന്നു. പിന്നെയെങ്ങനെയാണ് ആനയും പർവ്വതവുമെല്ലാം അതിന്നുള്ളിലുണ്ടാകുന്നതു്? അതുകൊണ്ടു് തീരെ അസംഭാവ്യമാണെന്നതുകൊണ്ടു് സ്വപ്നദൃശ്യങ്ങൾ അസത്യമാണെന്നു തെളിയുന്നു. ഇതു സ്വന്തം അഭിപ്രായമല്ലെന്നും പരമ്പരാഗതമായ സിദ്ധാന്തമാണെന്നും അതുകൊണ്ടു് വിശ്വാസ്യമാണെന്നും കാണിക്കുവാനാണ് വിദ്വാന്മാർ പറയുന്നു എന്നു് ആചാര്യൻ സൂചിപ്പിക്കുന്നതു്.

> അദീർഘത്വാച്ച കാലസ്യ
> ഗത്വാ ദേശാന്ന പശ്യതി
> പ്രതിബുദ്ധശ്ച വൈ സർവ്വ-
> സ്തസ്മിൻ ദേശേ ന വിദ്യതേ. 2

കാലസ്യ = കാലത്തിൻെറ, അദീർഘത്വാത് ച = നീളമില്ലായ്മകൊണ്ടും, ദേശാൻ = ദേശങ്ങളെ, ഗത്വാ = പ്രാപിച്ചിട്ടു്, ന പശ്യതി = കാണുന്നില്ല. പ്രതിബുദ്ധഃ = ഉണരുമ്പോൾ, സർവ്വഃ = എല്ലാവരും, തസ്മിൻ = ആ, ദേശേ = ദേശത്തിൽ, ന വിദ്യതേ ച വൈ = ഉണ്ടായിരിക്കുന്നുമില്ല.

സമയത്തിൻെറ ചുരുക്കംകൊണ്ടു് അതതു പ്രദേശങ്ങളിൽ പോയി പദാർത്ഥങ്ങളെ കാണുന്നില്ല. മാത്രമല്ല, ഉണരുമ്പോൾ സ്വപ്നത്തിൽ കണ്ട ദേശത്തിൽ ഉണ്ടായിരിക്കുന്നുമില്ല.

Digitization by Arya Samaj Charitable Foundation, Chennai

കുറിപ്പ്: മുൻകാരികയിൽ പറഞ്ഞ സംവൃതത്വം എന്ന കാരണത്തെ ഒന്നുകൂടി ദൃഢീകരിക്കുകയാണ് ഈ കാരികയിൽ ചെയ്യുന്നത്. ദേഹത്തിന്നുള്ളിൽ വെച്ചല്ല അതതു സ്ഥലത്തുപോയിട്ടാണ് സ്വപ്നം കാണുന്നതു് എന്ന് ചിലർ കരുതിയേയ്ക്കും. ഒരുവൻ കിടന്നുറങ്ങുന്ന സ്ഥലത്തുനിന്ന് വളരെ ദൂരെയുള്ള സ്ഥലങ്ങളിലെ അനുഭവങ്ങളാണ് സ്വപ്നത്തിൽ ഉണ്ടാകുന്നതു്. കേരളത്തിൽ ഉള്ള ഒരാൾ ഹിമാലയത്തിലെ ദൃശ്യങ്ങളെയും പരിചിതരായ ആളുകളെയും സ്വപ്നത്തിൽ കാണുന്നു. അതുകൊണ്ട് അവൻ അവിടെ പോയിട്ടാണ് ആ പദാർത്ഥങ്ങളെ കാണുന്നതു് എന്നു വിചാരിക്കുകയാണെങ്കിൽ അതു ശരിയാവുകയില്ല. കാരണം ആ ദേശങ്ങളിൽ പോകുവാനുള്ള സമയം അവന്നു കിട്ടുന്നില്ല. നിദ്രയിൽ പ്രവേശിച്ച ഉടനെതന്നെ രണ്ടോ നാലോ ദിവസംകൊണ്ട് എത്തേണ്ട സ്ഥലത്തുള്ള അനുഭവങ്ങൾ ഉണ്ടാകുന്നുവെങ്കിൽ അതു് അവൻ അവിടെ പോയി കാണുന്നതല്ലെന്നു തീർച്ചയാണല്ലൊ. അവിടെ പോകുവാനും തിരിച്ചുവരുവാനുമുള്ള സമയം അവന്നു കിട്ടുന്നില്ല. മാത്രമല്ല അഞ്ചുമിനുട്ടു നേരത്തെ സ്വപ്നത്തിൽ, ബാലൻ യുവാവാകുന്നതായും യുവാവു് വൃദ്ധനാകുന്നതായും അനേകം വർഷങ്ങൾകൊണ്ടു നടക്കേണ്ട സംഭവങ്ങൾ നടക്കുന്നതായും നാം കാണുന്നു. അവിടെയും കാലത്തിന്റെ ദൈർഘ്യമില്ലായ്മ സംഭവങ്ങളുടെ അസത്യതയെ വെളിവാക്കുന്നു. പിന്നെ ദേശാന്തരങ്ങളിൽ പോയി സ്വപ്നം കാണുകയാണെങ്കിൽ, പെട്ടെന്ന് ഉണരുമ്പോൾ ആ ദേശത്താണ് ഉണ്ടായിരിക്കേണ്ടതു്. അതു കാണുന്നില്ല. നാം ഉറങ്ങിയ സ്ഥലത്തുതന്നെയാണ് ഉണരുമ്പോഴും ഉണ്ടാകുന്നതു്. സ്വപ്നത്തിൽ കണ്ടുമുട്ടുകയും സംസാരിക്കുകയും ചെയ്യുന്ന ആളുകൾ അടുത്ത ദിവസം കാണുമ്പോൾ തലേ ദിവസം രാത്രി കണ്ടതായി ഭാവിക്കുകയോ തിരിച്ചറിയുകയോ ചെയ്യുന്നില്ല. അതുകൊണ്ടും സ്വപ്നം ബാഹ്യപ്രപഞ്ചവുമായി ബന്ധപ്പെട്ടതല്ലെന്നു മനസ്സിലാകുന്നു. ഈ കാരണങ്ങളെക്കൊണ്ട് സ്വപ്നത്തിൽ നാം മറെറാരു ദിക്കിൽ പോകുന്നില്ലെന്നും എല്ലാം ശരീരത്തിന്നകത്തു് മനസ്സിന്റെയും നാഡികളുടെയും ഉള്ളിൽവെച്ചു നടക്കുന്ന ഭാവനാവിശേഷം മാത്രമാണെന്നും വ്യക്തമാകുന്നു.

Digitization by Arya Samaj Charitable Foundation, Chennai

അഭാവശ്ച രഥാദീനാം
ശ്രൂയതേ ന്യായപൂർവ്വകം
വൈതഥ്യം തേന വൈ പ്രാപ്തം
സ്വപ്ന ആഹുഃ പ്രകാശിതം. 3

രഥാദീനാം = (സ്വപ്നദൃഷ്ടങ്ങളായ) രഥം മുതലായവയുടെ, അഭാവഃ ച = ഇല്ലായ്മയും, ന്യായപൂർവ്വകം = യുക്തിപൂർവ്വകമായി, ശ്രൂയതേ = (ശ്രുതികളിൽ) കേൾക്കപ്പെടുന്നു. പ്രാപ്തം = സിദ്ധമായിട്ടുള്ള, സ്വപ്നേ = സ്വപ്നത്തിലെ, (ഭാവാനാം = പദാർത്ഥങ്ങളുടെ), വൈതഥ്യം = മിഥ്യാത്വം, തേന = അതുകൊണ്ട്, പ്രകാശിതം = പ്രകാശിപ്പിക്കപ്പെട്ടിരിക്കുന്നതായി, (ബ്രഹ്മവിദഃ = ബ്രഹ്മജ്ഞന്മാർ), ആഹുഃ = പറയുന്നു.

സ്വപ്നത്തിൽ രഥങ്ങളോ മാർഗ്ഗങ്ങളോ ഇല്ല എന്ന് ശ്രുതിയിലും യുക്തിപൂർവം പറയുന്നുണ്ട്. സംവൃതത്വം മുതലായ യുക്തികളെക്കൊണ്ട് സിദ്ധിച്ചിട്ടുള്ള സ്വപ്നവസ്തുക്കളുടെ മിഥ്യാത്വം അതുകൊണ്ട് ശ്രുതികൂടി വെളിപ്പെടുത്തുന്നുവെന്ന് ബ്രഹ്മജ്ഞന്മാർ പറയുന്നു.

കുറിപ്പ്: സ്വപ്നത്തിൽ ആത്മാവിന്റെ സ്വയംപ്രകാശത്വത്തെ പ്രതിപാദിക്കുന്ന ബൃഹദാരണ്യക ഉപനിഷത്തിൽ, ''ന തത്ര രഥാ ന രഥയോഗാ ന പന്ഥാനോ ഭവന്തി''(4. 3. 10.) (അവിടെ തേരുകളോ തേരിൽ കെട്ടുന്ന കുതിരകളോ തേരിന്റെ മാർഗ്ഗങ്ങളോ ഇല്ല.) എന്നു പറയുന്നുണ്ട്. അങ്ങനെ മുൻപറഞ്ഞ യുക്തികളെക്കൊണ്ട് സ്ഥാപിതമായ സ്വപ്നദൃശ്യങ്ങളുടെ മിഥ്യാത്വം ശ്രുതിക്കും സമ്മതമായിട്ടുള്ളതാണ് എന്ന് ഇവിടെ വ്യക്തമാക്കിയിരിക്കുന്നു.

അന്തഃസ്ഥാനാത്തു ഭേദാനാം
തസ്മാജ്ജാഗരിതേ സ്മൃതം
യഥാ തത്ര തഥാ സ്വപ്നേ
സംവൃതത്വേന ഭിദ്യതേ. 4

Digitization by Arya Samaj Charitable Foundation, Chennai

തസ്മാത് = അതുകൊണ്ട്, ജാഗരിതേ = ജാഗ്രത്തിൽ, ഭേദാനാം = ഭിന്നവസ്തുക്കൾക്ക്, (വൈതഥ്യം = മിഥ്യാത്വം) സ്മൃതം= സ്മരിക്കപ്പെട്ടിരിക്കുന്നു. യഥാ = എപ്രകാരമാണോ, തത്ര = അവിടെ, തഥാ = അപ്രകാരംതന്നെ, സ്വപ്നേ = സ്വപ്നത്തിലും. അന്തഃസ്ഥാനാത് തു = അന്തഃസ്ഥാനം ഹേതുവായിട്ടും, സംവൃതത്വേന = സംവൃതത്വം ഹേതുവായിട്ടും, ഭിദ്യതേ = വ്യത്യാസപ്പെടുന്നു.

ജാഗ്രത്തിലും ദൃശ്യങ്ങളായ വസ്തുക്കൾക്ക് അസത്യത്വം പറയപ്പെട്ടിരിക്കുന്നു. ജാഗ്രത്തിലെന്നപോലെതന്നെയാണ് സ്വപ്നത്തിലും. സ്വപ്നത്തിൽ ദൃശ്യങ്ങൾ അന്തഃസ്ഥാനങ്ങളും സംവൃതങ്ങളുമാണെന്നേ വ്യത്യാസമുള്ളൂ. അസത്യത്വം എല്ലാററിനും തുല്യമാണ്.

കുറിപ്പ്: ന്യായശാസ്ത്രത്തിൽ, 1. പ്രതിജ്ഞാ 2. ഹേതു 3. ദൃഷ്ടാന്തം 4. ഹേതൂപനയം 5. നിഗമനം ഇങ്ങനെ അഞ്ചു വാദമുഖങ്ങളെക്കൊണ്ടാണ് ഒരു കാര്യം സ്ഥാപിക്കുന്നതു്. അതുപോലെ ഇവിടെയും 1. ജാഗ്രത്തിൽ കാണുന്ന പദാർത്ഥങ്ങൾ അസത്യങ്ങളാകുന്നു എന്നു് പ്രതിജ്ഞ. 2. ദൃശ്യത്വംകൊണ്ട് എന്നതു് ഹേതു. 3. സ്വപ്നത്തിൽ കാണുന്ന പദാർത്ഥങ്ങളെപ്പോലെ എന്നു ദൃഷ്ടാന്തം. 4. സ്വപ്നത്തിൽ കാണുന്ന പദാർത്ഥങ്ങൾ അസത്യങ്ങളായതുപോലെ ജാഗ്രത്തിൽ കാണുന്ന പദാർത്ഥങ്ങളും അസത്യങ്ങളാകുന്നു എന്ന് ഹേതൂപനയം. 5. ജാഗ്രത്തിൽ കാണുന്ന പദാർത്ഥങ്ങളെല്ലാം അസത്യങ്ങൾ തന്നെ എന്നു നിഗമനം. ദൃശ്യത്വവും അസത്യത്വവും രണ്ടിന്നും തുല്യംതന്നെ. വ്യത്യാസമുള്ളതു്, സ്വപ്നത്തിലെ പദാർത്ഥങ്ങൾ അന്തഃസ്ഥാനങ്ങളും സംവൃതങ്ങളുമാണ്; ജാഗ്രത്തിലെ പദാർത്ഥങ്ങൾ ബഹിഃസ്ഥാനങ്ങളും വിവൃതങ്ങളുമാണ് എന്നതു മാത്രം.

സ്വപ്നജാഗരിതസ്ഥാനേ
ഹ്യേകമാഹുർമ്മനീഷിണഃ
ഭേദാനാം ഹി സമത്വേന
പ്രസിദ്ധേനൈവ ഹേതുനാ. 5

Digitization by Arya Samaj Charitable Foundation, Chennai

പ്രസിദ്ധേന = പ്രസിദ്ധമായിട്ടുള്ള, ഹേതുനാ ഏവ = കാരണം കൊണ്ടുതന്നെ, ഭേദാനാം = ഭിന്നഭാവങ്ങാംക്കു്, സമത്വേന ഹി= സമത്വം ഉള്ളതുകൊണ്ടു്, മനീഷിണഃ = വിദ്വാന്മാർ, സ്വപ്നജാഗരിത സ്ഥാനേ = സ്വപ്നസ്ഥാനത്തെയും ജാഗരിതസ്ഥാനത്തെയും, ഏകം = ഒന്നാണെന്നു്, ആഹുഃ ഹി = പറയുന്നുവല്ലൊ.

പ്രസിദ്ധമായ കാരണംകൊണ്ടുതന്നെ കാണപ്പെടുന്ന ഭാവങ്ങാംക്കു സാമ്യമുള്ളതുകൊണ്ടു് സ്വപ്നവും ജാഗ്രത്തും ഒരുപോലെയാണെന്നു് വിദ്വാന്മാർ പറയുന്നു.

കുറിപ്പു്: ദൃശ്യത്വം, അസത്യത്വം എന്ന രണ്ടും ജാഗ്രത്തിലെയും സ്വപ്നത്തിലെയും പദാത്ഥങ്ങാംക്കു തുല്യമാണു്. ഗ്രാഹ്യഗ്രാഹകഭാവവും രണ്ടിലും ഒരുപോലെയാണു്. അനുഭവിക്കുന്ന സമയത്തല്ലാതെ പൂവ്വാപരകാലങ്ങളിൽ രണ്ടും ഇല്ലാതാകുന്നു. അതുകൊണ്ടു് സ്വപ്നവും ജാഗ്രത്തും തുല്യമാണെന്നു് പണ്ഡിതന്മാരഭിപ്രായപ്പെടുന്നു. ജാഗ്രത്തിനെയും സ്വപ്നമായിട്ടുതന്നെ കണക്കാക്കണമെന്നത്ഥം.

> ആദാവന്തേ ച യന്നാസ്തി
> വത്തമാനേഽപി തത്തഥാ
> വിതഥൈഃ സദൃശാഃ സന്തോ-
> വിതഥാ ഇവ ലക്ഷിതാഃ. 6

ആദൗ = ആദിയിലും, അന്തേ ച = അന്തത്തിലും, യത് = യാതൊന്നു്, ന അസ്തി = ഇല്ലയോ, തത്= അതു്, വത്തമാനേ അപി= വത്തമാനകാലത്തും, തഥാ = അപ്രകാരമാകുന്നു. വിതഥൈഃ =അസത്യങ്ങളോടു്, സദൃശാഃ സന്തഃ = തുല്യങ്ങളായിരുന്നിട്ടു്, അവിതഥാഃ ഇവ = സത്യങ്ങളെപ്പോലെ, ലക്ഷിതാഃ = കാണപ്പെടുന്നു.

ആദ്യത്തിലും അവസാനത്തിലും ഇല്ലാത്തതു് മധ്യകാലത്തും ഇല്ലാത്തതുതന്നെയാണു്. ഇല്ലാത്തവയോടു തുല്യങ്ങളായിരുന്നിട്ടും അവ സത്യമാണെന്നു് ആത്മജ്ഞാനമില്ലാത്ത മൂഢന്മാക്കു തോന്നുന്നു.

Digitization by Arya Samaj Charitable Foundation, Chennai

കുറിപ്പ്: മൃഗതൃഷ്ണികയിലെ ജലം, രജ്ജുവിലെ സർപ്പം മുതലായതു് ഭ്രാന്തിക്ക മുമ്പോ പിമ്പോ ഉണ്ടാകുന്നില്ല. അതുകൊണ്ടു് അവയ്ക്കു് ഭ്രാന്തികാലത്തും സത്തയില്ലെന്നുള്ളതു് അനുഭവമാണു്. അതുപോലെ ജാഗ്രത്തിലെ പദാർത്ഥങ്ങൾ ഭൂതകാലത്തിലോ ഭാവികാലത്തിലോ സത്തയില്ലാത്തതാണു്. അതിനാൽ വർത്തമാനകാലത്തും അവ സത്യമല്ല എന്നു തീർച്ചപ്പെടുത്താം. പ്രാതിഭാസികസത്യവും വ്യാവഹാരികസത്യവും രണ്ടും ഒരുപോലെ അസത്യമാകുന്നു. എങ്കിലും അജ്ഞാനികൾ, അവ സത്യമാണെന്നു വിചാരിച്ചു് ലോകത്തിൽ വ്യവഹരിക്കുന്നു. ജാഗ്രത്തിൽ കാണപ്പെടുന്ന പദാർത്ഥങ്ങളും സ്വപ്നപദാർത്ഥങ്ങളെപ്പോലെ അസത്യങ്ങളാണെന്നു് ജ്ഞാനികൾ അറിയുന്നു.

സപ്രയോജനതാ തേഷാം
സ്വപ്നേ വിപ്രതിപദ്യതേ
തസ്മാദാദ്യന്തവത്ത്വേന
മിഥ്യൈവ ഖലു തേ സ്മൃതാഃ. 7

തേഷാം = അവയുടെ, സപ്രയോജനതാ = പ്രയോജനമുള്ളവയാണെന്നുള്ള ഭാവം, സ്വപ്നേ = സ്വപ്നത്തിൽ, വിപ്രതിപദ്യതേ = വിപരീതമായി അനുഭവപ്പെടുന്നു. തസ്മാത് = അതുകൊണ്ടു്, ആദ്യന്തവത്ത്വേന = ആദിയും അന്തവും ഉള്ളവയായതുകൊണ്ടു്, തേ = അവ, മിഥ്യാ ഏവ = അസത്യമെന്നുതന്നെ, സ്മൃതാഃ ഖലു = സ്മരിക്കപ്പെട്ടിരിക്കുന്നു.

ജാഗ്രത്തിൽ കാണുന്ന ഭാവങ്ങൾ പ്രയോജനമുള്ളവയാണു് എന്നു പറയുകയാണെങ്കിൽ അതു് സ്വപ്നത്തിൽ വിപരീതമായി അനുഭവപ്പെടുന്നു. അതുകൊണ്ടു് ആദ്യന്തവത്ത്വം രണ്ടിലും തുല്യമായതുകൊണ്ടു് സ്വപ്നവസ്തുക്കളെപ്പോലെ ജാഗ്രദ്വസ്തുക്കളും അയഥാർത്ഥങ്ങൾതന്നെയാണെന്നു പറയപ്പെടുന്നു.

കുറിപ്പ്: ജാഗ്രദ്ദൃശ്യങ്ങൾ പ്രയോജനമുള്ളവയായതുകൊണ്ടു് അവയ്ക്കു് അസത്യത്വം പറയുന്നതു് ശരിയല്ല എന്നാണു് പൂർവ്വപക്ഷ

Digitization by Arya Samaj Charitable Foundation, Chennai

ത്തിന്റെ വാദം. ജാഗ്രത്തിൽ നാം ഭക്ഷണം കഴിച്ചു വിശപ്പു മാററുന്നു. വാഹനങ്ങളിൽ കയറി യാത്രചെയ്യുന്നു. പല വസ്തുക്കളും നമ്മുടെ സുഖാനുഭവത്തിന്നുള്ള അഭിലാഷത്തെ തൃപ്തിപ്പെടുത്തുന്നു. സ്വപ്നത്തിൽ വസ്തുക്കൾ ക്ഷണികങ്ങളായി വരുന്നു പോകുന്നുവെന്നല്ലാതെ അവയൊന്നും പ്രയോജനമുള്ളവയായി കാണപ്പെടുന്നില്ല. അങ്ങനെയിരിക്കെ എങ്ങനെയാണ് രണ്ടിനും തുല്യത്വം പറയുക എന്നു വിചാരിക്കുന്നുവെങ്കിൽ അതു ശരിയല്ല. ജാഗ്രത്തിൽ കാണുന്ന വസ്തുക്കളുടെ സപ്രയോജനത്വം ജാഗ്രത്തിൽ മാത്രമേയുള്ളൂ, സ്വപ്നത്തിലില്ല സ്വപ്നത്തിൽ നേരെ വിപരീതമായ അനുഭവമാണുണ്ടാകുന്നതു്. ജാഗ്രത്തിൽ നല്ല ഒരു സദ്യ ഉണ്ടു് വയറുനിറഞ്ഞ ഒരാൾ ഉറങ്ങിയ ഉടനെതന്നെ, വളരെ നാളുകളായി ഭക്ഷണം കിട്ടാതെ വിശന്നുവലയുന്നവനായി കാണുന്നു. അതുപോലെ സ്വപ്നത്തിൽ മൃഷ്ടാന്നഭോജനം ചെയ്യുന്ന ഒരാൾ ഉണരുമ്പോൾ വിശപ്പുള്ളവനായിരിക്കും. സ്വപ്നദൃശ്യങ്ങൾ സ്വപ്നത്തിലെ കാലത്തിന്നനുസരിച്ചു് വളരെ നീണ്ടുനില്ക്കുന്നതായി തോന്നുന്നു. അതുപോലെ ജാഗ്രത്തിലെ കാലത്തിന്നനുസരിച്ചു് ജാഗ്രദ്ദൃശ്യങ്ങളും നീണ്ടുനില്ക്കുന്നതായി തോന്നുകയാണ്. അതുകൊണ്ടു് ആദിയും അന്തവും രണ്ടിന്നും തുല്യങ്ങളായതുകൊണ്ടു് സ്വപ്നദൃശ്യങ്ങളെപ്പോലെ ജാഗ്രദ്ദൃശ്യങ്ങളും മിഥ്യതന്നെയാണെന്നു് തീർച്ചപ്പെടുത്താവുന്നതാണ്.

> അപൂർവ്വം സ്ഥാനിധർമ്മോ ഹി
> യഥാ സ്വർഗ്ഗനിവാസിനാം
> താനയം പ്രേക്ഷതേ ഗത്വാ
> യഥൈവേഹ സുശിക്ഷിതഃ. 8

അപൂർവ്വം = സ്വപ്നത്തിലെ അപൂർവ്വദർശനം, യഥാ സ്വർഗ്ഗനിവാസിനാം തഥാ = സ്വർഗ്ഗനിവാസികൾക്കെന്നപോലെ, സ്ഥാനിധർമ്മഃ ഹി = സ്ഥാനിയുടെ ധർമ്മംതന്നെയാകുന്നു- ഇഹ = ഇവിടെ, യഥാ സുശിക്ഷിതഃ തഥാ ഏവ = നല്ലവണ്ണം അഭ്യസിപ്പിക്കപ്പെട്ടവനെപ്പോലെതന്നെ, അയം = ഇവൻ, ഗത്വാ = (സ്വപ്നസ്ഥാനങ്ങളിൽ) പോയിട്ടു്, താൻ = അവയെ, പ്രേക്ഷതേ = കാണുന്നു.

സ്വപ്നത്തിൽ കാണുന്ന അപൂർവ്വദർശനങ്ങൾ, സ്വർഗ്ഗവാസികൾക്കെന്നപോലെ, ആ സ്ഥാനത്തിലുള്ള സ്ഥാനി

Digitization by Arya Samaj Charitable Foundation, Chennai

യുടെ ധമ്മംതന്നെയാകുന്നു. ഇവിടെ വഴി നല്ലവണ്ണം പരിചയമുള്ള ഒരാറം ആ വഴിയിൽക്കൂടി പോയി വസ്തുക്കളെ ദർശിക്കുന്നതുപോലെ, സ്വപ്നം കാണുന്നവൻ സ്വപ്നസ്ഥാനങ്ങളിൽപോയി ആ ധമ്മങ്ങളെ കാണുന്നു.

കുറിപ്പ്: ജാഗ്രദ്ദൃശ്യങ്ങരം അസത്യങ്ങളാണെന്നു കാണിക്കാൻ സ്വപ്നദൃഷ്ടാന്തം പറഞ്ഞതു ശരിയായില്ലെന്ന പൂർവ്വപക്ഷത്തിന്നുള്ള സമാധാനമാണിതു്. സ്വപ്നത്തിൽ സാധാരണയായി പല അപൂർവ്വദർശനങ്ങളുമുണ്ടാകുന്നു. നാലു കൊമ്പുള്ള ആനയുടെ പുറത്തു കയറി പോകുന്നതായും തനിക്കു എട്ടു കൈകളുള്ളതായും മററും കണ്ടുവെന്നു വരാം. അവ അസംഭാവ്യങ്ങളാണു്, ജാഗ്രദ്ദൃശ്യങ്ങരം അതുപോലെയല്ല. അപൂർവ്വങ്ങളോ അസംഭാവ്യങ്ങളോ ആയി യാതൊന്നും ജാഗ്രത്തിലുണ്ടാകുന്നില്ല. അതുകൊണ്ടു് ഈ സാദൃശ്യകല്പന ശരിയല്ലെന്നാണു് പൂർവ്വപക്ഷത്തിൻെറ വാദം. ആ വാദം ശരിയല്ല. കാരണം ജാഗ്രത്തിലെ ദൃശ്യങ്ങരം ആ സ്ഥാനത്തിരിക്കുന്ന മനസ്സിൻെറ ധർമ്മങ്ങളോ സങ്കല്പങ്ങളോ ആണു് എന്നതുപോലെ സ്വപ്നസ്ഥാനത്തിരിക്കുന്ന മനസ്സിൻെറ ധർമ്മങ്ങളാണു് നാം സ്വപ്നത്തിൽ കാണുന്നതു്. സ്വർഗ്ഗവാസികളായ ഇന്ദ്രാദികരംക്കു് ആയിരം കണ്ണുണ്ടായിരിക്കുക മുതലായ ധർമ്മങ്ങളുള്ളതുപോലെ സ്വപ്നസ്ഥാനത്തിരിക്കുന്ന ആത്മാവിൻെറ ധർമ്മങ്ങളാണു് ആ അപൂർവ്വദർശനങ്ങരം. ജാഗ്രത്തിൽ പരിചയമുള്ള മാർഗ്ഗങ്ങളിൽക്കൂടി പോയി പുതിയ സ്ഥലങ്ങളെയും പദാത്ഥങ്ങളേയും കാണുകയും അനുഭവിക്കുകയും ചെയ്യുന്നതുപോലെതന്നെ സ്വപ്നത്തിലും ആ സ്ഥാനങ്ങളിൽ പോയി ആ പദാത്ഥങ്ങളെ അനുഭവിക്കുകയാണു് ചെയ്യുന്നതു്. അതുകൊണ്ടു് രണ്ടിന്നും തമ്മിൽ വ്യത്യാസമില്ല. രണ്ടു സ്ഥാനങ്ങളിലുമുള്ള അനുഭവങ്ങളും അയഥാത്ഥങ്ങളാകുന്നു.

സ്വപ്നവൃത്താവപി ത്വന്ത-
ശ്ചേതസാ കല്പിതം ത്വസത്
ബഹിശ്ചേതോഗൃഹീതം സദ്
ദൃഷ്ടം വൈതഥ്യമേതയോഃ. 9

Digitization by Arya Samaj Charitable Foundation, Chennai

സ്വപ്നവൃത്തൗ അപി = സ്വപ്നസ്ഥാനത്തും, അന്തഃ = ഉള്ളിൽ, ചേതസാ = മനസ്സുകൊണ്ടു്, കല്പിതം തു = കല്പിക്കപ്പെട്ടതു്, അസത്് = അസത്താകുന്നു. ബഹിഃ = പുറത്തു്, ചേതോഗൃഹീതം = മനസ്സിനാൽ ഗ്രഹിക്കപ്പെട്ടതു്, സത്് = സത്താകുന്നു. ഏതയോഃ = ഇവയ്ക്കു രണ്ടിനും, വൈതഥ്യം = അസത്യത്വം, ദൃഷ്ടം = ദർശിക്കപ്പെട്ടിരിക്കുന്നു.

സ്വപ്നസ്ഥാനത്തു മനസ്സുകൊണ്ടു് ഉള്ളിൽ സങ്കല്പിക്കപ്പെടുന്നതു് അസത്തും, പുറത്തു ഗ്രഹിക്കപ്പെടുന്നതു് സത്തുമാണെന്നു് വിചാരിക്കുന്നു. എന്നാൽ രണ്ടിന്റെയും മിഥ്യാത്വം അനുഭവസിദ്ധമാണു്.

കുറിപ്പ്: സ്വപ്നദൃശ്യങ്ങൾ അസത്യങ്ങളും ജാഗ്രദ്ദൃശ്യങ്ങൾ സത്യങ്ങളുമാണെന്ന വാദം ശരിയല്ല എന്നു തെളിയിക്കുവാൻ ഒരു യുക്തികൂടി പറയുന്നു. സ്വപ്നത്തിലും രണ്ടുവിധം വസ്തുക്കളുണ്ടു്. 1. മനസ്സുകൊണ്ടു് ഉള്ളിൽ സങ്കല്പിക്കുന്നവ – അവ അസത്യങ്ങളാണെന്നു് അപ്പോൾത്തന്നെ നമുക്കു തോന്നുന്നു. 2. ഇന്ദ്രിയപ്രത്യക്ഷങ്ങളെപ്പോലെ തോന്നുന്നവ – അവ സത്യങ്ങളാണെന്ന ബോധത്തോടുകൂടി നാം അവയുമായി ഇടപെടുന്നു. അവയുടെ അസത്യത്വം ജാഗ്രത്തിൽ വരുമ്പോഴേ നമുക്കു ബോധ്യപ്പെടുന്നുള്ളൂ. ഇങ്ങനെ സ്വപ്നത്തിൽ സത്തും അസത്തുമായി കാണുന്നവയെല്ലാം മിഥ്യയാണെന്നതിൽ ആർക്കും സംശയമില്ല. ഇതുപോലെതന്നെയാണു് ജാഗ്രത്തിലുമെന്നു് ഇനി പറയുന്നു.

ജാഗ്രദ്വൃത്താവപി ത്വന്ത–
ശ്ചേതസാ കല്പിതം ത്വസത്
ബഹിശ്ചേതോഗൃഹീതം സദ്
യുക്തം വൈതഥ്യമേതയോഃ. 10

ജാഗ്രദ്വൃത്തൗ തു അപി = ജാഗ്രത്സ്ഥാനത്തും, അന്തഃ = ഉള്ളിൽ, ചേതസാ = മനസ്സുകൊണ്ടു്, കല്പിതം തു = കല്പിക്കപ്പെട്ടതു്, അസത്് = അസത്താകുന്നു. ബഹിഃ = പുറത്തു്, ചേതോഗൃഹീതം = മനസ്സുകൊണ്ടു ഗ്രഹിക്കപ്പെട്ടതു്, സത്് = സത്താകുന്നു.

Digitization by Arya Samaj Charitable Foundation, Chennai

ഏതയോഃ = ഇവയ്ക്കു രണ്ടിന്നും, വൈതഥ്യം = അസത്യത്വം, യുക്തം = യുക്തമാകുന്നു.

ജാഗ്രത്തിലും മനസ്സുകൊണ്ടു് ഉള്ളിൽ സങ്കല്പിക്കപ്പെട്ടന്നതു് അസത്തും പുറത്തു ഗ്രഹിക്കപ്പെടുന്നതു് സത്തുമാണെന്നു വിചാരിക്കുന്നു. എന്നാൽ രണ്ടും മിഥ്യയെന്നു വിചാരിക്കുന്നതാണു് യുക്തമായിട്ടുള്ളതു്.

കുറിപ്പു്: ജാഗ്രത്തിൽ വിചാരലോകത്തിലും വസ്തുലോകത്തിലും അനുഭവങ്ങളുണ്ടാകുന്നുണ്ടു്. വിചാരലോകത്തിൽ മനസ്സുകൊണ്ടു് ഉള്ളിൽ സങ്കല്പിക്കപ്പെടുന്നവയ്ക്കു സത്യത്വമില്ല എന്നും വസ്തുലോകത്തിൽ മനസ്സ് ഇന്ദ്രിയങ്ങളിലൂടെ ഗ്രഹിക്കുന്ന ബാഹ്യവസ്തുക്കൾക്കു സത്യത്വമുണ്ടു് എന്നുമാണു് നാം വിചാരിക്കാറുള്ളതു്. ഉള്ളിലായാലും പുറത്തായാലും എല്ലാം മനഃകല്പിതങ്ങളാണെന്നും അതുകൊണ്ടു് സ്വപ്നദൃശ്യങ്ങളെപ്പോലെ ഇവയും അയഥാർത്ഥങ്ങളാണെന്നും പരമാർത്ഥനിലയിലെത്തി അജ്ഞാനനിദ്രയിൽനിന്നുണരുമ്പോൾ നമുക്കു മനസ്സിലാകുന്നു. അനുഭവങ്ങളുടെ വൈവിധ്യം സ്ഥാനങ്ങളുടെ വ്യത്യാസംകൊണ്ടുണ്ടാകുന്നതാണു്.

> ഉഭയോരപി വൈതഥ്യം
> ഭേദാനാം സ്ഥാനയോർയ്യദി
> ക ഏതാൻ ബുധ്യതേ ഭേദാൻ
> കോ വൈ തേഷാം വികല്പകഃ. 11

ഉഭയോഃ സ്ഥാനയോഃ അപി = രണ്ടു സ്ഥാനങ്ങളിലും, ഭേദാനാം = ഭാവങ്ങൾക്കു്, യദി വൈതഥ്യം തർഹി = അസത്യത്വമാണുള്ളതെങ്കിൽ, കഃ = ആരാണു്, ഏതാൻ ഭേദാൻ = ഈ ഭാവങ്ങളെ, ബുധ്യതേ = അറിയുന്നതു് ? കഃ വൈ = ആരാണു്, തേഷാം = അവയ്ക്കു്, വികല്പകഃ = വികല്പത്തെ ഉണ്ടാക്കുന്നവൻ ?

ജാഗ്രത്തിലും സ്വപ്നത്തിലും ഉള്ള ഭാവങ്ങളെല്ലാം അസത്യങ്ങളാണെന്നു പറയുകയാണെങ്കിൽ ആരാണു് അവയെ അറിയുന്നതും വികല്പിക്കുന്നതും ?

Digitization by Arya Samaj Charitable Foundation, Chennai

കുറിപ്പ്: സ്വപ്നത്തിലെപ്പോലെ ജാഗ്രത്തിലും എല്ലാം മിഥ്യയാണെന്നു കേട്ടപ്പോൾ ശ്രോതാവ് ചോദിക്കുന്നു: അങ്ങനെയാണെങ്കിൽ ഇതെല്ലാം അറിയുകയും പ്രവർത്തിക്കുകയും ചെയ്യുന്നതാരാണ്? മനഃകല്പിതങ്ങളായ പദാർത്ഥങ്ങൾ ഉള്ളവയോ ഇല്ലാത്തവയോ എന്നറിവാൻ ഒരു ജ്ഞാതാവുണ്ടായിരിക്കണമല്ലോ. ജ്ഞേയങ്ങളെല്ലാം മിഥ്യയാണെങ്കിൽ ജ്ഞാനവും ജ്ഞാതാവും മിഥ്യയാകും. അപ്പോൾ ആത്മാവില്ല എന്ന അനാത്മവാദത്തിന്നാണ് പ്രസക്തി. ആത്മാവിനെ നിരാകരിക്കുക ദുഷ്കരമായതുകൊണ്ട് ആ ആത്മാവിന്റെ അനുഭവവും സ്മരണയും അതനുസരിച്ചുള്ള സൃഷ്ടിയും ഉണ്ടെന്നുവെയ്ക്കുകയല്ലേ യുക്തമായിട്ടുള്ളത്? ജാഗ്രദ്ദൃശ്യങ്ങളുടെ മിഥ്യാത്വസങ്കല്പം ശരിയായിട്ടുള്ളതല്ല എന്നർത്ഥം.

കല്പയത്യാത്മനാത്മാന–
മാത്മാ ദേവഃ സ്വമായയാ
സ ഏവ ബുദ്ധ്യതേ ഭേദാ–
നിതി വേദാന്തനിശ്ചയഃ. 12

ദേവഃ = സ്വയംപ്രകാശനായ, ആത്മാ = ആത്മാവ്, സ്വമായയാ = തന്റെ മായകൊണ്ട് ആത്മനാ = ആത്മാവുകൊണ്ട്, ആത്മാനം = ആത്മാവിനെ, കല്പയതി = കല്പിക്കുന്നു. സഃ ഏവ = അവൻതന്നെ, ഭേദാൻ = ഭേദങ്ങളെ, ബുദ്ധ്യതേ = അറിയുകയും ചെയ്യുന്നു. ഇതി = എന്നാണ്, വേദാന്തനിശ്ചയഃ = വേദാന്തത്തിന്റെ നിശ്ചയം.

സ്വയംപ്രകാശസ്വരൂപനായ ആത്മാവ് സ്വന്തം മായകൊണ്ട് തന്നിൽത്തന്നെ സ്വയം ഭേദങ്ങളെ കല്പിക്കുകയും അറിയുകയും ചെയ്യുന്നു എന്നാണ് വേദാന്തത്തിന്റെ നിശ്ചയം.

കുറിപ്പ്: മേൽപറഞ്ഞ ചോദ്യത്തിന്നു സമാധാനം പറയുന്നു: വേദാന്തം ആത്മാവിന്റെ അസ്തിത്വത്തെ നിഷേധിക്കുന്നില്ല. ഈ കാണുന്ന അനേകരൂപത്തിലുള്ള വൈവിധ്യങ്ങൾക്കെല്ലാം അടിസ്ഥാനമായി നില്ക്കുന്നതു് ആത്മാവാണ്. സർപ്പഭ്രമത്തിന്നു

Digitization by Arya Samaj Charitable Foundation, Chennai

രജ്ജുവും, പ്രേതമോ പോലീസുകാരനോ ആണെന്നുള്ള ഭ്രമത്തിന്നു് മരക്കുററിയും ആധാരമായുള്ളതുപോലെ ഈ നാനാത്വഭ്രമത്തിന്നും ഒരടിസ്ഥാനമുണ്ടായിരിക്കണം. അതു് ആത്മാവാണു്. ആ ആത്മാവു് സ്വന്തം മായകൊണ്ടു് തന്നിൽത്തന്നെ ഈ ഭേദങ്ങളെയെല്ലാം സ്വയം ഉണ്ടാക്കുന്നു. അതിനെ അനുഭവിക്കുന്നതും മായാമോഹിതനായ ആത്മാവുതന്നെ. സ്വയംപ്രകാശസ്വരൂപനായതുകൊണ്ടു് അതിന്നുള്ള കഴിവു് ആത്മാവിന്നുണ്ടു്. അങ്ങനെ ഈ ഭേദങ്ങൾക്കു് കർത്താവും കർമ്മവും കരണവും ആധാരവുമെല്ലാമായി നില്ക്കുന്നതു് ഏകനായ ആ ആത്മാവുതന്നെയാണു്. അനുഭവത്തിന്നും ജ്ഞാനത്തിന്നും സ്മൃതിക്കുമെല്ലാം ആശ്രയമായിട്ടുള്ളതും ആ ആത്മാവുതന്നെയാകുന്നു. ആ ആത്മാവുമാത്രമാണു് സത്യമായിട്ടുള്ളതു്, മറെറല്ലാം മിഥ്യയാണു്. ഇതാകുന്നു വേദാന്തസിദ്ധാന്തം.

വികരോത്യപരാൻ ഭാവാൻ
അന്തശ്ചിത്തേ വ്യവസ്ഥിതാൻ
നിയതാംശ്ച ബഹിശ്ചിത്ത
ഏവം കല്പയതേ പ്രഭുഃ. 13

പ്രഭുഃ = സർവ്വശക്തനായ ആത്മാവു്, അന്തഃ = ഉള്ളിൽ, ചിത്തേ = മനസ്സിൽ, വ്യവസ്ഥിതാൻ = സ്ഥിതിചെയ്യുന്ന, അപരാൻ = ലൗകികങ്ങളായ, ഭാവാൻ = പദാർത്ഥങ്ങളെ, വികരോതി = പലതാക്കിത്തീർക്കുന്നു. ഏവം = ഇപ്രകാരം, നിയതാൻ ച = നിയതങ്ങളും അനിയതങ്ങളും ആയ (പദാർത്ഥങ്ങളെ), ബഹിശ്ചിത്തഃ = മനസ്സിനെ പുറത്തു വ്യാപരിപ്പിക്കുന്നവനായിട്ടു്, കല്പയതേ = കല്പിക്കുന്നു.

ഈശ്വരനായ ആത്മാവു് ഉള്ളിൽ മനസ്സിൽ വാസനാരൂപത്തിൽ സ്ഥിതിചെയ്യുന്ന ലൗകികപദാർത്ഥങ്ങളെ പലതാക്കിത്തീർക്കുന്നു. ഇങ്ങനെ മനസ്സിനെ പുറത്തു വ്യാപരിപ്പിച്ചു് നിയതങ്ങളായ പൃഥിവ്യാദികളെയും അനിയതങ്ങളായ (കല്പനാകാലങ്ങളായ) മനോരഥാദികളെയും സൃഷ്ടിക്കുന്നു.

Digitization by Arya Samaj Charitable Foundation, Chennai

കുറിപ്പ്: ആത്മാവ് സങ്കല്പംകൊണ്ട് ഭാവങ്ങളെ സൃഷ്ടിക്കുന്ന രീതിയെയാണിവിടെ പറയുന്നത്. സാധാരണ സൃഷ്ടി രണ്ടുവിധത്തിലാണ്, ആന്തരമായിട്ടും ബാഹ്യമായിട്ടും. മനസ്സുമാത്രം വ്യാപരിക്കുമ്പോൾ ആന്തരസൃഷ്ടിയും മനസ്സോടുകൂടി ഇന്ദ്രിയങ്ങൾ കൂടി വ്യാപരിക്കുമ്പോൾ ബാഹ്യസൃഷ്ടിയും ഉണ്ടാകുന്നു. ഒരു കുലാലൻ കുടമോ, ഒരു നെയ്ത്തുകാരൻ വസ്ത്രമോ ഉണ്ടാക്കാനാഗ്രഹിക്കുമ്പോൾ മനസ്സിൽ ആദ്യം അതിന്റെ രൂപം തീർച്ചപ്പെടുത്തി പിന്നീടാണ് നാമരൂപങ്ങളോടുകൂടി ആ വസ്തുക്കൾ സൃഷ്ടിക്കുന്നത്. അതുപോലെതന്നെ സൃഷ്ടികർത്താവായ ആത്മാവും മനസ്സിൽ വാസനാരൂപേണ അവ്യക്തമായി സ്ഥിതിചെയ്യുന്ന പദാർത്ഥങ്ങളെപ്പററി പലതരത്തിൽ ഭാവന ചെയ്യുന്നു. പിന്നീട് ഇന്ദ്രിയങ്ങളിലൂടെ ബഹിശ്ചിത്തനായിട്ട് ഉള്ളിൽ സങ്കല്പിച്ച ഭാവങ്ങളെ - സ്ഥിരങ്ങളും അസ്ഥിരങ്ങളുമായ പദാർത്ഥങ്ങളെ - പുറത്തു പ്രകാശിപ്പിക്കുന്നു. ദേശകാലനിമിത്തങ്ങളിലൂടെ പ്രകാശിതങ്ങളായി കാണുന്നവയെല്ലാം ആത്മാവിന്റെ മനസ്സിലുള്ള ആശയങ്ങൾതന്നെയാണെന്നർത്ഥം.

> ചിത്തകാലാ ഹി യേഽന്തസ്തു
> ദ്വയകാലാശ്ച യേ ബഹിഃ
> കല്പിതാ ഏവ തേ സർവ്വേ
> വിശേഷോ നാന്യഹേതുകഃ. 14

യേ = ഏവ, അന്തഃ = ഉള്ളിൽ, ചിത്തകാലാഃ തു = മനസ്സിൽ മാത്രമുള്ള കാലത്തോടുകൂടിയവയായിട്ടുണ്ടോ, യേ = ഏവ, ബഹിഃ = പുറത്ത്, ദ്വയകാലാഃ ച = രണ്ടു വസ്തുക്കളുടെ താരതമ്യംകൊണ്ട് അറിയപ്പെടുന്ന കാലത്തോടുകൂടിയവയായിട്ടുണ്ടോ, തേ സർവ്വേ = അവയെല്ലാം. കല്പിതാഃ ഏവ = കല്പിതങ്ങൾതന്നെയാകുന്നു. വിശേഷഃ = അവയുള്ള വ്യത്യാസം, ന അന്യഹേതുകഃ = മററൊരു കാരണംകൊണ്ടുണ്ടാകുന്നതല്ല.

സ്വപ്നത്തിൽ മനസ്സിൽ സങ്കല്പിക്കുന്ന കാലംകൊണ്ടു മാത്രം പരിച്ഛേദിക്കപ്പെടുന്നവയും, ജാഗ്രത്തിൽ രണ്ടു

Digitization by Arya Samaj Charitable Foundation, Chennai

വസ്തുക്കളുടെ അന്യോന്യതാരതമ്യംകൊണ്ടുകൂടി കാലം പരിച്ഛേദിക്കപ്പെടുന്നവയുമായ വസ്തുക്കളെല്ലാംതന്നെ കല്പിതങ്ങളാണ്. കല്പനയിലുള്ള വ്യത്യാസമല്ലാതെ അവയ്ക്കു മററു വിശേഷമൊന്നുമില്ല.

കുറിപ്പ്: സ്വപ്നദൃശ്യങ്ങളും ജാഗ്രദ്ദൃശ്യങ്ങളും തുല്യങ്ങളാണെന്നുള്ളതിൽ മറെറാരു ആക്ഷേപവുംകൂടിയുണ്ട്. സ്വപ്നത്തിലെ ദൃശ്യങ്ങളെല്ലാം നാം സങ്കല്പിക്കുന്ന സമയത്തു മാത്രമേയുള്ളു, സങ്കല്പം വിടുമ്പോൾ ആ വസ്തുക്കളും ഇല്ലാതാകുന്നു. എന്നാൽ ജാഗ്രത്തിലെ ദൃശ്യങ്ങൾ നാം സങ്കല്പിക്കുന്നതിന്നുമുമ്പും പിമ്പും നിലനില്ക്കുന്നുണ്ട്. വസ്തുക്കളെ അന്യോന്യം താരതമ്യപ്പെടുത്തി അവയുടെ സത്യത്വം അറിയുകയും ചെയ്യാം. 'പശുവിനെ കറക്കുന്നേടത്തോളം സമയം അവൻ അവിടെ ഇരിക്കുന്നു' എന്നു പറയുമ്പോൾ പശുവിനെ കറക്കുന്നതിൻെറയും അവൻ ഇരിക്കുന്നതിൻെറയും സമയത്തെ അന്യോന്യം പരിച്ഛേദിക്കുകയാണ് ചെയ്യുന്നതു്. ജാഗ്രത്തിലുള്ള വസ്തുക്കളെല്ലാം ഇങ്ങനെ ദേശകാലങ്ങളാകുന്നു. ഒരാളുടെ സങ്കല്പത്തെ അപേക്ഷിക്കാതെതന്നെ അവ നിലനില്ക്കുന്നതായി നമുക്കനുഭവവുമാകുന്നു. അതുകൊണ്ടു് സ്വപ്നത്തിലെയും ജാഗ്രത്തിലെയും ഭാവങ്ങൾ ഒരുപോലെയാണെന്നു പറയുന്നതു ശരിയല്ല എന്നാണ് ആക്ഷേപം. എന്നാൽ സൂക്ഷ്മപരിശോധനയിൽ ഇവയെല്ലാം ഒരുപോലെ മനസ്സിൻെറ ഭാവനയാണെന്നു കാണാം. ഭൂതം വർത്തമാനം ഭാവി എന്ന കാലഗണനയും മനസ്സിൻെറ ഭാവനയല്ലാതെ മറെറാന്നുമല്ല. സ്വപ്നത്തിൽ ഒരാൾ മാത്രമാണ് ഭാവന ചെയ്യുന്നതു്, ജാഗ്രത്തിൽ പലരും ഒരുപോലെ ഭാവന ചെയ്യുന്നു എന്ന ഒരു വ്യത്യാസമേയുള്ളു. സ്വപ്നത്തിൽ നാം വളരെക്കാലംകൊണ്ടു നടന്ന പല സംഭവങ്ങളെയും കാണുന്നു. ജാഗ്രത്തിലെ കാലത്തിലെത്തുമ്പോഴാണ് ആ കാലദൈർഘ്യം മിഥ്യയായിരുന്നുവെന്നു നമുക്കു തോന്നുന്നതു്. ഇതുപോലെതന്നെയാണ് ജാഗ്രത്തിൽ ദീർഘമായിത്തോന്നുന്ന കാലവും. സന്തോഷം വരുമ്പോൾ സമയം വേഗം കഴിഞ്ഞുപോകുന്നതായും ദുഃഖം വരുമ്പോൾ സമയം നീണ്ടുനില്ക്കുന്നതായും കൂടി നമുക്കു തോന്നാറുണ്ട്. ഇതുപോലെ ലോകത്തിലെ വസ്തുക്കൾ നിലനില്ക്കുന്നു എന്നുള്ള അനുഭവവും മനസ്സിൻെറ ഒരു ഭാവനയല്ലാതെ മറെറാന്നുമല്ല. ഭാവനാ

Digitization by Arya Samaj Charitable Foundation, Chennai

ജന്യങ്ങളും ദൃശ്യങ്ങളുമാണെന്ന നിലയിൽ സ്വപ്നത്തിലെയും ജാഗ്രത്തിലെയും ഭാവങ്ങൾക്ക തമ്മിൽ യാതൊരു വ്യത്യാസവുമില്ല.

അവ്യക്താ ഏവ യേഽന്തസ്തു
സ്ഫുടാ ഏവ ച യേ ബഹിഃ
കല്പിതാ ഏവ തേ സർവ്വേ
വിശേഷസ്ത്വിന്ദ്രിയാന്തരേ. 15

യേ തു = യാവ ചിലവയാകട്ടെ, അന്തഃ = ഉള്ളിൽ, അവ്യക്താഃ ഏവ = അവ്യക്തങ്ങളായിത്തന്നെയിരിക്കുന്നു, യേ ച = യാവചിലവ, ബഹിഃ = പുറത്തു്, സ്ഫുടാഃ ഏവ ച = സ്പഷ്ടങ്ങളായുമിരിക്കുന്നു, തേ സർവ്വേ = അവയെല്ലാം, കല്പിതാഃ = കല്പിതങ്ങൾതന്നെയാകുന്നു. വിശേഷഃ തു = വ്യത്യാസമാകട്ടെ, ഇന്ദ്രിയാന്തരേ = ഇന്ദ്രിയഭേദംകൊണ്ടുണ്ടാകുന്നതാകുന്നു.

ഉള്ളിൽ അവ്യക്തങ്ങളായും പുറത്തു് സ്പഷ്ടങ്ങളായും കാണുന്ന പദാർത്ഥങ്ങളെല്ലാംതന്നെ കല്പിതങ്ങളാകുന്നു. അവയ്ക്കു തമ്മിൽ കാണുന്ന വ്യത്യാസം ഇന്ദ്രിയഭേദംകൊണ്ടുണ്ടാകുന്നതാകുന്നു.

കുറിപ്പു്: സ്വപ്നത്തിൽ കാണുന്ന പദാർത്ഥങ്ങൾ അവ്യക്തങ്ങളും ജാഗ്രത്തിൽ കാണുന്നവ വ്യക്തങ്ങളുമായി അനുഭവപ്പെടുന്നതുകൊണ്ടു രണ്ടും ഒരുപോലെയാണെന്നു പറയുന്നതു ശരിയല്ല എന്ന പൂർവ്വപക്ഷത്തിനുള്ള സമാധാനമാണു് ഇതു്. രണ്ടു സ്ഥാനങ്ങളിൽ കാണുന്ന പദാർത്ഥങ്ങളുടെ വ്യക്തതയും അവ്യക്തതയും അവയുടെ സത്യത്വം കൊണ്ടോ അസത്യത്വംകൊണ്ടോ ഉണ്ടാകുന്നതല്ല. മിഥ്യയായിട്ടുള്ള സ്വപ്നത്തിലും ഈ സ്ഫുടത്വവും അസ്ഫുടത്വവും അനുഭവപ്പെടാറുണ്ടല്ലോ. അതുകൊണ്ടു് സത്യത്വമാണു് ജാഗ്രദ്ദൃശ്യങ്ങളുടെ സ്ഫുടതയ്ക്കു കാരണമെന്നു പറയുന്നതു ശരിയാവുകയില്ല. സ്വപ്നത്തിൽ മനസ്സു മാത്രം സംബന്ധിക്കുന്നതുകൊണ്ടു വാസനാരൂപങ്ങളായി ഉള്ളിലുള്ള ഭാവങ്ങൾ അസ്ഫുടങ്ങളായി തോന്നുന്നു. ബാഹ്യഭാവങ്ങളാകട്ടെ ചക്ഷുരാദി ഇന്ദ്രിയങ്ങളുടെ സംബന്ധത്താൽ സ്ഫുടങ്ങളായും

Digitization by Arya Samaj Charitable Foundation, Chennai

തോന്നുന്നു എന്നേ ഉള്ളു. രണ്ടും ഒരുപോലെ മനഃകല്പിതങ്ങളാണെന്നു പറയുന്നതിൽ അസാംഗത്യമൊന്നുമില്ല.

> **ജീവം കല്പയതേ പൂർവ്വം**
> **തതോ ഭാവാൻ പൃഥഗ്വിധാൻ**
> **ബാഹ്യാനാധ്യാത്മികാംശ്ചൈവ**
> **യഥാവിദ്യസ്തഥാസ്മൃതിഃ. 16**

പൂർവ്വം = ആദ്യമായി ജീവം = ജീവനെ, കല്പയതേ = കല്പിക്കുന്നു. തതഃ = അതിന്നുശേഷം, യഥാവിദ്യഃ = എപ്രകാരമുള്ള വിജ്ഞാനത്തോടുകൂടിയിരിക്കുന്നുവോ, തഥാസ്മൃതിഃ = അപ്രകാരമുള്ള സ്മൃതിയോടുകൂടിയ, (സഃ = അവൻ,) ബാഹ്യാൻ = ബാഹ്യങ്ങളും, ആധ്യാത്മികാൻ ച ഏവ = ആധ്യാത്മികങ്ങളുമായ, പൃഥഗ്വിധാൻ= പല വിധത്തിലുള്ള, ഭാവാൻ = ഭാവങ്ങളെ, കല്പയതേ = കല്പിക്കുന്നു.

ആദ്യംതന്നെ ജീവനെ കല്പിക്കുന്നു. അതിന്നുശേഷം വിജ്ഞാനത്തിന്നും സ്മൃതിക്കും അനുസരിച്ച് ബാഹ്യങ്ങളും ആധ്യാത്മികങ്ങളുമായ പല വിധത്തിലുള്ള ഭാവങ്ങളെയും കല്പിക്കുന്നു.

കുറിപ്പ്: എല്ലാം മിഥ്യയാണെങ്കിൽ ബാഹ്യങ്ങളും ആഭ്യന്തരങ്ങളുമായ ഭാവങ്ങൾക്ക് എങ്ങനെ ഇത്രത്തോളം വൈലക്ഷണ്യം വന്നു ? ഈ കല്പനത്തിന്ന് എന്താണ് അടിസ്ഥാനം ? എന്ന സംശയങ്ങൾക്കുള്ള ഉത്തരമാണ് ഈ ശ്ലോകത്തിൽ പറയുന്നത്. ആദ്യം തന്നെ ആത്മാവ് മായാവശനായി ജീവനെ കല്പിക്കുന്നു. 'തത് സൃഷ്ട്വാ തദേവാനുപ്രാവിശത്'' എന്ന ശ്രുതി അനുസരിച്ച് താൻ തന്നെ ജീവനായിത്തീരുന്നു. പിന്നീട് 'ഞാൻ ചെയ്യുന്നു, എനിക്കു സുഖവും ദുഃഖവും ഉണ്ട്'' എന്ന് അഭിമാനിക്കുന്നു. അതിന്റെ ഫലമായി സുഖദുഃഖാദ്യാകാരേണയുള്ള ആഭ്യന്തരഭാവങ്ങളെയും സാധ്യസാധനരൂപേണയുള്ള ബാഹ്യഭാവങ്ങളെയും കല്പിക്കുന്നു. രജ്ജുവിൽ സർപ്പസങ്കല്പം ഉണ്ടാകുന്നതുപോലെ ആത്മാവിൽ ജീവസങ്കല്പം ഉണ്ടാകുന്നതാണ് ഇതിന്നെല്ലാം അടിസ്ഥാനമായിരിക്കുന്നത്. ആ ജീവന്നുള്ള വിജ്ഞാനവും സ്മൃതിയും പിന്നീടുള്ള സങ്ക

Digitization by Arya Samaj Charitable Foundation, Chennai

ല്പങ്ങളാക്കെല്ലാം കാരണമായിത്തീരുന്നു. ജീവന്നു് ഏതുവിധത്തിലുള്ള അനുഭവങ്ങളാണോ ഉണ്ടാകുന്നതു് അതനുസരിച്ചുള്ള സംസ്കാരം വികസിച്ചുവരുന്നു. ആ സംസ്കാരത്തിന്നനുസരിച്ച് അനുഭവിച്ചിട്ടുള്ള ഭാവങ്ങളെപ്പററി ഓമ്മിക്കുന്നു. ആ ഓമ്മയിൽനിന്നു് വീണ്ടും പ്രവൃത്തിയുണ്ടാകുന്നു. പ്രവൃത്തിയിൽനിന്നു് വീണ്ടും അനുഭവവും സംസ്കാരവും സ്മരണവും ഉണ്ടാകുന്നു. ഇങ്ങനെ പരിവത്തിച്ചുകൊണ്ടിരിക്കുന്നതുതന്നെയാണു് സംസാരം. ആഭ്യന്തരമായതു് വെറും ഭാവരൂപവും ബാഹ്യമായതു് സാധ്യസാധനരൂപവും ആയതുകൊണ്ടാണു് ഈ വൈലക്ഷണ്യം കാണുന്നതും. എല്ലാററിനും കാരണമായിനില്ക്കുന്ന ജീവസങ്കല്പംതന്നെ രജ്ജുസപ്പംപോലെ മിഥ്യയായതുകൊണ്ടു് യഥാത്ഥമായ ആത്മാവിനെ അറിയുമ്പോഠം എല്ലാ ഭാവങ്ങളും അസ്തമിക്കുന്നു. കാരണത്തിൻെറ നാശത്തിൽ കായ്യനാശവും ഉണ്ടാകണമല്ലോ.

അനിശ്ചിതാ യഥാ രജ്ജു–
രന്ധകാരേ വികല്പിതാ
സപ്പധാരാദിഭിർഭാവൈ–
സ്തദ്വദാത്മാ വികല്പിതഃ. 17

യഥാ = എപ്രകാരമാണോ, അന്ധകാരേ = ഇരുട്ടിൽ, അനിശ്ചിതാ=ഇന്നതെന്നു നിശ്ചയിക്കപ്പെടാത്ത, രജ്ജുഃ = കയറു്, സപ്പധാരാദിഭിഃ ഭാവൈഃ = സപ്പം, ജലധാര മുതലായ ഭാവങ്ങളെക്കൊണ്ടു്, വികല്പിതാ = വികല്പിക്കപ്പെടുന്നതു്, തദ്വത് = അതുപോലെ, ആത്മാ= ആത്മാവു്, വികല്പിതഃ = പലവിധത്തിൽ കല്പിക്കപ്പെടുന്നു.

ഇരുട്ടിൽ, ഇന്നതാണെന്നു തിരിച്ചറിയാൻ കഴിയാതെ കിടക്കുന്ന കയറിനെ സപ്പമായും ജലധാരയായും മററും പലവിധത്തിൽ തെററിദ്ധരിക്കുന്നതുപോലെയാണു് അജ്ഞാനം നിമിത്തം ആത്മാവിനെയും പലവിധത്തിൽ ധരിക്കുന്നതു്.

Digitization by Arya Samaj Charitable Foundation, Chennai

കുറിപ്പ്: മുമ്പു പറഞ്ഞ ജീവകല്പനയ്ക്കുള്ള കാരണം വ്യക്തമാക്കുന്നു. വഴിയിൽ ഒരു കയറു കിടക്കുന്നുണ്ട്. ഇരുട്ടുകൊണ്ട് വ്യക്തമായി കാണാൻ കഴിയുന്നില്ല. എന്താണെന്നു തീർച്ചപ്പെടുത്താൻ വയ്യാതിരിക്കെ വഴിയാത്രക്കാർ അതിനെ സർപ്പമായും ജലധാരയായും ദണ്ഡമായും മററും തെററിദ്ധരിക്കാറുണ്ട്. രജ്ജുവിന്റെ യാഥാർത്ഥ്യം അറിയായ്കയാണ് ഈ തെററിദ്ധാരണകൾക്കെല്ലാം കാരണമായി നില്ക്കുന്നത്. അതുപോലെ വിശുദ്ധവിജ്ഞാനമാത്രവും സത്താത്മകവും ആനന്ദസ്വരൂപവും ഏകവും അദ്വയവുമായ ആത്മാവിനെപ്പററിയുള്ള ബോധം ഇല്ലാതിരിക്കുമ്പോൾ അജ്ഞാനംകൊണ്ട് അതിനെ ജീവൻ, പ്രാണൻ മുതലായി പലവിധത്തിൽ വികല്പിക്കുന്നു. രജ്ജുവാണെന്നു മനസ്സിലാകുമ്പോൾ സർപ്പാദിഭ്രമങ്ങളെല്ലാം പോകുന്നതുപോലെ ആത്മബോധം ദൃഢമാകുമ്പോൾ ജീവത്വാദിഭ്രമങ്ങളെല്ലാം പോകുന്നു എന്നാണ് വേദാന്തസിദ്ധാന്തം.

''ഈശ്വരദർശനം ഉണ്ടാവാത്ത കാലത്തോളം, ആ സ്പർശമണിയെ സ്പർശിക്കാത്ത കാലത്തോളം, ഞാൻ കർത്താവാകുന്നു എന്ന മോഹം നിലനില്ക്കും. അത്രകാലം ഭേദബുദ്ധിയും നിലനില്ക്കുന്നു. ഈ ഭേദബോധം ഈശ്വരന്റെ മായമൂലം ഉണ്ടാകുന്നതാണ്. വിദ്യാമായയെ ആശ്രയിച്ചാൽ, സന്മാർഗ്ഗം അനുസരിച്ചാൽ, ഈശ്വരനെ പ്രാപിക്കാൻ സാധിക്കും. ഈശ്വരനെ പ്രാപിക്കുന്നവനു്, അദ്ദേഹത്തെ ദർശിക്കുന്നവനു്, ഈ മായയെ അതിക്രമിക്കുവാൻ കഴിയുന്നു. 'ഈശ്വരനൊരുവൻ മാത്രമാണ് കർത്താവു്; ഞാൻ കർത്താവല്ല' എന്ന വിശ്വാസം അപ്പോൾ ദൃഢമായിത്തീരുന്നു. അതുവരെ ഉണ്ടായിരുന്ന ഭേദബുദ്ധിയും നശിക്കുന്നു.''

— ശ്രീരാമകൃഷ്ണവചനാമൃതം III. 355.

നിശ്ചിതായാം യഥാ രജ്ജ്വാം
വികല്പോ വിനിവർത്തതേ
രജ്ജുരേവേതി ചാദ്വൈതം
തദ്വദാത്മവിനിശ്ചയഃ. 18

യഥാ = എപ്രകാരമാണോ, രജ്ജ്വാം = കയറ്, നിശ്ചിതായാം = നിശ്ചയിക്കപ്പെടുമ്പോൾ, വികല്പഃ = വികല്പം, വിനിവർ

Digitization by Arya Samaj Charitable Foundation, Chennai

ത്തതേ = നിവൎത്തിക്കുകയും, രജ്ജുഃ ഏവ ഇതി = കയറുതന്നെ എന്ന്, അദ്വൈതം ച (ഭവതി) = അദ്വൈതബോധം ഉണ്ടാവുകയും ചെയ്യുന്നതു്, തദ്വത് = അതുപോലെ, ആത്മവിനിശ്ചയഃ = ആത്മാവിനെപ്പററിയുള്ള നിശ്ചയവുമുണ്ടാകുന്നു.

വിളക്കിൻെറ പ്രകാശംകൊണ്ടു് കയറിൻെറ സ്വരൂപബോധമുണ്ടാകുമ്പോൾ സൎപ്പധാരാദിവികല്പങ്ങളെല്ലാം അസ്തമിക്കുകയും കയറല്ലാതെ മററൊന്നുമില്ല എന്ന അദ്വൈതബോധം ഉണ്ടാകുകയും ചെയ്യുന്നതുപോലെയാണു് ആത്മാവിനെപ്പററിയുള്ള നിശ്ചയവുമുണ്ടാകുന്നതു്.

കുറിപ്പു്: തെററിദ്ധാരണകളും സംശയങ്ങളും എത്രതന്നെ ദൃഢമായിരുന്നാലും വസ്തുബോധം ഉണ്ടാകുമ്പോൾ അവയെല്ലാം നശിക്കുന്നു. ഒരു വിളക്കു കൊണ്ടുവന്നു നോക്കുന്നതോടെ കയറാണെന്നറിയുകയും അതിനെപ്പററിയുള്ള ഭ്രമങ്ങളെല്ലാം നീങ്ങുകയും ചെയ്യുന്നു. അതുപോലെ വേദാന്തശാസ്ത്രജ്ഞാനത്തിൻെറ പ്രകാശത്തിൽ ആത്മതത്ത്വം അറിയുവാനിടവരുന്നതോടെ ആത്മാവിലുണ്ടായിരുന്ന മിഥ്യാസങ്കല്പങ്ങളെല്ലാം അസ്തമിക്കുന്നു; 'ആത്മൈവേദം സൎവ്വം.' (ഇതെല്ലാം ആത്മാവുതന്നെയാകുന്നു) എന്ന ബോധം ദൃഢമായിത്തീരുകയും ചെയ്യുന്നു. കർത്തൃത്വഭോക്തൃത്വാദി സൎവ്വസംസാരധൎമ്മരഹിതമായ ആത്മസ്വരൂപത്തെ പ്രതിപാദിക്കുന്ന ശാസ്ത്രങ്ങളുടെ പഠനം കൊണ്ടും മനനംകൊണ്ടും ഉണ്ടാകുന്ന വിജ്ഞാനസൂൎയ്യൻെറ പ്രകാശത്തിൽ അവിദ്യാന്ധകാരവും അന്ധകാരത്തിലുണ്ടായിരുന്ന ഭ്രമങ്ങളും എല്ലാം നശിച്ചു് അദ്വിതീയാത്മതത്ത്വത്തിൽ സുപ്രതിഷ്ഠിതനായിത്തീരുന്നു. അവൻെറ ദൃഷ്ടിയിൽ ഈ ദ്വൈതപ്രപഞ്ചം പിന്നെ നിലനില്ക്കുന്നില്ല.

''ബ്രഹ്മ സത്യം ജഗന്മിഥ്യാ എന്നു് വേദാന്തികൾ നിരന്തരം വിചാരം ചെയ്യുന്നു. ബഹുകഠിനമായ മാൎഗ്ഗം. ജഗത്തു മിഥ്യയാണെങ്കിൽ നിങ്ങളും മിഥ്യ, ഉപദേശിക്കുന്ന ആളും മിഥ്യ, ഉപദേശവും മിഥ്യ–സ്വപ്നംപോലെ. എങ്ങനെയെന്നറിയാമോ? കർപ്പൂരം കത്തിച്ചാൽ ഒന്നും ബാക്കി കാണാത്തതുപോലെ. മരം കത്തിച്ചാൽ കുറച്ചു ചാരമെങ്കിലും ബാക്കി കാണും. ഒടുവിൽ വിചാരത്തിൻെറ അവ

Digitization by Arya Samaj Charitable Foundation, Chennai

സാനം സമാധിയുണ്ടാകുന്നു. അപ്പോഴം പിന്നെ 'ഞാൻ, നീ, ജഗത്തു്'' ഇവയുടെയൊന്നും വൃത്താന്തമുണ്ടായിരിക്കയില്ല.''

—ശ്രീരാമകൃഷ്ണവചനാമൃതം 1. 335.

പ്രാണാദിഭിരനന്തൈശ്ച
ഭാവൈരേതൈർവികല്പിതഃ
മായൈഷാ തസ്യ ദേവസ്യ
യയാ സംമോഹിതഃ സ്വയം. 19

പ്രാണാദിഭിഃ = പ്രാണൻ മുതലായ, അനന്തൈഃ = അനന്തങ്ങളായ, ഏതൈഃ ഭാവൈഃ ച = ഈ ഭാവങ്ങളെക്കൊണ്ടു്, വികല്പിതഃ = വികല്പിക്കപ്പെട്ടിരിക്കുന്നു. ഏഷാ = ഇതു്, തസ്യ ദേവസ്യ = ആ ദേവന്റെ, മായാ = മായയാകുന്നു. യയാ = യാതൊന്നുകൊണ്ടു്, സ്വയം = തന്നെത്താൻ, സംമോഹിതഃ = സമ്മോഹിതനായിരിക്കുന്നു.

പ്രാണൻ മുതലായ അനേകം ഭാവങ്ങളാൽ വികല്പിക്കപ്പെട്ടിരിക്കുന്നതു് ആ ദേവന്റെ മായയിലാണു്. ആ മായയാൽ ദേവൻ സ്വയം മോഹിതനായിത്തീരുന്നു.

കുറിപ്പു്: ആത്മാവു് ഏകവും അദ്വയവുമാണെങ്കിൽ എങ്ങനെയാണു് ജീവൻ പ്രാണൻ മുതലായി അനന്തഭാവങ്ങളാൽ വികല്പിതനായിത്തീരുന്നതു് എന്ന സംശയത്തിന്നു് സമാധാനം അതു് അദ്ദേഹത്തിന്റെതന്നെ മായയാണെന്നാണു്. ഒരു മായാവി നിർമ്മലമായ ആകാശത്തിൽ മരങ്ങളും പൂവുകളും ഇലകളുമുള്ളതായി തോന്നിപ്പിക്കുന്നതുപോലെ ശുദ്ധമായ ആത്മാവിൽ വിവിധ വികല്പങ്ങളുണ്ടാക്കുന്നതു് ആ ആത്മാവിന്റെ മായയാണു്. 'മമ മായാ ദുരത്യയാ' എന്നു് ഭഗവാൻ ഗീതയിൽ പറയുന്നുണ്ടല്ലോ. ഈ മായയുടെ അധീനത്തിൽ വരുമ്പോഴം ആത്മവിസ്മരണം സംഭവിച്ചു് ആ ദേവനും മോഹിതനായിത്തീരുന്നു. അതാണു് സംസാരിയായ ജീവാത്മാവിന്റെ സ്വരൂപം. മായയിൽനിന്നു മുക്തനായാലേ പരമാത്മജ്ഞാനമുണ്ടാകുകയുള്ളു. പരമാത്മവിസ്മരണമാണല്ലോ മായയുടെ ഫലമായനുഭവപ്പെടുന്നതു്.

Digitization by Arya Samaj Charitable Foundation, Chennai

''മഹാമായ വഴി മാറിത്തന്നാൽ ഈശ്വരദർശനം ഉണ്ടാകും. മഹാമായയുടെ ദയ ആവശ്യമാണു്. അതിനാണു് ശക്തിയെ ഉപാസിക്കുന്നതു്. നോക്കൂ. ഭഗവാൻ നമ്മുടെ സമീപത്തുണ്ടു്; പക്ഷേ അദ്ദേഹത്തെ അറിയാൻ സാധിക്കുന്നില്ല. കാരണം, ഇടയ്ക്കു് മഹാമായ നില്ക്കുന്നതുകൊണ്ടു്. രാമനും സീതയും ലക്ഷ്മണനും പൊയ്ക്കൊണ്ടിരുന്നു. മുമ്പിൽ രാമൻ, നടുക്ക സീത, പിന്നാലെ ലക്ഷ്മണനും. രാമനും ലക്ഷ്മണനും തമ്മിൽ രണ്ടര മുഴം അകലമേയുള്ളു. എന്നാലും സീത, മഹാമായ, നടുക്ക നിന്നതുകൊണ്ടു് ലക്ഷ്മണനു് രാമനെ കാണാൻ കഴിഞ്ഞിരുന്നില്ല.''

—ശ്രീരാമകൃഷ്ണവചനാമൃതം II. 548.

പ്രാണ ഇതി പ്രാണവിദോ ഭൂതാനീതി ച തദ്വിദഃ
ഗുണാ ഇതി ഗുണവിദസ്തത്ത്വാനീതി ച തദ്വിദഃ. 20

പ്രാണഃ ഇതി = പ്രാണൻ എന്നു്, പ്രാണവിദഃ = പ്രാണവിത്തുക്കളും, ഭൂതാനി ഇതി = ഭൂതങ്ങൾ എന്നു്, തദ്വിദഃ ച = ഭൂതവിത്തുക്കളും, ഗുണാഃ ഇതി = ഗുണങ്ങൾ എന്നു്, ഗുണവിദഃ = ഗുണവിത്തുക്കളും, തത്ത്വാനി ഇതി = തത്ത്വങ്ങളെന്നു്, തദ്വിദഃ ച = തത്ത്വവിത്തുക്കളും, (ആഹുഃ = പറയുന്നു).

പ്രാണാദികളായ പല ഭാവങ്ങളാൽ ആത്മാവു് വികല്പിക്കപ്പെടുന്നു എന്നു പറഞ്ഞതിന്റെ വിവരണമാണു് ഇനിയുള്ള ഒമ്പതു കാരികകൾ. പ്രാണൻ എന്നാൽ ഹിരണ്യഗർഭൻ. ഹിരണ്യഗർഭനോ തടസ്ഥനായ ഈശ്വരനോ ആണു് ജഗത്തിന്നു് ഹേതുവെന്നു് ഹിരണ്യഗർഭോപാസകന്മാരും വൈശേഷികന്മാരും കല്പിക്കുന്നു. പൃഥിവി, ജലം, അഗ്നി, വായു എന്ന ഇന്ദ്രിയപ്രത്യക്ഷങ്ങളായ നാലു ഭൂതങ്ങളാണു് ജഗത്കാരണങ്ങളെന്നു് ലോകായതികന്മാർ (നാസ്തികന്മാർ) കല്പിക്കുന്നു. സത്ത്വം, രജസ്സു്, തമസ്സു് എന്ന മൂന്നു ഗുണങ്ങളിൽനിന്നാണു് ജഗത്തിന്റെ ഉൽപത്തിയെന്നു് സാംഖ്യന്മാർ കല്പിക്കുന്നു. ആത്മാവു്, അവിദ്യ, ശിവൻ എന്നിങ്ങനെ മൂന്നു തത്ത്വങ്ങളാണു് ജഗ

Digitization by Arya Samaj Charitable Foundation, Chennai

ത്തിനെ മുഴുവൻ പ്രവർത്തിപ്പിക്കുന്നതെന്നു് ശൈവന്മാർ വിചാരിക്കുന്നു.

പാദാ ഇതി പാദവിദോ വിഷയാ ഇതി തദ്വിദഃ
ലോകാ ഇതി ലോകവിദോ ദേവാ ഇതി ച തദ്വിദഃ. 21

പാദാഃ ഇതി = പാദങ്ങൾ എന്നു്, പാദവിദഃ = പാദവിത്തുക്കളും, വിഷയാഃ ഇതി = വിഷയങ്ങൾ എന്നു്, തദ്വിദഃ = വിഷയവിത്തുക്കളും, ലോകാഃ ഇതി = ലോകങ്ങൾ എന്നു്, ലോകവിദഃ = ലോകവിത്തുക്കളും, ദേവാഃ ഇതി = ദേവന്മാർ എന്നു്, തദ്വിദഃ ച = ദേവവിത്തുക്കളും, (ആഹുഃ = പറയുന്നു.)

ആത്മാവിൻെറ വിശ്വൻ, തൈജസൻ, പ്രാജ്ഞൻ' തുരീയൻ എന്ന നാലു പാദങ്ങളാണു് ജഗത്തിൻെറ ഹേതുക്കളെന്നു്പാദവിത്തുക്കളഭിപ്രായപ്പെടുന്നു. വീണ്ടും വീണ്ടും അനുഭവിക്കുന്ന വിഷയങ്ങളാണു് ജഗദ്ഘടകങ്ങളെന്നു് വാത്സ്യായനൻ മുതലായവരുടെ മതം. ഭൂലോകം, ഭുവർല്ലോകം, സ്വർഗ്ഗലോകം എന്ന മൂന്നു ലോകങ്ങളാണു് വാസ്തവമായിട്ടുള്ളതെന്നു് പൗരാണികന്മാർ പറയുന്നു. അഗ്നി, ഇന്ദ്രൻ മുതലായ ദേവന്മാരാണു് ഫലദാതാക്കൾ, ഈശ്വരനല്ല എന്നു് ദേവതാകാണ്ഡം പ്രമാണമായി സ്വീകരിക്കുന്നവർ പറയുന്നു.

വേദാ ഇതി വേദവിദോ യജ്ഞാ ഇതി ച തദ്വിദഃ
ഭോക്തേതി ച ഭോക്തൃവിദോ ഭോജ്യമിതി ച തദ്വിദഃ.

വേദാഃ ഇതി = വേദങ്ങൾ എന്നു്, വേദവിദഃ = വേദവിത്തുക്കളും, യജ്ഞാഃ ഇതി = യജ്ഞങ്ങൾ എന്നു്, തദ്വിദഃ ച = യജ്ഞവിത്തുക്കളും, ഭോക്താ ഇതി = ഭോക്താവു് എന്നു്, ഭോക്തൃവിദഃ = ഭോക്തൃവിത്തുക്കളും, ഭോജ്യം ഇതി = ഭോജ്യം എന്നു്, തദ്വിദഃ ച = ഭോജ്യവിത്തുകളും, (ആഹുഃ = പറയുന്നു.)

Digitization by Arya Samaj Charitable Foundation, Chennai

ഋഗ്വേദം മുതലായ നാലു വേദങ്ങളാണ് തത്ത്വങ്ങൾ എന്ന് വേദപാഠകന്മാർ പറയുന്നു. ജ്യോതിഷ്ടോമം മുതലായ യജ്ഞങ്ങളാണ് വാസ്തവമായിട്ടുള്ളതെന്നു ബൗധായനൻ മുതലായ യാജ്ഞികന്മാർ പറയുന്നു. ആത്മാവ് ഭോക്താവാണ്, കർത്താവല്ല എന്ന് സാംഖ്യന്മാർ സിദ്ധാന്തിക്കുന്നു. സൂപകാരന്മാരാകട്ടെ ഭോജ്യമാണ് വസ്തു എന്നു പ്രതിജ്ഞ ചെയ്യുന്നു.

സൂക്ഷ്മ ഇതി സൂക്ഷ്മവിദഃ സ്ഥൂല ഇതി ച തദ്വിദഃ
മൂർത്ത ഇതി മൂർത്തവിദോഽമൂർത്ത ഇതി ച തദ്വിദഃ. 23

സൂക്ഷ്മഃ ഇതി = സൂക്ഷ്മം എന്ന്, സൂക്ഷ്മവിദഃ = സൂക്ഷ്മവിത്തുക്കളും, സ്ഥൂലഃ ഇതി = സ്ഥൂലം എന്ന്, തദ്വിദഃ ച = സ്ഥൂലവിത്തുക്കളും, മൂർത്തഃ ഇതി = മൂർത്തം എന്ന്, മൂർത്തവിദഃ = മൂർത്തവിത്തുക്കളും, അമൂർത്തഃ ഇതി = അമൂർത്തം എന്ന്, തദ്വിദഃ ച = അമൂർത്തവിത്തുക്കളും, (ആഹുഃ = പറയുന്നു.)

അണുവിനെപ്പോലെ സൂക്ഷ്മമാണ് ആത്മാവെന്നു ചിലർ. ദേഹത്തിൽ അഹംപ്രത്യയം ഉള്ളതുകൊണ്ട് സ്ഥൂലമാണ് ആത്മാവെന്ന് ചില നാസ്തികന്മാർ. ശിവൻ, വിഷ്ണു മുതലായവരെപ്പോലെ മൂർത്തിയുള്ളവനാണ് ആത്മാവെന്ന് മററു ചില ആഗമവിശ്വാസികൾ. യാതൊരു മൂർത്തിയുമില്ലാത്തതും സ്വഭാവശൂന്യമായിട്ടുള്ളതുമാണ് പരമാത്മവസ്തുവെന്നു ശൂന്യവാദികൾ. ഇങ്ങനെ പലരും പല വിധത്തിലഭിപ്രായപ്പെടുന്നു.

കാല ഇതി കാലവിദോ ദിശ ഇതി ച തദ്വിദഃ
വാദാ ഇതി വാദവിദോ ഭുവനാനീതി തദ്വിദഃ. 24

കാലഃ ഇതി = കാലമെന്ന്, കാലവിദഃ = കാലവിത്തുക്കളും, ദിശഃ ഇതി = ദിക്കുകൾ എന്ന്, തദ്വിദഃ ച = ദിക്കുകളെ അറിയുന്നവരും, വാദാഃ ഇതി = വാദങ്ങൾ എന്ന്, വാദവിദഃ = വാദവിത്തു

Digitization by Arya Samaj Charitable Foundation, Chennai

ക്കളും, ഭുവനാനി ഇതി = ഭുവനങ്ങളെന്നു്, തദ്വിദഃ = ഭുവനജ്ഞന്മാരും, (ആഹുഃ = പറയുന്നു.)

കാലമാണു് പരമാത്ഥമെന്നു് ജ്യോതിവ്വിത്തുകൾ പറയുന്നു. ദിക്കുകളാണു് പരമാത്ഥമെന്നാണു് സ്വരോദയവിത്തുക്കളുടെ അഭിപ്രായം. ധാതുവാദം, മന്ത്രവാദം മുതലായ വാദങ്ങളാണു് വാസ്തവമായിട്ടുള്ളതെന്നു് ചിലർ വാദിക്കുന്നു. ഭുവനകോശജ്ഞന്മാർ പതിന്നാലു ഭുവനങ്ങളാണു് വാസ്തവമായിട്ടുള്ളതെന്നും സിദ്ധാന്തിക്കുന്നു.

മന ഇതി മനോവിദോ ബുദ്ധിരിതി ച തദ്വിദഃ
ചിത്തമിതി ചിത്തവിദോ ധമ്മാധമ്മൗ ച തദ്വിദഃ. 25

മനഃ ഇതി = മനസ്സു് എന്നു്, മനോവിദഃ = മനോവിത്തുക്കളും, ബുദ്ധിഃ ഇതി = ബുദ്ധി എന്നു്, തദ്വിദഃ ച = ബുദ്ധിയെ അറിയുന്നവരും, ചിത്തം ഇതി = ചിത്തം എന്നു്, ചിത്തവിദഃ = ചിത്തവിത്തുക്കളും, ധമ്മാധമ്മൗ ഇതി = ധമ്മാധമ്മങ്ങൾ എന്നു്, തദ്വിദഃ ച = ധമ്മാധമ്മവേദികളും, (ആഹുഃ = പറയുന്നു.)

മനസ്സുതന്നെയാണു് ആത്മാവെന്നു് ഒരു കൂട്ടം ലോകായതികന്മാർ അഭിപ്രായപ്പെടുന്നു. ബുദ്ധിതന്നെയാണു് ആത്മാവെന്നു് ബൗദ്ധന്മാർ പറയുന്നു. ബാഹ്യാകാരശൂന്യമായ വിജ്ഞാനമാകുന്ന ചിത്തമാണു് ആത്മാവെന്നു് വേറെ ചിലർ വാദിക്കുന്നു. വിധിനിഷേധങ്ങൾക്കു വിധേയങ്ങളായ ധമ്മാധമ്മങ്ങളാണു് വാസ്തവമായിട്ടുള്ളതെന്നാണു് മീമാംസകന്മാരുടെ അഭിപ്രായം.

പഞ്ചവിംശക ഇത്യേകേ ഷഡ്വിംശ ഇതി ചാപരേ
ഏകത്രിംശക ഇത്യാഹുരനന്ത ഇതി ചാപരേ. 26

പഞ്ചവിംശകഃ ഇതി = ഇരുപത്തഞ്ചു് എന്നു്, ഏകേ = ചിലരും, ഷഡ്വിംശ ഇതി = ഇരുപത്താറു് എന്നു്, അപരേ ച = മററു ചിലരും, ഏകത്രിംശകഃ ഇതി = മുപ്പത്തൊന്നു് എന്നു്, (അപരേ =

Digitization by Arya Samaj Charitable Foundation, Chennai

മററു ചിലരും), അനന്തഃ ഇതി = അനന്തമാണ് എന്ന്, അപരേ ച = മററു ചിലരും, ആഹുഃ = പറയുന്നു.

പ്രപഞ്ചഘടകങ്ങളായ തത്ത്വങ്ങളുടെ എണ്ണത്തെപ്പററിയുള്ള അഭിപ്രായഭേദമാണിതിൽ പറയുന്നത്. സാംഖ്യന്മാരുടെ പക്ഷത്തിൽ ഇരുപത്തഞ്ചു തത്ത്വങ്ങളാണുള്ളത്. പ്രധാനമെന്നു പറയുന്ന മൂലപ്രകൃതി, മഹത്തത്ത്വം, അഹങ്കാരം, പഞ്ചതന്മാത്രകൾ, അഞ്ചു ജ്ഞാനേന്ദ്രിയങ്ങൾ, അഞ്ചു കർമ്മേന്ദ്രിയങ്ങൾ, അഞ്ചു ഇന്ദ്രിയവിഷയങ്ങൾ, മനസ്സ്, ദർശനസ്വഭാവനായ പുരുഷൻ ഇവയാണ് 25 തത്ത്വങ്ങൾ. പാതഞ്ജലമതത്തെ അനുസരിക്കുന്ന യോഗികൾ ഈശ്വരനെക്കൂടി ചേർത്ത് 26 തത്ത്വങ്ങളാണെന്നു പറയുന്നു. പാശുപതന്മാരാകട്ടെ ഇവയോടുകൂടി രാഗം, അവിദ്യ, നിയതി, കാലകല, മായ എന്ന അഞ്ചെണ്ണം കൂടിച്ചേർത്ത് മുപ്പത്തൊന്നു തത്ത്വങ്ങളുണ്ടെന്നു സിദ്ധാന്തിക്കുന്നു. തത്ത്വങ്ങൾ ഇത്രയെന്നു നിയമമില്ലെന്നും അവ അനന്തങ്ങളാണെന്നും വേറെ ചിലരുടെ മതവുമുണ്ട്.

> ലോകാൻ ലോകവിദഃ പ്രാഹുരാശ്രമാ ഇതി തദ്വിദഃ
> സ്ത്രീപുംനപുംസകം ലൈംഗാഃ പരാപരമഥാപരേ. 27

ലോകാൻ = ലോകങ്ങളെന്ന്, ലോകവിദഃ = ലോകവിത്തുക്കളും, ആശ്രമാഃ ഇതി = ആശ്രമങ്ങളെന്ന്, തദ്വിദഃ = ആശ്രമവിത്തുക്കളും, പ്രാഹുഃ = പറയുന്നു. സ്ത്രീപുംനപുംസകം = സ്ത്രീ, പുരുഷൻ, നപുംസകം ഇവയെ കാണിക്കുന്ന ലിംഗങ്ങളാണെന്ന്, ലൈംഗാഃ = ലിംഗജ്ഞന്മാരും, അഥ = പിന്നീട്, പരാപരം = പരവും അപരവുമായ ബ്രഹ്മമെന്ന്, അപരേ = മററു ചിലരും, പ്രാഹുഃ = പറയുന്നു.

ലോകാനുരഞ്ജനം തന്നെയാണ് തത്ത്വമെന്ന് ലൗകികന്മാർ പറയുന്നു. ദക്ഷൻ മുതലായവർ ആശ്രമങ്ങൾതന്നെയാണ് വാസ്തവമെന്നു സമർത്ഥിക്കുന്നു. വൈയാകരണന്മാർ പറയുന്നത് പുല്ലിംഗസ്ത്രീലിംഗനപുംസകലിംഗ

Digitization by Arya Samaj Charitable Foundation, Chennai

ങ്ങളെ കാണിക്കുന്ന ശബ്ദസമൂഹമാണ് തത്ത്വമെന്നാണ്. പരാപരബ്രഹ്മങ്ങളാണ് അറിയേണ്ടവയായുള്ളതെന്ന് മററു ചിലരും വാദിക്കുന്നു.

സൃഷ്ടിരിതി സൃഷ്ടിവിദോ ലയ ഇതി ച തദ്വിദഃ
സ്ഥിതിരിതി സ്ഥിതിവിദഃ സർവ്വേ ചേഹ തു സർവ്വദാ. 28

സൃഷ്ടിഃ ഇതി = സൃഷ്ടി എന്ന്, സൃഷ്ടിവിദഃ = സൃഷ്ടിവിത്തുക്കളും, ലയഃ ഇതി = ലയം എന്ന്, തദ്വിദഃ = ലയജ്ഞന്മാരും, സ്ഥിതിഃ ഇതി = സ്ഥിതി എന്ന്, സ്ഥിതിവിദഃ= സ്ഥിതിവിത്തുകളും, (പ്രാഹുഃ = പറയുന്നു.) സർവ്വേ ച = എല്ലാംതന്നെ, സർവ്വദാ = എല്ലാപ്പോഴും, ഇഹ തു = ഇതിൽത്തന്നെ, (കല്പിതാഃ = കല്പിതങ്ങളാകുന്നു.)

പൗരാണികന്മാരിൽ സൃഷ്ടിവാദികൾ സൃഷ്ടിയാണ് തത്ത്വമെന്നും ലയചിന്തകന്മാർ ലയമാണ് തത്ത്വമെന്നും സ്ഥിതിവാദികൾ സ്ഥിതിയാണ് തത്ത്വമെന്നും പറയുന്നു. എന്നാൽ ഇവയെല്ലാംതന്നെ ആത്മാവിൽ കല്പിതങ്ങളായിട്ടുള്ളവയാണ്. ആത്മസ്വരൂപമറിയായ്കയാൽ, അവിദ്യയാൽ രജ്ജുവിൽ സർപ്പംപോലെ, ഭ്രമകല്പിതങ്ങളായിട്ടുള്ളവയാണെന്നർത്ഥം.

യം ഭാവം ദർശയേദ്യസ്യ തം ഭാവം സ തു പശ്യതി
തം ചാവതി സ ഭൂത്വാസൗ തദ്ഗ്രഹഃ സമുപൈതി തം. 29

യസ്യ = യാതൊരുവന്ന്, യം ഭാവം = യാതൊരു ഭാവത്തെ, ദർശയേത് = കാണിക്കുമോ, സഃ തു = അവനാകട്ടെ, തം ഭാവം = ആ ഭാവത്തെ, പശ്യതി = കാണുന്നു. സഃ = അതു്, അസൗ ഭൂത്വാ = ഇവനായി ഭവിച്ചിട്ട്, തം = അവനെ, അവതി ച = രക്ഷിക്കുകയും ചെയ്യുന്നു. തദ്ഗ്രഹഃ = അതിലുള്ള അഭിനിവേശം, തം = അവനെ, സമുപൈതി = പ്രാപിക്കുന്നു.

ഒരു ആചാര്യനോ മററ് ആപ്തപുരുഷനോ ഒരുവന്ന് ഏതൊരു ഭാവത്തെ കാണിച്ചുകൊടുക്കുന്നുവോ അവൻ ആ

Digitization by Arya Samaj Charitable Foundation, Chennai

ഭാവത്തെത്തന്നെ സത്യമെന്നു സ്വീകരിക്കുന്നു. ആ ഭാവം അവനുമായി താദാത്മ്യം പ്രാപിച്ച് അവനെ രക്ഷിക്കുന്നു. അതിലുള്ള അഭിനിവേശം ആ തത്ത്വംതന്നെയാകുന്നു താനെന്ന് അവന്ന് ഉറപ്പുണ്ടാക്കുകയും ചെയ്യുന്നു.

കുറിപ്പ്: പ്രാണാദികളായ പ്രപഞ്ചകാരണങ്ങളെപ്പററി പറഞ്ഞതുപോലെത്തന്നെ ആത്മഭാവത്തെപ്പററിയുള്ള വിശ്വാസത്തിലും വൈവിധ്യം കാണാം. സാധകൻ ആചാര്യനോ, താൻ ബഹുമാനിക്കുന്ന മററ് ആപ്തപുരുഷന്മാരോ ഉപദേശിക്കുന്ന ആത്മഭാവത്തിൽ ദൃഢമായി വിശ്വസിക്കുകയും ആ ഭാവവുമായി താദാത്മ്യം പ്രാപിക്കുകയും ചെയ്യുന്നു. അതു ശരിയാണോ എന്നു ശ്രുതിയുക്തികളെക്കൊണ്ടു ചിന്തിക്കുവാൻ ആ ഭാവത്തിലുള്ള അഭിനിവേശം അവനെ സമ്മതിക്കുന്നില്ല. ഇതുതന്നെയാണ് ശരിയായ ആത്മതത്ത്വമെന്നു ചിന്തിച്ച് അവൻ ആ വഴിക്കു പോകുന്നു, താൻ ആത്മബോധം വന്നവനാണെന്ന് അഭിമാനിക്കുകയും ചെയ്യുന്നു.

''ഗുരുവാക്യത്തിൽ വിശ്വാസം വേണം. ഗുരുവാക്യത്തെ ആശ്രയിക്കണം. അദ്ദേഹത്തിൻെറ വാക്കാകുന്ന തൂണിൽ പിടിയുറപ്പിച്ചുകൊണ്ട് കറങ്ങിക്കൊള്ളുക. ഗുരുവിനെ കേവലമൊരു മനുഷ്യനെന്നു കരുതരുത്. സച്ചിദാനന്ദസ്വരൂപൻതന്നെയാണ് ഗുരുരൂപേണ വരുന്നത്. ഗുരുകൃപകൊണ്ട് ശിഷ്യന്ന് ഇഷ്ടദേവതയുടെ ദർശനം ലഭിക്കുന്നു.''
—ശ്രീരാമകൃഷ്ണവചനാമൃതം. III. 596

ഏതൈരേഷോ$\mathcal{S}$പൃഥഗ്ഭാവൈഃ
പൃഥഗേവേതി ലക്ഷിതഃ
ഏവം യോ വേദ തത്ത്വേന
കല്പയേത് സോ$\mathcal{S}$വിശങ്കിതഃ. 30

ഏഷഃ = ഈ (ആത്മാവ്), ഏതൈഃ = ഈ, അപൃഥഗ്ഭാവൈഃ = വേറെയല്ലാതിരിക്കുന്ന ഭാവങ്ങളെക്കൊണ്ട്, പൃഥക് ഏവ ഇതി = വേറെതന്നെയാണ് എന്ന്, ലക്ഷിതഃ = കാണപ്പെട്ടിരിക്കുന്നു. യഃ = യാതൊരുവൻ, ഏവം = ഇപ്രകാരം, തത്ത്വേന = പരമാർത്ഥമായിട്ട്,

Digitization by Arya Samaj Charitable Foundation, Chennai

വേദ = അറിയുന്നുവോ, സഃ = അവൻ, അവിശങ്കിതഃ = സംശയമില്ലാത്തവനായിട്ട്, കല്പയത് = കല്പിക്കുന്നു.

ആത്മാവിൽനിന്ന് അഭിന്നങ്ങളായ ഭാവങ്ങളെക്കൊണ്ടുതന്നെ ആത്മാവ് ഭിന്നനാണെന്നു കാണപ്പെടുകയാണ് ചെയ്യുന്നത് എന്ന പരമാർത്ഥം ആരാണോ അറിയുന്നത് അവൻ വേദാർത്ഥത്തെ സംശയമില്ലാതെ അറിയുന്നു.

കുറിപ്പ്: പ്രാണാദികളായ ഭാവങ്ങൾ ആത്മാവിൽനിന്നു വേറെയാണെന്നു കല്പിക്കുന്നത് മൂഢന്മാരാണ്. സർപ്പം ജലധാര മുതലായ ഭാവങ്ങൾ രജ്ജുവിൽനിന്നു ഭിന്നമായി കല്പിക്കുന്നത് അവിവേകികളാണല്ലോ. വിവേകികളായ ജ്ഞാനികളാകട്ടെ, രജ്ജുവിൽനിന്നു ഭിന്നമായി സർപ്പാദിഭാവങ്ങളില്ലെന്നറിയുന്നതുപോലെ, ആത്മാവിൽനിന്നു ഭിന്നങ്ങളായി പ്രാണാദിഭാവങ്ങളുമില്ലെന്നറിയുന്നു. പ്രാതിഭാസികങ്ങളായി സങ്കല്പിക്കുന്ന ഭാവങ്ങൾ വേറെ ഇല്ലെന്നും കേവലനും നിർവ്വികല്പനുമായ ആത്മാവുമാത്രമേ ഉള്ളുവെന്നും ശ്രുതികൊണ്ടും യുക്തികൊണ്ടും പരമാർത്ഥമായി അറിയുന്നവർ മാത്രമേ വേദാർത്ഥത്തെ ശരിയായറിയുവാൻ കഴിയുകയുള്ളു. ''ഇദം സർവ്വം യദയമാത്മാ'' (പ്രാണാദികളായ ജഗത്തു മുഴുവൻ ഈ ആത്മാവു തന്നെ) എന്ന് ശ്രുതി വ്യക്തമായി പറയുന്നുണ്ട്. വേദം മുഴുവൻ ആത്മയാഥാർത്ഥ്യത്തെ പ്രതിപാദിക്കുന്നതാണ്. ജ്ഞാനകാണ്ഡം സാക്ഷാദ് അദ്വൈതവസ്തുപരമാണ്. കർമ്മകാണ്ഡം സാധ്യസാധന സംബന്ധത്തെ ബോധിപ്പിക്കുന്നതുവഴി പരമ്പരയാ ആത്മബോധകമാകുന്നു. അതുകൊണ്ടാണ് 'സർവ്വേ വേദാ യത്പദമാമനന്തി' എന്ന് കഠോപനിഷത്തിൽ (2. 15.) പറയുന്നത്.

''ബ്രഹ്മവും ശക്തിയും, ശക്തിയും ശക്തിമാനും ഒന്നാണ്. നിഷ്ക്രിയമായിരിക്കുമ്പോൾ അതിനെ ബ്രഹ്മമെന്നു പറയുന്നു; സൃഷ്ടിസ്ഥിതിസംഹാരങ്ങൾ നടത്തുമ്പോൾ ശക്തിയെന്നും പറയുന്നു. പക്ഷേ, ഒരേ വസ്തു; ഒരു ഭേദവുമില്ല. തീയ് എന്നു പറഞ്ഞാൽ ചൂട് താനേ മനസ്സിൽ വരും; ചൂട് എന്നു പറഞ്ഞാൽ തീയും ഓർമ്മ വരും. ഒന്നിനെവിട്ട് മറ്റതിനെപ്പററി ചിന്തിക്കാൻ സാദ്ധ്യമല്ല.''

— ശ്രീരാമകൃഷ്ണവചനാമൃതം II. 824.

Digitization by Arya Samaj Charitable Foundation, Chennai

സ്വപ്നമായേ യഥാ ദൃഷ്ടേ ഗന്ധർവ്വനഗരം യഥാ
തഥാ വിശ്വമിദം ദൃഷ്ടം വേദാന്തേഷു വിചക്ഷണൈഃ. 31

യഥാ = എപ്രകാരമാണോ, സ്വപ്നമായേ = സ്വപ്നവും മായയും, ദൃഷ്ടേ = കാണപ്പെടുന്നതു്, യഥാ = എപ്രകാരമാണോ, ഗന്ധർവ്വനഗരം = ഗന്ധർവ്വനഗരം, (ദൃഷ്ടം = കാണപ്പെടുന്നതു്), തഥാ = അപ്രകാരമാണു്, വേദാന്തേഷു = വേദാന്തങ്ങളിൽ, വിചക്ഷണൈഃ = പണ്ഡിതന്മാരാൽ, ഇദം = ഈ, വിശ്വം = ജഗത്തു്, ദൃഷ്ടം = കാണപ്പെട്ടിരിക്കുന്നതു്.

സ്വപ്നവും മായയും ഗന്ധർവ്വനഗരവും അസത്താണെങ്കിലും സദ്വസ്തുപോലെ കാണുന്നതു് എപ്രകാരമാണോ, അതുപോലെത്തന്നെയാണു് വേദാന്തപണ്ഡിതന്മാർ ഈ വിശ്വത്തെയും കാണുന്നതു്.

കുറിപ്പ്: ദ്വൈതത്തിന്റെ അസത്യത്വം യുക്തികൊണ്ടു പറഞ്ഞതു് വേദാന്തപ്രമാണംകൊണ്ടും സിദ്ധമാണെന്നു പറയുന്നു. സ്വപ്നത്തിലുള്ള അനുഭവങ്ങളും ജാലവിദ്യ കാണിക്കുമ്പോഴുള്ള വസ്തുക്കളും ഇല്ലാത്തവയാണെങ്കിലും സദ്വസ്തുക്കളെപ്പോലെ അവിവേകികൾ കാണുന്നു അതുപോലെത്തന്നെ സാമാനങ്ങൾ നിരത്തിവെച്ചിട്ടുള്ള കമ്പോളങ്ങൾ, വീടുകൾ, മാളികകൾ, സ്ത്രീപുരുഷന്മാർ നിറഞ്ഞ ജനപദങ്ങൾ എല്ലാം നിറഞ്ഞ ഗന്ധർവ്വനഗരം ആകാശത്തിൽ കണ്ടുകൊണ്ടിരിക്കുമ്പോൾത്തന്നെ മാഞ്ഞുപോകുന്നു. വാസ്തവത്തിൽ ഇല്ലാത്തവയായ ഇവ സദ്വസ്തുക്കളായിത്തോന്നുംപോലെത്തന്നെയാണു് അസത്തായ ദ്വൈതവും ഉള്ളതായിത്തോന്നുന്നതു് എന്നാണു് വേദാന്തപണ്ഡിതന്മാർ പറയുന്നതു്. കാരണം ഈ ദ്വൈതം മുഴുവൻ ഇല്ലാത്തതാണു് എന്നു് ഉപനിഷത്തുകളിൽ പലയിടത്തും വ്യക്തമായി പറഞ്ഞിട്ടുണ്ടു്. ''നേഹ നാനാസ്തി കിഞ്ചന.'' (ഈ ലോകത്തിൽ ദ്വൈതം ഒന്നും തന്നെയില്ല.)''ഇന്ദ്രോ മായാഭിഃ പുരുരൂപ ഈയതേ '' (പരമാത്മാവു് മായ നിമിത്തം പല രൂപങ്ങളിൽ കാണപ്പെടുന്നു.) ''ദ്വിതീയാദ്വൈ ഭയം ഭവതി, ന തു തദ്ദ്വിതീയമസ്തി.'' (രണ്ടാമതൊന്നിൽ നിന്നാണല്ലോ ഭയമുണ്ടാകുന്നതു്, അങ്ങനെ രണ്ടാമതൊന്നില്ല) ഇത്യാദിശ്രുതിവാക്യങ്ങൾ അതിന്നുദാഹരണങ്ങളാണു്.

Digitization by Arya Samaj Charitable Foundation, Chennai

''വേദാന്തസിദ്ധാന്തമനുസരിച്ച് ജാഗ്രദവസ്ഥയും സത്യമല്ല. ഒരു വിറകുവെട്ടുകാരൻ സ്വപ്നം കണ്ടു കിടക്കുകയായിരുന്നു. ആരോ അയാളെ ഉണർത്തി. അയാൾക്കു ദേഷ്യം വന്നു. എഴുന്നേററു ചോദിച്ചു: 'നീ എന്തിനാണെന്റെ ഉറക്കം കളഞ്ഞത്? ഞാനൊരു രാജാവായി; ഏഴു കുട്ടികളുടെ അച്ഛനുമായി. കുട്ടികളെല്ലാം എഴുത്തും വായനയും അസ്ത്രവിദ്യയും പഠിച്ചു. ഞാൻ സിംഹാസനത്തിലിരുന്ന് രാജ്യം ഭരിക്കുകയായിരുന്നു. നീ എന്തിനാണെന്റെ ലോകസുഖം തകർത്തത്?' 'അതൊരു സ്വപ്നം, അതുകൊണ്ടെന്തു കിട്ടി?' എന്നു മറേറയാൾ ചോദിച്ചു. വിറകുവെട്ടുകാരൻ പറഞ്ഞു: ''പോടാ, നിനക്കറിഞ്ഞുകൂടാ. ഞാൻ വിറകുവെട്ടുകാരനായിരിക്കുന്നത് ഏതു വിധം സത്യമോ അതേ മാതിരി സത്യമാണ് സ്വപ്നത്തിൽ രാജാവായി എന്നുള്ളതും. രണ്ടും ഒരുപോലെതന്നെ.''

—ശ്രീരാമകൃഷ്ണവചനാമൃതം II. 57.

ന നിരോധോ ന ചോത്പത്തി-
ർന ബദ്ധോ ന ച സാധകഃ
ന മുമുക്ഷുർന വൈ മുക്ത
ഇത്യേഷാ പരമാർത്ഥതാ. 32

നിരോധഃ = നാശം, ന = ഇല്ല. ഉത്പത്തിഃ ച ന = ഉത്പത്തിയും ഇല്ല, ബദ്ധഃ ന = ബദ്ധൻ ഇല്ല, സാധകഃ ച ന = സാധകനും ഇല്ല. മുമുക്ഷുഃ ന = മുക്തിയെ ആഗ്രഹിക്കുന്നവനില്ല. മുക്ത ന വൈ = മുക്തനുമില്ല. ഇതി ഏഷാ = എന്ന ഇതാണ്, പരമാർത്ഥതാ = പരമാർത്ഥസ്ഥിതി.

ഉത്പത്തിയും നാശവും ഇല്ല. ബദ്ധനും സാധകനും ഇല്ല. മുമുക്ഷുവും മുക്തനും ഇല്ല എന്നുള്ളതാണ് സത്യസ്ഥിതി.

കുറിപ്പ്: യുക്തികൊണ്ടും പ്രമാണംകൊണ്ടും ദ്വൈതം ഇല്ലാത്തതാണെന്നും ആത്മാവുമാത്രമാണ് സത്യമായിട്ടുള്ളതെന്നും സമർത്ഥിച്ചു. അങ്ങനെയിരിക്കെ ഈ പ്രപഞ്ചത്തിന്ന് ഉത്പത്തിയോ

Digitization by Arya Samaj Charitable Foundation, Chennai

നാശമോ ഉണ്ടാകുന്നില്ല. രജ്ജുവിൽ സർപ്പം ഉണ്ടാവുകയോ നശിക്കുകയോ ചെയ്യുന്നില്ല. അതുപോലെ ഈ പ്രപഞ്ചവും ആത്മാവിൽ ഉണ്ടാകുന്നുമില്ല, നശിക്കുന്നുമില്ല. കാനൽജലം, മുയൽക്കൊമ്പ്, ആകാശപുഷ്പം മുതലായവപോലെ അസത്തായ വസ്തുക്കൾക്ക് ഒരിക്കലും ഉത്പത്തിയോ നാശമോ ഉണ്ടാകുന്നില്ലല്ലൊ. അതുപോലെയാണ് ഈ ദ്വൈതവുമെങ്കിൽ എവിടെയാണ് ബന്ധനം ? ബന്ധനമില്ലെങ്കിൽ മോക്ഷവുമില്ല, മോക്ഷത്തിന്നുള്ള ആഗ്രഹവുമില്ല, അതിന്നുവേണ്ടി ശ്രമിക്കുന്നവനുമില്ല. മനസ്സിലാണ് ഇതിൻെറ സ്ഥിതിയെന്നു പറയുന്നതും ശരിയാവുകയില്ല. കാരണം, മനസ്സ്, ശാന്തമായിരിക്കുമ്പോഴും സുഷുപ്തിയിലും ഈ പ്രപഞ്ചം ഉണ്ടാകുന്നില്ല. അപ്പോൾ അത് എവിടെ പോകുന്നു ? ജാഗ്രത്തിൽ അത് എവിടെനിന്നു വരുന്നു ? അതുകൊണ്ട് ഒരിടത്തും ഈ സംസാരത്തിന്ന് ഉദ്ഭവവും നാശവുമില്ല; ഉണ്ടെന്നു തോന്നുന്നത് ഒരു ഭ്രമംമാത്രം. ഈ ഭ്രമം ആത്മാവിൽ യാതൊരു വികാരവും ഭാവവ്യത്യാസവും ഉണ്ടാക്കുന്നതുമില്ല. ഇതാണ് പരമാർത്ഥസ്ഥിതി. അതുതന്നെയാണ്, 'യത്ര ഹി ദ്വൈതമിവ ഭവതി' 'യ ഇഹ നാനേവ പശ്യതി,' 'ആത്മൈവേദം സർവ്വം,' 'ഏകമേവാദ്വിതീയം' 'ഇദം സർവ്വം യദയമാത്മാ'' മുതലായ അനേകം ശ്രുതികൾ പ്രഖ്യാപിക്കുന്നത്. ബന്ധമോക്ഷാദികളും അവയെ പറയുന്ന ശാസ്ത്രങ്ങളുമെല്ലാം ദ്വൈതത്തിലാകയാൽ അവിദ്യാവിഷയങ്ങളാണ്.

'ജ്ഞാനവിചാരം ചെയ്യുന്നവർ മൂന്ന് അവസ്ഥകളെയും അപഗ്രഥിച്ചു തള്ളിക്കളയുന്നു. ബ്രഹ്മം മൂന്നവസ്ഥകൾക്കും അപ്പുറമാണ് എന്നവർ പറയുന്നു. അതു സ്ഥൂലസൂക്ഷ്മകാരണശരീരങ്ങൾക്കും സത്വരജസ്തമോഗുണങ്ങൾക്കും അതീതമാകുന്നു. സമസ്തവും മായ, കണ്ണാടിയിൽ കാണുന്ന പ്രതിബിംബംപോലെ. പ്രതിബിംബം യഥാർത്ഥവസ്തുവൊന്നുമല്ല. ബ്രഹ്മംമാത്രം യഥാർത്ഥവസ്തു; മറ്റെല്ലാം അവസ്തു.''

—ശ്രീരാമകൃഷ്ണവചനാമൃതം. II. 534.

ഭാവൈരസദ്ഭിരേവായമദ്വയേന ച കല്പിതഃ
ഭാവാ അപ്യദ്വയേനൈവ തസ്മാദദ്വയതാ ശിവാ. 33

Digitization by Arya Samaj Charitable Foundation, Chennai

അയം = ഈ (ആത്മാവു്), അസദ്ഭിഃ ഏവ = അസത്തുക്കളം തന്നെയായിരിക്കുന്ന, ഭാവൈഃ = ഭാവങ്ങളെക്കൊണ്ടും, അദ്വയേന ച = അദ്വൈതത്തെക്കൊണ്ടും, കല്പിതഃ = കല്പിതമാകുന്നു. ഭാവാഃ അപി=ഭാവങ്ങളും, അദ്വയേന ഏവ=അദ്വൈതത്തെക്കൊണ്ടുതന്നെ, (കല്പിതാഃ = കല്പിതങ്ങളാകുന്നു.) തസ്മാത് = അതുകൊണ്ടു്, അദ്വയതാ = രണ്ടില്ല എന്നഭാവം, ശിവം = ശിവമായിട്ടുള്ളതാകുന്നു.

ഈ ആത്മാവു് അസത്യങ്ങളായ പല ഭാവങ്ങളെക്കൊണ്ടും സത്യമായിട്ടുള്ള ആത്മാവിനെക്കൊണ്ടും കല്പിതമാകുന്നു. നാനാവിധഭാവങ്ങളും സത്യമായിട്ടുള്ള ആത്മാവിനെക്കൊണ്ടു കല്പിതമാകുന്നു. അതുകൊണ്ടു് അദ്വയമായ ആത്മാവുമാത്രമേ സത്യമായിട്ടുള്ളു എന്നു വിശ്വസിക്കുന്നതാണു് ശിവമായിട്ടുള്ളതു്.

കുറിപ്പു്: പാമ്പു്, ജലധാര, വടി മുതലായി പലവിധത്തിൽ ഗ്രഹിക്കുമ്പോഴും കയറു കയറായിത്തന്നെ അവശേഷിക്കുന്നു. കയറിന്റെ അദ്വയത്വത്തിന്നു യാതൊരു കോട്ടവും തട്ടുന്നില്ല. അതുപോലെ പ്രാണാദിനാനാഭാവങ്ങളിൽ ആത്മാവിനെ കല്പിക്കുമ്പോൾ എല്ലാ ഭാവങ്ങളിലും ആത്മാവാണു് ഉള്ളതെങ്കിലും ആ ആത്മാവിന്റെ അദ്വയതയ്ക്കു യാതൊരു കോട്ടവുമില്ല. പാമ്പു് ജലധാരയിലും ജലധാര വടിയിലും വടി പാമ്പിലും ഇല്ലാതാവുന്നതിനാൽ അവയെല്ലാം അസത്തുക്കളാകുന്നു. ഈ ഭാവങ്ങളുള്ളപ്പോഴും ഇല്ലാതാവുമ്പോഴും കയറു കയറായിത്തന്നെ നിലനില്ക്കുകയും ചെയ്യുന്നു. അതുപോലെ ദ്വൈതഭാവനകൾ ഉള്ളപ്പോഴും ഇല്ലാതാകുമ്പോഴും അദ്വയമായ ആത്മാവു് ആത്മാവായിത്തന്നെ നിലനില്ക്കുന്നു. വിവിധ ഭാവനകൾക്കു് എല്ലാം അധിഷ്ഠാനമായി നിൽക്കുന്ന ആത്മാവാകുന്ന അദ്വൈതതത്ത്വം മാത്രമാണു് സത്യമായിട്ടുള്ളതു് എന്ന ബോധമാണു് ശിവമായിട്ടുള്ളതു്. കാരണം അതു് ഒരു വിധത്തിലും ദുഃഖത്തിന്നു കാരണമാകുന്നില്ല. മറ്റുള്ള ദ്വൈതഭാവനകളെല്ലാം ദുഃഖകാരണമാകുന്നു. ദ്വൈതഭാവങ്ങൾ നശിക്കുന്നവയാകയാൽ വ്യഭിചാരികളും അദ്വയസത്ത നശിക്കാത്തതാകയാൽ അവ്യഭിചാരിയുമാകുന്നുവെന്നും അറിയണം,

Digitization by Arya Samaj Charitable Foundation, Chennai

നാത്മഭാവേന നാനേദം
ന സ്വേനാപി കഥഞ്ചന
ന പൃഥങ്ങ്നാപൃഥക്കിഞ്ചി–
ദിതി തത്ത്വവിദോ വിദുഃ. 34

ഇദം = ഈ (ജഗത്ത്), ആത്മഭാവേന = ആത്മാവെന്ന നിലയിൽ, നാനാ ന = ഭിന്നമായ വസ്തുവല്ല. സ്വേന അപി = സ്വന്തമായ രൂപത്തിലും, കഥഞ്ചന = ഒരു വിധത്തിലും, നാനാ ന= വേറൊരു വസ്തുവല്ല. കിംചിത് =ഒന്നും, ന പൃഥക് = വേറേയല്ല, ന അപൃഥക് = വേറെയല്ലാത്തതുമല്ല. ഇതി = എന്ന്, തത്ത്വവിദഃ= തത്ത്വജ്ഞന്മാർ, വിദുഃ = അറിയുന്നു.

നാനാഭാവത്തിൽ കാണുന്ന ഈ ജഗത്ത് ആത്മാവെന്ന ഭാവത്തിൽ വേറെയില്ല. സ്വന്തം ഭാവത്തിലും അതിന്നു നിലനില്പില്ല. അതു വേറെയല്ല, വേറെയല്ലാത്തതുമല്ല എന്നാണ് തത്ത്വജ്ഞന്മാർ പറയുന്നത്.

കുറിപ്പ്: നാനാത്വസ്വരൂപമായ ജഗത്തിന്ന് ഒരു വിധത്തിലും സത്തയുണ്ടാകുവാൻ വഴിയില്ലാത്തതുകൊണ്ട് അദ്വയതത്തന്നെയാണ് ശിവമായിട്ടുള്ളതെന്നു സമർത്ഥിക്കുന്നു. ഈ ജഗത്തിനെ ആത്മരൂപത്തിൽ കാണുമ്പോഴാം ആത്മാവിൽനിന്നു ഭിന്നമായി ജഗത്തില്ലാതാകുന്നു. ദീപപ്രകാശത്തിൽ കയറിനെ കയറെന്നറിയുമ്പോഴാം പിന്നെ അവിടെ പാമ്പും ജലധാരയും ഒന്നും ഉണ്ടാകുകയില്ലല്ലൊ. പാമ്പിന്നു സ്വന്തം രൂപത്തിലും അവിടെ സത്തയില്ല. കാരണം അതു ഭ്രാന്തിജന്യമാണ്. അതുപോലെ പ്രപഞ്ചത്തിന്നും സ്വതന്ത്രമായ നിലനില്പില്ല. ഉണ്ടെന്നു പറഞ്ഞാൽ ജഡമായ പ്രപഞ്ചത്തിന്നും സ്വാതന്ത്ര്യമുണ്ടെന്നും അതു് ആത്മാവാണെന്നും പറയേണ്ടിവരും. അതു ശരിയല്ലല്ലൊ. വിരുദ്ധസ്വഭാവങ്ങളായ ജഡത്തിന്നും ചൈതന്യത്തിന്നും പരസ്പരം ബന്ധമുണ്ടാകുവാൻ നിവൃത്തിയില്ലാത്തതുകൊണ്ട് പ്രപഞ്ചവും ആത്മാവും തമ്മിൽ ഒരിക്കലും ബന്ധപ്പെടുവാൻ നിവൃത്തിയില്ല. സത്താരൂപമായ ആത്മാവിൽനിന്നല്ലാതെ പ്രപഞ്ചത്തിന്നു സത്തയുണ്ടാകുവാനും വഴിയില്ല. അതു

Digitization by Arya Samaj Charitable Foundation, Chennai

കൊണ്ടു് പ്രപഞ്ചത്തിന്നു സത്തയില്ലെന്നും അതു വെറും ഭ്രമം മാത്രമാണെന്നും സിദ്ധിക്കുന്നു. ദ്വൈതത്തിലുള്ള വസ്തുക്കൾ തമ്മിലും അന്യോന്യം ഭിന്നങ്ങളാണെന്നോ ഭിന്നങ്ങളല്ലെന്നോ പറവാൻ നിവൃത്തിയില്ല. ഭിന്നത്വം സ്വീകരിക്കുകയാണെങ്കിൽ ഓരോന്നിന്നും സ്വാതന്ത്ര്യസത്തയുണ്ടെന്നു പറയേണ്ടിവരും. പ്രാണാദികൾ ആത്മാവിൽനിന്നു ഭിന്നങ്ങളായിത്തീരും. ഭിന്നങ്ങളല്ലെന്നു പറഞ്ഞാൽ ഘടം, പടം മുതലായവയെല്ലാം പര്യായപദങ്ങളായിത്തീരുന്നതിനാൽ വ്യവഹാരംതന്നെ നടക്കുകയില്ല. അതുകൊണ്ടു് ദ്വൈതം വാസ്തവത്തിൽ ഇല്ലാത്തതുതന്നെയാണെന്നത്ഥം.

> വീതരാഗഭയക്രോധൈർ–
> മുനിഭിർവേദപാരഗൈഃ
> നിർവ്വികല്പോ ഹ്യയം ദൃഷ്ടഃ
> പ്രപഞ്ചോപശമോഽദ്വയഃ. 35

വീതരാഗഭയക്രോധൈഃ = രാഗം, ഭയം, ക്രോധം എന്നിവയില്ലാത്തവരും, വേദപാരഗൈഃ = വേദാത്ഥം മുഴുവൻ അറിയുന്നവരും ആയ, മുനിഭിഃ = മുനികളാൽ, നിർവ്വികല്പഃ = വികല്പങ്ങളില്ലാത്തതും, പ്രപഞ്ചോപശമഃ =പ്രപഞ്ചം ശമിച്ചിട്ടുള്ളതും ആയ, അയം അദ്വയഃ = ഈ അദ്വൈതം, ദൃഷ്ടഃ ഹി = സാക്ഷാത്കരിക്കപ്പെട്ടിട്ടുണ്ടല്ലൊ.

രാഗം ഭയം ക്രോധം മുതലായ ചിത്തവൃത്തികളെയെല്ലാം ജയിച്ചിട്ടുള്ളവരും വേദാത്ഥതത്ത്വജ്ഞന്മാരും മനനശീലരുമായ വിവേകികൾ പ്രപഞ്ചഭാവങ്ങളെല്ലാം അസ്തമിച്ച നിർവ്വികല്പമായ അദ്വൈതതത്ത്വത്തെ സാക്ഷാത്കരിച്ചിട്ടുണ്ടു്.

കുറിപ്പു്: അദ്വൈതം അജ്ഞേയമാണെന്നും അതുകൊണ്ടു് അവിശ്വാസ്യമാണെന്നും പറയുന്ന നാസ്തികന്മാക്കുള്ള മറുപടിയാണിതു്. സത്യസാക്ഷാത്കാരത്തിന്നു വേണ്ട യോഗ്യതകൾ സമ്പാദിച്ചിട്ടുള്ള വിവേകികൾ ദ്വൈതഭാവങ്ങളെല്ലാം അസ്തമിച്ചു് നിർവ്വികല്പമായ അദ്വയസത്യത്തെ സാക്ഷാത്കരിച്ചിട്ടുണ്ടു്.രാഗാദിമനോ

Digitization by Arya Samaj Charitable Foundation, Chennai

മാലിന്യങ്ങളെ നശിപ്പിച്ചിട്ടുള്ളവരും വേദാന്താൎത്ഥതത്പരന്മാരും ജിതേന്ദ്രിയന്മാരും സാധനചതുഷ്ടയസമ്പന്നന്മാരുമായ അധികാരികൾക്ക് ഇന്നും ആത്മസാക്ഷാത്കാരം സാദ്ധ്യമാണെന്നൎത്ഥം.

"മായയുടെ ഗൃഹത്തിൽ പാൎക്കുന്നിടത്തോളം കാലം, മായാമേഘം നീങ്ങാത്തിടത്തോളം കാലം, ജ്ഞാനസൂര്യൻ പ്രകാശിക്കുന്നില്ല. മായാഗൃഹം വിട്ടു പുറത്തു വന്നു നിന്നാൽ, കാമിനീകാഞ്ചനം കൈവിട്ടാൽ, അപ്പോൾ ജ്ഞാനസൂര്യൻ അവിദ്യയെ നശിപ്പിക്കും. മുറിക്കുള്ളിൽ കൊണ്ടുവന്നാൽ കാചം കടലാസ്സു കരിക്കുകയില്ല. മുറിക്കു പുറത്തു വന്നു നിന്നാൽ വെയിൽ കാചത്തിൽ പതിക്കുന്നു; അപ്പോൾ കടലാസ്സ് കരിയുന്നു. എന്നാൽ കാർമേഘം ഉണ്ടായാലും കാചം കടലാസ്സ് എരിക്കുകയില്ല. മേഘം നീങ്ങിപ്പോയാൽ അപ്പോൾപിന്നെ പററും. കാമിനീകാഞ്ചനങ്ങളാകുന്ന ഗൃഹത്തിൽ നിന്നും അല്പം വിട്ടുനിന്നാൽ, മാറിനിന്ന് കുറച്ചു സാധനയും തപസ്സും അനുഷ്ഠിച്ചാൽ, അപ്പോൾ മാത്രമേ മനസ്സിലെ അന്ധകാരം നശിക്കൂ; അപ്പോഴേ അവിദ്യയും അഹങ്കാരവുമാകുന്ന മേഘം വിട്ടുമാറൂ; ജ്ഞാനലാഭം ഉണ്ടാകൂ. കാമകാഞ്ചനങ്ങൾ മാത്രമാണ് ജ്ഞാനസൂര്യനെ മറയ്ക്കുന്ന മേഘം."

— ശ്രീരാമകൃഷ്ണവചനാമൃതം II. 353.

> തസ്മാദേവം വിദിത്വൈന-
> മദ്വൈതേ യോജയേത് സ്മൃതിം
> അദ്വൈതം സമനുപ്രാപ്യ
> ജഡവല്ലോകമാചരേത്. 36

തസ്മാത് = അതുകൊണ്ട്, ഏനം = ഈ (ആത്മാവിനെ), ഏവം = ഇപ്രകാരം, വിദിത്വാ = അറിഞ്ഞിട്ട്, അദ്വൈതേ = അദ്വൈതത്തിൽ, സ്മൃതിം = സ്മൃതിയെ, യോജയേത് = യോജിപ്പിക്കണം. അദ്വൈതം = അദ്വൈതത്തെ, സമനുപ്രാപ്യ = സാക്ഷാത്കരിച്ചിട്ട്, ജഡവത് = ജഡനെപ്പോലെ, ലോകം = ലോകത്തോട്, ആചരേത് = പെരുമാറണം.

എല്ലാ അനൎത്ഥങ്ങൾക്കും ശാന്തി നല്കുന്നതിനാൽ അദ്വൈതം ശിവവും അഭയവുമാണെന്നറിഞ്ഞ് അതിൽ

Digitization by Arya Samaj Charitable Foundation, Chennai

ത്തന്നെ മനസ്സിനെ ഉറപ്പിക്കണം. അങ്ങനെ അദ്വൈതത്തെ സാക്ഷാത്കരിച്ച് ഒരു ജഡനെപ്പോലെ ലോകത്തിൽ പെരുമാറണം.

കുറിപ്പ്: അദ്വയമായ ആത്മാവു മാത്രമേ സത്യമായിട്ടുള്ളു എന്ന ബോധം ഉണ്ടായാലും, വളരെക്കാലമായുള്ള ദ്വൈതബോധത്തിന്റെ വാസനകൊണ്ട് അത് അഭിഭൂതമാകാതിരിക്കാൻവേണ്ടി നിരന്തരമായി മനസ്സിനെ ആ ബോധത്തിലുറപ്പിച്ചുനിർത്തണം. അങ്ങനെ അദ്വയബോധത്തിന്ന് ദാർഢ്യം വന്നുകഴിഞ്ഞാൽ ലോകത്തിൽ ജഡനെപ്പോലെ ആചരിക്കണം. അതായത് സർവ്വലോകവ്യവഹാരങ്ങൾക്കും അതീതനായ ആത്മാവാണ് താൻ എന്ന ബോധം പുറത്തു കാണിക്കാതെയും താൻ ഇന്നവിധമുള്ളവനാണെന്നു മററുള്ളവരെ അറിയിക്കാതെയും മററുള്ളവരോടു പെരുമാറണമെന്നർത്ഥം.

''നിരന്തരധ്യാനംകൊണ്ട് ബ്രഹ്മജ്ഞാനമുണ്ടായാൽ സംസാരാസക്തി, കാമിനീകാഞ്ചനത്തിലുള്ള ഉത്സാഹം, ഒക്കെ പോകും. അപ്പോൾ എല്ലാം ശാന്തമാകുന്നു. വിറകെരിയുമ്പോൾ പൊടുപൊടെ പൊട്ടും; തീയാളും. കത്തിത്തീന്നാൽ ചാരംമാത്രം ബാക്കി; പിന്നെ ഒച്ചയൊന്നുമില്ല. ആസക്തി പോയാൽ ഔത്സുക്യം പോകും. ഒടുവിൽ ശാന്തി.''

— ശ്രീരാമകൃഷ്ണവചനാമൃതം I. 183.

നിസ്തുതിർന്നിർന്നമസ്കാരോ നിഃസ്വധാകാര ഏവ ച
ചലാചല നികേതശ്ച യതിർയാദൃച്ഛികോ ഭവേത്. 37

യതിഃ = സന്ന്യാസി, നിസ്തുതിഃ = സ്തുതിയില്ലാത്തവനായും, നിർനമസ്കാരഃ = നമസ്കാരമില്ലാത്തവനായും, നിഃസ്വധാകാരഃ ഏവ ച = സ്വധാകാരത്തോടുകൂടി അനുഷ്ഠിക്കേണ്ട പിതൃയജ്ഞമില്ലാത്തവനായും, ചലാചലനികേതഃ ച = ചലമായ ദേഹവും അചലമായ ആത്മതത്ത്വവുമാകുന്ന ആശ്രയത്തോടുകൂടിയവനായും, യാദൃച്ഛികഃ = യദൃച്ഛാലാഭസന്തുഷ്ടനായും, ഭവേത് = ഭവിക്കണം,

Digitization by Arya Samaj Charitable Foundation, Chennai

ആത്മതത്ത്വമറിഞ്ഞ സന്ന്യാസി സ്തുതിനമസ്കാരാദികളോ പിതൃശ്രാദ്ധാദികളോ ഒന്നുമില്ലാത്തവനായും ദേഹധാരണത്തിന്നുവേണ്ട കാര്യങ്ങൾ ചെയ്യുമ്പോൾ ദേഹത്തെയും മററു സമയങ്ങളിൽ ആത്മതത്ത്വത്തെയും ആശ്രയിച്ച് ജീവിക്കുന്നവനായും യദൃച്ഛയാ കിട്ടുന്നതുകൊണ്ടുമാത്രം സന്തൃപ്തനായും ഇരിക്കേണ്ടതാണ്.

കുറിപ്പ്: എങ്ങനെയാണ് ജഡനെപ്പോലെ ലോകത്തിൽ ജീവിക്കുക എന്നതിൻെറ വിവരണമാണിത്. സ്തുതിനമസ്കാരാദി എല്ലാ കർമ്മങ്ങളുമുപേക്ഷിച്ച്, ബാഹ്യൈഷണകളെയെല്ലാം ത്യജിച്ച് പരമഹംസപരിവ്രാജകനായി സഞ്ചരിക്കണമെന്നർത്ഥം. ദേവതാസ്തുതിപൂർവ്വകമായ ശ്രാദ്ധാദി പിതൃയജ്ഞങ്ങളൊന്നും അവന്ന് അനുഷ്ഠേയമായിട്ടില്ല. ഭോജനാദിവ്യവഹാരങ്ങൾക്കുവേണ്ടി ആ സമയങ്ങളിൽ നശ്വരമായ ഈ ദേഹത്തെ ആശ്രയിച്ചും മററു സമയങ്ങളിൽ ആകാശംപോലെ അചഞ്ചലമായ ആത്മതത്ത്വത്തിലുറച്ചും അവൻ കഴിഞ്ഞുകൂടുന്നു. അല്ലാതെ ജീവിതത്തിന്ന് ഒരിക്കലും ബാഹ്യവിഷയങ്ങളെ ആശ്രയിക്കുന്നില്ല. യദൃച്ഛയാ ലഭിക്കുന്ന വസ്ത്രഭക്ഷണാദികളെക്കൊണ്ടുതന്നെ അവൻ സന്തൃപ്തനായിരിക്കും. അവയിൽ ആഗ്രഹമോ ലഭിക്കുവാനുള്ള പരിശ്രമമോ അവനിലുണ്ടാകയില്ല. ലോകത്തോട് യാതൊരുവിധത്തിലും ബന്ധപ്പെടാതെ ആത്മനിഷ്ഠയോടുകൂടി എപ്പോഴും പരമഹംസചര്യയിൽ പരിവ്രാജകന്മാരായി ചുററിത്തിരിയുന്നവരെയാണ് സ്ഥിതപ്രജ്ഞരെന്നും ഗുണാതീതരെന്നും മററും ഭഗവദ്ഗീതയിൽ പറയുന്നത്.

തത്ത്വമാധ്യാത്മികം ദൃഷ്ട്വാ തത്ത്വം ദൃഷ്ട്വാ തു ബാഹ്യതഃ
തത്ത്വീഭൂതസ്തദാരാമസ്തത്ത്വാദപ്രച്യുതോ ഭവേത്. 38

ആധ്യാത്മികം = ആധ്യാത്മികമായ, തത്ത്വം = തത്ത്വത്തെ, ദൃഷ്ട്വാ = കണ്ടിട്ട്, ബാഹ്യതഃ = ബാഹ്യമായി, തത്ത്വം = തത്ത്വത്തെ, ദൃഷ്ട്വാ തു = കണ്ടിട്ടും, തത്ത്വീഭൂതഃ = തത്ത്വമായിത്തീർന്നവനായും, തദാരാമഃ = തത്ത്വത്തിൽത്തന്നെ രമിക്കുന്നവനായും, തത്ത്വാത് = തത്ത്വത്തിൽനിന്ന്, അപ്രച്യുതഃ = തെററാത്തവനായും, ഭവേത് = ഭവിക്കണം.

Digitization by Arya Samaj Charitable Foundation, Chennai

ശരീരേന്ദ്രിയാദി ആധ്യാത്മികതത്ത്വങ്ങളെയും പൃഥിവ്യാദി ബാഹ്യതത്ത്വങ്ങളെയും ആത്മദൃഷ്ട്യാ കണ്ടറിഞ്ഞ്, സ്വയം ആ തത്ത്വം തന്നെയായിത്തീർന്ന് ആത്മതത്ത്വദർശനത്തിൽത്തന്നെ രമിക്കുന്നവനായി, സന്ന്യാസി ആത്മതത്ത്വത്തിൽനിന്ന് ഒരിക്കലും പ്രച്യുതനായിപ്പോകരുത്. സദാ ആത്മതത്ത്വനിഷ്ഠനായിരിക്കണം.

കുറിപ്പ്: പൃഥിവ്യാദി ഭൗതികതത്ത്വങ്ങളും ദേഹാദി അധ്യാത്മതത്ത്വങ്ങളും രജ്ജുസർപ്പാദിയെപ്പോലെയും സ്വപ്നമായാദികളെപ്പോലെയും അസത്താണെന്നും ആത്മതത്ത്വം മാത്രമേ സത്യമായിട്ടുള്ളുവെന്നും സാക്ഷാത്കരിച്ചിട്ടുള്ള ഒരു തത്ത്വദർശി താൻ ആ തത്ത്വമാണെന്നറിഞ്ഞു താദാത്മ്യം പ്രാപിക്കുന്നു. അങ്ങനെ ആത്മഭൂതനായ അവൻ അതത്ത്വദർശികളെപ്പോലെ ബാഹ്യവിഷയങ്ങളിൽ രമിക്കുകയില്ല. നിശ്ചലവും നിർവ്വികാരവുമായ ആത്മാവാണ് താൻ എന്ന് അറിയാതെ, ചിത്തമാണ് ആത്മാവ് എന്നു വിചാരിക്കുന്നവൻ ചിത്തചലനത്തെ അനുസരിച്ച് ആത്മാവിനെ ചലിക്കുന്നതായി വിചാരിച്ച് താൻ ആത്മതത്ത്വത്തിൽ നിന്ന് പ്രച്യുതനായി എന്നും, ചിത്തം സമാഹിതമാകുമ്പോൾ വീണ്ടും താൻ തത്ത്വനിഷ്ഠനായി എന്നും വിചാരിക്കുന്നു. ശരിയായ ഒരു ആത്മജ്ഞന് ആ ഭാവവ്യത്യാസം ഉണ്ടാകുന്നില്ല. 'ഞാൻ ബ്രഹ്മമാകുന്നു' എന്ന ബ്രഹ്മതത്ത്വദർശനം അയാൾക്ക് ഒരിക്കലും നശിക്കുന്നില്ല. അങ്ങനെയുള്ള നിർഗ്ഗുണവും നിഷ്കളവും നിഷ്ക്രിയവും നിർവികല്പവും ഏകവും അദ്വയവും ആയ ബ്രഹ്മാത്മഭാവത്തെ പ്രാപിക്കുക എന്നതാണ് മനുഷ്യജീവിതത്തിന്റെ ലക്ഷ്യം.

വൈതഥ്യപ്രകരണമെന്ന രണ്ടാം ഭാഗം കഴിഞ്ഞു.

Digitization by Arya Samaj Charitable Foundation, Chennai

3 അദ്വൈതപ്രകരണം

ഉപാസനാശ്രിതോ ധർമ്മോ
ജാതേ ബ്രഹ്മണി വർത്തതേ
പ്രാഗുത്പത്തേരജം സർവ്വം
തേനാസൗ കൃപണഃ സ്മൃതഃ. 1

ഉപാസനാശ്രിതഃ = ഉപാസനയെ ആശ്രയിച്ചിരിക്കുന്ന, ധർമ്മഃ = ജീവൻ, ജാതേ = ജനിച്ചിട്ടുള്ള, ബ്രഹ്മണി = ബ്രഹ്മത്തിൽ, വർത്തതേ = വർത്തിക്കുന്നു. ഉത്പത്തേഃ പ്രാക് = ജനനത്തിനുമുമ്പ്, സർവ്വം = എല്ലാം, അജം = ജന്മമില്ലാത്തതായിരുന്നു. തേന = അതുകൊണ്ട്, അസൗ = ഇവൻ, കൃപണഃ = ക്ഷുദ്രനാണെന്ന്, സ്മൃതഃ = സ്മരിക്കപ്പെട്ടിരിക്കുന്നു.

ഉപാസനയെ മോക്ഷസാധനമായി കരുതി സ്വീകരിക്കുന്നവൻ, താൻ ഇപ്പോൾ ജനിച്ചിട്ടുള്ള ബ്രഹ്മത്തിൽ വർത്തിക്കുന്നുവെന്നും ജനനത്തിനുമുമ്പ് എല്ലാം അജമായ ബ്രഹ്മമായിരുന്നുവെന്നും വിചാരിക്കുന്നു. അതുകൊണ്ട് അവൻ ക്ഷുദ്രനാണെന്ന് ബ്രഹ്മജ്ഞന്മാർ കരുതുന്നു.

കുറിപ്പ്: സർവ്വഥാ ദുഃഖകാരണമായ അദ്വൈതപ്രപഞ്ചം സ്വപ്നം, ഇന്ദ്രജാലം, ഗന്ധർവ്വനഗരം മുതലായവയെപ്പോലെ അയഥാർത്ഥവും ഭ്രാന്തിമാത്രവുമാണെന്ന് ആഗമംകൊണ്ടും യുക്തികൊണ്ടും കഴിഞ്ഞ പ്രകരണങ്ങളിൽ സമർത്ഥിച്ചു. ഇനി അദ്വൈതം മാത്രമാണ് സത്യമായിട്ടുള്ളത് എന്ന് ആഗമംകൊണ്ടുമാത്രം അറിയേണ്ടതാണോ, യുക്തികൊണ്ടുകൂടി സമർത്ഥിക്കുവാൻ സാധിക്കുമോ എന്ന ചോദ്യത്തിന് സമാധാനം പറയുവാനാണ് ഈ പ്രകരണം ആരംഭിക്കുന്നത്. ബന്ധവും മോക്ഷവും മോക്ഷോപായമായ സാധനയും

Digitization by Arya Samaj Charitable Foundation, Chennai

എല്ലാം മിഥ്യയാണെന്നു് മുൻ പ്രകരണത്തിൽ വിവരിച്ചു. ഉപാസനയെ മോക്ഷസാധനയായി സ്വീകരിക്കുന്നവൻ കരുതുന്നതു്, 'താൻ ഉപാസകനും ബ്രഹ്മം ഉപാസ്യവുമാണു്; ദേഹേന്ദ്രിയാദികളാൽ പരിച്ഛിന്നമായി ഈ ലോകത്തിൽ ജനിക്കുന്നതിന്നുമുമ്പു് താൻ അജമായ ബ്രഹ്മമായിരുന്നു. ഇപ്പോൾ ജീവനായിത്തീൎന്നിട്ടുള്ള താൻ ഉപാസനയുടെ ഫലമായി ദേഹപാതാനന്തരം വീണ്ടും ബ്രഹ്മമായി താദാത്മ്യം പ്രാപിക്കും,' എന്നാണു്. ദേഹത്തിൻെറ ധാരണംകൊണ്ടാണു് ഇവിടെ ജീവനെ ധൎമ്മമെന്നു പറഞ്ഞിരിക്കുന്നതു്. താൻ ബ്രഹ്മമാണെന്നും ദേഹത്തിൻെറ ബന്ധംകൊണ്ടു് ജനിച്ചവനായി വിചാരിക്കുകയാണെന്നും പഞ്ചഭൂതാത്മകവും നശ്വരവുമായ ദേഹം മിഥ്യയാണെന്നും അറിയുന്ന ഒരാൾക്കു് ഉപാസനയുടെ ആവശ്യമുണ്ടാകുന്നില്ല. അതുകൊണ്ടു് ഉപാസ്യോപാസകഭേദം സ്വരൂപവിസ്മൃതിയിലുണ്ടാകുന്ന ദ്വൈതഭ്രമംകൊണ്ടുണ്ടാകുന്നതാണു്. സ്വരൂപജ്ഞാനമുണ്ടാകുമ്പോൾ ദ്വൈതപ്രപഞ്ചമില്ലാതാകുന്നതിനാൽ ആർ ആരെ ഉപാസിക്കാനാണു്? അതിനാലാണു് ഉപാസകൻ യഥാൎത്ഥബ്രഹ്മവിത്തല്ലെന്നും ക്ഷുദ്രബ്രഹ്മവിത്തായതിനാൽ കൃപണനാണെന്നും ആത്മജ്ഞന്മാർ പറയുന്നതു്. അസത്യവും ദുഃഖാത്മകവുമായ ദ്വൈതഭാവം വൎജ്ജിച്ചു് സത്യവും ശിവവുമായ അദ്വൈതബ്രഹ്മഭാവത്തിൽ പ്രതിഷ്ഠിതനാകുന്നവനാണു് ശരിയായ ജ്ഞാനി. ഈ ഉപാസ്യോപാസകഭാവത്തിൻെറ ദൂഷണംതന്നെയാണു് കേനോപനിഷത്തിലും കാണുന്നതു്.

'യദ് വാചാനഭ്യുദിതം യേന വാഗഭ്യുദ്യതേ
തദേവ ബ്രഹ്മ ത്വം വിദ്ധി നേദം യദിദമുപാസതേ ' കേന.1.5.

വാഗിന്ദ്രിയത്തിന്നു് വിഷയമല്ലാത്തതും എന്നാൽ വാക്കിനെ പ്രവൎത്തിപ്പിക്കുന്നതുമായ ആ ചൈതന്യമാണു് ബ്രഹ്മമെന്നറിയുക. 'ഇതു'' എന്നു് ഉപാധിഭേദത്തോടുകൂടി തന്നിൽനിന്നന്യമായി ഉപാസിക്കപ്പെടുന്നതൊന്നും ബ്രഹ്മമല്ല.

''ഒരു സച്ചിദാനന്ദസമുദ്രം. എങ്ങും അതിരും തീരവുമൊന്നുമില്ല. ഭക്തിശൈത്യംകൊണ്ടു് അങ്ങിങ്ങു് വെള്ളം ഉറഞ്ഞു് കട്ടയായിരിക്കുന്നു. നല്ല ഉറപ്പുള്ള മഞ്ഞുകട്ട. ജ്ഞാനസൂര്യനുദിച്ചാൽ ആ മഞ്ഞു് ഉരുകിപ്പോകുന്നു. അപ്പോൾ പിന്നെ ഈശ്വരൻ വ്യക്തിയാ

Digitization by Arya Samaj Charitable Foundation, Chennai

ണെന്ന ബോധം കാണുകയില്ല. അദ്ദേഹത്തിന്റെ രൂപദർശനവുമില്ല. അദ്ദേഹമെങ്ങനെയെന്നു് വായ്കൊണ്ടു പറയാനാവില്ല. ആരു പറയും? പറയേണ്ടതാരോ അവനില്ല. അയാളുടെ 'ഞാൻ' തേടിയാൽ കിട്ടില്ല. ഒരിക്കൽ ഒരു ഉപ്പുപാവ കടലിന്റെ ആഴമളക്കാൻ പോയി. കടലിലിറങ്ങിയതോടെ അലിഞ്ഞുപോയി. പിന്നെ വിശേഷമാരു പറയും?''
— ശ്രീരാമകൃഷ്ണവചനാമൃതം I. 129

അതോ വക്ഷ്യാമ്യകാർപ്പണ്യമജാതി സമതാം ഗതം
യഥാ ന ജായതേ കിഞ്ചിജ്ജായമാനം സമന്തതഃ. 2

അതഃ = അതുകൊണ്ടു്, അജാതി = ജനനമില്ലാത്തതും, സമതാം = സമഭാവത്തെ, ഗതം = പ്രാപിച്ചിട്ടുള്ളതും ആയ, അകാർപ്പണ്യം = കൃപണഭാവമില്ലാത്ത അവസ്ഥയെ, വക്ഷ്യാമി = പറയാം. യഥാ = ഏതുപ്രകാരം, സമന്തതഃ = ചുററും, ജായമാനം = ജനിക്കുന്ന, കിഞ്ചിത്= ഒന്നും, ന ജായതേ = ജനിക്കുന്നില്ലയോ, (തഥാ = അപ്രകാരം, ശൃണു = കേൾക്കുക.)

അതുകൊണ്ടു് ജനനമില്ലാത്തതും എല്ലായ്പ്പോഴും എല്ലായിടത്തും സമഭാവത്തിൽ വർത്തിക്കുന്നതും കൃപണഭാവമില്ലാത്തതുമായ ബ്രഹ്മത്തെ ഞാൻ വിവരിച്ചുതരാം. നമ്മുടെ ചുററും ജനിക്കുന്നതായി തോന്നുന്നതൊന്നും വാസ്തവത്തിൽ ജനിക്കുന്നില്ല എന്നതു് എപ്രകാരമെന്നു കേട്ടുകൊള്ളുക.

കുറിപ്പു്: ആത്മസ്വരൂപത്തെ അറിയാത്തതുകൊണ്ടാണു് തന്നെ ദീനനായിക്കരുതി 'ഞാൻ ജാതനാണു്', ജാതമായ ബ്രഹ്മത്തിൽ വർത്തിക്കുന്നു. ഉപാസനകൊണ്ടു് ഞാൻ ബ്രഹ്മത്തെ പ്രാപിക്കും,' എന്നു വിചാരിച്ചു് കൃപണനായിത്തീരുന്നതു്. അതുകൊണ്ടു് ആ അജ്ഞാനത്തെ അകററുവാനായി, അകത്തും പുറത്തും ഒന്നായിരിക്കുന്നതും ജനനമോ കൃപണഭാവമോ ഇല്ലാത്തതും ആയ ബ്രഹ്മത്തെപ്പററി ഞാൻ പറഞ്ഞുതരാം. അതിനെ അറിഞ്ഞുകഴിഞ്ഞാൽ ജനിക്കുന്നതായി നാം വിചാരിക്കുന്നതൊന്നും വാസ്തവത്തിൽ ജനിക്കുന്നില്ലെന്നും രജ്ജുവിൽ സർപ്പത്തിന്റെ ജനനംപോലെ അതു് വെറും ഭ്രമം

Digitization by Arya Samaj Charitable Foundation, Chennai

മാത്രമാണെന്നും അറിവാൻ കഴിയുന്നു. ബ്രഹ്മം സർവ്വത്ര സമമായിരിക്കുന്നതിനാൽ നിരവയവമാണ്. സാവയവമായിട്ടുള്ളതിന്നു മാത്രമേ അവയവങ്ങളിൽ വൈഷമ്യം വരികയുള്ളു. അവയവങ്ങൾക്ക് വൈഷമ്യം വരുമ്പോഴുണ്ടാകുന്ന വികാരത്തെയാണ് നാം ജനനമെന്നു പറയുന്നതു്. അപ്പോൾ സർവ്വത്ര സമമായിരിക്കുന്ന ബ്രഹ്മം നിരവയവമാകയാൽ ജനനമില്ലാത്തതാകാനേ വഴിയുള്ളു. അതുകൊണ്ടുതന്നെ അതു കൃപണഭാവമില്ലാത്തതുമാണ്.

''ഈശ്വരനെ ധ്യാനിക്കാൻ, അദ്ദേഹത്തെ ഉപാധിശൂന്യനായി ധ്യാനിക്കുവാൻ ശ്രമിക്കുന്നതാണ് ഉചിതം. അദ്ദേഹം ഉപാധിരഹിതൻ, വാക്കിന്നും മനസ്സിന്നും അതീതൻ.''

—ശ്രീരാമകൃഷ്ണവചനാമൃതം I. 535.

ആത്മാ ഹ്യാകാശവജ്ജീവൈർ–
ഘടാകാശൈരിവോദിതഃ
ഘടാദിവച്ച സംഘാതൈർ–
ജാതാവേതന്നിദർശനം. 3

ഘടാകാശൈഃ = ഘടാകാശങ്ങളാൽ, ആകാശവത് = ആകാശമെന്നപോലെ, ജീവൈഃ = ജീവന്മാരാൽ, ആത്മാ = പരമാത്മാവു്, ഉദിതഃ ഹി = ഉത്പന്നമാകുന്നു. ഘടാദിവത് = ഘടാദികളെന്നപോലെ, സംഘാതൈഃ ച = സംഘാതങ്ങളെക്കൊണ്ടും, ഉദിതഃ = ഉദിതമാകുന്നു. ജാതൗ = ജനനത്തിൽ, ഏതത് = ഇതാകുന്നു, നിദർശനം = ദൃഷ്ടാന്തം.

ഘടാകാശത്തിന്നും ആകാശത്തിന്നും തമ്മിലുള്ള ബന്ധംതന്നെയാണ് ജീവാത്മാക്കൾക്കും പരമാത്മാവിന്നും തമ്മിലുള്ളതു്. ഘടാദിവസ്തുക്കളുടെ ഉത്പത്തിപോലെതന്നെയാണ് ജീവോപാധിഭൂതങ്ങളായ ദേഹാദിസംഘാതങ്ങളുടെയും ഉദ്ഭവം. പരമാത്മാവിന്റെ ജനനത്തിൽ ഇതാണ് ദൃഷ്ടാന്തം.

Digitization by Arya Samaj Charitable Foundation, Chennai

കുറിപ്പ്: സർവ്വസമയവും അജാതവും അകാർപ്പണ്യവുമായ ബ്രഹ്മത്തെപ്പററി പറയാമെന്നു പറഞ്ഞതു് ഒരു ഉദാഹരണംകൊണ്ടു വ്യക്തമാക്കുകയാണിവിടെ ചെയ്യുന്നതു്. ആകാശംപോലെ സൂക്ഷ്മവും നിരവയവവും സർവ്വഗതവുമാണു് പരമാത്മാവും. മഹാകാശത്തെത്തന്നെ, ഘടമാകുന്ന ഉപാധികൊണ്ടു് പരിച്ഛിന്നമാകുമ്പോൾ ഘടാകാശമെന്നു വ്യവഹരിക്കുന്നു. അതുപോലെ ദേഹാദ്യുപാധിപരിച്ഛിന്നമായ പരമാത്മാവിനെത്തന്നെയാണു് ജീവൻ എന്നു പറയുന്നതു്. മഹാകാശത്തിൽനിന്നു വ്യത്യസ്തമായി ഘടാകാശമില്ലാത്തതുപോലെ പരമാത്മാവിൽനിന്നു് വ്യത്യസ്തമായി ജീവനുമില്ല. ഘടത്തിന്റെയും ആകാശത്തിന്റെയും ധർമ്മങ്ങൾക്കു പരസ്പരസംബന്ധമില്ലാത്തതുപോലെ ദേഹത്തിന്റെയും ആത്മാവിന്റെയും ധർമ്മങ്ങൾക്കും യാതൊരു സംബന്ധവുമില്ല. ആ ആകാശത്തിൽനിന്നുതന്നെ ഘടാദിസംഘാതങ്ങളുണ്ടാകുന്നതുപോലെയാണു് ആകാശസ്ഥാനീയമായ പരമാത്മാവിൽനിന്നും പൃഥിവ്യാദിഭൂതസംഘാതങ്ങളും ദേഹാദികളും ഉണ്ടാകുന്നതു്. എല്ലാം രജ്ജുസർപ്പംപോലെ വികല്പിതമാകയാൽ യഥാർത്ഥത്തിൽ ദേഹത്തിന്നും ജീവനും ഉദ്ഭവമില്ലെങ്കിലും മന്ദബുദ്ധികൾക്കുവേണ്ടി ജന്മത്തെപ്പററി പറയുമ്പോൾ ഇതാണു് ദൃഷ്ടാന്തമായെടുക്കാവുന്നതെന്നർത്ഥം.

''അനന്തമായ സമുദ്രത്തെ എടുക്കുക. ജലത്തിന്നു് അതിരോ അററമോ ഇല്ല. അതിൽ ഒരു കുടം ആഴ്ത്തിയെന്നു വിചാരിക്കുക. കുടത്തിനു് അകത്തും പുറത്തും ജലം. അകത്തും പുറത്തും ഒരേ പരമാത്മാവുതന്നെ എന്നു് ജ്ഞാനി കാണുന്നു. അഹംബോധമാണീ കുടം. കുടമുള്ളതുകൊണ്ടാണു് ജലം രണ്ടു ഭാഗമായി കാണുന്നതു്, അകമെന്നും പുറമെന്നും ഉള്ള ബോധമുണ്ടാകുന്നതു്. ഈ 'അഹം' പൊയ്യുഴിഞ്ഞാൽ പിന്നെ ഉള്ളതെന്തോ അതു വാക്കുകൊണ്ടു പറയാനാവില്ല.''

—ശ്രീരാമകൃഷ്ണവചനാമൃതം III. 366.

ഘടാദിഷു പ്രലീനേഷു ഘടാകാശാദയോ യഥാ
ആകാശേ സംപ്രലീയന്തേ തദ്വജ്ജീവാ ഇഹാത്മനി. 4

Digitization by Arya Samaj Charitable Foundation, Chennai

യഥാ = എപ്രകാരം, ഘടാദിഷു = ഘടാദികൾ, പ്രലീനേഷു= പ്രലീനങ്ങളാകമ്പോൾ, ഘടാകാശാദയഃ =ഘടാകാശം മുതലായവ, ആകാശേ = മഹാകാശത്തിൽ, സംപ്രലീയന്തേ = ലയിക്കുന്നതു്, തദ്വത് = അതുപോലെ, ജീവാഃ = ജീവന്മാർ, ഇഹ ആത്മനി = ഈ ആത്മാവിൽ, സംപ്രലീയന്തേ = ലയിക്കുന്നു.

ഘടം മുതലായവ നശിക്കുമ്പോൾ ഘടാകാശം മുതലായവ ആകാശത്തിൽ ലയിക്കുന്നതുപോലെ ദേഹാദിസംഘാതങ്ങൾ നശിക്കുമ്പോൾ ജീവന്മാർ ഈ പരമാത്മാവിൽ ലയിക്കുന്നു.

കുറിപ്പ്: ഘടാകാശം പ്രത്യേകമായുണ്ടാവുകയോ മഹാകാശത്തിൽ പിന്നീട് കൂടിച്ചേരുകയോ ചെയ്യുന്നില്ലെന്ന് എല്ലാവക്കും അനുഭവമാണ്. അതുപോലെ ജീവനും പ്രത്യേകമായി ജനിക്കുകയോ പിന്നീട് പരമാത്മാവിനോടു കൂടിച്ചേരുകയോ ചെയ്യുന്നില്ല. ഉപാധിനിമിത്തം അങ്ങനെ പറയുന്നുവെന്നല്ലാതെ അതു യഥാർത്ഥമായിട്ടുള്ളതല്ല. ജീവന് ഉത്പത്തിയോ നാശമോ ഇല്ലാത്തതിനാൽ അതു് എപ്പോഴും പരമാത്മാവുതന്നെയാണ്. അങ്ങനെ ഉത്പത്തിശ്രുതിയും പ്രളയശ്രുതിയും അദ്വൈതത്തിന്നു് വിരുദ്ധമാകുന്നില്ല എന്നു് ഇതുകൊണ്ടു വ്യക്തമാകുന്നു.

യഥൈകസ്മിൻ ഘടാകാശേ രജോധൂമാദിഭിർയുതേ
ന സർവ്വേ സംപ്രയുജ്യന്തേ തദ്വജ്ജീവാഃ സുഖാദിഭിഃ. 5

യഥാ = എപ്രകാരം, ഏകസ്മിൻ = ഒരു, ഘടാകാശേ = ഘടാകാശം, രജോധൂമാദിഭിഃ = പൊടി പുക മുതലായവയോടു്, യുതേ = ചേർന്നതായിരിക്കുമ്പോൾ, സർവ്വേ = എല്ലാ (ഘടാകാശങ്ങളും), ന സംപ്രയുജ്യന്തേ = ചേർന്നവയാകാതിരിക്കുന്നതു്, തദ്വത് = അതുപോലെ, ജീവാഃ = ജീവന്മാർ, സുഖാദിഭിഃ = സുഖം മുതലായവയോടു്, ന സംപ്രയുജ്യന്തേ = ചേരുന്നില്ല.

ഒരു ഘടാകാശം പൊടി പുക മുതലായവയോടു ചേർന്നിരിക്കുമ്പോഴും മററു ഘടാകാശങ്ങൾ അതൊന്നുമില്ലാതെ

Digitization by Arya Samaj Charitable Foundation, Chennai

ശുദ്ധമായിത്തന്നെയിരിക്കുന്നതുപോലെതന്നെയാണ് ഒരു ജീവൻ സുഖദുഃഖാദികൾ അനുഭവിക്കുമ്പോൾ മററുജീവന്മാർ സുഖദുഃഖാദികളോടു ബന്ധപ്പെടാതിരിക്കുന്നതു്.

കുറിപ്പ്: എല്ലാ ദേഹങ്ങളിലും ഉള്ള ആത്മാവ് ഒന്നാണ് എന്നു പറയുന്നപക്ഷം ഒരാളുടെ ഗുണദോഷങ്ങൾ എല്ലാവരെയും ബാധിക്കുന്നതായിരിക്കണമല്ലോ. ഒരാൾ പുണ്യം ചെയ്താൽ എല്ലാവരും സുഖിക്കണം; ഒരാൾ പാപം ചെയ്താൽ എല്ലാവക്കും ദുഃഖമുണ്ടാകണം. ഇങ്ങനെ ഇച്ഛാദ്വേഷാദിവികാരങ്ങളിലും ഏകത്വം കാണേണ്ടതാണ്. അതു കാണുന്നില്ലാത്തതുകൊണ്ടു് ജീവന്മാർ അനേകങ്ങളാണെന്നും ഓരോ ജീവന്മാരും അവരവരുടെ കമ്മഫലം അനുഭവിക്കുന്നു എന്നും പറയുന്നതല്ലേ ശരിയായിരിക്കുക? ഈ ചോദ്യത്തിനുള്ള സമാധാനമാണ് ഈ കാരിക. അനേകം ഘടങ്ങളാകുന്ന ഉപാധികളിലുള്ള ആകാശത്തെ അനേകം ഘടാകാശങ്ങളെന്നു പറയുന്നു. അതു് മഹാകാശത്തിൽ യാതൊരു മാററവും ഉണ്ടാക്കുന്നില്ല. ഒരു ഘടത്തിനുള്ളിൽ പൊടിയോ പുകയോ ഉണ്ടെങ്കിൽ ആ ഉപാധിയിലുള്ള ഘടാകാശം മലിനമാണെന്നു പറയാമെങ്കിലും അതു മററു ഘടാകാശങ്ങൾക്കു ബാധകമല്ല. അതുപോലെ അനേകം ദേഹേന്ദ്രിയസംഘാതങ്ങളാൽ പരിച്ഛിന്നമായതുകൊണ്ടു് അനേകം ജീവന്മാരെന്നു പറയുന്നു. ഒരു സംഘാതത്തിലുണ്ടാകുന്ന സുഖദുഃഖാദിവികാരങ്ങൾനിമിത്തം ആ സംഘത്തിലുള്ള ജീവൻ സുഖിയും ദുഃഖിയുമാണെന്നു പറയുന്നു. മററു ജീവന്മാക്ക് അതു ബാധകമാകുന്നില്ല. ജീവവ്യത്യാസംതന്നെ ഉപാധിഭേദംകൊണ്ടു പറയുന്നതല്ലാതെ ആത്മാവിൽ അതു യാതൊരു മാററവും ഉണ്ടാക്കുന്നില്ല. ചുരുക്കത്തിൽ മനസ്സും ബുദ്ധിയുമാകുന്ന ഉപാധികളിലാണ് സുഖദുഃഖാദികൾ അനുഭവപ്പെടുന്നതു്. ആത്മാവു് അവയാൽ ബാധിതനാകുന്നില്ലെന്നു സാരം.

''ഈശ്വരദശനം ഉണ്ടാകാത്ത കാലത്തോളം, ഞാൻ കർത്താവാകുന്നു എന്ന മോഹം നിലനില്ലും. അത്രയും കാലം 'ഞാൻ സത്കമ്മം ചെയ്യുന്നു, ഞാൻ അസത്കമ്മം ചെയ്യുന്നു' എന്ന വിചാരം ഉണ്ടാകും. ഈ ഭേദബോധം ഈശ്വരൻെറ മായമൂലമുണ്ടാകുന്നതാണ്.

Digitization by Arya Samaj Charitable Foundation, Chennai

ഈശ്വരനെ പ്രാപിക്കുന്നവന്ന് ഈ മായയെ അതിക്രമിക്കുവാൻ സാധിക്കും. അപ്പോഴാം 'ഈശ്വരനൊരുവൻ മാത്രമാണ് കർത്താവ്, ഞാൻ കർത്താവല്ല' എന്ന വിചാരം ദൃഢമായിത്തീരുന്നു.''

—ശ്രീരാമകൃഷ്ണവചനാമൃതം III. 355.

രൂപകാര്യസമാഖ്യാശ്ച ഭിദ്യന്തേ തത്ര തത്ര വൈ
ആകാശസ്യ ന ഭേദോഽസ്തി തദ്വജ്ജീവേഷു നിർണ്ണയഃ. 6

രൂപകാര്യസമാഖ്യാഃ ച = രൂപവും കാര്യവും പേരും, തത്ര തത്ര = അവിടവിടെ, ഭിദ്യന്തേ വൈ = വ്യത്യാസപ്പെടുന്നു. ആകാശസ്യ = ആകാശത്തിന്നു്, ഭേദഃ = ഭേദം, ന അസ്തി = ഇല്ല. തദ്വത് = അതുപോലെയാണ്, ജീവേഷു = ജീവന്മാരിലുള്ള, നിർണ്ണയഃ = തീരുമാനവും.

രൂപം, പ്രയോജനം, പേര് ഇവയെല്ലാം ഉപാധി ഭേദമനുസരിച്ച് മാറുമെങ്കിലും ആകാശത്തിൽ യാതൊരു ഭേദവുമുണ്ടാകുന്നില്ല. അതുപോലെതന്നെയാണ് ജീവന്മാരിൽ കാണുന്ന വ്യത്യാസവുമെന്നു് ജ്ഞാനികൾ തീർച്ചപ്പെടുത്തിയിരിക്കുന്നു.

കുറിപ്പ്: പാത്രങ്ങൾ, മുറി മുതലായ ഉപാധികളുടെ വലുപ്പച്ചെറുപ്പമനുസരിച്ച് അവയിലുള്ള ആകാശത്തിന്നും വലുപ്പച്ചെറുപ്പമുണ്ടാകുന്നു. പേരിലും വ്യത്യാസമുണ്ട്. വെള്ളം കൊണ്ടുവരിക, കിടക്കുക മുതലായ പ്രയോജനത്തിൽ വ്യത്യാസം കാണുന്നു. ആകാശത്തിൽ ഉപാധിഭേദത്താൽ ഉണ്ടാകുന്ന ഈ വ്യത്യാസമൊന്നും പാരമാർത്ഥികമല്ല, ആകാശത്തെ ഒരു വിധത്തിലും ബാധിക്കുന്നതുമല്ല. അതുപോലെതന്നെയാണ് ദേഹമാകുന്ന ഉപാധിയാലുണ്ടാകുന്ന ജീവസംബന്ധിയായ വ്യവഹാരവും. ആ ഭേദങ്ങളൊന്നും പാരമാർത്ഥികമല്ല; ആകാശസ്ഥാനീയമായ ആത്മാവിനെ ബാധിക്കുന്നതുമല്ല എന്നു് പണ്ഡിതന്മാർ നിരൂപണംചെയ്തു തീർച്ചപ്പെടുത്തിയിരിക്കുന്നു.

''ഞാൻ, മമ എന്നതു് അജ്ഞാനം. വിചാരം ചെയ്യാൻ പോയാൽ ഞാൻ, ഞാൻ എന്നു പറയുന്നതു് ആത്മാവല്ലാതെ വേറൊന്നു

Digitization by Arya Samaj Charitable Foundation, Chennai

മല്ല എന്ന കാണാറാകം. വിചാരിച്ചുനോക്കുക—നീ ശരീരമോ, മാംസമോ അതോ വേറെ വല്ലതുമോ ? അവയൊന്നുമല്ല നീയെന്ന് അപ്പോഠം കാണാം. നിനക്ക് ഉപാധിയൊന്നുമില്ല. 'ഞാൻ ഒന്നും ചെയ്യുന്നില്ല, എനിക്ക് ഗുണവുമില്ല, ദോഷവുമില്ല, പാപവുമില്ല, പുണ്യവുമില്ല.' എന്ന് അപ്പോഠം അറിയാറാകം.''

—ശ്രീരാമകൃഷ്ണവചനാമൃതം I. 243

നാകാശസ്യ ഘടാകാശോ വികാരാവയവൗ യഥാ
നൈവാത്മനഃ സദാ ജീവോ വികാരാവയവൗ തഥാ. 7

യഥാ = എപ്രകാരം, ഘടാകാശഃ =ഘടാകാശം, ആകാശസ്യ= ആകാശത്തിൻെറ, വികാരാവയവൗ ന = വികാരമോ അവയവമോ അല്ലയോ, തഥാ അപ്രകാരം, ജീവഃ = ജീവൻ, സദാ = ഒരിക്കലും, ആത്മനഃ = ആത്മാവിൻെറ, വികാരാവയവൗ= വികാരമോ അവയവമോ, ന ഏവ = അല്ല തന്നെ.

ഘടാകാശം ആകാശത്തിൻെറ വികാരമോ അവയവമോ അല്ലാത്തതുപോലെ ജീവനും ആത്മാവിൻെറ വികാരമോ അവയവമോ അല്ല.

കുറിപ്പ്: ഘടാകാശം ആകാശത്തിൻെറ ഒരംശമല്ലേ എന്ന ചോദിക്കുകയാണെങ്കിൽ അതു് ആകാശത്തിൽ യാതൊരു മാററവുമുണ്ടാക്കുന്നില്ല എന്ന ധരിക്കേണ്ടതാകുന്നു. സ്വപ്നത്തിൻെറ വികാരമായി തള വള മുതലായവയുണ്ടാകുന്നതുപോലെയോ മരത്തിൻെറ അവയവമായി കൊമ്പ് ചില്ല ഇല മുതലായവ ഉണ്ടാകുന്നതുപോലെയോ ഉണ്ടാകുന്നതല്ല ഘടാകാശമെന്നർത്ഥം. വാസ്തവത്തിൽ ഘടാകാശമെന്ന ഒന്നുണ്ടായിട്ടുതന്നെയില്ല. ഉപാധിയുടെ ഭാനത്തിൽ അങ്ങനെ തോന്നുന്നുവെന്നുമാത്രം. അതുപോലെതന്നെയാണ് ഘടാകാശസ്ഥാനീയങ്ങളായ ജീവന്മാരുടെയും സ്ഥിതി. അവ ആത്മാവിൻെറ വികാരമോ അവയവമോ അല്ല. ആത്മഭേദത്തെ അടിസ്ഥാനമാക്കിയുള്ള വ്യവഹാരമെല്ലാം അസത്യമാകുന്നു എന്ന് ഇതിൽനിന്നു മനസ്സിലാക്കാം. ആത്മാവ് ഏകവും നിർവ്വികാരവും നിരവയവവുമാകുന്നു.

Digitization by Arya Samaj Charitable Foundation, Chennai

യഥാ ഭവതി ബാലാനാം ഗഗനം മലിനം മലൈഃ
തഥാ ഭവത്യബുദ്ധാനാമാത്മാപി മലിനോ മലൈഃ. 8

യഥാ = എപ്രകാരമാണോ, ബാലാനാം = കുട്ടികൾക്ക്, ഗഗനം = ആകാശം, മലൈഃ = മലങ്ങളാൽ, മലിനം = മലിനമായി, ഭവതി = ഭവിക്കുന്നത്, തഥാ = അപ്രകാരം, അബുദ്ധാനാം = അജ്ഞാനികൾക്ക്, ആത്മാ അപി = ആത്മാവും, മലൈഃ = മലങ്ങളെക്കൊണ്ട്, മലിനഃ = മലിനമായി, ഭവതി = ഭവിക്കുന്നു.

അവിവേകികളായ ബാലന്മാർ കാർമേഘം, പൊടി, പുക മുതലായവയെക്കൊണ്ട് ആകാശം മലിനമാണെന്നു പറയുന്നതുപോലെയാണ് അജ്ഞാനികൾ ആത്മാവ് സുഖദുഃഖാദിഭാവങ്ങളെക്കൊണ്ട് മലിനമായിത്തീരുന്നുവെന്നു പറയുന്നത്.

കുറിപ്പ്: ആത്മാവ് അസംഗമാണെങ്കിലും ദേഹമാകുന്ന ഉപാധിയിൽ വന്ന് ജീവനായിത്തീരുമ്പോൾ കർമ്മഫലങ്ങളോടും സംസ്കാരങ്ങളോടുമെല്ലാം ബന്ധമുണ്ടാകുന്നുണ്ടല്ലൊ. അതുകൊണ്ടല്ലെ വീണ്ടും വീണ്ടും നാനായോനികളിൽ ജനിക്കേണ്ടിവരുന്നതും മോക്ഷത്തിന്നായി സാധനകളനുഷ്ഠിക്കുന്നതുമെല്ലാം, എന്ന സംശയത്തിന്നുള്ള പരിഹാരം ഒരു ദൃഷ്ടാന്തംകൊണ്ടു വ്യക്തമാക്കുന്നു. ആകാശത്തിൽ പൊടിയും പുകയും മേഘവും മററുമുള്ളപ്പോൾ ആകാശം മലിനമായിരിക്കുന്നുവെന്നും അവയെല്ലാം നീങ്ങുമ്പോൾ ആകാശം ശുദ്ധമായിരിക്കുന്നുവെന്നും അവിവേകികൾ പറയാറുണ്ടല്ലൊ. എന്നാൽ യഥാർത്ഥത്തിൽ ആ മാലിന്യമൊന്നും ആകാശത്തെ ബാധിക്കുന്നില്ല. അതുപോലെ ആത്മാനാത്മവിവേകശൂന്യന്മാർക്ക് കാമകർമ്മാദികളായ അനാത്മധർമ്മങ്ങളാൽ ആത്മാവ് ബാധിതമായിത്തീരുന്നുവെന്നു തോന്നുന്നു. വാസ്തവത്തിൽ അജ്ഞന്മാർ ജീവൻേറതെന്നു തെററിദ്ധരിക്കുന്ന ജനനം, മരണം, മോക്ഷം മുതലായ ധർമ്മങ്ങളെല്ലാം ഉപാധികളുടേതാണ്; ജീവൻെറയല്ല. ഉപാധിഭേദംകൊണ്ടുണ്ടാകുന്ന തെററിദ്ധാരണയാണ് ജീവഭേദം. വാസ്തവത്തിലുള്ളത് നിത്യവും ശുദ്ധവും ഏകവും അസംഗവുമായ ആത്മാവുമാത്രം.

Digitization by Arya Samaj Charitable Foundation, Chennai

മരണേ സംഭവേ ചൈവ ഗത്യാഗമനയോരപി
സ്ഥിതൗ സർവ്വശരീരേഷു ആകാശേനാവിലക്ഷണഃ. 9

സർവ്വശരീരേഷു = എല്ലാ ശരീരങ്ങളിലും, മരണേ = മരണത്തിലും, സംഭവേ ച ഏവ = ജനനത്തിലും, ഗത്യാഗമനയോഃ അപി = ഗതിയിലും ആഗതിയിലും, സ്ഥിതൗ = സ്ഥിതിയിലും, ആകാശേന = ആകാശത്തോട്, അവിലക്ഷണഃ = സമമാകുന്നു.

എല്ലാ ശരീരങ്ങളിലും ആത്മാവ് ജനനത്തിലും മരണത്തിലും ഗതിയിലും ആഗതിയിലും സ്ഥിതിയിലും ആകാശത്തോടു തുല്യമാകുന്നു.

കുറിപ്പ്: മുമ്പു പറഞ്ഞതിനെത്തന്നെ ഒന്നുകൂടി വിശദമാക്കുന്നു. ഘടം ഉണ്ടാകുമ്പോഴും നശിക്കുമ്പോഴും നിലനില്ക്കുമ്പോഴും ഘടാകാശമെന്നു വ്യവഹരിക്കപ്പെട്ടപ്പോഴും ആകാശത്തിന്നു യാതൊരു മാററവും ഉണ്ടാകാത്തതുപോലെ ഈ ദേഹാദിസംഘാതം ജനിക്കുമ്പോഴും മരിക്കുമ്പോഴും നിലനില്ക്കുമ്പോഴും ജീവൻ എന്നു വ്യവഹരിക്കപ്പെട്ടപ്പോഴും ആത്മാവിന്നു യാതൊരു മാററവും ഉണ്ടാകുന്നില്ല. ഘടാകാശത്തിൻെറ ഉത്പത്തിനാശങ്ങൾപോലെയാണ് ജീവൻെറ ജനനമരണങ്ങൾ.

സംഘാതാഃ സ്വപ്നവത് സർവ്വ ആത്മമായാവിസർജ്ജിതാഃ
ആധിക്യേ സർവ്വസാമ്യേ വാ നോപപത്തിർഹി വിദ്യതേ.

സർവ്വേ = എല്ലാ, സംഘാതാഃ = ദേഹാദിസംഘാതങ്ങളും, സ്വപ്നവത് = സ്വപ്നംപോലെ, ആത്മമായാവിസർജ്ജിതാഃ = ആത്മാവിൻെറ അവിദ്യയാൽ ഉണ്ടാക്കപ്പെട്ടന്നവയാകുന്നു. ആധിക്യേ = ഉത്കർഷത്തിലോ, സർവ്വസാമ്യേ വാ = എല്ലാററിൻെറയും സമതയിലോ, ഉപപത്തിഃ = യുക്തി, ന വിദ്യതേ ഹി = ഇല്ലതന്നെ.

ദേഹാദിസംഘാതങ്ങളെല്ലാം സ്വപ്നംപോലെ ആത്മാവിൻെറ അജ്ഞാനത്താൽ ഉണ്ടാക്കപ്പെട്ടന്നവയാണ്. ചില ദേഹങ്ങൾ ഉത്കൃഷ്ടമാണെന്നതിലോ പഞ്ചഭൂതാ

Digitization by Arya Samaj Charitable Foundation, Chennai

ത്മകമാകയാൽ എല്ലാം സമമാണെന്നതിലോ യാതൊരു യുക്തിയുമില്ല.

കുറിപ്പ്: ദേഹാദ്യുപാധികം സത്യമാകയാൽ അതുകൊണ്ട് ഉണ്ടാകുന്ന ഭേദവും സത്യമായിരിക്കേണ്ടേ, അപ്പോൾ അദ്വൈതം ഉപപന്നമാവുകയില്ലല്ലൊ എന്ന സംശയത്തിന്നുള്ള പരിഹാരം. സ്വപ്നത്തിൽ കാണുന്ന ദേഹങ്ങളെപ്പോലെതന്നെ മിഥ്യയാണ് ജാഗ്രത്തിൽ കാണുന്ന ദേഹങ്ങളും. എല്ലാം അവിദ്യാകൃതങ്ങളാകയാൽ പരമാത്ഥത്തിലില്ലാത്തവയാണ്. ദേവാദികളുടെ ദേഹങ്ങൾക്ക് ഉത്കൃഷ്ടതയുണ്ടെന്നുവന്നാലും, എല്ലാം പഞ്ചഭൂതനിമ്മിതങ്ങളാകയാൽ സമങ്ങളാണെന്നുവന്നാലും, അവ സത്യങ്ങളാണെന്നതിന്ന് യാതൊരു തെളിവുമില്ല. അജ്ഞാനകൃതങ്ങളായ ഉപാധികൾ അസത്യങ്ങളാകയാൽ അവകൊണ്ടുണ്ടാകുന്ന ജീവഭേദവും അസത്യമായിരിക്കണമല്ലൊ. ഒരു യാചകൻ സ്വപ്നത്തിൽ താൻ ഒരു രാജാവായി അനേകം മന്ത്രിമാരോടും സദസ്യരോടുംകൂടി ഇരിക്കുന്നതായി കാണുന്നു. ഉണരുമ്പോൾ രാജാവിൻെറയും മന്ത്രിമാരുടെയും സദസ്യരുടെയും എല്ലാം ദേഹങ്ങളും തന്മൂലമുണ്ടായിരുന്ന ജീവഭേദങ്ങളും അസത്യങ്ങളായിരുന്നെന്ന് അറിയുന്നു. അതുപോലെ ജാഗ്രത്തിൽ കാണുന്ന ദേഹങ്ങളും ജീവഭേദങ്ങളും എല്ലാം അസത്യങ്ങളാണെന്ന് അജ്ഞാനനിദ്രയിൽനിന്ന് ഉണരുമ്പോൾ അറിയാൻ കഴിയുന്നു.

രസാദയോ ഹി യേ കോശാ
വ്യാഖ്യാതാസ്തൈത്തിരീയകേ
തേഷാമാത്മാ പരോ ജീവഃ
ഖം യഥാ സംപ്രകാശിതഃ. 11

തൈത്തിരീയകേ = തൈത്തിരീയകത്തിൽ, രസാദയഃ = അന്നമയം മുതലായ, യേ = യാവചില, കോശാഃ = കോശങ്ങൾ, വ്യാഖ്യാതാഃ ഹി = വ്യാഖ്യാനിക്കപ്പെട്ടിട്ടുണ്ടോ, തേഷാം = അവയ്ക്ക്, ഖം യഥാ = ആകാശംപോലെ എന്ന്, സംപ്രകാശിതഃ = വിവരിക്കപ്പെട്ടിട്ടുള്ള, പരഃ ആത്മാ = പരനായ ആത്മാവാകുന്ന, ജീവഃ = ജീവൻ.

Digitization by Arya Samaj Charitable Foundation, Chennai

തൈത്തിരീയോപനിഷത്തിൽ വിവരിച്ചിട്ടുള്ള അന്നമയം മുതലായ കോശങ്ങൾക്കു ജീവനായിരിക്കുന്നതു് ആകാശംപോലെ വ്യാപകം എന്നു വിവരിച്ചിട്ടുള്ള പരമാത്മാവുതന്നെയാണു്.

കുറിപ്പു്: തൈത്തിരീയോപനിഷത്തിൽ അന്നമയം, പ്രാണമയം, മനോമയം, വിജ്ഞാനമയം, ആനന്ദമയം എന്നിങ്ങനെ അഞ്ചു കോശങ്ങളെപ്പററി വിവരിക്കുന്നുണ്ടു്. വാളിന്നു് ഉറ എന്നപോലെ ഇരിക്കുന്നതുകൊണ്ടാണു് ഇവയെ കോശങ്ങളെന്നു പറയുന്നതു്. അവയുടെ ഉള്ളിൽ ഇരിക്കുന്നതാണു് ജീവൻ. ആ ജീവന്നു് ഉപാധികളാണു് ഈ കോശങ്ങൾ. ആകാശതുല്യമായി വിവരിച്ചിട്ടുള്ള പരമാത്മാവു് ഈ ഉപാധികളാൽ പരിച്ഛിന്നമാകുമ്പോൾ ജീവനെന്നു വ്യവഹരിക്കപ്പെടുകയാണു് ചെയ്യുന്നതു്. അല്ലാതെ ജീവനെന്ന ഒരു പ്രത്യേകവസ്തു ഉണ്ടാകുകയോ നശിക്കുകയോ ചെയ്യുന്നില്ല.

ദ്വയോർദ്വയോർമധുജ്ഞാനേ പരം ബ്രഹ്മ പ്രകാശിതഃ
പൃഥിവ്യാമുദരേ ചൈവ യഥാകാശഃ പ്രകാശിതഃ. 12

യഥാ = എപ്രകാരമാണോ, പൃഥിവ്യാം = ഭൂമിയിലും, ഉദരേ ഏവ ച = ഉദരത്തിലും, ആകാശഃ = ആകാശം, പ്രകാശിതഃ = പ്രകാശിപ്പിക്കപ്പെട്ടിരിക്കുന്നതു്, തഥാ = അപ്രകാരം, മധുജ്ഞാനേ = മധുബ്രാഹ്മണത്തിൽ, ദ്വയോഃ ദ്വയോഃ = ഈ രണ്ടു വിഭാഗങ്ങളിലും, പരം ബ്രഹ്മ = പരമായ ബ്രഹ്മം, പ്രകാശിതം = പ്രകാശിപ്പിക്കപ്പെട്ടിരിക്കുന്നു.

പൃഥിവിയിലും ഉദരത്തിലും ആകാശം ഒന്നുതന്നെയെന്നു വെളിപ്പെടുത്തിയിട്ടുള്ളതുപോലെ അധിദൈവമായും അധ്യാത്മമായും ഇരിക്കുന്ന വിജ്ഞാതാവു് പരമമായ ബ്രഹ്മംതന്നെയാണെന്നാണു് മധുബ്രാഹ്മണത്തിലും വ്യക്തമാക്കിയിട്ടുള്ളതു്.

കുറിപ്പു്: തൈത്തിരീയശ്രുതിയിലെ പഞ്ചകോശവിവരണത്തിൽ, ഞാൻ മനുഷ്യനാണു്, ഞാൻ പ്രാണിയാണു്, ഞാൻ പ്രമാതാ

Digitization by Arya Samaj Charitable Foundation, Chennai

വാണ്, ഞാൻ കർത്താവാണ്, ഞാൻ ഭോക്താവാണ് എന്ന അഞ്ചു വിശിഷ്ടജ്ഞാനങ്ങളിലും ഒരേ സ്വരൂപത്തിൽ അനുഗതമായിരിക്കുന്ന ചൈതന്യം ബ്രഹ്മംതന്നെയെന്നിങ്ങനെ അദ്വയമായ ആത്മാവാണ് വിവക്ഷിതമെന്നു പറഞ്ഞതിന്നുശേഷം ബൃഹദാരണ്യക ഉപനിഷത്തിലെ മധുബ്രാഹ്മണത്തിലും അദ്വൈതത്തെത്തന്നെയാണു വ്യക്തമാക്കിയിട്ടുള്ളതെന്നു പറയുന്നു. അവിടെ അധിദൈവമായി പൃഥിവിയിലും അധ്യാത്മമായി ശരീരത്തിലും തേജോമയനായും അമൃതമയനായും അന്തർഗ്ഗതനായിരിക്കുന്ന ആത്മാവു് പരിപൂർണ്ണവും അപരിച്ഛിന്നവുമായ ബ്രഹ്മംതന്നെയാകുന്നുവെന്നു് ദ്വൈതത്തെ നിഷേധിച്ചു് അദ്വൈതത്തെ സമർത്ഥിച്ചിരിക്കുന്നു.

ജീവാത്മനോരനന്യത്വമഭേദേന പ്രശസ്യതേ
നാനാത്വം നിന്ദ്യതേ യച്ച തദേവം ഹി സമഞ്ജസം. 13

ജീവാത്മനോഃ = ജീവനും ആത്മാവും തമ്മിലുള്ള, അനന്യത്വം = ഐക്യം, അഭേദേന = വ്യത്യാസമില്ലാതെ, പ്രശസ്യതേ = പ്രശംസിക്കപ്പെടുന്നു. നാനാത്വം = നാനാത്വം, നിന്ദ്യതേ ച = നിന്ദിക്കപ്പെടുകയും ചെയ്യുന്നു, ഇതി യത് = എന്നതു് യാതൊന്നോ, തത് = അതു്, ഏവം=ഇപ്രകാരം, സമഞ്ജസം ഹി = ന്യായ്യംതന്നെയാകുന്നു.

എല്ലാ ശ്രുതികളും ഏകസ്വരത്തിൽ ജീവനും ആത്മാവും തമ്മിലുള്ള ഐക്യത്തെ പ്രശംസിക്കുകയും നാനാത്വദർശനത്തെ നിന്ദിക്കുകയും ചെയ്യുന്നതു് ന്യായ്യംതന്നെയാകുന്നു.

കുറിപ്പു്: ശ്രുതികളും ശാസ്ത്രങ്ങളും വ്യാസാദികളും ഈ അഭേദദർശനത്തെ സ്തുതിക്കുകയും നാനാത്വദർശനത്തെ നിന്ദിക്കുകയും ചെയ്യുന്നതു ശരിയായിട്ടുള്ളതാണ് ജീവബ്രഹ്മൈക്യത്തെപ്പററി പറയുന്നതുപോലെ നാനാത്വത്തെ നിഷേധിക്കുന്ന ശ്രുതികളും ധാരാളമുണ്ടു്. 'ദ്വിതീയാദ്വൈ ഭയം ഭവതി, ന തു തദ്ദ്വിതീയമസ്തി' (രണ്ടാമതൊന്നിൽനിന്നു് ഭയമുണ്ടാകുന്നു, അങ്ങനെ രണ്ടാമതൊന്നില്ല.) 'ഇദം സർവ്വം യദയമാത്മാ' (ഇതെല്ലാം ആത്മാവുതന്നെയാകുന്നു.) മുതലായവ അതിന്നുദാഹരണങ്ങളാം. ഇങ്ങനെ ജ്ഞാനികളെല്ലാം

Digitization by Arya Samaj Charitable Foundation, Chennai

ഒരേ അഭിപ്രായക്കാരായിരിക്കെ, കതാക്കികന്മാരുടെ ദൃഷ്ടിയുടെ ഫലമായ നാനാത്വവാദം ഒരിക്കലും യുക്തമായിട്ടുള്ളതല്ല എന്നത്ഥം.

ജീവാത്മനോഃ പൃഥക്ത്വം യത്
പ്രാഗുത്പത്തേഃ പ്രകീർത്തിതം
ഭവിഷ്യദ്വൃത്ത്യാ ഗൗണം ത–
ന്മുഖ്യത്വം ഹി ന യുജ്യതേ. 14

ഉത്പത്തേ, പ്രാക് = ഉത്പത്തിക്കുമുമ്പ്, ജീവാത്മനോഃ = ജീവാത്മാവിന്നും, പരമാത്മാവിന്നും, പൃഥക്ത്വം=ഭേദം, പ്രകീർത്തിതം ഇതി യത് = പറയപ്പെട്ടിട്ടുണ്ട് എന്നതു് യാതൊന്നു്, തത് = അതു്, ഭവിഷ്യദ്വൃത്ത്യാ = വരാൻ പോകുന്നതിനെ അനുസരിച്ചായതിനാൽ, ഗൗണം = അപ്രധാനമാകുന്നു. ഹി = എന്തുകൊണ്ടെന്നാൽ, മുഖ്യത്വം = മുഖ്യമായിരിക്കുക എന്നതു്, ന യുജ്യതേ = യോജിക്കുകയില്ല.

ജഗത്സൃഷ്ടിയെപ്പററി പറയുന്ന വാക്യങ്ങളിൽ ജീവാത്മാവും പരമാത്മാവും വേറെവേറെയാണെന്നു പറഞ്ഞിട്ടുള്ളതു് വരാൻ പോകുന്നതിനെ സൂചിപ്പിച്ചു് അപ്രധാനമായി പറഞ്ഞിട്ടുള്ളതാണു്. ആ വാക്യങ്ങളെ പ്രധാനങ്ങളായി കണക്കാക്കുന്നതു് യുക്തമാകുകയില്ല.

കുറിപ്പു: വേദത്തിൽത്തന്നെയുള്ള കർമ്മകാണ്ഡത്തിൽ, പരമാത്മാവിൽനിന്നു ഭിന്നമായി ജീവാത്മാവിനെ കല്പിച്ചു് ജീവന്മാരും വേറെവേറെയാണു് എന്നും ഓരോ ജീവനും സ്വേച്ഛയനുസരിച്ചു കർമ്മങ്ങൾ ചെയ്യുന്നുവെന്നും പറഞ്ഞിട്ടുണ്ടു്. ഇങ്ങനെ കർമ്മകാണ്ഡത്തിലെയും ജ്ഞാനകാണ്ഡത്തിലെയും വാക്യങ്ങൾക്കു തമ്മിൽ വിരോധം കാണുന്നുണ്ടല്ലോ എന്നാണെങ്കിൽ ആ ഭേദവാക്യങ്ങൾ ഭവിഷ്യദ്വൃത്തിയനുസരിച്ചു് ഗൗണങ്ങളായി കണക്കാക്കണം. 'അന്നം പാകം ചെയ്യുവാൻ പോകുന്നു' എന്ന വാക്കിൽ അരിയിൽ ഭാവിയായ അന്നത്വത്തെ ആരോപിച്ചു പറയുകയാണല്ലോ ചെയ്യുന്നതു്. അതുപോലെ സൃഷ്ടിക്കുശേഷമുണ്ടാകുന്ന ജീവത്വത്തെപരമാത്മാവിൽ ആരോപിച്ചു പറയുകയാണു് ചെയ്യുന്നതു്. അതു് സ്വാഭാവികമായ

Digitization by Arya Samaj Charitable Foundation, Chennai

അവിദ്യയോടുകൂടിയ പ്രാണികളുടെ ഭേദദർശനത്തെ കാണിക്കുന്നതാകുന്നു. ആ ഭേദദൃഷ്ടിയെ അനുവദിച്ചു പറയുന്നതെല്ലാം ഗൌണമായിട്ടു കണ്ണണം. കാരണം പാരമാർത്ഥികമായ നില ജീവബ്രഹ്മൈക്യത്തിലുണ്ടാകുന്ന അദ്വൈതമാണെന്നു് 'തത്ത്വമസി' മുതലായ മഹാവാക്യങ്ങളെക്കൊണ്ടു വ്യക്തമാക്കുന്നുണ്ടു്. സമ്യഗ്ജ്ഞാനത്തിന്നു മുമ്പുള്ളതാണു് ഭേദദൃഷ്ടി. സമ്യഗ്ജ്ഞാനത്തിനുശേഷം അഭേദദൃഷ്ടിയേ ഉണ്ടാവുകയുള്ളു.

മൃല്ലോഹവിസ്ഫുലിംഗാദ്യൈഃ
സൃഷ്ടിര്യാ ചോദിതാന്യഥാ
ഉപായഃ സോഽവതാരായ
നാസ്തി ഭേദഃ കഥഞ്ചന. 15

മൃല്ലോഹവിസ്ഫുലിംഗാദ്യൈഃ = മുത്തു്, ലോഹം, തീപ്പൊരി മുതലായ ഉദാഹരണങ്ങളെക്കൊണ്ടു്, യാ സൃഷ്ടിഃ = യാതൊരു സൃഷ്ടി, അന്യഥാ = വേറെവേറെ പ്രകാരത്തിൽ, ചോദിതാ = പറയപ്പെട്ടിട്ടുണ്ടോ, സഃ = അതു്, അവതാരായ = (ജീവബ്രഹ്മൈക്യബോധത്തെ) അവതരിപ്പിക്കുന്നതിന്നുള്ള, ഉപായഃ = ഉപായമാകുന്നു. കഥഞ്ചന = ഒരുവിധത്തിലും, ഭേദഃ = ഭേദം, ന അസ്തി = ഇല്ല.

മുത്തു്, ലോഹം, തീപ്പൊരി മുതലായ ഉദാഹരണങ്ങളെക്കൊണ്ടു് പലവിധത്തിൽ സൃഷ്ടിയെ വിവരിച്ചിട്ടുള്ളതെല്ലാം ജീവാത്മപരമാത്മാക്കളുടെ ഐക്യത്തെ ഉറപ്പിക്കുവാൻ വേണ്ടിയാണു്. അല്ലാതെ ഭേദത്തെ വിവരിക്കുവാനല്ല.

കുറിപ്പു്: സൃഷ്ടിക്കുമുമ്പു് അജവും അദ്വിതീയവും തന്നെയാണെങ്കിലും സൃഷ്ടിക്കുശേഷം എല്ലാം വേറെവേറെത്തന്നെയാണല്ലൊ എന്ന സംശയത്തിന്നുള്ള പരിഹാരമാണിതു്. എല്ലാം സ്വപ്നമായാസമാനങ്ങളാണെന്നു പറഞ്ഞു് മുമ്പുതന്നെ ഇതു പരിഹരിച്ചിട്ടുണ്ടു്. സൃഷ്ടിയെപ്പററി പല ഉപനിഷത്തുകളിലും പലവിധത്തിൽ വിവരിച്ചിട്ടുള്ളതുകൊണ്ടുതന്നെ അതു സത്യമല്ലെന്നു മനസ്സിലാക്കാം. ഈ വൈവിധ്യം യഥാശ്രുതമായ അർത്ഥത്തിലല്ല അവയുടെ താത്പര്യമെന്നു

Digitization by Arya Samaj Charitable Foundation, Chennai

തെളിയിക്കുന്നു. അതുകൊണ്ട് ഉത്പത്യാദിശ്രുതികളുടെ പരമമായ താത്പര്യം ജീവാത്മപരമാത്മാക്കളുടെ അഭേദം ബോധിപ്പിച്ച് അദ്വൈതത്തെ സമർത്ഥിക്കുന്നതിലാണെന്നു വിചാരിക്കുന്നതാണ് സമഞ്ജസമായിട്ടുള്ളത്. മണ്ണുകൊണ്ടുണ്ടാക്കുന്ന പാത്രങ്ങളും സ്വർണ്ണം കൊണ്ടുണ്ടാക്കുന്ന ആഭരണങ്ങളും മണ്ണും സ്വർണ്ണവുമല്ലാതെ മറ്റൊന്നാവുകയില്ലല്ലൊ.

ആശ്രമാസ്ത്രിവിധാ ഹീനമധ്യമോത്കൃഷ്ടദൃഷ്ടയഃ
ഉപാസനോപദിഷ്ടേയം തദർത്ഥമനുകമ്പയാ. 16

ആശ്രമാഃ = ആശ്രമങ്ങൾ, ഹീനമധ്യമോത്കൃഷ്ടദൃഷ്ടയഃ = ഹീനദൃഷ്ടികൾ, മധ്യമദൃഷ്ടികൾ, ഉത്കൃഷ്ടദൃഷ്ടികൾ എന്നിങ്ങനെ, ത്രിവിധാഃ = മൂന്നു വിധത്തിലാകുന്നു. തദർത്ഥം = അവർക്കുവേണ്ടിയാണ്, ഇയം = ഈ, ഉപാസനാ = ഉപാസന, അനുകമ്പയാ = അനുകമ്പയാൽ, ഉപദിഷ്ടാ = ഉപദേശിക്കപ്പെട്ടിട്ടുള്ളത്.

ഹീന മധ്യമ ഉത്കൃഷ്ടദൃഷ്ടികളോടുകൂടിയ മൂന്നു വിധത്തിലുള്ള ആശ്രമങ്ങളുണ്ടല്ലൊ. അവർക്കുവേണ്ടിയാണ് ശ്രുതി സദയം ഉപാസനയെ ഉപദേശിച്ചിട്ടുള്ളത്.

കുറിപ്പ്: നിത്യശുദ്ധബുദ്ധമുക്തസ്വഭാവനായ ഒരേ പരമാത്മാവു മാത്രമേ ഉള്ളു, മറ്റെല്ലാം അസത്താണെങ്കിൽ എന്തിനാണ് ഉപാസനയും കർമ്മവും മററും ഉപദേശിക്കുന്നത് എന്ന ചോദ്യത്തിന്നുള്ള സമാധാനമാണിത്. ലോകത്തിൽ മൂന്നു വിധത്തിലുള്ള അധികാരികളുണ്ട്: ദർശനസാമർത്ഥ്യം കുറവുള്ളവർ, ഇടമട്ടിലുള്ളവർ, കൂടുതലുള്ളവർ. എല്ലാവർക്കും ഒരേ വിധത്തിലുള്ള ഉപദേശം പററുകയില്ല. അതുകൊണ്ട് മന്ദദൃഷ്ടികളും മധ്യമദൃഷ്ടികളുമായവർക്കുവേണ്ടിയാണ് കൃപാലുവായ ശ്രുതി അനുകമ്പയാൽ കർമ്മങ്ങളും ഉപാസനയും വിധിച്ചിട്ടുള്ളത്. അദ്വയമായ ആത്മാവിനെപ്പററിയുള്ള ഉപദേശം ഉത്കൃഷ്ടദൃഷ്ടികളായ ഉത്തമാധികാരികൾക്കു വേണ്ടിയുമാണ്. അവർക്ക് ഉപാസനയുടേയോ കർമ്മത്തിന്റേയോ ആവശ്യമില്ല.

Digitization by Arya Samaj Charitable Foundation, Chennai

സ്വസിദ്ധാന്തവ്യവസ്ഥാസു
ദ്വൈതിനോ നിശ്ചിതാ ദൃഢം
പരസ്പരം വിരുധ്യന്തേ
തൈരയം ന വിരുധ്യതേ. 17

സ്വസിദ്ധാന്തവ്യവസ്ഥാസു = അവരവരുടേതായ സിദ്ധാന്തങ്ങളുടെ വ്യവസ്ഥകളിൽ, ദൃഢം = ദൃഢമായി, നിശ്ചിതാഃ = നിശ്ചയം വെച്ചിട്ടുള്ള, ദ്വൈതിനഃ = ദ്വൈതികരം. പരസ്പരം = അന്യോന്യം, വിരുധ്യന്തേ = കലഹിക്കുന്നു. അയം = ഇതു് (അദ്വൈതദർശനം), തൈഃ = അവരോടു്, ന വിരുധ്യതേ = കലഹിക്കുന്നില്ല.

അവരവരുടെ സിദ്ധാന്തങ്ങളുടെ വ്യവസ്ഥകളിൽ ദൃഢമായ നിശ്ചയം വെച്ചിട്ടുള്ള ദ്വൈതികരം സ്വസിദ്ധാന്തസ്ഥാപനത്തിന്നായി അന്യോന്യം കലഹിക്കുന്നു. ഈ അദ്വൈതദർശനമാകട്ടെ അവരോടു് ഒരിക്കലും കലഹിക്കുന്നില്ല.

കുറിപ്പു്: ശാസ്ത്രംകൊണ്ടും യുക്തികൊണ്ടും തീർച്ചപ്പെടുത്തീട്ടുള്ള അദ്വൈതദർശനം മാത്രമാണു് ശരിയായിട്ടുള്ളതു്. മററുള്ളവയെല്ലാം മിഥ്യാദർശനങ്ങളാണു്. കാരണം കപിലൻ, കണാദൻ, മുതലായവരുടെ ദ്വൈതദർശനങ്ങളെല്ലാം രാഗദ്വേഷാദികളെ വളർത്തുന്നവയാണു്. സ്വന്തം സിദ്ധാന്തം മാത്രമാണു് ശരി എന്നു് ദൃഢമായി ശഠിക്കുന്ന അവർ അതു ശരിയാണെന്നു സ്ഥാപിക്കുവാനായി മററുള്ളവരുമായി കലഹിക്കുന്നു. സ്വസിദ്ധാന്തത്തോടുള്ള രാഗവും എതിരാളികളോടുള്ള ദ്വേഷവും ദ്വൈതികളിൽ കാണുന്നതിനാൽ അവരുടെ ദർശനം മിഥ്യാദർശനമാണു്. അദ്വൈതദർശനത്തിലാകട്ടെ എല്ലാം ഏകമായി കാണുന്നതിനാൽ ആരോടും രാഗമോ ദ്വേഷമോ ഉണ്ടാകുന്നില്ല. ദ്വൈതികളോടും വിരോധമില്ല. കാരണം അവരും അന്യരല്ലല്ലൊ. നമ്മുടെ പല്ലുകൊണ്ടു് നാവു കടിച്ചുവെങ്കിൽ പല്ലിനോടു കോപിക്കാറില്ലല്ലൊ. കാലുകരം അന്യോന്യം കൂട്ടിമുട്ടി മുറിവുപററിയാൽ കാലിനോടു് നാം ദ്വേഷ്യപ്പെടാറുണ്ടോ ? അതുപോലെയാണു് ദ്വൈതികളോടുള്ള ഭാവവും. അവർ വേറെയാണെന്ന വിചാരംതന്നെ

Digitization by Arya Samaj Charitable Foundation, Chennai

അദ്വൈതിയ്ക്കില്ല. സ്വസിദ്ധാന്തസ്ഥാപനത്തിന്നുവേണ്ടിയുള്ള രാഗദ്വേഷങ്ങളില്ലാത്തതിനാൽ ആത്മൈകത്വദർശനംതന്നെയാണു് ശരിയായ ദർശനം.

''നാനാമതം നാനാപഥം. ഞാനെല്ലാം കണ്ടിട്ടുണ്ടു്. അതൊന്നും ഇപ്പോഴെനിക്കു പിടിക്കുന്നില്ല. അവർ പരസ്പരം കലഹിക്കുന്നു. ഇവിടെ വേറാരുമില്ല. എല്ലാവരും സ്വന്തക്കാർ. നിങ്ങളോടിതു പറഞ്ഞേയ്ക്കാം. ഞാൻ അവസാനമായി അറിഞ്ഞിരിക്കുന്നു, ഈശ്വരൻ പൂർണ്ണൻ. അദ്ദേഹംതന്നെ ഞാൻ; ഞാൻതന്നെ അദ്ദേഹം..''

— ശ്രീരാമകൃഷ്ണവചനാമൃതം II. 333.

അദ്വൈതം പരമാർത്ഥോ ഹി
ദ്വൈതം തദ്ഭേദ ഉച്യതേ
തേഷാമുഭയഥാ ദ്വൈതം
തേനായം ന വിരുധ്യതേ. 18

അദ്വൈതം = അദ്വൈതം, പരമാർത്ഥഃ ഹി = പരമാർത്ഥമാകുന്നുവല്ലൊ. ദ്വൈതം = ദ്വൈതം, തദ്ഭേദഃ =അതിൻെറ ഭേദമാണെന്നു്, ഉച്യതേ = പറയപ്പെടുന്നു. തേഷാം = അവക്കു്, ഉഭയഥാ = രണ്ടു വിധത്തിലും, ദ്വൈതം = ദ്വൈതംതന്നെ. തേന = അതുകൊണ്ടു്, അയം = ഇതു്, ന വിരുധ്യതേ = വിരുദ്ധമാകുന്നില്ല.

അദ്വൈതമാകുന്ന പരമാർത്ഥമായിട്ടുള്ളതു്. ദ്വൈതം അതിൻെറ ഭേദമെന്നു പറയപ്പെടുന്നു. അവക്കു് പരമാർത്ഥമായിട്ടും അല്ലാതെയും രണ്ടു വിധത്തിലും എപ്പോഴും ദ്വൈതംതന്നെയാണുള്ളതു്. അതിനാൽ നമ്മുടെ അദ്വൈതദർശനം അവരോടു വിരോധപ്പെടുന്നില്ല.

കുറിപ്പു്: ശ്രുതിയുക്തികളെക്കൊണ്ടു നോക്കുമ്പോഴം അദ്വൈതമാണു് സത്യമായിട്ടുള്ളതു്. ദ്വൈതം അതിൽനിന്നുണ്ടാകുന്നതാകയാൽ അതിൻെറ കാര്യമാണു്. വ്യവഹാരദശയിൽ ദ്വൈതം അനുഭവപ്പെടുന്നുണ്ടെങ്കിലും, നിദ്ര മൂർച്ഛ മുതലായ അവസ്ഥകളിൽ ചിത്ത

Digitization by Arya Samaj Charitable Foundation, Chennai

സ്പന്ദനം നിലയ്ക്കുമ്പോഴാം ദ്വൈതം ഇല്ലാതാകുന്നു. ദ്വൈതബുദ്ധിയുണ്ടാകുന്നതു് ഭ്രമംകൊണ്ടാണെന്നറിയുന്ന അദ്വൈതിക്കു് ഒരിക്കലും ദ്വൈതികളോടു വിരോധം തോന്നുകയില്ലെന്നർത്ഥം. ഭ്രമം നശിക്കുമ്പോഴാം അവനും അദ്വൈതാനുഭവത്തിലേയ്ക്കു വരുമെന്നറിയാം. ദ്വൈതികളുടെയും ആത്മാവിൽ അഭേദമാണല്ലൊ അദ്വൈതി ദർശിക്കുന്നതു്.

മായയാ ഭിദ്യതേ ഹ്യേതന്നാന്യഥാജം കഥഞ്ചന
തത്ത്വതോ ഭിദ്യമാനേ ഹി മർത്ത്യതാമമൃതം വ്രജേത്. 19

ഏതത് = ഇതു്, മായയാ ഹി = മായകൊണ്ടാണല്ലൊ, ഭിദ്യതേ = ഭേദിക്കുന്നതു്. അജം = ജന്മമില്ലാത്തതു്, അന്യഥാ = മററു പ്രകാരത്തിൽ, കഥഞ്ചന = ഒരു വിധത്തിലും, ന (ഭിദ്യതേ)= ഭേദിക്കുന്നില്ല. ഹി = എന്തുകൊണ്ടെന്നാൽ, തത്ത്വതഃ = പരമാത്ഥമായിട്ടു്, ഭിദ്യമാനേ = ഭേദിക്കപ്പെടുകയാണെങ്കിൽ, അമൃതം = അമർത്ത്യമായിട്ടുള്ളതു്, മർത്ത്യതാം = മർത്ത്യതയെ, വ്രജേത് =പ്രാപിക്കും.

അദ്വൈതത്തിൻെറ കാര്യമാണു് ദ്വൈതമെങ്കിൽ അതും സത്യമാവുകയില്ലെ എന്നാണെങ്കിൽ ഇല്ല. ദ്വൈതബുദ്ധി ഉണ്ടാകുന്നതു് മായകൊണ്ടു മാത്രമാണു്. തിമിരം ബാധിച്ചവന്നു് അനേകം ചന്ദ്രന്മാരുണ്ടെന്നു തോന്നാം. കയറു കണ്ടു് പാമ്പു്, വടി, ജലധാര മുതലായതാണെന്നു തോന്നാം. അല്ലാതെ ഭേദം വാസ്തവത്തിലുള്ളതാവുകയില്ല. കാരണം ആത്മാവു് നിരവയവവും അതുകൊണ്ടുതന്നെ അജവുമാണു്. അവയവമുള്ളതാണല്ലൊ മറെറാന്നായിത്തീരുന്നതു്. സാവയവമായ മണ്ണു് കുടമായിത്തീരുന്നതു ശരിതന്നെ. നിരവയവമായ ആത്മാവിന്നു് ഒരിക്കലും ഒരു വിധത്തിലും അതുപോലെ നാനാത്വമുണ്ടാവാൻ വഴിയില്ല. വാസ്തവത്തിൽ അങ്ങനെ വ്യത്യാസമുണ്ടാവുകയാണെങ്കിൽ അമൃതമായ ആത്മാവു് നാശമുള്ളതായിത്തീരും. അഗ്നി ശീതമാകുന്നതുപോലെയാണതു്. സ്വഭാവത്തിന്നു് വൈപരീത്യമുണ്ടാകുക എന്നതു് എല്ലാ പ്രമാണങ്ങൾക്കും

Digitization by Arya Samaj Charitable Foundation, Chennai

വിരുദ്ധമാണ്. അതുകൊണ്ട് അദ്വൈതത്തിൽ ദ്വൈത ബുദ്ധി ഉണ്ടാകുന്നത് മായാഭ്രമംകൊണ്ടു മാത്രമാണ്. അതു പരമാർത്ഥത്തിലില്ലാത്തതുമാണ്.

അജാതസ്യൈവ ഭാവസ്യ ജാതിമിച്ഛന്തി വാദിനഃ
അജാതോ ഹ്യമൃതോ ഭാവോ മർത്ത്യതാം കഥമേഷ്യതി. 20

വാദിനഃ = ചില വാദികൾ, അജാതസ്യ ഏവ = അജമായി ത്തന്നെയിരിക്കുന്ന, ഭാവസ്യ = ഭാവത്തിന്ന്, ജാതിം = ജന്മത്തെ, ഇച്ഛന്തി = ആഗ്രഹിക്കുന്നു. അജാതഃ = അജവും, അമൃതഃ = അമരവു മായ, ഭാവഃ = ഭാവം, കഥം = എങ്ങനെ, മർത്ത്യതാം = മർത്ത്യഭാവ ത്തെ, ഏഷ്യതി ഹി = പ്രാപിക്കും?

അജമായിരിക്കുന്ന ആത്മഭാവത്തിന്നു ജന്മമുണ്ടെന്നു ചില വ്യാഖ്യാതാക്കന്മാർ പറയുന്നു. അജവും അമരവു മായ ആത്മഭാവം എങ്ങനെ മർത്ത്യഭാവത്തെ പ്രാപിക്കും ?

കുറിപ്പ്: ചില ഉപനിഷദ്വ്യാഖ്യാതാക്കന്മാർ സ്വഭാവേന അജവും അമരവുമായ ആത്മതത്ത്വത്തിന്ന് ഉത്പത്തിയുള്ളതായി പറയുന്നു. അത് ഒരിക്കലും ശരിയാവുകയില്ല. കാരണം, 'ജാതസ്യ ഹി ധ്രുവോ മൃത്യുഃ' എന്ന നിയമമനുസരിച്ചു ജനിച്ചതിന്ന് മരണവു മുണ്ടായിരിക്കും. അമൃതമായ ആത്മഭാവം എങ്ങനെ മർത്ത്യമായി ത്തീരും? സ്വഭാവവൈപരീത്യം വരുന്നത് പ്രമാണവിരുദ്ധമാകുന്നു.

ന ഭവത്യമൃതം മർത്ത്യം ന മർത്ത്യമമൃതം തഥാ
പ്രകൃതേരന്യഥാഭാവോ ന കഥഞ്ചിദ്ഭവിഷ്യതി.21

അമൃതം = നാശമില്ലാത്തതു്, മർത്ത്യം = നാശമുള്ളതായി, ന ഭവതി = ഭവിക്കുന്നില്ല. തഥാ = അപ്രകാരം, മർത്ത്യം=നാശമുള്ളതു്. അമൃതം = നാശമില്ലാത്തതായും, ന ഭവതി = ഭവിക്കുന്നില്ല. പ്രകൃ തേഃ = സ്വഭാവത്തിന്ന്, അന്യഥാഭാവഃ = മാററം, കഥഞ്ചിത്= ഒരുവിധത്തിലും, ന ഭവിഷ്യതി = ഭവിക്കുകയില്ല.

Digitization by Arya Samaj Charitable Foundation, Chennai

ലോകത്തിൽ നാശമില്ലാത്തതു് നാശമുള്ളതായിത്തീരുകയില്ല; നാശമുള്ളതു് നാശമില്ലാത്തതായും തീരുകയില്ല. പ്രകൃതിക്കു് മാററംവരുക എന്നതു് ഒരിക്കലും സംഭാവ്യമല്ല.

സ്വഭാവേനാമൃതോ യസ്യ ഭാവോ ഗച്ഛതി മർത്ത്യതാം
കൃതകേനാമൃതസ്തസ്യ കഥം സ്ഥാസ്യതി നിശ്ചലഃ. 22

യസ്യ = യാതൊരുവൻെറ (മതത്തിൽ), സ്വഭാവേന = പ്രകൃത്യാ, അമൃതഃ = അമൃതമായ, ഭാവഃ = ഭാവം, മർത്ത്യതാം = മർത്ത്യഭാവത്തെ, ഗച്ഛതി = പ്രാപിക്കുന്നു, തസ്യ = അവൻെറ (മതത്തിൽ), കൃതകേന = കൃത്രിമമായി (അനുഷ്ഠാനഫലമായി) ഉണ്ടാകുന്ന, അമൃതഃ = അമൃതഭാവം, നിശ്ചലഃ = നിത്യമായി, കഥം = എങ്ങനെ, സ്ഥാസ്യതി = നില്ക്കും ?

സ്വഭാവേന അമൃതമായ ഭാവം മർത്ത്യതയെ പ്രാപിക്കുമെന്നു പറയുന്നവരുടെ പക്ഷത്തിൽ കാരണാകാരേണ ഉത്പത്തിക്കുമുമ്പു് അമൃതമാണെന്നു പറയുന്നതു് ശരിയല്ല. ഉത്പത്തിക്കുശേഷം വിദ്യാവിദ്യകളുടെ സമുച്ചയാനുഷ്ഠാനംകൊണ്ടു് വീണ്ടും അമൃതത്വത്തെ പ്രാപിക്കുമെന്നു പറഞ്ഞാൽ ആ അമൃതത്വം കൃത്രിമമാണു്, സ്വാഭാവികമല്ല. കൃത്രിമമായിട്ടുള്ളതൊന്നും നിത്യമായി നില്ക്കുകയുമില്ല. അതിനാൽ നിത്യമായ മോക്ഷം അവരുടെ പക്ഷത്തിൽ ഇല്ലാതായിത്തീരുന്നു.

ഭൂതതോഽഭൂതതോ വാപി സൃജ്യമാനേ സമാ ശ്രുതിഃ
നിശ്ചിതം യുക്തിയുക്തം ച യത്തദ്ഭവതി നേതരത്. 23

ഭൂതതഃ = പരമാത്മത്തിലായാലും, അഭൂതതഃ വാ അപി = പരമാത്മത്തിലല്ലാതായാലും, സൃജ്യമാനേ = സൃഷ്ടിക്കപ്പെടുന്നതിൽ, ശ്രുതിഃ = ശ്രുതി, സമാ = സമമാകുന്നു. യത് = യാതൊന്നാണോ, നിശ്ചിതം = നിശ്ചയിക്കപ്പെട്ടിട്ടുള്ളതും, യുക്തിയുക്തം ച = യുക്തി

Digitization by Arya Samaj Charitable Foundation, Chennai

യുക്തവുമായിട്ടുള്ളതു്, തത് = അതു്, ഭവതി = (ശരിയായി) ഭവിക്കുന്നു. ഇതരത് = മററുള്ളതു്, ന ഭവതി = (ശരിയായി) ഭവിക്കുന്നില്ല.

സത്യമായാലും മിഥ്യയായാലും സൃഷ്ടിയെപ്പററിയുള്ള ശ്രുതി തുല്യമാണു്. ശ്രുതിയാൽ നിശ്ചയിക്കപ്പെട്ടിട്ടുള്ളതും യുക്തിയുക്തവുമായിട്ടുള്ളതു് യാതൊന്നാണോ അതു മാത്രമേ ശരിയാവുകയുള്ളു. മറേറതു ശരിയാവുകയില്ല.

കുറിപ്പു്: ആത്മാവു് ജനിക്കുന്നില്ലെന്നു വാദിക്കുകയാണെങ്കിൽ, ശ്രുതിയിലെ സൃഷ്ടിപ്രതിപാദകങ്ങളായ വാക്യങ്ങൾക്കു പ്രാമാണ്യമില്ലാതാകുമല്ലോ, എന്ന പൂർവ്വപക്ഷത്തിന്നുള്ള സമാധാനമാണിതു്. 'ഉപായഃ സോവതാരായ' (15) എന്നു മുമ്പുതന്നെ ഇതിന്നു സമാധാനം പറഞ്ഞിട്ടുണ്ടു്. വസ്തുസൃഷ്ടി പരമാർത്ഥത്തിലുള്ളതാണെങ്കിലും, മായാവി മായകൊണ്ടു സൃഷ്ടിക്കുന്നതുപോലെ മിഥ്യയാണെങ്കിലും, ശ്രുതിയുടെ സൃഷ്ടിയെപ്പററിയുള്ള വാക്യങ്ങൾ ഒരുപോലെ ചേരുന്നതാണു്. അപ്പോൾ ശ്രുതിയിലെ മററു വാക്യങ്ങൾകൊണ്ടു് എന്താണു് നിശ്ചയിച്ചിട്ടുള്ളതെന്നും ഏതാണു് യുക്തിയുക്തമായിട്ടുള്ളതെന്നും നോക്കുകയാണു് വേണ്ടതു്. അതു് അജമായ ആത്മാവിനെ പ്രതിപാദിക്കുന്ന അദ്വൈതമാണു്. അതുകൊണ്ടു് ആ നിലയിൽ സൃഷ്ടിപ്രതിപാദകശ്രുതിയെ ഗൗണമായി വ്യാഖ്യാനിക്കുന്നതേ ശരിയാകുകയുള്ളു. സൃഷ്ടിയുടെ സത്യതയെ പ്രതിപാദിക്കുന്നതാണെന്നു പറയുന്നതു് ശരിയാകുകയില്ല. അവിദ്യാവിഷയമായ സൃഷ്ടി സത്യമാണെന്നു സ്ഥാപിച്ചതുകൊണ്ടു് യാതൊരു പ്രയോജനവുമില്ലതാനും.

നേഹ നാനേതി ചാമ്നായാദിന്ദ്രോ മായാഭിരിത്യപി
അജായമാനോ ബഹുധാ മായയാ ജായതേ തു സഃ. 24

നേഹ നാനാ ഇതി ച = 'നേഹ നാനാസ്തി കിഞ്ചന' എന്നും, ഇന്ദ്രോ മായാഭിഃ ഇതി അപി = 'ഇന്ദ്രോ മായാഭിഃ പുരുരൂപ ഈയതേ' എന്നും, ആമ്നായാത് = ശ്രുതിയുള്ളതുകൊണ്ടു്, അജായമാനഃ = ജനിക്കുന്നില്ലാത്ത, സഃ = അവൻ (ആത്മാവു്), മായയാ തു = മായകൊണ്ടുതന്നെയാണു്, ബഹുധാ = പല പ്രകാരത്തിൽ, ജായതേ = ജനിക്കുന്നതു്.

Digitization by Arya Samaj Charitable Foundation, Chennai

'നേഹ നാനാസ്തി കിഞ്ചന', 'ഇന്ദ്രോ മായാഭിഃ പുരുരൂപ ഈയതേ' മുതലായ ശ്രുതിയുള്ളതുകൊണ്ടു് അജമായ ആത്മാവു് മായകൊണ്ടു് ബഹുവിധമായി കാണപ്പെടുകയാണു് ചെയ്യുന്നതു്.

കുറിപ്പു്: സൃഷ്ടി സത്യമായിരുന്നുവെങ്കിൽ നാനാത്വത്തെ നിഷേധിക്കുന്ന ശ്രുതിവാക്യങ്ങൾ ഉണ്ടാകുമായിരുന്നില്ല. 'നേഹ നാനാസ്തി കിഞ്ചന' (ലോകത്തിൽ പലതായി ഒന്നുമില്ല) എന്നു് ശ്രുതി വ്യക്തമായിത്തന്നെ നാനാത്വത്തെ നിഷേധിക്കുന്നു. എന്നാൽ പിന്നെ നാനാത്വം കാണുന്നതെങ്ങനെയെന്നാണെങ്കിൽ, 'ഇന്ദ്രോ മായാഭിഃ പുരുരൂപ ഈയതേ' (സർവ്വേശ്വരൻ മായകളെക്കൊണ്ടു് പലവിധത്തിലുള്ള രൂപങ്ങളോടുകൂടിയവനായി കാണപ്പെടുന്നു) എന്നു് മായകൊണ്ടാണെന്നു് സ്പഷ്ടമായി പറഞ്ഞിരിക്കുന്നു. 'അജായമാനോ ബഹുധാ വിജായതേ' (ജനിക്കുന്നില്ലാത്ത ആത്മാവു് പലവിധത്തിൽ ജനിക്കുന്നു) എന്നിങ്ങനെ ആത്മാവു് പരമാർത്ഥത്തിൽ അജമാണെന്നും അതു മായകൊണ്ടു പലവിധത്തിൽ ജനിക്കുന്നതായി തോന്നുന്നുവെന്നും ശ്രുതി പറയുന്നുണ്ടു്. ജനിക്കാതിരിക്കലും ജനിക്കലും ഒന്നിച്ചുണ്ടാവുക സാധ്യമല്ലല്ലൊ. ഫലശ്രുതിയിലും, ആത്മൈകത്വദർശനത്തിൻെറ ഫലം ശോകമോഹങ്ങളുടെ നാശമാണെന്നും (തത്ര കോ മോഹഃ കഃ ശോകഃ ഏകത്വമനുപശ്യതഃ) നാനാത്വദർശനത്തിൻെറ ഫലം മൃത്യുപ്രാപ്തിയാണെന്നും (മൃത്യോഃ സ മൃത്യുമാപ്നോതി യ ഇഹ നാനേവ പശ്യതി) പറയുന്നുണ്ടു്. അതുകൊണ്ടു് ആത്മാവു് അജവും അദ്വയവുമാണെന്നാണു് ശ്രുതിയുടെ അഭിപ്രായമെന്നു തെളിയുന്നു. സൃഷ്ടി പ്രതിപാദകശ്രുതി ഗൗണമാണെന്നു സ്വീകരിക്കണം.

സംഭൂതേരപവാദാച്ച സംഭവഃ പ്രതിഷിധ്യതേ
കോ ന്വേനം ജനയേദിതി കാരണം പ്രതിഷിധ്യതേ. 25

സംഭൂതേഃ = സംഭൂതിയുടെ, അപവാദാത് ച = അപവാദത്താലും, സംഭവഃ = സംഭവം, പ്രതിഷിധ്യതേ = പ്രതിഷേധിക്കപ്പെടുന്നു. കഃ നു = ആരാണു്, ഏനം = ഇവനെ, ജനയേത് = ജനിപ്പിക്കുക, ഇതി = എന്നു്, കാരണം = കാരണം, പ്രതിഷിധ്യതേ = പ്രതിഷേധിക്കപ്പെടുന്നു

Digitization by Arya Samaj Charitable Foundation, Chennai

സംഭൂതിയെ നിഷേധിക്കുന്നതുകൊണ്ടു് സംഭവത്തെ പ്രതിഷേധിക്കുകയാണു് ചെയ്യുന്നതു്. ഇവനെ ആർ ജനിപ്പിക്കും എന്നിങ്ങനെ കാരണത്തെയും പ്രതിഷേധിക്കുന്നു.

കുറിപ്പു്: 'അന്ധം തമഃ പ്രവിശന്തി യേ സംഭൂതിമുപാസതേ.' (സംഭൂതിയെ ഉപാസിക്കുന്നവർ അന്ധമായ തമസ്സിൽ പ്രവേശിക്കുന്നു.) എന്നിങ്ങനെ സംഭൂതിയുടെ ഉപാസ്യത്വത്തെ അപവദിക്കുന്നതുകൊണ്ടു് സംഭവത്തെ നിഷേധിക്കുകയാണു് ചെയ്യുന്നതു്. സംഭൂതി സത്യമായിരുന്നുവെങ്കിൽ അതിനെ അപവദിക്കുന്നതു യുക്തമല്ലല്ലൊ. അവിദ്യാജന്യമായതുകൊണ്ടാണു് അതിനെ നിഷേധിക്കുന്നതു്. അവിദ്യാവശഗനായ ജീവൻ അവിദ്യ നശിക്കുമ്പോൾ സ്വസ്വരൂപത്തിൽ വിളങ്ങുന്നതല്ലാതെ, ഈ ജീവനെ ആരാണു് ജനിപ്പിക്കുന്നതു്? ആരും ജനിപ്പിക്കുന്നില്ല. ജീവത്വം ഭ്രമം മാത്രമാണെന്നർത്ഥം. രജ്ജുവിൽ ആരോപിക്കപ്പെടുന്നതും വിവേകത്താൽ നശിക്കുന്നതുമായ സർപ്പത്തെ ആരും ജനിപ്പിക്കുന്നില്ലല്ലൊ. അതുകൊണ്ടു് യഥാർത്ഥത്തിൽ ജീവന്റെ ജനനത്തിന്നും കാരണമൊന്നുമില്ല. 'നായം കുതശ്ചിന്ന ബഭൂവ കശ്ചിത്.' (ഈ ജീവൻ ഒന്നിൽനിന്നും ജനിച്ചിട്ടില്ല) എന്നു് കഠോപനിഷത്തിൽ പറയുന്നുണ്ടു്.

സ ഏഷ നേതി നേതീതി
വ്യാഖ്യാതം നിഹ്നുതേ യതഃ
സർവ്വമഗ്രാഹ്യഭാവേന
ഹേതുനാജം പ്രകാശതേ. 26

സഃ ഏഷഃ = ആ ഇതു്, നേതി നേതി ഇതി = 'നേതി, നേതി' എന്നിങ്ങനെ, വ്യാഖ്യാതം = വ്യാഖ്യാനിക്കപ്പെട്ട, സർവ്വം = എല്ലാററിനേയും, അഗ്രാഹ്യഭാവേന ഹേതുനാ = സ്വീകരിക്കാൻ പാടില്ലാത്ത ഭാവമാണെന്ന കാരണംകൊണ്ടു്, യതഃ നിഹ്നുതേ = നിഷേധിക്കുന്ന എന്നതുകൊണ്ടു്, അജം = അജമായ, (ആത്മാ = ആത്മാവു്), പ്രകാശതേ = പ്രകാശിക്കുന്നു.

വ്യാഖ്യാനിക്കപ്പെട്ട എല്ലാററിനേയും അവസാനം ''സ ഏഷ നേതി നേതി'' എന്നിങ്ങനെ ഉപേക്ഷിക്കേണ്ട

Digitization by Arya Samaj Charitable Foundation, Chennai

താണെന്നു പറഞ്ഞിരിക്കയാൽ അജമായ ആത്മാവു് സ്വയം പ്രകാശിക്കുന്നു.

കുറിപ്പു്: ബൃഹദാരണ്യകോപനിഷത്തു് രണ്ടാമധ്യായം മൂന്നാം ബ്രാഹ്മണത്തിൽ, ധ്യാനസൗകര്യത്തിന്നായി ബ്രഹ്മത്തിന്റെ മൂർത്തവും അമൂർത്തവുമായ രണ്ടു രൂപങ്ങളെ വിവരിച്ചതിന്നുശേഷം അവസാനം ''അഥാത ആദേശഃ നേതി നേതി'' എന്നിങ്ങനെ എല്ലാ വിശേഷങ്ങളെയും പ്രതിഷേധിക്കുന്നു. മന്ദബുദ്ധികൾക്കു് ഉപാസനാസൗകര്യത്തിന്നുവേണ്ടി മൂർത്തമായി പലതും പറയുമെങ്കിലും ഉത്തമബുദ്ധിയാകുമ്പോൾ അവയെല്ലാം അഗ്രാഹ്യഭാവങ്ങളാണു്—ഒന്നും യഥാർത്ഥമായി സ്വീകരിക്കരുതു്—എന്നു പറഞ്ഞു് നിഷേധിക്കുന്നതുകൊണ്ടു് സർവ്വഭാവവിശേഷവർജ്ജിതവും അജവും അദ്വയവുമായ ആത്മാവു മാത്രമേ സത്യമായിട്ടുള്ളു എന്നു തെളിയുന്നു.

സതോ ഹി മായയാ ജന്മ
യുജ്യതേ ന തു തത്ത്വതഃ
തത്ത്വതോ ജായതേ യസ്യ
ജാതം തസ്യ ഹി ജായതേ. 27

സതഃ = സത്തിൽനിന്നു്, മായയാ = മായകൊണ്ടുള്ള, ജന്മ ഹി = ജന്മം മാത്രമേ, യുജ്യതേ = യോജിക്കുകയുള്ളു, തത്ത്വതഃ (ജന്മ) = പരമാർത്ഥത്തിലുള്ള ജന്മം, ന തു യുജ്യതേ = യോജിക്കുകയില്ല, യസ്യ = യാതൊരുവന്റെ (മതത്തിൽ), തത്ത്വതഃ = പരമാർത്ഥമായിട്ടു്, ജായതേ = ജനിക്കുന്നുവോ, തസ്യ = അവന്റെ (മതത്തിൽ), ജാതം ഹി = ജനിച്ചിട്ടുള്ളതാണല്ലൊ, ജായതേ = ജനിക്കുന്നതു്.

സത്തായ ഒരു കാരണത്തിൽനിന്നു് ജഗത്തിന്റെ ജന്മം മായകൊണ്ടേ ഉണ്ടാകുവാൻ നിവൃത്തിയുള്ളു; പരമാർത്ഥത്തിലുണ്ടാകുവാൻ നിവൃത്തിയില്ല. പരമാർത്ഥത്തിൽ ഉണ്ടാകുന്നു എന്നു പറയുന്നവന്റെ മതത്തിൽ ജനിച്ചതു തന്നെ ജനിക്കുകയാണു് ചെയ്യുന്നതു്.

Digitization by Arya Samaj Charitable Foundation, Chennai

കുറിപ്പ്: അജവും അദ്വയവുമായ ആത്മാവുമാത്രമേ സത്യമായിട്ടുള്ള എന്നു് ശ്രുതിവാക്യങ്ങളെക്കൊണ്ടു സമർത്ഥിച്ചു. ഇനി യുക്തികൊണ്ടും അതേ ശരിയായിട്ടുള്ളവെന്നു തീർച്ചപ്പെടുത്തുകയാണ്. ആത്മതത്ത്വം തീരെ അഗ്രാഹ്യമാണെങ്കിൽ അതു് അസത്തായിരിക്കുമെന്നു വാദിക്കുകയാണെങ്കിൽ അതു ശരിയല്ല. കാര്യംകൊണ്ടു് കാരണത്തെപ്പററി ഊഹിക്കാമല്ലോ. മായാകാര്യങ്ങളെക്കൊണ്ടു് മായാവിയെപ്പററി അറിയുന്നതുപോലെ ഈ ജഗത്താകുന്ന കാര്യം കൊണ്ടു് ഇതിൻെറ കാരണവും സത്യവുമായ ആത്മാവിനെപ്പററി ഗ്രഹിക്കാം. സത്തായ രജ്ജുവിൽനിന്നു് അസത്തായ സർപ്പാദികളുടെ ജന്മമുണ്ടാകുന്നതുപോലെയാണു് പാരമാർത്ഥികസത്തയുള്ള ആത്മാവിൽനിന്നു് വ്യാവഹാരികസത്തയുള്ള ജഗത്തു് ഉണ്ടാകുന്നതു്. സർപ്പാദിയെപ്പോലെ ഭ്രമമൂലകമായ ജന്മമേ ഈ ജഗത്തിന്നും യോജിക്കയുള്ള. അജമായതു് ജഗത്തായി ജനിച്ചു എന്നു പറയുന്നതു് പരസ്പരവിരുദ്ധമായിത്തീരും. ജനിച്ചതുതന്നെ ജഗത്തായി ജനിച്ചു എന്നു പറയുകയാണെങ്കിൽ അതിൻെറ ജന്മത്തിന്നു് വേറൊരു കാരണം പറയേണ്ടിവരും. അങ്ങനെ കാരണമന്വേഷിച്ചുപോകുമ്പോൾ നിലയില്ലാതായിത്തീരും. അതുകൊണ്ടു് ആത്മാവു് അജമാണെന്നും അതിൽനിന്നു് മായകൊണ്ടാണു് ജഗത്തിൻെറ ജന്മമെന്നും പറയുന്നതുമാത്രമേ യുക്തിക്കു ചേർന്നതായിരിക്കയുള്ള.

അസതോ മായയാ ജന്മ
തത്ത്വതോ നൈവ യുജ്യതേ
വന്ധ്യാപുത്രോ ന തത്ത്വേന
മായയാ വാപി ജായതേ. 28

അസതഃ = അസത്തിൽനിന്നു്, മായയാ – മായകൊണ്ടും, തത്ത്വതഃ = പരമാർത്ഥമായിട്ടും, ജന്മ = ജന്മം, ന യുജ്യതേ ഏവ = യോജിക്കുകയില്ലതന്നെ, വന്ധ്യാപുത്രഃ = വന്ധ്യാപുത്രൻ, തത്ത്വതഃ = പരമാർത്ഥമായിട്ടും, മായയാ വാ അപി = മായകൊണ്ടും, ന ജായതേ = ജനിക്കുന്നില്ല.

അസത്തിൽ നിന്നു് മായകൊണ്ടും പരമാർത്ഥമായിട്ടും മറെറാന്നിന്നു് ജന്മമുണ്ടാകുകയില്ല. പ്രസവിക്കാത്ത സ്ത്രീയു

Digitization by Arya Samaj Charitable Foundation, Chennai

സ്ത്രീയുടെ പുത്രൻ മായകൊണ്ടും പരമാൎത്ഥമായിട്ടും ഉണ്ടാകുകയില്ലല്ലൊ.

കുറിപ്പ്: അസദ്വാദിപക്ഷത്തിന്റെ നിരസനമാണ് ഇതിൽ കാണിക്കുന്നതു്. അസത്തായ കാരണത്തിൽനിന്നു് മായകൊണ്ടും പരമാൎത്ഥമായിട്ടും കാര്യമുണ്ടാകുവാൻ നിവൃത്തിയില്ല. അതു വന്ധ്യാപുത്രന്റെ ഉദാഹരണംകൊണ്ടു വ്യക്തമാക്കുന്നു. സദ്വാദം മായാസ്വീകരണംകൊണ്ട് ശരിയാണെന്നു സമൎത്ഥിക്കാം. അസദ്വാദം ഒരിക്കലും ശരിയാകുവാൻ വഴിയില്ല. അതുകൊണ്ട് അദ്വയമായ ആത്മാവു മാത്രമേ സത്തയായിട്ടുള്ളു.

യഥാ സ്വപ്നേ ദ്വയാഭാസം സ്പന്ദതേ മായയാ മനഃ
തഥാ ജാഗ്രദ്ദ്വയാഭാസം സ്പന്ദതേ മായയാ മനഃ. 29

യഥാ = എപ്രകാരമാണോ, സ്വപ്നേ = സ്വപ്നത്തിൽ, മനഃ= മനസ്സ്, മായയാ = മായകൊണ്ട്, ദ്വയാഭാസം = രണ്ടെന്നു തോന്നുന്ന വിധത്തിൽ, സ്പന്ദതേ = സ്പന്ദിക്കുന്നതു്, തഥാ = അപ്രകാരം, ജാഗ്രത് = ജാഗ്രത്തിലും, മനഃ = മനസ്സ്, മായയാ = മായകൊണ്ട്, ദ്വയാഭാസം = രണ്ടെന്നു തോന്നുന്ന വിധത്തിൽ, സ്പന്ദതേ = സ്പന്ദിക്കുന്നു.

സ്വപ്നത്തിൽ മനസ്സ് മായകൊണ്ട് രണ്ടെന്നു തോന്നത്തക്ക രീതിയിൽ സ്പന്ദിക്കുന്നതുപോലെതന്നെ ജാഗ്രത്തിലും മനസ്സ് മായകൊണ്ട് രണ്ടെന്നു് തോന്നത്തക്ക രീതിയിൽ സ്പന്ദിക്കുന്നു.

കുറിപ്പ്: സത്തിന്നു് മായകൊണ്ട് എങ്ങനെ ജന്മമുണ്ടാകുന്നുവെന്നു് പറയുന്നു. വാസ്തവത്തിൽ ജന്മമുണ്ടാകുന്നില്ല. അതു ഭ്രമം മാത്രമാണ്. സ്വപ്നത്തിൽ നാം നമ്മിൽനിന്നന്യമായി പല വസ്തുക്കളെയും പല ആളുകളെയും കാണുന്നു. അജ്ഞാനംകൊണ്ടുള്ള ചിത്തസ്പന്ദനമല്ലാതെ അതൊന്നും പരമാൎത്ഥമല്ലെന്നു വ്യക്തമാണല്ലൊ. അതുപോലെതന്നെ ജാഗ്രത്തിലും മായകൊണ്ട് മനസ്സ് ദ്വൈതാഭാസമായി ചലിക്കുമ്പോൾ ദ്വൈതാനുഭവമുണ്ടാകുന്നു. സ്വപ്നത്തിലും

Digitization by Arya Samaj Charitable Foundation, Chennai

ജാഗ്രത്തിലും ചിത്തസ്പന്ദനം നിലയ്ക്കുമ്പോൾ ദ്വൈതബോധവും ഇല്ലാതാകുന്നു.

അദ്വയം ച ദ്വയാഭാസം മനഃ സ്വപ്നേ ന സംശയഃ
അദ്വയം ച ദ്വയാഭാസം തഥാ ജാഗ്രന്ന സംശയഃ. 30

സ്വപ്നേ = സ്വപ്നത്തിൽ, മനഃ = മനസ്സ്, അദ്വയം = രണ്ടില്ലാത്തതും, ദ്വയാഭാസം ച = രണ്ടെന്നപോലെ തോന്നുന്നതുമാകുന്നു, ന സംശയഃ = സംശയമില്ല, തഥാ = അപ്രകാരം, ജാഗ്രത് = ജാഗ്രത്തിലും, അദ്വയം = രണ്ടില്ലാത്തതും, ദ്വയാഭാസം=രണ്ടെന്നപോലെ തോന്നുന്നതുമാകുന്നു, ന സംശയഃ = സംശയമില്ല.

സ്വപ്നത്തിൽ മനസ്സ് ഏകമാണെങ്കിലും ഗ്രാഹ്യം ഗ്രാഹകം എന്ന രണ്ടു രൂപത്തിലായിത്തീരുകയാണ് ചെയ്യുന്നത് എന്നതിൽ സംശയമില്ല. അതുപോലെ ജാഗ്രത്തിലും ചിത്തസ്പന്ദനംമൂലം അദ്വയമായ ആത്മാവിൽ ദ്വൈതബുദ്ധി ഉണ്ടാവുകയാണ് ചെയ്യുന്നത്. സ്വപ്നത്തിലും ജാഗ്രത്തിലും ദ്വൈതം യഥാർത്ഥത്തിൽ ഇല്ലാത്തതാണെന്നർത്ഥം.

മനോദൃശ്യമിദം ദ്വൈതം
യത്കിഞ്ചിത് സചരാചരം
മനസോ ഹ്യമനീഭാവേ
ദ്വൈതം നൈവോപലഭ്യതേ. 31

സചരാചരം = ചരങ്ങളോടും അചരങ്ങളോടും കൂടിയ, ദ്വൈതം = ദ്വൈതം, യത് കിഞ്ചിത് = എന്തെല്ലാമുണ്ടോ, ഇദം (സർവ്വം)= ഇതെല്ലാം, മനോദൃശ്യം = മനസ്സുകൊണ്ട് കാണപ്പെടുന്നതാകുന്നു. ഹി = എന്തുകൊണ്ടെന്നാൽ, മനസഃ = മനസ്സിൻെറ, അമനീഭാവേ= അമനീഭാവത്തിൽ, ദ്വൈതം = ദ്വൈതം, ന ഏവ ഉപലഭ്യതേ = അനുഭവപ്പെടുന്നില്ല.

ചരാചരരൂപത്തിൽ കാണുന്ന ഈ ദ്വൈതപ്രപഞ്ചം മുഴുവൻ മനസ്സിൻെറ സൃഷ്ടിയാണ്, മനസ്സുതന്നെയാണ്.

Digitization by Arya Samaj Charitable Foundation, Chennai

എന്തുകൊണ്ടെന്നാൽ മനസ്സ് മനസ്സല്ലാതായിത്തീരുമ്പോൾ ദ്വൈതം അനുഭവപ്പെടുന്നില്ലല്ലൊ.

കുറിപ്പ്: അമനീഭാവം എന്നാൽ മനസ്സില്ലാതായിത്തീരൽ. വിവേകം, അഭ്യാസം, വൈരാഗ്യം മുതലായവകൊണ്ട് മനസ്സിനെ നിരോധിക്കുകയോ സുഷുപ്തിയിൽ മനസ്സ ലയിക്കുകയോ ചെയ്യുമ്പോൾ ഈ ദ്വൈതം ഇല്ലാതാവുന്നതിനാൽ ഇതെല്ലാം മനസ്സുതന്നെയാണ്. മനസ്സുള്ളപ്പോൾ മാത്രമേ ദ്വൈതമുള്ളു. മനസ്സില്ലാത്തപ്പോൾ ദ്വൈതവുമില്ല.

ആത്മസത്യാനുബോധേന ന സങ്കല്പയതേ യദാ
അമനസ്താം തദാ യാതി ഗ്രാഹ്യാഭാവേ തദഗ്രഹം .32

ആത്മസത്യാനുബോധേന = ആത്മസത്യത്തെപ്പററിയുള്ള ദൃഢമായ ബോധംകൊണ്ട്, യദാ = എപ്പോൾ, ന സങ്കല്പയതേ = സങ്കല്പിക്കുന്നില്ലയോ, തദാ = അപ്പോൾ, അമനസ്താം = മനസ്സില്ലാത്ത അവസ്ഥയെ, യാതി = പ്രാപിക്കുന്നു. ഗ്രാഹ്യാഭാവേ = ഗ്രഹിക്കുവാനുള്ള വിഷയമില്ലാത്തപ്പോൾ, തത് = അത്, അഗ്രഹം = ഗ്രഹണവികല്പമില്ലാത്തതാകുന്നു.

ആത്മസത്യത്തെപ്പററി അറിഞ്ഞ് മററു വികല്പങ്ങളെയെല്ലാം ഉപേക്ഷിക്കുമ്പോൾ മനസ്സില്ലാതായിത്തീരുന്നു. ഗ്രഹിക്കുവാനുള്ള വിഷയമില്ലാതിരിക്കുമ്പോൾ ഗ്രഹിക്കുവാനുള്ള വികല്പവുമുണ്ടാകുന്നില്ല.

കുറിപ്പ്: അമനീഭാവം വരുന്നതെങ്ങനെയെന്നു വിവരിക്കുന്നു. സങ്കല്പവികല്പാത്മകമാണ് മനസ്സ്. സങ്കല്പിക്കുകയോ വികല്പിക്കുകയോ ചെയ്യുമ്പോൾ മാത്രമേ മനസ്സുണ്ടാകുകയുള്ളു. ആത്മാവുമാത്രമേ സത്യമായിട്ടുള്ളു, മററുള്ളതെല്ലാം മിഥ്യയാണ് എന്ന ബോധം ശാസ്ത്രാചാര്യോപദേശംകൊണ്ട് ദൃഢമായിത്തീരുമ്പോൾ സങ്കല്പവികല്പങ്ങൾക്ക് വിഷയമില്ലാതായിത്തീരുന്നതിനാൽ, ഗ്രാഹ്യാഭാവത്തിൽ ഗ്രഹണസങ്കല്പമില്ലാതായിത്തീരുന്നതിനാൽ, മനസ്സി

Digitization by Arya Samaj Charitable Foundation, Chennai

ല്ലാതായിത്തീരുന്നു. ദഹിപ്പിക്കുവാനൊന്നുമില്ലാത്തപ്പോൾ അഗ്നി ജ്വലിക്കുകയില്ലല്ലൊ.

"മനസ്സുകൊണ്ടു് വിചാരംചെയ്യുന്ന കാലത്തോളം നിത്യവസ്തുവിനെ പ്രാപിക്കാനാവില്ല. വിചാരം നിലച്ചാൽ ബ്രഹ്മജ്ഞാനമായി. ഈ മനസ്സുകൊണ്ടു് ആത്മാവിനെ അറിയുവാൻ കഴിയുകയില്ല. മനസ്സിൻെറ വ്യാപാരം നടക്കുന്ന കാലത്തോളം 'ജഗത്തില്ല, ഞാനില്ല' എന്നെങ്ങനെ പറയും? മനസ്സിൻെറ നാശം സംഭവിക്കുമ്പോൾ, സമാധിയുണ്ടാകുന്നു; ബ്രഹ്മജ്ഞാനമുണ്ടാകുന്നു. (ദ്വൈതബുദ്ധിയില്ലാതാകുന്നു.)''

—ശ്രീരാമകൃഷ്ണവചനാമൃതം III· 183.

> അകല്പകമജം ജ്ഞാനം ജ്ഞേയാഭിന്നം പ്രചക്ഷതേ
> ബ്രഹ്മ ജ്ഞേയമജം നിത്യമജേനാജം വിബുധ്യതേ. 33

അകല്പകം = കല്പനകളില്ലാത്തതും, അജം = അജവുമായ, ജ്ഞാനം = ജ്ഞാനത്തെ, ജ്ഞേയാഭിന്നം = ജ്ഞേയത്തിൽനിന്നു ഭിന്നമല്ലാത്തതായി, പ്രചക്ഷതേ = (ബ്രഹ്മജ്ഞാനികൾ) പറയുന്നു. (യസ്യ = യാതൊന്നിനു്)അജം = അജവും, നിത്യം = നിത്യവുമായ, ബ്രഹ്മ = ബ്രഹ്മം, ജ്ഞേയം = ജ്ഞേയമായിരിക്കുന്നുവോ, (തേന) അജേന = ആ അജത്താൽ, അജം = അജമായ (ആത്മതത്ത്വം), വിബുധ്യതേ = അറിയപ്പെടുന്നു.

കല്പനകളില്ലാത്തതും അജവുമായ ജ്ഞാനം ജ്ഞേയത്തിൽനിന്നു ഭിന്നമല്ലെന്നു് വിദ്വാന്മാർ പറയുന്നു. അജവും നിത്യവുമായ ബ്രഹ്മത്തെ അറിയുന്ന ആ ജ്ഞാനത്താൽത്തന്നെ ആത്മതത്ത്വം അറിയപ്പെടുന്നു.

കുറിപ്പു്: മനസ്സില്ലാതായാൽ പിന്നെ എന്തുകൊണ്ടാണു് അറിയുക? ''മനസൈവേദമാപ്തവ്യം.'' (കം. 4. 11) മനസ്സുകൊണ്ടു തന്നെ അറിയേണ്ടതാണെന്നു് ശ്രുതി പറയുന്നുണ്ടല്ലൊ എന്ന ചോദ്യത്തിന്നു സമാധാനമാണിതു്. സർവ്വകല്പനാവൎജ്ജിതമായ ജ്ഞാനവും ജ്ഞേയവും തമ്മിൽ ഭേദമില്ല. രണ്ടും ഒന്നുതന്നെയാകുമ്പോൾ അതിനെ അറിയുവാൻ വേറെ ഉപാധി ആവശ്യമില്ലല്ലൊ. ''വിജ്ഞാന

Digitization by Arya Samaj Charitable Foundation, Chennai

മാനന്ദം ബ്രഹ്മ,'' ''സത്യം ജ്ഞാനമനന്തം ബ്രഹ്മ'' മുതലായ ശ്രുതികൾ ജ്ഞേയമായ ബ്രഹ്മം ജ്ഞാനസ്വരൂപംതന്നെയാണെന്നു വ്യക്തമാക്കുന്നു. അങ്ങനെ സ്വസ്വരൂപമായ ജ്ഞാനംകൊണ്ട് ജ്ഞേയമായ ആത്മതത്ത്വത്തെ സ്വയം അറിയുന്നു. അഗ്നിയും അതിന്റെ ചൂടും എന്നതുപോലെയാണ് ജ്ഞാനവും ജ്ഞേയവും തമ്മിലുള്ള ബന്ധം. അഗ്നിക്കു ചൂടുണ്ടാക്കുവാൻ വേറൊരു ഉഷ്ണപദാർത്ഥത്തിന്റെ ആവശ്യമില്ലാത്തതുപോലെ ജ്ഞാനസ്വരൂപമായ ആത്മാവിനെ അറിയുവാൻ വേറൊരു വിജ്ഞാനത്തിന്റെ ആവശ്യമില്ല. സൂര്യനെപ്പോലെ നിത്യപ്രകാശസ്വരൂപമാണത്.

നിഗൃഹീതസ്യ മനസോ
നിർവ്വികല്പസ്യ ധീമതഃ
പ്രചാരഃ സ തു വിജ്ഞേയഃ
സുഷുപ്തേഽന്യോ ന തത്സമഃ. 34

നിഗൃഹീതസ്യ = നിയന്ത്രിക്കപ്പെട്ടതും, നിർവ്വികല്പസ്യ = വികല്പങ്ങളില്ലാതായിത്തീർന്നതും, ധീമതഃ = വിവേകമുള്ളതുമായ, മനസഃ = മനസ്സിന്റെ, സഃ പ്രചാരഃ തു = ആ പ്രചാരമാകട്ടെ, വിജ്ഞേയഃ = അറിയപ്പെടേണ്ടതാകുന്നു. സുഷുപ്തേ = സുഷുപ്തിയിലെ, (പ്രചാരഃ = പ്രചാരം), അന്യഃ = മറ്റൊന്നാകുന്നു. തത്സമഃ ന = അതിനോടു തുല്യമായിട്ടുള്ളതല്ല.

ആത്മസത്യാനുബോധംകൊണ്ടു നിയന്ത്രിക്കപ്പെട്ടതും സർവ്വവികല്പനാവർജ്ജിതവും വിവേകമുള്ളതുമായ മനസ്സിന്റെ അവസ്ഥ യോഗികൾ പ്രത്യേകിച്ചറിയേണ്ടതാണ്. അത് സുഷുപ്തിയിലെ പ്രചാരത്തോടു തുല്യമായിട്ടുള്ളതല്ല. സുഷുപ്തിയിൽ വേറൊരു വിധത്തിലുള്ള പ്രചാരമാണ്.

കുറിപ്പ്: ആത്മതത്ത്വത്തെ അറിയുന്നതുകൊണ്ട് എല്ലാ വികല്പനകളും നിന്ന്, വിറകില്ലാത്ത അഗ്നിയെപ്പോലെ, മനസ്സ് പ്രശാന്തമായിത്തീരുമെന്നു പറഞ്ഞു. സുഷുപ്തിയിലും അതുതന്നെയല്ലേ ഉണ്ടാകുന്നത്? അവിടെയും ദ്വൈതവിസ്മൃതി ഉണ്ടാകുന്നവല്ലോ എന്നാണെങ്കിൽ അല്ല എന്ന് ഉത്തരം പറയുന്നു. രണ്ടും തമ്മിലുള്ള

Digitization by Arya Samaj Charitable Foundation, Chennai

വ്യത്യാസം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. സുഷുപ്തിയിൽ മനസ്സ് അവിദ്യയാകുന്ന മോഹാന്ധകാരത്താൽ ഗ്രസിക്കപ്പെടുകയാണ് ചെയ്യുന്നതു്. അനേകം അനർത്ഥപ്രവൃത്തികൾക്കു ബീജഭൂതമായിട്ടുള്ള വാസന അതിൽ ലയിച്ചുകിടക്കുന്നുമുണ്ടു്. ആത്മജ്ഞാനംകൊണ്ടു് നിരുദ്ധമായിത്തീരുന്ന മനസ്സാകട്ടെ സങ്കല്പങ്ങളെല്ലാം പോകുന്നതു കൊണ്ടു് പ്രസന്നമായിരിക്കും. ജ്ഞാനാഗ്നിയിൽ അനർത്ഥപ്രവൃത്തി ബീജങ്ങളെല്ലാം ദഹിച്ചുപോകുന്നു, സർവ്വക്ലേശരജസ്സും പ്രശാന്തമായി ത്തീരുന്നു. അതുകൊണ്ടു് സുഷുപ്തിയിലും നിരുദ്ധാവസ്ഥയിലുമുള്ള മനസ്സിൻെറ പ്രചാരങ്ങൾക്കു് വളരെ വ്യത്യാസമുണ്ടെന്നറിയേണ്ട താകുന്നു.

ലീയതേ ഹി സുഷുപ്തേ തന്നിഗൃഹീതം ന ലീയതേ
തദേവ നിർഭയം ബ്രഹ്മ ജ്ഞാനാലോകം സമന്തതഃ. 35

സുഷുപ്തേ = സുഷുപ്തത്തിൽ, തത് = അതു്, ലീയതേ ഹി = ലയിക്കുന്നുവല്ലൊ. നിഗൃഹീതം = നിരുദ്ധമാകുമ്പോൾ, ന ലീയ തേ = ലയിക്കുന്നില്ല. തത് ഏവ = അതുതന്നെ, നിർഭയം = ഭയമി ല്ലാത്തതും, സമന്തതഃ = എല്ലായിടത്തും (വ്യാപകമായിട്ടുള്ളതും) ജ്ഞാനാലോകം = ജ്ഞാനമാകുന്ന പ്രകാശത്തോടുകൂടിയതുമായ, ബ്രഹ്മ = ബ്രഹ്മമായിത്തീരുന്നു.

സുഷുപ്തിയിൽ മനസ്സു ലയിച്ചുപോകുകയാണല്ലൊ ചെയ്യുന്നതു്. നിരുദ്ധാവസ്ഥയിൽ അതു ലയിക്കുന്നില്ല. നിർഭയവും സർവ്വവ്യാപകവും ജ്ഞാനസ്വരൂപവുമായ ബ്രഹ്മമായിത്തീരുകയാണ് ചെയ്യുന്നതു്.

കുറിപ്പ്: നിരുദ്ധാവസ്ഥയിലും സുഷുപ്തിയിലും മനസ്സിൻെറ പ്രചാരത്തിനുള്ള വ്യത്യാസം പറയുന്നു. സുഷുപ്തിയിൽ മനസ്സു അവിദ്യാകാമകർമ്മങ്ങളുടെ വാസനകളോടുകൂടി തമോരൂപമായ ബീ ജഭാവത്തെ പ്രാപിക്കുകയാണ് ചെയ്യുന്നതു്. നിരുദ്ധാവസ്ഥയിൽ മനസ്സ് ബ്രഹ്മഭാവത്തെ പ്രാപിക്കുന്നു. അവിടെ വാസനകളുടെ ബീജഭാവം തീരെയില്ല. ഭയഹേതുവായ ദ്വൈതമില്ലാത്തതിനാൽ നിർഭയവും ആകാശംപോലെ സർവ്വവ്യാപകവും വിജ്ഞാനൈകരസ

Digitization by Arya Samaj Charitable Foundation, Chennai

വുമായ ബ്രഹ്മമല്ലാതെ അവിടെ മററൊന്നുമില്ലാതായിത്തീരുന്നു. ഈ വ്യത്യാസം പ്രത്യേകം ശ്രദ്ധിക്കണമെന്നാണ് മുൻകാരികയിൽ സൂചിപ്പിച്ചത്.

അജമനിദ്രമസ്വപ്നമനാമകമരൂപകം
സകൃദ്വിഭാതം സർവ്വജ്ഞം നോപചാരഃ കഥഞ്ചന. 36

അജം = ജന്മമില്ലാത്തതും, അനിദ്രം = നിദ്രയില്ലാത്തതും, അസ്വപ്നം = സ്വപ്നമില്ലാത്തതും, അനാമകം = നാമരഹിതവും, അരൂപകം = രൂപരഹിതവും, സകൃത് വിഭാതം = എപ്പോഴും വിളങ്ങുന്നതും, സർവ്വജ്ഞം = സർവ്വാത്മകവും ജ്ഞാനസ്വരൂപവുമായിത്തീരുന്നു. കഥഞ്ചന = ഒരുവിധത്തിലും, ഉപചാരഃ = ഉപചാരം, ന = ഇല്ല.

ജനനമില്ലാത്തതും അനാദിമായയാകുന്ന നിദ്രയില്ലാത്തതും സ്വപ്നമില്ലാത്തതും നാമരൂപരഹിതവും എപ്പോഴും വിളങ്ങിക്കൊണ്ടിരിക്കുന്നതും സർവ്വാത്മകവും ജ്ഞാനസ്വരൂപവുമായ ബ്രഹ്മംതന്നെ ആയിത്തീരുന്നതിനാൽ പിന്നെ അവന്നു് കർത്തവ്യമൊന്നുമില്ല.

കുറിപ്പ്: മനസ്സിനെ നിരോധിക്കുമ്പോഴുണ്ടാകുന്ന സമാധിയിലെ അനുഭവത്തെ ഒന്നുകൂടി വിവരിക്കുന്നു. അവിദ്യകൊണ്ടാണ് ജനനമുണ്ടാകുന്നതെന്നു് മുമ്പു പറഞ്ഞിട്ടുണ്ട്. ഇവിടെ അവിദ്യയില്ലാത്തതിനാൽ, ആത്മാവുമാത്രമേ സത്യമായിട്ടുള്ള എന്ന ബോധമുള്ളതിനാൽ, ജനനമുണ്ടാകുന്നില്ല. അനാദിമായയാലുണ്ടാകുന്ന അജ്ഞാനമാകുന്ന നിദ്രയില്ലാത്തതിനാൽ അന്യഥാഗ്രഹണരൂപമായ സ്വപ്നമുണ്ടാകുന്നില്ല. മായാകാര്യമായ നാമരൂപങ്ങളുമുണ്ടാകുന്നില്ല. നിത്യപ്രകാശസ്വരൂപവും സർവ്വാത്മകവും ജ്ഞാനരൂപവുമായ ബ്രഹ്മമാണ് താനെന്ന ബോധം വരുന്നതിനാൽ പിന്നെ അവന്നു് കർത്തവ്യമായിട്ടൊന്നുമില്ല. സുഷുപ്തിയിൽ അവിദ്യ നശിക്കുന്നില്ലാത്തതുകൊണ്ടു് പിന്നീടു് ഉണരുമ്പോൾ കർത്തവ്യങ്ങൾ പിന്നെയും അവനിൽ ശേഷിക്കുന്നു. ഇങ്ങനെ മനോനിരോധരൂപമായ സമാധിയിലും സുഷുപ്തിയിലും കാണുന്ന അമനീഭാവത്തിന്നു് വളരെയധികം വ്യത്യാസം കാണാവുന്നതാണ്.

Digitization by Arya Samaj Charitable Foundation, Chennai

സർവ്വാഭിലാപവിഗതഃ സർവ്വചിന്താസമുത്ഥിതഃ
സുപ്രശാന്തഃ സകൃജ്ജ്യോതിഃ സമാധിരചലോഽഭയഃ.37

സർവ്വാഭിലാപവിഗതഃ = എല്ലാ പ്രകാരത്തിലുള്ള അഭിധാനങ്ങളും ഇല്ലാതായിത്തീർന്നവനും, സർവ്വചിന്താസമുത്ഥിതഃ = എല്ലാ വിധത്തിലുള്ള ചിന്തകളിൽനിന്നും ഉയർന്നവനും, സുപ്രശാന്തഃ =നല്ല വണ്ണം പ്രശാന്തനും, സകൃജ്ജ്യോതിഃ = സദാ ജ്യോതിഃസ്വരൂപനും, സമാധിഃ = സമാധിയിലെ പ്രജ്ഞയ്ക്കു വിഷയമായവനും, അചലഃ = വികാരശൂന്യനും, അഭയഃ = ഭയരഹിതനുമായിത്തീരുന്നു.

എല്ലാ അഭിധാനങ്ങൾക്കും കാരണമായ വാഗിന്ദ്രിയമില്ലാത്തവനും ചിന്തകൾക്കു കാരണമായ ബുദ്ധിയില്ലാത്തവനും സുതരാം പ്രാശന്തനും നിത്യപ്രകാശസ്വരൂപനും സമാധിയിൽ മാത്രം അറിയാവുന്നവനും സർവ്വവികാരശൂന്യനും ഭയരഹിതനുമായിത്തീരുന്നു.

കുറിപ്പ്: ''ബ്രഹ്മവിദ്ബ്രഹ്മൈവ ഭവതി'' എന്ന ശ്രുതിയനുസരിച്ച് വിദ്വാൻ ബ്രഹ്മഭൂതനാകുന്നതുകൊണ്ട് ബ്രഹ്മത്തിന്റെ വിശേഷണങ്ങളെല്ലാം ജ്ഞാനിക്കും യോജിക്കുന്നു. മനോനിരോധത്തിലുണ്ടാകുന്ന അനുഭൂതിയെ വീണ്ടും വിവരിക്കുന്നു. വാഗിന്ദ്രിയമെന്നത് മററു ഇന്ദ്രിയങ്ങളുടെയും ഉപലക്ഷണമാകയാൽ സർവ്വേന്ദ്രിയവിവർജ്ജിതനെന്നർത്ഥം. ബുദ്ധിയെന്നത് അന്തഃകരണത്തെ കുറിക്കുന്നു. അന്തഃകരണവിഹീനനെന്നർത്ഥം. യാതൊരു വിശേഷവുമില്ലാത്തതിനാൽ സുപ്രശാന്തനാകുന്നു. ആത്മചൈതന്യം ജ്യോതിസ്സ്വരൂപമായതുകൊണ്ട് അതിന്റെ പ്രകാശത്തിന്ന് ഒരിക്കലും ഹാനിയില്ല. സമാധിയെന്നതിന്നു ജീവനും ജീവോപാധിയുമെല്ലാം നിക്ഷേപിക്കപ്പെടുന്ന സ്ഥാനമെന്നും അർത്ഥം പറയാം. അല്ലെങ്കിൽ സമാഹിതമായ പ്രജ്ഞകൊണ്ടുമാത്രം അറിയപ്പെടുവാൻ കഴിയുന്നവനെന്നർത്ഥം. യാതൊരു വികാരത്തിന്നും വിഷയമല്ല. അദ്വയമായതുകൊണ്ട് ഭയത്തിന്നും കാരണമില്ല. മനോനിരോധംകൊണ്ടുള്ള സമാധിയിൽ അങ്ങനെയുള്ള ബ്രഹ്മാനുഭവമാണുണ്ടാകുന്നത്.

Digitization by Arya Samaj Charitable Foundation, Chennai

ഗ്രഹോ ന തത്ര നോത്സർഗ്ഗശ്ചിന്താ യത്ര ന വിദ്യതേ
ആത്മസംസ്ഥം തദാ ജ്ഞാനമജാതി സമതാം ഗതം. 38

തത്ര = അവിടെ, ഗ്രഹഃ ന = സ്വീകാരമില്ല. ഉത്സർഗ്ഗഃ ന = തിരസ്ക്കാരമില്ല. യത്ര = അവിടെ, ചിന്താ = ചിന്തയും, ന വിദ്യതേ = ഇല്ല. തദാ = അപ്പോൾ, അജാതി = ജനനമില്ലാത്തതും, സമതാം = സമത്വത്തെ, ഗതം പ്രാപിച്ചിട്ടുള്ളതും, ആത്മസംസ്ഥം = ആത്മാവിൽ സ്ഥിതിചെയ്യുന്നതുമായ, ജ്ഞാനം = ജ്ഞാനമായി ത്തീരുന്നു.

അവിടെ സ്വീകാരമോ തിരസ്ക്കാരമോ ചിന്തയോ ഉണ്ടാകുന്നില്ല. അപ്പോൾ ജനനമില്ലാത്തതും പരമമായ സാമ്യത്തെ പ്രാപിച്ചതും ആത്മാവിൽ സ്ഥിതി ചെയ്യുന്നതുമായ ജ്ഞാനമായിത്തീരുന്നു.

കുറിപ്പ്: സമാധിയിലുണ്ടാവുന്ന അനുഭവത്തെ വീണ്ടും വിവരിക്കുന്നു. അചലവും അഭയവുമാണെന്നു മുൻവിവരിച്ച ആത്മസ്വരൂപത്തിൽ സ്വീകാരമോ തിരസ്ക്കാരമോ ഗ്രഹണമോ അഗ്രഹണമോ ഉണ്ടാകുന്നില്ല വികാരമുള്ള ഇടത്തേ അവയെല്ലാം ഉണ്ടാകയുള്ളൂ. മനസ്സു തീരെ ഇല്ലാതാകുന്ന സമാധിയിൽ വികാരങ്ങളോ വികാരജന്യങ്ങളായ അനുഭവങ്ങളോ ഉണ്ടാകാൻ വയ്യല്ലൊ. അതുപോലെ മനസ്സില്ലാത്തിടത്തു് ചിന്തയോ സ്മൃതിയോ ഒന്നുമുണ്ടാവാൻ നിവൃത്തിയില്ല. അപ്പോൾ ബോധം എല്ലാ ഉപാധികളെയും വിട്ടു് ആത്മാവിൽ നിരുപാധികമായിത്തീരുന്നു, അതായതു് ആത്മാകാരമായിത്തീരുന്നു. ബോധത്തിൽ യാതൊരു ഭേദഭാവങ്ങളുമില്ലാത്തതിനാൽ അതു സമതാസ്വരൂപവും അവിദ്യയുടെ അഭാവത്താൽ ജനനരഹിതവുമാകുന്നു. രണ്ടാം കാരികയിൽ 'അതോ വക്ഷ്യാമ്യകാർപ്പണ്യമജാതി സമതാംഗതം' എന്നു് പ്രതിജ്ഞ ചെയ്തതിനെ ശാസ്ത്രം കൊണ്ടും യുക്തികൊണ്ടും പ്രതിപാദിച്ച് ഉപസംഹരിക്കുകയാണു് ഇതിൽ ചെയ്യുന്നതു്. ആത്മസത്യാനുബോധംകൊണ്ടുണ്ടാകുന്ന ഈ തത്ത്വജ്ഞാനംതന്നെയാണു് അകാർപ്പണ്യം. ഇതു നേടുന്നവനാണു് കൃതകൃത്യൻ.

Digitization by Arya Samaj Charitable Foundation, Chennai

അസ്പർശയോഗോ വൈ നാമ ദുർദ്ദർശഃ സർവ്വയോഗിഭിഃ
യോഗിനോ ബിഭ്യതി ഹ്യസ്മാദഭയേ ഭയദർശിനഃ. 39

അസ്പർശയോഗഃ വൈ നാമ = അസ്പർശയോഗം എന്ന പേരായ, (അയം = ഇതു്), സർവ്വയോഗിഭിഃ = എല്ലാ യോഗികളാലും, ദുർദ്ദർശഃ = ദർശിക്കപ്പെടുവാൻ പ്രയാസമുള്ളതാകുന്നു. ഹി = എന്തുകൊണ്ടെന്നാൽ, യോഗിനഃ = യോഗികൾ, അഭയേ = ഭയരഹിതമായതിൽ, ഭയദർശിനഃ = ഭയത്തെ ദർശിക്കുന്നവരായി, അസ്മാത് = ഇതിൽനിന്നു്, ബിഭ്യതി = ഭയപ്പെടുന്നു.

അസ്പർശയോഗം എന്നു പറയുന്ന ഇതു് എല്ലാ യോഗികൾക്കും പ്രാപിപ്പാൻ വിഷമമുള്ളതാണു്. എന്തെന്നാൽ അഭയമായ ഈ അവസ്ഥയിൽ ഭയം തോന്നി അവർ ഇതിൽ പേടിക്കുകയാണു് ചെയ്യുന്നതു്.

കുറിപ്പു്: യാതൊരു വിഷയത്തോടും സ്പർശഃ—സംബന്ധം— ഇല്ല എന്ന കാരണത്താൽ ഇതിനെ ഉപനിഷത്തുകൾ അസ്പർശയോഗമെന്നു പറയുന്നു. ഇതു് വേദാന്തവിജ്ഞാനമില്ലാത്ത യോഗികൾക്കു് പ്രാപിക്കുവാൻ വളരെ വിഷമമാണു്. അഭയാവസ്ഥയിൽ യാതൊരു ഭയത്തിനും അവകാശമില്ലെങ്കിലും നിർവ്വികല്പസമാധിയിൽ വ്യക്തിത്വം നശിക്കുന്നതിനാൽ ആത്മനാശം വരുമെന്നു് അവർ ഭയപ്പെടുകയാണു് ചെയ്യുന്നതു്; അവിവേകമാണതിന്നു കാരണം.

മനസോ നിഗ്രഹായത്തമഭയം സർവ്വയോഗിനാം
ദുഃഖക്ഷയഃ പ്രബോധശ്ചാപ്യക്ഷയാ ശാന്തിരേവ ച. 40

അഭയം = ഭയമില്ലാത്ത അവസ്ഥയും (ആത്മദർശനവും), ദുഃഖക്ഷയഃ = ദുഃഖത്തിന്റെ നാശവും, പ്രബോധഃ ച അപി = പ്രകൃഷ്ടമായ ബോധവും, അക്ഷയാ = നാശമില്ലാത്തതായ, ശാന്തിഃ ഏവ ച = ശാന്തിയും, സർവ്വയോഗിനാം = എല്ലാ യോഗികൾക്കും, മനസഃ = മനസ്സിന്റെ, നിഗ്രഹായത്തം = നിഗ്രഹത്തിന്നു് അധീനമാകുന്നു.

Digitization by Arya Samaj Charitable Foundation, Chennai

നിർഭയാവസ്ഥയും ദുഃഖത്തിൻെറ ആത്യന്തികനാശവും ഉത്കൃഷ്ടമായ ആത്മബോധവും അനശ്വരമായ ശാന്തിയും എല്ലാ യോഗികൾക്കും മനോനിഗ്രഹംകൊണ്ടേ സിദ്ധിക്കുകയുള്ളു.

കുറിപ്പ്: ആത്മാവുമാത്രമേ സത്യമായിട്ടുള്ളു; മററുള്ളതെല്ലാം രജ്ജുസർപ്പംപോലെ ഭ്രമകല്പിതമാണെന്ന് ബോധംവന്നിട്ടുള്ള സത്യദർശികൾക്ക് അഭയമായ ആത്മദർശനവും അക്ഷയമായ ശാന്തിയും സ്വഭാവസിദ്ധമാണെന്നും അവർക്കു പിന്നെ സമാധി മുതലായ ഉപചാരങ്ങളൊന്നും ആവശ്യമില്ലെന്നും മുമ്പു പറഞ്ഞിട്ടുണ്ട്. ആത്മസത്യം സാക്ഷാത്കരിക്കാത്തവരും ഹീനമദ്ധ്യമദൃഷ്ടികളും ആത്മവ്യതിരിക്തമായി മനസ്സിനെ കാണുന്നവരുമായ യോഗികൾക്ക് മനോനിഗ്രഹംകൊണ്ടേ അഭയവും ശാന്തിയുമെല്ലാം നേടുവാൻ സാധിക്കുകയുള്ളു സുഖവും ദുഃഖവും ഭയവും അശാന്തിയുമെല്ലാം മനസ്സിൻെറ സൃഷ്ടിയാണ്. മനസ്സുള്ളേടത്തോളം ഭയദുഃഖങ്ങളുണ്ടാകാതിരിക്കയില്ല. അതിനാൽ യോഗങ്ങളുടെയെല്ലാം ലക്ഷ്യം മനോനിഗ്രഹമായിരിക്കണം. മനസ്സടങ്ങിയാൽ മാത്രമേ അഭയവും ആത്യന്തികദുഃഖനാശവും സത്യദർശനവും അക്ഷയമായ ശാന്തിയുമുണ്ടാകുകയുള്ളു. അതിനാൽ അമനീഭാവാവസ്ഥ സാധിക്കണമെന്നർത്ഥം.

ഉത്സേക ഉദധേര്യദ്വത് കുശാഗ്രേണൈകബിന്ദുനാ
മനസോ നിഗ്രഹസ്തദ്വദ് ഭവേദപരിഖേദതഃ. 41

യദ്വത് = ഏതുപോലെയാണോ, കുശാഗ്രേണ = ദർഭയുടെ അററം കൊണ്ട്, ഏകബിന്ദുനാ = ഓരോ തുള്ളിയായിട്ട്, ഉദധേഃ = സമുദ്രത്തിൻെറ, ഉത്സേകഃ = വററിക്കലുണ്ടാകുന്നതു്, തദ്വത് = അതുപോലെ, അപരിഖേദതഃ = ആലസ്യമില്ലാതിരുന്നാൽ, മനസഃ = മനസ്സിൻെറ, നിഗ്രഹഃ = നിഗ്രഹം, ഭവേത് = ഭവിക്കും.

ദർഭപ്പുല്ലിൻെറ അററംകൊണ്ടു് ഓരോ തുള്ളിയായിട്ടു് കടലിലെ വെള്ളം വററിക്കുന്നതുപോലെ ആലസ്യംകൂടാതെ തുടർച്ചയായി പരിശ്രമിക്കുന്നവർക്ക് മനോനിഗ്രഹവും സാധിക്കും.

Digitization by Arya Samaj Charitable Foundation, Chennai

കുറിപ്പ്: മനോനിഗ്രഹം സുസാധമല്ലെന്ന് കാണിക്കുന്നു. കണ്ണടയ്ക്കുമ്പോഴും ഇരുട്ടും തുറക്കുമ്പോഴും ഘടാദിവിഷയങ്ങളുമേ കാണുന്നുള്ളൂ, ബ്രഹ്മദർശനമുണ്ടാകുന്നില്ല എന്നു വിചാരിച്ച് നിരാശപ്പെടാതെ പരിശ്രമിച്ചുകൊണ്ടിരുന്നാൽ കാലക്രമത്തിൽ മനോനിഗ്രഹം സാധ്യമാകുന്നതാണ്. അക്ഷീണമായ പരിശ്രമം മാത്രമേ അതിന്ന് ഒരു മാർഗ്ഗമുള്ളൂ.

ഉപായേന നിഗൃഹ്ണീയാദ്–
വിക്ഷിപ്തം കാമഭോഗയോഃ
സുപ്രസന്നം ലയേ ചൈവ
യഥാ കാമോ ലയസ്തഥാ. 42

കാമഭോഗയോഃ =കാമത്തിലും ഭോഗത്തിലും, വിക്ഷിപ്തം(മനഃ) = വിക്ഷേപം വരുന്ന മനസ്സിനെ, ഉപായേന = ഉപായംകൊണ്ട്, നിഗൃഹ്ണീയാത് = നിഗ്രഹിക്കണം. സുപ്രസന്നം = നല്ലവണ്ണം പ്രസന്നമാണെങ്കിലും, ലയേ ച ഏവ = ലയത്തിലും(നിഗ്രഹിക്കണം). കാമഃ യഥാ = കാമം എപ്രകാരമാണോ, തഥാ ലയഃ = അപ്രകാരം തന്നെയാകുന്നു ലയവും.

കാമത്തിലും ഭോഗത്തിലും പതറിപ്പോകുന്ന മനസ്സിനെ പറവാൻപോകുന്ന ഉപായത്താൽ നിഗ്രഹിക്കണം. മനസ്സ് ലയിച്ചുപോകുന്ന സുഷുപ്തിയിലും പ്രസന്നമായിരിക്കുന്നുണ്ടെങ്കിലും നിഗ്രഹിക്കണം. ആഗ്രഹംപോലെ തന്നെ അനർത്ഥകാരിയാണ് ലയവും.

കുറിപ്പ്: ജാഗ്രത്സ്വപ്നാവസ്ഥകളിൽ കാമഭോഗങ്ങളിൽ മനസ്സ് വിക്ഷിപ്തമായിരിക്കും. അപ്പോൾ അതിനെ നിഗ്രഹിക്കണം. സുഷുപ്തിയിൽ മനസ്സ് ലയം പ്രാപിക്കുന്നതിനാൽ അത് അപകടകാരിയല്ലെന്നു തോന്നാം. എന്നാൽ ലയത്തിൽനിന്ന് ഉണരുമ്പോൾ അതു വീണ്ടും കാമഭോഗങ്ങളിൽ മുഴുകുന്നു. അതുകൊണ്ട് അവിദ്യാബീജത്തോടുകൂടിയ ലയാവസ്ഥയും അപകടകാരിയാണ്. അതിനാൽ എല്ലാ ഭാവങ്ങളിൽനിന്നും മനസ്സിനെ നിഗ്രഹിച്ച് അമനസ്തതയെ പ്രാപിക്കുവാനായി ശ്രമിക്കണം.

Digitization by Arya Samaj Charitable Foundation, Chennai

ദുഃഖം സവ്വമനുസ്മൃത്യ കാമഭോഗാന്നിവത്തയേത്
അജം സവ്വമനുസ്മൃത്യ ജാതം നൈവ തു പശ്യതി. 43

സവ്വം = എല്ലാററിനെയും, ദുഃഖം = ദുഃഖമെന്നു്, അനുസ്മൃത്യ= അനുസ്മരിച്ചിട്ടു്, കാമഭോഗാത് = കാമംനിമിത്തമുണ്ടാകുന്ന ഭോഗത്തിൽനിന്നു്, നിവത്തയേത് = നിവത്തിക്കണം. സവ്വം = എല്ലാററിനെയും, അജം = ജന്മമില്ലാത്ത ബ്രഹ്മമെന്നു്, അനുസ്മൃത്യ = അനുസ്മരിച്ചിട്ടു്, ജാതം = ജനിച്ചിട്ടുള്ള ദ്വൈതത്തെ, ന പശ്യതി ഏവ = കാണുകയില്ലതന്നെ.

അവിദ്യാമൂലകമായ ഈ സംസാരം മുഴവൻ ദുഃഖപൂണ്ണമാണെന്നു വിചാരിച്ചു് കാമഭോഗങ്ങളിൽനിന്നു് മനസ്സിനെ നിവത്തിപ്പിക്കണം. വൈരാഗ്യംകൊണ്ടു് കാമഭോഗങ്ങളിൽനിന്നു നിവൃത്തമായിത്തീരുന്ന മനസ്സ് ക്രമേണ ബ്രഹ്മോപാസനയിൽ ആസക്തമായിത്തീരും. അജമായ ബ്രഹ്മത്തിൽ ദൃഢമായിത്തീരുന്ന മനസ്സ് പിന്നെ ദ്വൈതത്തെ കാണുകയില്ല, ദ്വൈതത്തിൻെറ അനുഭൂതിയില്ലാത്തതായിത്തീരുന്നു.

ലയേ സംബോധയേച്ചിത്തം
വിക്ഷിപ്തം ശമയേത് പുനഃ
സകഷായം വിജാനീയാത്
സമപ്രാപ്തം ന ചാലയേത്. 44

ലയേ = ലയത്തിൽ, ചിത്തം = മനസ്സിനെ, സംബോധയേത് = ഉണത്തണം. പുനഃ = പിന്നെ, വിക്ഷിപ്തം = പതറിപ്പോകുന്നതിനെ, ശമയേത് = ശമിപ്പിക്കണം. സകഷായം = രാഗത്തോടുകൂടിയതിനെ, വിജാനീയാത് = അറിയണം. സമപ്രാപ്തം = സമാവസ്ഥയെ പ്രാപിച്ചിട്ടുള്ളതിനെ, ന ചാലയേത് = ചലിപ്പിക്കരുതു്.

സുഷുപ്തിയിൽ ലയിച്ചിരിക്കുന്ന മനസ്സിനെ, ജ്ഞാനാഭ്യാസംകൊണ്ടും വൈരാഗ്യംകൊണ്ടും ഉണത്തണം. ഉണന്നതിനുശേഷം കാമഭോഗങ്ങളിൽ വിക്ഷിപ്തമായി

Digitization by Arya Samaj Charitable Foundation, Chennai

ത്തീരുമ്പോഴും മുൻപറഞ്ഞവിധത്തിൽ നിവർത്തിപ്പിക്കണം. വിഷയഭോഗങ്ങളിൽനിന്നു പിന്തിരിഞ്ഞുവെങ്കിലും ബ്രഹ്മാഭിമുഖമാകാത്ത മനസ്സിനെ സകഷായം, സരാഗം, എന്നു പറയുന്നു. അതിനെ സാമ്യാവസ്ഥയിലേയ്ക്കു നയിക്കണം. സാമ്യാവസ്ഥയ്ക്കഭിമുഖമായിത്തീർന്നാൽ പിന്നെ അതിനെ ഇളക്കരുതു്. സമാധിപര്യന്തം ഈ അഭ്യാസം തുടരണം.

നാസ്വാദയേത് സുഖം തത്ര നിഃസംഗഃ പ്രജ്ഞയാ ഭവേത്
നിശ്ചലം നിശ്ചരച്ചിത്തമേകീകുര്യാത് പ്രയത്നതഃ. 45

തത്ര = അവിടെ, സുഖം = സുഖത്തെ, ന ആസ്വാദയേത് = ആസ്വദിക്കരുതു്, പ്രജ്ഞയാ = വിവേകംകൊണ്ടു്, നിസ്സംഗഃ = അനാസക്തനായി, ഭവേത് = ഭവിക്കണം. നിശ്ചലം = നിശ്ചലമായതും, നിശ്ചരത് = പുറത്തേയ്ക്കു പോകുന്നതുമായ, ചിത്തം = മനസ്സിനെ, പ്രയത്നതഃ = പണിപ്പെട്ടും, ഏകീകുര്യാത് = ആത്മാവുമായി ഏകീകരിക്കണം.

സമാധിക്കുവേണ്ടി ശ്രമിക്കുന്ന യോഗി അപ്പോഴുണ്ടാകുന്ന സുഖത്തെ ആസ്വദിക്കരുതു്. അതിൽ ആസക്തനായിത്തീരരുതു്. വിവേകബുദ്ധികൊണ്ടു് ആ സുഖം അവിദ്യാപരികല്പിതവും മിഥ്യയുമാണെന്നറിഞ്ഞു് അതിൽ അനാസക്തനായിരിക്കണം. സുഖരാഗത്തിൽ നിന്നു നിവൃത്തമായി നിശ്ചലമായിത്തീരുന്ന മനസ്സ് പിന്നെയും പുറത്തേയ്ക്കു പോകുമ്പോഴും, അതിനെ മുൻപറഞ്ഞ ഉപായംകൊണ്ടു തടുത്തു് പ്രയത്നപ്പെട്ടു് ആത്മാവിൽത്തന്നെ യോജിപ്പിച്ചുനിർത്തണം.

യദാ ന ലീയതേ ചിത്തം ന ച വിക്ഷിപ്യതേ പുനഃ
അനിംഗനമനാഭാസം നിഷ്പന്നം ബ്രഹ്മ തത്തദാ. 46

യദാ = എപ്പോഴും, ചിത്തം = മനസ്സ്, ന ലീയതേ = ലയിക്കാതിരിക്കുകയും, പുനഃ = പിന്നെ, ന വിക്ഷിപ്യതേ ച = വിക്ഷിപ്പ

Digitization by Arya Samaj Charitable Foundation, Chennai

മാകാതിരിക്കുകയും ചെയ്യുന്നുവോ, അനിംഗനം=ചലനമില്ലാത്തതും അനാഭാസം = വിഷയാകാരേണ ഭാസിക്കാത്തതുമായ, തത് = അതു് തദാ = അപ്പോൾ, ബ്രഹ്മ = ബ്രഹ്മമായി, നിഷ്പന്നം = നിഷ്പന്നമായിരിക്കുന്നു.

മുൻപറഞ്ഞ വിധത്തിൽ നിഗ്രഹിക്കപ്പെട്ട മനസ്സ് സുഷുപ്തിയിൽ ലയമില്ലാതെയും ജാഗ്രത്തിൽ വിക്ഷേപമില്ലാതെയും ഇരിക്കുമ്പോൾ, കാററില്ലാത്ത സ്ഥലത്തു വെച്ച വിളക്കുപോലെ നിഷ്കമ്പമായും ബാഹ്യവിഷയങ്ങളുടെ രൂപത്തിൽ അവഭാസിക്കാതെയും ഇരിക്കുന്ന ആ മനസ്സ് അപ്പോൾ ബ്രഹ്മസ്വരൂപമായിത്തീന്നിരിക്കുന്നു എന്നറിയണം.

സ്വസ്ഥം ശാന്തം സനിർവ്വാണമകഥ്യം സുഖമുത്തമം
അജമജേന ജ്ഞേയേന സർവ്വജ്ഞം പരിചക്ഷതേ. 47

സുഖം = (ആത്മസത്യാനുബോധലക്ഷണമായ) സുഖത്തെ, സ്വസ്ഥം = തന്നിൽത്തന്നെ സ്ഥിതിചെയ്യുന്നതും, ശാന്തം = എല്ലാ അനത്ഥങ്ങളുടെയും ഉപശമരൂപമായിട്ടുള്ളതും, സനിർവ്വാണം = കൈവല്യസഹിതമായിട്ടുള്ളതും, അകഥ്യം = പറഞ്ഞറിയിക്കാൻ സാധിക്കാത്തതും, ഉത്തമം = നിരതിശയമായിട്ടുള്ളതും, അജം = ജനിക്കാത്തതും, അജേന = ജനിക്കാത്തതായ, ജ്ഞേയേന = ജ്ഞേയത്തോടു്, (അവ്യതിരിക്തം = ഒന്നായിട്ടുള്ളതും ആയ), സർവ്വജ്ഞം = സർവ്വജ്ഞരൂപമായ ബ്രഹ്മമാണെന്നു്, പരിചക്ഷതേ =(വിദ്വാന്മാർ) പറയുന്നു.

അസംപ്രജ്ഞാതസമാധിനിലയിൽ ചിത്തത്തിന്നുണ്ടാകുന്ന ബ്രഹ്മസ്വരൂപത്തെ വിവരിക്കുന്നു: ആത്മസത്യസാക്ഷാത്കാരരൂപമായ ആ സുഖം തന്നിൽത്തന്നെ സ്ഥിതിചെയ്യുന്നതും, എല്ലാ അനത്ഥങ്ങളുടെയും ഉപശമരൂപവും, കൈവല്യത്തോടുകൂടിയതും, പറഞ്ഞറിയിക്കാൻ കഴിയാത്തതും, യോഗികൾക്കു മാത്രം പ്രത്യക്ഷമായിട്ടുള്ളതും, നിരതിശയവും, വിഷയസുഖംപോലെ ജനിക്കുന്ന

Digitization by Arya Samaj Charitable Foundation, Chennai

തല്ലാത്തതും, അനുത്പന്നമായ ജ്ഞേയത്തിൽനിന്നുവേറെയല്ലാത്തതും ആയ സർവ്വാത്മകവും ജ്ഞാനസ്വരൂപവുമായ ബ്രഹ്മംതന്നെയാണെന്ന് ബ്രഹ്മജ്ഞാനികൾ പറയുന്നു.

ന കശ്ചിജ്ജായതേ ജീവഃ സംഭവോഽസ്യ ന വിദ്യതേ
ഏതത്തദുത്തമം സത്യം യത്ര കിഞ്ചിന്ന ജായതേ. 48

കശ്ചിത് = ഒരു, ജീവഃ = ജീവനും, ന ജായതേ = ജനിക്കുന്നില്ല. അസ്യ = ഇതിന്ന്, സംഭവഃ = ഉത്പത്തി (കാരണം), ന വിദ്യതേ = ഇല്ല. ഏതത് = ഇതു്, തത് = ആ, ഉത്തമം = ഉത്തമമായ, സത്യം = സത്യമാകുന്നു. യത്ര = യാതൊന്നിൽ, കിഞ്ചിത് = യാതൊന്നും, ന ജായതേ = ജനിക്കുന്നില്ല.

മനോനിഗ്രഹം മുതലായ ഉപായങ്ങളും, മൃത്തിൽനിന്ന് ഘടാദികളുടെ ഉത്പത്തി, സ്വർണ്ണത്തിൽനിന്ന് ആഭരണാദികളുടെ ഉത്പത്തി മുതലായ ഉദാഹരണങ്ങളും, ഉപാസന മുതലായതും പറഞ്ഞിട്ടുള്ളതു് പരമാത്ഥമായ അദ്വയസത്യത്തെ അറിയാനുള്ള ഉപായമായിട്ടാണ്; വ്യാവഹാരികസത്യത്വമല്ലാതെ പാരമാത്ഥികസത്യത്വം അവയ്ക്കില്ല എന്നു പറഞ്ഞുകൊണ്ടു് പ്രകൃതം ഉപസംഹരിക്കുന്നു. പരമാത്ഥമെന്തെന്നാൽ: കർത്താവും ഭോക്താവുമായ ജീവൻ ഒരുവിധത്തിലും ഒരിക്കലും ജനിക്കുന്നില്ല. അജമായ ഇതിന്ന് ഒരു കാരണവും ഇല്ല. അങ്ങനെ കാര്യമോ കാരണമോ ഇല്ലാത്ത ഈ ആത്മാവിൽനിന്ന് യാതൊന്നും യഥാത്ഥത്തിൽ ജനിക്കുന്നില്ല. അതിന്നു യാതൊരു ഭേദവും അണുപോലും ഉണ്ടാകുന്നില്ല. ചിത്തം നിലവിലുള്ളപ്പോൾ ഭേദഭാവന ഉണ്ടാവുകയും ദ്വൈതം ഉണ്ടാവുന്നതായും സത്യമായും തോന്നുകയും ചെയ്യും. ചിത്തം ഇല്ലാതാവുന്നതോടെ നിർവ്വികാരവും അജവുമായ പരമാത്ഥസത്യം അനുഭവപ്പെടുകയും ചെയ്യുന്നു. ഇതാണ് നിരതിശയവും സനാതനവുമായ സത്യമെന്നു പറഞ്ഞുകൊണ്ടു് അദ്വൈതപ്രകരണം അവസാനിപ്പിക്കുന്നു.

Digitization by Arya Samaj Charitable Foundation, Chennai

4 അലാതശാന്തിപ്രകരണം

ജ്ഞാനേനാകാശകല്പേന ധർമ്മാൻ യോ ഗഗനോപമാൻ
ജ്ഞേയാഭിന്നേന സംബുദ്ധസ്തം വന്ദേ ദ്വിപദാം വരം. 1

യഃ = യാതൊരുവൻ, ആകാശകല്പേന = ആകാശതുല്യവും, ജ്ഞേയാഭിന്നേന = ജ്ഞേയത്തിൽനിന്നു് അഭിന്നവും ആയ, ജ്ഞാനേന = ജ്ഞാനംകൊണ്ടു്, ഗഗനോപമാൻ = ആകാശതുല്യങ്ങളായ, ധർമ്മാൻ = ധർമ്മങ്ങളെ, സംബുദ്ധഃ = അറിഞ്ഞവനായിരിക്കുന്നുവോ, ദ്വിപദാം = മനുഷ്യരിൽവെച്ചു്, വരം = ശ്രേഷ്ഠനായ, തം = അവനെ, വന്ദേ = ഞാൻ വന്ദിക്കുന്നു.

ജ്ഞേയമായ ആത്മസ്വരൂപത്തിൽനിന്നു് അഭിന്നവും ആകാശതുല്യം സർവ്വവ്യാപകവുമായ ജ്ഞാനംകൊണ്ടു് ആകാശതുല്യങ്ങളും സൂസൂക്ഷ്മങ്ങളുമായ ധർമ്മങ്ങളെപ്പോലും അറിഞ്ഞിട്ടുള്ള നാരായാണാഖ്യനായ ആ പുരുഷശ്രേഷ്ഠനെ ഞാൻ നമസ്കരിക്കുന്നു.

കുറിപ്പു്: ഒന്നാം പ്രകരണത്തിൽ ഓങ്കാരനിർണ്ണയംവഴി ആഗമങ്ങളുടെ ബലത്തിൽ അദ്വൈതം ശരിയാണെന്നു സമർത്ഥിച്ചു. രണ്ടാം പ്രകരണത്തിൽ ബാഹ്യവിഷയങ്ങളെല്ലാം മിഥ്യയാണെന്നു വിവരിച്ചു് അദ്വൈതം മാത്രമാണു് സത്യമായിട്ടുള്ളതെന്നു പറഞ്ഞു. മൂന്നാം പ്രകരണത്തിൽ ശാസ്ത്രത്തിൻെറയും യുക്തിയുടെയും അടിസ്ഥാനത്തിൽ ഉത്തമസത്യമായിട്ടുള്ളതു് അദ്വൈതം മാത്രമാണെന്നു പ്രതിപാദിച്ചു. അവിടെ അദ്വൈതദർശനത്തിൻെറ പ്രതിപക്ഷികളായ ദ്വൈതികളും വൈനാശികന്മാരും അന്യോന്യം വിരോധിക്കുന്നതുകൊണ്ടു് രാഗദ്വേഷാദികൾക്കു് ആസ്പദമായതിനാൽ ദ്വൈതം

Digitization by Arya Samaj Charitable Foundation, Chennai

മിഥ്യാദർശനമാണെന്നും അങ്ങനെയല്ലാത്തതുകൊണ്ട് അദ്വൈതമാണ് സമ്യഗ്ദർശനമെന്നും സൂചിപ്പിച്ചു. ഇനി പ്രതിപക്ഷങ്ങളുടെ വാദമുഖങ്ങളെ ഓരോന്നായി ഖണ്ഡിച്ച് അദ്വൈതദർശനത്തെ സമർത്ഥിക്കുവാനാണ് നാലാമത്തെ 'അലാതശാന്തിപ്രകരണം' ആരംഭിക്കുന്നത്. ആദ്യമായി അദ്വൈതദർശനകർത്താവായ നാരായണനെ അദ്വൈതസ്വരൂപത്തിൽത്തന്നെ വന്ദിക്കുന്നു.

ഭഗവാൻ നരനാരായണന്മാരായവതരിച്ച് തപസ്സനുഷ്ഠിച്ചിരുന്ന ബദരികാശ്രമത്തിൽ താമസിച്ച് ഗൗഡപാദാചാര്യർ തപസ്സുകൊണ്ട് ഭഗവാനെ പ്രത്യക്ഷമാക്കിയെന്നും നാരായണരൂപിയായ ഭഗവാൻ അദ്ദേഹത്തിന്ന് അദ്വൈതജ്ഞാനം ഉപദേശിച്ചുവെന്നും ഐതിഹ്യം പറയുന്നു. അങ്ങനെ തനിക്കു ജ്ഞാനോപദേശംചെയ്ത പുരുഷോത്തമനായ നാരായണനെയാണ് ഇവിടെ വന്ദിക്കുന്നത്. വന്ദിക്കുമ്പോൾ ജ്ഞാനവും ജ്ഞേയവും—ഉപാസകനും ഉപാസ്യനും—വേറെയാണെന്നും അതു ദ്വൈതവിഷയമാണെന്നും തോന്നാം. അതു് അങ്ങനെയല്ലെന്ന് ഈ കാരികയിൽത്തന്നെ വ്യക്തമാക്കുന്നു. ജ്ഞേയത്തിൽനിന്ന് അഭിന്നമായ ജ്ഞാനംകൊണ്ട് ധർമ്മങ്ങളെയും ആത്മാഭിന്നങ്ങളായി അറിഞ്ഞിട്ടുള്ളവനാണ് നാരായണൻ. ധർമ്മമെന്നതിന്ന് ജീവനെന്ന അർത്ഥം, ഉപാസനാശ്രിതോ ധർമ്മഃ' (3. 1.) എന്നിടത്തു പറഞ്ഞിട്ടുണ്ട്. സൂക്ഷ്മരൂപങ്ങളായ ജീവന്മാരും ആകാശതുല്യം സർവ്വവ്യാപിയായ ബ്രഹ്മവും ജ്ഞാനവും എല്ലാം അഭിന്നമാണെന്ന്, ഏകമാണെന്ന്, സാക്ഷാത്കരിച്ചിട്ടുള്ള അദ്വൈതരൂപിയായ നാരായണനെ നമസ്കരിക്കുന്നു. ജ്ഞാതാവ്, ജ്ഞേയം, ജ്ഞാനം എന്ന ത്രിപുടീഭേദം ഇല്ലാത്ത അദ്വൈതദർശനത്തെ, പ്രതിപക്ഷവാദങ്ങളെ നിഷേധിച്ച് സ്ഥാപിക്കാനുദ്ദേശിക്കുന്ന പ്രകരണത്തിന്നനുരൂപമാണ് ഈ ആചാര്യപൂജ.

അസ്പർശയോഗോ വൈ നാമ സർവ്വസത്വസുഖോ ഹിതഃ
അവിവാദോഽവിരുദ്ധശ്ച ദേശിതസ്തം നമാമ്യഹം. 2

സർവ്വസത്വസുഖഃ = എല്ലാ ജീവികൾക്കും സുഖമായിട്ടുള്ളതും, ഹിതഃ=ഹിതകരമായിട്ടുള്ളതും, അവിവാദഃ = വിവാദമില്ലാത്തതും,

Digitization by Arya Samaj Charitable Foundation, Chennai

അവിരുദ്ധഃ = ആരോടും വിരോധമില്ലാത്തതുമായ, ആസ്പർശയോഗഃ വൈ നാമ = അസ്പർശയോഗമെന്നു് പ്രസിദ്ധമായിട്ടുള്ളതു്, ദേശിതഃ = ഉപദേശിക്കപ്പെട്ടിരിക്കുന്നു. തം = അതിനെ, അഹം = ഞാൻ, നമാമി = നമസ്കരിക്കുന്നു.

എല്ലാ ജീവികൾക്കും സുഖപ്രദവും ഹിതകരവുമായിട്ടുള്ളതും വിവാദമോ വിരോധമോ ഇല്ലാത്തതുമായ അസ്പർശയോഗം ശാസ്ത്രങ്ങളിൽ ഉപദേശിക്കപ്പെട്ടിരിക്കുന്നു. ആ യോഗത്തെ ഞാൻ നമസ്കരിക്കുന്നു.

കുറിപ്പു്: അസ്പർശയോഗമെന്നാൽ ലൗകികവിഷയങ്ങളുമായി യാതൊരു സ്പർശവും—സംബന്ധവും—ഇല്ലാത്ത യോഗമെന്നർത്ഥം. അതു ബ്രഹ്മസ്വഭാവംതന്നെയാണു്. അതു് എല്ലാവർക്കും സുഖവും ഹിതവുമാകുന്നു. ലോകത്തിൽ തത്കാലം സുഖമായിട്ടുള്ളതു ഭാവിയിൽ നല്ലതായിരിക്കണമെന്നില്ല. ഭാവിയിൽ നല്ലതു് പലപ്പോഴും തത്കാലം ദുഃഖമായിരിക്കുകയും ചെയ്യും. ഈ യോഗമാകട്ടെ പ്രയോഗദശയിൽ സുഖപ്രദമായിട്ടുള്ളതും പിന്നീടും നന്മയെ ചെയ്യുന്നതുമാകുന്നു. എല്ലാവരെയും തൻെറ ആത്മാവായി കാണുന്നതിനാൽ ആരുമായിട്ടും വാദത്തിന്നോ വിരോധത്തിന്നോ ഇവിടെ ഇടമില്ല. സ്വന്തം ആത്മാവിനോടു് ആർക്കും വിരോധമുണ്ടാവുകയില്ലല്ലൊ. അങ്ങനെ സർവ്വോത്തമമായ അസ്പർശയോഗത്തെ നമസ്കരിക്കുന്നുവെന്നു പറയുന്നതു് അതിനെ സ്തുതിക്കുവാൻ വേണ്ടിയാണു്.

ഭൂതസ്യ ജാതിമിച്ഛന്തി വാദിനഃ കേചിദേവ ഹി
അഭൂതസ്യാപരേ ധീരാ വിവദന്തഃ പരസ്പരം. 3

കേചിത് = ചില, വാദിനഃ ഏവ = വാദികൾ മാത്രമേ, ഭൂതസ്യ = മുമ്പുതന്നെ ഉള്ള വസ്തുവിന്നു്, ജാതിം = ജന്മത്തെ, ഇച്ഛന്തി ഹി = ഇച്ഛിക്കുന്നുള്ളുവല്ലൊ, അപരേ = മററുള്ള, ധീരാഃ = ബുദ്ധിമാന്മാർ, അഭൂതസ്യ = മുമ്പു് ഇല്ലാത്തതിന്നു്, (ജാതിം = ജന്മത്തെ, ഇച്ഛന്തി = ഇച്ഛിക്കുന്നു.) ഏവം = ഇങ്ങനെ, പരസ്പരം = അന്യോന്യം, വിവദന്തഃ (ഭവന്തി) = വാദിക്കുന്നവരായി ഭവിക്കുന്നു.

Digitization by Arya Samaj Charitable Foundation, Chennai

ദ്വൈതികളിൽ ചില വാദികൾ—സാംഖ്യന്മാർ—മുമ്പ് ഉള്ളതുതന്നെ വീണ്ടും ഉണ്ടാകുന്നതായി പറയുന്നു. എന്നാൽ സ്വയം ബുദ്ധിമാന്മാരാണെന്നഭിമാനിക്കുന്ന മററുചിലർ—വൈശേഷികന്മാരും നൈയായികന്മാരും—ഇല്ലാത്ത ഒരു വസ്തു ഉണ്ടാവുന്നു എന്നാണ് പറയുന്നത്. ഇങ്ങനെ അവർ അന്യോന്യം വാദത്തിലേപ്പെട്ടുകൊണ്ടിരിക്കുന്നു.

ഭൂതം ന ജായതേ കിംചിദഭൂതം നൈവ ജായതേ
വിവദന്തോ ദ്വയാ ഹ്യേവമജാതിം ഖ്യാപയന്തി തേ. 4

ഭൂതം = മുമ്പുള്ള, കിംചിത് = ഒന്നും, ജായതേ ന = ജനിക്കുന്നില്ല. അഭൂതം = മുമ്പുണ്ടായിട്ടില്ലാത്തതു്, ന ജായതേ ഏവ = ജനിക്കുന്നില്ലതന്നെ. ഏവം ഇപ്രകാരം, വിവദന്തഃ = വാദിക്കുന്ന, തേ ദ്വയാഃ = അവർ രണ്ടുപേരും, അജാതിം = ഉത്പത്തിയില്ലായ്മയെ, ഖ്യാപയന്തി = വെളിപ്പെടുത്തുന്നു.

ഉള്ളതൊന്നും വീണ്ടും ജനിക്കുന്നില്ല, ഇല്ലാത്തതു് ഒരിക്കലും ജനിക്കുകയുമില്ല. ഇങ്ങനെ അന്യോന്യം വാദിക്കുന്ന അവർ ഉല്പത്തിയില്ലായ്മയെയാണ് വെളിപ്പെടുത്തുന്നതു്.

കുറിപ്പ്: സത്തായിട്ടുള്ളതാണ് ജനിക്കുന്നതെന്നു പറയുന്നവർ സദ്വാദികളും, അസത്താണ് ജനിക്കുന്നതെന്നു പറയുന്നവർ അസദ്വാദികളുമാണ്. അവർ അന്യോന്യം വാദത്തിലേപ്പെട്ട് പരപക്ഷത്തെ ഖണ്ഡിക്കുന്നു. ഉള്ള വസ്തു എപ്പോഴും ഉള്ളതായതുകൊണ്ട് വീണ്ടും ഉത്പന്നമാകുന്നുവെന്നു പറയുന്നതു് ശരിയല്ലെന്നു പറഞ്ഞു് അസദ്വാദികൾ സാംഖ്യപക്ഷത്തെ നിഷേധിക്കുന്നു. ശശവിഷാണംപോലെ അസത്തായ വസ്തു ഒരിക്കലും ഉണ്ടാവാനിടയില്ലാത്തതുകൊണ്ട് അതിന്നു് ജന്മം പറയുന്നതു് യുക്തമല്ലെന്നു് പറഞ്ഞു് സാംഖ്യന്മാർ അസദ്വാദികളെയും പ്രതിഷേധിക്കുന്നു. ഇങ്ങനെ പരസ്പരം ഖണ്ഡിക്കുന്ന അവർ എന്താണ് ചെയ്യുന്നതു് ? സജ്ജന്മത്തെയും അസജ്ജന്മത്തെയും നിഷേധിച്ചു് ഒന്നും ഒരിക്കലും ഉണ്ടായിട്ടേ ഇല്ല എന്ന വേദാന്തപക്ഷത്തെ ബലപ്പെടുത്തുകയാണ് ചെയ്യുന്നതു്.

Digitization by Arya Samaj Charitable Foundation, Chennai

ഖ്യാപ്യമാനമജാതിം തൈ–
രനുമോദാമഹേ വയം
വിവദാമോ ന തൈഃ സാർധ–
മവിവാദം നിബോധത. 5

തൈഃ = അവരാൽ, ഖ്യാപ്യമാനം = വെളിപ്പെടുത്തപ്പെടുന്ന, അജാതിം = ജന്മമില്ലായ്മയെ, വയം = നമ്മൾ, അനുമോദാമഹേ = അനുമോദിക്കുന്നു. തൈഃ സാർധം = അവരോടുകൂടി, ന വിവദാമഃ = നമ്മൾ വാദിക്കുന്നില്ല, അവിവാദം = വാദമില്ലാത്ത വിഷയത്തെ, നിബോധത = അറിയുവിൻ.

അവർ വെളിപ്പെടുത്തുന്ന ഉത്പത്തിയില്ലായ്മയെ നമ്മൾ അനുമോദിക്കുന്നു. അവരോടുകൂടി വാദിക്കുന്നില്ല. വിവാദരഹിതമായ പരമാത്മദർശനത്തെ അറിയുവിൻ.

കുറിപ്പ്: സദ്വാദികളും അസദ്വാദികളുമായ ദ്വൈതികൾ അന്യോന്യം വാദിച്ച് വെളിപ്പെടുത്തുന്ന ഉല്പത്തിയില്ല എന്ന വാദം നമുക്കും സമ്മതമായിട്ടുള്ളതാണ്. ഏതെങ്കിലും ഒരു പക്ഷം പിടിച്ച് വാദിക്കേണ്ട ആവശ്യം നമുക്കില്ല. അതുകൊണ്ട് വിവാദരഹിതമായ അജാതിവാദമാകുന്ന പരമാത്മദർശനം മനസ്സിലാക്കുകയാണ് വേണ്ടതു്.

അജാതസ്യൈവ ധർമ്മസ്യ
ജാതിമിച്ഛന്തി വാദിനഃ
അജാതോ ഹ്യമൃതോ ധർമ്മോ
മർത്ത്യതാം കഥമേഷ്യതി. 6

വാദിനഃ = വാദികൾ, അജാതസ്യ ഏവ = ജന്മമില്ലാത്തതായിത്തന്നെയിരിക്കുന്ന, ധർമ്മസ്യ = ആത്മാവിന്നു്, ജാതിം = ജന്മത്തെ, ഇച്ഛന്തി = ഇച്ഛിക്കുന്നു. അജാതഃ = ജന്മമില്ലാത്തതായും, അമൃതഃ = മരണമില്ലാത്തതായും ഇരിക്കുന്ന, ധർമ്മഃ = ആത്മാവ്, മർത്ത്യതാം = മർത്ത്യസ്വഭാവത്തെ, കഥം = എങ്ങനെ, ഏഷ്യതി ഹി = പ്രാപിക്കും?

Digitization by Arya Samaj Charitable Foundation, Chennai

സദ്ഭാദികളായാലും അസദ്ഭാദികളായാലും അവർ ഒരിക്കലും ജന്മമില്ലാത്ത ആത്മാവിന്നു് ജന്മമുണ്ടു് എന്നാണു് പറയുന്നതു്. ജന്മവും മരണവുമില്ലാത്ത ആത്മാവു് എങ്ങനെയാണു് അതിന്നു വിപരീതമായ മൎത്ത്യ സ്വഭാവത്തെ സ്വീകരിക്കുക ? അതു് അസംഭാവ്യമായതുകൊണ്ടു് അവരുടെ വാദം ഒരിക്കലും ശരിയാവുകയില്ലെന്നൎത്ഥം. (അദ്വൈതപ്രകരണത്തിൽ ഇരുപതാമത്തെ കാരികയായി ഇതു് അല്പവ്യത്യാസത്തോടെ മുമ്പു പറഞ്ഞിട്ടുണ്ടു്.)

ന ഭവത്യമൃതം മൎത്ത്യം ന മൎത്ത്യമമൃതം തഥാ
പ്രകൃതേരന്യഥാഭാവോ ന കഥഞ്ചിദ് ഭവിഷ്യതി. 7

അമൃതം = മരണമില്ലാത്തതു്, മൎത്ത്യം = മരണമുള്ളതായി, ന ഭവതി = ഭവിക്കുകയില്ല. തഥാ = അപ്രകാരം, മൎത്ത്യം = മരണമുള്ളതു്, അമൃതം = മരണമില്ലാത്തതായും, ന ഭവതി = ഭവിക്കുകയില്ല. പ്രകൃതേഃ = പ്രകൃതിക്കു്, കഥഞ്ചിത് = ഒരുവിധത്തിലും, അന്യഥാഭാവഃ = മാററം, ന ഭവിഷ്യതി = ഉണ്ടാകുകയില്ല.

മരണമില്ലാത്ത ബ്രഹ്മം ഒരിക്കലും മരണമുള്ള ജഗത്തായിത്തീരുകയില്ല. നാശമുള്ള ജഗത്തു് ഒരിക്കലും നാശമില്ലാത്ത ബ്രഹ്മമായിത്തീരുകയില്ല. ഒരു വസ്തുവിൻെറയും പ്രകൃതിക്കു് ഒരിക്കലും മാററം വരികയില്ല. (ഇതു് അദ്വൈതപ്രകരണത്തിലെ 21-ാം കാരികയായി മുമ്പു വ്യാഖ്യാനിച്ചിട്ടുണ്ടു്.)

സ്വഭാവേനാമൃതോ യസ്യ ധൎമ്മോ ഗച്ഛതി മൎത്ത്യതാം
കൃതകേനാമൃതസ്തസ്യ കഥം സ്ഥാസ്യതി നിശ്ചലഃ. 8

യസ്യ = യാതൊരുവൻെറ(മതത്തിൽ), സ്വഭാവേന = സ്വഭാവം കൊണ്ടു്, അമൃതഃ = മരണമില്ലാത്ത, ധൎമ്മഃ = ആത്മാവു്, മൎത്ത്യതാം = മരണമുള്ള ഭാവത്തെ, ഗച്ഛതി = പ്രാപിക്കുന്നുവോ, തസ്യ =

Digitization by Arya Samaj Charitable Foundation, Chennai

അവൻെറ (മതത്തിൽ), കൃതകേന = പ്രവൃത്തികളുടെ ഫലമായി (ഉണ്ടാകുന്ന), അമൃതഃ = അമൃതഭാവം, കഥം = എങ്ങനെ, നിശ്ചലഃ = നിശ്ചലമായി, സ്ഥാസ്യതി = നില്ക്കും?

അമൃതമായ ആത്മാവു് മർത്ത്യമായിത്തീരുന്നുവെന്നു പറയുന്നവരുടെ അഭിപ്രായത്തിൽ വിദ്യാവിദ്യകളുടെ സമുച്ചയാനുഷ്ഠാനംകൊണ്ടു് പിന്നീടുണ്ടായിത്തീരുന്ന അമൃതഭാവം എങ്ങനെ നിത്യമായി നിലനില്ക്കും? കാര്യമായിട്ടുള്ളതെല്ലാം നശ്വരമായിരിക്കണമല്ലൊ. (അദ്വൈതപ്രകരണം 22-ാം കാരികയായി ഇതു് മുമ്പു് വ്യാഖ്യാനിച്ചിട്ടുണ്ടു്. ഈ കാരികകൾ വീണ്ടും ആവർത്തിച്ചു പറയുന്നതു് പ്രതിപക്ഷാഭിപ്രായങ്ങളുടെ അന്യോന്യവിരോധത്തെ കാണിക്കുവാനാണു്.)

സാംസിദ്ധികീ സ്വാഭാവികീ
സഹജാ അകൃതാ ച യാ
പ്രകൃതിഃ സേതി വിജ്ഞേയാ
സ്വഭാവം ന ജഹാതി യാ. 9

സാംസിദ്ധികീ = സമ്യക്കായ സിദ്ധികൊണ്ടുണ്ടാകുന്നതും, സ്വാഭാവികീ = സ്വഭാവേനയുള്ളതും, സഹജാ = കൂടെയുണ്ടായിട്ടുള്ളതും, അകൃതാ ച = ഉണ്ടാക്കപ്പെട്ടതല്ലാത്തതും ആയതു്, യാ = യാതൊന്നോ, യാ = യാതൊന്നു്, സ്വഭാവം = സ്വഭാവത്തെ, ന ജഹാതി = ഉപേക്ഷിക്കുന്നില്ലയോ, സാ = അതു്, പ്രകൃതിഃ ഇതി = പ്രകൃതി എന്നു്, വിജ്ഞേയാ = അറിയപ്പെടേണ്ടതാകുന്നു.

സിദ്ധികളെക്കൊണ്ടുണ്ടാകുന്നതും സ്വഭാവേനതന്നെയുള്ളതും ജന്മനാ ഉള്ളതും യാതൊന്നുകൊണ്ടും ഉണ്ടാക്കിയതല്ലാത്തതും ഒരിക്കലും സ്വഭാവത്തെ വിടാത്തതും ആയതിനെ പ്രകൃതിയെന്നറിയണം.

കുറിപ്പു്: പ്രകൃതിക്കു് ഒരിക്കലും മാററം വരുകയില്ലെന്നു പറഞ്ഞു. പ്രകൃതിയെന്നാലെന്താണെന്നു് ഇനി വിവരിക്കുന്നു. അഷ്ടാംഗങ്ങ

Digitization by Arya Samaj Charitable Foundation, Chennai

ളോടുകൂടിയ യോഗത്തിൻെറ അഭ്യസനംകൊണ്ടു് ഉണ്ടാകുന്ന അണിമാദ്യൈശ്വര്യങ്ങളെ സിദ്ധിയെന്നു പറയുന്നു. പരിപൂർണ്ണമായ യോഗാഭ്യാസം ശീലിച്ച സിദ്ധന്മാർക്കു് ആ സിദ്ധികൾകൊണ്ടുണ്ടാകുന്നതാണു് സാംസിദ്ധികിയായ പ്രകൃതി. യോഗികളുടെ ആ പ്രകൃതിക്കു് പിന്നീടു മാററം വരുന്നില്ല. അഗ്നിക്കു് ഉഷ്ണം, പ്രകാശം മുതലായതുപോലെ ദ്രവ്യസ്വഭാവത്താൽത്തന്നെയുള്ളതാണു് സ്വാഭാവികിയായ പ്രകൃതി. പക്ഷികൾക്കു പറക്കുവാനും മത്സ്യങ്ങൾക്കു നീന്തുവാനും എന്നതുപോലെ ജന്മനാ ഉണ്ടാകുന്ന കഴിവിനെയാണു് സഹജപ്രകൃതിയെന്നു പറയുന്നതു്. വെള്ളത്തിന്നു് താഴോട്ടൊഴുകുവാനുള്ള സ്വഭാവം ഉണ്ടാക്കിയിട്ടു് ഉണ്ടാകുന്നതല്ല. അതു് അകൃതപ്രകൃതിയാണു്. ഇങ്ങനെയുള്ള പ്രകൃതികൾക്കൊന്നും ഒരിക്കലും മാററം വരികയില്ല. ലൗകികവസ്തുക്കളിൽപ്പോലും ഇങ്ങനെയാണെങ്കിൽ സത്യവസ്തുവായ ബ്രഹ്മത്തിൻെറ സ്വഭാവത്തിന്നു് മാററം വരികയില്ലെന്നു് പിന്നെ പറയേണ്ടതില്ലല്ലോ. അതു് ഒരിക്കലും ജന്മത്തിന്നു വിധേയമായി മർത്ത്യമാകുകയില്ലെന്നു സാരം.

ജരാമരണനിർമ്മുക്താഃ സർവ്വേ ധർമ്മാഃ സ്വഭാവതഃ
ജരാമരണമിച്ഛന്തശ്ച്യവന്തേ തന്മനീഷയാ. 10

സർവ്വേ = എല്ലാ, ധർമ്മാഃ = ആത്മാക്കളും, സ്വഭാവതഃ = പ്രകൃതി കൊണ്ടു്, ജരാമരണവർജ്ജിതാഃ = ജരയും മരണവും ഇല്ലാത്തവയാകുന്നു. ജരാമരണം = ജരയും മരണവും, ഇച്ഛന്തഃ = കല്പിക്കുന്നവർ, തന്മനീഷയാ = അവയുടെ ചിന്തയാൽ, ച്യവന്തേ = (സ്വഭാവത്തിൽ നിന്നു്) ചലിക്കുന്നു.

എല്ലാ ജീവാത്മാക്കളുടെയും ശരിയായ പ്രകൃതി ജരാമരണാദിവികാരങ്ങളൊന്നുമില്ലാത്ത അവസ്ഥയാകുന്നു. ആത്മാവിന്നു് ജന്മമരണങ്ങളെ കല്പിക്കുന്നവർ പ്രകൃതിക്കു മാററമുണ്ടെന്നു കല്പിക്കുകയാണു്. അതുകൊണ്ടു് അതു് രജ്ജുവിൽ സർപ്പഭ്രാന്തിപോലെ മിഥ്യയാവുകയേ ഉള്ളു എന്നർത്ഥം.

Digitization by Arya Samaj Charitable Foundation, Chennai

കാരണം യസ്യ വൈ കാര്യം കാരണം തസ്യ ജായതേ
ജായമാനം കഥമജം ഭിന്നം നിത്യം കഥം ച തത്. 11

യസ്യ = യാതൊരുവന്റെ, കാരണം വൈ = കാരണംതന്നെ, കാര്യം = കാര്യമാകുന്നുവോ, തസ്യ = അവന്റെ, കാരണം=കാരണം, ജായതേ = ജനിക്കുന്നു. ജായമാനം = ജനിക്കുന്നതു്, കഥം = എങ്ങനെ, അജം = ജനിക്കാത്തതാകും ? ഭിന്നം = ഭേദിച്ചിട്ടുള്ള, തത് = അതു്, കഥം = എങ്ങനെ, നിത്യം ച = നിത്യവുമാകും ?

കാരണംതന്നെ കാര്യമായിത്തീരുന്നുവെന്നു പറയുന്നവരുടെ പക്ഷത്തിൽ കാരണം ജനിക്കുകയാണ് ചെയ്യുന്നതു്. ജനിക്കുന്ന ഒന്നു് എങ്ങനെ അജമാകും ? പലതായി ഭേദിക്കുന്ന അതു് എങ്ങനെ നിത്യമാകും ?

കുറിപ്പ്: സാംഖ്യന്മാരുടെ പക്ഷത്തെ ഖണ്ഡിക്കുന്ന വൈശേഷികന്മാർ വാദിച്ചുകൊണ്ടു പറയുന്നതാണ് ഇതു്. പ്രകൃതി അല്ലെങ്കിൽ പ്രധാനം നിത്യമാണെന്നാണ് സാംഖ്യപക്ഷം. സത്വരജസ്തമോരൂപമായ പ്രകൃതിതന്നെയാണ് മഹത്തത്ത്വം, അഹങ്കാരം മുതലായ കാര്യങ്ങളായി പരിണമിക്കുന്നുവെന്നു പറയുന്നതു്. കാരണമായ മണ്ണു് കാര്യമായ ഘടമായിത്തീരുന്നതുപോലെ കാരണമായ മൂലപ്രകൃതി കാര്യമായ ജഗത്തായി പരിണമിക്കുന്നുവെന്നു പറയുന്നവർതന്നെ പ്രകൃതിയെ അജമായും നിത്യമായും പറയുന്നുവെന്നതു് അന്യോന്യവിരുദ്ധമാകുന്നു. പലതായി ഭേദിക്കുമ്പോൾ അതു് സാവയവമാകുന്നു. സാവയവമായ ഒന്നും നിത്യമാകുകയില്ല. കാരണം അജവും നിത്യവുമാണെന്ന വാദം നിലനില്ക്കണമെങ്കിൽ അതിൽനിന്നു് കാര്യമുണ്ടാകുന്നില്ലെന്നുതന്നെ പറയേണ്ടിവരുമെന്നർത്ഥം.

കാരണാദ് യദ്യനന്യത്വ-
മതഃ കാര്യമജം യദി
ജായമാനാദ്ധി വൈ കാര്യാത്
കാരണം തേ കഥം ധ്രുവം. 12

കാരണാത് = കാരണത്തിൽനിന്നു്, അനന്യത്വം യദി = അനന്യത്വം പറയുന്നുവെങ്കിൽ, അതഃ = അതുകൊണ്ടു്, കാര്യം =

Digitization by Arya Samaj Charitable Foundation, Chennai

കാര്യവും, അജം യദി= അജമെന്നു പറയുന്നുവെങ്കിൽ, ജായമാനാത് = ജനിക്കുന്നതായ. കാര്യാത് ഹി വൈ = കാര്യത്തിൽനിന്നു്, (അനന്യം = അനന്യമായ) കാരണം = കാരണം, തേ = നിനക്കു്, കഥം = എങ്ങനെ, ധ്രുവം = നിത്യമാകും ?

കാരണത്തിൽനിന്നു് അനന്യമായതുകൊണ്ടു് കാര്യവും അജമെന്നു പറയുന്നുവെങ്കിൽ, ജനിക്കുന്ന കാര്യത്തിൽ നിന്നു് അനന്യമായ കാരണം എങ്ങനെ നിത്യമാകും ?

കുറിപ്പ്: കാരണത്തിൽനിന്നു് അനന്യമാണു് കാര്യം എന്നു പറയുന്നുവെങ്കിൽ കാര്യവും നിത്യമെന്നു പറയേണ്ടിവരും. കാര്യം ജനിക്കുന്നതാണുതാനും. ജായമാനവും അജവുമാണു് എന്നതു് എങ്ങനെ ശരിയാകും ? കാര്യവും കാരണവും ഒന്നാണെന്നു കല്പിച്ചിട്ടു് കാര്യം അനിത്യവും കാരണം നിത്യവുമാണെന്നു കല്പിക്കുന്നതും ശരിയല്ല. ഒരു പിടക്കോഴിയുടെ ഏതാനും ഭാഗം പാകം ചെയ്യുകയും ഏതാനും ഭാഗം മുട്ടയിടുവാനായി വെയ്ക്കുകയും ചെയ്യാറില്ലല്ലൊ. അതുകൊണ്ടു് കാര്യകാരണവാദംതന്നെ ശരിയല്ലെന്നു പറയേണ്ടി വരും. മായാവാദത്തിൽ അതിന്നു ദോഷമില്ലെന്നു കാണിക്കുവാനാണു് 'തേ' എന്നു പറഞ്ഞിരിക്കുന്നതു്.

അജാദ്വൈ ജായതേ യസ്യ
ദൃഷ്ടാന്തസ്തസ്യ നാസ്തി വൈ
ജാതാച്ച ജായമാനസ്യ
ന വ്യവസ്ഥാ പ്രസജ്യതേ. 13

യസ്യ = യാതൊരുവന്നു്, അജാത് വൈ = ജനിക്കാത്ത വസ്തുവിൽനിന്നു്, ജായതേ = (കാര്യം) ജനിക്കുന്നുവോ, തസ്യ = അവന്നു്, ദൃഷ്ടാന്തഃ = ദൃഷ്ടാന്തം, ന അസ്തി വൈ = ഇല്ലതന്നെ. ജാതാത് = ജനിച്ച വസ്തുവിൽനിന്നു്, ജായമാനസ്യ = ജനിക്കുന്നതിന്നു്, വ്യവസ്ഥാ = വ്യവസ്ഥ, ന പ്രസജ്യതേ = ഉണ്ടാവാൻ വഴിയില്ല.

ജനിക്കാത്ത വസ്തുവിൽനിന്നു് കാര്യം ജനിക്കുന്നുവെന്നു പറയുന്നവന്നു് ലോകത്തിൽ യാതൊരു ദൃഷ്ടാന്തവും കാണിക്കുവാനില്ല. ജനിച്ച വസ്തുവിൽനിന്നു് കാര്യം

Digitization by Arya Samaj Charitable Foundation, Chennai

ജനിക്കുന്നുവെന്നു പറയുകയാണെങ്കിൽ അതിന്നു് വ്യവസ്ഥയില്ലാതായിത്തീരും.

കുറിപ്പ്: ഉണ്ടായിട്ടില്ലാത്ത വസ്തുവിൽനിന്നു് എങ്ങനെയാണു മറെറാരു വസ്തുവുണ്ടാകുക? അജമായ ഒന്നിൽനിന്നു് മറെറാന്നിൻെറ ജന്മം കാണിക്കുവാൻ ഒരു ദൃഷ്ടാന്തവുമുണ്ടാവുകയില്ല. ദൃഷ്ടാന്തമില്ലാതെ അതിനെ സ്ഥാപിക്കാനും സാധിക്കയില്ല. ഉത്പന്നമായ വസ്തുവിൽനിന്നു് കാര്യം ജനിക്കുന്നുവെന്നു പറയുന്നപക്ഷം ഉത്പന്നമായ വസ്തു മറെറാന്നിൽനിന്നു് ഉത്പന്നമായി എന്നും അതു് വേറെ ഒന്നിൽനിന്നു് ഉത്പന്നമായി എന്നും പറയേണ്ടിവരും. അങ്ങനെ അതിന്നു് അനവസ്ഥാദോഷം വരുന്നു. അതിനാൽ കാര്യമായിട്ടൊന്നുണ്ടായി എന്ന വാദംതന്നെ യുക്തിസഹമല്ലാതായിത്തീരുന്നു.

ഹേതോരാദിഃ ഫലം യേഷാം
ഹേതുരാദിഃ ഫലസ്യ ച
ഹേതോഃ ഫലസ്യ ചാനാദിഃ
കഥം തൈരുപവർണ്ണ്യതേ. 14

യേഷാം = യാവചിലക്കു്, ഹേതോഃ = ധർമ്മാധർമ്മാദികാരണത്തിന്നു്, ഫലം = ദേഹാദിസംഘാതമാകുന്ന ഫലം, ആദിഃ = കാരണമാകുന്നുവോ, ഫലസ്യ ച = ദേഹാദിസംഘാതത്തിന്നും, ഹേതുഃ = ധർമ്മാധർമ്മാദി, ആദിഃ = കാരണമാകുന്നുവോ, തൈഃ = അവരാൽ, ഹേതോഃ ഫലസ്യ ച = ഹേതുവിന്നും ഫലത്തിന്നും, അനാദിഃ = ആദിയില്ലായ്മ, കഥം = എങ്ങനെ, ഉപവർണ്ണ്യതേ = വർണ്ണിക്കപ്പെടുന്നു?

ധർമ്മാധർമ്മാദികൾക്കു് ദേഹാദിസംഘാതവും ദേഹാദിസംഘാതത്തിന്നു് ധർമ്മാധർമ്മാദിയും കാരണമാണെന്നു പറയുന്നവക്കു് — ജന്മത്തിന്നു് കർമ്മവും കർമ്മത്തിന്നു് ജന്മവും കാരണമായി പറയുന്നവക്കു് — ഹേതുഫലാത്മകമായ സംസാരം അനാദിയാണെന്നെങ്ങനെ പറവാൻ കഴിയും ?

Digitization by Arya Samaj Charitable Foundation, Chennai

കുറിപ്പ്: ഹേതുവും ഫലവും അന്യോന്യകാരണങ്ങളായതു കൊണ്ട് ഒന്ന് മറെറാന്നിന്ന് ആദിയായിവരുന്നു. പിന്നെ എങ്ങനെ അനാദിയാകും? നിത്യവും കൂടസ്ഥവുമായ ആത്മാവിന്ന് ഹേതുഫലാത്മകത ഉണ്ടാവുകയുമില്ല. അതുകൊണ്ട് ''യത്ര ത്വസ്യ സർവ്വമാത്മൈവാഭൂത്'' ഇത്യാദി ശ്രുതികളിൽ പറഞ്ഞിട്ടുള്ള ദ്വൈതാഭാവം തന്നെയാണ് യുക്തമായിട്ടുള്ളതു്.

ഹേതോരാദിഃ ഫലം യേഷാമാദിർഹേതു ഫലസ്യ ച
തഥാ ജന്മ ഭവേത്തേഷാം പുത്രാജ്ജന്മ പിതുര്യഥാ. 15

യേഷാം = യാവചിലക്ക്, ഹേതോഃ = ഹേതുവിന്ന്, ഫലം= ഫലം, ആദിഃ = കാരണമാകുന്നുവോ, ഫലസ്യ = ഫലത്തിന്ന്, ഹേതുഃ ച = ഹേതുവും, ആദിഃ = കാരണമാകുന്നുവോ, തേഷാം= അവക്ക്, ജന്മ = ഉത്പത്തി, യഥാ = എപ്രകാരമാണോ, പുത്രാത് = പുത്രനിൽനിന്ന്, പിതുഃ = പിതാവിൻെറ, ജന്മ = ജന്മം, തഥാ = അപ്രകാരം, ഭവേത് = ഭവിക്കും.

ഹേതുവിന്ന് ഫലവും ഫലത്തിന്ന് ഹേതുവും അന്യോന്യകാരണങ്ങളാകുന്നു എന്നു വാദിക്കുന്നവരുടെ പക്ഷത്തിൽ അവയുടെ ജന്മം, പിതാവിൽനിന്നു പുത്രനെന്നപോലെ പുത്രനിൽനിന്നു പിതാവും ഉണ്ടാകുന്നുവെന്നു പറയുന്നതുപോലെ വിരുദ്ധമായിരിക്കും. അനാദിത്വമെന്നപോലെ പരസ്പരകാര്യകാരണഭാവവും അസംഭാവ്യമാണെന്നർത്ഥം.

സംഭവേ ഹേതുഫലയോ–
രേഷിതവ്യഃ ക്രമസ്ത്വയാ
യുഗപത്സംഭവേ യസ്മാ–
ദസംബന്ധോ വിഷാണവത്. 16

ഹേതുഫലയോഃ = ഹേതുവിൻെറയും ഫലത്തിൻെറയും, സംഭവേ = ഉത്പത്തിയിൽ, ക്രമഃ = ക്രമം, ത്വയാ = നിന്നാൽ, ഏഷിതവ്യഃ = അന്വേഷിക്കപ്പെടേണ്ടതാകുന്നു. യസ്മാത് = എന്തുകൊ

Digitization by Arya Samaj Charitable Foundation, Chennai

ണ്ടെന്നാൽ, യുഗപത് സംഭവേ = ഒരുമിച്ച് ഉണ്ടാകുന്നതായാൽ, വിഷാണവത് = മൃഗങ്ങളുടെ കൊമ്പുകൾക്ക് എന്നപോലെ, അസംബന്ധഃ (ഭവേത്.) = സംബന്ധമുണ്ടായിരിക്കയില്ല.

മുൻപറഞ്ഞ വിരോധം സ്വീകാര്യമല്ലെങ്കിൽ ഹേതുഫലങ്ങളിൽ, ഏതു് ആദ്യം ഉണ്ടാകുന്നു, ഏതു് പിന്നീടു് ഉണ്ടാകുന്നു എന്ന ഒരു ക്രമം കണ്ടുപിടിക്കേണ്ടിയിരിക്കുന്നു. അല്ലാതെ രണ്ടും ഒരുമിച്ച് ഉണ്ടാകുന്നു എന്നു പറഞ്ഞാൽ പശുക്കളുടെ കൊമ്പുകൾക്കെന്നപോലെ അന്യോന്യബന്ധം ഇല്ലെന്നുവരും. അതുകൊണ്ടു് അവയ്ക്കു് ഒരു ക്രമം സ്വീകരിക്കണം. (ഒരു പശുവിന്റെ ഇടത്തും വലത്തുമുള്ള കൊമ്പുകൾ ഒന്നു മറ്റൊന്നിന്നു് കാര്യകാരണരൂപത്തിൽ ബന്ധപ്പെട്ടിരിക്കുന്നില്ല.)

ഫലാദുത്പദ്യമാനഃ സൻ
ന തേ ഹേതുഃ പ്രസിദ്ധ്യതി
അപ്രസിദ്ധഃ കഥം ഹേതുഃ
ഫലമുത്പാദയിഷ്യതി. 17

തേ = നിന്റെ (അഭിപ്രായത്തിൽ), ഫലാത് = ഫലത്തിൽ നിന്നു്, ഉത്പദ്യമാനഃ സൻ = ഉണ്ടാകുന്ന, ഹേതുഃ = ഹേതു, ന പ്രസിദ്ധ്യതി = ജനിക്കുകയില്ല. അപ്രസിദ്ധഃ = ജനിക്കാത്തതായ, ഹേതുഃ = ഹേതു, കഥം = എങ്ങനെ, ഫലം = ഫലത്തെ, ഉത്പാദയിഷ്യതി = ജനിപ്പിക്കും ?

മറ്റൊന്നിൽ നിന്നുണ്ടാകുന്നതും സ്വയം നിലയില്ലാത്തതുമായ ഫലത്തിൽനിന്നാണ് ഹേതുവുണ്ടാകുന്നതെന്നു പറഞ്ഞാൽ ആ ഹേതുവും അതുപോലെ സ്വയം നിലയില്ലാത്തതേ ആയിരിക്കയുള്ളുവല്ലോ. ശശവിഷാണംപോലെ അസത്തായ ഫലത്തിൽനിന്നു് ഉണ്ടാകുന്ന അസത്തായ ഹേതു പിന്നെയും ഫലത്തെ ഉത്പാദിപ്പിക്കുന്നതെങ്ങനെ ? ഉത്പത്തിക്കു പരസ്പരസാപേക്ഷങ്ങളും ശശവിഷാണതുല്യങ്ങളുമായ രണ്ടെണ്ണത്തിന്നു തമ്മിൽ കാര്യകാരണബന്ധമുണ്ടെന്നു പറയുന്നതു് യുക്തിസഹമാക

Digitization by Arya Samaj Charitable Foundation, Chennai

ന്നില്ല. അസത്തായ രണ്ടെണ്ണം തമ്മിലുള്ള ബന്ധം വെറും ഭാവനയിൽ മാത്രമേ ഉണ്ടാകുകയുള്ളൂ.

യദി ഹേതോഃ ഫലാത് സിദ്ധിഃ
ഫലസിദ്ധിശ്ച ഹേതുതഃ
കതരത് പൂർവ്വനിഷ്പന്നം
യസ്യ സിദ്ധിരപേക്ഷയാ. 18

ഹേതോഃ = ഹേതുവിൻെറ, സിദ്ധിഃ = ജന്മം, ഫലാത് യദി = ഫലത്തിൽനിന്നുമാണെങ്കിൽ, ഫലസിദ്ധിഃ = ഫലത്തിൻെറ സിദ്ധി, ഹേതുതഃ ച യദി = ഹേതുവിൽനിന്നുമാണെങ്കിൽ, പൂർവ്വനിഷ്പന്നം = ആദ്യം ഉണ്ടായതു്, കതരത് = ഏതാകുന്നു ? യസ്യ = യാതൊന്നിൻെറ, സിദ്ധിഃ = ഉത്പത്തി, അപേക്ഷയാ = ഏതിൻെറ അപേക്ഷകൊണ്ടാകുന്നു ?

ഹേതു ഫലത്തിൽനിന്നും ഫലം ഹേതുവിൽനിന്നും ആണ് ഉണ്ടാകുന്നതു് എന്നു പറഞ്ഞാൽ ഏതാണ് ആദ്യം ഉണ്ടാകുന്നതു് എന്നു പറയേണ്ടിയിരിക്കുന്നു. അതിൻെറ ഉദ്ഭവം ഏതിൽ നിന്നാണെന്നും പറയണം. ഹേതുഫലങ്ങൾക്കു് അന്യോന്യസിദ്ധിയും കാര്യകാരണഭാവവും പറയുന്നതു് യുക്തിക്കു ചേർന്നതല്ലെന്നർത്ഥം.

അശക്തിരപരിജ്ഞാനം ക്രമകോപോഽഥവാ പുനഃ
ഏവം ഹി സർവ്വഥാ ബുദ്ധൈരജാതിഃ പരിദീപിതാ. 19

അശക്തിഃ = കഴിവില്ലായ്മ, അപരിജ്ഞാനം = അറിവില്ലായ്മയാകുന്നു. അഥവാ പുനഃ = അല്ലെങ്കിൽപിന്നെ, ക്രമകോപഃ = ക്രമത്തിന്നു് വ്യത്യാസം, (സ്യാത് = ഭവിക്കും). ഏവം ഹി = ഇപ്രകാരമായതുകൊണ്ടു്, ബുദ്ധൈഃ = വിദ്വാന്മാരാൽ, സർവ്വഥാ = എല്ലാ പ്രകാരത്തിലും, അജാതിഃ = ഉത്പത്തിയില്ലായ്മ, പരിദീപിതാ = പ്രകാശിപ്പിക്കപ്പെട്ടിരിക്കുന്നു.

ഹേതുഫലങ്ങളിൽ ഏതാണ് ആദ്യമുണ്ടാകുന്നതു് എന്ന ചോദ്യത്തിന്നു സമാധാനം പറവാൻ കഴിയുന്നില്ലെ

Digitization by Arya Samaj Charitable Foundation, Chennai

ങ്കിൽ ആ അശക്തി അറിവില്ലായ്മയാണെന്നു സമ്മതിക്കണം. അല്ലെങ്കിൽ അന്യോന്യമുള്ള ക്രമത്തിന്നു്, ഹേതുവിൽനിന്നു ഫലവും ഫലത്തിൽനിന്നു ഹേതുവും ഉണ്ടാകുന്നുവെന്ന ക്രമത്തിന്നു്, മാററമുണ്ടാകും. അങ്ങനെ ഹേതുഫലങ്ങൾക്ക തമ്മിൽ കാര്യകാരണഭാവത്തിന്നു ന്യായമില്ലാത്തതുകൊണ്ടു് ജ്ഞാനികൾ യാതൊന്നും ഒരു വിധത്തിലും ജനിക്കുന്നില്ലെന്നു് വെളിപ്പെടുത്തിയിരിക്കുന്നു.

ബീജാങ്കുരാഖ്യോ ദൃഷ്ടാന്തഃ
സദാ സാധ്യസമോ ഹി സഃ
ന ഹി സാധ്യസമോ ഹേതുഃ
സിദ്ധൗ സാധ്യസ്യ യുജ്യതേ. 20

ബീജാങ്കുരാഖ്യഃ = ബീജാങ്കുരമെന്നു പറയുന്ന, സഃ ഹി = പ്രസിദ്ധമായ, ദൃഷ്ടാന്തഃ = ദൃഷ്ടാന്തം, സദാ = എപ്പോഴും, സാധ്യസമഃ = സാധ്യത്തിന്നു തുല്യമാകുന്നു. സാധ്യസമഃ = സാധ്യത്തിനു സമമായ, ഹേതുഃ = ദൃഷ്ടാന്തം, സാധ്യസ്യ = സാധ്യത്തിൻെറ, സിദ്ധൗ = സിദ്ധിയിൽ, ന യുജ്യതേ ഹി = യുക്തമായിത്തീരുകയില്ലല്ലൊ.

ഹേതുഫലങ്ങളുടെ അനാദിത്വം ബീജാങ്കുരങ്ങളുടേതുപോലെയാണെന്നു പറയുകയാണെങ്കിൽ ബീജാങ്കുരങ്ങളുടെ പ്രസിദ്ധമായ ദൃഷ്ടാന്തത്തിലും അനാദിത്വം തെളിയിക്കപ്പെടേണ്ടതായിട്ടാണിരിക്കുന്നതു്. അങ്ങനെ സാധ്യമായിരിക്കുന്ന ഒരു ദൃഷ്ടാന്തം സാധ്യമായിട്ടുള്ള മറെറാന്നിനെ സമത്ഥിക്കുവാൻ പ്രമാണമായി ആരും പ്രയോഗിക്കാറില്ലല്ലൊ.

കുറിപ്പ്: ബീജം അങ്കുരത്തിന്നും അങ്കുരം ബീജത്തിന്നും കാരണമായിരിക്കെ അതു് അനാദിയാണു്, കാരണമില്ലാത്തതാണു്, എന്നു് എങ്ങനെ പറയാം ? 'അണ്ടിയോ മാവോ മൂത്തതു് ?' എന്ന പ്രശ്നം യുക്തിചിന്തയിൽ സമാധനം കണ്ടുപിടിക്കുവാൻ സാധിക്കാത്തതാ

Digitization by Arya Samaj Charitable Foundation, Chennai

ണ്ട്. മാവിന്നു് അണ്ടിയും അണ്ടിക്കു മാവും കാരണമായി നില്ക്കുന്നതിനാൽ അതു് ഒരിക്കലും അനാദിയാവുകയില്ല. അതുകൊണ്ടു് ഹേതുഫലങ്ങളുടെ അനാദിത്വവാദം ശരിയല്ലെന്നർത്ഥം.

പൂർവ്വാപരാപരിജ്ഞാന–
മജാതേഃ പരിദീപകം
ജായമാനാദ്ധി വൈ ധർമ്മാത്
കഥം പൂർവ്വം ന ഗൃഹ്യതേ. 21

പൂർവ്വാപരാപരിജ്ഞാനം = പൂർവ്വമേതു് അപരമേതു് എന്നറിയാതിരിക്കൽ, അജാതേഃ = ഒന്നുമുണ്ടായിട്ടില്ല എന്നതിന്നു്, പരിദീപകം = തെളിവാകുന്നു. ജായമാനാത് ഹി = ജനിക്കുന്നതായ, ധർമ്മാത് വൈ = ധർമ്മത്തിൽനിന്നു്, പൂർവ്വം = പൂർവ്വം, കഥം = എങ്ങനെ, ന ഗൃഹ്യതേ = ഗ്രഹിക്കപ്പെടുന്നില്ല ?

ഹേതുഫലങ്ങളിൽ, കാര്യകാരണങ്ങളിൽ, പൂർവ്വമേതു്, പരമേതു് എന്നു് അറിയാൻ പാടില്ലാതിരിക്കുന്നതു് രണ്ടും ജനിച്ചിട്ടില്ല എന്നതിൻെറ തെളിവാണു്. ഒരു ധർമ്മം ജനിക്കുന്നുണ്ടെങ്കിൽ അതിൻെറ പൂർവ്വമേതു്, കാരണമെന്തു് എന്നറിയാതിരിക്കയില്ലല്ലൊ. അങ്ങനെ ദ്വൈതവാദികൾ പരസ്പരം ദൂഷണം ചെയ്തു് അജാതിവാദത്തെ വെളിപ്പെടുത്തുകയാണു് ചെയ്യുന്നതു്.

സ്വതോ വാ പരതോ വാപി
ന കിഞ്ചിദ് വസ്തു ജായതേ
സദസത്സദസദ്വാപി
ന കിഞ്ചിദ് വസ്തു ജായതേ. 22

സ്വതഃ വാ = തന്നിൽനിന്നോ, പരതഃ അപി വാ = മററൊന്നിൽനിന്നോ, കിഞ്ചിത് വസ്തു = ഒരു വസ്തുവും, ന ജായതേ = ജനിക്കുന്നില്ല. സത് = സത്തായോ, അസത് = അസത്തായോ, സദസത് വാ അപി = സദസത്തായോ ഉള്ള, കിഞ്ചിത് വസ്തു = ഒരു വസ്തുവും, ന ജായതേ = ജനിക്കുന്നില്ല.

Digitization by Arya Samaj Charitable Foundation, Chennai

തന്നിൽനിന്നോ മറ്റൊന്നിൽനിന്നോ ഒരു വസ്തുവും ജനിക്കുന്നില്ല. അതുപോലെ സത്തായോ അസത്തായോ സദസത്തായോ ഉള്ള ഒരു വസ്തുവും ജനിക്കുന്നില്ല.

കുറിപ്പ്: ഒന്നും ജനിക്കുന്നില്ല എന്നതിന്ന് വേറെയും യുക്തികൾ പറയുന്നു. തന്നിൽനിന്നുതന്നെ താൻ ജനിക്കുകയില്ല, എന്നതു ശരി. ഒരു ഘടത്തിൽനിന്ന് ആ ഘടം വീണ്ടും ഉണ്ടാവുകയില്ല. എന്നാൽ മറ്റൊന്നിൽനിന്ന് കാര്യം ഉണ്ടാവുന്നതായി നാം കാണുന്നുണ്ടല്ലോ. മണ്ണിൽനിന്ന് കുടവും നൂലിൽനിന്ന് മുണ്ടും ഉണ്ടാവുന്നുണ്ട്. പിന്നെ എങ്ങനെയാണ് മറ്റൊന്നിൽനിന്ന് ഉണ്ടാവുകയില്ലെന്നു പറയുന്നത്? ഈ ഉത്പത്തിയുടെ തത്ത്വം വിവേകികൾ പരീക്ഷിച്ചുനോക്കി പറയുന്നത് നാം ഉണ്ടായി എന്നു പറയുന്ന വസ്തു വെറും ശബ്ദം മാത്രമാണ് എന്നാകുന്നു. കുടം ഉണ്ടാകുന്നതിന്നു മുമ്പും ഉണ്ടായിരിക്കുമ്പോഴും നശിച്ചതിന്നുശേഷവും മണ്ണായിത്തന്നെ ഇരിക്കുന്നു. അതുകൊണ്ട് മണ്ണു മാത്രമാണ് സത്യം, കുടമെന്നത് വാചാരംഭണം മാത്രമാകുന്നു. കാരണം കാര്യമായിത്തീരുന്നില്ലെന്നർത്ഥം. അതുപോലെ ഒരു വസ്തു സത്താണെങ്കിൽ അതു പിന്നെ ജനിക്കുകയില്ല. അസത്താണെങ്കിലും ശശവിഷാണംപോലെ ഇല്ലാത്തതാകയാൽ അതു ജനിക്കുന്നില്ല. സത്തും അസത്തുമാണെന്നു പറയുന്നതായാൽ അപ്പോഴും ജനിക്കുവാൻ തരമില്ല. എന്തെന്നാൽ വിരുദ്ധമായ ഒന്നും സംഭവിക്കുകയില്ല. അതിനാൽ ഒന്നും ഒരുവിധത്തിലും ജനിക്കുന്നില്ലെന്നു പറയുന്നതാണ് യുക്തമായിട്ടുള്ളത്.

ഹേതുർന ജായതേഽനാദേഃ ഫലം ചാപി സ്വഭാവതഃ
ആദിർന വിദ്യതേ യസ്യ തസ്യ ഹ്യാദിർന വിദ്യതേ. 23

അനാദേഃ = ആദിയില്ലാത്തതിൽനിന്ന്, ഹേതുഃ = ഹേതു, ന ജായതേ = ജനിക്കുന്നില്ല. ഫലം ച അപി = ഫലവും, സ്വഭാവതഃ = സ്വഭാവേന, ന ജായതേ = ജനിക്കുന്നില്ല. യസ്യ = യാതൊന്നിന്ന്, ആദിഃ = കാരണം, ന വിദ്യതേ = ഇല്ലയോ, തസ്യ = അതിന്ന്, ആദിഃ = ഉത്പത്തി, ന വിദ്യതേ ഹി = ഇല്ല.

Digitization by Arya Samaj Charitable Foundation, Chennai

ആദിയില്ലാത്ത ഫലത്തിൽനിന്നു് ഹേതു ഉണ്ടാകുക യില്ല. ആദിയില്ലാത്ത ഹേതുവിൽനിന്നു് ഫലവും സ്വയം ഉണ്ടാവുകയില്ല. അതുകൊണ്ടു് ഹേതുഫലങ്ങൾക്ക് അനാദിത്വം പറയുന്ന നിങ്ങൾ അവയ്ക്കു ജന്മമില്ലെന്ന തത്ത്വം സ്വീകരിക്കുകയാണു് ചെയ്യുന്നതു്. എന്തുകൊണ്ടെന്നാൽ കാരണമില്ലാത്ത ഒന്നിന്നു് ജന്മമുണ്ടാകുന്നില്ല എന്നതു് ലോകാനുഭവമാണു്. ജന്മമുണ്ടെങ്കിൽ ആദിയുമുണ്ടാകണമെന്നർത്ഥം.

പ്രജ്ഞപ്തേഃ സനിമിത്തത്വമന്യഥാ ദ്വയനാശതഃ
സംക്ലേശസ്യോപലബ്ധേശ്ച പരതന്ത്രാസ്തിതാ മതാ. 24

പ്രജ്ഞപ്തേഃ = വിജ്ഞാനത്തിന്നു്, സനിമിത്തത്വം = സവിഷയത്വം ഉണ്ടു്. അന്യഥാ = അങ്ങനെയല്ലെങ്കിൽ, ദ്വയനാശതഃ = രണ്ടെന്നുള്ള വൈചിത്ര്യം ഇല്ലാതാകും. സംക്ലേശസ്യ = ദുഃഖത്തിന്റെ, ഉപലബ്ധേഃ ച = അനുഭവമുള്ളതുകൊണ്ടും, പരതന്ത്രാസ്തിതാ = മററു ശാസ്ത്രങ്ങൾക്ക് വിഷയമായ ബാഹ്യാർത്ഥത്തിന്റെ അസ്തിത്വം, മതാ = സമ്മതമാകുന്നു.

വിജ്ഞാനത്തിന്നു് വേറെ വിഷയമുണ്ടായിരിക്കണം. അല്ലെങ്കിൽ രണ്ടെന്നുള്ള അനുഭവത്തിലെ വൈചിത്ര്യം ഇല്ലാതാകും. മാത്രമല്ല, ദുഃഖത്തിന്റെ അനുഭവമുള്ളതുകൊണ്ടും അന്യശാസ്ത്രങ്ങൾക്ക് ആശ്രയമായ ബാഹ്യവിഷയത്തിന്റെ അസ്തിത്വം സ്വീകരിക്കണം.

കുറിപ്പു്: പ്രകൃതത്തെ ഒന്നുകൂടി ദൃഢപ്പെടുത്തുവാൻ ഒരു പൂർവ്വപക്ഷത്തെ അവതരിപ്പിക്കുന്നു: നമ്മുടെ വിജ്ഞാനത്തിന്നു് ബാഹ്യവിഷയങ്ങളുണ്ടായിരിക്കണം. അല്ലെങ്കിൽ വെളുപ്പു്, കറുപ്പു്, മഞ്ഞ, നീലം മുതലായ പ്രതീതിവൈചിത്ര്യം ഇല്ലാതാകുമല്ലോ. ഈ വൈചിത്ര്യം ലോകത്തിലനുഭവവുമാണു്. വെറും ശബ്ദമാത്രംകൊണ്ടു് ഈ പ്രത്യക്ഷാനുഭവം ഉണ്ടാകയില്ല. അതുകൊണ്ടു് ദൃക്കിൽനിന്നു വ്യതിരിക്തമായി ദൃശ്യമുണ്ടെന്ന തീർച്ചയാണു്. മാത്രമല്ല,

Digitization by Arya Samaj Charitable Foundation, Chennai

ദുഃഖാനുഭവവും അതിന്നുള്ള മറെറാരു തെളിവാണ്. തീയില്ലാതെ പൊള്ളൽകൊണ്ടുള്ള ക്ലേശമുണ്ടാവുമോ? ദേഹം പൊള്ളുന്നതുകൊണ്ട് തീയുണ്ടെന്നു തീർച്ചയാണ്. അതുപോലെ ക്ലേശാനുഭവം അന്യവിഷയങ്ങളുടെ അസ്തിത്വത്തെ സമർത്ഥിക്കുകയാണ് ചെയ്യുന്നത്. അപ്പോൾ ഒന്നുമുണ്ടായിട്ടില്ലെന്നു പറയുന്നത് എങ്ങനെ ശരിയാകും?

പ്രജ്ഞപ്തേഃ സനിമിത്തത്വ-
മിഷ്യതേ യുക്തിദർശനാത്
നിമിത്തസ്യാനിമിത്തത്വ-
മിഷ്യതേ ഭൂതദർശനാത്. 25

പ്രജ്ഞപ്തേഃ = വിജ്ഞാനത്തിന്ന്, സനിമിത്തത്വം = സവിഷയത്വം, യുക്തിദർശനാത് = യുക്തി കാണുകകൊണ്ട്, ഇഷ്യതേ = നിങ്ങളാൽ ഇച്ഛിക്കപ്പെടുന്നു. നിമിത്തസ്യ = നിമിത്തത്തിന്ന്, അനിമിത്തത്വം = നിമിത്തത്വമില്ലായ്മ, ഭൂതദർശനാത് = പരമാർത്ഥദർശനംകൊണ്ട്, ഇഷ്യതേ = ഞങ്ങളാൽ ഇച്ഛിക്കപ്പെടുന്നു.

ആക്ഷേപത്തിന്നു സമാധാനം പറയുന്നു: പ്രതീതിവൈചിത്ര്യം ദുഃഖാനുഭവം എന്ന യുക്തികളെക്കൊണ്ട് വിജ്ഞാനം സവിഷയമാണെന്ന് നിങ്ങൾ വിചാരിക്കുന്നു. എന്നാൽ പരമാർത്ഥദർശനംകൊണ്ട് ആ വിഷയം തന്നെ അനിമിത്തമാണെന്ന് ഞങ്ങൾ വിചാരിക്കുന്നു.

കുറിപ്പ്: പ്രതീതിവൈചിത്ര്യത്തിന്നു പറയുന്ന പദാർത്ഥങ്ങൾ തന്നെ അയഥാർത്ഥങ്ങളാണെന്നു വന്നാൽ വിഷയങ്ങൾ അനിമിത്തങ്ങളായിത്തീരുന്നു. കാര്യങ്ങളിൽ കാണുന്ന വൈചിത്ര്യമെല്ലാം കാരണത്തിലൊന്നായിത്തീരുന്നു. അതുപോലെ ദൃശ്യമായ ജഗത്തിന്റെ മൂലകാരണമെന്താണെന്നറിയുമ്പോൾ ഈ വൈചിത്ര്യമെല്ലാം ഇല്ലാതാകുന്നുവെന്നു സമ്മതിക്കേണ്ടിവരും. സമാധിയിൽ തന്റെ സ്വരൂപാനുഭൂതിയുണ്ടാകുമ്പോൾ പരമാർത്ഥമായ ആത്മാവിന്റെ ദർശനമല്ലാതെ ഈ വൈചിത്ര്യമൊന്നും കാണുന്നില്ല. അതു വിട്ടാൽ പിന്നെയുള്ള അവസ്ഥ 'ഭ്രാന്തിസ്വരൂപമാണ്. അപ്പോൾ മാത്രമാണ്,

Digitization by Arya Samaj Charitable Foundation, Chennai

ജഗത്തും അതിന്റെ സത്യത്വവുമെല്ലാം അനുഭവപ്പെടുന്നതു്. അതു് സ്വരൂപവിസ്മൃതികൊണ്ടുണ്ടായ ഭ്രാന്തിയുടെ ഫലമാണെന്നു വ്യക്തമല്ലേ? അപ്പോറം ഭ്രാന്തിയുള്ളവക്കു് ദ്വൈതം സത്യമാണെന്നു തോന്നും; ഭ്രാന്തിയില്ലാത്തവക്കു് ദ്വൈതം ഉണ്ടായിട്ടില്ലെന്നും അറിയാം. ഇവിടെ ഇഷ്യതേ + അഭൂതദശ്നാത് എന്നു പദം മുറിച്ചു് അയഥാത്ഥമായി കാണുന്നതുകൊണ്ടു് എന്നും അത്ഥം പറയാറുണ്ടു്.

ചിത്തം ന സംസ്പൃശത്യത്ഥം
നാത്ഥാഭാസം തഥൈവ ച
അഭൂതോ ഹി യതശ്ചാത്ഥോ
നാത്ഥാഭാസസ്തതഃ പൃഥക്. 26

ചിത്തം = ചിത്തം, അത്ഥം = ബാഹ്യവിഷയങ്ങളെ, ന സംസ്പൃശതി = സ്പർശിക്കുന്നില്ല. തഥാ ഏവ = അപ്രകാരംതന്നെ, അത്ഥാഭാസം ച = അത്ഥാഭാസത്തെയും, ന സ്പൃശതി = സ്പർശിക്കുന്നില്ല. യതഃ = എന്തെന്നാൽ, അത്ഥഃ ച = പദാത്ഥവും, അഭൂതഃ ഹി = അയഥാർത്ഥമാണല്ലൊ അർത്ഥാഭാസഃ = അത്ഥാഭാസം, തതഃ = അതിൽനിന്നു്, ന പൃഥക് = വേറെയല്ല.

മനസ്സു് ബാഹ്യവിഷയങ്ങളെ സ്പർശിക്കുന്നില്ല, അതുപോലെ സ്വപ്നത്തിൽ വിഷയാഭാസങ്ങളെയും സ്പർശിക്കുന്നില്ല. എന്തുകൊണ്ടെന്നാൽ വിഷയങ്ങറം അയഥാത്ഥങ്ങളാണു്. സ്വപ്നത്തിൽ മനസ്സിൽനിന്നു് അന്യമായി വിഷയങ്ങളുണ്ടെന്നുള്ളതു് വെറും തോന്നലാണല്ലൊ.

കുറിപ്പു്: അഗ്നിയുടെ ചൂടു മുതലായവയെ അറിയുന്നതു മനസ്സുകൊണ്ടാണു്. എന്നാൽ മനസ്സു് ആ വിഷയങ്ങളെയൊന്നും സ്പർശിക്കുന്നില്ല. ആ വിഷയങ്ങറം സത്യത്തിലുണ്ടെങ്കിലല്ലേ അവയെ സ്പർശിക്കുവാൻ സാധിക്കുകയുള്ളു? ഇല്ലെങ്കിൽ എങ്ങനെയാണറിയുന്നതു് എന്നു ചോദിക്കുകയാണെങ്കിൽ സ്വപ്നത്തിൽ പദാത്ഥങ്ങളില്ലല്ലൊ, പദാത്ഥാഭാസങ്ങളല്ലെ ഉള്ളു? മനസ്സിൽനിന്നു് വ്യതിരിക്തമായി അവിടെ ഒന്നുമില്ലെന്നു് അനുഭവമാണു്. എങ്കിലും പല വിഷ

Digitization by Arya Samaj Charitable Foundation, Chennai

യങ്ങളെയും മനസ്സ് അനുഭവപ്പെടുത്തുന്നു. അതുപോലെതന്നെയാണ് ജാഗ്രത്തിലും. എല്ലാം ഭ്രമമൂലകമാണെന്നു സാരം.

നിമിത്തം ന സദാ ചിത്തം
സംസ്പൃശത്യധ്വസു ത്രിഷു
അനിമിത്തോ വിപര്യാസഃ
കഥം തസ്യ ഭവിഷ്യതി. 27

ത്രിഷു അധ്വസു = ഭൂതം വർത്തമാനം ഭാവി എന്ന മൂന്നു മാർഗ്ഗങ്ങളിലും, ചിത്തം = ചിത്തം, സദാ = ഒരിക്കലും, നിമിത്തം = വിഷയത്തെ, ന സംസ്പൃശതി = സ്പർശിക്കുന്നില്ല. തസ്യ = അതിന്നു്, അനിമിത്തഃ = നിമിത്തംകൂടാതെ, വിപര്യാസഃ = ഭ്രമം, കഥം = എങ്ങനെ, ഭവിഷ്യതി = ഭവിക്കും ?

ഭൂതം വർത്തമാനം ഭാവി എന്ന മൂന്നു കാലങ്ങളിലും മനസ്സ് വിഷയങ്ങളെ സ്പർശിക്കുന്നില്ല. കാരണമില്ലാതെ എങ്ങനെയാണ് മനസ്സിന്നു ഭ്രമമുണ്ടാകുക ?

കുറിപ്പ്: ദ്വൈതത്തിന്റെ പ്രതീതിക്കു ചിത്തമാണ് കാരണമെന്നു പറവാനും വയ്യ. കാരണം, ചിത്തം ഒരിക്കലും വിഷയങ്ങളെ സ്പർശിക്കുന്നില്ല. അതുകൊണ്ടു് ഘടം മുമ്പിലുള്ളതുകൊണ്ടാണ് ഘടജ്ഞാനമുണ്ടാകുന്നതെന്നു പറഞ്ഞാൽ ശരിയാവുകയില്ല. നിമിത്തം കൂടാതെ അങ്ങനെ ഭാസിക്കുന്നതാണ് ചിത്തത്തിന്റെ സ്വഭാവം. അതുകൊണ്ടു് പദാർത്ഥങ്ങളെപ്പോലെത്തന്നെ ചിത്തവും അസത്താണ്. ഭ്രാന്തികൊണ്ടാണ് എല്ലാം ഉള്ളതായി തോന്നുന്നതു്.

തസ്മാന്ന ജായതേ ചിത്തം
ചിത്തദൃശ്യം ന ജായതേ
തസ്യ പശ്യന്തി യേ ജാതിം
ഖേ വൈ പശ്യന്തി തേ പദം. 28

തസ്മാത് = അതുകൊണ്ടു്, ചിത്തം = ചിത്തം, ന ജായതേ = ജനിക്കുന്നില്ല, ചിത്തദൃശ്യം = ചിത്തത്തിന്നു് ദൃശ്യമായിട്ടുള്ളതും,

Digitization by Arya Samaj Charitable Foundation, Chennai

ന ജായതേ = ജനിക്കുന്നില്ല. തസ്യ = അതിന്നു്, ജാതിം = ഉത്പത്തിയെ, യേ = യാവചിലർ, പശ്യന്തി = കാണുന്നുവോ, തേ = അവർ, ഖേ = ആകാശത്തിൽ, പദം = കാലടിയെ,പശ്യന്തിവൈ = കാണുന്നതന്നെ.

അതുകൊണ്ടു് ചിത്തവും ജനിക്കുന്നില്ല, ചിത്തത്തിന്നു ദൃശ്യമായ ഘടാദിയും ജനിക്കുന്നില്ല. അതിന്നു് ജന്മമുണ്ടെന്നു പറയുന്നവർ ആകാശത്തിൽ കാലടി കാണുന്നുവെന്നു പറയുന്നവരെപ്പോലെയാണു്.

കുറിപ്പ്: ഘടാദിവിഷയങ്ങളില്ലെങ്കിലും അവയെപ്പോലെ ഭാസിക്കുന്നതാണു് ചിത്തത്തിൻെറ സ്വഭാവമെന്നു പറഞ്ഞു. എന്നാൽ ചിത്തത്താൽ ദർശിക്കപ്പെടുന്നതു് ജനിക്കുന്നില്ലാത്തതുപോലെ ചിത്തവും ജനിക്കുന്നില്ല. എന്തെന്നാൽ ചിത്തത്തിൻെറ ജന്മവും സുഖിത്വവും ദുഃഖിത്വവും എല്ലാം അറിയുവാൻ ചിത്തമില്ലാതെ സാധിക്കുകയില്ലല്ലൊ. അതു് ഏതു ചിത്തംകൊണ്ടാണറിയുക? അങ്ങനെ ചിത്തംകൊണ്ടു ദർശിപ്പാനശക്യമായ ചിത്തസ്വരൂപത്തെ കാണുന്ന വിജ്ഞാനവാദികളുടെ പക്ഷം ആകാശത്തിൽ കാലടി കാണുന്നു എന്നു പറയുന്നതുപോലെ നിരർത്ഥകമാണു്.

അജാതം ജായതേ യസ്മാദജാതിഃ പ്രകൃതിസ്തതഃ
പ്രകൃതേരന്യഥാഭാവോ ന കഥംചിദ്ഭവിഷ്യതി. 29

യസ്മാത് = യാതൊന്നുഹേതുവായിട്ടു്, അജാതം = ജന്മമില്ലാത്തതു്, ജായതേ = ജനിക്കുന്നതായി കല്പിക്കുന്നുവോ, തതഃ = അതു ഹേതുവായിട്ടു്, അജാതിഃ = ജന്മമില്ലായ്മ, പ്രകൃതിഃ = സ്വഭാവമാകുന്നു. പ്രകൃതേഃ = സ്വഭാവത്തിന്നു്, അന്യഥാഭാവഃ = മാററം, കഥംചിത് = ഒരു വിധത്തിലും, ന ഭവിഷ്യതി = ഭവിക്കുകയില്ല.

ജനനമില്ലാത്ത ബ്രഹ്മംതന്നെയാണു് ചിത്തമായി ജനിക്കുന്നു എന്നു വാദികൾ കല്പിക്കുന്നതു്. അതുകൊണ്ടു് ജന്മമില്ലായ്മ അതിൻെറ പ്രകൃതിയാകുന്നു. പ്രകൃതിക്കു്

Digitization by Arya Samaj Charitable Foundation, Chennai

ഒരു വിധത്തിലും മാററം ഉണ്ടാകുകയില്ല. ഒരിക്കലും അതു മറെറാന്നായി ജനിക്കുകയില്ലെന്നത്ഥം.

അനാദേരന്തവത്ത്വം ച സംസാരസ്യ ന സേത്സ്യതി
അനന്തതാ ചാദിമതോ മോക്ഷസ്യ ന ഭവിഷ്യതി. 30

അനാദേഃ = ആദിയില്ലാത്തതായ, സംസാരസ്യ = സംസാരത്തിന്നു്, അന്തവത്ത്വം ച = അന്തവത്ത്വവും, ന സേത്സ്യതി = സിദ്ധിക്കുകയില്ല. ആദിമതഃ = ആദിയുള്ളതായ, മോക്ഷസ്യ = മോക്ഷത്തിന്നു്, അനന്തതാ ച = അവസാനമില്ലായ്മയും, ന ഭവിഷ്യതി = ഉണ്ടാവുകയില്ല.

ആദിയില്ലാത്ത സംസാരത്തിന്നു് അന്തവും, ആദിയുള്ള മോക്ഷത്തിന്നു അന്തമില്ലായ്മയും ഉണ്ടാവുകയില്ല.

കുറിപ്പു്: സംസാരത്താൽ ആത്മാവിന്നു് ബന്ധവും സംസാരനാശത്തിൽ മോക്ഷവുമുണ്ടാവുന്നു എന്നു പറയുന്നവരുടെ വാദത്തെ നിരസിക്കുന്നു: സംസാരത്തിന്നു് ആദിയില്ലെന്നു പറഞ്ഞാൽ അതിന്നു് അന്തവുമുണ്ടാവാൻ വയ്യ. സംസാരം എന്നുണ്ടായിയെന്നു പറവാൻ വയ്യാത്തതുകൊണ്ടു് അതു് അനാദിയാണെന്നു പറയുന്നു. ആദിയില്ലാത്തതിന്നു് അന്തവുമുണ്ടാവുകയില്ല. അതുപോലെ സംസാരനാശംകൊണ്ടു് ആദിയുള്ള മോക്ഷത്തിന്നു് അവസാനവുമുണ്ടാകണം. ജനിക്കുന്നതെല്ലാം നശിക്കണമെന്നതു് പ്രകൃതിനിയമമാണു്. സംസാരം അന്തവത്തും മോക്ഷം അനന്തവും ആണെന്ന വാദം യുക്തമാവാതെ വരുന്നതുകൊണ്ടു് സംസാരവും മോക്ഷവും വാസ്തവത്തിലില്ലാത്തതാണെന്നു പറയുന്നതാണു് യുക്തമായിട്ടുള്ളതു്.

ആദാവന്തേ ച യന്നാസ്തി
വത്തമാനേഽപി തത്തഥാ
വിതഥൈഃ സദൃശാ സന്തോഽ-
വിതഥാ ഇവ ലക്ഷിതാഃ. 31

യത് = യാതൊന്നു്, ആദൗ = ആദിയിലും, അന്തേ ച = അന്തത്തിലും, ന അസ്തി = ഇല്ലയോ, തത് = അതു്, വത്തമാനേ അപി =

Digitization by Arya Samaj Charitable Foundation, Chennai

വത്തമാനത്തിലും, തഥാ = അപ്രകാരമാകുന്നു. വിതഥൈഃ = അസത്യങ്ങളോട്, സദൃശാഃ സന്തഃ = തുല്യങ്ങളായിരുന്നിട്ടും, അവിതഥാഃ ഇവ = സത്യങ്ങളെന്നപോലെ, ലക്ഷിതാഃ = കാണപ്പെടുന്നു.

ആദിയിലും അവസാനത്തിലും ഇല്ലാത്തതു് മധ്യകാലത്തും ഉണ്ടാവുകയില്ല. അസത്യങ്ങളായ മരുമരീചിക, രജ്ജുസപ്പം മുതലായവയോടു തുല്യങ്ങളാണെങ്കിലും അനാത്മജ്ഞന്മാരായ മൂഢന്മാരാൽ സംസാരം സത്യമെന്നപോലെ കാണപ്പെടുന്നു.

സപ്രയോജനതാ തേഷാം സ്വപ്നേ വിപ്രതിപദ്യതേ
തസ്മാദാദ്യന്തവത്ത്വേന മിഥ്യൈവ ഖലു തേ സ്മൃതാഃ. 32

തേഷാം = അവയുടെ, സപ്രയോജനതാ = പ്രയോജനവത്ത്വം, സ്വപ്നേ = സ്വപ്നത്തിൽ, വിപ്രതിപദ്യതേ = വിപരീതമായി സ്വീകരിക്കപ്പെടുന്നു. തസ്മാത് = അതുകൊണ്ടു്, ആദ്യന്തവത്ത്വേന = ആദിയും അന്തവും ഉള്ളതുകൊണ്ടു്, തേ = അവ, മിഥ്യാ ഏവ = അസത്യങ്ങളെന്നുതന്നെ, സ്മൃതാഃ = സ്മരിക്കപ്പെട്ടിരിക്കുന്നു.

അവയ്ക്കു പ്രയോജനമുണ്ടെന്നു പറയുന്നതു് സ്വപ്നത്തിൽ വിപരീതമായി അനുഭവപ്പെടുന്നു. അതിനാൽ ആദിയും അന്തവുമുള്ളതുകൊണ്ടു് അവ മിഥ്യയെന്നുതന്നെ സ്മരിക്കപ്പെട്ടിരിക്കുന്നു.

കുറിപ്പു്: ഈ രണ്ടെണ്ണം വൈതഥ്യപ്രകരണത്തിൽ 6, 7 കാരികകളായി വ്യാഖ്യാനിക്കപ്പെട്ടിട്ടുണ്ടെങ്കിലും സംസാരമോക്ഷങ്ങളുടെ മിഥ്യാത്വത്തെ കാണിക്കുവാൻവേണ്ടി ഇവിടെ വീണ്ടും പറഞ്ഞിരിക്കുന്നു. ഭൂതകാലത്തും ഭാവികാലത്തും ഉണ്ടാകാത്ത ഒന്നു് വത്തമാനകാലത്തും ഉണ്ടാവുകയില്ല. മോക്ഷത്തിന്നും മററും ആദിയും അന്തവും ഉണ്ടെന്നു പറയുകയാണെങ്കിൽ അതു മധ്യത്തിലും ഇല്ലെന്നു പറയേണ്ടിവരും. അജ്ഞാനംകൊണ്ടാണു് അതുണ്ടെന്നു തോന്നുന്നതു്. മൃഗതൃഷ്ണികതന്നെ ഉദാഹരണം, അതിന്നു് ആദിയും അന്തവുമുണ്ടു്. ഭ്രാന്തിയുണ്ടാകുന്നതിന്നുമുമ്പോ ഭ്രാന്തി നശിച്ചതിന്നു ശേഷമോ മൃഗ

Digitization by Arya Samaj Charitable Foundation, Chennai

തൃഷ്ണികയില്ല. മദ്ധ്യത്തിൽ ഭ്രാന്തികൊണ്ടു് അതുണ്ടെന്നു തോന്നുന്നുവെന്നു മാത്രം. അതുകൊണ്ടു് അനാത്മജ്ഞന്മാരായ മൂഢന്മാർ മാത്രമാണു് ആത്മാവിന്നു് ബന്ധമോക്ഷങ്ങൾ ഉണ്ടെന്നു പറയുന്നതു്. എന്നാൽ മൃഗതൃഷ്ണികയിലെ ജലത്തിൽ കളിക്കുക, കടിക്കുക മുതലായ പ്രയോജനങ്ങളൊന്നും നടക്കുന്നില്ല, മോക്ഷത്തിലാണെങ്കിൽ സുഖാദിപ്രാപ്തിയുണ്ടല്ലൊ എന്നു പറയുകയാണെങ്കിൽ ജാഗ്രത്തിലെ സുഖാദികൾ സ്വപ്നത്തിൽ കാണുന്നില്ല. സംസാരമോക്ഷങ്ങളിൽ സുഖദുഃഖാദികൾ മാറിമാറി വരുന്നതുകൊണ്ടു് അവയ്ക്കും ആദ്യന്തവത്ത്വം സ്വീകരിക്കേണ്ടിവരുന്നു. ആദ്യന്തങ്ങളുള്ള വസ്തുക്കൾ പൂർവ്വാപരകാലങ്ങളിൽ ഇല്ലാത്തവയാണെന്നു വ്യക്തമാണല്ലൊ. അതുകൊണ്ടു് അവ മദ്ധ്യകാലത്തും ഇല്ലാത്തതും ഭ്രാന്തിമാത്രജന്യവുമാകുന്നുവെന്നു് മനസ്സിലാക്കാൻ വിഷമമില്ല.

സർവ്വേ ധർമ്മാ മൃഷാ സ്വപ്നേ
കായസ്യാന്തർന്നിദർശനാത്
സംവൃതേഽസ്മിൻ പ്രദേശേ വൈ
ഭൂതാനാം ദർശനം കുതഃ. 33

സ്വപ്നേ = സ്വപ്നത്തിൽ, കായസ്യ = ശരീരത്തിൻെറ, അന്തഃ = ഉള്ളിൽ, നിദർശനാത് = കാണുന്നതുകൊണ്ടു്, സർവ്വേ = എല്ലാം, ധർമ്മാഃ = ധർമ്മങ്ങളും, മൃഷാ = മിഥ്യയാകുന്നു. സംവൃതേ = ഇടുങ്ങിയ, അസ്മിൻ = ഈ, പ്രദേശേ = പ്രദേശത്തിൽ, ഭൂതാനാം = വസ്തുക്കളുടെ, ദർശനം = ദർശനം കുതഃ, = എങ്ങനെയുണ്ടാകും ?

സ്വപ്നത്തിൽ ശരീരത്തിൻെറ ഉള്ളിൽ കാണുന്നതുകൊണ്ടു് എല്ലാ വസ്തുക്കളും മിഥ്യയാണെന്നറിയുന്നു. ഇടുങ്ങിയ ഈ ദേഹത്തിന്നുള്ളിൽ സ്വപ്നത്തിൽ കാണുന്ന വലിയ വലിയ വസ്തുക്കൾ എങ്ങനെ നില്ക്കാനാണു് ?

കുറിപ്പു്: സ്വപ്നവും ജാഗ്രത്തും തമ്മിൽ വ്യത്യാസമൊന്നുമില്ല. വൈരാജദേഹത്തിന്നുള്ളിലാണല്ലൊ ജാഗ്രദ്ദർശനമുണ്ടാകുന്നതു്. വൈതഥ്യപ്രകരണത്തിൽ ഇതു വിവരിച്ചിട്ടുള്ളതു നോക്കുക.

Digitization by Arya Samaj Charitable Foundation, Chennai

ന യുക്തം ദർശനം ഗത്വാ
കാലസ്യാനിയമാദ് ഗതൗ
പ്രതിബുദ്ധശ്ച വൈ സർവ്വ–
സ്തസ്മിൻ ദേശേ ന വിദ്യതേ. 34

ഗതൗ = പോകുന്നതിൽ, കാലസ്യ = കാലത്തിന്നു്, അനിയമാത് = നിയമമില്ലാത്തതുകൊണ്ടു്, ഗത്വാ = പോയിട്ടു്, ദർശനം = കാണുകയെന്നതു്, ന യുക്തം = യുക്തമല്ല. പ്രതിബുദ്ധഃ = ഉണർന്നിട്ടുള്ള, സർവ്വഃ വൈ = ഒരുവനും, തസ്മിൻ ദേശേ = ആ ദേശത്തിൽ, ന വിദ്യതേ = ഉണ്ടായിരിക്കുന്നുമില്ല.

ജാഗ്രത്തിൽ ദൂരദിക്കിൽ പോയി വസ്തുക്കളെ കാണുന്നതിലുള്ള കാലനിയമമൊന്നും സ്വപ്നത്തിലില്ല. ഉണരുമ്പോൾ വസ്തുക്കളെ കാണുന്ന ദിക്കിൽ നാം ഉണ്ടായിരിക്കുന്നുമില്ല.

കുറിപ്പു്: സ്വപ്നദൃശ്യങ്ങൾ മിഥ്യയാണെന്നു തീർച്ചപ്പെടുത്തുവാനുള്ള കാരണങ്ങളാണിവിടെ പറയുന്നതു്. ഇതുപോലെ അർച്ചിരാദിമാർഗ്ഗത്തിൽക്കൂടി പോയി ബ്രഹ്മത്തെ കാണുന്നുവെന്നതും യുക്തമല്ല. മാത്രമല്ല ജ്ഞാനി ബ്രഹ്മരൂപത്തിൽത്തന്നെ സ്ഥിതിചെയ്യുന്നതുകൊണ്ടു്, സംസാരത്തെ അനുഭവിക്കുന്ന ദേശത്തിൽ സ്ഥിതിചെയ്യുന്നില്ല. അതുകൊണ്ടു് ജാഗ്രദ്ദൃശ്യങ്ങളും മിഥ്യയാണെന്നു വിചാരിക്കേണ്ടതാണു്.

മിത്രാദ്യൈഃ സഹ സംമന്ത്ര്യ
സംബുദ്ധോ ന പ്രപദ്യതേ
ഗൃഹീതം ചാപി യത്കിഞ്ചിത്
പ്രതിബുദ്ധോ ന പശ്യതി. 35

മിത്രാദ്യൈഃ സഹ = സ്നേഹിതന്മാർ മുതലായവരോടുകൂടി, സംമന്ത്ര്യ = സംസാരിച്ചിട്ടു്, സംബുദ്ധഃ = ഉണരുമ്പോൾ, ന പ്രപദ്യതേ = പ്രാപിക്കുന്നില്ല. ഗൃഹീതം = ഗ്രഹിക്കപ്പെട്ട, യത്കിംചിത് അപി = ഏതെങ്കിലും വസ്തുവിനെയും, പ്രതിബുദ്ധഃ = ഉണരുമ്പോൾ, ന പശ്യതി = കാണുന്നില്ല.

Digitization by Arya Samaj Charitable Foundation, Chennai

സ്വപ്നത്തിൽ സ്നേഹിതന്മാർ മുതലായവരോടുകൂടി സംസാരിച്ച് ഉണരുമ്പോറം അതൊന്നും അനുഭവപ്പെട്ടന്നില്ല. സ്വപ്നത്തിൽ നമുക്കു കിട്ടുന്ന വസ്തുക്കളൊന്നും ഉണരുമ്പോറം കാണുന്നുമില്ല.

കുറിപ്പ്: ജ്ഞാനിയും അവിദ്യാസ്വപ്നത്തിൽനിന്നുണരുമ്പോറം ജാഗ്രത്തിൽ അനുഭവിച്ചിരുന്നതെല്ലാം ഇതുപോലെ മിഥ്യയാണെന്ന് അറിയുന്നു.

സ്വപ്നേ ചാവസ്തുകഃ കായഃ പൃഥഗന്യസ്യ ദർശനാത്
യഥാ കായസ്തഥാ സർവ്വം ചിത്തദൃശ്യമവസ്തുകം. 36

സ്വപ്നേ = സ്വപ്നത്തിൽ, പൃഥക് = വേറെ, അന്യസ്യ = വേറൊരു ശരീരത്തിന്റെ, ദർശനാത് = ദർശനത്താൽ, കായഃ ച = ശരീരവും, അവസ്തുകഃ = അസത്യമാകുന്നു. യഥാ = എപ്രകാരമാണോ, കായഃ = ശരീരം, തഥാ = അപ്രകാരം, സർവ്വം = എല്ലാ, ചിത്തദൃശ്യം = ചിത്തദൃശ്യവും, അവസ്തുകം = അസത്യമാകുന്നു.

സ്വപ്നത്തിൽ ഉറങ്ങിക്കിടക്കുന്ന ശരീരത്തിൽനിന്നു് അന്യമായി വേറെ ഒരു ശരീരം സഞ്ചരിക്കുന്നതായി കാണുന്നു. ചിത്തദൃശ്യമായ ആ ശരീരം അസത്തായിരിക്കുന്നതുപോലെ ജാഗ്രത്തിലും മനസ്സുകൊണ്ടു കാണപ്പെടുന്ന എല്ലാം അസത്താകുന്നുവെന്നു ധരിക്കണം.

ഗ്രഹണാജ്ജാഗരിതവത്
തദ്ധേതുഃ സ്വപ്ന ഇഷ്യതേ
തദ്ധേതുത്വാത്തു തസ്യൈവ
സജ്ജാഗരിതമിഷ്യതേ. 37

ജാഗരിതവത് = ജാഗ്രത്തിലെന്നപോലെ, ഗ്രഹണാത് = ഗ്രഹണമുള്ളതുകൊണ്ടു്, സ്വപ്നഃ = സ്വപ്നം, തദ്ധേതുഃ = ജാഗ്രത്താകുന്ന ഹേതുവോടുകൂടിയതായി, ഇഷ്യതേ = വിചാരിക്കപ്പെടുന്നു. തദ്ധേതുത്വാത് തു = സ്വപ്നത്തിന്നു കാരണമായിരിക്കകൊണ്ടുതന്നെ, തസ്യ

Digitization by Arya Samaj Charitable Foundation, Chennai

ഏവ = അവനുമാത്രം, ജാഗരിതം = ജാഗ്രത്തു്, സത് = സത്തായി, ഇഷ്യതേ = വിചാരിക്കപ്പെടുന്നു.

ജാഗ്രത്തിലെന്നപോലെ കാര്യം ഗ്രഹിക്കുന്നതു കൊണ്ടു് സ്വപ്നത്തിന്നു കാരണം ജാഗ്രത്താണെന്നും അതു കൊണ്ടുതന്നെ ജാഗ്രത്തു സത്യമാണെന്നും വിചാരിക്കുന്നു.

കുറിപ്പു്: ജാഗ്രത്തിലെന്നപോലെ സ്വപ്നത്തിലും ഗ്രാഹ്യം, ഗ്രാഹകൻ എന്ന വ്യത്യാസവും ഗ്രഹണവുമുണ്ടു്. അതുകൊണ്ടു് ജാഗ്രത്തിൻെറ കാര്യമാണു് സ്വപ്നം എന്നു വിചാരിക്കുന്നു. സ്വപ്നത്തിന്നു കാരണമായതുകൊണ്ടു് ജാഗ്രത്തു് സത്യമാണെന്നു തോന്നും. എന്നാൽ, സ്വപ്നം സ്വപ്നദർശിക്കു പരമാർത്ഥമായിത്തോന്നുന്നതു പോലെ, മററുള്ളവക്കു് ജാഗ്രത്തും പരമാർത്ഥമായി അവഭാസിക്കുന്നു വെന്നല്ലാതെ വാസ്തവത്തിൽ സത്യമല്ലെന്നർത്ഥം.

ഉത്പാദസ്യാപ്രസിദ്ധത്വാദജം സർവ്വമുദാഹൃതം
ന ച ഭൂതാദഭൂതസ്യ സംഭവോഽസ്തി കഥഞ്ചന. 38

ഉത്പാദസ്യ = ഉത്പത്തിയുടെ, അപ്രസിദ്ധത്വാത് = അപ്രസിദ്ധത്വംകൊണ്ടു്, സർവ്വം = എല്ലാം, അജം = അജമായ ആത്മാവാണെന്നു്, ഉദാഹൃതം = (വേദാന്തങ്ങളിൽ) ഉദാഹരിക്കപ്പെട്ടിരിക്കുന്നു. ഭൂതാത് = സത്യവസ്തുവിൽനിന്നു്, അഭൂതസ്യ = അസത്യവസ്തുവിൻെറ, സംഭവഃ = ഉത്പത്തി, കഥഞ്ചന = ഒരുവിധത്തിലും, ന ച അസ്തി = ഉണ്ടാകുന്നില്ല.

വിവേകികൾ ഒന്നുംതന്നെ ഉണ്ടായിട്ടില്ല എന്നു വിചാരിക്കുന്നതിനാലാണു് എല്ലാം അജമായ ബ്രഹ്മമാണെന്നു പറഞ്ഞിട്ടുള്ളതു്. സത്തായ ഒരു വസ്തുവിൽ നിന്നു് അസത്തായ ഒരു വസ്തു ഉണ്ടാകുകയുമില്ല.

കുറിപ്പു്: സ്വപ്നം ക്ഷണികവും ജാഗ്രത്തു് സ്ഥിരവുമായി അനുഭവപ്പെടുന്നതാകയാൽ രണ്ടിനേയും സാദൃശ്യപ്പെടുത്തുന്നതു ശരിയല്ല എന്ന ആക്ഷേപത്തിന്നുള്ള സമാധാനമാണിതു്. അവിവേകികൾക്കു

Digitization by Arya Samaj Charitable Foundation, Chennai

മാത്രമേ അങ്ങനെ തോന്നുകയുള്ളൂ. വിവേകികളുടെ ദൃഷ്ടിയിൽ ഒന്നും ജനിച്ചിട്ടില്ല. അതുകൊണ്ടാണ് 'സബാഹ്യാഭ്യന്തരോ ഹ്യജഃ' എന്നിങ്ങനെ എല്ലാം ആത്മാവുതന്നെയാണെന്നു പറഞ്ഞിട്ടുള്ളതു്. പിന്നെ സത്തായ ജാഗ്രത്തിൽനിന്നു് അസത്തായ സ്വപ്നം ഉണ്ടാകുന്നുവെന്നു പറയുന്നതും യുക്തിവിരുദ്ധമാണല്ലൊ.

അസജ്ജാഗരിതേ ദൃഷ്ട്വാ
സ്വപ്നേ പശ്യതി തന്മയഃ
അസത് സ്വപ്നേഽപി ദൃഷ്ട്വാ ച
പ്രതിബുദ്ധോ ന പശ്യതി. 39

ജാഗരിതേ = ജാഗ്രത്തിൽ, അസത് = അസത്തായ വസ്തുവിനെ, ദൃഷ്ട്വാ = കണ്ടിട്ടു്, തന്മയഃ = അതിന്റെ വാസനയോടുകൂടിയവനായി, സ്വപ്നേ = സ്വപ്നത്തിൽ, പശ്യതി = കാണുന്നു. സ്വപ്നേ അപി = സ്വപ്നത്തിലും, അസത് = അസത്തായതിനെ, ദൃഷ്ട്വാ = കണ്ടിട്ടു്, പ്രതിബുദ്ധഃ = ഉണരുമ്പോൾ, ന പശ്യതി ച = കാണുന്നുമില്ല.

ജാഗ്രത്തു് സ്വപ്നത്തിന്നു കാരണമാകുന്നതെങ്ങനെ എന്നു വിവരിക്കുന്നു. ജാഗ്രത്തിൽ ഭാവനാകല്പിതങ്ങളായ വസ്തുക്കളെ കണ്ടിട്ടു് അവയുടെ വാസന മനസ്സിലുറയ്ക്കുന്നു. പിന്നെ സ്വപ്നത്തിലും അവയെ കാണുന്നു. സ്വപ്നത്തിലും അതുപോലെ അസത്തായ വസ്തുക്കളെ കണ്ടിട്ടു് ഉണരുമ്പോൾ അവയെ കാണുന്നുമില്ല. സ്വപ്നത്തിന്നും ജാഗ്രത്തിന്നും മൂലം മിഥ്യാഭ്രമമാണെന്നർത്ഥം.

നാസ്ത്യസദ്ധേതുകമസത് സദസദ്ധേതുകം തഥാ
സച്ച സദ്ധേതുകം നാസ്തി സദ്ധേതുകമസത് കുതഃ. 40

അസദ്ധേതുകം = അസത്തുകാരണമായിട്ടുള്ള, അസത് = അസത്തു്, ന അസ്തി = ഇല്ല. തഥാ = അപ്രകാരം, അസദ്ധേതുകം, = അസത്തിൽനിന്നുണ്ടാകുന്ന, സത് = സത്തും, (ന അസ്തി = ഇല്ല) സദ്ധേ

Digitization by Arya Samaj Charitable Foundation, Chennai

തുകം = സത്തിൽനിന്നുണ്ടാകുന്ന, സത് ച = സത്തും, ന അസ്തി = ഇല്ല. സദ്ധേതുകം = സത്തിൽനിന്നുണ്ടാകുന്ന, അസത് = അസത്ത്, കതഃ = എങ്ങനെയുണ്ടാകും ?

അസത്തിൽനിന്ന് അസത്ത് ഉണ്ടാകുകയില്ല. അപ്രകാരം അസത്തിൽനിന്ന് സത്തും ഉണ്ടാകുകയില്ല. സത്തിൽനിന്നും സത്ത് ഉണ്ടാകുകയില്ല. പിന്നെ സത്തിൽനിന്ന് അസത്ത് എങ്ങനെയുണ്ടാകും ?

കുറിപ്പ്: സത്തായിട്ടുള്ള ജാഗ്രത്തിന്നും അസത്തായ സ്വപ്നത്തിന്നും കാര്യകാരണഭാവമുണ്ടാകയില്ലെന്നുതന്നെ വീണ്ടും പറയുന്നു: അസത്തായ ഒന്നിൽനിന്ന് അസത്തോ സത്തോ ആയ കാര്യങ്ങളുണ്ടാകയില്ല. എങ്ങനെയെന്നാൽ അസത്തായ മൃഗതൃഷ്ണികാജലത്തിൽ നിന്ന് അസത്തായ ആകാശകുസുമമോ സത്തായ താമരപ്പൂക്കളോ ഉണ്ടാകുകയില്ലല്ലൊ. അതുപോലെ സത്തായ ഘടാദി സത്തായ ഘടാദിയിൽനിന്നുതന്നെ ജനിക്കുന്നില്ല. പിന്നെ സത്തായ ഒന്നിൽ നിന്ന് അസത്തായ ഒന്നുണ്ടാകുന്നുവെന്ന് എങ്ങനെ പറയാം ? കാര്യകാരണഭാവംതന്നെ ശരിയല്ലെന്നർത്ഥം. ജാഗ്രത്തും സ്വപ്നവും ഭ്രമത്തിന്റെ രണ്ടു ഭാവങ്ങളാണെന്നേ വിവേകികൾ ധരിക്കുകയുള്ളു.

> വിപര്യാസാദ് യഥാ ജാഗ്രദ-
> ചിന്ത്യാൻ ഭൂതവത് സ്പൃശേത്
> തഥാ സ്വപ്നേ വിപര്യാസാദ്
> ധർമ്മാംസ്തത്രൈവ പശ്യതി. 41

യഥാ = എപ്രകാരമാണോ, ജാഗ്രത് = ജാഗ്രത്തിൽ, വിപര്യാസാത് = വിവേകമില്ലായ്മകൊണ്ട്, അചിന്ത്യാൻ = ചിന്തിക്കാൻ കഴിയാത്ത (വസ്തുക്കളെ), ഭൂതവത് = സത്യവസ്തുക്കളെപ്പോലെ, സ്പൃശേത് = സ്പർശിക്കുന്നതു്, തഥാ = അപ്രകാരം, സ്വപ്നേ = സ്വപ്നത്തിൽ, വിപര്യാസാത് = വിവേകമില്ലായ്മകൊണ്ട്, തത്ര ഏവ = അതിൽത്തന്നെ, ധർമ്മാൻ = വസ്തുക്കളെ, പശ്യതി = കാണുന്നു.

Digitization by Arya Samaj Charitable Foundation, Chennai

ജാഗ്രത്തിൽ വിവേകമില്ലായ്മകൊണ്ട് അസത്യവസ്തുക്കൾ സത്യവസ്തുക്കളെപ്പോലെ കാണപ്പെടുന്നു അതേ രീതിയിൽ സ്വപ്നത്തിലും വിവേകമില്ലായ്മകൊണ്ട് വസ്തുക്കൾ സത്യങ്ങളായി അനുഭവപ്പെടുന്നു.

കുറിപ്പ്: സ്വപ്നജാഗ്രത്തുകൾക്ക് കാര്യകാരണഭാവം വാസ്തവത്തിലില്ല എന്നതുതന്നെ വീണ്ടും പറയുന്നു: ജാഗ്രത്തിൽ വിവേകമില്ലായ്മകൊണ്ട് മൃഗതൃഷ്ണികാജലം രജ്ജുസർപ്പം മുതലായവയെ സത്യവസ്തുക്കളായി സങ്കല്പിക്കുന്നതുപോലെതന്നെ സ്വപ്നത്തിൽ വിവേകമില്ലായ്മകൊണ്ട് ആന മുതലായ പദാർത്ഥങ്ങളെ സങ്കല്പിച്ച് സത്യവസ്തുക്കളെപ്പോലെ കാണുകയാണ് ചെയ്യുന്നത്. ജാഗ്രത്തിൽ മനോരാജ്യം വിചാരിക്കുമ്പോൾ സംഭവിക്കാൻ വയ്യാത്ത കാര്യങ്ങൾകൂടി സംഭവിച്ചതുപോലെ നാം അനുഭവിക്കാറുണ്ടല്ലോ. അതാണ് അചിന്ത്യങ്ങളെന്നു പറഞ്ഞത്.

ഉപലംഭാത് സമാചാരാദസ്തിവസ്തുത്വവാദിനാം
ജാതിസ്തു ദേശിതാ ബുദ്ധൈരജാതേസ്ത്രസതാം സദാ. 42

ഉപലംഭാത് = അനുഭവംകൊണ്ടും, സമാചാരാത് = ധർമ്മാചരണംകൊണ്ടും, അസ്തിവസ്തുത്വവാദിനാം = വസ്തു ഉണ്ട് എന്നു വാദിക്കുന്നവരും, അജാതേഃ = ജന്മമില്ലായ്മയിൽനിന്ന്, സദാ = എപ്പോഴും, ത്രസതാം = ഭയപ്പെടുന്നവരും ആയവർക്കുവേണ്ടി, ബുദ്ധൈഃ = ജ്ഞാനികളാൽ, ജാതിഃ = ഉത്പത്തി, ദേശിതാ തു = ഉപദേശിക്കപ്പെട്ടിരിക്കുന്നു.

പ്രത്യക്ഷാനുഭവംകൊണ്ടും വർണ്ണാശ്രമാദിധർമ്മസമാചരണംകൊണ്ടും ദ്വൈതം ഉള്ളതാണെന്നു വാദിക്കുന്നവരും താനുണ്ടായിട്ടില്ല എന്നു പറയുമ്പോൾ ഭയപ്പെടുന്നവരുമായവർക്കുവേണ്ടിയാണ് ജ്ഞാനികളായ അദ്വൈതികൾ ഉത്പത്തിയെപ്പററി പറഞ്ഞിട്ടുള്ളത്.

കുറിപ്പ്: 'ജന്മാദ്യസ്യ യതഃ' മുതലായ സൂത്രങ്ങളെക്കൊണ്ട് ബ്രഹ്മത്തിൽനിന്നാണ് ജഗത്തിൻെറ ഉത്പത്തി എന്നു പറഞ്ഞിട്ട

Digitization by Arya Samaj Charitable Foundation, Chennai

ണ്ടല്ലൊ. അപ്പോറം കാര്യകാരണഭാവം ഉണ്ടെന്നല്ലേ ശ്രുതിയുടെ അഭിപ്രായം? പിന്നെ എങ്ങനെ അതില്ലെന്നു പറയുന്നു എന്ന ചോദ്യത്തിന്നുള്ള സമാധാനമാണിതിൽ പറയുന്നതു്. ദ്വൈതത്തിന്റെ സത്യത്വത്തിൽ പൂർണ്ണമായി വിശ്വസിക്കുന്നവരും, ആത്മനാശത്തെ ഓർത്തു് അജാതിവാദത്തിൽ ഭയപ്പെടുന്നവരുമായ അവിവേകികളിൽ വിവേകദാർഢ്യം ഉണ്ടാക്കുവാൻവേണ്ടിയാണു് ഉത്പത്തിശ്രുതികളെല്ലാം. ജഗത്തു മുഴുവൻ ബ്രഹ്മത്തിൽനിന്നുണ്ടായതാണെന്നു പറഞ്ഞു് ക്രമേണ ക്രമേണ ബ്രഹ്മത്തിന്നല്ലാതെ ജഗത്തിന്നു് അസ്തിത്വമില്ല എന്നു സമർത്ഥിച്ചു് കൂടസ്ഥാദ്വിതീയവസ്തുവിൽ വിവേകദാർഢ്യം ഉണ്ടാക്കാമെന്ന അഭിപ്രായത്തോടുകൂടിയാണു് അദ്വൈതവാദികറം ഉത്പത്തിയെപ്പററി പറയുന്നതു്. അല്ലാതെ ശ്രുതികൊണ്ടോ യുക്തികൊണ്ടോ സമർത്ഥിക്കുവാൻ സാധിക്കാത്ത ദ്വൈതം സത്യമാണെന്നു വിചാരിച്ചിട്ടല്ല. അജാതിതന്നെയാണു് പരമാത്ഥമായിട്ടുള്ളതു്. 'ഉപായഃ സോഽവതാരായ' എന്നു് മുമ്പു പറഞ്ഞിട്ടുള്ളതും ഇതിന്നനുകൂലമാണു്.

> അജാതേസ്ത്രസതാം തേഷാ-
> മുപലംഭാദ് വിയന്തി യേ
> ജാതിദോഷാ ന സേത്സ്യന്തി
> ദോഷോഽപ്യല്പോ ഭവിഷ്യതി. 43

ഉപലംഭാദ് = അനുഭവംകൊണ്ടു്, യേ = യാവചിലർ, വിയന്തി = വിരുദ്ധമായി പോകുന്നുവോ, അജാതേഃ = ഉത്പത്തിയില്ലായ്മയിൽനിന്നു്, ത്രസതാം = ഭയപ്പെടുന്ന, തേഷാം = അവക്കു്, ജാതിദോഷാഃ = ജന്മംകൊണ്ടുള്ള ദോഷങ്ങറം, ന സേത്സ്യന്തി = സിദ്ധിക്കുകയില്ല. ദോഷഃ അപി = ദോഷം ഉണ്ടായാൽത്തന്നെയും, അല്പഃ ഭവിഷ്യതി = അല്പമായിരിക്കും.

അനുഭവംകൊണ്ടും സമാചരണംകൊണ്ടും ദ്വൈതമുണ്ടെന്നു വിശ്വസിക്കുന്നവരും ജനനമില്ലായ്മയിൽനിന്നു ഭയപ്പെടുന്നവരുമായ സാധകന്മാക്കു് ജന്മംകൊണ്ടുള്ള ദോഷങ്ങളുണ്ടാകുകയില്ല. ദശ്നത്തിന്റെ വിരുദ്ധതകൊണ്ടു്

Digitization by Arya Samaj Charitable Foundation, Chennai

വല്ല ദോഷവും ഉണ്ടാകുകയാണെങ്കിൽത്തന്നെ അതു നിസ്സാരമായിരിക്കും.

കുറിപ്പ്: അദ്വൈതികളുടെ ഉദാരവും വിശാലവുമായ മനോഭാവത്തെയാണിതു കാണിക്കുന്നതു്. അധികാരിഭേദമനുസരിച്ച് ദ്വൈതവിശ്വാസത്തിനും സ്ഥാനമുണ്ട്. ആത്മാർത്ഥതയും വിശ്വാസദാർഢ്യവുമുണ്ടെങ്കിൽ ക്രമേണ അവരും സത്യത്തെ സാക്ഷാത്കരിക്കും. കാരണം അവർ ശ്രദ്ധാലുക്കളും സന്മാർഗ്ഗാവലംബികളുമാണല്ലൊ. ഒരു വിശ്വാസത്തെയും അപലപിക്കരുതു്, 'ന ഹി കല്യാണകൃത് കശ്ചിദ് ദുർഗതിം താത ഗച്ഛതി' എന്ന ഗീതാവാക്യവും ഇതുതന്നെ പറയുന്നു.

ഉപലംഭാത്സമാചാരാന്മായാഹസ്തീ യഥോച്യതേ
ഉപലംഭാത് സമാചാരാദസ്തി വസ്തു തഥോച്യതേ. 44

ഉപലംഭാത് = അനുഭവംകൊണ്ടും, സമാചാരാത് = ആചരണംകൊണ്ടും, യഥാ = എപ്രകാരമാണോ, മായാഹസ്തീ = മായാഹസ്തി, ഉച്യതേ = പറയപ്പെടുന്നതു്, തഥാ = അപ്രകാരം, ഉപലംഭാത് = അനുഭവംകൊണ്ടും, സമാചാരാത് = ആചരണംകൊണ്ടും, വസ്തു = ദ്വൈതരൂപമായ വസ്തു, അസ്തി = ഉണ്ട്, (ഇതി) ഉച്യതേ = എന്നു പറയപ്പെടുന്നു.

അനുഭവംകൊണ്ടും ആചരണംകൊണ്ടും മായാഗജം ഉണ്ടെന്നു പറയുന്നതുപോലെയാണ് അനുഭവത്തെയും ആചരണത്തെയും അടിസ്ഥാനമാക്കി ദ്വൈതവസ്തു ഉണ്ടെന്നു പറയുന്നതും.

കുറിപ്പ്: ഒരു ഐന്ദ്രജാലികൻ തന്റെ വിദ്യകൾ കാണിക്കുമ്പോൾ, ഒരു ആന മുമ്പിൽ വരുന്നതായി അനുഭവപ്പെടുന്നു. ആനപ്പുറത്തു കയറുന്നതായും ആനയെക്കൊണ്ട് ഓരോ വിദ്യകൾ കാണിപ്പിക്കുന്നതായും നാം കാണുന്നു. എന്നാൽ ജാലവിദ്യ അവസാനിക്കുമ്പോൾ ആന മായാഗജമാണെന്നു മനസ്സിലാവുന്നു. അതുപോലെയാണ് ദ്വൈതവസ്തു ഉണ്ടെന്നു പറയുന്നതും. അനുഭവവും ആച

Digitization by Arya Samaj Charitable Foundation, Chennai

രണവും ദ്വൈതമുണ്ട് എന്നതിന്നു പ്രമാണമായി സ്വീകരിക്കാവതല്ല; കാരണം അവ അസദ്വസ്തുക്കളിലും കാണുന്നുണ്ട് എന്നർത്ഥം.

ജാത്യാഭാസം ചലാഭാസം വസ്ത്വാഭാസം തഥൈവ ച
അജാചലമവസ്തുത്വം വിജ്ഞാനം ശാന്തമദ്വയം. 45

ജാത്യാഭാസം = ജനിക്കുന്നതുപോലെ തോന്നുന്നതും, ചലാഭാസം = ഇളകുന്നതുപോലെ തോന്നുന്നതും, തഥാ ഏവ ച = അപ്രകാരംതന്നെ, വസ്ത്വാഭാസം = വസ്തു ഉള്ളതുപോലെ തോന്നുന്നതും, അജാചലം = ജനനമില്ലാത്തതും ഇളക്കമില്ലാത്തതും, അവസ്തുത്വം = ദ്രവ്യമല്ലാത്തതും, ശാന്തം = ശാന്തവും, അദ്വയം = അദ്വയവുമായ, വിജ്ഞാനം = വിജ്ഞാനമാകുന്നു.

അസത്തായ ദ്വൈതവസ്തുക്കൾ ഉണ്ടെന്നു തോന്നുവാനുള്ള അടിസ്ഥാനമെന്താണെന്നു വ്യക്തമാക്കുന്നു. ദേവദത്തൻ ജനിക്കുന്നു, നടക്കുന്നു; അവൻ വെളുത്തവനും തടിച്ചവനുമാണ് എന്നതുപോലെ ഒരു വസ്തു ജനിക്കുന്നു എന്നും ഇളകുന്നുവെന്നും ഉണ്ട് എന്നും തോന്നുന്നതിന്നുള്ള അടിസ്ഥാനം ജനനമില്ലാത്തതും ചലനമില്ലാത്തതും വസ്തുവല്ലാത്തതുംശാന്തവും അദ്വയവുമായ വിജ്ഞാനംതന്നെയാകുന്നു.

ഏവം ന ജായതേ ചിത്തമേവം ധർമ്മാ അജാഃ സ്മൃതാഃ
ഏവമേവ വിജാനന്തോ ന പതന്തി വിപര്യയേ. 46

ഏവം = ഇപ്രകാരം, ചിത്തം = ചിത്തം, ന ജായതേ = ജനിക്കുന്നില്ല. ഏവം = ഇപ്രകാരം, ധർമ്മാഃ = ജീവന്മാർ, അജാഃ = ജനനമില്ലാത്തവയായി, സ്മൃതാഃ = സ്മരിക്കപ്പെട്ടിരിക്കുന്നു. ഏവം ഏവ = ഇപ്രകാരംതന്നെ, വിജാനന്തഃ = അറിയുന്നവർ, വിപര്യയേ = അജ്ഞാനത്തിൽ, ന പതന്തി = പതിക്കുന്നില്ല.

ഈ വക കാരണങ്ങളെക്കൊണ്ട് ചിത്തം ജനിക്കുന്നില്ല; ജീവന്മാരും ജനിക്കുന്നില്ല എന്ന് ജ്ഞാനികൾ പറയുന്നു. ജീവന്മാരെന്ന് ബഹുത്വം പറഞ്ഞത് അജ്ഞാ

Digitization by Arya Samaj Charitable Foundation, Chennai

നികളെ ഉദ്ദേശിച്ചാണ്. വാസ്തവത്തിൽ അജവും അദ്വയവുമായ ആത്മാവുമാത്രമേ ഉള്ളൂ എന്ന ആത്മതത്ത്വം അറിയുന്നവർ അജ്ഞാനമാകുന്ന തമസ്സമുദ്രത്തിൽ പതിക്കുകയില്ല. അജ്ഞാനമാണ് ചിത്തവും ജീവന്മാരും ജനിക്കുന്നുണ്ടെന്ന പ്രതീതിക്കു കാരണമെന്നർത്ഥം.

ഋജുവക്രാദികാഭാസമലാതസ്പന്ദിതം യഥാ
ഗ്രഹണഗ്രാഹകാഭാസം വിജ്ഞാനസ്പന്ദിതം തഥാ. 47

അലാതസ്പന്ദിതം = തീക്കൊള്ളിയുടെ ചലനം, യഥാ = എപ്രകാരം, ഋജുവക്രാദികാഭാസം = ഋജു വക്രം മുതലായി പല രൂപത്തിൽ ശോഭിക്കുന്നുവോ, തഥാ = അപ്രകാരം, വിജ്ഞാനസ്പന്ദിതം = ജ്ഞാനത്തിന്റെ ചലനം, ഗ്രഹണഗ്രാഹകാഭാസം = ഗ്രഹണം, ഗ്രാഹകൻ മുതലായ പല രൂപങ്ങളിൽ ശോഭിക്കുന്നു.

ഒരു തീക്കൊള്ളിയുടെ വേഗത്തിലുള്ള ചലനം നേരെയുള്ളതും വളഞ്ഞതും വൃത്തത്തിലുള്ളതും മററുമായ രേഖയായി തോന്നുന്നതുപോലെയാണ് വിജ്ഞാനത്തിന്ന് അവിദ്യകൊണ്ടുള്ള ചലനം ഗ്രാഹകൻ ഗ്രഹണം മുതലായി പലവിധത്തിൽ തോന്നുന്നത്.

കുറിപ്പ്: ഒരു തീക്കൊള്ളി വളരെ വേഗത്തിൽ വട്ടത്തിൽ വീശുകയാണെങ്കിൽ ഒരു വൃത്താകാരമുള്ളതുപോലെ തോന്നുന്നു. അതുപോലെ നീണ്ടതും വളഞ്ഞതുമായ രേഖകളായും തോന്നും. ആ തീക്കൊള്ളി വൃത്താകാരമോ ഋജുവോ വക്രമോ ആകുന്നില്ല. അതുപോലെ അജവും അചലവും അവസ്തുവുമാണെന്ന് മുമ്പു പറഞ്ഞ അദ്വയവസ്തുവിൽ യാതൊരു മാററവുമുണ്ടാകുന്നില്ലെങ്കിലും അജ്ഞാനംകൊണ്ട് അതിൽ പല മാററങ്ങളുമുണ്ടായതായി തോന്നുകയാണ് ചെയ്യുന്നത്. സ്വന്തം രൂപത്തിന്ന് യാതൊരു മാററവും വരാതെ അസത്യമായ നാനാവസ്തുക്കളായി തോന്നുന്നതിന്നാണ് വിവർത്തം എന്നു പറയുന്നത്.

Digitization by Arya Samaj Charitable Foundation, Chennai

അസ്പന്ദമാനമലാതമനാഭാസമജം യഥാ
അസ്പന്ദമാനം വിജ്ഞാനമനാഭാസമജം തഥാ. 43

യഥാ = എപ്രകാരമാണോ, അസ്പന്ദമാനം = ഇളകാതിരിക്കുന്ന, അലാതം = തീക്കൊള്ളി, അനാഭാസം = പലതായി തോന്നാത്തതും, അജം = അജവുമായിരിക്കുന്നത്, തഥാ = അപ്രകാരം, അസ്പന്ദമാനം = ഇളകാത്തതായ, വിജ്ഞാനം = വിജ്ഞാനം, അനാഭാസം = ദ്വൈതാഭാസമില്ലാത്തതും, അജം = അജവുമാകുന്നു.

തീക്കൊള്ളി ഇളകാതിരിക്കുമ്പോൾ ഋജുവക്രാദി പ്രതീതികളൊന്നുമില്ലാതെ അജമായിരിക്കുന്നതുപോലെ അവിദ്യാമൂലകമായ സ്പന്ദനം ഇല്ലാതിരിക്കുന്ന വിജ്ഞാനവും ദ്വൈതാഭാസമൊന്നുമില്ലാതെ അജമായിരിക്കുന്നു.

കുറിപ്പ്: സ്വസ്വരൂപത്തിലിരിക്കുന്ന വിജ്ഞാനത്തെ അറിഞ്ഞാൽ അതിൽനിന്ന് ഒന്നും ജനിക്കുന്നില്ലെന്ന ബോധ്യമാകും. ഇളകാതിരിക്കുന്ന തീക്കൊള്ളി കാണുമ്പോൾ അതിൽ യാതൊരു ആകൃതിയുമില്ലെന്ന മനസ്സിലാകുമല്ലോ.

അലാതേ സ്പന്ദമാനേ വൈ നാഭാസാ അന്യതോ ഭുവഃ
ന തതോഽന്യത്ര നിസ്പന്ദാന്നാലാതം പ്രവിശന്തി തേ. 49

അലാതേ = തീക്കൊള്ളി, സ്പന്ദമാനേ വൈ = ഇളകിക്കൊണ്ടിരിക്കുമ്പോൾ, ആഭാസാഃ = തോന്നുന്ന രൂപങ്ങൾ, ന അന്യതഃ ഭുവഃ = മറ്റൊന്നിൽനിന്നുണ്ടാവുന്നവയല്ല. നിസ്പന്ദാത് = ഇളകാതിരിക്കുന്ന, തതഃ = അതിൽനിന്ന്, അന്യത്ര = മറ്റൊരിടത്ത്, ന (ഗച്ഛന്തി) = പോകുന്നില്ല. തേ = അവ, അലാതം = തീക്കൊള്ളിയിലേയ്ക്ക്, ന പ്രവിശന്തി = പ്രവേശിക്കുന്നില്ല.

തീക്കൊള്ളി ഇളകുമ്പോൾ തോന്നുന്ന പലവിധത്തിലുള്ള ആഭാസസ്വരൂപങ്ങൾ മറ്റെവിടെയുമുണ്ടായി തീക്കൊള്ളിയിലേയ്ക്കു വരുന്നതല്ല. തീക്കൊള്ളി ഇളകാതിരിക്കുമ്പോൾ മറ്റൊരിടത്തേയ്ക്കു പോകുന്നുമില്ല, തീക്കൊള്ളിയിലേയ്ക്കുതന്നെ പ്രവേശിക്കുന്നുമില്ല.

Digitization by Arya Samaj Charitable Foundation, Chennai

കുറിപ്പ്: തീക്കൊള്ളിയുടെ ചലനത്തിലുണ്ടാകുന്ന രൂപങ്ങളും വാസ്തവത്തിലുണ്ടായിരുന്നുവെങ്കിൽ അവയുടെ ഉത്പത്തിയോ ലയമോ കാണേണ്ടതായിരുന്നു. അതില്ലാത്തതുകൊണ്ട് അതു ഭ്രാന്തി മാത്രമെന്നു വ്യക്തമാകുന്നു.

ന നിർഗ്ഗതാ അലാതാത്തേ
ദ്രവ്യത്വാഭാവയോഗതഃ
വിജ്ഞാനേഽപി തഥൈവ സ്യു-
രാഭാസസ്യാവിശേഷതഃ. 50

ദ്രവ്യത്വാഭാവയോഗതഃ = ദ്രവ്യമെന്ന അവസ്ഥയില്ലാത്തതുകൊണ്ട്, തേ = അവ, അലാതാത് = തീക്കൊള്ളിയിൽനിന്നു്, ന നിർഗ്ഗതാഃ = പുറപ്പെട്ടവയല്ല. ആഭാസസ്യ = ആഭാസത്തിന്റെ, അവിശേഷതഃ = സാമ്യംകൊണ്ടു്, വിജ്ഞാനേ അപി = വിജ്ഞാനത്തിലും, തഥാ ഏവ = അപ്രകാരംതന്നെ, സ്യുഃ = ഭവിക്കും.

ദ്രവ്യമല്ലാത്തതുകൊണ്ട് അവ അലാതത്തിൽനിന്നു പുറപ്പെട്ടവയല്ല, ആഭാസരൂപത്വം തുല്യമായതുകൊണ്ട് വിജ്ഞാനത്തിലുണ്ടാകുന്ന ജന്മം മുതലായവയും അതു പോലെതന്നെയാണ്.

കുറിപ്പ്: പലവിധത്തിൽ തോന്നുന്ന ആഭാസസ്വരൂപങ്ങളും ഒരു വിധത്തിലും തീക്കൊള്ളിയിൽ സത്യമാകുവാൻ വയ്യാത്തതുപോലെ വിജ്ഞാനത്തിലും ജന്മാദിവികാരങ്ങളും സത്യമാകുവാൻ വയ്യ എന്നു താത്പര്യം.

വിജ്ഞാനേ സ്പന്ദമാനേ വൈ
നാഭാസാ അന്യതോ ഭുവഃ
ന തതോഽന്യത്ര നിസ്പന്ദാ-
ന്ന വിജ്ഞാനം വിശന്തി തേ. 51

വിജ്ഞാനേ = വിജ്ഞാനം, സ്പന്ദമാനേ വൈ = ഇളകിക്കൊണ്ടിരിക്കുമ്പോൾ, ആഭാസാഃ = ജന്മാദ്യാഭാസങ്ങൾ, ന അന്യതഃ ഭുവഃ = മറ്റൊന്നിൽനിന്നുണ്ടാവുന്നവയല്ല. നിസ്പന്ദാത് = ഇളകാ

Digitization by Arya Samaj Charitable Foundation, Chennai

തിരിക്കുന്ന, തതഃ = അതിൽനിന്നു്, അന്യത്ര = മറ്റൊരിടത്തു്, ന (ഗച്ഛന്തി) = പോകുന്നില്ല. തേ = അവ, വിജ്ഞാനം = വിജ്ഞാനത്തിലേയ്ക്കു്, ന വിശന്തി = പ്രവേശിക്കുന്നില്ല.

വിജ്ഞാനം സ്പന്ദിക്കുമ്പോൾ ജന്മം മുതലായ ഭ്രമങ്ങൾ മറ്റൊന്നിൽനിന്നും ഉണ്ടാകുന്നതല്ല, സ്പന്ദിക്കാതിരിക്കുമ്പോൾ മറ്റൊരിടത്തേയ്ക്കു പോകുന്നുമില്ല. വിജ്ഞാനത്തിലേയ്ക്കു പ്രവേശിക്കുന്നുമില്ല.

ന നിർഗ്ഗതാസ്തേ വിജ്ഞാനാദ്
ദ്രവ്യത്വാഭാവയോഗതഃ
കാര്യകാരണതാഭാവാദ്
യതോഽചിന്ത്യാഃ സദൈവ തേ. 52

ദ്രവ്യത്വാഭാവയോഗതഃ = ദ്രവ്യമെന്ന അവസ്ഥയില്ലാത്തതുകൊണ്ടു്, തേ = അവ, വിജ്ഞാനാത് = വിജ്ഞാനത്തിൽനിന്നു്, ന നിർഗ്ഗതാഃ = പുറപ്പെട്ടവയല്ല. യതഃ = എന്തുകൊണ്ടെന്നാൽ, കാര്യകാരണതാഭാവാത് = കാര്യകാരണഭാവമില്ലാത്തതുകൊണ്ടു്, തേ = അവ, സദാ ഏവ = എപ്പോഴുംതന്നെ, അചിന്ത്യാഃ = അചിന്ത്യങ്ങളാകുന്നു.

ദ്രവ്യത്വമില്ലാത്തതുകൊണ്ടു് അവ വിജ്ഞാനത്തിൽനിന്നു പുറപ്പെട്ടവയുമല്ല. കാര്യകാരണഭാവമില്ലാത്തതുകൊണ്ടു് അവ ആലോചിപ്പാൻ വയ്യാത്തവതന്നെയാകുന്നു.

കുറിപ്പു്: സ്വപ്നത്തിലും ജാഗ്രത്തിലും വിജ്ഞാനം പ്രവർത്തമാനമാണെന്നു തോന്നുമ്പോൾ ജന്മാദിദ്വൈതം മറ്റെവിടെനിന്നും ഉണ്ടാവുന്നതല്ല, തന്നിൽനിന്നും ഉണ്ടാവുന്നതല്ല. സുഷുപ്തിയിൽ വിജ്ഞാനം നിശ്ചലമാണെന്നു തോന്നുമ്പോൾ ഈ ദ്വൈതം തന്നിൽത്തന്നേയോ മറ്റൊന്നിലോ പോയി ലയിക്കുന്നുമില്ല. ഈ നിലയിൽ തീക്കൊള്ളിയുടെ ദൃഷ്ടാന്തം വിജ്ഞാനത്തിന്നും യോജിക്കുന്നതാണു്. ജന്മാദ്യാഭാസങ്ങൾ വസ്തുക്കളല്ലാത്തതുകൊണ്ടു്, ഒന്നിൽനിന്നുണ്ടാകുന്നുവെന്നോ ലയിക്കുന്നുവെന്നോ പറയുവാൻ വയ്യ. ഒരു വ്യത്യാസമു

Digitization by Arya Samaj Charitable Foundation, Chennai

ള്ളതു് വാസ്തവത്തിൽ വിജ്ഞാനം അചലമാണ്, നിർവ്വികാരമാണ്. അങ്ങനെയുള്ള വിജ്ഞാനത്തിന്നും ദ്വൈതവസ്തുക്കൾക്കും കാര്യകാരണഭാവമോ ജന്യജനകഭാവമോ ഉണ്ടാകുവാൻ നിവൃത്തിയില്ലാത്തതിനാൽ അവയുടെ ഉത്പത്തി അചിന്ത്യം തന്നെയാകുന്നു. ഒരു നിലയിലും അവയുടെ ഉത്പത്തിയെപ്പററി നിരൂപണംചെയ്തു സമർത്ഥിക്കുവാൻ സാധിക്കുകയില്ലെന്നർത്ഥം. ഭ്രാന്തിജന്യമായ ദ്വൈതം മിഥ്യതന്നെ.

ദ്രവ്യം ദ്രവ്യസ്യ ഹേതുഃ സ്യാ-
ദന്യദന്യസ്യ ചൈവ ഹി
ദ്രവ്യത്വമന്യഭാവോ വാ
ധർമ്മാണാം നോപപദ്യതേ. 53

ദ്രവ്യം = ദ്രവ്യം, ദ്രവ്യസ്യ = ദ്രവ്യത്തിന്നു്, ഹേതുഃ = കാരണമായി, സ്യാത് = ഭവിക്കും, അന്യത് = മറെറാന്നു്, അന്യസ്യ ച ഏവ = മറെറാന്നിന്നുതന്നെ, ഹേതുഃ ഹി = കാരണമായിത്തീരും. ദ്രവ്യത്വം = ദ്രവ്യത്വമോ, അന്യഭാവഃ വാ = അന്യഭാവമോ, ധർമ്മാണാം = ധർമ്മങ്ങൾക്കു്, ന ഉപപദ്യതേ = യുക്തമാകുന്നില്ല.

ദ്രവ്യം ദ്രവ്യത്തിന്നു കാരണമായിത്തീരും. അതുപോലെ ഒന്നു് മറെറാന്നിന്നു കാരണമാകും. ആത്മാവു് അദ്രവ്യവും അനന്യവുമായതിനാൽ കാര്യകാരണഭാവം സംഗതമാവുകയില്ല.

കുറിപ്പ്: ഒരു ദ്രവ്യത്തിൽനിന്നു് മററു ദ്രവ്യമുണ്ടാകാം. അങ്ങനെ ഒന്നു് അതിൽനിന്നു ഭിന്നമായ മറെറാന്നിന്നു മാത്രമേ കാരണമായിത്തീരുകയുള്ളൂ. ആത്മാവു് ദ്രവ്യമല്ല, അതിൽനിന്നു് അന്യമായി മറെറാന്നില്ലതാനും. അങ്ങനെ ആത്മാവു് അജവും അദ്രവ്യവും അനന്യവുമായതിനാൽ അതിൽനിന്നു് മറെറന്തെങ്കിലും ഉണ്ടാകുന്നുവെന്നോ അതു് മറെറാന്നിന്നു കാരണമാകുന്നുവെന്നോ പറയുന്നതു് ഒരിക്കലും ഉപപന്നമാകുകയില്ല. ദ്വൈതത്തിൻെറ ഉത്പത്തിക്കു് യാതൊരു അടിസ്ഥാനവുമില്ല എന്നർത്ഥം.

Digitization by Arya Samaj Charitable Foundation, Chennai

ഏവം ന ചിത്തജാ ധർമ്മാശ്ചിത്തം വാപി ന ധർമ്മജം
ഏവം ഹേതുഫലാജാതിം പ്രവിശന്തി മനീഷിണഃ. 54

ഏവം = ഇപ്രകാരം, ധർമ്മാഃ = വിഷയങ്ങൾ, ന ചിത്തജാഃ = ചിത്തത്തിൽനിന്നുണ്ടാകുന്നവയല്ല. ചിത്തം വാ = ചിത്തമോ, ന ധർമ്മജം അപി = ധർമ്മത്തിൽ നിന്നുണ്ടായതുമല്ല. ഏവം = ഇപ്ര കാരം, മനീഷിണഃ = വിദ്വാന്മാർ, ഹേതുഫലാജാതിം = ഹേതു ഫലങ്ങളുടെ അനുത്പത്തിയെ, പ്രവിശന്തി = തീർച്ചപ്പെടുത്തുന്നു.

ഇപ്രകാരം ബാഹ്യവിഷയങ്ങളും ചിത്തവും എല്ലാം വിജ്ഞാനത്തിലുണ്ടാകുന്ന വെറും തോന്നൽ മാത്രമാക യാൽ വിഷയങ്ങൾ ചിത്തത്തിൽനിന്നോ ചിത്തം വിഷ യങ്ങളിൽനിന്നോ ഉണ്ടാകുന്നതല്ല. ഇങ്ങനെ ഹേതുവിൽ നിന്ന് ഫലമോ ഫലത്തിൽനിന്ന് ഹേതുവോ ഉണ്ടാകു ന്നില്ലാത്തതിനാൽ ജന്മരഹിതങ്ങളായ അവ ഇല്ലാത്തവ തന്നെ എന്ന് ബ്രഹ്മജ്ഞാനികൾ നിശ്ചയിക്കുന്നു.

യാവദ്ധേതുഫലാവേശ–
സ്താവദ്ധേതുഫലോദ്ഭവഃ
ക്ഷീണേ ഹേതുഫലാവേശേ
നാസ്തി ഹേതുഫലോദ്ഭവഃ. 55

യാവത് = ഏതുവരെ, ഹേതുഫലാവേശഃ = ഹേതുഫലങ്ങളിൽ ആഗ്രഹമുണ്ടോ, താവത് = അതുവരെ, ഹേതുഫലോദ്ഭവഃ = ഹേതു ഫലങ്ങളുടെ ഉദ്ഭവം ഉണ്ടായിരിക്കും. ഹേതുഫലാവേശേ = ഹേതു ഫലങ്ങളിലുള്ള ആഗ്രഹം, ക്ഷീണേ = നശിക്കുമ്പോൾ, ഹേതു ഫലോദ്ഭവഃ = ഹേതുഫലങ്ങളുടെ ഉദ്ഭവവും, ന അസ്തി = ഇല്ല.

കാര്യകാരണങ്ങളിൽ വിശ്വാസമുള്ളേടത്തോളം കാലം കാര്യകാരണങ്ങളും ഉണ്ടായിരിക്കും. അജ്ഞാനം നശിക്കുമ്പോൾ കാര്യകാരണങ്ങൾ കല്പിതങ്ങളാണെന്നറി യുന്നു. പിന്നെ ഹേതുഫലങ്ങളുണ്ടാകയില്ല.

Digitization by Arya Samaj Charitable Foundation, Chennai

കുറിപ്പ്: ഹേതുഫലങ്ങളിലുള്ള ആവേശം, അതായത് ഞാൻ ധർമ്മാധർമ്മങ്ങളുടെ കർത്താവാകുന്നുവെന്നും അവയുടെ ഫലം ഞാൻ ഈ ജന്മത്തിലോ അടുത്ത ജന്മത്തിലോ അനുഭവിക്കുമെന്നും അവിദ്യയാലുണ്ടാകുന്ന വിശ്വാസം ഉള്ളേടത്തോളം കാലം ഹേതുഫലങ്ങളുടെ ഉദ്ഭവവും ഉണ്ടായിരിക്കും. മേൽവിവരിച്ച അദ്വൈതദർശനത്താൽ ഭ്രാന്തിജന്യമായ ഹേതുഫലാവേശം നശിച്ചാൽ പിന്നീട് ഹേതുഫലങ്ങൾ ഉദ്ഭവിക്കുകയില്ല.

യാവദ്ധേതുഫലാവേശഃ
സംസാരസ്താവദായതഃ
ക്ഷീണേ ഹേതുഫലാവേശേ
സംസാരം ന പ്രപദ്യതേ. 56

യാവത് = ഏതുവരെ, ഹേതുഫലാവേശഃ = ഹേതുഫലങ്ങളിൽ ആവേശമുണ്ടോ, താവത് = അതുവരെ, സംസാരഃ = സംസാരം, ആയതഃ = നീണ്ടുനില്ക്കുന്നു. ഹേതുഫലാവേശേ = ഹേതുഫലങ്ങളിലുള്ള ആവേശം, ക്ഷീണേ = നശിച്ചാൽ, സംസാരം = സംസാരത്തെ, ന പ്രപദ്യതേ = പ്രാപിക്കുന്നില്ല.

ഹേതുഫലാവേശംകൊണ്ടുള്ള ദോഷമെന്താണെന്നു പറയുന്നു: ഹേതുഫലങ്ങളിൽ ആഗ്രഹവും വിശ്വാസവും ഉള്ളേടത്തോളം കാലം സംസാരവും നീണ്ടുനില്ക്കും. ജ്ഞാനംകൊണ്ട് ഹേതുഫലങ്ങളിലുള്ള ആവേശം നശിച്ചാൽ പിന്നെ സംസാരത്തെ പ്രാപിക്കുകയില്ല. (അതുകൊണ്ട് സംസാരത്തിൽനിന്നു മോക്ഷം ആഗ്രഹിക്കുന്നവൻ യുക്തിവിചാരംകൊണ്ട് ഹേതുഫലങ്ങളുടെ മിഥ്യാത്വത്തെ ബോധിക്കുകയാണ് വേണ്ടതു്.)

സംവൃത്യാ ജായതേ സർവ്വം
ശാശ്വതം നാസ്തി തേന വൈ
സദ്ഭാവേന ഹ്യജം സർവ്വ-
മുച്ഛേദസ്തേന നാസ്തി വൈ. 57

Digitization by Arya Samaj Charitable Foundation, Chennai

സംവൃത്യാ = അവിദ്യയാലുണ്ടാകുന്ന വ്യവഹാരംകൊണ്ടാണ്, സർവ്വം = എല്ലാം, ജായതേ = ഉണ്ടാകുന്നതു്. തേന = അതുകൊണ്ടു്, ശാശ്വതം = നിത്യമായിട്ടുള്ളതു്, ന അസ്തി വൈ = ഇല്ലതന്നെ. സദ്ഭാവേന = സത്തെന്ന ഭാവത്തിൽ, സർവ്വം = എല്ലാം, അജം ഹി = ജന്മമില്ലാത്തതാണല്ലൊ. തേന = അതുകൊണ്ടു്, ഉച്ഛേദഃ = നാശം, ന അസ്തി വൈ = ഇല്ലതന്നെ.

അവിദ്യയാലുണ്ടാകുന്ന ലൗകികവ്യവഹാരത്തെ അടിസ്ഥാനമാക്കിയാണു് ഉണ്ടാകുന്നുവെന്നു പറയുന്നതു്. അതുകൊണ്ടുതന്നെ ഈ സംസാരം നിത്യമല്ലതാനും. പാരമാർത്ഥികമായി സത്തെന്ന നിലയിൽ അജമായ ആത്മാവല്ലാതെ മററൊന്നുമില്ലാത്തതിനാൽ ഒന്നും ജനിക്കുന്നില്ല, അതിനാൽത്തന്നെ നാശവുമില്ല.

കുറിപ്പ്: ഒന്നും ഉണ്ടാകുന്നില്ല എന്നും, അതേ സമയത്തു് ഹേതുഫലാവേശം ഉള്ളേടത്തോളം കാലം സംസാരം നീണ്ടുനില്ക്കുമെന്നും പറയുന്നതു് അന്യോന്യവിരുദ്ധമല്ലേ എന്ന പൂർവ്വപക്ഷത്തിനുള്ള സമാധാനമാണിതു്. ഇരുളിൽ കയറിനെക്കണ്ടു് പാമ്പെന്നു തെററിദ്ധരിക്കുന്നവൻ പേടിക്കുകയും ഓടുകയും മററും ചെയ്യുന്നു. അവൻെറ അഭിപ്രായത്തിൽ പാമ്പുള്ളതാണു്. തെററിദ്ധാരണയില്ലാത്തവൻ അവിടെ കയറിനെമാത്രം കാണുന്നു. ഇങ്ങനെ രണ്ടു നിലകളിൽ നിന്നു നോക്കുമ്പോൾ പാമ്പും കയറും ഉള്ളതാണെന്നു പറയാം. അതുപോലെ അജ്ഞാനിയുടെ നിലയിൽ ഈ സംസാരം ഉണ്ടു്. ജ്ഞാനിയുടെ നിലയിൽ സംസാരം ഉണ്ടാകുന്നില്ല, വിജ്ഞാനം മാത്രമേയുള്ളൂ.

ധർമ്മാ യ ഇതി ജായന്തേ ജായന്തേ തേ ന തത്ത്വതഃ
ജന്മ മായോപമം തേഷാം സാ ച മായാ ന വിദ്യതേ. 58

യേ ധർമ്മാഃ = ഏതു ധർമ്മങ്ങളാണോ, ഇതി = ഇപ്രകാരം, ജായന്തേ = ജനിക്കുന്നതു്, തേ = അവ, തത്ത്വതഃ=പരമാർത്ഥത്തിൽ, ന ജായന്തേ = ജനിക്കുന്നില്ല. തേഷാം = അവയുടെ, ജന്മം = ജന്മം,

Digitization by Arya Samaj Charitable Foundation, Chennai

മായോപമം = മായയ്ക്കു തുല്യമാകുന്നു. സാ മായാ = ആ മായ, ന വിദ്യതേ ച = ഇല്ലതാനും.

ഇങ്ങനെ ജനിക്കുന്നു എന്നു കല്പിക്കുന്ന വസ്തുക്കളും ജീവനും വാസ്തവത്തിൽ ജനിക്കുന്നില്ല. അവിദ്യകൊണ്ടു് അങ്ങനെ തോന്നുന്നുവെന്നേ ഉള്ളൂ. അവയുടെ ജന്മം മായ കൊണ്ടു് ജനിക്കുന്നതിന്നു തുല്യമാകുന്നു. മായയാകട്ടെ വാസ്തവത്തിൽ ഇല്ലാത്തതാണുതാനും. (വാസ്തവത്തിലി ല്ലാത്തതും എന്നാൽ ഉണ്ടെന്നു തോന്നുന്നതും ആയ ഒന്നിന്നു കൊടുക്കുന്ന പേരാണു് മായ.)

യഥാ മായാമയാദ് ബീജാ-
ജ്ജായതേ തന്മയോഽങ്കുരഃ
നാസൗ നിത്യോ ന ചോച്ഛേദീ
തദ്വദ്ധർമ്മേഷു യോജനാ. 59

യഥാ = എപ്രകാരമാണോ, മായാമയാത് = മായാമയമായ, ബീജാത് = ബീജത്തിൽനിന്നു്, തന്മയഃ = മായാമയമായ, അങ്കുരഃ = മുള, ജായതേ = ജനിക്കുന്നതു്, അസൗ = ഇതു്, ന നിത്യഃ = നിത്യമല്ലാതെയും, ന ഉച്ഛേദീ ച = നാശമില്ലാത്തതായും ഇരിക്കുന്നതു്, തദ്വത് = അതുപോലെയാണു്, ധർമ്മേഷു = ധർമ്മങ്ങ ളിലും, യോജനാ = യോജിപ്പിക്കുന്നതു്.

ജന്മം മായോപമമാണെന്നു പറഞ്ഞതിനെ വിവരി ക്കുന്നു: ഇന്ദ്രജാലത്തിൽ, മായകൊണ്ടു് ഉള്ളതായിത്തോ ന്നുന്ന വിത്തിൽനിന്നു് മായാമയമായ ചെടികളുണ്ടാകുന്ന തായി കാണുന്നുണ്ടു്. അവ നിത്യമോ നാശമുള്ളവയോ അല്ല. കാരണം അവ സത്യമല്ലെന്നതുതന്നെ. അതുപോ ലെത്തന്നെയാണു് വസ്തുക്കളും ജീവനും. അവയും മായ യിൽനിന്നുണ്ടാകുന്നവയായതുകൊണ്ടു് സത്യമല്ല. അതു കൊണ്ടുതന്നെ നിത്യമല്ല, നാശമുള്ളവയുമല്ല.

Digitization by Arya Samaj Charitable Foundation, Chennai

നാജേഷു സർവ്വധർമ്മേഷു ശാശ്വതാശാശ്വതാഭിധാ
യത്ര വർണ്ണാ ന വർത്തന്തേ വിവേകസ്തത്ര നോച്യതേ.60

അജേഷു = അജങ്ങളായ, സർവ്വധർമ്മേഷു = എല്ലാം ധർമ്മങ്ങളിലും, ശാശ്വതാശാശ്വതാഭിധാ = ശാശ്വതമെന്നും അശാശ്വതമെന്നും ഉള്ള വ്യവഹാരം, ന = പ്രവർത്തിക്കുന്നില്ല. യത്ര = യാതൊരിടത്ത്, വർണ്ണാഃ = ശബ്ദങ്ങൾ, ന വർത്തന്തേ = പ്രവർത്തിക്കുന്നില്ലയോ, തത്ര= അവിടെ, വിവേകഃ = സത്യമോ അസത്യമോ എന്ന വിവേകം, ന ഉച്യതേ = പറയപ്പെടുന്നില്ല.

ഉണ്ടായിട്ടുതന്നെയില്ലാത്ത ജീവന്മാരെയും വസ്തുക്കളേയും സംബന്ധിച്ച് ശാശ്വതമോ അശാശ്വതമോ എന്ന വ്യവഹാരംതന്നെ ഉണ്ടാകുന്നില്ല. ശബ്ദങ്ങളെക്കൊണ്ട് വ്യവഹരിക്കുവാൻ വയ്യാത്തതിനെ എങ്ങനെ നിത്യമെന്നും അനിത്യമെന്നും വേർതിരിക്കും ?

കുറിപ്പ്: വ്യാവഹാരികലോകത്തിൽ വ്യാവഹാരികവസ്തുക്കളെ സംബന്ധിച്ചേ നിത്യമോ അനിത്യമോ എന്ന വിചാരം യോജിക്കുകയുള്ളൂ. ആത്മാവാകട്ടെ 'യതോ വാചോ നിവർത്തന്തേ' എന്ന ശ്രുതിയനുസരിച്ച് ശബ്ദവ്യവഹാര്യമല്ലതാനും.

യഥാ സ്വപ്നേ ദ്വയാഭാസം
ചിത്തം ചലതി മായയാ
തഥാ ജാഗ്രദ് ദ്വയാഭാസം
ചിത്തം ചലതി മായയാ. 61

യഥാ = എപ്രകാരമാണോ, സ്വപ്നേ=സ്വപ്നത്തിൽ, ചിത്തം = ചിത്തം, മായയാ=മായകൊണ്ട്, ദ്വയാഭാസം = രണ്ടെന്നു തോന്നുന്നവിധത്തിൽ, ചലതി = ചലിക്കുന്നതു്, തഥാ = അപ്രകാരം, ജാഗ്രത് = ജാഗ്രത്തിലും, ചിത്തം = ചിത്തം, മായയാ = മായകൊണ്ട്, ദ്വയാഭാസം = രണ്ടെന്നു തോന്നത്തക്കവിധത്തിൽ, ചലതി = ചലിക്കുന്നു.

Digitization by Arya Samaj Charitable Foundation, Chennai

സ്വപ്നത്തിൽ മനസ്സ് മായകൊണ്ട് രണ്ടെന്നുതോന്നത്തക്കവിധത്തിൽ ചലിക്കുന്നതുപോലെ ജാഗ്രത്തിലും മനസ്സ് മായകൊണ്ട് ഗ്രാഹ്യമെന്നും ഗ്രാഹകമെന്നും രണ്ടെന്നു തോന്നത്തക്കവിധത്തിൽ ചലിക്കുന്നു. (അദ്വൈതപ്രകരണത്തിൽ 29-ാം ശ്ലോകമായി വിവരിച്ചിട്ടുള്ളതാണിത്.)

അദ്വയം ച ദ്വയാഭാസം ചിത്തം സ്വപ്നേ ന സംശയഃ
അദ്വയം ച ദ്വയാഭാസം തഥാ ജാഗ്രന്ന സംശയഃ. 62

സ്വപ്നേ = സ്വപ്നത്തിൽ, ചിത്തം = ചിത്തം, അദ്വയം = രണ്ടില്ലാത്തതും, ദ്വയാഭാസം ച = രണ്ടെന്നപോലെ തോന്നുന്നതുമാണെന്നതിൽ, ന സംശയഃ = സംശയമില്ല. തഥാ = അപ്രകാരം, ജാഗ്രത് = ജാഗ്രത്തിലും, ചിത്തം = ചിത്തം, അദ്വയം = രണ്ടില്ലാത്തതും, ദ്വയാഭാസം ച = രണ്ടെന്നപോലെ തോന്നുന്നതുമാണെന്നതിൽ, ന സംശയഃ = സംശയമില്ല.

സ്വപ്നത്തിൽ ഏകമായ ചിത്തം ഗ്രാഹ്യവും ഗ്രാഹകവുമായി തോന്നുകയാണെന്നതിൽ സംശയമില്ല. അതുപോലെ ജാഗ്രത്തിലും ഏകമായ ചിത്തം ഗ്രാഹ്യവും ഗ്രാഹകവുമായി തോന്നുകയാണ് ചെയ്യുന്നത്.

കുറിപ്പ്: അദ്വൈതപ്രകരണം 30-ാം ശ്ലോകമായി ഇതു വിവരിച്ചിട്ടുണ്ട്. വാക്കുകൊണ്ട് ആത്മാവിനെ വിവരിക്കുവാൻ ശ്രമിച്ചിട്ടുള്ളതെല്ലാം ചിത്തസ്പന്ദനരൂപമായ ദ്വൈതത്തിന്റെ നിലയിൽ നിന്നാണെന്നും അതൊന്നും പാരമാർത്ഥികമായ ഭാവമല്ലെന്നും കാണിക്കുവാൻ ഈ രണ്ടു ശ്ലോകങ്ങളും വീണ്ടും ഇവിടെ ഉദ്ധരിച്ചിരിക്കുകയാണ്.

സ്വപ്നദൃക് പ്രചരൻ സ്വപ്നേ
ദിക്ഷു വൈ ദശസു സ്ഥിതാൻ
അണ്ഡജാൻ സ്വേദജാൻ വാപി
ജീവാൻ പശ്യതി യാൻ സദാ. 63

Digitization by Arya Samaj Charitable Foundation, Chennai

സ്വപ്നദൃക്ചിത്തദൃശ്യാസ്തേ
ന വിദ്യന്തേ തതഃ പൃഥക്
തഥാ തദ്ദൃശ്യമേവേദം
സ്വപ്നദൃക്ചിത്തമിഷ്യതേ. 64

സ്വപ്നദൃക് = സ്വപ്നം കാണുന്നവൻ, സ്വപ്നേ = സ്വപ്നത്തിൽ, പ്രചരൻ = സഞ്ചരിക്കുന്നവനായി, ദശസു ദിക്ഷു = പത്തു ദിക്കുകളിൽ, സ്ഥിതാൻ വൈ = സ്ഥിതിചെയ്യുന്ന, അണ്ഡജാൻ = മുട്ടവിരിഞ്ഞുണ്ടാകുന്നവയോ, സ്വേദജാൻ വാ അപി = വിയർപ്പിൽനിന്നുണ്ടാകുന്നവയോ ആയ, യാൻ = യാവ ചില, ജീവാൻ = ജീവികളെ, സദാ = എപ്പോഴും, പശ്യതി = കാണുന്നുവോ, സ്വപ്നദൃക്ചിത്തദൃശ്യാഃ = സ്വപ്നം കാണുന്നവന്റെ മനസ്സിനാൽ കാണപ്പെടുന്നവയായ, തേ = അവ, തതഃ = അതിൽനിന്ന്, പൃഥക് = വേറെയായി, ന വിദ്യന്തേ = ഇല്ല. തഥാ = അപ്രകാരം, ഇദം = ഈ, സ്വപ്നദൃക്ചിത്തം = സ്വപ്നം കാണുന്നവന്റെ ചിത്തവും, തദ്ദൃശ്യം ഏവ = അവനാൽ കാണപ്പെടുന്നതുതന്നെയായി, ഇഷ്യതേ = വിചാരിക്കപ്പെടുന്നു.

സ്വപ്നം കാണുന്നവൻ സ്വപ്നസ്ഥാനത്തു സഞ്ചരിച്ച് പത്തു ദിക്കുകളിലും കാണുന്ന അണ്ഡജങ്ങളും സ്വേദജങ്ങളും മററുമായ ജീവികളൊന്നും സ്വപ്നം കാണുന്നവന്റെ മനസ്സിൽനിന്നു വേറിട്ടവയായി നിലനില്ക്കുന്നില്ല. മനസ്സുതന്നെ അനേകജീവികളുടെ രൂപങ്ങളിൽ വികല്പിക്കപ്പെടുകയാണ് ചെയ്യുന്നതു്. അതുപോലെ സ്വപ്നദർശിയാൽ കാണപ്പെടുന്ന ചിത്തവും അവനിൽനിന്നു വേറിട്ടില്ല. സ്വപ്നദർശിയിൽനിന്നു വ്യതിരിക്തമായി ചിത്തമെന്നൊന്നില്ലെന്നർത്ഥം. ഇങ്ങനെ സ്വപ്നത്തിൽ ദ്വൈതം വാസ്തവത്തിലില്ലെന്ന് വ്യക്തമായി മനസ്സിലാക്കാം. ഇതുപോലെത്തന്നെയാകുന്നു ജാഗ്രത്തിലും.

ചരൻ ജാഗരിതേ ജാഗ്ര-
ദ്ദിക്ഷു വൈ ദശസു സ്ഥിതാൻ
അണ്ഡജാൻ സ്വേദജാൻ വാപി
ജീവാൻ പശ്യതി യാൻ സദാ. 65

Digitization by Arya Samaj Charitable Foundation, Chennai

ജാഗ്രച്ചിത്തേക്ഷണീയാസ്തേ
ന വിദ്യന്തേ തതഃ പൃഥക്
തഥാ തദ്ദൃശ്യമേവേദം
ജാഗ്രതശ്ചിത്തമിഷ്യതേ. 66

ജാഗ്രത് = ഉണന്നിരിക്കുന്നവൻ, ജാഗരിതേ = ജാഗ്രദവസ്ഥയിൽ, ചരൻ = സഞ്ചരിക്കുന്നവനായി, ദശസു ദിക്ഷു = പത്തു ദിക്കുകളിൽ, സ്ഥിതാൻ വൈ = സ്ഥിതിചെയ്യുന്ന, അണ്ഡജാൻ = മുട്ട വിരിഞ്ഞുണ്ടാകുന്നവയോ, സ്വേദജാൻ വാ അപി = വിയപ്പിൽനിന്നുണ്ടാകുന്നവയോ ആയ, യാൻ = യാവചില, ജീവാൻ = ജീവികളെ, സദാ = എപ്പോഴും, പശ്യതി = കാണുന്നുവോ, ജാഗ്രച്ചിത്തേക്ഷണീയാഃ = ജാഗ്രദവസ്ഥയിലിരിക്കുന്നവൻെറ മനസ്സുകൊണ്ടു കാണപ്പെടുന്നവയായ, തേ = അവ, തതഃ = അതിൽനിന്നു്, പൃഥക് = വേറെയായി, ന വിദ്യന്തേ = ഇല്ല. തഥാ = അപ്രകാരം, ഇദം = ഈ, ജാഗ്രതഃ = ഉണന്നിരിക്കുന്നവൻെറ, ചിത്തം = മനസ്സ്, തദ്ദൃശ്യം ഏവ = അവനാൽ കാണപ്പെടുന്നതുതന്നെയായി, ഇഷ്യതേ = വിചാരിക്കപ്പെടുന്നു.

ഉണന്നിരിക്കുന്നവൻ ജാഗ്രദവസ്ഥയിൽ സഞ്ചരിച്ച് പത്തു ദിക്കുകളിലും കാണുന്ന അണ്ഡജങ്ങളും സ്വേദജങ്ങളും മററുമായ ജീവികളൊന്നും കാണുന്നവൻെറ മനസ്സിൽനിന്നു് വേറിട്ടു നിലനില്ക്കുന്നില്ല; മനസ്സു പ്രവത്തിക്കുന്നുണ്ടെങ്കിൽ മാത്രമേ ആ ജീവികളെ കാണുന്നുള്ളു. അതുകൊണ്ടു് മനസ്സുതന്നെ അനേക ജീവികളുടെ രൂപത്തിൽ വികല്പിക്കപ്പെടുകയാണു് ചെയ്യുന്നതു്. അതുപോലെ ഉണന്നിരിക്കുന്നവൻെറ ചിത്തവും സ്വപ്നത്തിലെ ചിത്തം പോലെ ദ്രഷ്ടാവിനാൽ കാണപ്പെടുന്നതായതുകൊണ്ടു് ദ്രഷ്ടാവിൽനിന്നു വേറെയല്ല. ദ്രഷ്ടാവിൽനിന്നു് വ്യതിരിക്തമായി ചിത്തവുമില്ലെന്നത്ഥം. സ്വപ്നത്തിലെപ്പോലെ ജാഗ്രത്തിലും ദ്വൈതം അസത്താണെന്നു് ഇങ്ങനെ വ്യക്തമാകുന്നു.

Digitization by Arya Samaj Charitable Foundation, Chennai

ഉഭേ ഹ്യന്യോന്യദൃശ്യേ തേ
കിംചിദസ്തീതി നോച്യതേ
ലക്ഷണാശൂന്യമുഭയം
തന്മതേനൈവ ഗൃഹ്യതേ. 67

തേ = അവ, ഉഭേ = രണ്ടും, അന്യോന്യദൃശ്യേ ഹി = അന്യോന്യം കാണപ്പെടേണ്ടവയാണല്ലൊ, കിംചിത് = ഒന്നുംതന്നെ, ന അസ്തി ഇതി = ഇല്ല എന്നു്, ഉച്യതേ = പറയപ്പെടുന്നു. ലക്ഷണാശൂന്യം = പ്രമാണശൂന്യമായ, ഉഭയം = രണ്ടും, തന്മതേന ഏവ = അതിനെപ്പററിയുള്ള അറിവുകൊണ്ടുമാത്രമേ, ഗൃഹ്യതേ = ഗ്രഹിക്കപ്പെടുന്നുള്ളു.

മനസ്സും വിഷയങ്ങളും അന്യോന്യദൃശ്യങ്ങളാകയാൽ രണ്ടും ഇല്ലെന്നു പറയുന്നു. സ്വതന്ത്രമായി ഒന്നിനെ തെളിയിക്കുവാനുള്ള കഴിവു് അതിന്നില്ല.

കുറിപ്പ്: മനസ്സും വിഷയങ്ങളും അന്യോന്യദൃശ്യങ്ങളാണു്. മനസ്സുണ്ടെങ്കിലേ വിഷയങ്ങളെപ്പററി അറിയുവാൻ സാധിക്കുകയുള്ളു; വിഷയങ്ങളുണ്ടെങ്കിലേ മനസ്സുണ്ടെന്നറിവാൻ സാധിക്കുകയുള്ളു. അതുകൊണ്ടു് അവ അന്യോന്യം സാപേക്ഷങ്ങളായിരിക്കുന്നു. ഇങ്ങനെ അന്യോന്യദൃശ്യങ്ങളായതുകൊണ്ടു് അവ രണ്ടും ഇല്ലെന്നു് പറയപ്പെടുന്നു. ദൃശ്യവും ദർശനവും പരസ്പരാശ്രയങ്ങളായതുകൊണ്ടു് സ്വതന്ത്രമായി ഒന്നിന്നും പ്രമാണം കാണിക്കുവാൻ സാധിക്കുകയില്ല. ഘടത്തെ അറിയാതെ ഘടബുദ്ധിയോ ഘടബുദ്ധിയില്ലാതെ ഘടമോ ഗ്രഹിക്കപ്പെടുന്നില്ല. അതുകൊണ്ടു് പ്രമാണമെന്നും പ്രമേയമെന്നുമുള്ള ഭേദം കല്പിക്കുവാൻ സാധിക്കുകയില്ലെന്നു സാരം. സ്വപ്നത്തിൽ ഹസ്ത്യാദിദൃശ്യമോ ദൃശ്യാകാരമായ ചിത്തമോ രണ്ടും ഉള്ളതിന്നു് യാതൊരു പ്രമാണവും ഇല്ല; വിശ്വസിക്കാവുന്ന തെളിവും ഇല്ല. അതുപോലെതന്നെയാണു് ജാഗ്രത്തിലും എന്നു് വിവേകികളാൽ തീർച്ചപ്പെടുത്തുന്നു.

യഥാ സ്വപ്നമയോ ജീവോ
ജായതേ മ്രിയതേഽപി ച
തഥാ ജീവാ അമീ സർവേ
ഭവന്തി ന ഭവന്തി ച. 68

Digitization by Arya Samaj Charitable Foundation, Chennai

യഥാ മായാമയോ ജീവോ
ജായതേ മ്രിയതേഽപി ച
തഥാ ജീവാ അമീ സർവ്വേ
ഭവന്തി ന ഭവന്തി ച. 69

യഥാ നിർമ്മിതകോ ജീവോ
ജായതേ മ്രിയതേഽപി ച
തഥാ ജീവാ അമീ സർവ്വേ
ഭവന്തി ന ഭവന്തി ച. 70

യഥാ = എപ്രകാരമാണോ, സ്വപ്നമയഃ = സ്വപ്നമയനായ, ജീവഃ = ജീവൻ, ജായതേ = ജനിക്കുകയും, മ്രിയതേ അപി ച = മരിക്കുകയും ചെയ്യുന്നതു്, തഥാ = അപ്രകാരം, അമീ = ഈ, സർവ്വേ = എല്ലാം, ജീവാഃ = ജീവങ്ങളും, ഭവന്തി = ഉണ്ടാവുകയും, ന ഭവന്തി ച = ഇല്ലാതാവുകയും ചെയ്യുന്നു.

യഥാ = എപ്രകാരമാണോ, മായാമയഃ = മായാവിയാൽ ഉണ്ടാക്കപ്പെട്ട, ജീവഃ = ജീവൻ, ജായതേ = ജനിക്കുകയും, മ്രിയതേ അപി ച = മരിക്കുകയും ചെയ്യുന്നതു്, തഥാ = അപ്രകാരം, അമീ = ഈ, സർവ്വേ = എല്ലാം, ജീവാഃ = ജീവങ്ങളും, ഭവന്തി = ഉണ്ടാവുകയും, ന ഭവന്തി ച = ഇല്ലാതാവുകയും ചെയ്യുന്നു.

യഥാ = എപ്രകാരമാണോ, നിർമ്മിതകഃ = മന്ത്രൗഷധികളാൽ ഉണ്ടാക്കപ്പെടുന്ന, ജീവഃ = ജീവൻ, ജായതേ = ജനിക്കുകയും, മ്രിയതേ അപി ച = മരിക്കുകയും ചെയ്യുന്നതു്, തഥാ = അപ്രകാരം, അമീ = ഈ, സർവ്വേ = എല്ലാം, ജീവാഃ = ജീവങ്ങളും, ഭവന്തി = ഉണ്ടാവുകയും, ന ഭവന്തി ച = ഇല്ലാതാവുകയും ചെയ്യുന്നു.

സ്വപ്നത്തിലുള്ളതോ മായാവിയാൽ ഉണ്ടാക്കപ്പെടുന്നതോ മന്ത്രൗഷധികളാൽ നിർമ്മിക്കപ്പെടുന്നതോ ആയ ജീവൻ എപ്രകാരമാണോ ജനിക്കുകയും മരിക്കുകയും ചെയ്യുന്നതു് അപ്രകാരം തന്നെയാണു് മനുഷ്യാദിജീവന്മാരും ഉണ്ടാവുകയും ഇല്ലാതാവുകയും ചെയ്യുന്നതു്. എല്ലാം മിഥ്യയും ചിത്തവികല്പനാമാത്രങ്ങളുമാണെന്നു സാരം.

Digitization by Arya Samaj Charitable Foundation, Chennai

ന കശ്ചിജ്ജായതേ ജീവഃ
സംഭവോഽസ്യ ന വിദ്യതേ
ഏതത്തദുത്തമം സത്യം
യത്ര കിംചിന്ന ജായതേ. 71

കശ്ചിത് ജീവഃ = ഒരു ജീവനും, ന ജായതേ = ജനിക്കുന്നില്ല. അസ്യ = ഈ ജീവന്നു്, സംഭവഃ = ഉത്പത്തി, ന വിദ്യതേ = ഇല്ല. ഏതത് = ഇതു്, തത് = ആ, ഉത്തമം = ഉത്തമമായ, സത്യം = സത്യമാകുന്നു. യത്ര = യാതൊന്നിൽ, കിഞ്ചിത് = യാതൊന്നും, ന ജായതേ = ഉണ്ടാകുന്നില്ല.

ഒരു ജീവനും ജനിക്കുന്നില്ല. ഒരു വിധത്തിലും അതിന്നു് ഉത്പത്തിയുണ്ടെന്നു പറയുവാൻ സാധിക്കുകയില്ല. ഏതൊരു സത്യത്തിലാണോ ഒന്നും ജനിക്കുന്നില്ലാത്തതു് അതു് ഉത്തമമായ സത്യമാകുന്നു.

കുറിപ്പ്: ജീവൻ ജനിക്കുന്നു മരിക്കുന്നു എന്നെല്ലാം പറയുന്നതു് വ്യാവഹാരികസത്യവിഷയത്തിലാണു്; അവ ഇന്ദ്രജാലാദികളെപ്പോലെ മിഥ്യയാണെന്നു മുമ്പു പറഞ്ഞു. അതുകൊണ്ടു് ജീവന്നു കാരണമോ ജനനമോ ഇല്ലെന്നതാണു് പരമവും ഉത്തമവുമായ സത്യം. അദ്വൈതപ്രകരണത്തിലെ അവസാനത്തെ ശ്ലോകം ഇവിടെ വീണ്ടും ഉദ്ധരിക്കുകയാണു് ചെയ്യുന്നതു്.

ചിത്തസ്പന്ദിതമേവേദം
ഗ്രാഹ്യഗ്രാഹകവദ്ദ്വയം
ചിത്തം നിർവ്വിഷയം നിത്യ-
മസംഗം തേന കീർത്തിതം. 72

ഗ്രാഹ്യഗ്രാഹകവത് = ഗ്രാഹ്യമെന്നും ഗ്രാഹകനെന്നും വ്യത്യാസമുള്ള, ഇദം = ഈ, ദ്വയം = ദ്വൈതം, ചിത്തസ്പന്ദിതം ഏവ = മനസ്സിന്റെ സ്പന്ദനം തന്നെയാകുന്നു, തേന = അതുകൊണ്ടു്, ചിത്തം = ചിത്തം, നിർവ്വിഷയം = വിഷയമൊന്നുമില്ലാത്തതും, നിത്യം =

Digitization by Arya Samaj Charitable Foundation, Chennai

നിത്യവും, അസംഗം = സംഗമില്ലാത്തതുമാണ് എന്ന്, കീർത്തിതം = കീർത്തിക്കപ്പെട്ടിരിക്കുന്നു.

ഗ്രാഹ്യമെന്നും ഗ്രാഹകനെന്നും വ്യത്യാസമുള്ള ഈ ദ്വൈതം മുഴുവൻ മനസ്സിന്റെ സ്പന്ദനമാകുന്നു. മനസ്സാകട്ടെ യഥാർത്ഥത്തിൽ ആത്മാവുതന്നെയാകുന്നു. ആ നിലയിൽ ചിത്തം നിർവ്വിഷയവും നിത്യവും അസംഗവുമാകുന്നു.

കുറിപ്പ്: വിഷയമുണ്ടാകുമ്പോഴാണല്ലോ സംഗമുണ്ടാകുന്നതു്. ചിത്തം വാസ്തവത്തിൽ നിർവ്വിഷയമായതുകൊണ്ട് അസംഗമാകുന്നു. അവിദ്യകൊണ്ട് ചിത്തത്തിന്നു് സ്പന്ദനമുണ്ടാകുമ്പോഴാണ് വിഷയവിഷയികളുണ്ടെന്നുതന്നെ തോന്നുന്നതു്.

യോഽസ്തി കല്പിതസംവൃത്യാ
പരമാർത്ഥേന നാസ്ത്യസൗ
പരതന്ത്രാഭിസംവൃത്യാ
സ്യാന്നാസ്തി പരമാർത്ഥതഃ. 73

കല്പിതസംവൃത്യാ = കല്പിതമായ വ്യവഹാരംകൊണ്ട്, യഃ = യാതൊന്ന്, അസ്തി = ഉണ്ടോ, അസൗ = ഇതു്, പരമാർത്ഥേന = പരമാർത്ഥമായിട്ടു്, ന അസ്തി = ഇല്ല. പരതന്ത്രാഭിസംവൃത്യാ = മററു ശാസ്ത്രങ്ങളുടെ വ്യവഹാരമനുസരിച്ച്, സ്യാത് = ഉണ്ടായിരിക്കാം, പരമാർത്ഥതഃ = പരമാർത്ഥമായിട്ടു്, ന അസ്തി = ഇല്ല.

അവിദ്യാകല്പിതമായ വ്യവഹാരംകൊണ്ടുള്ളതു് യഥാർത്ഥത്തിലില്ല. മററു ശാസ്ത്രങ്ങളുടെ മതമനുസരിച്ച് ഉണ്ടെന്നു പറയുന്നതും പരമാർത്ഥത്തിലില്ലാത്തതാണ്.

കുറിപ്പ്: നിർവ്വിഷയമായതുകൊണ്ട് ചിത്തം അസംഗമാകുന്നു എന്നു പറയുന്നതു ശരിയല്ല. ശാസ്ത്രം ചിത്തത്തിന്നു വിഷയമാകേണ്ടതാണല്ലോ 'എന്നു പറയുകയാണെങ്കിൽ, ശാസ്ത്രം, ശാസ്താവ്, ശിഷ്യൻ മുതലായ കല്പനകൾ അവിദ്യാവിഷയങ്ങളും ജ്ഞാനത്തിന്നുള്ള ഉപായങ്ങളുമാണ്. അവിദ്യാകല്പിതമായ ആ വ്യവഹാരം

Digitization by Arya Samaj Charitable Foundation, Chennai

ജ്ഞാനസിദ്ധിക്കശേഷം ഉണ്ടാകാത്തതുകൊണ്ട് അവയൊന്നും സത്യമല്ല എന്നു തെളിയുന്നു. 'ജ്ഞാതേ ദ്വൈതം ന വിദ്യതേ' എന്നു് ശ്രുതിയും പറയുന്നുണ്ടല്ലൊ. അതുപോലെ വൈശേഷികന്മാർ ഉണ്ടെന്നു പറയുന്ന ദ്രവ്യാദിപദാർത്ഥങ്ങളും അവിദ്യാവ്യവഹാരദശയിൽ മാത്രമേ ഉള്ളൂ. പരമാർത്ഥദശയിൽ അവയൊന്നും സത്യത്വമില്ല. അതുകൊണ്ട് ചിത്തം നിർവ്വിഷയവും അസംഗവുമാകുന്നുവെന്നതിൽ തെററില്ല.

അജഃ കല്പിതസംവൃത്യാ
പരമാർത്ഥേന നാപ്യജഃ
പരതന്ത്രാഭിനിഷ്പത്ത്യാ
സംവൃത്യാ ജായതേ തു സഃ. 74

കല്പിതസംവൃത്യാ = കല്പിതമായ വ്യവഹാരംകൊണ്ടാണ്, അജഃ = അജനെന്നു പറയുന്നതു്. പരമാർത്ഥേന = പരമാർത്ഥത്തിൽ, അജഃ അപി ന = അജനുമല്ല, പരതന്ത്രാഭിനിഷ്പത്ത്യാ = മററു ശാസ്ത്രങ്ങളുടെ സിദ്ധാന്തമനുസരിച്ചു്, സഃ തു = അവനാകട്ടെ, സംവൃത്യാ= വ്യവഹാരാനുസൃതമായി, ജായതേ = ജനിക്കുന്നു.

ശാസ്ത്രം അവിദ്യാകല്പിതമായ വ്യവഹാരംകൊണ്ടു് ഉള്ളതാണെങ്കിൽ അജനെന്ന വ്യവഹാരവും അങ്ങനെയാവുമല്ലൊ എന്നാണെങ്കിൽ ശരിയാണ്. ശാസ്ത്രകല്പിതമായ വ്യവഹാരത്തിൽ അജനെന്നു പറയുകയാണ്. പരമാർത്ഥത്തിൽ അജനുമല്ല. മററു ശാസ്ത്രങ്ങളുടെ സിദ്ധാന്തമനുസരിച്ചു്, അജനെന്നു പറയപ്പെടുന്നവൻ വ്യാവഹാരികദൃഷ്ട്യാ ജനിക്കുന്നു. അപ്പോൾ ജന്മത്തെ നിഷേധിക്കുവാൻ അജനെന്നു കല്പിക്കേണ്ടിവരുന്നുവെന്നുമാത്രം.

അഭൂതാഭിനിവേശോഽസ്തി
ദ്വയം തത്ര ന വിദ്യതേ
ദ്വയാഭാവം സ ബുദ്ധ്വൈവ
നിർന്നിമിത്തോ ന ജായതേ. 75

Digitization by Arya Samaj Charitable Foundation, Chennai

അഭൂതാഭിനിവേശഃ = സത്യമല്ലാത്ത ദ്വൈതത്തിലുള്ള ആഗ്രഹം, അസ്തി = ഉണ്ട്. തത്ര = അതിൽ, ദ്വയം = ദ്വൈതം, ന വിദ്യതേ = ഇല്ല. ദ്വയാഭാവം = ദ്വൈതമില്ല എന്ന ഭാവത്തെ, ബുദ്ധ്വാ ഏവ = അറിഞ്ഞിട്ടുതന്നെ, സഃ = അവൻ, നിർനിമിത്തഃ = ജന്മത്തിന്നുള്ള കാരണമില്ലാതായിത്തീർന്ന്, ന ജായതേ = ജനിക്കുന്നില്ല.

പരമാത്ഥമല്ലാത്ത ദ്വൈതത്തിലുള്ള ആഗ്രഹം മാത്രമേയുള്ളു. വാസ്തവത്തിൽ ദ്വൈതം ഇല്ല. ദ്വൈതമില്ല എന്ന സത്യം അറിഞ്ഞുകഴിഞ്ഞാൽ പിന്നെ ജന്മത്തിന്നു കാരണമില്ലാത്തതിനാൽ അവന്നു ജന്മംതന്നെ ഉണ്ടാകുന്നില്ല.

കുറിപ്പ്: ദ്വൈതത്തിലുള്ള ആഗ്രഹമാണ് ദ്വൈതബുദ്ധിക്കും ജന്മത്തിന്നും കാരണമാകുന്നതു്. തത്ത്വവിചാരംകൊണ്ട് ആ ആഗ്രഹത്തെ ശമിപ്പിക്കണം. എന്നാൽ പിന്നെ ദ്വൈതബോധമോ ജന്മമോ ഉണ്ടാകയില്ല.

യദാ ന ലഭതേ ഹേതൂനുത്തമാധമമധ്യമാൻ
തദാ ന ജായതേ ചിത്തം ഹേത്വഭാവേ ഫലം കുതഃ. 76

യദാ = എപ്പോൾ, ഉത്തമാധമമധ്യമാൻ = ഉത്തമവും അധമവും മധ്യമവുമായ, ഹേതൂൻ = ഹേതുക്കളെ, ന ലഭതേ = ലഭിക്കുന്നില്ലയോ, തദാ = അപ്പോൾ, ചിത്തം = ചിത്തം, ന ജായതേ = ജനിക്കുന്നില്ല. ഹേത്വഭാവേ = ഹേതു ഇല്ലാതായാൽ, ഫലം = ഫലം, കുതഃ = എങ്ങനെ ഉണ്ടാകും ?

ഉത്തമവും മധ്യമവും അധമവുമായ കാരണങ്ങളില്ലാതായാൽ ചിത്തം ജനിക്കുകയില്ല. കാരണംകൂടാതെ കാര്യമുണ്ടാവുകയില്ലല്ലൊ.

കുറിപ്പ്: കാരണമില്ലാത്തതിനാൽ ജനിക്കുന്നില്ല എന്നു പറഞ്ഞതിനെ വിവരിക്കുന്നു: ദേവത്വപ്രാപ്തിഹേതുക്കളായ പുണ്യകമ്മങ്ങൾ ഉത്തമങ്ങളും മനുഷ്യത്വപ്രാപ്തിഹേതുക്കളായ പുണ്യപാപമിശ്രിതങ്ങളായ കമ്മങ്ങൾ മധ്യമങ്ങളും തിര്യഗ്യോനിയിൽ ജനി

Digitization by Arya Samaj Charitable Foundation, Chennai

ക്ഷന്നതിന്ന കാരണങ്ങളായ പാപകമ്മങ്ങരം അധമങ്ങളുമാകുന്നു. ഈ കമ്മങ്ങളുള്ളേടത്തോളം കാലം ചിത്തവും നിലനില്ക്കും. കമ്മം അവസാനിച്ചാൽ ചിത്തത്തിന്ന നിലനില്പില്ല. ചിത്തമില്ലെങ്കിൽ ദ്വൈതവുമില്ല. ഹേതുവില്ലെങ്കിൽ ഫലമുണ്ടാവുകയില്ല. കമ്മങ്ങളും ചിത്തവും അജ്ഞാനകാരണങ്ങളാകയാൽ ജ്ഞാനംകൊണ്ടു് അജ്ഞാനത്തെ നശിപ്പിച്ചാൽ എല്ലാം ശാന്തമാകും.

അനിമിത്തസ്യ ചിത്തസ്യ
യാനുത്പത്തിഃ സമാദ്വയാ
അജാതസ്യൈവ സവ്വസ്യ
ചിത്തദൃശ്യം ഹി തദ്യതഃ. 77

അനിമിത്തസ്യ = ജനനകാരണങ്ങളില്ലാത്തതും, അജാതസ്യ ഏവ = അജാതമായിത്തന്നെയിരിക്കുന്നതും, സവ്വസ്യ = സവ്വമായിട്ടുള്ളതും ആയ, ചിത്തസ്യ = ചിത്തത്തിൻെറ, യാ = യാതൊരു, അനുത്പത്തിഃ = ജന്മഭാവമുണ്ടോ, സാ = അതു്, സമാ = എല്ലാ അവസ്ഥകളിലും സമമായിട്ടുള്ളതും, അദ്വയാ = ദ്വയമില്ലാത്തതുമാകുന്നു. യതഃ = എന്തെന്നാൽ, തത് = അതു്, ചിത്തദൃശ്യം ഹി = ചിത്തത്താൽ ദശിക്കപ്പെടുന്നതാണല്ലൊ.

ജന്മത്തിന്നു് കമ്മങ്ങളാകുന്ന കാരണമില്ലാതായിത്തീന്നതും ഒരിക്കലും ജനിച്ചിട്ടില്ലാത്തതും സവ്വാത്മകവുമായ ചിത്തത്തിൻെറ ഉത്പത്തിയില്ലായ്മതന്നെയാണു് മോക്ഷമെന്നു പറയുന്നതു്. അതു് എല്ലാ അവസ്ഥകളിലും സമമായിട്ടുള്ളതും നിവ്വിശേഷവും അദ്വയവുമാണു്. എന്തെന്നാൽ ദ്വൈതവും ജന്മവും ചിത്തത്തിൻെറതന്നെ ദൃശ്യങ്ങളാകുന്നു.

കുറിപ്പ്: ചിത്തമാണെങ്കിൽ അജാതമാണെന്നു് മുമ്പ് പറഞ്ഞിട്ടുണ്ടു്. അപ്പോരം ഇല്ലാത്ത ചിത്തത്തിൻെറ ദൃശ്യമായ ഇല്ലാത്ത ദ്വൈതം ഒരിക്കലും ഉണ്ടായിട്ടില്ല, ഇല്ലാതാവുന്നുമില്ല എന്നത്ഥം.

Digitization by Arya Samaj Charitable Foundation, Chennai

ബുദ്ധ്വാനിമിത്തതാം സത്യാം
ഹേതും പൃഥഗനാപ്നുവൻ
വീതശോകം തഥാകാമ-
മഭയം പദമശ്നുതേ. 78

സത്യാം = പരമാർത്ഥമായ, അനിമിത്തതാം = കാരണമില്ലായ്മയെ, ബുദ്ധ്വാ = അറിഞ്ഞിട്ട്, പൃഥക് = വേറെ, ഹേതും = കാരണത്തെ, അനാപ്നുവൻ = സ്വീകരിക്കാത്തവൻ, വീതശോകം = ശോകമില്ലാത്തതും, തഥാ = അപ്രകാരം, അകാമം = ആഗ്രഹമില്ലാത്തതും, അഭയം = ഭയമില്ലാത്തതുമായ, പദം = സ്ഥാനത്തെ, അശ്നുതേ = അനുഭവിക്കുന്നു.

ഇങ്ങനെ ജന്മംകൊണ്ടുള്ള ദ്വൈതമില്ലെന്നറിഞ്ഞ്, ദേവത്വാദി പ്രാപ്തിക്കുള്ള ധർമ്മാദിഹേതുക്കളെ വേറെ സ്വീകരിക്കാതിരിക്കുന്നവൻ ശോകമോ കാമമോ ഭയമോ ഇല്ലാത്ത പരമപദത്തെ പ്രാപിക്കുന്നു.

കുറിപ്പ്: അജ്ഞാനംകൊണ്ട് ദ്വൈതത്തെ കാണുമ്പോഴാണ് കാമവും ഭയവും ശോകവുമെല്ലാം ഉണ്ടാകുന്നത്. അവിടെ അജ്ഞാനമില്ലാത്തതിനാൽ ഇതൊന്നുമുണ്ടാകുന്നില്ല

അഭൂതാഭിനിവേശാദ്ധി
സദൃശേ തത് പ്രവർത്തതേ
വസ്ത്വഭാവം സ ബുദ്ധ്വൈവ
നിസ്സംഗം വിനിവർത്തതേ. 79

അഭൂതാഭിനിവേശാത് ഹി = അസത്യമായ ദ്വൈതത്തിലുള്ള ആഗ്രഹംകൊണ്ടാണല്ലൊ, തത് = അത് (ചിത്തം), സദൃശേ = അതിന്നു് അനുരൂപമായിട്ടുള്ളതിൽ, പ്രവർത്തതേ = പ്രവർത്തിക്കുന്നത്. സഃ = അത്, വസ്ത്വഭാവം = ദ്വൈതവസ്തു ഇല്ല എന്നുള്ളതിനെ, ബുദ്ധ്വാ ഏവ = അറിഞ്ഞിട്ടുതന്നെ, നിസ്സംഗം = സംഗമില്ലാത്തതായിത്തീർന്നിട്ട്, വിനിവർത്തതേ = പിൻമടങ്ങുന്നു.

Digitization by Arya Samaj Charitable Foundation, Chennai

അസത്യമായ ദ്വൈതം ഉണ്ടെന്നുള്ള ഭ്രമംകൊണ്ടു് അതിലുള്ള ആഗ്രഹത്താലാണല്ലൊ മനസ്സ് അതിന്നനുരൂപമായ വിഷയങ്ങളിൽ പ്രവർത്തിക്കുന്നതു്. ദ്വൈതവസ്തു ഇല്ല എന്ന ബോധം വന്നാൽ ഉടൻ ചിത്തം അതിൽ ആസക്തിയില്ലാതായിത്തീർന്നിട്ടു് ആ പ്രവർത്തനങ്ങളിൽ നിന്നു പിൻമടങ്ങുന്നു.

കുറിപ്പ്: മൃഗതൃഷ്ണികയുടെ യാഥാർത്ഥ്യം അറിഞ്ഞുകഴിഞ്ഞാൽ പിന്നെ ആരും അതിൽനിന്നു വെള്ളം കുടിക്കാൻ പോകാറില്ലല്ലൊ. അതുപോലെ അജ്ഞാനം നശിച്ചാൽ മനസ്സ് ദ്വൈതമൂലകങ്ങളായ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയില്ല.

നിവൃത്തസ്യാപ്രവൃത്തസ്യ
നിശ്ചലാ ഹി തദാ സ്ഥിതിഃ
വിഷയഃ സ ഹി ബുദ്ധാനാം
തത്സാമ്യമജമദ്വയം. 80

നിവൃത്തസ്യ = ദ്വൈതവിഷയത്തിൽനിന്നു നിവർത്തിച്ചതും, അപ്രവൃത്തസ്യ = മറ്റു വിഷയങ്ങളിൽ പ്രവർത്തിക്കാത്തതും ആയ, (ചിത്തസ്യ = ചിത്തത്തിന്റെ), തദാ = അപ്പോഴുള്ള, സ്ഥിതിഃ = സ്ഥിതി, നിശ്ചലാ ഹി = നിശ്ചലമാണല്ലൊ. സഃ ഹി = അതു തന്നെയാണു്, ബുദ്ധാനാം = ജ്ഞാനികൾക്കു്, വിഷയഃ = വിഷയമായിട്ടുള്ളതു്. തത് = അതു്, അജം = ജന്മമില്ലാത്തതും, അദ്വയം = ദ്വൈതമില്ലാത്തതുമായ, സാമ്യം = സാമ്യാവസ്ഥയാകുന്നു.

അസത്യത്വബോധത്താൽ ദ്വൈതവിഷയങ്ങളിൽ നിന്നു നിവർത്തിച്ചിട്ടുള്ളതും മറ്റൊരു വിഷയത്തിൽ പ്രവർത്തിക്കാതിരിക്കുന്നതുമായ മനസ്സിന്റെ നിശ്ചലമായ അവസ്ഥ പരമാത്മദർശികളായ വിദ്വാന്മാർക്കു് അനുഭവൈകഗോചരമായിട്ടുള്ളതാണു്. അതു് ജന്മമില്ലാത്തതും ദ്വയമില്ലാത്തതുമായ പരമസാമ്യാവസ്ഥയാകുന്നു. ('അഭയം പദമശ്നുതേ' എന്നു് മുൻകാരികയിൽ കാണിച്ചതു് ഈ അവസ്ഥയാണു്.)

Digitization by Arya Samaj Charitable Foundation, Chennai

അജമനിദ്രമസ്വപ്നം
പ്രഭാതം ഭവതി സ്വയം
സകൃദ്വിഭാതോ ഹ്യേവൈഷ
ധർമ്മോ ധാതുസ്വഭാവതഃ. 81

തത് = അത്, അജം = ജന്മമില്ലാത്തതും, അനിദ്രം = അഗ്രഹണരൂപമായ നിദ്രയില്ലാത്തതും, അസ്വപ്നം = അന്യഥാഗ്രഹണരൂപമായ സ്വപ്നമില്ലാത്തതും, സ്വയം = തനിയേ, പ്രഭാതം = പ്രകാശിക്കുന്നതും, ഭവതി = ആകുന്നു. ഏഷഃ = ഈ, ധർമ്മഃ = ആത്മാവാകുന്ന ധർമ്മം, ധാതുസ്വഭാവതഃ = വസ്തുസ്വഭാവേന, സകൃത് വിഭാതഃ ഏവ ഹി = എപ്പോഴും പ്രകാശിച്ചുകൊണ്ടിരിക്കുന്നതാണല്ലോ.

പരമാർത്ഥദർശികൾക്കു വിഷയമായിട്ടുള്ള അവസ്ഥ എങ്ങനെയുള്ളതാണെന്നു വീണ്ടും പറയുന്നു: അത് ഉത്പത്തിയില്ലാത്തതും തത്ത്വാഗ്രഹണരൂപമായ നിദ്രയോ അന്യഥാഗ്രഹണരൂപമായ സ്വപ്നമോ ഇല്ലാത്തതും തനിയേ പ്രകാശിക്കുന്നതുമാകുന്നു. ഇങ്ങനെയുള്ള ആത്മധർമ്മം പരാപേക്ഷകൂടാതെ വസ്തുസ്വഭാവേന എപ്പോഴും പ്രകാശിച്ചുകൊണ്ടിരിക്കുന്നതുമാണ്.

സുഖമാവ്രിയതേ നിത്യം ദുഃഖം വിവ്രിയതേ സദാ
യസ്യ കസ്യ ച ധർമ്മസ്യ ഗ്രഹേണ ഭഗവാനസൗ. 82

യസ്യ കസ്യ ച = ഏതെങ്കിലും ഒരു, ധർമ്മസ്യ = ധർമ്മത്തിൻെറ, ഗ്രഹേണ = ഗ്രഹണത്താൽ, നിത്യം = നിത്യമായ, സുഖം = സുഖം, ആവ്രിയതേ = മറയ്ക്കപ്പെടുന്നു. സദാ = എല്ലായ്പ്പോഴും, ദുഃഖം = ദുഃഖം, വിവ്രിയതേ = പ്രകടമാക്കപ്പെടുന്നു. അസൗ = ഈ (ആത്മാവ്), ഭഗവാൻ = അദ്വയനാകുന്ന ദേവനാകുന്നു.

ഏതെങ്കിലും ഒരു ദ്വൈതവസ്തുവിനെ ഗ്രഹിക്കുന്നതിലുള്ള ആഗ്രഹത്താൽ സുഖം മറയ്ക്കപ്പെടുകയും ദുഃഖം പ്രകടമാവുകയും ചെയ്യുന്നു. അദ്വയനായ ഈ ആത്മാവ് ഗ്രഹിക്കപ്പെടുന്നില്ല.

Digitization by Arya Samaj Charitable Foundation, Chennai

കുറിപ്പ്: ഇത്രയൊക്കെ പറഞ്ഞുകൊടുത്താലും എന്തുകൊണ്ടാണ് ലൗകികന്മാർ പരമാത്മതത്ത്വം ഗ്രഹിക്കാത്തത് എന്നതിന്നുള്ള സമാധാനമാണിത്. എന്തെങ്കിലും രണ്ടാമതൊരു വസ്തുവിനെ ഗ്രഹിക്കുവാനുള്ള ആഗ്രഹം അവരിലുണ്ടാകുന്നു. ആ ദ്വൈതഗ്രഹണത്തിലുള്ള അഭിനിവേശംകൊണ്ട് നിത്യമായ സുഖം മറയ്ക്കപ്പെടുകയും ദുഃഖമനുഭവത്തിൽ വരികയും ചെയ്യുന്നു. നിത്യമായിട്ടുള്ളതു സുഖം മാത്രമാണ്. പക്ഷേ, അതിനെ ദ്വൈതഗ്രഹണം മറയ്ക്കുന്നതുകൊണ്ടാണ് ദുഃഖമായിട്ടനുഭവപ്പെടുന്നത്. ഈ ദ്വൈതഗ്രഹണാഭിനിവേശംകൊണ്ടുതന്നെ അദ്വയനും പ്രകാശസ്വരൂപനുമായ ആത്മാവിനെപ്പററി എത്ര പറഞ്ഞാലും അവർ മനസ്സിലാക്കുന്നില്ല. അതുകൊണ്ടാണ് ''ആശ്ചര്യോ വക്താ കുശലോഽസ്യ ലബ്ധാ'' (ആത്മാവിനെപ്പററി പറയുന്നവരും മനസ്സിലാക്കുന്നവരും ദുർല്ലഭമാണ്) എന്ന് കഠോപനിഷത്തു പറയുന്നത്.

അസ്തി നാസ്ത്യസ്തി നാസ്തീതി
നാസ്തി നാസ്തീതി വാ പുനഃ
ചലസ്ഥിരോഭയാഭാവൈ–
രാവൃണോത്യേഷ ബാലിശഃ. 83

അസ്തി = ഉണ്ടെന്നും, ന അസ്തി = ഇല്ല എന്നും, അസ്തി ന അസ്തി ഇതി = ഉണ്ട് എന്നും ഇല്ല എന്നും, പുനഃ ന അസ്തി ന അസ്തി ഇതി വാ = പിന്നെ ഇല്ല ഇല്ല എന്നും ഇങ്ങനെ, ചലസ്ഥിരോഭയാഭാവൈഃ = ചലം, സ്ഥിരം, ചലവും സ്ഥിരവും, അഭാവം ഇവയാൽ, ഏഷഃ = ഈ, (ആത്മാനം = ആത്മാവിനെ), ബാലിശഃ = അവിവേകി, ആവൃണോതി = ആവരണം ചെയ്യുന്നു.

അവിവേകികൾ, ഉണ്ട് എന്നും ഇല്ല എന്നും ഉണ്ട് ഇല്ല എന്നും പിന്നെ ഇല്ലേ ഇല്ല എന്നും ഉള്ള ചലവും സ്ഥിരവും ചലസ്ഥിരവും അഭാവവുമുണ്ടാകുന്ന ഭാവങ്ങളാൽ ആത്മാവിനെ ആവരണം ചെയ്യുന്നു.

കുറിപ്പ്: ആത്മാവ് ഉണ്ട് എന്ന് വൈശേഷികന്മാർ പറയുന്നു. ഇല്ല എന്ന് വൈനാശികന്മാർ (ക്ഷണികവിജ്ഞാനവാദികൾ) പറ

Digitization by Arya Samaj Charitable Foundation, Chennai

യുന്നു സദസദ്വാദികളായ ദിഗംബരജൈനന്മാർ ഉണ്ടെന്നും ഇല്ലെന്നും പറയുന്നു. അത്യന്തശൂന്യവാദികൾ ഇല്ലേ ഇല്ല എന്നും പറയുന്നു. ഇവയെല്ലാം ആത്മാവിന്നു് ആവരണങ്ങൾതന്നെ. ആദ്യത്തെ അസ്തിത്വവാദം ചലം, പിന്നത്തെ നാസ്തിത്വവാദം സ്ഥിരം, അസ്തിനാസ്തിത്വവാദം ചലസ്ഥിരം. അവസാനത്തെ അത്യന്താഭാവവാദത്തെയാണു് അഭാവമെന്നു പറയുന്നതു്. ഇങ്ങനെ പല വിധത്തിൽ വാദിക്കുന്നവരെല്ലാം പണ്ഡിതന്മാരെന്നു പറയാറുണ്ടെങ്കിലും ബാലിശന്മാർതന്നെയാണു്. എന്തെന്നാൽ അവർ വിവേകമില്ലായ്കയാൽ, ആത്മാവിനെ ആവരണം ചെയ്തു് ദുഃഖത്തിൽ ചെന്നുവീഴുകയാണു് ചെയ്യുന്നതു്.

> കോട്യശ്ചതസ്ര ഏതാസ്തു
> ഗ്രഹൈര്യാസാം സദാവൃതഃ
> ഭഗവാനാഭിരസ്പൃഷ്ടോ
> യേന ദൃഷ്ടഃ സ സർവ്വദൃക്. 84

യാസാം = യാവ ചിലതുകളുടെ, ഗ്രഹൈഃ = ഗ്രഹങ്ങളെക്കൊണ്ടു്,(ആത്മാ=ആത്മാവു്,) സദാ = എപ്പോഴും, ആവൃതഃ=ആവരണം ചെയ്യപ്പെട്ടിരിക്കുന്നുവോ, ഏതാഃ = ഈ, കോട്യഃ തു = കോടികൾ, ചതസ്രഃ = നാലെണ്ണമാകുന്നു. ആഭിഃ = ഇവയാൽ, അസ്പൃഷ്ടഃ = സ്പർശിക്കപ്പെടാത്തവനായ, ഭഗവാൻ = ഭഗവാൻ, യേന = യാവനൊരുത്തനാൽ, ദൃഷ്ടഃ = ദർശിക്കപ്പെട്ടിരിക്കുന്നുവോ, സഃ = അവൻ, സർവ്വദൃക് = എല്ലാം ദർശിച്ചവനാകുന്നു.

ആത്മാവിനെ ആവരണം ചെയ്യുന്ന ഈ നാലു ഗ്രഹണകോടികളാൽ അസ്പൃഷ്ടനായ ആത്മാവിനെ സാക്ഷാത്കരിക്കുന്നവനാണു് സത്യദർശി.

കുറിപ്പു്: ആത്മാവിനെ എപ്പോഴും മറച്ചുകൊണ്ടിരിക്കുന്ന ശാസ്ത്രവാദങ്ങൾ നാലു വിധത്തിലാണു്. അസ്തി, നാസ്തി മുതലായി മുകളിൽ പറഞ്ഞ വൈശേഷികാദികളുടെ വാദമുഖങ്ങൾ. ഈ വാദമുഖങ്ങളൊന്നും ആത്മാവിനെ സ്പർശിക്കുന്നില്ല. മേഘങ്ങൾ സൂര്യനെയെന്നപോലെ ആത്മാവിനെ മറയ്ക്കുന്നുവെന്നു മാത്രം. അതുകൊണ്ടു്

Digitization by Arya Samaj Charitable Foundation, Chennai

ഇവയാൽ അസ്പൃഷ്ടനായ ആത്മാവിനെ, അതായത് ഈ വികല്പനകളോടൊന്നും കൂടാതെ പ്രകാശിക്കുന്ന വേദാന്തപ്രതിപാദിതനായ പുരുഷനെ, അറിഞ്ഞിട്ടുള്ളവനാണ് സർവ്വജ്ഞൻ അതായത് സത്യദർശി. സർവ്വാത്മാവായ സത്യസ്വരൂപനെ അറിഞ്ഞവൻ സർവ്വജ്ഞനായിത്തീരുമെന്നർത്ഥം.

പ്രാപ്യ സർവ്വജ്ഞതാം കൃത്സ്നാം
ബ്രാഹ്മണ്യം പരമദ്വയം
അനാപന്നാദിമധ്യാന്തം
കിമതഃ പരമീഹതേ. 85

കൃത്സ്നാം = പൂർണ്ണമായ, സർവ്വജ്ഞതാം = സർവ്വജ്ഞതയാകുന്ന, അദ്വയം = ദ്വൈതരഹിതവും, അനാപന്നാദിമധ്യാന്തം = ആദിമധ്യാന്തങ്ങളില്ലാത്തതും ആയ, ബ്രാഹ്മണ്യം പദം = ബ്രാഹ്മണന്റെ സ്ഥാനത്തെ, പ്രാപ്യ = പ്രാപിച്ചിട്ട്, അതഃ പരം = ഇതിന്നു മേൽ, കിം = എന്ത്, ഈഹതേ = ആഗ്രഹിക്കുന്നു.

പൂർണ്ണമായ സർവ്വജ്ഞഭാവത്തെ, അതായത് ജന്മസ്ഥിതിലയങ്ങളില്ലാത്തതും ദ്വൈതരഹിതവുമായ ബ്രാഹ്മണന്റെ നിലയെ പ്രാപിച്ചിട്ട് പിന്നെ ഒരുവൻ എന്താണാഗ്രഹിക്കുക ?

കുറിപ്പ്: ബ്രഹ്മത്തെ സാക്ഷാത്കരിച്ചവനാണ് ബ്രാഹ്മണൻ. ജന്മസ്ഥിതിനാശങ്ങളില്ലാത്ത അദ്വയബ്രഹ്മമാണ് താനെന്നു സാക്ഷാത്കരിച്ചവൻ ആപ്തകാമനായിത്തീരുന്നു. പിന്നെ അവന്നു ഒരാഗ്രഹവും ഇല്ലാത്തതുകൊണ്ടു ഒന്നും പ്രവർത്തിക്കുന്നില്ല. ''നൈവ തസ്യ കൃതേനാർത്ഥഃ'' (ഗീത 3. 18.) (അവന്നു കർമ്മംകൊണ്ടു യാതൊരു കാര്യവുമില്ല.) എന്നു സ്മൃതിയും പറയുന്നുണ്ടല്ലൊ. ''അശരീരം വാവ സന്തം ന പ്രിയാപ്രിയേ സ്പൃശതഃ.'' അവന്നു പിന്നെ പ്രിയമോ അപ്രിയമോ ഇല്ല എന്നു ഛാന്ദോഗ്യോപനിഷത്തും ഇതു വ്യക്തമാക്കുന്നു.

വിപ്രാണാം വിനയോ ഹ്യേഷ
ശമഃ പ്രാകൃത ഉച്യതേ
ദമഃ പ്രകൃതിദാന്തത്വാ-
ദേവം വിദ്വാൻ ശമം വ്രജേത്. 86

Digitization by Arya Samaj Charitable Foundation, Chennai

ഏഷഃ = ഇതു്, വിപ്രാണാം = ബ്രാഹ്മണരുടെ, വിനയഃ ഹി = വിനയമാകുന്നുവല്ലൊ, പ്രാകൃതഃ = പ്രകൃത്യാ ഉള്ള, ശമഃ = ശമമെന്നും ഉച്യതേ = പറയപ്പെടുന്നു. പ്രകൃതിദാന്തത്വാത് = പ്രകൃത്യാ ദാന്തമായതുകൊണ്ടു്, ദമഃ = ദമവുമാകുന്നു ഏവം ഇപ്രകാരം, വിദ്വാൻ = അറിയുന്നവൻ, ശമം = ശമത്തെ, വ്രജേത് = പ്രാപിക്കും.

ഈ ആത്മസ്വരൂപത്തിലുള്ള സ്ഥിതി ബ്രാഹ്മണൎക്കു സ്വാഭാവികമായ വിനയവും ദമവുമായിത്തീരുന്നു. ശമദമാദിസ്വഭാവങ്ങളോടുകൂടിയ ആത്മാവിനെ അറിയുന്നവൻ ശമത്തെ പ്രാപിക്കും.

കുറിപ്പു്: ബ്രഹ്മജ്ഞാനികൾക്കു കൎമ്മമൊന്നും ചെയ്യേണ്ടതില്ലെന്നു പറഞ്ഞു. എന്നാൽ വേദവിഹിതങ്ങളായ കൎമ്മങ്ങൾ അനുഷ്ഠിക്കേണ്ടതില്ലേ എന്ന സംശയത്തിന്നു് ഉത്തരം പറയുന്നു: വിനയം ശമം ദമം മുതലായതെല്ലാം ബ്രഹ്മത്തിന്റെ സ്വരൂപമാകുന്നതുകൊണ്ടു് അതെല്ലാം ബ്രഹ്മജ്ഞാനിയുടെയും സ്വഭാവമായിത്തീരുന്നു. അവ സമ്പാദിക്കുന്നവൻ യാതൊരു നിയോഗത്തിന്നും അധീനനാകേണ്ടിവരുന്നില്ല. സ്വാഭാവികമായിത്തന്നെ എല്ലാം അവനിലുണ്ടാകുന്നു. അതുകൊണ്ടു് കൎമ്മാനുഷ്ഠാനം അവന്നു് നിയതമല്ല.

സവസ്തു സോപലംഭം ച ദ്വയം ലൗകികമിഷ്യതേ
അവസ്തു സോപലംഭം ച ശുദ്ധം ലൗകികമിഷ്യതേ. 87

സവസ്തു = വസ്തുവിനോടുകൂടിയതും, സോപലംഭം ച = അനുഭവത്തോടുകൂടിയതും, ദ്വയം = ദ്വൈതത്തോടുകൂടിയതുമായ, ലൗകികം = ലൗകികം (ജാഗരിത.), ഇഷ്യതേ = അംഗീകരിക്കപ്പെടുന്നു. അവസ്തു = വസ്തുവില്ലാത്തതും, സോപലംഭം ച = അനുഭവത്തോടുകൂടിയതുമായ, ശുദ്ധം = ശുദ്ധമായ, ലൗകികം = ലൗകികം(സ്വപ്നം). ഇഷ്യതേ = അംഗീകരിക്കപ്പെടുന്നു.

ബാഹ്യേന്ദ്രിയവിഷയമായ വസ്തുക്കളും അനുഭവവും ഉള്ളതും ഗ്രാഹ്യഗ്രാഹകലക്ഷണമായ ദ്വൈതത്തോടുകൂടിയതുമായ ലോകപ്രസിദ്ധമായ ജാഗ്രത്തു് വേദാന്തത്തിലും

Digitization by Arya Samaj Charitable Foundation, Chennai

അംഗീകരിക്കപ്പെടുന്നു. ബാഹ്യേന്ദ്രിയവിഷയമായ വസ്തുക്കളില്ലാത്തതും എന്നാൽ അനുഭവമുള്ളതുമായ ശുദ്ധലൗകികമായ സ്വപ്നവും അംഗീകരിക്കപ്പെടുന്നുണ്ട്.

കുറിപ്പ്: അന്യോന്യവിരുദ്ധങ്ങളും സംസാരകാരണങ്ങളുമായ വൈശേഷികാദിദർശനങ്ങൾ മിഥ്യാദർശനങ്ങളാണെന്ന് അവരുടെ യുക്തികളെക്കൊണ്ടുതന്നെ തെളിയിച്ചിട്ടുണ്ട്. ശമസ്വരൂപവും മോക്ഷകാരണവുമായ അദ്വൈതംതന്നെയാണ് ശരിയായ ദർശനമെന്നു കാണിച്ചു. ഇനി അതു സ്ഥാപിക്കുവാനുള്ള സ്വന്തം യുക്തികളെ കാണിക്കുവാൻ തുടങ്ങുകയാണ്. ആദ്യമായി അവസ്ഥാത്രയത്തെപ്പററി പറയുന്നു. ഗ്രാഹ്യഗ്രാഹകലക്ഷണമായ ജാഗ്രത്തിൽ ഇന്ദ്രിയഗ്രാഹ്യങ്ങളായ സ്ഥൂലവസ്തുക്കളും അവയുടെ അനുഭവവും ഉണ്ട്. സ്വപ്നത്തിലാകട്ടെ സ്ഥൂലവസ്തുക്കളില്ല, അവയുടെ പ്രതീതിമാത്രമേയുള്ളു. ഗ്രാഹ്യഗ്രാഹകത്വവും അനുഭവവും രണ്ടിലും തുല്യമാണ്. അങ്ങനെ ലോകത്തിൽ പ്രസിദ്ധമായിട്ടുള്ള ജാഗ്രത്തും സ്വപ്നവും വേദാന്തത്തിലും സ്വീകരിക്കുന്നുണ്ട്. വ്യാവഹാരികദശയിൽ സർവ്വപ്രാണിസാധാരണമായ അവയെ സ്വീകരിക്കുന്നതു പാരമാർത്ഥികത്വത്തെ സമർത്ഥിക്കുവാൻ സഹായകമാകുന്നു.

അവസ്ത്വനുപലംഭം ച
ലോകോത്തരമിതി സ്മൃതം
ജ്ഞാനം ജ്ഞേയം ച വിജ്ഞേയം
സദാ ബുദ്ധൈഃ പ്രകീർത്തിതം. 88

അവസ്തു = വസ്തുവില്ലാത്തതും, അനുപലംഭം ച = അനുഭവമില്ലാത്തതും, ലോകോത്തരം ഇതി = ലോകോത്തരം എന്ന്, സ്മൃതം =സ്മരിക്കപ്പെട്ടിരിക്കുന്നു. ജ്ഞാനം ജ്ഞേയം വിജ്ഞേയം ച = ജ്ഞാനവും ജ്ഞേയവും വിജ്ഞേയവും, സദാ = എല്ലാഴ്പ്പോഴും, ബുദ്ധൈഃ = ജ്ഞാനികളാൽ, പ്രകീർത്തിതം = പ്രകീർത്തനം ചെയ്യപ്പെട്ടിരിക്കുന്നു.

വസ്തുവും അനുഭവവും ഇല്ലാത്ത സുഷുപ്തി ലോകോത്തരമാകുന്നു എന്നു പറയപ്പെടുന്നു. ജ്ഞാനവും ജ്ഞേയവും

Digitization by Arya Samaj Charitable Foundation, Chennai

വിജ്ഞേയവും സത്യദശിക്ളായ ജ്ഞാനികളാൽ പ്രകീ ത്തനം ചെയ്യപ്പെട്ടിട്ടുണ്ട്.

കുറിപ്പ്: സ്ഥൂലമോ സൂക്ഷ്മമോ ആയ വസ്തുക്കളും, സ്ഥൂലമോ വാസനാത്മകമോ ആയ അനുഭവവും ഇല്ലാത്ത സുഷുപ്തിയെ ലോകോത്തരമെന്നു പറയുന്നു. ഗ്രാഹ്യഗ്രഹണരൂപമായ ലോകമില്ലാത്തതാകയാൽ അതു് ലോകാതീതമാകുന്നു. സവ്വപ്രവൃത്തികൾക്കും ബീജമാണു് ഈ സുഷുപ്തി. ലൗകികം (ജാഗ്രത്തു്), ശുദ്ധലൗകികം (സ്വപ്നം), ലോകോത്തരം (സുഷുപ്തി) ഇവതന്നെയാണു് ജ്ഞേയം. കാരണം, ഇവയല്ലാതെ മററാന്നും ജ്ഞേയമായിട്ടുണ്ടാവാൻ വയ്യ. ഏതൊരു ജ്ഞാനംകൊണ്ടാണോ ഇവയെ അറിയുന്നതു് അതിനെയാണിവിടെ ജ്ഞാനമെന്നു പറഞ്ഞിരിക്കുന്നതു്. വിശേഷേണ അനുഭവരൂപത്തിൽ ജ്ഞേയമായിട്ടുള്ള വിജ്ഞേയം – തുരീയമെന്നു പറയുന്ന പരമാർത്ഥതത്ത്വം—അജവും അദ്വയവുമായ ആത്മതത്ത്വം തന്നെ. ലൗകികംമുതൽ വിജ്ഞേയംവരെയുള്ള എല്ലാംതന്നെ പരമാർത്ഥദശികളായ ബ്രഹ്മജ്ഞന്മാർ തത്ത്വജ്ഞാനത്തിന്നുള്ള ഉപായോപേയങ്ങളായി പറഞ്ഞിട്ടുണ്ട്.

ജ്ഞാനേ ച ത്രിവിധേ ജ്ഞേയേ
ക്രമേണ വിദിതേ സ്വയം
സവ്വജ്ഞതാ ഹി സവ്വത്ര
ഭവതീഹ മഹാധിയഃ. 89

ജ്ഞാനേ = ജ്ഞാനവും, ത്രിവിധേ ജ്ഞേയേ ച = മൂന്നു വിധത്തിലുള്ള ജ്ഞേയവും, ക്രമേണ = ക്രമത്തിൽ, വിദിതേ = അറിയപ്പെട്ടപ്പോൾ, മഹാധിയഃ = വലിയ ബുദ്ധിമാനായിട്ടുള്ളവന്നു്, ഇഹ = ഇവിടെ, സർവ്വത്ര = എല്ലാ സമയത്തും, സ്വയം = തന്നെത്താൻ, സർവ്വജ്ഞതാ = സർവ്വജ്ഞഭാവം, ഭവതി ഹി = ഭവിക്കുന്നുവല്ലൊ.

മൂന്നു വിധത്തിലുള്ള ജ്ഞേയവും ജ്ഞാനവും അറിഞ്ഞിട്ടുള്ള വിവേകിയായ ഒരുവൻ ഈ ലോകത്തിൽ

Digitization by Arya Samaj Charitable Foundation, Chennai

ത്തന്നെ എപ്പോഴും സ്വയം സർവ്വാത്മാവായും ജ്ഞാനസ്വരൂപനായും ഭവിക്കുന്നുവല്ലൊ.

കുറിപ്പ്: സ്ഥൂലമായ ലൗകികം സൂക്ഷ്മമായ ശുദ്ധലൗകികത്തിലും പിന്നീട് ശുദ്ധലൗകികം കാരണമായ ലോകോത്തരത്തിലും ലയിച്ച് ക്രമേണ ലോകോത്തരത്തിലെ ബീജരൂപമായ അവിദ്യയും പോയി തുരീയവും അദ്വയവും അജവുമായ പരമാർത്ഥസത്യം സാക്ഷാത്കരിക്കപ്പെടുമ്പോൾ, സർവ്വലോകാതിശയിതമായ വസ്തുവിൽ ബുദ്ധിയോടുകൂടിയവനാകയാൽ അവൻ എവിടെയും എപ്പോഴും സർവ്വജ്ഞനായിത്തന്നെയിരിക്കുന്നു. അതായത് ബ്രഹ്മഭൂതനായ അവൻ സർവ്വാത്മാവും ജ്ഞാനസ്വരൂപനുമായിത്തീരുന്നു. അതുകൊണ്ടുതന്നെ അവൻ എല്ലാം അറിഞ്ഞവനുമാകുന്നു. "ആത്മനി വിജ്ഞാതേ സർവ്വമിദം വിജ്ഞാതം ഭവതി." എന്നു ശ്രുതിയുമുണ്ടല്ലൊ. അവിദ്യ നിമിത്തം ഉണ്ടെന്നുതോന്നുന്ന ഉത്പത്തിനാശങ്ങൾ പരമാർത്ഥദർശിയുടെ ജ്ഞാനത്തിന്നുണ്ടാകുകയില്ല.

ഹേയജ്ഞേയാപ്യപാക്യാനി
വിജ്ഞേയാന്യഗ്രയാണതഃ
തേഷാമന്യത്ര വിജ്ഞാനാ-
ദുപലംഭസ്ത്രിഷു സ്മൃതഃ. 90

ഹേയജ്ഞേയാപ്യപാക്യാനി = ഹേയവും ജ്ഞേയവും ആപ്യവും പാക്യവും, അഗ്രയാണതഃ = മുൻകൂട്ടി, വിജ്ഞേയാനി = അറിയപ്പെടേണ്ടവയാണ്, തേഷാം = അവയിൽ, വിജ്ഞാനാത് അന്യത്ര = വിജ്ഞേയം ഒഴിച്ച് മററുള്ള, ത്രിഷു = മൂന്നിലും, ഉപലംഭഃ = അനുഭവം (അവിദ്യകൊണ്ടുള്ള കല്പനമാത്രം), സ്മൃതഃ = സ്മരിക്കപ്പെട്ടിരിക്കുന്നു.

ഹേയം ജ്ഞേയം ആപ്യം പാക്യം ഇവ നാലും മുൻകൂട്ടി അറിയേണ്ടവയാണ്. അവയിൽ ജ്ഞേയം ഒഴിച്ച് ബാക്കി മൂന്നും അവിദ്യാകല്പിതങ്ങൾ മാത്രമാണെന്ന് പറയപ്പെട്ടിരിക്കുന്നു.

Digitization by Arya Samaj Charitable Foundation, Chennai

കുറിപ്പ്: ഹേയം = ഉപേക്ഷിക്കേണ്ടത്. ജാഗ്രത്സ്വപ്നസുഷുപ്തങ്ങളാകുന്ന ലൗകികം ശുദ്ധലൗകികം ലോകോത്തരം എന്നിവ ആത്മാവിൽ ഇല്ലാത്തവയാകയാൽ ഉപേക്ഷിക്കേണ്ടവയാകുന്നു. ജ്ഞേയം=അറിയപ്പെടേണ്ടത്. മുൻവിവരിച്ച അസ്തി നാസ്തി മുതലായ നാലു കോടികളില്ലാത്ത പരമാർത്ഥതത്ത്വം ജ്ഞേയമാകുന്നു. ആപ്യം = പ്രാപിക്കേണ്ടത്. ഏഷണാത്രയത്തെ ഉപേക്ഷിച്ച് വേദാന്തത്തിൽ താത്പര്യം, അദ്വിതീയവസ്തുവിചാരത്തിൽ സാമർത്ഥ്യം, ദംഭാഹങ്കാരാദിരാഹിത്യം, മുതലായവയാണ് പ്രാപിക്കേണ്ടത്. പാക്യം = പചിക്കപ്പെടേണ്ടത്. രാഗദ്വേഷലോഭമോഹാദി കഷായങ്ങളാണ് പാക്യങ്ങൾ. ഇവയെല്ലാം പരമാർത്ഥദർശനത്തിനുള്ള ഉപായങ്ങളെന്ന നിലയിൽ മുൻകൂട്ടി അറിയപ്പെടേണ്ടവയാണ്. പരമാർത്ഥം അറിഞ്ഞുകഴിയുമ്പോൾ ജ്ഞേയമായിട്ടുള്ള ബ്രഹ്മം മാത്രമേ സത്യമായിട്ടുള്ളൂ, മററുള്ളവയെല്ലാം അവിദ്യാകല്പിതമാണെന്നും അറിയുന്നു.

പ്രകൃത്യാകാശവജ്ജ്ഞേയാഃ
സർവ്വേ ധർമ്മാ അനാദയഃ
വിദ്യതേ ന ഹി നാനാത്വം
തേഷാം ക്വചന കിംചന. 91

ജ്ഞേയാഃ = ജ്ഞേയങ്ങളായ, സർവ്വേ = എല്ലാ, ധർമ്മാഃ = ജീവാത്മാക്കളും, പ്രകൃത്യാ = സ്വഭാവേന, ആകാശവത് = ആകാശതുല്യങ്ങളും, അനാദയഃ = ആദിയില്ലാത്തവയുമാകുന്നു. തേഷാം = അവസ്സ്, ക്വചന = ഒരിടത്തും, കിംചന = ഒട്ടും, നാനാത്വം = നാനാത്വം, ന വിദ്യതേ ഹി = ഇല്ലതന്നെ.

ജ്ഞേയങ്ങളായ ധർമ്മങ്ങളെല്ലാം ആകാശതുല്യങ്ങളും അനാദികളുമാകുന്നു. അവസ്സ് ഒരു വിധത്തിലും നാനാത്വം ഇല്ലതന്നെ.

കുറിപ്പ്: മുൻകാരികയിൽ ജ്ഞേയമായി പറഞ്ഞ ജീവാത്മാക്കൾ സ്വഭാവേന സൂക്ഷ്മത്വം, നിരവയവത്വം, സർവ്വഗതത്വം മുതലായ ഗുണങ്ങളെക്കൊണ്ട് ആകാശതുല്യങ്ങളും നിത്യങ്ങളുമാകുന്നു.

Digitization by Arya Samaj Charitable Foundation, Chennai

വ്യാവഹാരികതലത്തിലുള്ള അനുഭവംവെച്ചുകൊണ്ട് ബഹുവചനം പറഞ്ഞിരിക്കുന്നുവെങ്കിലും അവയെല്ലാം ഒന്നുതന്നെയെന്നു സാരം.

ആദിബുദ്ധാഃ പ്രകൃത്യൈവ
സർവ്വേ ധർമ്മാഃ സുനിശ്ചിതാഃ
യസ്യൈവം ഭവതി ക്ഷാന്തിഃ
സോഽമൃതത്വായ കല്പതേ. 92

സർവ്വേ = എല്ലാം, ധർമ്മാഃ = ജീവാത്മാക്കളും, പ്രകൃത്യാ ഏവ = സ്വഭാവേനതന്നെ. സുനിശ്ചിതാഃ = ശരിക്കും നിശ്ചിതമായ സ്വരൂപത്തോടുകൂടിയവയും, ആദിബുദ്ധാഃ = നിത്യമായി ബോധസ്വരൂപങ്ങളുമാകുന്നു. യസ്യ = യാവനൊരുത്തന്നു്, ഏവം = ഇപ്രകാരം, ക്ഷാന്തിഃ ~ ക്ഷമ, സ്വയംസംതൃപ്തി, ഭവതി = ഉണ്ടാകുന്നുവോ, സഃ = അവൻ, അമൃതത്വായ = മോക്ഷത്തിന്നു്, കല്പതേ = സമർത്ഥനായിത്തീരുന്നു.

എല്ലാ ജീവന്മാരും പ്രകൃത്യാ നിശ്ചിതസ്വരൂപന്മാരും നിത്യബുദ്ധന്മാരുമാണ്. ഇതറിഞ്ഞു് നിത്യതൃപ്തന്മാരായിരിക്കുന്നവർ മോക്ഷത്തിന്നർഹരാണ്.

കുറിപ്പ്: ജ്ഞേയമെന്ന ശബ്ദത്തിൻെറ അർത്ഥം വിവരിക്കുന്നു: എല്ലാ ജീവാത്മാക്കളും നിത്യപ്രകാശസ്വരൂപനായ സൂര്യനെപ്പോലെ നിത്യജ്ഞാനസ്വരൂപന്മാരും സംശയാതീതമായ വിധത്തിൽ നിത്യനിശ്ചയസ്വരൂപങ്ങളുമാകുന്നു. ഇതിനെ അറിഞ്ഞു് കൂടുതൽ ജ്ഞാനത്തിന്നും നിശ്ചയത്തിന്നുംവേണ്ടി ശ്രമിക്കേണ്ട ആവശ്യമില്ലാതെ നിത്യതൃപ്തന്മാരായ ആളുകൾ മോക്ഷത്തിന്നു് അർഹരായിത്തീരുന്നു. ആത്മാവിനെപ്പററി അറിയുവാനോ നിശ്ചയംവരുത്തുവാനോ മററൊന്നിൻെറ ആശ്രയം വേണ്ടതില്ലെന്നർത്ഥം.

ആദിശാന്താ ഹ്യനുത്പന്നാഃ
പ്രകൃത്യൈവ സുനിർവൃതാഃ
സർവ്വേ ധർമ്മാ സമാഭിന്നാ
അജം സാമ്യം വിശാരദം. 93

Digitization by Arya Samaj Charitable Foundation, Chennai

സർവ്വേ = എല്ലാം, ധർമ്മാഃ = ജീവാത്മാക്കളും, പ്രകൃത്യാ ഏവ = സ്വഭാവേനതന്നെ, ആദിശാന്താഃ = നിത്യശാന്തങ്ങളും, അനുത്പന്നാഃ ഹി = ഉത്പത്തിയില്ലാത്തവയും, സുനിർവൃതാഃ = നല്ല വണ്ണം ഉപരതമായ സ്വഭാവത്തോടുകൂടിയവയും, സമാഭിന്നാഃ = സമങ്ങളും അന്യോന്യഭേദമില്ലാത്തവയും ആകുന്നു. (അതുകൊണ്ട് അവ) വിശാരദം = വിശുദ്ധവും, അജം = ജനനമില്ലാത്തതും, സാമ്യം = സാമ്യരൂപവുമായ (ആത്മാവാകുന്നു.)

എല്ലാ ജീവാത്മാക്കളും സ്വഭാവേനതന്നെ നിത്യശാന്തങ്ങളും ജനനമില്ലാത്തവയും ഉപരതസ്വഭാവങ്ങളും ഒരുപോലെയുള്ളവയും അഭിന്നങ്ങളുമാകുന്നു. അതുകൊണ്ടുതന്നെ അവ വിശുദ്ധവും അജവും സമസ്വരൂപവുമായ പരമാത്മാവിൽനിന്ന് അഭിന്നങ്ങളാകുന്നു.

കുറിപ്പ്: ശുദ്ധിയും ശാന്തിയും ഉപരതിയും ജീവന്റെ സ്വാഭാവികധർമ്മങ്ങളാകുന്നു. പരമാത്മാവിൽനിന്ന് അഭിന്നമായിട്ടുള്ളതിനാൽ ജീവനാനാത്വവും ഇല്ല. അതുകൊണ്ട് ശാന്തിയോ മോക്ഷമോ ജീവന്ന് പ്രത്യേകം നേടേണ്ടതായിട്ടില്ല എന്നർത്ഥം.

വൈശാരദ്യം തു വൈ നാസ്തി
ഭേദേ വിചരതാം സദാ
ഭേദനിമ്നാഃ പൃഥഗ്വാദാ-
സ്തസ്മാത്തേ കൃപണാഃ സ്മൃതാഃ. 94

പൃഥഗ്വാദാഃ = വസ്തു പലതാണെന്നു വാദിക്കുന്ന ദ്വൈതികരം, ഭേദനിമ്നാഃ = ഭേദത്തെ (സംസാരത്തെ) അനുഗമിക്കുന്നവരാകുന്നു. സദാ = എപ്പോഴും, ഭേദേ = ഭേദത്തിൽ, വിചരതാം = സഞ്ചരിക്കുന്നവർക്ക്, വൈശാരദ്യം തു = വിശുദ്ധിയാകട്ടെ, ന അസ്തി വൈ = ഇല്ലതന്നെ. തസ്മാത് = അതു ഹേതുവായിട്ട്, തേ = അവർ, കൃപണാഃ = കൃപണന്മാരായി, സ്മൃതാഃ = സ്മരിക്കപ്പെട്ടിരിക്കുന്നു.

നാനാത്വവാദികളായ ദ്വൈതികരം വൈവിധ്യരൂപമായ സംസാരത്തെ അനുഗമിക്കുന്നവരാകുന്നു. എപ്പോഴും

Digitization by Arya Samaj Charitable Foundation, Chennai

അവിദ്യാകല്പിതമായ ദ്വൈതമാർഗ്ഗത്തിൽ സഞ്ചരിക്കുന്ന അവർക്ക് വിശുദ്ധിയില്ല. അതുകൊണ്ട് അവർ കൃപണന്മാരാണെന്നു പറയപ്പെട്ടിരിക്കുന്നു.

കുറിപ്പ്: ''യോ വാ എതദക്ഷരം ഗാർഗ്ഗി അവിദിത്വാസ്മാല്ലോകാത് പ്രൈതി സ കൃപണോഽഥ യ എതദക്ഷരം ഗാർഗ്ഗി വിദിത്വാ അസ്മാല്ലോകാത് പ്രൈതി സ ബ്രാഹ്മണഃ'' അല്ലയോ ഗാർഗ്ഗി, ഈ അക്ഷരബ്രഹ്മത്തെ അറിയാതെ ഈ ലോകത്തിൽനിന്നു പോകുന്നവൻ കൃപണനും, അക്ഷരബ്രഹ്മത്തെ അറിഞ്ഞു് ഈ ലോകത്തിൽ നിന്നു പോകുന്നവൻ ബ്രാഹ്മണനുമാകുന്നു, എന്ന ബൃഹദാരണ്യകത്തിലെ (3. 8. 9.) മന്ത്രത്തെയാണിവിടെ സൂചിപ്പിക്കുന്നതു്. അജ്ഞാനമുള്ളേടത്തു് വിശുദ്ധി ഉണ്ടാകുകയില്ലല്ലൊ.

അജേ സാമ്യേ തു യേ കേചിദ്
ഭവിഷ്യന്തി സുനിശ്ചിതാഃ
തേ ഹി ലോകേ മഹാജ്ഞാനാ–
സ്തച്ച ലോകോ ന ഗാഹതേ. 95

തു = എന്നാൽ, യേ കേചിത് = യാവചിലരാണോ, അജേ = ജനനരഹിതമായ, സാമ്യേ = സാമ്യസ്വരൂപമായ പരമാത്മതത്ത്വത്തിൽ, സുനിശ്ചിതാഃ = നല്ലവണ്ണം നിശ്ചയമുള്ളവരായി, ഭവിഷ്യന്തി = ഭവിക്കുന്നതു്, തേ ഹി = അവർ തന്നെയാണു്. ലോകേ = ലോകത്തിൽ, മഹാജ്ഞാനാഃ = വലിയ ജ്ഞാനമുള്ളവർ. തത് = അതിനെ, ലോകഃ = സാമാന്യബുദ്ധിയോടുകൂടിയ ജനങ്ങൾ, ന ഗാഹതേ ച = പ്രവേശിക്കുന്നുമില്ല.

അജവും സാമ്യസ്വരൂപവുമായ പരമാത്മതത്ത്വത്തെക്കുറിച്ചു് നിശ്ചയം വന്നിട്ടുള്ളവർതന്നെയാണു് ലോകത്തിൽ നിരതിശയസത്യത്തെ അറിഞ്ഞിട്ടുള്ളവർ. അവരറിഞ്ഞിട്ടുള്ള പരമാത്മതത്ത്വത്തെപ്പററി സാമാന്യബുദ്ധി മാത്രമുള്ളവർക്കു് അറിവാൻ കഴിയുകയില്ല.

Digitization by Arya Samaj Charitable Foundation, Chennai

കുറിപ്പ്: വേദാന്തബാഹ്യന്മാരും ക്ഷുദ്രന്മാരും അല്പബുദ്ധികളും ആയ അപണ്ഡിതന്മാർക്ക് സത്യജ്ഞാനാനന്തരൂപമായ ആത്മതത്ത്വം ദുർഗ്രഹമായിത്തന്നെയിരിക്കുമെന്നു സാരം.

അജേഷ്വജമസംക്രാന്തം ധർമ്മേഷു ജ്ഞാനമിഷ്യതേ
യതോfന്നക്രമതേ ജ്ഞാനമസംഗം തേന കീർത്തിതം. 96

അജേഷു = അജങ്ങളായ, ധർമ്മേഷു = ജീവാത്മാക്കളിൽ, അജം= ഉത്പത്തിരഹിതവും, അസംക്രാന്തം = മറെറാന്നിലേയ്ക്കു സംക്രമിക്കാത്തതുമായ, ജ്ഞാനം = ജ്ഞാനം, ഇഷ്യതേ = അംഗീകരിക്കപ്പെടുന്നു. യതഃ = യാതൊന്നു ഹേതുവായിട്ട്, ജ്ഞാനം = ജ്ഞാനം, ന ക്രമതേ = സംക്രമിക്കുന്നില്ലയോ, തേന = അതു ഹേതുവായിട്ട്, അസംഗം=സംഗമില്ലാത്തതായി, കീർത്തിതം= പറയപ്പെട്ടിരിക്കുന്നു.

അനുത്പന്നങ്ങളും അചലങ്ങളുമായ ജീവാത്മാക്കളിൽ ഉള്ള അജവും അചലവുമായ ജ്ഞാനവും മറെറാന്നിൽ സംക്രമിക്കാത്തതാണെന്നു പറയപ്പെടുന്നു. അതുകൊണ്ടുതന്നെ അതു് ആകാശതുല്യം അസംഗമാണെന്നും സ്വീകരിക്കപ്പെട്ടിരിക്കുന്നു.

അണുമാത്രേfപി വൈധർമ്മ്യേ ജായമാനേfവിപശ്ചിതഃ
അസംഗതാ സദാ നാസ്തി കിമുതാവരണച്യുതിഃ. 97

അണുമാത്രേ = അത്യല്പമായ, വൈധർമ്മ്യേ അപി = വൈധർമ്മ്യംപോലും, ജായമാനേ = ഉണ്ടാകുമ്പോൾ, അവിപശ്ചിതഃ= അവിവേകിയ്ക്കു്, അസംഗതാ = സംഗമില്ലായ്മ, സദാ = ഒരിക്കലും, ന അസ്തി = ഇല്ല. കിം ഉത ആവരണച്യുതിഃ = ആവരണനാശത്തെപ്പററി പിന്നെ പറയേണ്ടതുണ്ടോ ?

അവിദ്വാന്മാരുടെ ദൃഷ്ടിയനുസരിച്ച്, എന്തെങ്കിലും ഒരു പദാർത്ഥം ഉണ്ടാകുന്നുണ്ടെന്നു സ്വീകരിച്ചാൽ, അല്പമെങ്കിലും വൈധർമ്മ്യമുണ്ടെങ്കിൽ, അതിലും ജ്ഞാനം സംക്രമിക്കുന്നതിനാൽ ഒരിക്കലും അസംഗത ഉണ്ടാകുകയില്ല.

Digitization by Arya Samaj Charitable Foundation, Chennai

അതുകൊണ്ട് ബന്ധനാശം ഒരിക്കലും ഉണ്ടാവുകയില്ലെന്നു വന്നുകൂടുന്നു.

അലബ്ധാവരണാഃ സവ്വേ ധമ്മാഃ പ്രകൃതിനിമ്മലാഃ
ആദൗ ബുദ്ധാസ്തഥാ മുക്താ ബുധ്യന്ത ഇതി നായകാഃ.98

സർവ്വേ = എല്ലാ, ധർമ്മാഃ = ജീവന്മാരും, അലബ്ധാവരണാഃ= ആവരണമില്ലാത്തവരും, പ്രകൃതിനിമ്മലാഃ = സ്വഭാവേനതന്നെ ശുദ്ധന്മാരും, ആദൗ ബുദ്ധാഃ = നിത്യബുദ്ധന്മാരും, തഥാ = അപ്ര കാരം, മുക്താഃ = നിത്യമുക്തന്മാരും ആകുന്നു. ബുധ്യതേ ഇതി = ബോധിക്കുന്നു എന്നു പറയുന്നതു്, നായകാഃ = അതിന്നു സമർത്ഥന്മാർ എന്ന അർത്ഥത്തിലാകുന്നു.

എല്ലാ ജീവന്മാരും അവിദ്യാബന്ധനമില്ലാത്തവരും പ്രകൃത്യാ നിത്യശുദ്ധമുക്തസ്വഭാവന്മാരുമാകുന്നു. അറിയുന്നു എന്നു പറയുന്നതു് അറിവാൻ സമർത്ഥന്മാർ എന്ന അർത്ഥത്തിലാകുന്നു.

കുറിപ്പ്: മററുള്ളവരുടെ മതത്തിൽ ആവരണനാശമില്ലെന്നു പറയുമ്പോഠം തങ്ങളുടെ പക്ഷത്തിൽ ജീവന്മാക്ക് ആവരണമുണ്ട് എന്നു സ്വീകരിക്കുന്നതായി തോന്നാവുന്നതിനാൽ അതിന്നു സമാധാനം പറയുന്നു: അദ്വൈതപക്ഷത്തിൽ ബ്രഹ്മാഭിന്നന്മാരായ ജീവന്മാക്ക് ഒരിക്കലും അവിദ്യാദിബന്ധനമില്ല. എപ്പോഴും ശുദ്ധന്മാരും ബോധസ്വരൂപന്മാരും സ്വതന്ത്രന്മാരുമാണ് അവർ. എന്നാൽ എങ്ങനെയാണ് അറിയുന്നു എന്നു പറയുന്നതു്? അതിൻെറ അർത്ഥം ബോധമുണ്ടാകുന്നു എന്നല്ല, അറിയുവാൻ കഴിയുന്നവർ, ബോധശക്തിയുള്ള സ്വഭാവത്തോടുകൂടിയവർ എന്നാകുന്നു. നിത്യപ്രകാശസ്വരൂപനായ സൂര്യൻ പ്രകാശിക്കുന്നു എന്നും ഒരിക്കലും ഇളകാത്ത പർവ്വതങ്ങഠം നില്ക്കുന്നു എന്നും നാം പറയാറുണ്ടല്ലൊ. അതുപോലെയാണ് ജീവൻ അറിയുന്നു എന്നു പറയുന്നതും.

ക്രമതേ ന ഹി ബുദ്ധസ്യ
ജ്ഞാനം ധമ്മേഷു തായിനഃ
സവ്വേ ധമ്മാസ്തഥാ ജ്ഞാനം
നൈതദ്ബുദ്ധേന ഭാഷിതം. 99

Digitization by Arya Samaj Charitable Foundation, Chennai

താായിനഃ = എല്ലായിടത്തും വ്യാപിക്കുന്ന, ബുദ്ധസ്യ = ജ്ഞാനിയുടെ, ജ്ഞാനം = ജ്ഞാനം, ധമ്മേഷു = ധമ്മങ്ങളിൽ, ന ഹി ക്രമതേ = സംക്രമിക്കുന്നില്ല. സവ്വേ = എല്ലാം, ധമ്മാഃ = ധമ്മങ്ങളും, തഥാ = അപ്രകാരം (സംക്രമിക്കുന്നില്ല). ഏതത് = ഈ, ജ്ഞാനം = ജ്ഞാനം, ബുദ്ധേന = ബുദ്ധനാൽ, ന ഭാഷിതം = പറയപ്പെട്ടതല്ല.

ആകാശംപോലെ സവ്വത്ര വ്യാപിച്ചിരിക്കുന്ന പരമാത്ഥദശിയുടെ ധമ്മങ്ങളിലുള്ള ജ്ഞാനം വിഷയാന്തരങ്ങളിൽ സംക്രമിക്കുന്നില്ല. കാരണം, അവനെ സംബന്ധിച്ച്, വിഷയാന്തരങ്ങൾ ഇല്ലതന്നെ. ആത്മാക്കളും അതുപോലെ മററു വിഷയങ്ങളിൽ സംക്രമിക്കുന്നില്ല. ആത്മാവല്ലാതെ മറെറാന്നില്ലാത്തതുകൊണ്ട് എവിടേയും സംക്രമിക്കുവാനില്ല. ഈ ജ്ഞാനത്തെപ്പററി ബുദ്ധൻ പറഞ്ഞിട്ടില്ല.

കുറിപ്പ്: ആത്മതത്ത്വം ആകാശംപോലെ അചലവും അവിക്രിയവും നിരവയവവും നിത്യവും അദ്വിതീയവും അസംഗവും ആകുന്നു. അതിന്നു് ഒരിക്കലും നാശമില്ല. ജ്ഞാതാ, ജ്ഞാനം, ജ്ഞേയം എന്ന ത്രിപുടീഭേദമില്ലാത്ത ഈ പരമാത്ഥതത്ത്വത്തെപ്പററിയല്ല ബുദ്ധൻ പറഞ്ഞിട്ടുള്ളതു്. ബാഹ്യാത്ഥനിരാകരണവും ആശയങ്ങൾ (ജ്ഞാനം) മാത്രമേ ഉള്ളു എന്ന സിദ്ധാന്തവും ഇതിനോടു് അടുത്തു വരുന്നതാണ്. എന്നാൽ ഈ അദ്വൈതസിദ്ധാന്തത്തിന്നടിസ്ഥാനമായ പരമാത്ഥതത്ത്വത്തെപ്പററി വേദാന്തങ്ങളിൽനിന്നുതന്നെ അറിയണം.

ദുർദശ്മതിഗംഭീര-
മജം സാമ്യം വിശാരദം
ബുദ്ധ്വാ പദമനാനാത്വം
നമസ്കുമ്മോ യഥാബലം. 100

ഇതി ശ്രീ ഗൗഡപാദാചാര്യവിരചിതാഃ
മാണ്ഡൂക്യകാരികാഃ സമാപ്താഃ.

Digitization by Arya Samaj Charitable Foundation, Chennai

ദുർദർശം = ദർശിക്കുവാൻ (അറിവാൻ) പ്രയാസമുള്ളതും, അതിഗംഭീരം = ഏററവും ഗംഭീരമായിട്ടുള്ളതും, അജം = ജനനരഹിതവും, സാമ്യം = സാമ്യസ്വരൂപവും, വിശാരദം = വിശുദ്ധവും, അനാനാത്വം = നാനാത്വമില്ലാത്തതുമായ, പദം = പദത്തെ, ബുദ്ധ്വാ = അറിഞ്ഞിട്ട്, യഥാബലം = ശക്തിക്കനുസരിച്ച്, നമസ്കുർമ്മഃ = നമസ്കരിക്കുന്നു.

അനുഭവപ്പെടുത്തുവാൻ വളരെ വിഷമമുള്ളതും മഹാസമുദ്രംപോലെ അതിഗംഭീരമാകയാൽ ദുഷ്പ്രവേശമായിട്ടുള്ളതും അജവും സമവും വിശുദ്ധവും നാനാത്വരഹിതവുമായ ആ പരമപദത്തെ അറിഞ്ഞ് യഥാശക്തി നമസ്കരിക്കുന്നു.

കുറിപ്പ്: ഗ്രന്ഥപരിസമാപ്തിയിൽ പരമാത്മതത്ത്വത്തെ സ്തുതിക്കുന്നതിനായിട്ടാണ് യഥാശക്തി നമസ്കാരം ചെയ്യുന്നു എന്നു പറയുന്നത്. ദ്വൈതാവസ്ഥയിൽമാത്രമേ നമസ്കരിക്കുവാൻ സാധിക്കുകയുള്ളു; അദ്വൈതാവസ്ഥയിൽ നമസ്കാരത്തിന്ന് സ്ഥാനമില്ല. എങ്കിലും, കരുണാവാരിധിയായ ആചാര്യൻ മായാബലംകൊണ്ട് അവ്യവഹാര്യത്തെ വ്യവഹാരവിഷയമാക്കി, ലോകസംഗ്രഹത്തിന്നായി ജ്ഞാനത്തോടുള്ള തൻെറ ബഹുമാനാദരങ്ങളെ കാണിക്കുവാനാണ് നമസ്കുർമ്മഃ എന്നു പറയുന്നത്.

ഇങ്ങനെ
മാണ്ഡൂക്യോപനിഷത്തും
ശ്രീഗൗഡപാദാചാര്യവിരചിതമായ
മാണ്ഡൂക്യകാരികയും അവസാനിച്ചു.

Digitization by Arya Samaj Charitable Foundation, Chennai

ഭാഷ്യകാരന്റെ മംഗളശ്ലോകങ്ങൾ

അജമപി ജനിയോഗം പ്രാപദൈശ്വര്യയോഗാ-
ദഗതി ച ഗതിമത്താം പ്രാപദേകം ഹ്യനേകം
വിവിധവിഷയധർമ്മഗ്രാഹിമുഗ്ധേക്ഷണാനാം
പ്രണതഭയവിഹന്തൃ ബ്രഹ്മ യത്തന്നതോസ്മി. 1

നാനാവിധങ്ങളായ വിഷയധർമ്മങ്ങളെ ഗ്രഹിക്കുന്ന വിവേകശൂന്യമായ ദർശനത്തോടുകൂടിയവരുടെ ദൃഷ്ടിയിൽ അനിർവ്വാച്യമായ മായയുടെ സംബന്ധംകൊണ്ടു്, ജന്മമില്ലെങ്കിലും ജന്മമുള്ളതായും, ഗതിയില്ലാത്തതെങ്കിലും ഗതിയുള്ളതായും, ഏകമാണെങ്കിലും അനേകമായും തോന്നുന്നതു യാതൊന്നോ, ആശ്രിതന്മാർക്കു് അഭയം നൽകുന്ന ആ ബ്രഹ്മത്തെ ഞാൻ നമസ്കരിക്കുന്നു.

പ്രജ്ഞാവൈശാഖവേധക്ഷുഭിതജലനിധേ-
 ർവ്വേദനാമ്നോഽന്തരസ്ഥം
ഭൂതാന്യാലോക്യ മഗ്നാന്യവിരതജനന-
 ഗ്രാഹഘോരേ സമുദ്രേ
കാരുണ്യാദുദ്ദധാരാമൃതമിദമമരൈർ-
 ദുർല്ലഭം ഭൂതഹേതോ-
ര്യസ്തം പൂജ്യാദിപൂജ്യം പരമഗുരുമമും
 പാദപാതൈർന്നതോഽസ്മി. 2

ജീവികളെ വിരാമമില്ലാത്ത ജന്മമാകുന്ന ജലജന്തുക്കൾകൊണ്ടു ഭയങ്കരമായ സംസാരസമുദ്രത്തിൽ മുങ്ങിയവരായി കണ്ടിട്ടു്, ആ ജീവികൾക്കുവേണ്ടി കാരുണ്യാതിരേകത്താൽ ബുദ്ധിയാകുന്ന കടകോൽകൊണ്ടു കടഞ്ഞു് വേദ

Digitization by Arya Samaj Charitable Foundation, Chennai

മാകുന്ന കടലിന്നുള്ളിലുള്ള ദേവദുർല്ലഭമായ ഈ അമൃതം ഉദ്ധരിച്ചതാരാണോ, ആ പൂജ്യാദിപൂജ്യനായ പരമഗുരുവിൻെറ പാദങ്ങളിൽ ഞാൻ സാഷ്ടാംഗം നമസ്കരിക്കുന്നു.

യത് പ്രജ്ഞാലോകഭാസാ പ്രതിഹതിമഗമത്
സ്വാന്തമോഹാന്ധകാരോ
മജ്ജോന്മജ്ജച്ച ഘോരേ ഹ്യസകൃദുപജനോ-
ദന്വതി ത്രാസനേ മേ
യത്പാദാവാശ്രിതാനാം ശ്രുതിശമവിനയ-
പ്രാപ്തിരഗ്ര്യാ ഹ്യമോഘാ
തത്പാദൗ പാവനീയൗ ഭവഭയവിനുദൗ
സർവ്വഭാവൈർന്നമസ്യേ. 3

ഭയങ്കരവും ഉഗ്രവുമായ ഈ സംസാരസമുദ്രത്തിൽ മുങ്ങിപ്പൊങ്ങിക്കൊണ്ടിരിക്കുന്ന എൻെറ മനസ്സിലെ അജ്ഞാനാന്ധകാരം ആരുടെ ജ്ഞാനപ്രകാശത്താലാണോ നശിച്ചതു്, ആരുടെ പാദപത്മങ്ങളെ ആശ്രയിക്കുന്നവർക്കാണോ ശ്രവണം, മനനം, നിദിധ്യാസനം, ശാന്തി, വിനയം മുതലായ ശ്രേഷ്ഠഗുണങ്ങൾ സ്ഥിരമായി സഫലമായി സിദ്ധിക്കുന്നതു്, ആ ആചാര്യദേവൻെറ ലോകപാവനങ്ങളും സംസാരഭയനാശകങ്ങളുമായ പാദകമലങ്ങളെ വാങ്മനഃകായങ്ങൾകൊണ്ടും എല്ലാ ഭാവങ്ങളെക്കൊണ്ടും ഞാൻ നമസ്കരിക്കുന്നു.

Digitization by Arya Samaj Charitable Foundation, Chennai

മന്ത്രങ്ങളുടെ അനുക്രമണിക

അമാത്രശ്ചതുർത്ഥോഽവ്യവഹാര്യഃ	31
ഏഷ സർവേശ്വര ഏഷ സർവ്വജ്ഞഃ	19
ഓമിത്യേതദക്ഷരമിദം സർവ്വം	5
ജാഗരിതസ്ഥാനോ ബഹിഃപ്രജ്ഞഃ സപ്താംഗഃ	10
ജാഗരിതസ്ഥാനോ വൈശ്വാനരോഽകാരഃ	25
നാന്തഃപ്രജ്ഞം ന ബഹിഃപ്രജ്ഞം	20
യത്ര സുപ്തോ ന കംചന കാമം കാമയതേ	15
സർവം ഹ്യേതദ് ബ്രഹ്മായമാത്മാ ബ്രഹ്മ	8
സുഷുപ്തസ്ഥാനഃ പ്രാജ്ഞോ മകാരഃ	29
സോഽയമാത്മാധ്യക്ഷരം	24
സ്വപ്നസ്ഥാനസ്തൈജസ ഉകാരോ	27
സ്വപ്നസ്ഥാനോഽന്തഃപ്രജ്ഞഃ സപ്താംഗഃ	13

Digitization by Arya Samaj Charitable Foundation, Chennai

കാരികകളുടെ അനുക്രമണിക

അകല്പകമജം ജ്ഞാനം 132
അകാരോ നയതേ വിശ്വം 56
അജഃ കല്പിതസംവൃത്യാ 196
അജമനിദ്രമസ്വപ്നം 135
അജമനിദ്രമസ്വപ്നം 201
അജാതം ജായതേ യസ്മാത് 166
അജാതസ്യൈവ ധർമ്മസ്യ 149
അജാതസ്യൈവ ഭാവസ്യ 122
അജാതേസ്ത്രസതാം തേഷാം 176
അജാദ്വൈ ജായതേ യസ്യ 154
അജേഷ്വജമസംക്രാന്തം 213
അജേ സാമ്യേ തു യേ 212
അണുമാത്രേപി വൈധർമ്മ്യ 213
അതോ വക്ഷ്യാമ്യകാർപ്പണ്യം 104
അദീർഘത്വാച്ച കാലസ്യ 64
അദ്വയം ച ദ്വയാഭാസം 130
അദ്വയം ച ദ്വയാഭാസം 189
അദ്വൈതം പരമാർത്ഥോ ഹി 120
അനാദിമായയാ സുപ്തഃ 50
അനാദേരന്തവത്ത്വം ച 167
അനിമിത്തസ്യ ചിത്തസ്യ 198
അനിശ്ചിതാ യഥാ രജ്ജുഃ 80
അന്തഃസ്ഥാനാത്തു ഭേദാനാം 66
അന്യഥാ ഗൃഹ്ണതഃ സ്വപ്നഃ 49
അപൂർവ്വം സ്ഥാനിധർമ്മോ ഹി 70
അഭാവശ്ച രഥാദീനാം 66
അഭൂതാഭിനിവേശാദ്ധി 199
അഭൂതാഭിനിവേശോഽസ്തി 196
അമാത്രോഽനന്തമാത്രശ്ച 61
അലബ്ധാവരണാഃ സർവ്വേ 214
അലാതേ സ്പന്ദമാനേ വൈ 180
അവസ്ത്വനുപലംഭം ച 206
അവ്യക്താ ഏവ തേഽന്തസ്തു 78
അശക്തിരപരിജ്ഞാനം 158
അസജ്ജാഗരിതേ ദൃഷ്ട്വാ 173
അസതോ മായയാ ജന്മ 128
അസ്തി നാസ്ത്യസ്തി നാസ്തി 202
അസ്പന്ദമാനമലാതം 180
അസ്പർശയോഗോ വൈ നാമ 138
അസ്പർശയോഗോ വൈ നാമ 146
ആത്മസത്യാനുബോധേന 131
ആത്മാ ഹ്യാകാശവത് 105
ആദാവന്തേ ച യന്നാസ്തി 68
ആദാവന്തേ ച യന്നാസ്തി 167
ആദിബുദ്ധാഃ പ്രകൃത്യൈവ 210
ആദിശാന്താ ഹ്യനുത്പന്നാഃ 210
ആശ്രമാസ്ത്രിവിധാ ഹീന 118
ഇച്ഛാമാത്രം പ്രഭോഃ സൃഷ്ടിഃ 42
ഉല്പാദസ്യാപ്രസിദ്ധത്വാത് 172
ഉത്സേക ഉദധേർയദ്വത് 139

Digitization by Arya Samaj Charitable Foundation, Chennai

ഉപലംഭാത്സമാചാരാത് 175
ഉപലംഭാത്സമാചാരാത് 177
ഉപായേന നിഗൃഹ്ണീ- 140
ഉപാസനാശ്രിതോ ധർമ്മഃ 102
ഉഭയോരപി വൈതഥ്യം 73
ഉഭേ ഹ്യന്യോന്യദൃശ്യേ തേ 192
ഋജുവക്രാദികാഭാസം 179
ഏതൈരേഷോഽപൃഥഗ് 90
ഏവം ന ചിത്തജാ ധർമ്മാഃ 184
ഏവം ന ജായതേ ചിത്തം 178
ഓങ്കാരം പാദശോ വിദ്യാത് 57
കല്പയത്യാത്മനാത്മാനം 74
കാരണം യസ്യ വൈ കാര്യം 153
കാരണാദ്യദ്യനന്യത്വം 153
കാര്യകാരണബദ്ധൗ തൗ 45
കാല ഇതി കാലവിദഃ 86
കോട്യശ്ചതസ്ര ഏതാസ്തു 203
ക്രമതേ ന ഹി ബുദ്ധസ്യ 214
ഖ്യാപ്യമാനാമജാതിം തൈഃ 149
ഗ്രഹണാജ്ജാഗരിതവത് 171
ഗ്രഹോ ന തത്ര നോത്സർഗഃ 137
ഘടാദിഷു പ്രലീനേഷു 106
ചരൻ ജാഗരിതേ ജാഗ്രത് 190
ചിത്തം ന സംസ്പൃശത്യ- 164
ചിത്തകാലാ ഹി യേഽന്തസ്തു 76
ചിത്തസ്പന്ദിതമേവേദം 194
ജരാമരണനിർമ്മുക്താഃ 152
ജാഗ്രച്ചിത്തേക്ഷണീയാസ്തേ 191
ജാഗ്രദ്വൃത്താവപി ത്വന്തഃ 72
ജാത്യാഭാസം ചലാഭാസം 178
ജീവം കല്പയതേ പൂർവ്വം 79
ജീവാത്മനോഃ പൃഥക്ത്വം 116
ജീവാത്മനോരനന്യത്വം 115
ജ്ഞാനേ ച ത്രിവിധേ 207
ജ്ഞാനേനാകാശകല്പേന 145
തത്ത്വമാധ്യാത്മികം ദൃഷ്ട്വാ 100
തസ്മാദേവം വിദിത്വൈനം 98
തസ്മാന്ന ജായതേ ചിത്തം 165
തൈജസസ്യോത്വവിജ്ഞാനേ 54
ത്രിഷു ധാമസു യസ്തുല്യം 55
ത്രിഷു ധാമസു യദ്ഭോജ്യം 38
ദക്ഷിണാക്ഷിമുഖേ വിശ്വഃ 35
ദുഃഖം സർവ്വമനുസ്മൃത്യ 141
ദുർദർശമതിഗംഭീരം 215
ദ്രവ്യം ദ്രവ്യസ്യ ഹേതുഃ 183
ദ്വയോർദ്വയോർമ്മധുജ്ഞാനേ 114
ദ്വൈതസ്യാഗ്രഹണം തുല്യം 47
ധർമ്മാ യ ഇതി ജായന്തേ 186
ന കശ്ചിജ്ജായതേ ജീവഃ 144
ന കശ്ചിജ്ജായതേ ജീവഃ 194
ന നിരോധോ ന ചോത്പ- 93
ന നിർഗതാ അലാതാത്തേ 181
ന നിർഗതാസ്തേ വിജ്ഞാനാ- 182
ന ഭവത്യമൃതം മർത്ത്യം 122
ന ഭവത്യമൃതം മർത്ത്യം 150
ന യുക്തം ദർശനം ഗത്വാ 170
നാകാശസ്യ ഘടാകാശഃ 110
നാജേഷു സർവധർമ്മേഷു 188
നാത്മഭാവേന നാനേദം 96
നാത്മാനം ന പരാംശ്ചൈവ 46
നാസ്ത്യസദ്ധേതുകമസത് 173
നാസ്വാദയേത്സുഖം തത്ര 142

നിഃസ്തുതിർനിർനമസ്കാരഃ 99
നിഗൃഹീതസ്യ മനസഃ 133
നിമിത്തം ന സദാ ചിത്തം 165
നിവൃത്തസ്യാപ്രവൃത്തസ്യ 200
നിവൃത്തേഃ സർവ്വദുഃഖാനാം 44
നിശ്ചിതായാം യഥാ രജ്ജ്വാം 81
നേഹ നാനേതി ചാമ്നായ 124
പഞ്ചവിംശക ഇത്യേകേ 87
പാദാ ഇതി പാദവിദഃ 85
പൂർവ്വാപരാപരിജ്ഞാനം 160
പ്രകൃത്യാകാശവജ്ജ്ഞേയാഃ 209
പ്രജ്ഞപ്തേഃ സനിമിത്ത- 162
പ്രജ്ഞപ്തേഃ സനിമിത്ത- 163
പ്രണവം ഹീശ്വരം വിദ്യാത് 61
പ്രണവോ ഹ്യപരം ബ്രഹ്മ 59
പ്രപഞ്ചോ യദി വിദ്യേത 51
പ്രഭവഃ സർവ്വഭൂതാനാം 39
പ്രാണ ഇതി പ്രാണവിദഃ 84
പ്രാണാദിഭിരനന്തൈശ്ച 83
പ്രാപ്യ സർവ്വജ്ഞതാം 204
ഫലാദുത്പദ്യമാനഃ സൻ 157
ബഹിഷ്പ്രജ്ഞോ വിഭുർ- 33
ബീജാങ്കുരാഖ്യോ ദൃഷ്ടാന്തഃ 159
ബുദ്ധ്വാനിമിത്തതാം സത്യാം 199
ഭാവൈരസദ്ഭിരേവായം 94
ഭൂതം ന ജായതേ കിഞ്ചിത് 148
ഭൂതതോഽഭൂതതോ വാപി 123
ഭൂതസ്യ ജാതിമിച്ഛന്തി 147
ഭോഗാർത്ഥം സൃഷ്ടിരിത്യന്യേ 48
മകാരഭാവേ പ്രാജ്ഞസ്യ 55
മന ഇതി മനോവിദഃ 87
മനസോ നിഗ്രഹായത്തം 138
മനോദൃശ്യമിദം ദ്വൈതം 130
മരണേ സംഭവേ ചൈവ 112
മായയാ ഭിദ്യതേ ഹ്യേതത് 121
മിത്രാദ്യൈഃ സഹ സംമന്ത്ര്യ 170
മൃല്ലോഹവിസ്ഫുലിംഗാ- 117
യം ഭാവം ദർശയേദ്യസ്യ 89
യഥാ നിർമിതകോ ജീവഃ 193
യഥാ ഭവതി ബാലാനാം 111
യഥാ മായാമയാദ്ബീജാത് 187
യഥാ മായാമയോ ജീവഃ 193
യഥാ സ്വപ്നമയോ ജീവഃ 192
യഥാ സ്വപ്നേ ദ്വയാഭാസം 129
യഥാ സ്വപ്നേ ദ്വയാഭാസം 188
യഥൈകസ്മിൻ ഘടാകാശേ 107
യദാ ന ലഭതേ ഹേതൂൻ 197
യദാ ന ലീയതേ ചിത്തം 142
യദി ഹേതോഃ ഫലാത് 158
യാവദ്ധേതുഫലാവേശഃ 184
യാവദ്ധേതുഫലാവേശഃ 185
യുഞ്ജീത പ്രണവേ ചേതഃ 58
യോഽസ്തി കല്പിതസംവൃത്യാ 195
രസാദയോ ഹി യേ കോശാഃ 113
രൂപകാര്യസമാഖ്യാശ്ച 109
ലയേ സംബോധയേച്ചിത്തം 141
ലീയതേ ഹി സുഷുപ്തേ തത് 134
ലോകാംല്ലോകവിദഃ പ്രാഹുഃ 88
വികരോത്യപരാൻ ഭാവാൻ 75
വികല്പോ വിനിവർത്തേത 52
വിജ്ഞാനേ സ്പന്ദമാനേ 181
വിപര്യാസാദ്യഥാ ജാഗ്രത് 174

Digitization by Arya Samaj Charitable Foundation, Chennai

വിപ്രാണം വിനിയോം- 204
വിഭൂതിം പ്രസവം ത്വന്യേ 41
വിശ്വസ്യാത്വവിവക്ഷയാം 53
വിശ്വോ ഹി സ്ഥൂലഭുങ്- 37
വീതരാഗഭയക്രോധൈഃ 97
വേദാ ഇതി വേദവിദഃ 85
വൈതഥ്യം സർവ്വഭാവാനാം 63
വൈശാരദ്യം തു വൈ നാസ്തി 211
സ ഏഷ നേതി നേതീതി 126
സംഘാതാഃ സ്വപ്നവത്സർവ്വേ 112
സംഭവേ ഹേതുഫലയോഃ 156
സംഭൂതേരപവാദാച്ച 125
സംവൃത്യാ ജായതേ സർവ്വം 185
സതോ ഹി മായയാ ജന്മ 127
സപ്രയോജനതാ തേഷാം 69
സപ്രയോജനതാ തേഷാം 168
സർവ്വസ്യ പ്രണവോ ഹ്യാദിഃ 60
സർവ്വാഭിലാപവിഗതഃ 136
സർവ്വേ ധർമ്മാ മൃഷാ സ്വപ്നേ 169
സവസ്തു സോപലംഭം ച 205
സാംസിദ്ധികീ സ്വാഭാവി- 151
സുഖമാവ്രിയതേ നിത്യം 201
സൂക്ഷ്മ ഇതി സൂക്ഷ്മവിദഃ 86
സൃഷ്ടിരിതി സൃഷ്ടിവിദഃ 89
സ്ഥൂലം തർപ്പയതേ വിശ്വം 37
സ്വതോ വാ പരതോ വാപി 160
സ്വപ്നജാഗരിതസ്ഥാനേ 67
സ്വപ്നദൃക്ചിത്തദൃശ്യാസ്തേ 190
സ്വപ്നദൃക്പ്രചരൻ സ്വപ്നേ 189
സ്വപ്നനിദ്രായുതാവാദ്യൗ 48
സ്വപ്നമായേ യഥാ ദൃഷ്ടേ 92
സ്വപ്നവൃത്താവപി ത്വന്തഃ 71
സ്വപ്നേ ചാവസ്തുകഃ കായഃ 171
സ്വഭാവേനാമൃതോ യസ്യ 123
സ്വഭാവേനാമൃതോ യസ്യ 150
സ്വസിദ്ധാന്തവ്യവസ്ഥാസു 119
സ്വസ്ഥം ശാന്തം 143
ഹേതോരാദിഃ ഫലം യേഷാം 155
ഹേതോരാദിഃ ഫലം- 156
ഹേതുർന ജായതേഽനാദേഃ 161
ഹേയജ്ഞേയാപ്യപാക്യാനി 208

...awan's Sri Sankaracharya ... Mahavidyalaya
287/288

Digitization by Arya Samaj Charitable Foundation, Chennai

ഉപനിഷദ്ഗ്രന്ഥാവലി

വ്യാഖ്യാതാ: ശുദ്ധാനന്ദസ്വാമി

ഭാരതത്തിനു പ്രത്യേകമായുള്ള സംസ്കാരത്തെയും തത്വശാസ്ത്രത്തെയുംപററി പ്രതിപാദിക്കുന്ന സനാതനധർമ്മത്തിൻെറ പ്രമാണഗ്രന്ഥങ്ങളായ ഉപനിഷത്തുകൾ സംസ്കൃതപരിജ്ഞാനമില്ലാത്ത സാധാരണ ജനങ്ങൾക്കുപോലും മനസ്സിലാകത്തക്കവിധം ലളിതമായ വ്യാഖ്യാനത്തോടുകൂടി പ്രസിദ്ധീകരിക്കുന്നതാണു് ഈ ഉപനിഷദ്ഗ്രന്ഥാവലി. പദാർത്ഥം, സാരം, കുറിപ്പുകൾ, ശ്രീരാമകൃഷ്ണദേവൻെറ ഉപദേശങ്ങളിൽനിന്നുള്ള ഉദ്ധരണങ്ങൾ ഇവയാണു് ഇതിൻെറ പ്രത്യേകത.

1. ഈശാവാസ്യോപനിഷത്തു്
2. കേനോപനിഷത്തു്
3. കഠോപനിഷത്തു്.
4. പ്രശ്നോപനിഷത്തു്
5. മുണ്ഡകോപനിഷത്തു്
6. മാണ്ഡൂക്യോപനിഷത്തു്
7. ഐതരേയോപനിഷത്തു്
8. തൈത്തിരീയോപനിഷത്തു്
9. ശ്വേതാശ്വതരോപനിഷത്തു്
10. മാണ്ഡൂക്യകാരിക

ശ്രീരാമകൃഷ്ണാശ്രമം,

പുറനാട്ടുകര – 680 551, തൃശ്ശൂർ.

വില: 7. 50